# ദേശീയത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ

കാലിക്കറ്റ് സർവ്വകലാശാലയിലെ മലയാള-കേരളപഠനവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന പ്രബന്ധം


**സുഷമ ബിന്ദു പി.**



**മലയാള-കേരളപഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**


**2017**

# NATIONALISM IN VISHNUNARAYANAN NAMBOOTHIRI'S POETRY

Thesis submitted to the Department of Malayalam and Kerala Studies
University of Calicut for the Degree of
DOCTOR OF PHILOSOPHY

SUSHAMA BINDU P.

DEPARTMENT OF MALAYALAM AND KERALA STUDIES
UNIVERSITY OF CALICUT

2017

# സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **'ദേശീയത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ'** എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുൻപ് ഏതെങ്കിലും പരീക്ഷക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യമായി ബോധിപ്പിക്കുന്നു.

കാലിക്കറ്റ് സർവ്വകലാശാല

തിയ്യതി: **സുഷമ ബിന്ദു പി.**

**ഡോ. വി. അനിൽ കുമാർ,**
**വൈസ് ചാൻസലർ**
**തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല**
**തിരൂർ – 676 502**

# സാക്ഷ്യപത്രം

'**ദേശീയത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ**' എന്ന വിഷയത്തെ അധികരിച്ച് **സുഷമ ബിന്ദു പി.** സമർപ്പിച്ച പ്രബന്ധം പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്കരിച്ച കോപ്പിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല
തിയ്യതി:

**ഡോ. വി. അനിൽ കുമാർ**
**(അനിൽ വള്ളത്തോൾ)**

**ഡോ. വി. അനിൽ കുമാർ,**
പ്രൊഫസർ,
മലയാള-കേരളപഠനവിഭാഗം,
കാലിക്കറ്റ് സർവ്വകലാശാല.

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാല മലയാള-കേരളപഠനവിഭാഗത്തിൽ പിഎച്ച്.ഡി ബിരുദത്തിന് സമർപ്പിക്കുന്ന '**ദേശീയത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ**'എന്ന ഈ പ്രബന്ധം **സുഷമ ബിന്ദു പി** എന്റെ മാർഗനിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല
തിയ്യതി:

**ഡോ. വി. അനിൽ കുമാർ**
**(അനിൽ വള്ളത്തോൾ)**

# ചുരുക്കെഴുത്ത് സൂചിക

| | | |
|---|---|---|
| പ. | - | പതിപ്പ് |
| പു | - | പുറം |
| എഡി . | - | എഡിറ്റർ |
| പ്രസാ. | - | പ്രസാധകൻ |
| ഭാ. | - | ഭാഗം |
| ഡയ. | - | ഡയറക്ടർ |
| ല. | - | ലക്കം |
| വ? | - | പ്രസിദ്ധീകരണവർഷം അജ്ഞാതം |
| വാ. | - | വാല്യം |
| വിവ. | - | വിവർത്തകൻ,വിവർത്തനം |
| വ്യാ. | - | വ്യാഖ്യാതാവ്,വ്യാഖ്യാനം |
| സമ്പാ. | - | സമ്പാദകൻ |
| സംശോ. | - | സംശോധകൻ |
| ടി. | - | അതേ പുസ്തകം |
| Ed. | - | Editor |
| P | - | page |
| pp | - | pages |
| Vol. | - | Volume |

# ഉള്ളടക്കം


| | പുറം |
|---|---|
| **ആമുഖം** | 1 – 10 |
| അധ്യായം 1 | |
| **ദേശീയതയും മലയാളകവിതയും** | 11 – 100 |
| അധ്യായം 2 | |
| **വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത** | 101 – 171 |
| അധ്യായം 3 | |
| **കവിതയിലെ പ്രാദേശികമാനങ്ങൾ** | 172 – 225 |
| അധ്യായം 4 | |
| **ദേശീയത: പ്രതിഫലനം പ്രതിനിധാനം** | 226 – 291 |
| **ഉപസംഹാരം** | 292 – 300 |
| **അനുബന്ധം** | 301 – 307 |
| **ഗ്രന്ഥസൂചി** | 308 – 317 |

# മുഖവുര

**'ദേശീയത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ'** എന്ന ഈ ഗവേഷണപ്രബന്ധത്തിന്റെ രചനയിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ എന്റെ ഗവേഷണമാർഗദർശി ഡോ. അനിൽ വള്ളത്തോളിനോടുള്ള അഗാധമായ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. പഠനവിഷയവുമായി ബന്ധപ്പെട്ട ചർച്ച കൾക്കും അഭിമുഖത്തിനും എന്നെ വാത്സ്യലത്തോടെ സ്വീകരിച്ച കവി വിഷ്ണു നാരായണൻ നമ്പൂതിരിയോടും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും ഏറെ കട പ്പാടുണ്ട്.

ഗവേഷണകാലത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകി സഹായിച്ച മലയാള കേരള പഠനവിഭാഗം മേധാവി ഡോ. ഉമർ തറമേൽ, മറ്റ് അധ്യാപകരായ ഡോ. കെ.എം.അനിൽ, ഡോ. എൽ തോമസ്കുട്ടി, ഡോ. പി. സോമനാഥൻ, ഡോ. ആർ. വി.എം. ദിവാകരൻ, ഡോ.എം.ബി.മനോജ് എന്നിവരോടും നന്ദിയുണ്ട്.

പ്രബന്ധരചനയിൽ നിർദ്ദേശങ്ങൾ നൽകിയും പ്രൂഫ് നോക്കിയും സഹാ യിച്ച സുഹൃത്തുക്കളായ ഡോ. സുരേഷ് പുത്തൻപറമ്പിൽ, സത്യൻ. എം, ഡോ. ശശിധരൻ ക്ലാരി, മറ്റ് ഗവേഷകസുഹൃത്തുക്കൾ എന്നിവരോടും ഏറെ നന്ദിയുണ്ട്.

ഗവേഷണകാലത്ത് ഏറെ സഹായിച്ച സെൻട്രൽ ലൈബ്രറിയിലെയും മല യാളവിഭാഗം ലൈബ്രറിയിലെയും ഓഫീസിലെയും ജീവനക്കാരോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. കേരള സർവ്വകലാശാല മലയാളവിഭാഗം ലൈബ്രറി, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മലയാളവിഭാഗം ലൈബ്രറി, തൃശ്ശൂർ അപ്പൻതമ്പുരാൻ സ്മാരകഗ്രന്ഥാലയം എന്നിവിടങ്ങളിലെ ജീവനക്കാ രോടും നന്ദിയുണ്ട്.

പ്രബന്ധത്തിന്റെ ഡി.ടി.പി. ചെയ്തുതന്ന എന്റെ കൂട്ടുകാരൻ കെ.സുഭാഷ് ബാബു, ബയന്റിംഗ് വർക്ക് ചെയ്തുതന്ന 'ബിന'യിലെ ജീവനക്കാർ തുടങ്ങി ഈ പ്രബന്ധം പൂർത്തിയാക്കാൻ എന്നെ സഹായിച്ച എല്ലാവരോടും ഏറെ നന്ദിയുണ്ട്.

# ആമുഖം

യൂറോപ്പിൽ ജ്ഞാനോദയത്തിന്റെയും ആധുനികതയുടെയും ഫലമായി ഉയർന്നുവന്ന സങ്കൽപ്പനമാണ് ദേശീയത. മുതലാളിത്തം, സാങ്കേതികമുന്നേറ്റങ്ങൾ, വ്യവസായ വിപ്ലവം, നഗരവൽക്കരണം, ചെറുസമൂഹങ്ങളുടെ തകർച്ച എന്നിവയുടെ ഫലമായി ആവിർഭവിച്ച പുതുസമൂഹങ്ങളാണ് ദേശീയതാസങ്കൽപ്പനത്തിന്റെ പ്രാഥമികരൂപങ്ങൾ. രാഷ്ട്രസമൂഹങ്ങളിലെ ആന്തരികവൈരുദ്ധ്യങ്ങളെയും പലമകളെയും മറച്ചുപിടിക്കാനും കൃത്രിമമായ ഒരു ഏകത കൽപ്പിച്ചെടുക്കാനും ഉതകുന്ന തരത്തിലായിരുന്നു ഈ സങ്കൽപ്പനത്തിന്റെ ഉദയം. എന്നാൽ അധിനിവേശവിരുദ്ധ പ്രക്ഷോഭങ്ങളുടെ ഫലമായാണ് കോളനിരാജ്യങ്ങളിൽ ദേശീയത ഉടലെടുത്തത്. കൊളോണിയൽ ആധുനികതയും മതസാമൂഹിക നവോത്ഥാനപ്രസ്ഥാനങ്ങളും സാംസ്കാരിക ഘടകങ്ങളും ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തെ സ്വാധീനിച്ചിട്ടുണ്ട്.

ദേശീയത ദേശത്തിന്റെ സത്താപരമായ ഉള്ളടക്കമല്ലെന്നും അത് ഒരു കൽപ്പിതനിർമിതിയാണെന്നുമുള്ള തിരിച്ചറിവാണ് ദേശീയതാപഠനങ്ങളിലെ വഴിത്തിരിവുകളിലൊന്ന്. ഓരോ കാലഘട്ടത്തിലെയും ദേശീയതാസങ്കൽപ്പനങ്ങൾ രൂപംകൊള്ളുന്നതും നിലനിൽക്കുന്നതും തനതുകാലത്തെ ബൗദ്ധിക-സാംസ്കാരിക നിലപാടുകളുമായും അധികാരബന്ധങ്ങളുമായും നിരന്തരം ഏറ്റുമുട്ടിക്കൊണ്ടാണ്. ദേശീയതയുടെ നിർവചനമാനകങ്ങളുടെ ചലനാത്മകത നിയന്ത്രിക്കുന്നത് അതാതുകാലത്തിന്റെ ആവശ്യങ്ങളാണ്. ഈ പരിപ്രേക്ഷ്യത്തിൽ മലയാളകവിതയിലെ ദേശീയ ഉള്ളടക്കങ്ങൾ കാലാടിസ്ഥാനത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തര ഇന്ത്യൻ സന്ദർഭത്തിൽ ദേശീയതാവ്യവഹാരങ്ങൾക്കുവന്ന പരിണാമം ദേശീയതാപഠനങ്ങളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. മതസാം

സ്കാരിക രംഗങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഏകശിലാത്മകവീക്ഷണങ്ങൾ വിവിധ സ്വത്വബോധങ്ങളാൽ ചോദ്യംചെയ്യപ്പെടുന്ന സന്ദർഭങ്ങൾ ദേശീയതാപഠനങ്ങളെ പ്രസക്തമാക്കുന്നുണ്ട്.

**പഠനലക്ഷ്യം**

ഇന്ത്യൻ ദേശീയത രാഷ്ട്രീയവും സാംസ്കാരികവുമായ നിരവധി പ്രതിസന്ധികളിൽക്കൂടി കടന്നുപോകുന്ന ചരിത്രസന്ദർഭത്തിൽ കവിതാരംഗത്തേക്കു കടന്നുവന്നയാളാണ് വിഷ്ണുനാരായണൻ നമ്പൂതിരി. സ്വാതന്ത്ര്യസമരം വാഗ്ദാനം ചെയ്ത പ്രതീക്ഷകൾ മങ്ങിത്തുടങ്ങിയ ഈ കാലം ഇന്ത്യൻ ദേശീയതയുടെ ചരിത്രത്തിൽ നിർണായകമായിരുന്നു. ഇവയെല്ലാം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെ സ്വാധീനിച്ചിട്ടുണ്ട്. ഇന്ത്യൻ ദേശീയത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ പ്രതിനിധാനം ചെയ്യപ്പെടുന്നതെങ്ങനെ എന്ന് അന്വേഷിക്കുന്നതാണ് ഈ പ്രബന്ധം. രാഷ്ട്രീയസംഭവവികാസങ്ങൾ, സംസ്കാരം, ഭൂമിശാസ്ത്രം, പൗരത്വം, സാമൂഹികബന്ധങ്ങൾ, വിവിധ ദാർശനികധാരകൾ എന്നിവയെല്ലാം കവിതകളിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യാനും ഈ പ്രബന്ധം ശ്രമിക്കുന്നുണ്ട്.

**പൂർവപഠനങ്ങൾ**

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെക്കുറിച്ചുള്ള പഠനങ്ങളിൽ ആദ്യമായി പരാമർശിക്കുന്നത് എം. ലീലാവതിയുടേതാണ്. ഇതിൽ ആദ്യത്തേത് *ആദമും ദൈവവും* എന്ന കവിത വിവാദമായ സമയത്ത് *മാതൃഭൂമി ആഴ്ചപ്പതിപ്പി*ൽ പ്രസിദ്ധീകരിച്ച ലേഖനം, *ആദമും ദൈവവും* എന്ന പേരിൽ *കവിതാധ്വനി*യിൽ എടുത്തുചേർത്തിട്ടുള്ളതാണ്. ഈ കവിത ആസ്തിക്യത്തെ നിഷേധിക്കുന്നതല്ലെന്നും മനുഷ്യപക്ഷത്തുനിന്ന് മനുഷ്യനുവേണ്ടി എഴുതപ്പെട്ട കവിതയാണെന്നും വിലയിരുത്തുന്നതാണ് ഈ ലേഖനം.

*വർണരാജിയിൽ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത* എന്ന പേരിൽ അദ്ദേഹത്തിന്റെ കവിതയിലെ യജ്ഞസങ്കൽപ്പവും ബലിപ്രരൂപവും പഠനവിധേയമാക്കുന്ന ലേഖനമാണ് മറ്റൊന്ന്. *കാല്പനികതയുടെ പിൻനിലാവും ആധുനികതയുടെ ഉദയരശ്മിയും* എന്ന ശീർഷകത്തിൽ *മലയാള കവിതാ സാഹിത്യ ചരിത്ര*ത്തിലും ഈ കവിതകൾ പഠനവിധേയമാക്കുന്നുണ്ട്. 1988, 1989, 1990 എന്നീ വർഷങ്ങളിലെ തിരഞ്ഞെടുത്ത കവിതകളിലെ യഥാക്രമം *ഉജ്ജയിനിയിലെ രാപ്പകലുകൾ, നമ്പിപാലം പുഴ, യാങ്സിയിലെ ചെന്താമര* എന്നീ കവിതകളുടെ പഠനങ്ങളും ലീലാവതിയുടേതായിട്ടുണ്ട്.

*വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിലെ വൈദികപാരമ്പര്യം* എന്ന പേരിൽ ശ്രീരഞ്ജിനി ജി. രചിച്ച പ്രബന്ധവും (മലയാളവിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി) *മൂല്യാവബോധത്തിന്റെ വ്യത്യസ്ത തലങ്ങൾ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ* എന്ന പേരിൽ റെജി വി.എസ്. (മലയാളവിഭാഗം, കേരള സർവ്വകലാശാല) രചിച്ച പ്രബന്ധവും എം.ഫിൽ ബിരുദത്തിനുവേണ്ടി സമർപ്പിച്ചവയാണ്. ഈ രണ്ടു പഠന ങ്ങളിലും ആർഷവൈദിക സംസ്കാരങ്ങൾ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിലെ അടിസ്ഥാനധാരയാണെന്ന് പറഞ്ഞുറപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെ മുൻനിർത്തി മൂന്ന് പിഎച്ച്.ഡി. ഗവേഷണപ്രബന്ധങ്ങൾ ഉണ്ടായിട്ടുണ്ട്. ശ്രീരഞ്ജിനി ജി.യുടെ *ആർഷപാരമ്പര്യം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ* (ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി) എന്ന പ്രബന്ധവും ഹരികൃഷ്ണൻ പി.യുടെ *വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കാവ്യസംസ്കാരം* (മലയാളവിഭാഗം, കണ്ണൂർ സർവ്വകലാശാല) എന്ന പ്രബന്ധവും അക്കാദമിക തലത്തിലുള്ളതാണ്. ഇവയിലാദ്യത്തേതിൽ കവിതയിലെ ആർഷപാരമ്പര്യത്തെ ക്കുറിച്ച് പഠിക്കുമ്പോൾ രണ്ടാമത്തേതിൽ അദ്ദേഹത്തിന്റെ കാവ്യസംസ്കാരത്തെ

ക്കുറിച്ചും ആ സംസ്കാരത്തിന് ആധാരമായ വിവിധ ധാരകളെക്കുറിച്ചും പഠിക്കുന്നു. ഗ്രാമീണജീവിതവ്യവസ്ഥ, വൈദികപാരമ്പര്യം, ഇതര ചിന്താധാരകളുടെ സ്വാധീനം എന്നിവ വിശകലനം ചെയ്താണ് ഈ പഠനം നിർവഹിച്ചിട്ടുള്ളത്. കൂടാതെ അഖില എസ്. നായരുടെ *ഭാരതീയമൂല്യസങ്കല്പം മലയാളകവിതയിൽ- അക്കിത്തത്തിന്റെയും വിഷ്ണുനാരായണൻ നമ്പൂതിരിയുടെയും കവിതകളെ ആസ്പദമാക്കി ഒരു പഠനം* എന്ന പ്രബന്ധം അക്കിത്തത്തിന്റെയും വിഷ്ണുനാരായണൻ നമ്പൂതിരിയുടെയും കവിതകളിലെ മൂല്യസങ്കൽപങ്ങളെ താരതമ്യപഠനത്തിന് വിധേയമാക്കുന്നതാണ്. ആർ. ഇന്ദിരാഭായിയുടെ *കാളിദാസസ്വാധീനത കുമാരനാശാനിലും ഇതര ആധുനിക മലയാളകവികളിലും* എന്ന ഗവേഷണപ്രബന്ധം (മലയാളവിഭാഗം, കേരള സർവ്വകലാശാല) മറ്റു കവികളോടൊപ്പം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലെ കാളിദാസ സ്വാധീനവും പഠനവിധേയമാക്കുന്നുണ്ട്. ഈ അഞ്ചു പ്രബന്ധങ്ങളും അപ്രകാശിത ങ്ങളാണ്.

*പരിസ്ഥിതിദർശനം മലയാളകവിതയിൽ* എന്ന ഗ്രന്ഥത്തിൽ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ പരിസ്ഥിതിദർശനം എസ്. രാജശേഖരൻ പഠനത്തിനു വിധേയമാക്കിയിട്ടുണ്ട്. മുരളിയുടെ *ഹിമഗന്ധം പുരണ്ടൊരു ജീവിതം കവിതയും* എന്ന ഗ്രന്ഥം കവിയുടെ ജീവിതത്തെയും ഹിമാലയയാത്രയെയും പ്രമേയമാക്കിയിട്ടുള്ളതാണ്.

എൻ. വി. പി. ഉണിത്തിരിയുടെ *വിജയൻ മുതൽ വിഷ്ണുവരെ* എന്ന പുസ്തകം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെ വക്രോക്തിസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ പഠനവിധേയമാക്കുന്നതാണ്. ഇന്ദിരാ ബാലചന്ദ്രന്റെ *കാളിദാസനും മലയാളകവിതയും* എന്ന പുസ്തകത്തിൽ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലെ കാളിദാസസ്വാധീനം പഠനവിധേയമാക്കുന്നുണ്ട്.

എസ്. രാജശേഖരന്റെ *കവിതയുടെ അതിർത്തികൾ* (*ഗോപുരം തകർക്കുന്ന ശില്പി*), പി. നാരായണക്കുറുപ്പിന്റെ *ഇന്ത്യ എന്ന വികാരം* (*കവിതയിലെ*

*റിയലിസം*), എന്നിവ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെ ക്കുറിച്ചുള്ള പഠനങ്ങളാണ്. കെ. പി. ശങ്കരന്റെ *കാളിദാസീയതയുടെ കാവ്യരേഖ* (*വൈഷ്ണവം*) കവിതയിലെ കാളിദാസ സ്വാധീനത്തെയും എം ലീലാവതിയുടെ *സൂര്യന്റെ ഭൂരാഗം* (*വൈഷ്ണവം*) കവിതയിലെ ഭൂരതിയും പഠനവിധേയ മാക്കുന്നതാണ്. എൻ. മുകുന്ദന്റെ *കവിതയോടൊപ്പം ഒരു ലഘുസഞ്ചാരം* (*വൈഷ്ണവം*) എന്ന ലേഖനം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതാ സമാഹാരങ്ങളുടെ അവലോകനമാണ്.

*കവിതയിലെ പുതുവഴികൾ* എന്ന പുസ്തകത്തിൽ *പിതൃയാനം* എന്ന കവിതയിലെ ബിംബങ്ങൾ കേന്ദ്രീകരിച്ച് നെല്ലിക്കൽ മുരളീധരൻ നടത്തിയ പഠനമാണ് *പിതൃയാനവും ഇവനെക്കൂടിയും*. കെ. രാഘവൻപിള്ളയുടെ *അർത്ഥ ത്തിന്റെ അതിർത്തികൾ* എന്ന പുസ്തകത്തിലെ *ആധുനിക മലയാള കവിതയ്ക്കൊരാമുഖം* എന്ന ലേഖനം *നിഷാദപർവം* എന്ന കവിതയുടെ പഠനമാണ്.

അവതാരികകളും ആമുഖങ്ങളുമായി കവിതാസമാഹാരത്തിൽ ചേർത്തിട്ടുള്ള ലേഖനങ്ങളാണ് എടുത്തു പറയാവുന്ന മറ്റു പഠനങ്ങൾ. എൻ. മുകുന്ദൻ, എൻ. വി. കൃഷ്ണവാര്യർ, കെ. പി. മോഹനൻ, കെ. പി. ശങ്കരൻ, എം. ലീലാവതി, എൻ. എൻ. കക്കാട്, സുഗതകുമാരി, എം. എസ്. മേനോൻ എന്നിവർ യഥാക്രമം *ആരണ്യകം, സ്വാതന്ത്ര്യത്തെക്കുറിച്ചൊരുഗീതം, പരിക്രമം, ഭൂമി ഗീതങ്ങൾ, അതിർത്തിയിലേക്ക് ഒരു യാത്ര, അപരാജിത, പ്രണയഗീതങ്ങൾ, ഇന്ത്യ എന്ന വികാരം* എന്നീ സമാഹാരങ്ങൾക്കെഴുതിയ അവതാരികകളാണവ.. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ *അഹല്യ* എന്ന കവിതയെ പഠനവിധേയ മാക്കുന്നതാണ് *അഹല്യയുടെ മോക്ഷം പുരൂരവസ്സിന്റെ പ്രണയവും* എന്ന വി. രാജകൃഷ്ണന്റെ *മാതൃഭൂമി ആഴ്ചപ്പതിപ്പിലെ* ലേഖനം. എൻ. മുകുന്ദൻ ഭാഷാപോഷിണിയിലെഴുതിയ *ആർഷം, ആർദ്രം, ആധുനികം* എന്ന ലേഖനമാണ്

മറ്റൊന്ന്. ഈ ലേഖനം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലെ വൈദിക ഉപനിഷത്തുക്കളുടെ സ്വാധീനം, *ആരണ്യകം* എന്ന കവിതാസമാഹാരത്തെ മുൻനിർത്തി ചർച്ച ചെയ്യുന്നതാണ്. കവിതയിലെ ഭൂസ്വർഗ സമന്വയങ്ങളുടെയും മൂല്യവത്തായ ജീവിതവീക്ഷണത്തിന്റെയും ഉറവിടം ഈ പാരമ്പര്യധാരയാണെന്ന് അദ്ദേഹം പറഞ്ഞുവെക്കുന്നു. *മൃതപ്രണയം* എന്ന പേരിൽ നരേന്ദ്രപ്രസാദ് *മലയാളനാട്* മാസികയിലെഴുതിയ ലേഖനം പ്രണയഗീതങ്ങളെക്കുറിച്ചുള്ളതാണ്. വികാരങ്ങളെ വിന്യസിക്കുന്നതിനുമുമ്പ് അവയെ കർക്കശമായ നിയന്ത്രണത്തിനു വിധേയമാക്കുന്ന ഈ കവിയുടെ പ്രണയാവിഷ്കാരം ആർജിതമൂല്യങ്ങളെ ഉലയ്ക്കുന്ന ഒരു സാമൂഹ്യാനുഭവമോ ആത്മീയസ്വാതന്ത്ര്യത്തിന്റെ മേഖലകൾ വിപുലമാക്കുന്ന സജീവമായ അനുഭൂതിയോ അല്ലാത്ത മൃതപ്രണയമാണന്ന് വിലയിരുത്തുന്നു. സുരേന്ദ്രൻ ചുനക്കര *മാതൃഭൂമി ആഴ്ചപ്പതിപ്പിൽ സംസ്കാരത്തിന്റെ വേരുകൾ* എന്ന പേരിൽ എഴുതിയ ലേഖനവും *പ്രകാശം പരത്തുന്ന കവിത* എന്ന പേരിൽ കെ. ഇന്ദിര വിജ്ഞാനകൈരളിയിൽ എഴുതിയ ലേഖനവും പ്രാധാന്യമർഹിക്കുന്നതാണ്. *സ്വപ്നദർശനത്തിന്റെ സാഫല്യം* എന്ന പേരിൽ എൻ. മുകുന്ദൻ *ഭാഷാപോഷിണി*യിലെഴുതിയ ലേഖനം *വജ്രകുണ്ഡലം* എന്ന കവിതയുടെ പഠനമാണ്. *മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കവിതയുടെ തീർഥയാത്ര* എന്ന പേരിൽ കെ. ബി. ആനന്ദും വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെ പഠനവിധേയമാക്കുന്നുണ്ട്.

കെ. എം. അനിലിന്റെ *പാന്ഥരും വഴിയമ്പലങ്ങളും* എന്ന പുസ്തകത്തിലെ *സർഗാത്മകതയും വിവർത്തനവും* എന്ന ലേഖനം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ *ഋതുസംഹാരവിവർത്തന*ത്തെക്കുറിച്ചുള്ള പഠനമാണ്.

*സാഹിത്യവിമർശം* ദ്വൈമാസികയിൽ *കാരുണ്യത്തിന്റെ പൊടിപ്പുകൾ* എന്ന പേരിൽ എം. ആർ. ചന്ദ്രശേഖരനും *കവനകൗമുദി*യിൽ *മൗലിയിൽ വാക്കു*

*മാണിക്യമായ് ചൂടിയവൻ* എന്ന പേരിൽ പദ്മദാസും വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെക്കുറിച്ച് ചർച്ച ചെയ്യുന്നു.

2009 ഫെബ്രുവരി ലക്കം *ഗ്രന്ഥാലോകം* വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെക്കുറിച്ചുള്ള പ്രത്യേക പതിപ്പാണ്. എം. ലീലാവതിയുടെ *ആധ്യാത്മികത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത യിൽ*, കെ. പി. ശങ്കരന്റെ *കൂവി ഓർമയുണർത്തുന്ന കുയിൽ*, എസ്. രാജശേഖരന്റെ *കവിത എന്ന തീർഥയാത്ര*, കെ. പി. മാലതിയുടെ *ആരണ്യക ത്തിന്റെ വിവേകം*, പി. അപ്പുക്കുട്ടന്റെ *ജീവിതത്തിന്റെ ഉണ്മതേടുന്ന ഭൂമിഗീതങ്ങൾ*, ആർ. മനോജ് വർമയുടെ *ദുർദർശം അതിഗംഭീരം അജംസാമ്യം വിശാരദം*, ടി. അനിതകുമാരിയുടെ *ഹരിതദർശനം*, അപർണ എൻ. ന്റെ *ജീവിതത്തിലെ നിറഞ്ഞ സാന്നിദ്ധ്യം*, കെ. എൻ .കെ. നമ്പൂതിരിയുടെ *കവിതയിലെ രാഷ്ട്രീയം*, ഇന്ദിരാകൃ ഷ്ണന്റെ *നിറനിലാവ്*, കെ. വി. രാമകൃഷ്ണന്റെ *ആർഷമായ ദുരന്തം* എന്നീ ലേഖ നങ്ങൾ പൂർവപഠനങ്ങളിൽപ്പെടുത്താവുന്നതാണ്.

പുസ്തകങ്ങൾക്കും ലേഖനങ്ങൾക്കും പുറമെ അഭിമുഖങ്ങൾ, ഫീച്ചറുകൾ, വാരാന്തപ്പതിപ്പുകൾ, സപ്ലിമെന്റുകൾ, പത്രങ്ങൾ എന്നിവയിൽ വന്നിട്ടുള്ള നിരീക്ഷ ണങ്ങളും കവിയെക്കുറിച്ചും കവിതകളെക്കുറിച്ചുമുള്ള ഏകദേശ ധാരണ നൽകു ന്നവയാണ്.

**പഠനത്തിന്റെ പ്രസക്തി**

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെക്കുറിച്ച് ധാരാളം പഠന ങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ ഭൂരിഭാഗം പഠനങ്ങളും വൈദിക ആധ്യാത്മിക പാരമ്പര്യങ്ങളിലൂന്നിയുള്ളതാണ്. ദേശത്തിന്റെയോ ദേശീയതയുടെയോ പരിപ്രേ ക്ഷ്യത്തിൽ ഈ കവിതകൾ മുമ്പ് പഠിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ഈ പഠനത്തെ പ്രസക്തമാക്കുന്നു.

## പഠനത്തിന്റെ രീതിയും വ്യാപ്തിയും

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ പുസ്തകരൂപത്തിൽ സമാഹരിക്കപ്പെട്ട കവിതകളാണ് ഈ പ്രബന്ധത്തിന്റെ പ്രാഥമിക ഉപാദാനങ്ങളായി സ്വീകരിച്ചിട്ടുള്ളത്. 1968 ൽ പ്രസിദ്ധപ്പെടുത്തിയ *സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു ഗീതം* മുതൽ 2010 ൽ പുറത്തിറക്കിയ *ചാരുലത* വരെയുള്ള സമാഹാരത്തിലെ കവിതകൾ ഉൾക്കൊള്ളുന്ന *വൈഷ്ണവ*ത്തിലെ കവിതകളാണ് പ്രബന്ധത്തിൽ സ്വീകരിച്ചിട്ടുള്ളത്. അതിൽത്തന്നെ പ്രാതിനിധ്യ സ്വഭാവമുള്ളവ തിരഞ്ഞെടുത്ത് വിശകലനം ചെയ്യുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. *വൈഷ്ണവ*ത്തിൽ ഉൾപ്പെടാത്ത കവിതകൾ കുറിപ്പുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. ദേശീയത എന്ന സങ്കൽപ്പനത്തെ അടിസ്ഥാനമാക്കി കവിതകളെ വിശകലനം ചെയ്യുമ്പോൾ ഗാന്ധി, നെഹ്റു, ടാഗോർ എന്നിവരുടെ ദേശീയതയെക്കുറിച്ചുള്ള നിലപാടുകളും വീക്ഷണങ്ങളും ഈ പഠനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ദ്വിതീയാകരമായി പൂർവകാലപഠനങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കവിയുടെ മറ്റു കൃതികൾ, വിവർത്തനങ്ങൾ, അഭിമുഖങ്ങൾ, ലേഖനങ്ങൾ എന്നിവയെല്ലാം ഈ പഠനത്തിൽ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

## പ്രബന്ധഘടന

*ദേശീയത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ* എന്ന ഈ ഗവേഷണപ്രബന്ധത്തിൽ ആമുഖം, ഉപസംഹാരം എന്നിവക്കുപുറമെ നാല് അധ്യായങ്ങളാണുള്ളത്.

### അധ്യായം 1

ദേശീയതയും മലയാളകവിതയും എന്ന ഒന്നാം അധ്യായത്തിന് രണ്ടു ഭാഗങ്ങളുണ്ട്. പ്രബന്ധത്തിലേക്കുള്ള പ്രവേശകമെന്ന നിലയിൽ ദേശം, ദേശീയത എന്നീ സങ്കൽപ്പനങ്ങൾ വിശദീകരിക്കാൻ ശ്രമിക്കുന്ന ഒന്നാം ഭാഗത്തിൽ ദേശീയ

തയെ സാമാന്യമായും ഇന്ത്യൻ ദേശീയതയെ സവിശേഷമായും പഠിക്കാൻ ശ്രമിക്കുന്നു. ദേശീയതയുടെ വിവിധമാനങ്ങൾ മലയാളകവിതയിൽ എങ്ങനെ പ്രവർത്തിച്ചു എന്ന് അവലോകനം ചെയ്യുന്നതാണ് രണ്ടാം ഭാഗം.

**അധ്യായം 2**

സാഹിത്യത്തിലെ ആധുനികതാപ്രവണത മലയാളകവിതയിൽ നിരവധി വഴികൾ സാധ്യമാക്കിയിരുന്നു. ആധുനികത എന്ന് പൊതുവായി വ്യവഹരിക്കപ്പെടുമ്പോഴും പല സൂക്ഷ്മഭാവങ്ങളും ഉൾക്കൊണ്ട ഒരു സങ്കീർണ്ണതയായാണ് മലയാളകവിതയിൽ അത് പ്രത്യക്ഷപ്പെട്ടത്. ആധുനിക കവികളിൽ കവിതയുടെ രൂപത്തിലും ഭാവത്തിലും വ്യതിരിക്തമായ സ്വരം കേൾപ്പിച്ച കവിയായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരി. അദ്ദേഹത്തിന്റെ കവിതകളുടെ സവിശേഷതകൾ, സ്വാധീനതകൾ, പ്രവണതകൾ എന്നിവയാണ് രണ്ടാം അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. അദ്ദേഹത്തിന്റെ കാവ്യജീവിത പശ്ചാത്തലമെന്ന നിലയിൽ സ്വാതന്ത്ര്യാനന്തര മലയാളകവിത, മലയാളകവിതയിലെ ആധുനികത, വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കാവ്യവ്യക്തിത്വം, സ്വാധീനങ്ങൾ, പ്രവണതകൾ എന്നിവയെല്ലാം ഈ അധ്യായത്തിലെ ചർച്ചാവിഷയങ്ങളാണ്. ഇന്ത്യയുടെ രാഷ്ട്രീയ സാംസ്കാരിക ധാരകളെ നിർണയിച്ച രണ്ട് പ്രഗത്ഭവ്യക്തിത്വങ്ങളെന്ന നിലയിൽ ഗാന്ധി, കാളിദാസൻ എന്നിവരുടെ സ്വാധീനവും പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്.

**അധ്യായം 3**

അനുഭവദേശമെന്ന നിലയിൽ കുട്ടനാടിന്റെ ജൈവപശ്ചാത്തലം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ ചെലുത്തിയ സ്വാധീനം പരിശോധിക്കുന്നതാണ് മൂന്നാം അധ്യായം. ഒരു ജനത തങ്ങളുടെ ജീവിതവ്യവഹാരങ്ങളുമായി ബന്ധപ്പെടുത്തി സ്വാംശീകരിക്കുന്ന ദേശമാണ് ആനുഭവികദേശം. ഇത് ഭൗതികവും മാനസികവുമായ അനുഭവമണ്ഡലത്തോടു ചേർന്നുനിൽക്കുന്നു. ഈ

ദേശം ഒട്ടേറെ ജൈവപ്രതിഭാസങ്ങളുടെയും മനുഷ്യബന്ധങ്ങളുടെയും മുദ്രകൾ പേറുന്ന ഇടമാണ്. ഭൂമിശാസ്ത്രം, ഭാഷ, ആചാരം, അനുഷ്ഠാനം, ജാതി, മതം, കൃഷിരീതി, തൊഴിൽ ബന്ധം തുടങ്ങിയവയുടെയെല്ലാം വിന്യാസം കവിതയിലെ ദേശത്തെ അടയാളപ്പെടുത്തുന്നുണ്ട്. പ്രദേശത്തിന്റെ ഭൗതികസാഹചര്യങ്ങൾ സൂചിപ്പിക്കുന്ന പദാവലി, ഈണം, സംസ്കാരത്തെ സൂചിപ്പിക്കുന്ന മറ്റു ഭാഷാസവിശേഷതകൾ എന്നിവ ദേശസ്വത്വത്തെ പ്രകടിപ്പിക്കുന്നുണ്ട്. ചെറുതും വലുതുമായ ജലാശയങ്ങളും കായൽപ്പരപ്പുകളും ജലം കെട്ടിനിൽക്കുന്ന വയലേലകളും എല്ലാം ചേർന്നതാണ് കുട്ടനാടൻ പ്രകൃതി. അനുഭവപരിസരം എന്ന നിലയിൽ ജലസമൃദ്ധമായ ഈ ദേശം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ അടയാളപ്പെടുന്നതെങ്ങനെയെന്നതാണ് ഈ അധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

**അധ്യായം 4**

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ദേശീയതായുക്തികളെയും ഭരണകൂടത്തിന്റെ അധികാരവിനിയോഗങ്ങളെയും കവിതാവിശകലനത്തിലൂടെ കണ്ടെടുക്കാൻ ശ്രമിക്കുന്നതാണ് നാലാം അധ്യായം. നെഹ്റൂവിയൻ ദേശരാഷ്ട്രസങ്കൽപ്പങ്ങളും ഗാന്ധിയൻ സമീപനങ്ങളും തമ്മിലുള്ള വൈരുധ്യം സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ദേശീയതയുടെ സ്വഭാവത്തെ നിർണയിച്ച ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. കൂടാതെ അതിർത്തിത്തർക്കങ്ങൾ, അടിയന്തരാവസ്ഥ, ദേശീയനായകന്മാരുടെ വിടവാങ്ങൽ, പാരിസ്ഥിതിക സാമ്പത്തിക പ്രതിസന്ധികൾ, വികസനത്തോടുള്ള മനോഭാവങ്ങൾ, വ്യക്തികളുടെ ഇച്ഛയും വ്യവസ്ഥയും തമ്മിലുള്ള സംഘർഷങ്ങൾ എന്നിവയെല്ലാം കവിതകളെ മുൻനിർത്തി ചർച്ച ചെയ്യുന്നു.

ഈ നാല് അധ്യായങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞ നിഗമനങ്ങളും ഉപദർശനങ്ങളുമാണ് ഉപസംഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വിഷ്ണുനാരായണൻ നമ്പൂതിരിയുമായുള്ള അഭിമുഖം അനുബന്ധമായി ചേർത്തിരിക്കുന്നു.

# അധ്യായം 1

# ദേശീയതയും മലയാളകവിതയും

### ദേശം

ദേശം എന്ന വാക്കിന് നാട്, ദിക്ക്, കര, വിഭാഗം, ജനസമൂഹം എന്നൊക്കെയാണ് ശബ്ദതാരാവലിയിൽ[1] അർഥം പറഞ്ഞിരിക്കുന്നത്. അർഥത്തിന്റെ ബഹുത്വം സൂചിപ്പിക്കുന്നതുപോലെത്തന്നെ ദേശത്തെ സാധ്യമാക്കുന്നത് നിരവധി ഘടകങ്ങളുടെ കൂടിച്ചേരലാണ്. തങ്ങളുടെ പൊതുസ്വത്വംകൊണ്ട് മനഃശ്ശാസ്ത്രപരമായ കെട്ടുപാടും രാഷ്ട്രീയമായ ഒരൊറ്റസമൂഹവും സൃഷ്ടിക്കുന്ന ജനതയെന്നും ദേശം നിർവചിക്കപ്പെട്ടിട്ടുണ്ട്. സാധാരണഗതിയിൽ പൊതുവായ ഭാഷ, സംസ്കാരം, വർഗലക്ഷണം, ചരിത്രം എന്നിങ്ങനെയുള്ള സവിശേഷതകളാൽ കെട്ടിപ്പടുത്തിട്ടുള്ളതാണ് ജനതയുടെ രാഷ്ട്രീയസ്വത്വം. ഒന്നിലധികം ദേശങ്ങൾ ചേർന്നുണ്ടായതാകാം ഒരു സ്റ്റേറ്റ്. ദേശം, സ്റ്റേറ്റ്, രാജ്യം എന്നീ സംജ്ഞകൾ മാറി മാറി ഉപയോഗിക്കപ്പെടാറുണ്ട്.[2] സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ ഘടകങ്ങൾക്കു പുറമെ വൈകാരികാംശങ്ങൾക്കും ദേശനിർമിതിയിൽ പങ്കുണ്ട്. ഒരു ജനതയെന്ന നിലയിൽ ആത്മാവബോധത്തെ നിർവചിക്കാനുള്ള ശ്രമങ്ങളിൽ നിന്നാണ് ദേശബോധത്തിന്റെ പിറവി. ദേശം ഒരേസമയം ഭൗതികസ്ഥലത്തിന്റെയും സാമൂഹിക സ്ഥലത്തിന്റെയും സവിശേഷതകൾ ഉൾക്കൊള്ളുന്നുണ്ട്.

### ദേശരാഷ്ട്രം

നിരവധി ചരിത്രപ്രക്രിയകളുടെ ഫലമായി രൂപപ്പെടുന്ന രാഷ്ട്രം എപ്പോൾ നിലവിൽ വന്നു എന്നതിന് കൃത്യമായി ഉത്തരം കണ്ടെത്താൻ കഴിയില്ല. എല്ലാ രാഷ്ട്രങ്ങൾക്കും ഗോത്രം (Tribe), നഗരരാഷ്ട്രം (City state), രാജഭരണപ്രദേ

ശം(Kingdom)മുതലായ ഏതെങ്കിലും പൂർവരൂപങ്ങളുണ്ടായിരിക്കും. ചരിത്രപരമായ ഈ പ്രാചീന സമൂഹങ്ങൾ രാഷ്ട്രങ്ങളുടെ രൂപീകരണത്തിൽ പ്രധാനപ്പെട്ട ഘടകങ്ങളാണ്. രാഷ്ട്രത്തിലെ അംഗങ്ങളായ വ്യക്തികൾ പ്രാചീന സമൂഹങ്ങളെപ്പറ്റിയും തങ്ങളുടെ രാഷ്ട്രത്തിന്റെ ഭൂതകാലത്തെപ്പറ്റിയുമുള്ള സ്മരണകൾ പരസ്പരം പങ്കുവെക്കുന്നതാണ് ഒരു രാഷ്ട്രത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം. എല്ലാ രാഷ്ട്രങ്ങൾക്കും കഥകളിലൂടെയും മിത്തുകളിലൂടെയും ചരിത്രത്തിലൂടെയും വിനിമയം ചെയ്യപ്പെടുന്ന വിദൂര ഭൂതകാലത്തെക്കുറിച്ചുള്ള തിരിച്ചറിവുകളുണ്ടായിരിക്കും. ചരിത്രപരമായി കൃത്യമായാലും ഇല്ലെങ്കിലും ഈ ഓർമകളാണ് ഒരു രാഷ്ട്രത്തെ മറ്റൊന്നിൽനിന്ന് വ്യത്യസ്തമാക്കുന്നത്. ഭൂതകാലത്തിലെ ഈ ഓർമകളാണ് വർത്തമാനകാലത്തിലെ രാഷ്ട്രങ്ങളെ രൂപീകരിക്കുന്നത്. ഭൂതകാലത്തെക്കുറിച്ചുള്ള ഓർമകൾ ഒരു വ്യക്തിയുടെ ആത്മബോധത്തിന്റെ ഭാഗമാവുകയും മറ്റു വ്യക്തികളുമായി പങ്കുവെക്കപ്പെടുകയും ചെയ്യുമ്പോൾ തങ്ങൾ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തരാണെന്ന് സ്വയം മനസ്സിലാക്കുന്നു. ഇങ്ങനെ പങ്കുവെക്കപ്പെട്ട വിശ്വാസങ്ങളിലൂടെ ഒരു കൂട്ടായ അവബോധം (Collective self-consciosness) ഉണ്ടാകുന്നു. രാഷ്ട്രമെന്നത് കൂട്ടായ ആത്മബോധമുള്ള ആളുകളുടെ സാമൂഹ്യബന്ധമാണ്. ഈ വ്യതിരിക്തമായ ആത്മബോധം രാഷ്ട്രത്തിലെ സാമൂഹികബന്ധം നിർമിക്കുന്ന വ്യക്തികളുടെ ദൈനംദിന പ്രവർത്തനങ്ങളാൽ സ്വാധീനിക്കപ്പെടുകയും അവയിൽ പ്രകടമാവുകയും ചെയ്യുന്നു. ഒരാൾ ധരിക്കുന്ന വസ്ത്രങ്ങൾ, പാടുന്ന പാട്ടുകൾ, സംസാരിക്കുന്ന ഭാഷ തുടങ്ങിയവയെല്ലാം ഉദാഹരണങ്ങളാണ്.

പങ്കുവെക്കപ്പെട്ട പാരമ്പര്യങ്ങൾക്കുചുറ്റും രൂപപ്പെടുന്ന രാഷ്ട്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സ്ഥലപരമായ ഭൂതകാലത്തിലേക്കുകൂടിയാണ്. ഇങ്ങനെ വ്യക്തികൾക്കിടയിലുള്ള അവബോധത്തിലേക്ക് സ്ഥലപരമായ ശ്രദ്ധ കടന്നുവരുമ്പോൾ സ്ഥലം അർഥം ഉൽപ്പാദിപ്പിക്കുന്ന ഒരിടമായി മാറുന്നു. അതാണ് ഒരു

രാഷ്ട്രത്തിന്റെ ഭൂപരിധി (Territory). സാധാരണ ഈ ആത്മാവബോധം രൂപപ്പെടുന്നത് ഒരു പ്രദേശത്തെ ജനത്തെ ചുറ്റിപ്പറ്റിയാണ്. അത്തരമൊരു സാഹചര്യത്തിൽ അവിടെ പ്രാദേശികമായി രൂപപ്പെട്ട 'ജനങ്ങൾ' നിലനിൽക്കുന്നു. ഇതാണ് രാഷ്ട്രമെന്ന പ്രയോഗംകൊണ്ട് അർഥമാക്കുന്നത്. അതായത് രാഷ്ട്രം ഒരേസമയം പ്രദേശത്തെയും (Territory) അതിലെ ജനസംഖ്യയെയും (Population) കുറിക്കുന്നു.[3]

വർത്തമാനകാലത്തിലെയോ ഭൂതകാലത്തിലെയോ ഒരു യാഥാർഥ്യമെന്ന നിലക്ക് ഒരു പൊതുഭരണകൂടം എന്ന ആശയം, ഒരു നിശ്ചിത വലിപ്പം, അതിലെ വ്യക്തികൾ തമ്മിലുള്ള അടുപ്പം, ഏറെക്കുറെ നിർണീതമായ ഭൂവിഭാഗം, ഒരു ദേശീയരാഷ്ട്രത്തെ മറ്റുള്ളവയിൽനിന്നും വ്യതിരിക്തമാക്കുന്ന സവിശേഷതകൾ, അംഗങ്ങൾക്കെല്ലാവർക്കും പൊതുവായ ചില താൽപ്പര്യങ്ങൾ, ജനങ്ങളുടെ മനസ്സിൽ രാഷ്ട്രത്തിന്റെ ചരിത്രവുമായി ബന്ധപ്പെടുത്തിയ പൊതുവികാരം എന്നീ സ്വഭാവസവിശേഷതകളോടുകൂടിയ സമൂഹത്തെ സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് രാഷ്ട്രം എന്ന പദം ഉപയോഗിക്കപ്പെടുന്നത്.[4]

## ദേശീയത

ചോദിക്കാതിരിക്കുന്നിടത്തോളം അതെന്താണെന്ന് നമുക്കറിയാം. എന്നാൽ ചോദിച്ചാൽ വളരെപ്പെട്ടന്ന് നമുക്കതിനെ വിശദീകരിക്കാനോ നിർവചിക്കാനോ കഴിയില്ല[5] എന്ന വാൾട്ടർ ബെയ്ഗോട്ടിന്റെ (Walter Bagehot) വാക്കുകൾ ദേശീയതയുടെ നിർവചനത്തിലുള്ള സങ്കീർണതയെയാണ് സൂചിപ്പിക്കുന്നത്. ദേശീയത എന്ന പദത്തിന് ദേശം എന്ന ബോധം, ദേശത്തെ സംബന്ധിച്ചത്, സ്വന്തം ദേശത്തിന്റെ ശ്രേഷ്ഠതയും ഭദ്രതയും മറ്റെല്ലാറ്റിനും മീതെയാണെന്ന ചിന്ത, രാഷ്ട്രത്തിന്റെ വകയാണെന്ന അവസ്ഥ, രാഷ്ട്രത്തിന്റെ താൽപ്പര്യങ്ങൾ സംസ്കാരം പാരമ്പര്യം തുടങ്ങിയവ ഉയർത്തിപ്പിടിക്കുന്ന സമീപനം, അപ്രകാരമുള്ള തത്വസംഹിത, ദേശത്തോടുള്ള കൂറ് ദേശസ്നേഹം എന്നിവയിലധിഷ്ഠിതമായ ചിന്താഗതി

എന്നിങ്ങനെയെല്ലാം അർഥം കൽപ്പിക്കാവുന്നതാണ്.[6] ഇതേ അർഥത്തിൽ ഉപയോഗിക്കുന്ന മറ്റൊരു പദമാണ് ദേശീയതാബോധം.[7] രാഷ്ട്രത്തിലെ അംഗമെന്ന ബോധം, ദേശത്തെ പൗരനെന്ന ബോധം, രാഷ്ട്രത്തിന്റെ പാരമ്പര്യം, സമ്പത്ത്, സംസ്കാരം, അന്തസ്സ് തുടങ്ങിയവയെക്കുറിച്ചുള്ള പ്രബുദ്ധത, അവയിലുള്ള അഭിമാനം, രാഷ്ട്രത്തോടുള്ള കൂറ്, ദേശാഭിമാനം, ദേശഭക്തി എന്നിവയെല്ലാമാണ് ഇതുകൊണ്ടർഥമാക്കുന്നത്. മറ്റു സമൂഹങ്ങളോടുള്ള വിശ്വസ്തതക്കോ വ്യക്തിതാൽപ്പര്യങ്ങൾക്കോ ഉപരിയായി സ്വന്തം ദേശത്തോടോ രാജ്യത്തോടോ അനുഭവപ്പെടുന്ന വിശ്വസ്തതയും ഭക്തിയുമാണ് ദേശബോധം (Nationalism) അല്ലെങ്കിൽ ദേശീയത. ദേശീയരാഷ്ട്രങ്ങളുടെ കാലത്തിനുമുമ്പ് ജനതയിൽ അധികപങ്കിന്റെയും കൂറ് പ്രഥമമായും സ്വന്തം സ്ഥലത്തോടോ മതസമൂഹത്തോടോ ആയിരുന്നു. വലിയ കേന്ദ്രീകൃതരാഷ്ട്രങ്ങളുടെ ഉയർച്ച പ്രാദേശികശക്തികളെ ദുർബലമാക്കുകയും സമൂഹത്തിൽ വളർന്നുവന്ന മതനിരപേക്ഷത മതവിഭാഗത്തോടുള്ള വിശ്വസ്തത മന്ദീഭവിപ്പിക്കുകയും ചെയ്തു. എങ്കിൽത്തന്നെയും മതക്കൂട്ടായ്മ, ജാതി, രാഷ്ട്രീയപാരമ്പര്യം, ചരിത്രം എന്നിവയോടൊപ്പം ജനതയെ ദേശീയപ്രസ്ഥാനത്തിൽ ഒന്നിപ്പിക്കുന്ന ഘടകങ്ങളിലൊന്നാണ് ദേശബോധം.[8] വംശീയത, ഭാഷ, സംസ്കാരം, ചരിത്രം, സാഹിത്യം, സാമ്പത്തിക ഐക്യം, പൊതുപാരമ്പര്യം, ഭരണകൂടം എന്നിങ്ങനെ നിരവധി ഘടകങ്ങൾ ദേശീയതയെ സ്വാധീനിക്കുന്നുണ്ട്. ദേശം, വംശം, ഭാഷ, ഭൂപ്രകൃതി, ചരിത്രം മുതലായ യാഥാർഥ്യങ്ങളുടെ അഭാവത്തിലും നിലനിൽക്കുകയും പുഷ്ടിപ്പെടുകയും ചെയ്യുന്ന സവിശേഷമായ നിർമിതിയായി ദേശീയത നിലനിൽക്കുന്നു.

ഒരേ മതത്തിൽ വിശ്വസിക്കുന്നവർ, ഒരേഭാഷ സംസാരിക്കുന്നവർ, ഒരേ വർഗത്തിൽപ്പെട്ടവർ, പ്രകൃതിദത്തമായ അതിരുകളാൽ വേർതിരിക്കപ്പെട്ട ഒരു പ്രത്യേക പ്രദേശത്ത് അധിവസിക്കുന്നവർ, ഒരേ സാംസ്കാരിക പാരമ്പര്യമുള്ളവർ, ഭാവിയെപ്പറ്റി പൊതുവായ ആഗ്രഹങ്ങളോ പ്രതീക്ഷകളോ ഉള്ളവർ എന്നിങ്ങനെ ഏതെങ്കിലും തരത്തിൽ സമാനത കണ്ടെത്താൻ കഴിയുന്നവർക്ക് ഒരുമിക്കു

കയും ഒരേ ഭരണത്തിൻ കീഴിൽ ജീവിക്കുകയും ചെയ്യണമെന്ന മോഹവും അത് സാധിക്കാൻ വേണ്ടി എന്തു ത്യാഗവും സഹിക്കാനുള്ള സന്നദ്ധതയും പുലർത്തുകയാണ് ദേശീയബോധത്തിന്റെ പൊതുസ്വഭാവം എന്ന് ലളിതമായി പറയാം.[9] രാഷ്ട്രത്തിന്റെ രൂപീകരണം, വളർച്ച, രാഷ്ട്രത്തോടുള്ള വൈകാരികമായ അവബോധം, രാഷ്ട്രത്തിന്റെ ഭാഷ, പ്രതീകം, സാമൂഹികരാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ് ദേശീയത. ഭൂതകാലത്തെക്കുറിച്ചും ആദ്യകാല സമൂഹങ്ങളെക്കുറിച്ചും ജനങ്ങൾ പരസ്പരം പങ്കുവെക്കുന്ന ഓർമകൾക്കുമേലാണ് ഒരു രാഷ്ട്രം നിർമിക്കപ്പെടുന്നത്. രാഷ്ട്രത്തിന്റെ നിലനിൽപ്പിന് അവശ്യം വേണ്ടത് ഭൂതകാലത്തെക്കുറിച്ച് ജനങ്ങൾ പരസ്പരം പങ്കുവെക്കുന്ന ഓർമകളാണ്.

കഥകളിലൂടെയും മിത്തുകളിലൂടെയും ചരിത്രത്തിലൂടെയും പ്രചരിക്കുന്ന വ്യത്യസ്തമായൊരു ഭൂതകാലത്തെക്കുറിച്ചുള്ള ഓർമകളാണ് ഒരു രാഷ്ട്രത്തെ മറ്റു രാഷ്ട്രങ്ങളിൽനിന്ന് വേർതിരിക്കുന്നത്. കുടുംബം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ സന്ദർഭങ്ങളിൽനിന്നാണ് ഒരു വ്യക്തി അത്തരം പാരമ്പര്യത്തെ വികസിപ്പിച്ചെടുക്കുന്നത്. ഈ പാരമ്പര്യമുണ്ടാക്കുന്ന ആത്മാവബോധം ഒരേ ഭൂപ്രദേശത്ത് താമസിക്കുകയോ ഒരേ ഭാഷ സംസാരിക്കുകയോ ചെയ്യുന്ന മറ്റൊരാളുമായി പങ്കിടുമ്പോൾ കൂട്ടായ ഒരു അവബോധം നിർമിക്കപ്പെടുന്നു. ഒരേ ഭാഷ സംസാരിക്കുന്ന ആളുകൾ മറ്റു ഭാഷ സംസാരിക്കുന്നവരിൽനിന്ന് വ്യത്യസ്തരാകുന്നതും ഇത്തരമൊരു ബോധം നിമിത്തമാണ്.

ഹൻസ് കോഹൻ ദേശീയതയെ ഇപ്രകാരം നിർവചിക്കുന്നു: *ഒരു വ്യക്തിക്ക് ദേശരാഷ്ട്രത്തോടു തോന്നുന്ന പരമമായ വിധേയത്വമാണ് ദേശീയത. തന്റെ മണ്ണിനോടും തദ്ദേശീയമായ പാരമ്പര്യത്തോടുമുള്ള അഗാധമായ ബന്ധവും ചരിത്രത്തിലെല്ലായ്പ്പോഴും ഭൂപരമായ ആധിപത്യം ഉറപ്പാക്കാനുമുള്ള നിസ്സീമമായ ശക്തിയും നിലനിൽക്കുന്നു.*[10]

ദേശീയതയുടെ രൂപീകരണം അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ദേശീയതയുടെ രൂപീകരണത്തിനുള്ള പരമപ്രധാനമായ ഘടകം ജീവസ്സുറ്റതും പ്രകടവുമായ സംഘടിത ഇച്ഛാശക്തിയാണ്. ഈ ഇച്ഛാശക്തിയെയാണ് നാം ദേശീയത എന്നു വിളിക്കുന്നത്. അത് ജനതയുടെ ബഹുഭൂരിപക്ഷത്തെയും പ്രചോദിപ്പിക്കുന്ന ഒരു മാനസികനിലകൂടിയാണ്. അതിലെ മുഴുവൻ അംഗങ്ങളെയും പ്രചോദിപ്പിക്കുമെന്ന് അത് അവകാശപ്പെടുകയും ചെയ്യുന്നു. രാഷ്ട്രീയമായ സംഘടനയുടെ ഏറ്റവും ഉചിതവും മാതൃകാപരവുമായ രൂപം ദേശീയരാഷ്ട്രം മാത്രമാണെന്നും അത് പറയുന്നു. എല്ലാവിധ സാംസ്കാരിക സർഗാത്മക ഊർജത്തിന്റെയും സാമ്പത്തികമായ ഐശ്വര്യത്തിന്റെയും ഉറവിടം ദേശീയതയാണെന്നും അത് സിദ്ധാന്തിക്കുന്നു.[11] രാഷ്ട്രത്തിലെ അംഗമാണ് താനെന്നുള്ള വ്യക്തിയുടെ പരിഗണന ഒരാൾക്കു സ്വന്തമായുള്ള പ്രതിരൂപങ്ങളിൽ ഒന്നുമാത്രമാണ്. വിശദമായിപ്പറഞ്ഞാൽ ആത്മബോധത്തിന്റെ നിരവധി പാളികളിൽ ഒന്നുമാത്രമാണത്. താൻ പ്രാദേശികമായ ഒരു ചാർച്ചാസമൂഹത്തിലെ അംഗമാണെന്നുള്ളതിന് തുല്യമോ അല്ലാതെയോ, താൻ രാഷ്ട്രീയപരവും നിയമപരവുമായ ഒരു ഭരണകൂടത്തിലെ പൗരനാണെന്നുള്ള പരിഗണന ഉണ്ടാകുന്നതാണ് ദേശീയതയുടെ സ്വഭാവം.[12]

ദേശീയതാപഠനങ്ങളിൽ ദേശീയതയുടെ നിർണയന സാമഗ്രികളായി പ്രവർത്തിച്ചിട്ടുള്ളത് പ്രധാനമായും മതം, ഭാഷ, വംശം, സംസ്കാരം എന്നിവയാണെന്നു കാണാം. എന്നാൽ ഇവയിൽ അധിഷ്ഠിതമായ നിർവചനങ്ങൾക്കോ വിശദീകരണങ്ങൾക്കോ പൂർണമായും വഴങ്ങുന്നതല്ല ദേശീയത. കൃത്യവും വസ്തുനിഷ്ഠവുമായ ഉപാധികൾ ദേശരൂപീകരണ പ്രക്രിയക്കില്ല. സ്വയം പ്രത്യക്ഷമായി തോന്നിയാലും ഒരു പ്രത്യേകഗൂഢസ്വഭാവമുള്ള ദേശം യാഥാർഥ്യമായതിനുശേഷം മാത്രമേ നിർവചിക്കപ്പെടുന്നുള്ളൂ. ഒരു ദേശം ദേശമാകുന്നത്, ദേശമാകുമ്പോൾ, ദേശമായി തുടരുമ്പോൾ മാത്രമാണ്. ദേശം ഒരു സാംസ്കാരിക നിർമിതി (Cultural construction) ആണെന്നാണ് പുതിയ ചിന്തകരുടെ അഭിപ്രായം. വംശം, ജനസംസ്കൃതി, ഭാഷ, ഭരണകൂടം, മതം, ഭൂപ്രകൃതി, ചരിത്രം മുതലായവയുടെ

വസ്തുനിഷ്ഠയാഥാർഥ്യങ്ങളെ ആശ്രയിക്കാത്ത പ്രത്യയശാസ്ത്രപരമായ പ്രതിഭാസമാണ് ദേശമെന്ന് ഇവർ സമർഥിക്കുന്നു. ഇത്തരം സമാനതകൾ ഇല്ലാത്ത അവസരത്തിലും അത് നിർമിച്ചെടുക്കാൻ ദേശീയവാദത്തിന് കഴിയുമെന്നും വലിയൊരു വിഭാഗം ബഹുജനങ്ങൾക്കിടയിൽ ഈ നിർമിതികളിലുള്ള വിശ്വാസം വളർത്തിയെടുക്കാനുള്ള സവിശേഷമായ പ്രാപ്തി അതിനുണ്ടെന്നും പുതിയ എഴുത്തുകൾ പറയുന്നു. കൂട്ടായ ഭാവനയുടെ ക്രിയാത്മകമായ കണ്ടെത്തലാണ് യഥാർഥത്തിൽ ദേശീയത എന്നാണ് ഇവരുടെ വാദം.[13] അതുകൊണ്ടുതന്നെ ദേശത്തെ വിഭാവനം ചെയ്യുന്ന രീതികൾ പ്രവർത്തിച്ചതെങ്ങനെയെന്നും അതിന്റെ സ്വീകരണനിരാകരണങ്ങൾ എന്തൊക്കെയായിരുന്നെന്നും ഈ കൂട്ടായ നിർമിതിക്ക് മൂർത്തരൂപം നൽകാനും അത് വ്യാപകമായി പങ്കുവെക്കപ്പെടാനും ഇടവരുത്തിയ വിവിധ സാമൂഹികശക്തികളും സാഹചര്യങ്ങളും വ്യവസ്ഥകളും എന്തെല്ലാമാണെന്നും ദേശീയതാപഠനത്തിന്റെ പരിഗണനാവിഷയങ്ങളാണ്.

രാഷ്ട്രത്തിന്റെ രൂപീകരണം, വളർച്ച, രാഷ്ട്രത്തോടുള്ള വൈകാരികമായ അടുപ്പം, ഭാഷ, പ്രതീകങ്ങൾ, സാമൂഹിക രാഷ്ട്രീയ മുന്നേറ്റങ്ങൾ, രാഷ്ട്രത്തിന്റെ തത്വങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ എന്നിവയെല്ലാമാണ് ദേശീയത എന്ന വാക്കുകൊണ്ട് സൂചിതമാകുന്നത്. രാഷ്ട്രരൂപീകരണം നടക്കുന്നത് നിരവധി സവിശേഷമായ പ്രക്രിയകളുടെ ഫലമായാണ്. പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന ഈ പ്രക്രിയകളിൽനിന്ന് തികച്ചും വേറിട്ടുനിൽക്കുന്ന ഒന്നാണ് ദേശീയബോധം. രാഷ്ട്രീയമുന്നേറ്റം, പ്രത്യയശാസ്ത്രം, പ്രതീകങ്ങൾ എന്നിവയുടെ അഭാവത്തിലും ഒരാൾക്ക് അൽപ്പമല്ലാത്ത ദേശീയബോധം കൈവരിക്കാൻ കഴിയും. നിരവധി മൂർത്ത സാഹചര്യങ്ങളുടെ സാന്നിധ്യത്തിൽ പ്രത്യക്ഷപ്പെടുന്ന അമൂർത്തമായ പ്രതിഭാസമാണ് ദേശീയത.[14]

ദേശീയത പല വിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ദേശീയതയുടെ കേന്ദ്രവിഷയം എല്ലായ്പ്പോഴും രാഷ്ട്രമാണ്. ആത്യന്തികമായി രാഷ്ട്രത്തിന്റെ ക്ഷേമ

മാണ് ദേശീയത ലക്ഷ്യംവെക്കുന്നത്. ഈ ലക്ഷ്യങ്ങൾ ദേശീയസ്വയംഭരണം, ദേശീയൈക്യം, ദേശീയവ്യക്തിത്വം എന്നിവയാണ്. ഈ മൂന്നെണ്ണത്തിന്റെ അഭാവത്തിൽ ഒരു രാഷ്ട്രത്തിന് നിലനിൽക്കാൻ കഴിയില്ല. നിലവിലുള്ളതോ സാധ്യമായതോ ആയ ഒരു രാഷ്ട്രം രൂപപ്പെടുത്തണമെന്നു വിചാരിക്കുന്ന ഒരു ജനതയുടെ സ്വയംഭരണാവകാശവും വ്യക്തിത്വവും ഐക്യവും നേടിയെടുക്കുന്നതിനുവേണ്ടിയുള്ള പ്രത്യയശാസ്ത്ര പ്രസ്ഥാനമാണ് ദേശീയത.[15] ദേശരാഷ്ട്രനിർമാണത്തിലേക്കു നയിച്ചേക്കാവുന്ന ഒരു സമൂഹത്തിന്റെ പ്രകടിത വൈകാരിക മനോഭാവമാണത്.

ഒരു സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയിൽ ദേശീയത സാംസ്കാരിക ഉള്ളടക്കത്തിലും പ്രാതിനിധ്യത്തിലും ഊന്നുന്നു എന്ന് ആന്റണി ഡി. സ്മിത്ത് നിരീക്ഷിക്കുന്നുണ്ട്.[16] ദേശീയതയുടെ പ്രത്യയശാസ്ത്രം ഒരു ദേശീയ സാംസ്കാരിക നിമജ്ജനം ആവശ്യപ്പെടുന്നു. ചരിത്രത്തിന്റെ പുനരന്വേഷണം, ഫിലോളജിയിലൂടെയും ലെക്സിക്കോഗ്രാഫിയിലുമുള്ള ദേശ്യഭാഷകളുടെ ഉണർവ്, ദേശ്യസാഹിത്യത്തെ; പ്രത്യേകിച്ച് നാടകവും കവിതയും പ്രോത്സാഹിപ്പിക്കൽ, ദേശ്യമായ കലകൾ, സംഗീതം, കരകൗശലം, നാടോടി കലകൾ, പാട്ടുകൾ എന്നിവക്ക് ഉണർവേകൽ എന്നീ പ്രവർത്തനങ്ങളിലൂടെയാണ് ഇത് സാധ്യമാകുന്നത്. ഇത് ദേശീയമുന്നേറ്റവുമായി ബന്ധപ്പെട്ട സാംസ്കാരികവും സാഹിത്യപരവുമായ നവോത്ഥാനത്തെയും വൈവിധ്യപൂർണമായ സാംസ്കാരിക പ്രവർത്തനത്തെയും ഓർമിപ്പിക്കുകയും അങ്ങനെ ദേശീയതയെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു. ഒരു ദേശീയമുന്നേറ്റം രൂപപ്പെടുന്നത് പ്രതിഷേധറാലിയാലോ സായുധ പ്രതിരോധ പ്രഖ്യാപനത്താലോ അല്ല മറിച്ച് സാഹിത്യസമൂഹങ്ങളുടെ സാന്നിധ്യം, ചരിത്രഗവേഷണങ്ങൾ, സംഗീത ഉത്സവങ്ങൾ, സാംസ്കാരിക ജേർണലുകൾ എന്നിവയുടെ പ്രവർത്തനഫലമായാണ്.

ദേശീയത നൈരന്തര്യവും പ്രബലവുമാകുന്നത് അതിന്റെ പ്രതീകങ്ങ

ളിൽക്കൂടിയാണ്. എല്ലാ രാഷ്ട്രങ്ങൾക്കും ഒരു തലസ്ഥാന നഗരം, ദേശീയ അസംബ്ലി, നാണയവ്യവസ്ഥ, അതിർത്തി, രക്തസാക്ഷിദിനം, സൈനികപരേഡുകൾ, പ്രതിജ്ഞകൾ, ശാസ്ത്ര-സംഗീത-കലാ അക്കാദമികൾ, ദേശീയ മ്യൂസിയം, ലൈബ്രറികൾ, ദേശീയ യുദ്ധസ്മാരകങ്ങൾ, ആഘോഷങ്ങൾ, ദേശീയ അവധി ദിവസങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കും. ഇത് ഒരു രാഷ്ട്രത്തെ മറ്റുള്ളവയിൽനിന്ന് വ്യത്യസ്തമാക്കുന്നു. ഇത്തരം പ്രതീകാത്മകതയാണ് ഒരു രാഷ്ട്രത്തെ നിലനിർത്തുന്നത്. പ്രതീകങ്ങൾ രാഷ്ട്രത്തെ പ്രതിനിധാനം ചെയ്യുകയും പ്രത്യക്ഷവൽക്കരിക്കുകയും അതിർത്തികൾ ദൃഢീകരിക്കുകയും ചെയ്യുന്നു. മാത്രമല്ല രാഷ്ട്രത്തെയൊന്നാകെ ഓർമകളിലൂടെയും മിത്തുകളിലൂടെയും മൂല്യങ്ങളിലൂടെയും ഏകീകരിക്കുകയും ചെയ്യുന്നു. ദേശീയതയുടെ അടിസ്ഥാനപ്രമേയങ്ങൾ താഴെപ്പറയുംവിധം സംഗ്രഹിക്കാം.[17]

1. തനതായ ചരിത്രവും വ്യക്തിത്വവുമുള്ള രാഷ്ട്രങ്ങളായി ലോകം വിഭജിക്കപ്പെട്ടിരിക്കുന്നു.
2. രാഷ്ട്രീയ അധികാരത്തിന്റെ കേന്ദ്രം രാഷ്ട്രമാണ്.
3. രാഷ്ട്രത്തോടുള്ള വിധേയത്വം മറ്റെല്ലാറ്റിനും മീതെയാണ്.
4. സ്വതന്ത്രരായി ജീവിക്കാൻ എല്ലാ വ്യക്തികളും ഏതെങ്കിലും ഒരു രാഷ്ട്രത്തിലെ അംഗമായിരിക്കണം.
5. എല്ലാ രാഷ്ട്രങ്ങളും ആത്മപ്രകാശനവും സ്വയംഭരണവും ആവശ്യപ്പെടുന്നു.
6. സ്വയംഭരണ രാഷ്ട്രങ്ങളുടെ ഈ ലോകം ആഗോളസമാധാനവും നീതിയും ആവശ്യപ്പെടുന്നു.

## ദേശീയത ഉത്ഭവവും വികാസവും

യൂറോപ്പിൽ 15-ാം നൂറ്റാണ്ടോടുകൂടി തുടങ്ങി 18-ാം നൂറ്റാണ്ടോടെ ഉച്ചാവസ്ഥയിൽ എത്തിയ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും ബൗദ്ധികവു

മായ നിരവധി പുരോഗതികളുടെ ഫലമായാണ് ദേശരാഷ്ട്രങ്ങൾ ഉത്ഭവിച്ചത്. നവോത്ഥാനം മനുഷ്യന്റെ ചിന്തയിലും കാഴ്ചപ്പാടിലും ജീവിതത്തിലും ശ്രദ്ധേയ മായ മാറ്റങ്ങളുണ്ടാക്കി. മാനവികത, യുക്തിചിന്ത, ശാസ്ത്രബോധം, വിമർശനബുദ്ധി, ജ്ഞാനോദയം, പ്രാദേശിക ഭാഷകളുടെ വളർച്ച എന്നിവക്ക് വഴി വെച്ചു. മതപഠനത്തിനുമാത്രം പ്രാധാന്യം നൽകിയിരുന്ന ഒരു കാലഘട്ടം നവോ ത്ഥാനാരംഭത്തോടെ അവസാനിച്ചു. സാഹിത്യകാരന്മാർ പ്രാദേശികഭാഷകളിൽ രചനകൾ നടത്തി. അച്ചടിശാലകളും പ്രസിദ്ധീകരണക്കാരും വൻതോതിൽ ഗ്രന്ഥ ങ്ങൾ അച്ചടിച്ചു പ്രചരിപ്പിച്ചു. അച്ചടിവിദ്യക്ക് മുമ്പ് കയ്യെഴുത്തുപ്രതികൾ ജന ങ്ങൾക്കു മനസ്സിലാക്കാൻ വിഷമമുള്ള ലാറ്റിൻ ഭാഷയിലായിരുന്നു. തൽസ്ഥാനത്ത് നവോത്ഥാനം തങ്ങളുടെ ആശയപ്രകാശനത്തിന് സുഗമമായ ഒരു ഭാഷാമാധ്യമ ത്തിൽ ആവേശം കാണിച്ചു. ഇത് നാട്ടുഭാഷാസാഹിത്യത്തിന്റെ ഉദയംകുറിച്ചു. ലാറ്റിൻ ഭാഷ എഴുതാനും വായിക്കാനും നിശ്ചയമില്ലാത്ത പല മനുഷ്യരും തങ്ങ ളുടെ ചിന്തകൾ സ്വന്തം ഭാഷയിൽ പ്രകടിപ്പിച്ചു. യുക്തിരഹിതമായ വിശ്വാസങ്ങ ളെയും സമ്പ്രദായങ്ങളെയും ചോദ്യം ചെയ്യാൻ നവോത്ഥാനത്തിന്റെ ഫലമായി രൂപംകൊണ്ട ഈ പുതിയ കാഴ്ചപ്പാടുകൾ മനുഷ്യനെ പ്രേരിപ്പിച്ചു. നവോത്ഥാന ത്തിന്റെ ഫലമായി ശാസ്ത്രരംഗത്തുണ്ടായ പുരോഗതി 18-ാം നൂറ്റാണ്ടിൽ യൂറോ പ്പിൽ ജ്ഞാനോദയത്തിന്(Enlightenment)രൂപം നൽകി. സ്വാതന്ത്ര്യം, ജനാധിപ ത്യം, സമത്വം, ദേശീയത തുടങ്ങിയ ആശയങ്ങൾ ജ്ഞാനോദയചിന്തകർ പ്രചരിപ്പി ച്ചു. അന്ന് നിലവിലുണ്ടായിരുന്ന ഏകാധിപത്യവ്യവസ്ഥകളെ എതിർക്കാൻ ലോക ത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾക്ക് ഇത് പ്രചോദനം നൽകി.

18-ാം നൂറ്റാണ്ടിൽ യൂറോപ്പിനെ ബൗദ്ധികമായി നയിച്ചത് ഫ്രാൻസായിരു ന്നു. നവോത്ഥാനഫലമായി അവിടെ ഫ്യൂഡലിസത്തിന്റെ സ്ഥാനത്ത് ഒരു കേന്ദ്രീ യഭരണക്രമം നിലവിൽ വന്നു. വാണിജ്യം, വ്യവസായം, പണമിടപാട് എന്നിവയി ലുണ്ടായ പുരോഗതി നഗരങ്ങളുടെ ആവിർഭാവത്തിന് വഴിയൊരുക്കി. ഇവിടെ

വ്യാപാരികളും ബാങ്കർമാരും അഭിഭാഷകരും ഡോക്ടർമാരുമടങ്ങുന്ന ധനികരും വിദ്യാസമ്പന്നരുമായിരുന്ന ഒരു മധ്യവർഗം ഉയർന്നുവന്നു.

അച്ചടിയുടെ വ്യാപനം ലാറ്റിൻ ഭാഷയെ പിൻതള്ളുകയും പ്രാദേശികവും ജനകീയവുമായ ഭാഷകൾ ശക്തിയാർജിക്കുകയും ചെയ്തു. സാമ്പത്തിക പരസ്പ രാശ്രിതത്വം വ്യാപാരബന്ധങ്ങൾ വർദ്ധിപ്പിക്കാനും മധ്യവർഗത്തിന്റെ ഉദയത്തിനും കാരണമായി. തന്മൂലം തങ്ങളുടെ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഒരു ഏകീകൃതരാഷ്ട്രം വേണമെന്ന് അവർ വിശ്വസിച്ചു. ഇത് വ്യക്തികളുടെ ചിന്ത യിലും വീക്ഷണത്തിലും മാറ്റംവരുത്തി.

18-ാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ദേശീയബോധത്തിന്റെ വമ്പിച്ച മുന്നേറ്റമു ണ്ടായി. രാജാധികാരത്തെക്കാൾ ഉയർന്ന സ്ഥാനം രാഷ്ട്രത്തിന് നൽകപ്പെട്ടു. രാഷ്ട്രത്തോടുള്ള കൂറ് സൂചിപ്പിക്കാൻ 'പാട്രിയോട്ടിസം' (Patriotism) എന്ന സംജ്ഞ ഉപയോഗിക്കാൻ തുടങ്ങിയതും ഇക്കാലത്താണ്. ദേശീയബോധം ഉത്തേ ജിപ്പിക്കുന്നതിനുവേണ്ടി ദേശീയപതാക, ദേശീയഗാനം, ദേശീയ അവധി എന്നി വക്ക് രൂപംനൽകി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ഫ്രഞ്ചുവിപ്ലവ ത്തിന്റെ സന്ദേശം 19, 20 നൂറ്റാണ്ടുകളിൽ ലോകത്ത് നടന്ന ജനകീയ മുന്നേറ്റങ്ങ ളെയും വിപ്ലവങ്ങളെയും ശക്തമായി സ്വാധീനിച്ചു. ജനങ്ങളുടെ പരമാധികാരം എന്ന ആശയം ഫ്രഞ്ചുവിപ്ലവത്തിന്റെ മഹത്തായ സംഭാവനയായിരുന്നു. സ്വാത ന്ത്ര്യം, സമത്വം, സാഹോദര്യം, സ്വയംനിർണയാവകാശം എന്നിവ മറ്റു രാജ്യങ്ങളി ലേക്കു വ്യാപിക്കുകയും ഇത് അവയിലെ ദേശീയബോധം ജ്വലിപ്പിക്കുകയും പല യിടങ്ങളിലും സൈനികസ്വേച്ഛാധിപത്യത്തിന് കാരണമാവുകയും ചെയ്തു. നെപ്പോളിയന്റെ സൈനികനീക്കങ്ങൾക്കും കീഴടക്കലുകൾക്കുമെതിരായി ജർമ്മനി, ഇറ്റലി, സ്പെയിൻ, പോർച്ചുഗീസ്, ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിൽ ദേശീയബോധം ഉണരുകയും ദേശീയത യൂറോപ്പിലാകമാനം വ്യാപിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ലോകവ്യാപകമായി ദേശരാഷ്ട്രങ്ങൾ ഉദയംചെയ്തു.

മധ്യവർഗങ്ങളുടെ ഉദയം സാമ്പത്തികമാത്സര്യങ്ങൾക്ക് വഴിതെളിച്ചതിന്റെ ഫലമായി ഗതാഗതവാർത്താവിനിമയ സൗകര്യങ്ങൾ വർദ്ധിച്ചു. വ്യക്തികളുടെ സാമ്പത്തികതാൽപ്പര്യങ്ങൾ രാഷ്ട്രങ്ങളുടേതുമായി കണ്ണിചേർക്കപ്പെടുകയും ദേശീയസമ്പത്ത്, ദേശീയവിഭവം, ദേശീയ ഉൽപ്പാദനം എന്നീ സംജ്ഞകൾ പ്രയോഗത്തിൽവരികയും ചെയ്തു. സാമ്പത്തികതാൽപ്പര്യങ്ങളുടെ സംരക്ഷണം ഓരോ രാഷ്ട്രത്തിന്റെയും ലക്ഷ്യമായി മാറി. വ്യവസായവൽക്കരണം ആരംഭിച്ചതോടുകൂടി ഗ്രാമങ്ങളിൽനിന്ന് പട്ടണങ്ങളിലേക്ക് വൻതോതിൽ കുടിയേറ്റമുണ്ടായി. തന്മൂലം പ്രാദേശിക കൂട്ടായ്മയിൽനിന്നു വ്യത്യസ്തമായി ഒരു വലിയ രാഷ്ട്രത്തിന്റെ ഭാഗമെന്ന നിലയിൽ ജനങ്ങൾ സ്വയം തിരിച്ചറിയാൻ തുടങ്ങി. സ്വയംനിർണയാവകാശം, ജനാധിപത്യം എന്നിവയെക്കുറിച്ചുള്ള ബോധവും പൊതുവായ സാമ്പത്തിക സാംസ്കാരിക താൽപ്പര്യങ്ങളും ഒരു രാഷ്ട്രത്തിനു കീഴിൽ അണിനിരക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

സാമ്രാജ്യത്വത്തിന്റെയും ദേശീയതയുടെയും വളർച്ച രാജ്യങ്ങൾ തമ്മിലുള്ള പകയും വിദ്വേഷവും മത്സരബുദ്ധിയും വർധിപ്പിച്ചു. സ്വന്തം രാജ്യത്തിന്റെ നിലനിൽപ്പിനുവേണ്ടി സൈനികശേഷി വർധിപ്പിക്കുകയും കൂടുതൽ മാരകവും ആധുനികവുമായ യുദ്ധസാമഗ്രികൾ വികസിപ്പിച്ചെടുക്കുകയും ചെയ്തു. ഇത്തരം മനോഭാവങ്ങളെല്ലാം ലോകമഹായുദ്ധങ്ങളിലാണ് കലാശിച്ചത്. ഇതിന്റെ ആത്യന്തിക ഫലം യൂറോപ്യൻ രാജ്യങ്ങളിലെ സ്വയംനിർണയാവകാശ തത്വങ്ങളുടെ വിജയമായിരുന്നു. വാണിജ്യതാൽപ്പര്യങ്ങളോടൊപ്പമുള്ള ദേശീയമായ ഉണർവ് സാമ്രാജ്യത്വമോഹങ്ങൾക്ക് വഴിതെളിച്ചു. ദേശീയതാൽപ്പര്യങ്ങളിൽനിന്നുണ്ടായ സാമ്രാജ്യത്വം കോളനിരാജ്യങ്ങളുടെ ദേശീയതയുടെ വികാസത്തിനു കാരണമായി. ഇറ്റലിയിൽ ഫാസിസത്തിന്റെയും ജർമനിയിൽ നാസിസത്തിന്റെയും വളർച്ച രണ്ടാം ലോകമഹായുദ്ധത്തിലേക്കു നയിച്ചു. ഇതിലൂടെ വെളിപ്പെട്ടത് ദേശീയതയുടെ തീക്ഷ്ണവും വികൃതവുമായ മുഖമായിരുന്നു. യുദ്ധം സങ്കുചിതമായ ദേശീയതക്കു കാരണമായി.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഏഷ്യയിലെയും ആഫ്രിക്കയിലെയും ദേശീയപ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടു. യുദ്ധത്തിനുശേഷം മിക്കവാറും രാജ്യങ്ങൾ സ്വാതന്ത്ര്യം നേടുകയുണ്ടായി. കോളനിവാഴ്ചയുടെയും സാമ്രാജ്യത്വത്തിന്റെയും അവസാനമായിരുന്നു അത്. യുദ്ധാനന്തര കാലഘട്ടത്തിൽ ഏഷ്യൻ-ആഫ്രിക്കൻ ദേശീയതക്കുണ്ടായ വളർച്ച രണ്ടു ശാക്തികചേരികളിൽനിന്നു വിഭിന്നമായി ഒരു മൂന്നാം ലോകമെന്ന ആശയത്തിന്റെ ആവിർഭാവത്തിനു കാരണമായി.

രണ്ടാം ലോകമഹായുദ്ധാനന്തരം സാമ്രാജ്യശക്തികളുടെ മേധാവിത്വം ചോദ്യം ചെയ്യപ്പെട്ടു തുടങ്ങി. അതിനാൽ കോളനികളിൽ ഉയർന്നുവന്ന ദേശീയസമരങ്ങളെ നിയന്ത്രിക്കാൻ യൂറോപ്യൻ രാജ്യങ്ങൾക്കു കഴിഞ്ഞില്ല. കൂടാതെ വൻശക്തികളായി ഉയർന്നുവന്ന അമേരിക്കയും സോവിയറ്റ് യൂണിയനും കോളനികളിലെ സ്വാതന്ത്ര്യസമരത്തെ പിൻതുണച്ചു. സാമ്രാജ്യത്വശക്തികളുടെ ഭരണത്തിൽനിന്ന് കോളനികൾ സ്വാതന്ത്ര്യം നേടി. ഇത് അപകോളനീകരണം(Decolonisation)എന്നറിയപ്പെടുന്നു.

ഏഷ്യൻ-ആഫ്രിക്കൻ കോളനിജനതയുടെ ദേശീയബോധത്തെയും സ്വാതന്ത്ര്യസമരത്തെയും വളർത്താൻ രണ്ടു ലോകമഹായുദ്ധങ്ങളും പര്യാപ്തങ്ങളായി. സ്വാതന്ത്ര്യത്തിനും സ്വയംഭരണത്തിനും വേണ്ടിയുള്ള കോളനി ജനതയുടെ സമരം ചെറുക്കാൻ കഴിവില്ലാത്തവണ്ണം യുദ്ധം സാമ്രാജ്യശക്തികളെ ബലഹീനമാക്കിയിരുന്നു. അതിനാൽ കോളനികളിലെ സമരങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിഞ്ഞില്ല. യുദ്ധാനന്തരം കോളനിരാജ്യങ്ങൾ സ്വാതന്ത്ര്യം നേടുകയും അത് സാമ്രാജ്യത്വത്തിനും കോളനിവാഴ്ചക്കും വിരാമമിടുകയും ചെയ്തു.

## നവസാമ്രാജ്യത്വം (New Imperialism)

രണ്ടാം ലോകമഹായുദ്ധാനന്തരം ലോകത്ത് പുതിയ തരത്തിലുള്ള സാമ്രാ

ജ്യത്വ വ്യവസ്ഥിതി രൂപപ്പെട്ടുവന്നു. ഒരു രാജ്യത്ത് രജിസ്റ്റർചെയ്ത് വിവിധ രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന ബഹുരാഷ്ട്രകമ്പനികൾ അവരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി വികസ്വരവും അവികസിതവുമായ രാജ്യങ്ങളുടെ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയമേഖലകളിൽ ഇടപെടാൻ തുടങ്ങി. ഇത് നവസാമ്രാജ്യത്വം (New Imperialism) എന്നറിയപ്പെടുന്നു. മൂന്നാം ലോകരാജ്യങ്ങളിലെ സമ്പത്ത് കൈവശപ്പെടുത്താൻ ബഹുരാഷ്ട്ര കമ്പനികൾ മത്സരിച്ചു. അത് പുതിയൊരു ഉപഭോഗസംസ്കാരം വളരുന്നതിന് കാരണമാകുകയും വികസ്വര രാജ്യങ്ങൾ ബഹുരാഷ്ട്രക്കമ്പനികളുടെ കമ്പോളങ്ങളായി മാറുകയും ചെയ്തു. വികസിത രാജ്യങ്ങളിലെ ഉൽപ്പന്നങ്ങൾ വികസ്വര രാജ്യങ്ങളുടെ ഗ്രാമങ്ങളിൽ വരെ എത്തിച്ചേർന്നു. തുറന്ന ആക്രമണമോ രാഷ്ട്രീയമായ അധീശത്വമോ ഇല്ലാതെ മറ്റു രാജ്യങ്ങളുടെ സാമ്പത്തിക-സാംസ്കാരിക മേഖലകളിൽ മുതലാളിത്തരാജ്യങ്ങൾ ഇടപെടുന്ന തരത്തിലാണ് ഇതിന്റെ പ്രവർത്തനരീതി. ഇത് ദരിദ്ര ജനവിഭാഗങ്ങളെയും പരിസ്ഥിതിയെയും പ്രതികൂലമായി ബാധിച്ചു.

### ആഗോളവൽക്കരണം (Globalisation)

മൂലധനത്തിന്റെയും സേവനങ്ങളടക്കമുള്ള ഉൽപ്പന്നങ്ങളുടെയും നിർബാധമായ ആഗോളവ്യാപനഘട്ടം ആഗോളവൽക്കരണം എന്നറിയപ്പെടുന്നു. ശാസ്ത്രസാങ്കേതികരംഗത്തെ പുരോഗതിയാണ് രാജ്യങ്ങൾ തമ്മിലുള്ള പരസ്പരബന്ധം മെച്ചപ്പെടാനിടയാക്കിയത്. ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉടമസ്ഥത ലോകത്തെ കൈയിലൊതുക്കാൻ രാഷ്ട്രങ്ങളെ പര്യാപ്തമാക്കി. ചൂഷണത്തിന്റെ പുതിയ ദിശയിലേക്കു നയിക്കാൻ മുതലാളിത്ത രാജ്യങ്ങളെ ഇതു സഹായിക്കുന്നു. ഉദാരവൽക്കരണം, വാണിജ്യവൽക്കരണം, സ്വതന്ത്രകമ്പോളവ്യവസ്ഥ എന്നിവയാണ് ആഗോളവൽക്കരണത്തിന്റെ മുഖ്യ പ്രവണതകൾ. സാധനങ്ങളും സേവനങ്ങളും ലോകത്തിലെവിടെയും ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും രാഷ്ട്രങ്ങളെയും കമ്പനികളെയും ഇത് അനുവദിക്കുന്നു.

**ദേശീയത: വിവിധ സങ്കൽപ്പനങ്ങൾ**

ആന്റണി ഡി. സ്മിത്ത് പൗരാണികവാദം (Premodealism), അനശ്വരവാദം (Perinnilism), വംശീയ പ്രതീകാത്മകവാദം (Ethno-symbolism), ആധുനികതാവാദം (Modernism) എന്നിങ്ങനെ ദേശീയതാപഠനങ്ങളിലെ അഞ്ചുതരം സമീപനങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.[18] ദേശരാഷ്ട്രത്തിന്റെ പൗരാണികത്വത്തിലും നൈസർഗികതയിലും ഊന്നുന്നതാണ് പൗരാണികവാദം. ആധുനികതയുടെ ഫലമായുണ്ടായതാണ് രാഷ്ട്രം എന്ന സമീപനത്തിൽനിന്നു വിഭിന്നമായി, അനശ്വരവാദികൾ വംശീയമായ കെട്ടുപാടുകളാണ് ദേശരാഷ്ട്രങ്ങളെ രൂപപ്പെടുത്തുന്നതെന്നു വിശ്വസിക്കുന്നു. ഇവർ ഭാഷയും വംശീയതയും തമ്മിലുള്ള കെട്ടുപാടുകൾ, ദേശീയതയെ ഉദ്ദീപിപ്പിക്കുന്ന മിത്തുകൾ, വംശീയപ്രതീകങ്ങളുടെ ഉത്ഭവത്തെക്കുറിച്ചുള്ള ധാരണകൾ എന്നിവയെ സംബോധന ചെയ്തു. ആധുനികതയോടുബന്ധപ്പെടുത്തിക്കൊണ്ടുള്ള ദേശീയതാവ്യാഖ്യാനങ്ങളെ തിരുത്തുകയും ദേശീയതയുടെ നൈരന്തര്യത്തിലും ഇടക്കിടെയുള്ള ഉദ്ദീപനത്തിലും വംശീയതയുടെ പങ്കിന് അടിവരയിടുകയും ചെയ്യുന്നു.

ചില സവിശേഷ രാഷ്ട്രങ്ങളുടെ വംശീയ അനന്യതകളുടെ പ്രതീകാത്മക പാരമ്പര്യം തുറന്നുകാട്ടുകയാണ് വംശീയപ്രതീകാത്മകവാദക്കാരുടെ ലക്ഷ്യം. കൂടാതെ ആധുനികതയുടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ പ്രതീകം, മിത്ത്, ഓർമ, മൂല്യങ്ങൾ, വംശീയചരിത്ര പാരമ്പര്യങ്ങൾ എന്നിവയെ കണ്ടെടുക്കുകയും വ്യാഖ്യാനിക്കുകയുമാണ് ചെയ്യുന്നത് എന്നും ഈ പഠനം തുറന്നുകാട്ടുന്നു. വംശീയതയും ദേശീയതയും തമ്മിലുള്ള ബന്ധത്തിലും സാംസ്കാരികവും സാമൂഹികവുമായ കൂട്ടായ്മകൾ രൂപപ്പെടുത്തുന്നതിലും മിത്ത്, പ്രതീകങ്ങൾ, ഓർമകൾ എന്നിവയുടെ പങ്കിനെ ഇവർ സൂചിപ്പിക്കുന്നുണ്ട്. മിത്ത്, ഓർമകൾ, പരിശുദ്ധമായ ഭൂപ്രദേശം, കൂട്ടായ വിശ്വാസങ്ങൾ, സുവർണഭൂതകാലം എന്നിങ്ങനെയുള്ള ദേശീയപ്രതീകങ്ങളെ ദേശീയതക്കനുഗുണമായി ഇവർ കണ്ടെടുക്കുന്നു.

ആധുനികതാവാദികൾ ദേശരാഷ്ട്രത്തിന്റെയും ദേശീയതയുടെയും ഉത്ഭവം ആധുനികതയിൽ തിരയുന്നു. ഗതാഗത വാർത്താവിനിമയ മാർഗങ്ങളുടെ ഫലമായുണ്ടായ ആധുനികസാഹചര്യമാണ് ദേശത്തെ സാധ്യമാക്കിയതെന്ന് അവർ അഭിപ്രായപ്പെടുന്നു. ആന്റേഴ്സൺ, ഹോബ്സ് ബോം എന്നിവരുടെ ആധുനികമായ കാഴ്ചപ്പാടിൽ മതവംശീയഘടകങ്ങൾ ചേർന്ന് രൂപപ്പെടുന്ന ആധുനിക പൂർവ വംശീയദേശീയത, പ്രബുദ്ധതയുടെ ഭാഗമായി രൂപപ്പെടുന്ന പൗരദേശീയത എന്നിങ്ങനെ രണ്ടുതരം ദേശീയസങ്കൽപ്പനങ്ങളാണ് രാഷ്ട്രത്തെ സാധ്യമാക്കുന്നതെന്ന് ഊന്നിപ്പറയുന്നു. ആധുനികാനന്തരവാദപരമായ സമീപനങ്ങൾ രാഷ്ട്രസ്വത്വം മാഞ്ഞുപോകുന്ന, സ്വത്വരാഷ്ട്രീയത്തിന്റെയും ആഗോളസംസ്കാരത്തിന്റെയും ഒരു പുതിയ ലോകക്രമം മുന്നോട്ടുവെക്കുന്നു.

ദേശീയതയെക്കുറിച്ച് ആദ്യമായി സൂചിപ്പിച്ച രാഷ്ട്രീയ സൈദ്ധാന്തികൻ റൂസ്സോ ആയിരുന്നു. പൊതുവായ ആചാരങ്ങൾ പങ്കുവെക്കുന്ന ഒരു സമുദായമാണ് ഒരു രാഷ്ട്രീയ*സമൂഹത്തിന്റെ മികച്ചതും തൃപ്തവുമായ അടിത്തറയെന്ന് ആദ്യമായി* സൂചിപ്പിച്ചതും അദ്ദേഹം തന്നെയാണ്. പൊതുവായ ആചാരങ്ങളും ജീവിതരീതികളും പിൻതുടരുന്നതും സ്വന്തം ക്ഷേമത്തിൽ അധിഷ്ഠിതവുമായ സമുദായങ്ങളാണ് രാഷ്ട്രീയസമൂഹങ്ങളായി പരിണമിക്കുന്നത്. ഇത് എല്ലായ്പ്പോഴും സ്വാഭാവികമായി ഉണ്ടായിവരികയില്ലെന്നും നിയമനിർമാതാവെന്ന് (The legislature) അദ്ദേഹം വിശേഷിപ്പിച്ച രാഷ്ട്രീയനേതാവിലൂടെ മാത്രമേ ഇത് സാധ്യമാകൂ എന്നും റൂസ്സോ വിശ്വസിച്ചു. പൊതുവായ ആചാരം, താൽപ്പര്യം, വിശ്വാസം തുടങ്ങിയ ഘടകങ്ങളാൽ ഐക്യപ്പെട്ട ഒരു ജനത മാത്രമേ ഈ നിയമങ്ങൾ അനുസരിക്കാൻ സജ്ജമാവുകയുള്ളൂ എന്ന നിലപാടിലൂടെ റൂസ്സോ ഭരിക്കപ്പെടുന്നവരുടെ സമ്മതം ഭരണകൂടങ്ങൾക്ക് ആവശ്യമാണെന്ന് ഊന്നിപ്പറയുകയായിരുന്നു. ജനങ്ങളുടെ പൊതുഹിതമാണ് ഭരണകൂടത്തിന്റെ അടിസ്ഥാനം. തങ്ങളുടെ ഇച്ഛകൂടി പരിഗണിക്കുന്ന നിയമങ്ങൾ അനുസരിക്കാൻ ജനങ്ങൾ തയ്യാറാകു

ന്നു. ഇത് വിദ്യാഭ്യാസത്തിൽക്കൂടി മാത്രമേ സാധ്യമാവുകയുള്ളൂ. അതുകൊണ്ട് അദ്ദേഹം വിദ്യാഭ്യാസത്തിനും പൗരമത (Civic Religion) ത്തിനും ഊന്നൽ നൽകി. നിലവിലിരുന്ന വിദ്യാഭ്യാസപദ്ധതിക്കു പകരം വ്യക്തിയുടെ വ്യക്തിത്വവും മനസ്സും ഒരുപോലെ വികസിപ്പിക്കുന്ന ധാർമികമൂല്യങ്ങൾക്ക് ഊന്നൽ നൽകുന്ന വിദ്യാഭ്യാസപദ്ധതിയാണ് റൂസ്സോ അവതരിപ്പിച്ചത്. രാഷ്ട്രനിർമാണത്തിന്റെ അടിസ്ഥാനം വിദ്യാഭ്യാസമാണെന്നും അത് ദേശാവബോധവും ദേശഭക്തിയും വർധിപ്പിക്കുമെന്നും റൂസ്സോ വിലയിരുത്തി. റൂസ്സോ വിഭാവനംചെയ്ത മാതൃകാരാഷ്ട്രത്തിൽ മതത്തിന് വേറിട്ട പങ്ക് നിർവഹിക്കാനുണ്ട്. മതത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്തിക്കൊണ്ട്, ഒരു രാഷ്ട്രം വ്യക്തികളെ സാമൂഹ്യവൽക്കരിക്കുകയും രാഷ്ട്രത്തിന്റെ ആജ്ഞാനുവർത്തികളാക്കാൻ ശ്രമിക്കുകയും വേണമെന്ന് റൂസ്സോ അഭിപ്രായപ്പെടുന്നു.[19]

പാരമ്പര്യം, ആചാരം, വൈകാരികത എന്നിവയിലൂന്നിയ ദേശീയതക്കാണ് ഹെർഡർ പ്രാധാന്യം നൽകിയത്. അഭ്യസ്തവിദ്യരായ ജർമൻകാർ ഫ്രാൻസിനെ യൂറോപ്പിലെ ശക്തമായ രാഷ്ട്രമെന്ന നിലയിലും നവോത്ഥാനത്തിന്റെ നായകർ എന്ന നിലയിലും അപ്രമാദിത്വശക്തിയായി കണക്കാക്കി. ചിതറിക്കിടക്കുന്ന ജർമൻ ജനതയെ പ്രതിനിധാനം ചെയ്ത് എഴുതിയ അദ്ദേഹം ഫ്രാൻസിന്റെ മേൽക്കോയ്മയെ വെറുത്തു. ഓരോ സംസ്കാരത്തിനും തനതായ ഗുണങ്ങളുണ്ടെന്നും സാർവലൗകികമായ ഗുണങ്ങൾ ആർക്കും അവകാശപ്പെടാനാവില്ലെന്നും അദ്ദേഹം പറഞ്ഞു.[20] ഓരോ സംസ്കാരവും രൂപപ്പെടുന്നത് അത് വികസിച്ചുവന്ന ഭൗതിക പരിസ്ഥിതി, ജനങ്ങളുടെ ഭാഷ, വിദ്യാഭ്യാസരീതികൾ, പാരമ്പര്യം, തലമുറകളിലൂടെ പകർന്നുവരുന്ന മൂല്യങ്ങൾ എന്നിവക്കനുസരിച്ചാണ്. ഓരോ കാലഘട്ടത്തിനും അതിന്റേതായ കാഴ്ചപ്പാടുകളും ചിന്താരീതികളും പ്രവർത്തനങ്ങളും വികാരങ്ങളുമുണ്ടാകും എന്നു പറഞ്ഞുകൊണ്ട് ഫ്രാൻസിന്റെ സാർവലൗകികവാദത്തെ അദ്ദേഹം നിരാകരിച്ചു. ഓരോ സംസ്കാരവും വിലയിരുത്തേണ്ടത് അതാതിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണെന്ന് അദ്ദേഹം പറഞ്ഞു.

വ്യതിരിക്തമായ സംസ്കാരമുള്ള ഓരോ സമുദായത്തെയും വിശേഷിപ്പിക്കാൻ അദ്ദേഹം 'വോൾക്ക്'(Volk) എന്ന പദമാണ് ഉപയോഗിച്ചത്. ഇത്തരത്തിലുള്ള ഓരോ സമുദായത്തിനും തനതായതും താരതമ്യപ്പെടുത്താനാവാത്തതുമായ മൂല്യങ്ങൾ ഉണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇത്തരം സമൂഹങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ യുക്തിസഹമായ ഒരു ദേശരാഷ്ട്രം രൂപപ്പെടുകയുള്ളൂവെന്ന് അദ്ദേഹം വിശ്വസിച്ചു. ഭാഷ ആശയവിനിമയത്തിനുമാത്രമുള്ളതാണെന്ന് റൂസ്സോ  വിശ്വസിച്ചപ്പോൾ വ്യത്യസ്തമായ സമൂഹങ്ങളുടെ നൈസർഗിക ഗുണങ്ങൾ പ്രകടിപ്പിക്കുന്നതാണ് ഭാഷയെന്ന് ഹെർഡർ അഭിപ്രായപ്പെട്ടു. ജർമൻ ഭാഷയിൽ മറ്റുഭാഷകൾ കലർന്ന് സ്ഥൂലവും അനാകർഷകവുമായതിനെ അദ്ദേഹം വിമർശിച്ചു. ഒരു വ്യതിരിക്തമായ സംസ്കാരമുള്ള സമൂഹത്തിലെ അംഗങ്ങളെന്ന നിലയിൽ ഒരാൾക്കുള്ള വൈകാരികാവസ്ഥയാണ് ദേശീയതയെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

ദേശീയതയുടെ അടിസ്ഥാനം ഭാഷയാണെന്ന് ഹെർഡറെപ്പോലെ ഫിഷെയും അഭിപ്രായപ്പെട്ടു.[21] ഒരു പുതിയ ഭാഷയുണ്ടെങ്കിൽ ഒരു രാഷ്ട്രവും നിലനിൽക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. അത്തരം രാഷ്ട്രങ്ങൾക്ക് തങ്ങളുടെ പ്രശ്നങ്ങളിൽ തീരുമാനമെടുക്കാനും സ്വയംഭരണത്തിനും അവകാശമുണ്ട്. ഒരു രാഷ്ട്രം അനശ്വരമാക്കി നിർത്താൻ അതിലെ ജനതക്ക് വിദ്യാഭ്യാസം നൽകേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇത്തരക്കാർക്കുമാത്രമേ രാഷ്ട്രത്തിന്റെ ഐക്യത്തിനുവേണ്ടി നിലകൊള്ളാനും അതിലൂടെ മറ്റുള്ളവരെ ഏകീകരിക്കാനും സാധിക്കുകയുള്ളൂ. ലോകത്തെ മുഴുവനായി ഭരിക്കുക എന്ന മഹത്തായ സ്വപ്നം സാക്ഷാൽക്കരിക്കാൻ സാധിച്ചില്ലെങ്കിൽ ഇതുവരെ ജർമനി കൈവരിച്ച നേട്ടങ്ങളും ലക്ഷ്യപ്രാപ്തിക്കായി ചെയ്തുകൊണ്ടിരിക്കുന്ന യുദ്ധങ്ങളും ത്യാഗങ്ങളും എല്ലാം നിഷ്ഫലമായിപ്പോകും എന്നും അദ്ദേഹം ചിന്തിച്ചു. ഈ മൂന്നു സൈദ്ധാന്തികരുടെ ചിന്തയും ഒരു രാഷ്ട്രീയസിദ്ധാന്തം എന്ന നിലയിൽ ദേശീയതയുടെ സ്വഭാവവും നന്മയും അപകടവും പുറത്തുകാണിക്കുന്നതാണ്.

രാഷ്ട്രം, പൗരത്വം, ദേശീയത എന്നിവ നിർവചിക്കാൻ പ്രയാസമാണെന്നു പറയുന്നതോടൊപ്പംതന്നെ കൽപ്പിതമായൊരു രാഷ്ട്രീയസമൂഹമായാണ് ദേശത്തെ ആന്റേഴ്സൺ കാണുന്നത്.[22] ഏറ്റവും വലിയ രാഷ്ട്രത്തിനും അതിർത്തിയുണ്ട്. ഈ രാഷ്ട്രീയസമൂഹത്തിലെ അംഗങ്ങളിൽ ബഹുഭൂരിപക്ഷവും തമ്മിൽതമ്മിൽ കാണുകയോ അറിയുകയോ കേൾക്കുകയോ ചെയ്യാത്തവരാണ്. എങ്കിലും അവർ തമ്മിൽ ഒരു ഏകീഭാവം രൂപപ്പെട്ടുവരുന്നു. യഥാർഥത്തിലുള്ള ഉച്ചനീചത്വങ്ങളും വലിപ്പചെറുപ്പങ്ങളുമൊക്കെയിരുന്നാലും ദേശീയസമൂഹം ഒരു സഖ്യമാണ്. ഈ സഖ്യമാണ് അതിനുവേണ്ടി മരിക്കാനും അംഗങ്ങളെ സന്നദ്ധരാക്കുന്നത്. ഈ രാഷ്ട്രസങ്കൽപം സ്ഥിരമായി നിൽക്കണമെന്നില്ല. രാഷ്ട്രം പരമാധികാരമുള്ളതാണ്. രാഷ്ട്രത്തിനകത്തെ സ്വാതന്ത്ര്യം രക്ഷ എന്നിവ അധികാരപരമായ സ്വാതന്ത്ര്യവും രക്ഷയുമാണ്.

രാഷ്ട്രത്തെ നിർവചിക്കുന്നതിൽ സൈദ്ധാന്തികർ നേരിടുന്ന വെല്ലുവിളികൾ ആന്റേഴ്സൺ സൂചിപ്പിക്കുന്നുണ്ട്. ചരിത്രകാരന്മാരുടെ കണ്ണിൽ ദേശം ആധുനികവും വസ്തുനിഷ്ഠവുമായിരിക്കുമ്പോൾ ദേശീയവാദികളെ സംബന്ധിച്ച് പാരമ്പര്യാധിഷ്ഠിതവും ആത്മനിഷ്ഠവുമാണത്. മറ്റൊരുതരത്തിൽ ദേശീയത സാർവലൗകികമാകുമ്പോൾ ദേശീയവാദികളെ സംബന്ധിച്ച് അത് സവിശേഷനിർമിതിയാണ്. ജന്മനാ പരിമിതവും പരമാധികാരമുള്ളതുമായ ഒരു കൽപ്പിതസമൂഹമാണ് ദേശം എന്നാണ് ആന്റേഴ്സൺ ദേശത്തെ നിർവചിക്കുന്നത്. രാഷ്ട്രീയപരമായി പ്രബലമായ ദേശീയത ദാർശനികമായി ഏറ്റവും പാപ്പരായ സങ്കൽപ്പമാണ്. നരവംശശാസ്ത്രപരമായ നിർവചനമെന്ന് ഈ നിർവചനത്തെ വിശേഷിപ്പിച്ച ആന്റേഴ്സൺ ഒരുതരം ഗോത്രപരത ദേശീയതയിൽ പ്രവർത്തിക്കുന്നുണ്ടെന്നു കണ്ടെത്തുന്നുണ്ട്. രാഷ്ട്രം പരിമിതിയോടുകൂടി കൽപ്പിക്കപ്പെട്ടതാണ്. വിശാലമായ പ്രദേശമായിരിക്കുമ്പോൾത്തന്നെ അത് കൃത്യമായ അതിർത്തിയുള്ളതാണ്. ജ്ഞാനോദയത്തിന്റെയും വിപ്ലവത്തിന്റെയും കാലത്ത് ശ്രേണീബദ്ധമായ രാജവംശങ്ങളെ തകർത്തെറിഞ്ഞാണ് ദേശ

രാഷ്ട്രങ്ങൾ രൂപപ്പെട്ടത്. ചൂഷണവും അസമത്വവും നിലനിൽക്കുമ്പോഴും അതിനുപരിയായി വ്യാപ്തിയേറിയ ഒരു സൗഹൃദം അംഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ദേശത്തിനകത്ത് വൈവിധ്യങ്ങളുടെ ഏകീകരണം നടക്കുന്നു. ഈ ബന്ധങ്ങൾ രാഷ്ട്രത്തിനുവേണ്ടി ജീവൻ ബലി നൽകാൻ പോലും ജനങ്ങളെ പ്രാപ്തരാക്കുന്നു. രാഷ്ട്രമെന്ന പരിമിതമായ കൽപ്പനക്കകത്ത് സൃഷ്ടിക്കപ്പെടുന്ന ഈ വൈകാരികമായ ആഭിമുഖ്യത്തെ നിലനിർത്തുന്ന ഘടകമെന്ത് എന്ന ചോദ്യത്തിനുത്തരം കണ്ടെത്താൻ സാംസ്കാരികവേരുകൾ അന്വേഷിക്കുന്നതിലൂടെമാത്രമേ കഴിയൂ എന്ന് ആന്റേഴ്സൺ പറയുന്നു.

അച്ചടിയുടെ വ്യാപനം ദേശാവബോധനിർമിതിയിൽ നിർണായക പങ്കു വഹിച്ച ഘടകമാണ്. മികച്ച വാർത്താവിനിമയ സൗകര്യങ്ങളുണ്ടായിരുന്നതുകൊണ്ട് പടിഞ്ഞാറൻ യൂറോപ്പിലെ മതനിന്ദക്കെതിരായ യുദ്ധങ്ങളിൽ റോം ആണ് എപ്പോഴും മേൽക്കൈ നേടിയത്. അച്ചടിമുതലാളിത്തം ദേവഭാഷയുടെ പ്രാമാണികതയെ തകർത്തു. 1517 ൽ ജർമനിയിലെ ചെറിയ നഗരത്തിലെ പള്ളിവാതിലിൽ മാർട്ടിൻ ലൂഥർ പതിച്ച ചോദ്യങ്ങൾ 15 ദിവസത്തിനകം രാജ്യമൊന്നാകെ പ്രചരിച്ചു. 1522 നും 1546 നും ഇടയിൽ മാർട്ടിൻ ലൂഥറിന്റെ ബൈബിൾ പരിഭാഷയുടെ 43 ഓളം എഡിഷനുകൾ പുറത്തുവന്നു. ലാറ്റിൻ അറിയാത്ത സാധാരണ ജനങ്ങൾ അവരുടെ ഭാഷയിലെഴുതപ്പെട്ട ലഘുലേഖകൾ വായിച്ചു. അച്ചടിമുതലാളിത്തത്തിന്റെ സഹായത്തോടെ ഒരു പുതിയ വായനാസമൂഹം പുനസംഘടിക്കപ്പെടുകയായിരുന്നു. ദേവഭാഷകളുടെ പ്രാമാണ്യം തകർന്നതോടെ ദേശ്യഭാഷകൾ പ്രാമാണികമായി. നിരവധി ദേശ്യഭാഷകളിൽനിന്ന് പ്രബലമായതൊന്ന് നവീകരിക്കപ്പെടുകയും ആധികാരികഭാഷയായിത്തീരുകയും ചെയ്തു.[23] അച്ചടിഭാഷകൾ മൂന്നുതരത്തിലാണ് ദേശീയാവബോധത്തിന് അടിത്തറയിട്ടത്. അച്ചടിഭാഷ ദൈവികഭാഷക്കും പ്രാദേശികഭാഷക്കും ഇടയിലുള്ള സവിശേഷഭാഷയെ ഏകീകൃതഭാഷയായി സ്വീകരിച്ചു. പലതരം ഭാഷകൾ സംസാരിക്കുന്നവർ അച്ചടിയിലൂടെ ഏകീകൃതമാവുകയും പരസ്പരം

ബന്ധിക്കപ്പെട്ട സമൂഹമായി മാറുകയും ചെയ്തു. രണ്ടാമത് അച്ചടിമുതലാളിത്തം ഭാഷക്ക് ആധികാരികതയും ദൃഢതയും നൽകിയതിലൂടെ പൗരാണികമായ ബിംബങ്ങളെ നിർമിച്ചെടുക്കാൻ കഴിഞ്ഞു. മൂന്നാമത് അച്ചടിമുതലാളിത്തം ദേശ്യഭരണക്രമത്തിൽനിന്ന് വ്യത്യസ്തമായ അധികാരത്തിന്റെ ഭാഷകളെയാണ് നിർമിച്ചത്. ദേശ്യഭാഷകളിൽ പ്രബലമായവ അച്ചടിഭാഷയാവുകയും മറ്റുള്ളവയെ അത് സ്വാംശീകരിക്കുകയും ചെയ്തു.[24]

അച്ചടിമുതലാളിത്തം (Print capitalism) എന്ന് ആൻഡേഴ്സൺ വിളിക്കുന്ന ഈ പ്രതിഭാസത്തിന്റെ വ്യാപനത്തോടെ വായനാസാമഗ്രികൾ കച്ചവടച്ചരക്കുകളായി രംഗപ്രവേശനം ചെയ്യുകയും ജനപ്രിയനോവലുകൾ ദിനപത്രങ്ങൾ മുതലായവയിലൂടെ വ്യാപകമായ പ്രചാരശേഷിയുള്ള അച്ചടിഭാഷ സൃഷ്ടിക്കുകയും ചെയ്തു. ജനങ്ങൾക്ക് വായനാസാമഗ്രികൾ ധാരാളം ലഭ്യമായി. അച്ചടിക്കപ്പെട്ട ചരക്കുകളുടെ ആഖ്യാനഘടന കാലത്തെക്കുറിച്ചുള്ള ആധുനികസങ്കൽപ്പത്തെ പരിചയപ്പെടാൻ സഹായിച്ചു. ഈ കാലസങ്കൽപ്പം വാൾട്ടർ ബഞ്ചമിന്റെ ഭാഷയിൽ ഏകരൂപവും ശൂന്യവുമായ കാലം (Homogeneous and empty time) ആണ്. ഈ കാലസങ്കൽപ്പപ്രകാരം ഭൂതവും ഭാവിയും വർത്തമാനകാലത്തിൽനിന്നും വ്യക്തമായി വേർപെട്ടു. പരസ്പരം മറ്റുവിധത്തിൽ ബന്ധമില്ലാത്ത സംഭവങ്ങളെ പൊതുവായ കാലഗണനയിൽ ഒതുക്കി അവയെ ക്ലോക്കിന്റെയും കലണ്ടറിന്റെയും സമയത്താൽ അളന്നും അടയാളപ്പെടുത്തിയും വെക്കുന്ന കാലഗണനാരീതിയാണിത്.[25] ഈ പുതിയ കാലബോധം നാമെല്ലാം ഒരേകാലത്ത് ജീവിക്കുന്നവരാണെന്ന ബോധമുണ്ടാക്കുന്നു. രണ്ടു സംഭവങ്ങൾ സമകാലത്തു നടക്കാമെന്ന ആശയം ആധുനികപൂർവലോകത്തിന് അന്യമായിരുന്നെന്നും ആധുനികകാലത്തു മാത്രമാണ് ഏകകാലത്തു നടക്കുന്ന ഒന്നിലധികം സംഭവങ്ങളെപ്പറ്റിയുള്ള ബോധം സാധ്യമാകുന്നതെന്നും അദ്ദേഹം പറയുന്നു. നമ്മുടെ സ്വന്തം അനുഭവങ്ങളും നമുക്കറിയാത്ത അനേകം അന്യരുടെ അനുഭവങ്ങളും പരസ്പരം ബന്ധപ്പെടുന്നത്

ഒരേകാലം പങ്കിടുന്നതിലൂടെയാണെന്നും ആൻഡേഴ്സൺ അഭിപ്രായപ്പെടുന്നു. ഒരേകാലം പങ്കിടുന്നു എന്ന ഈ ബോധമാണ് നാം എന്ന ബോധത്തിന്റെ പ്രഥമവും അടിസ്ഥാനപരവുമായ നിർവചനം. ആധുനികമായ അർഥത്തിൽ സമുദായമെന്നാൽ ഇതാണ്. അങ്ങനെ സ്വന്തം നാട്ടുകാരിൽ വളരെക്കുറച്ചുപേരെ മാത്രമേ പരിചയമുള്ളൂവെങ്കിലും ആധുനികദേശങ്ങളിലെ പൗരജനങ്ങൾക്ക് തങ്ങളുടെ ദേശീയസമൂഹത്തിലുൾപ്പെട്ട, എന്നാൽ തങ്ങൾക്കപരിചിതരായ ബാക്കി ജനങ്ങളെ വിഭാവനംചെയ്യാൻ കഴിയുന്നു.[26] ദിനപ്പത്രങ്ങളും മറ്റു മാധ്യമങ്ങളും ചില സവിശേഷ ആലങ്കാരിക പ്രയോഗങ്ങളിലൂടെ വായനക്കാരെ അഭിസംബോധന ചെയ്തപ്പോൾ അതുവരെ പരിചിതമല്ലാതിരുന്ന ഒരു ദേശീയസമുദായത്തിലെ അംഗങ്ങളാണ് തങ്ങളെന്ന ബോധം രൂപപ്പെടുകയും വലിയ അളവിൽ പങ്കുവെക്കാവുന്ന അനുഭവങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

രാഷ്ട്രമെന്നാൽ ആത്മാവാണ്, ഒരു ആത്മീയ തത്വമാണ് എന്നാണ് റെനാന്റെ നിഗമനം. ദേശീയത ഒന്നിച്ചുജീവിക്കുവാനും പൊതുവായ ഒരു പൈതൃകം സൃഷ്ടിക്കാനുമുള്ള ആഗ്രഹമാണെന്ന് അദ്ദേഹം പറയുന്നു.[27] രണ്ടു കാര്യങ്ങളാണ് ഇത് സാധ്യമാക്കുന്നത്. ഓർമകളുടെ മഹത്തായ ഒരു ഭൂതകാലം ഉണ്ടായിരിക്കുക എന്നതും ഒരുമിച്ചുനിൽക്കാനുള്ള സമകാലികമായ ആഗ്രഹവും സമ്മതവും ഉണ്ടാവുക എന്നതും. രാഷ്ട്രങ്ങൾ അനശ്വരമായ പ്രതിഭാസമല്ല എന്നും അവയ്ക്ക് തുടക്കമുണ്ടെന്നതുപോലെ ഒടുക്കവുമുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. രാഷ്ട്രങ്ങൾ നിലനിൽക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. ദേശീയപ്രത്യയശാസ്ത്രത്തിന്റെ മൂലധനമായി വർത്തിക്കുന്നത് വീരോചിതമായ ഒരു ഭൂതകാലവും വീരനായകന്മാരും വിജയങ്ങളും ഉണ്ടാവുകയെന്നതാണ്. മനുഷ്യൻ തന്റെ വംശത്തിന്റെയോ ഭാഷയുടെയോ മതത്തിന്റെയോ നദികളുടെ ഗതിയുടെയോ പർവതനിരകളുടെ ദിശയുടെയോ അടിമയല്ല. മാനസികാരോഗ്യവും സന്മനസ്സുമുള്ള ഒരു വലിയ ജനസമൂഹം ഒന്നായി നിർമിക്കുന്ന ഒരുതരം ധാർമിക മനസ്സാക്ഷിയാണ് രാഷ്ട്രം. ഈ നൈതികബോധം അതിന്റെ ശക്തിയും

പ്രാമാണികതയും സ്വന്തം താൽപ്പര്യങ്ങൾ സമൂഹത്തിനുവേണ്ടി ബലികഴിക്കാൻ സന്നദ്ധതയുള്ള വ്യക്തികളിലൂടെ തെളിയിക്കുന്ന കാലത്തോളം മാത്രമാണ് അതിന്റെ നിലനിൽപ്പ്. നിരന്തരം പ്രതിപാദിക്കപ്പെടുന്നതുകൊണ്ടുമാത്രം നിലനിൽക്കുന്ന ഒന്നാണ് രാഷ്ട്രം. അതിന് അതിന്റെ പ്രാമാണികത വെളിപ്പെടു ത്താൻ വ്യാപകമായ ജനസമ്മതിയുള്ള പാഠങ്ങളുടെ സഹായം ആവശ്യമാണ്.

രാഷ്ട്രരൂപീകരണത്തിൽ കണ്ടെടുക്കപ്പെട്ട പാരമ്പര്യങ്ങളുടെ (Invented traditions) പ്രാധാന്യം ഊന്നിപ്പറഞ്ഞവരായിരുന്നു ഗെൽനറും എറിക് ഹോബ്സ്ബോമും. ദേശങ്ങൾ ദേശീയത സൃഷ്ടിക്കുകയല്ല ദേശീയതയാണ് ദേശ ങ്ങളെ സൃഷ്ടിക്കുന്നത് എന്ന് ഗെൽനർ അഭിപ്രായപ്പെട്ടു.[28] പഴയ പാരമ്പര്യങ്ങ ളെയും സംസ്കാരങ്ങളെയും ദേശീയത ഉപയോഗിക്കുന്നുണ്ട്. നിരവധി സാംസ്കാ രിക വൈവിധ്യങ്ങൾ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഒരു രാഷ്ട്രം എങ്ങനെ എപ്പോൾ രൂപംകൊണ്ടു എന്നത് പ്രവചിക്കാൻ സാധ്യമല്ലെന്നു പറഞ്ഞുകൊണ്ട് രാഷ്ട്രത്തിന്റെ വഞ്ചനാപരമായ സ്വഭാവത്തെ അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഐക്യ ത്തിന്റെയും എതിർപ്പിന്റെയും സാഹചര്യങ്ങൾ ദേശീയതക്കകത്ത് നിലനിൽക്കുന്നു ണ്ട്. പൂർവസമൂഹങ്ങളിൽനിന്നും ഉയർന്നുവന്നതും അനേകം രീതിയിൽ വൈവിധ്യം പുലർത്തുന്നതുമായ പുതിയ സമൂഹമാണ് ദേശീയതയെന്ന് അദ്ദേഹം വിലയിരുത്തുന്നു. ആധുനികതയുടെ കാലത്തുമാത്രം സാധ്യമായ ഒരു പ്രതിഭാസ മായാണ് അദ്ദേഹം ദേശത്തെയും ദേശീയതയെയും വിലയിരുത്തുന്നത്. വിദ്യാ ഭ്യാസം ദേശീയതയുടെ വ്യാപനത്തിൽ വഹിക്കുന്ന പങ്ക് അദ്ദേഹം തിരിച്ചറിയുന്നു ണ്ട്. എഴുത്തുവിദ്യ വളരെക്കുറച്ചുപേർക്കുമാത്രം പ്രാപ്യമായതിനാൽ ഇവിടെ ഉച്ച വർഗപ്രൗഢസംസ്കാരവും (High culture) സാധാരണക്കാരുടെ സാമാന്യ സംസ്കാരവും (Low culture) തമ്മിലുള്ള അകലം പ്രധാനമാണ്. അന്യോന്യം മന സ്സിലാകാത്ത നിരവധി സംസ്കാരങ്ങൾ സമാന്തരമായി വർത്തിക്കുമ്പോഴും അവ യിൽനിന്നു പൊതുവായൊരു സംസ്കാരം ഉയർന്നുവരുന്നില്ല. സാങ്കേതികവിദ്യ

കൾ പകർന്നുകൊടുക്കുന്ന വിദ്യാഭ്യാസത്തിലൂടെ ചുരുക്കം പേർക്കുമാത്രം പ്രാപ്യ മായ പ്രൗഢസംസ്കാരം ജനകീയമാകുന്നു. മാത്രമല്ല അത് മാനകീകരിക്കപ്പെടു കയും ചെയ്യുന്നു. വ്യാപകമായ സ്വീകാര്യതയുള്ള പ്രൗഢസംസ്കാരത്തിന്റെ അതിർത്തികൾ രാഷ്ട്രീയാതിർത്തികളായി മാറുന്നു. അതിന്റെ കേന്ദ്രസ്ഥാനത്ത് ഭരണകൂടം ഉടലെടുക്കുന്നു. അണുവൽക്കരിക്കപ്പെട്ട ചലനത്വമുള്ള , സമത്വത്തിൽ വിശ്വസിക്കുന്ന മാനകസംസ്കാരം അതിന്റെ അതിർത്തികളുടെ രക്ഷ ഉറപ്പുവരു ത്തുന്ന, അതിനെ ജനങ്ങളിലേക്കു പകർന്നുകൊടുക്കാൻ വേണ്ട സ്ഥാപനങ്ങളുള്ള ഭരണകൂടം-ഇതാണ് ഗെൽനർ നിർവചിക്കുന്ന ദേശരാഷ്ട്രം. പ്രൗഢസംസ്കാ രത്തിന്റെ രാഷ്ട്രീയവൽക്കരണമാണ് ദേശീയതയുടെ വികാസത്തിലെ പ്രധാനമാ യൊരു ഘട്ടമായി ഗെൽനർ എടുത്തു പറയുന്നത്. ജനകീയമായ നാടോടിസം സ്കാരങ്ങളെ കീഴടക്കിക്കൊണ്ടാണ് ദേശീയത അതിന്റെ മേഖല വ്യാപിപ്പിക്കുന്ന ത്. ഒരു ഭാഷയുടെ പല ദേശ്യഭേദങ്ങളിൽനിന്ന് ഒന്നുമാത്രം മാനകഭാഷയാവു മ്പോഴും ഒരു രാജ്യത്തിലെ പലഭാഷകളിൽ ഒന്നുമാത്രം ദേശീയഭാഷയാവു മ്പോഴുമാണ് ഇത്തരം തമസ്കരണങ്ങൾ സംഭവിക്കുക. ഭൂരിപക്ഷം ജനങ്ങളും തദ്ദേശീയസംസ്കാരങ്ങളുടെ നാടോടിത്തത്തിലും നാടകീയതയിലും പുലരുന്ന സമൂഹത്തിൽ പാഠ്യപദ്ധതികളുടെ ഇടപെടൽ സാധ്യമാക്കുന്നത് ദേശീയതയാണ്. പ്രൗഢസംസ്കാരത്തിന്റെ മേൽക്കോയ്മ ഈ പാഠ്യപദ്ധതികൾ ഉറപ്പുവരുത്തു ന്നു.[29]

ദേശീയതയെ ഒരു ആധുനികപ്രക്രിയയായിക്കാണുന്ന എറിക് ഹോബ്സ് ബോം, യൂറോപ്പിൽ ആധുനികമായ അർഥത്തിൽ 19-ാം നൂറ്റാണ്ടിന്റെ ഒടുവിലാണ് നേഷൻ (Nation) എന്ന പദം പ്രത്യക്ഷപ്പെട്ടതെന്ന് നിരീക്ഷിക്കുന്നുണ്ട്.[30] അതിനു മുമ്പ് ഈ പദം നിലവിലുണ്ടായിരുന്നെങ്കിലും ഇന്നത്തെ രാഷ്ട്രസങ്കൽപ്പത്തെ സൂചിപ്പിക്കുന്ന തരത്തിലായിരുന്നില്ല അതിന്റെ പ്രയോഗം. രാഷ്ട്രം=ഭരണ കൂടം=ജനങ്ങൾ എന്ന സമവാക്യം ജനങ്ങളെ ഒരു പ്രത്യേക പ്രദേശത്തുള്ള ജന ങ്ങൾ എന്നു വ്യാഖ്യാനിക്കുന്നുണ്ട്. ജനങ്ങളുടെ വംശീയമായ വൈവിധ്യങ്ങൾക്ക്

ഫ്രഞ്ചു വിപ്ലവത്തിന്റെ ഫലമായുണ്ടായ വിപ്ലവകരമായ ദേശീയത പ്രാധാന്യം കൊടുത്തില്ല എന്ന് നിരീക്ഷിക്കുന്ന അദ്ദേഹം വംശീയതയുടെ പ്രാധാന്യത്തിന് ഊന്നൽ നൽകുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ദേശീയത ഭൂതകാല ത്തിൽനിന്ന് തങ്ങൾക്കനുകൂലമായത് കണ്ടെടുക്കുകയും വ്യാഖ്യാനിക്കുകയുമാണ് ചെയ്യുന്നത്.[31]

## വിവിധതരം ദേശീയതകൾ

അതാത് രാജ്യങ്ങളുടെ സാമൂഹ്യസാംസ്കാരികചരിത്രം, നിലവിലുള്ള സാമൂഹ്യഘടനകൾ, ആ നാടുകളിലെ ദേശീയസാമൂഹ്യവർഗങ്ങളുടെ മനശാസ്ത്ര പരവും സാമ്പത്തികവുമായ പ്രത്യേകതകളുടെ സവിശേഷസ്വഭാവം എന്നിവ നിർണയിച്ച മാർഗങ്ങളിലൂടെയായിരുന്നു വിവിധനാടുകളിലെ ദേശീയതയുടെ വളർച്ച. ഓരോ രാഷ്ട്രവും അങ്ങനെ അനന്യസദൃശമായരീതിയിൽ ജനിക്കുകയും വളരുകയും ചെയ്തു.[32] കാർലെട്ടൺ ഹെയ്സ് ആധുനികദേശീയതയെ ആറു രൂപ ങ്ങളായി വിഭജിച്ചു.[33] അത് താഴെ കാണും പ്രകാരമാണ്.

## പരമ്പരാഗതദേശീയത (Traditional Nationalism)

നെപ്പോളിയനെയും ഫ്രഞ്ച് വിപ്ലവത്തെയും എതിർത്ത ചില ബുദ്ധിജീവി കൾ യുക്തിയെയും വിപ്ലവത്തെയും തിരസ്കരിച്ചുകൊണ്ട് ഒരു പുതിയ ദേശീയത മുന്നോട്ടുവെച്ചു. ജാക്കോബിയന്മാർ മുന്നോട്ടുവെച്ച ജനാധിപത്യത്തെയും വിപ്ലവ ത്തെയും വെറുത്ത അവർ കുലീനവും പരിണാമപരവുമായ ചിന്താഗതിയിൽ ഊന്നുന്നവരായിരുന്നു. ദേശീയത അടുത്തകാലത്ത് രൂപംകൊണ്ടതാണെന്നും അതിന്റെ ഉത്ഭവം ചർച്ചചെയ്യേണ്ട കാര്യമില്ലെന്നും അവർ വിശ്വസിച്ചു. ദേശമെ ന്നത് അവർക്ക് മരിച്ചവരും ജീവിക്കുന്നവരും ജനിക്കാനിരിക്കുന്നവരും ഉൾപ്പെട്ട ഒരു സമൂഹമായിരുന്നു. എഡ്മണ്ട് ബർക് (Edmund Burke), ബൊണാൾഡ് (Vicomte de Bonald), ഫ്രെഡറിക് ഷ്ളീഗൽ (Friendrich Schlegel) എന്നിവ രായിരുന്നു പരമ്പരാഗത ദേശീയതയുടെ വക്താക്കൾ.

### ഉദ്ഗ്രഥിതദേശീയത (Integral Nationalism)

രാഷ്ട്രം ക്ഷയോന്മുഖമായ സമയത്ത്, രാഷ്ട്രീയ നയം പിൻതുടരുക, ദേശീയ ഉദ്ഗ്രഥനം, ദേശീയ ശക്തി വർധിപ്പിക്കൽ എന്നിങ്ങനെയെല്ലാം ഇത് നിർവചിക്കാം. മാനവികദേശീയവാദികളിൽനിന്നും ഉദാരദേശീയവാദികളിൽനിന്നും വ്യത്യസ്തമായി ഇവർ അന്തർദേശീയതയെ വെറുത്തു. മറ്റ് രാഷ്ട്രങ്ങളോട് നിസ്സഹകരണമനോഭാവം പുലർത്തുകയും ചെയ്തു. വ്യക്തിതാൽപ്പര്യങ്ങൾക്കും അന്തർദേശീയതാൽപ്പര്യങ്ങൾക്കും മീതെ ഇവർ ദേശീയതാൽപ്പര്യങ്ങളെ പ്രതിഷ്ഠിച്ചു. മാനവികതയെ നിരാകരിക്കുന്ന ദേശീയസങ്കുചിതത്വം ഇതിന്റെ സവിശേഷതയാണ്. ആഭ്യന്തരകാര്യങ്ങളിൽ രാഷ്ട്രത്തിന് പരമപ്രാധാന്യം കൊടുത്തുകൊണ്ടുള്ള സ്വേച്ഛാധിപത്യ സ്വഭാവമാണ് ഇത് പിൻതുടരുന്നത്. രാഷ്ട്രത്തിലെ ധാർമികതയും പെരുമാറ്റരീതിയും അയുക്തികമായി പിൻതുടരാനും അവയിൽ ആവേശംകൊള്ളാനും അത് നിർദ്ദേശിക്കുന്നു. ഇതനുസരിച്ച് ദേശീയസ്വാതന്ത്ര്യത്തിനു കീഴിലാണ് വ്യക്തിസ്വാതന്ത്ര്യത്തിന്റെ നില. 19 ഉം 20 ഉം നൂറ്റാണ്ടുകളിലെ സൈദ്ധാന്തികരായ അഗസ്ത് കോംതെ (Aguste Comte), ഹിപ്പോലിറ്റ് അഡോൾപ് ടെയിൻ (Hyppolyte Adolpe Taine), മോറീസ് ബാരെ (Morrisa Barrer), ചാൾസ് മുറാസ് (Charles Maurras) എന്നിവരുടെ എഴുത്തുകളിൽനിന്നാണ് ഉദ്ഗ്രഥിത ദേശീയതയുടെ സങ്കൽപ്പങ്ങൾ രൂപപ്പെടുന്നത്. ഇത് ജർമനി, ഇറ്റലി, ഹംഗറി, പോളണ്ട് എന്നീ രാഷ്ട്രങ്ങളെ സ്വാധീനിക്കുകയും ചെയ്തു.

### ജാക്കോബിയൻദേശീയത (Jacobian Nationalism)

ഫ്രഞ്ചുവിപ്ലവത്തിന്റെ തത്വങ്ങൾ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി റൂസ്സോയുടെ മാനവികവാദ-ജനാധിപത്യ ദേശീയതയെയാണ് വിപ്ലവകാരികൾ ജാക്കോബിയൻ ദേശീയതയാക്കി മാറ്റിയത്. ഇതിന് ആഭ്യന്തരകലഹങ്ങളിലൂടെയും വിദേശയുദ്ധങ്ങളിലൂടെയും വികസിച്ച നാല് സ്വഭാവസവിശേഷത

കൾ കാണാം. ലക്ഷ്യങ്ങൾ നേടാനായി ബലപ്രയോഗത്തിലും മിലിറ്ററിസത്തിലുമുള്ള വിശ്വാസം, ആന്തരികമായ വിമതാഭിപ്രായങ്ങളോടുള്ള സംശയവും അസഹിഷ്ണുതയും, മതമൗലികവാദം, മിഷണറി സ്വഭാവം എന്നിവയാണവ. വിദ്യാഭ്യാസം, ആയുധവൽക്കരണം എന്നിവയിലൂടെയുള്ള ദേശീയവൽക്കരണത്തെ അവർ പിൻതാങ്ങി. ഇരുപതാംനൂറ്റാണ്ടിൽ ഇറ്റലിയിലെ ഫാസിസവും ജർമനിയിലെ നാസിസവും പോലുള്ള സംഘടനകളുടെ ഉദയത്തിന് ഈ ദേശീയത അസ്ഥിവാരമിട്ടു.

## മാനവികദേശീയത (Humanitarian Nationalism)

ദേശീയതാരൂപങ്ങളിൽ ആദ്യത്തേതായിരുന്നു മാനവിക ദേശീയത. 18-ാം നൂറ്റാണ്ടിൽ പ്രബുദ്ധതയുടെ കാലത്ത് ഉദയംചെയ്ത ദേശീയതയുടെ ആദ്യരൂപമാണിത്. അനിവാര്യമായ പ്രകൃതിനിയമങ്ങളിൽ അധിഷ്ഠിതമായ ഈ ദേശീയത തീർത്തും മനുഷ്യകേന്ദ്രീകൃതമായിരുന്നു. ഈ ദേശീയതയുടെ പ്രമുഖ വക്താക്കൾ മൂന്നു പേരാണെന്ന് ഹെയ്സ് അഭിപ്രായപ്പെടുന്നു. ഇതിൽ ജോൺ ബോലിംഗ് ബ്രോക്ക് കുലീനദേശീയതയുടെയും (Aristocrat) റൂസ്സോ ജനാധിപത്യ ദേശീയതയുടെയും ഹെർഡർ (Johann Gottfried Von Herder) സാംസ്കാരികദേശീയതയുടെയും വക്താക്കളായിരുന്നു. 18-ാം നൂറ്റാണ്ടോടുകൂടി മാനവിക ദേശീയത ഒരു വലിയ മാറ്റത്തിനു വിധേയമാവുകയും ജനാധിപത്യദേശീയത ജാക്കോബിയനായും കുലീനദേശീയത പരമ്പരാഗതദേശീയതയായും ഇതുരണ്ടുമല്ലാത്ത ലിബറൽ ദേശീയതയായും മാറി.

## സാമ്പത്തികദേശീയത (Economic Nationalism)

മുൻപറഞ്ഞ ദേശീയതാരൂപങ്ങൾക്കുപരിയായി രാഷ്ട്രം, രാഷ്ട്രീയവും സാമ്പത്തികവുമായ ഒരു ഏകകമാണെന്ന ആശയം രൂപപ്പെട്ടതിന്റെ ഫലമായി സാമ്പത്തിക സ്വയംപര്യാപ്തത അഭിലഷണീയമായിത്തീർന്നു. ഉദ്ഗ്രഥിത ദേശീയ

തയുടെ ഉദയം കമ്പോളങ്ങൾക്കും അസംസ്കൃതവസ്തുക്കൾക്കും വേണ്ടിയുള്ള മത്സരം വർധിപ്പിച്ചു. സാമ്പത്തിക ദേശീയത സാമ്രാജ്യത്വ മോഹങ്ങളുമായി കൂടിച്ചേരുകയും ചരിത്രത്തിലെ നിയാമകശക്തിയായിത്തീരുകയും ചെയ്തു.

## ലിബറൽദേശീയത (Liberal Nationalism)

ജാക്കോബിയൻ ദേശീയതക്കും പരമ്പരാഗതദേശീയതക്കും ഇടയിലുള്ളതായിരുന്നു ലിബറൽ ദേശീയത. 18-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലാണ് ഇതിന്റെ ഉദയം. ഇതിന്റെ പ്രധാനവക്താവ് ജെറമി ബെന്താം (Jeremy Bentham) ആയിരുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള ഗവൺമെന്റിന്റെ താൽപ്പര്യവും പ്രവർത്തനങ്ങളും പരിമിതപ്പെടുത്തേണ്ടതാണെന്ന് അദ്ദേഹം വിചാരിച്ചു. രാഷ്ട്രത്തിന്റെയും ഗവൺമെന്റിന്റെയും ശരിയായ അടിത്തറ ദേശീയത്വമായിരുന്നു എന്നു വിശ്വസിച്ച അദ്ദേഹം യുദ്ധം അനിവാര്യമായും ഒഴിവാക്കപ്പെടേണ്ടതാണെന്ന് കരുതി. ലിബറൽ ദേശീയത താമസിയാതെത്തന്നെ വൻകര മുഴുവനും വ്യാപിക്കുകയും ജർമനി, ഇറ്റലി, ഫ്രാൻസ് എന്നീ രാഷ്ട്രങ്ങളെ അദ്ദേഹത്തിന്റെ ദേശീയത സ്വാധീനിക്കുകയും ചെയ്തു. സ്വേച്ഛാധിപത്യത്തെയും പ്രഭുത്വവാഴ്ചയെയും പൗരോഹിത്യ സ്വാധീനത്തെയും അവസാനിപ്പിച്ചുകൊണ്ട് ഓരോ പൗരനും വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കാനവസരമൊരുക്കണമെന്ന് ലിബറൽദേശീയത പറയുന്നു. ഏണസ്റ്റ് റെനാൻ, ജോൺ സ്റ്റുവർട്ട്മിൽ എന്നിവർ ഉദാരദേശീയതയുടെ ആദ്യകാല വക്താക്കളായിരുന്നു. മറ്റുള്ളവരുടെ അധികാരത്തിൻകീഴിൽ അസ്വസ്ഥതയനുഭവിക്കുന്നവരുടെ പ്രതികരണമാണ് ഉദാരദേശീയതയിൽ പ്രകടമാവുന്നത്.

വികസനദേശീയത, കാൽപ്പനികദേശീയത, സാംസ്കാരികദേശീയത, പൗരധർമദേശീയത, ജനവംശദേശീയത, ഇടതുപക്ഷദേശീയത, ഭാഷാദേശീയത, സമന്വയദേശീയത തുടങ്ങിയവ ദേശീയതയുടെ മറ്റു ചില വിഭാഗങ്ങളാണ്.[34]

## വികസനദേശീയത (Expansionist Nationalism)

ദേശീയതയുടെ മൗലികവും അക്രമണോത്സുകവുമായ രൂപമാണ് വികസനദേശീയത. പുതിയ പ്രദേശങ്ങളിലേക്ക് സ്വന്തം രാജ്യത്തെ വളർത്താൻ ആഗ്രഹിക്കുന്നവരാണ് വികസനദേശീയവാദികൾ. ഇത് ഫാസിസത്തോട് വളരെ അടുത്തുനിൽക്കുന്നു. സ്വന്തം രാജ്യത്തിന്റെ അതിർത്തിയുടെ വികസനമാണ് ഇവരുടെ ലക്ഷ്യം.

## കാൽപ്പനികദേശീയത (Romantic Nationalism)

പരമ്പരാഗത പ്രഭുത്വത്തിനും സാമ്രാജ്യത്വ അധീശത്വത്തിനും നേരെയുള്ള പ്രതിരോധം എന്ന നിലയിലാണ് കാൽപ്പനിക ദേശീയത ഉയർന്നുവന്നത്. 18–ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ചരിത്രപരമായ ഗോത്രസംസ്കാരത്തിൽ ഉൾച്ചേർന്നിരിക്കുന്ന കാൽപ്പനികതയെ കണ്ടെത്തുക എന്ന ലക്ഷ്യം പ്രസ്തുത ദേശീയവാദികൾ ഏറ്റെടുത്തു. കാൽപ്പനികദേശീയതയുടെ സൃഷ്ടിയാണ് ഫോക്‌ലോർ എന്ന് ഇവർ അഭിപ്രായപ്പെടുന്നു.

## സാംസ്കാരികദേശീയത (Cultural Nationalism)

സാംസ്കാരിക പാരമ്പര്യം മതാത്മകമാണെന്നും അതാണ് ദേശീയതയുടെ അടിത്തറ എന്നുമുള്ള വാദമാണിത്. ഓരോ രാഷ്ട്രത്തിന്റെയും സാംസ്കാരികസ്വഭാവങ്ങൾ വ്യത്യസ്തമായിരിക്കും. ഈ സംസ്കാരത്തിന് പ്രാധാന്യം നൽകുന്ന ദേശീയതയാണ് സാംസ്കാരിക ദേശീയത. ലോകത്തിന്റെ ഏതുഭാഗത്തു വസിച്ചാലും മാതൃരാജ്യത്തിന്റെ പാരമ്പര്യ സാംസ്കാരികത്തനിമ നിലനിർത്തിക്കൊണ്ടുള്ള പ്രവർത്തനമായിരിക്കണം ഉണ്ടാവേണ്ടത് എന്ന് സാംസ്കാരികദേശീയവാദികൾ നിഷ്കർഷിക്കുന്നു. ദേശീയസ്വത്വവും സംസ്കാരവും തമ്മിലുള്ള ബന്ധത്തെ സ്പഷ്ടമാക്കുമ്പോൾ ഭൂരിപക്ഷത്തിന്റെ

സംസ്കാരത്തെ രാജ്യത്തിന്റെ സംസ്കാരമായി സാമാന്യവൽക്കരിക്കുക സ്വാഭാവികമാണ്. ഭൂരിപക്ഷത്തിന്റെ പാരമ്പര്യങ്ങളിൽനിന്നു വാർത്തെടുക്കുന്ന ദേശീയവിഗ്രഹങ്ങൾ പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ സാംസ്കാരിക അനുഭവങ്ങളെ നിരാകരിക്കുന്നു. സാംസ്കാരികഭൂതകാലത്തിൽനിന്ന് ദേശീയതയുടെ അടയാളത്തെ ഒഴിവാക്കാനാവില്ല. എന്നാൽ ഏതുതരത്തിലുള്ള ഏകശിലാവാദവും വർഗജാതിമത സമൂഹത്തിലെ മറ്റു സാംസ്കാരികധാരകളെ നിരാകരിക്കുന്ന തിലേക്ക് വഴിതെളിക്കും.

## പൗരധർമദേശീയത (Civic Nationalism)

തുല്യവും പങ്കുവക്കപ്പെടുന്നതുമായ രാഷ്ട്രീയമൂല്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരുകൂട്ടം ജനങ്ങളുടെ ബോധമാണ് പൗരദേശീയത. രാഷ്ട്രീയ അസ്തിത്വത്തിനുമാത്രം പ്രാധാന്യം കൽപ്പിക്കുന്ന ഈ ദേശീയത വംശീയതയി ലൂന്നുന്നതല്ല രാഷ്ട്രീയസ്വത്വം എന്ന് സിദ്ധാന്തിക്കുന്നു. ഫ്രഞ്ച് ചരിത്രകാരനും ഭാഷാപണ്ഡിതനുമായിരുന്ന ഏണസ്റ്റ് റെനാൻ *എന്താണ് രാഷ്ട്രം* എന്ന തന്റെ പ്രസിദ്ധമായ ലേഖനത്തിൽ രാഷ്ട്രത്തെ നിർവചിക്കുന്നത് ഒരു ദൈനംദിന ഹിതപരിശോധനയായിട്ടാണ്. ഒരുമിച്ചുനിൽക്കാനുള്ള ഇച്ഛയെ ആശ്രയിച്ചുള്ള പൗരദേശീയത സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൂല്യങ്ങൾക്കും പൗരാവകാശങ്ങൾക്കും അനുരൂപമായ സഹിഷ്ണുതാപരമായ ദേശീയതയാണ്.

## ജനവംശദേശീയത (Ethnic Nationalism)

ജനങ്ങളുടെ വംശപാരമ്പര്യബന്ധങ്ങൾക്കാണ് ജനവംശദേശീയത പ്രാധാന്യം നൽകുന്നത്. ഒരു നിശ്ചിത വംശപാരമ്പര്യമുള്ള ജനങ്ങളെ ഒരുമിച്ചുനിർത്തുന്നത് ഈ ദേശീയത ലക്ഷ്യം വക്കുന്നു. വ്യത്യസ്തങ്ങളായ വംശപാരമ്പര്യമുള്ള ജനങ്ങൾ തമ്മിലുള്ള കൂട്ടായ്മയെ ജനവംശദേശീയത അംഗീകരിക്കുന്നില്ല.

## ഇടതുപക്ഷദേശീയത (Left wing Nationalism)

ഇടതുപക്ഷ രാഷ്ട്രീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ ദേശീയപ്രസ്ഥാനങ്ങളെയുമാണ് ഇതുകൊണ്ട് സൂചിപ്പിക്കുന്നത്. രാഷ്ട്രവിമോചന ത്തിനുവേണ്ടി അർപ്പിതമായ ഈ ദേശീയത മറ്റുരാഷ്ട്രങ്ങളാൽ അടിച്ചമർത്തപ്പെട്ട രാഷ്ട്രത്തെ മോചിപ്പിക്കുന്നതിനും സ്വയംനിർണയാവകാശം നേടിയെടുക്കുന്ന തിനും വേണ്ടിയുള്ളതാണ്. വർഗീയമോ മതപരമോ ആയ വിവേചനമില്ലാതെ രാഷ്ട്രവിമോചനത്തിനുവേണ്ടി പോരാടുന്ന അന്താരാഷ്ട്ര സന്ദർഭങ്ങളിലാണ് ഇത് ഉയർന്നുവരുന്നത്.

## ഭാഷാദേശീയത (Linguistic Nationalism)

ഒരു പ്രദേശത്തെ ഭാഷ അതിന്റെ അതിർത്തികളെ അപേക്ഷിച്ച് കുറച്ചുകൂടി സ്ഥിരതയുള്ളതാണ്. ബഹുഭൂരിപക്ഷം ദേശീയതകളും രൂപംകൊണ്ടത് ഭാഷയെ കേന്ദ്രീകരിച്ചാണ്. ദേശീയബോധത്തിന്റെ അടിസ്ഥാനം ആദ്യകാലങ്ങളിൽ, ഒരിക്കലും മതമോ രാജ്യാതിർത്തികളോ ഭൂമിശാസ്ത്രസാഹചര്യങ്ങളോ ആയിരു ന്നില്ല. ഒരേ ഭാഷ സംസാരിക്കുന്നവരെല്ലാം തങ്ങൾ ഒരു ജനതയാണെന്നു കരുതിപ്പോന്നു. പലയിടങ്ങളിലും ദേശീയബോധം വളർന്നുവരാൻ സഹായക മായത് മാതൃഭാഷയാണ്.

## സമന്വയദേശീയത (Irredentism)

ഭാഷയുടെ അല്ലെങ്കിൽ മറ്റെന്തെങ്കിലും വസ്തുതകളുടെ അടിസ്ഥാനത്തിൽ വേറിട്ടു കിടക്കുന്ന ഒരു ഭൂവിഭാഗത്തെ മാതൃരാജ്യത്തോട് ചേർക്കണമെന്നതാണ് സമന്വയ ദേശീയവാദികളുടെ അഭിപ്രായം. ഭാഷയെപ്പോലെത്തന്നെ ഏകതയുള്ള ചരിത്രം, ഗോത്രം, വർഗം എന്നിവയെല്ലാം ഇതിനു വിഷയമാകാറുണ്ട്. ഈ പദം പരിഹാരയോഗ്യമല്ലാത്ത എന്നർഥമുള്ള 'Irredenta' എന്ന ഇറ്റാലിയൻ വാക്കിൽ നിന്നും ഉണ്ടായതാണ്.

**ഇന്ത്യൻദേശീയത**

ഒരു രാഷ്ട്രമെന്ന നിലയിൽ രാഷ്ട്രീയ മത ഭൂമിശാസ്ത്ര ഭാഷാ സാംസ്കാരിക വൈവിധ്യങ്ങളായിരുന്നു ഇന്ത്യയുടെ സവിശേഷത. പടിഞ്ഞാറും കിഴക്കും തെക്കും സമുദ്രവും വടക്ക് ഹിമാലയവും മറ്റ് പർവതങ്ങളും ജലാശയങ്ങളും മരുഭൂമിയും വ്യത്യസ്തമായ മതവും ആരാധനാവിശേഷങ്ങളും അതിനെ സവിശേഷ രാഷ്ട്രമാക്കി. നിരവധി ഭാഷാഗോത്രങ്ങളും ഭാഷാകുടുംബങ്ങളും വായ്മൊഴിഭേദങ്ങളും ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ ഭേദങ്ങളെക്കാൾ വൈവിധ്യം പുലർത്തി. ഭൗതികമായ ഇത്തരം വൈവിധ്യങ്ങളെ കൂട്ടിയിണക്കാൻ സഹായിച്ചത് കൊളോണിയൽ ആധുനികതയാണ്. ഗതാഗതവും വാർത്താവിനിമയസൗകര്യങ്ങളും വിദ്യാഭ്യാസവും ഇതിന് ആക്കംകൂട്ടി. ജാതികളും ഉപജാതികളുമായി വിഭജിച്ചുകിടന്നിരുന്ന ജനതയുടെ ഭക്ഷണം, ശാരീരികസമ്പർക്കം എന്നിവ സംബന്ധിച്ച് യാഥാസ്ഥിതികമായ ധാരണകളെ ഇല്ലാതാക്കാനും അന്യോന്യം ഇടപഴകാനും റെയിൽവേയും മറ്റു ഗതാഗതമാർഗങ്ങളും സഹായിച്ചു. റെയിൽവേ, ബസ്സു ഗതാഗതം, കമ്പിത്തപാൽ വകുപ്പ് എന്നിവ രാഷ്ട്രീയവും സാംസ്കാരികവുമായ ഒരു പുതിയ ജീവിതം സാധ്യമാക്കി. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തെ സംയോജിപ്പിക്കാനും നിലനിർത്താനും വേണ്ടി ആരംഭിച്ച ഇവ ഫലത്തിൽ ഇന്ത്യൻ ജനതയുടെ രാഷ്ട്രീയപ്രസ്ഥാനം സംഘടിപ്പിക്കുന്നതിനാവശ്യമായ ഭൗതികസാഹചര്യമൊരുക്കി. ആധുനിക ഗതാഗതോപാധികൾ പ്രദാനംചെയ്ത വൻതോതിലുള്ള സൗകര്യങ്ങൾകൊണ്ട് സാധ്യമായിത്തീർന്ന ജനങ്ങളുടെ അന്യോന്യമുള്ള കൂടിച്ചേരലിന് അഗാധമായ ഫലങ്ങളുണ്ടായിരുന്നു. കുറച്ചുകാലത്തേക്ക് പ്രാദേശികവും പ്രവിശ്യാസംബന്ധവുമായ ജീവിതവീക്ഷണങ്ങൾ നിലനിന്നുവെങ്കിലും അവ പതുക്കെ തകർന്നു തുടങ്ങി. കുടുസ്സായ പഴയ വീക്ഷണവും ജീവിതദർശനവും കീഴ്പ്പെടുത്തപ്പെട്ടു. ദേശീയാടിസ്ഥാനത്തിൽ വിശാലമായ ദേശീയബോധത്തിന്റെയും പരസ്പരസഹകരണത്തിന്റെയും വളർച്ചക്ക് അതു വഴിതെളിച്ചു.[35]

ഇത്തരമൊരു ഉണർവിന്റെ ഫലമായി നിരവധി രാഷ്ട്രീയസംഘടനകൾ ഉടലെടുത്തു. അവ സാമൂഹികവും ശാസ്ത്രീയവുമായ പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കുവാനും വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിനും സഹായിച്ചു. ക്രിസ്ത്യൻ മിഷണറിമാർ, ബ്രിട്ടീഷ് ഗവൺമെന്റ്, പുരോഗമനചിന്താഗതിക്കാരായ ഇന്ത്യക്കാർ എന്നിങ്ങനെ മൂന്ന് ഏജൻസികളായിരുന്നു ആധുനിക വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ചത്. ക്രിസ്തുമത പ്രചാരണം ലക്ഷ്യമിട്ട മിഷണറിമാർ മതപ്രചാരത്തോടൊപ്പം ആധുനിക വിദ്യാഭ്യാസവും നൽകി. ബ്രിട്ടീഷുകാർ ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിച്ചത് പ്രധാനമായും രാഷ്ട്രീയവും ഭരണപരവും സാമ്പത്തികവുമായ ആവശ്യങ്ങൾ നിറവേറ്റാനും ഗുമസ്തപ്പണിക്ക് ആവശ്യമായ ആളുകളെ കണ്ടെത്തുന്നതിനും വേണ്ടിയായിരുന്നു. ശാസ്ത്രസാഹിത്യരംഗങ്ങളിലെ യൂറോപ്യൻ ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ളതും ഇംഗ്ലീഷ്ഭാഷ മാധ്യമമായി ഉപയോഗിച്ചുകൊണ്ടുള്ളതുമായിരുന്നു ഈ വിദ്യാഭ്യാസ സമ്പ്രദായം. ദേശീയത, ജനാധിപത്യം, സ്വയംഭരണം, വ്യവസായവൽക്കരണം തുടങ്ങിയ ആശയങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കാൻ ഈ വിദ്യാഭ്യാസം സഹായിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ യൂറോപ്യൻ രാജ്യങ്ങളിലെ ദേശീയവാദികളും ജനാധിപത്യവാദികളും ദേശഭക്തരുമായ ഒട്ടനവധി നേതാക്കന്മാരെക്കുറിച്ചും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും അറിയാൻ അവസരം ഉണ്ടാവുകയും മറ്റിടങ്ങളിലെ വിമോചനപ്രസ്ഥാനത്തിലേക്ക് ശ്രദ്ധയാകർഷിക്കുകയും ചെയ്തു. വിവിധ ഭാഷകൾ സംസാരിക്കുന്ന ഇന്ത്യയിലെ ആളുകളെ തമ്മിൽ ബന്ധിപ്പിക്കാൻ ഇംഗ്ലീഷ്ഭാഷക്കു കഴിഞ്ഞു. അഭ്യസ്തവിദ്യരായ ഇന്ത്യക്കാർ ബ്രഹ്മസമാജം, ആര്യസമാജം, രാമകൃഷ്ണമിഷൻ തുടങ്ങിയ സംഘടനകളിലൂടെ രാജ്യത്തുടനീളം വിദ്യാഭ്യാസം നൽകുന്നതിനായി പ്രവർത്തിച്ചു. ഗവൺമെന്റ് വിദ്യാലയത്തിലും മിഷണറി വിദ്യാലയത്തിലും ഉപയോഗിച്ചിരുന്ന പാഠപുസ്തകങ്ങൾ ഇന്ത്യയുടെ പൗരാണികതത്തിന് നിരക്കാത്തതും ഇവിടത്തെ ജീവിതയാഥാർഥ്യങ്ങൾക്കു നിരക്കാത്തവയുമാണെന്ന് കണ്ടെത്തുകയും അവക്കു പകരം ഇന്ത്യക്കാർക്കിടയിൽ ദേശീയമായ സ്വാഭിമാനം ജ്വലിപ്പിക്കുന്നതിന് പര്യാ

പ്തമായ പുസ്തകങ്ങൾ തയ്യാറാക്കുകയും ചെയ്തു. ആധുനികവിദ്യാഭ്യാസ ത്തിന്റെ സാരാംശമായ അധികാരത്തിനെതിരായ ദേശീയബോധം, വ്യക്തിസ്വാത ന്ത്ര്യത്തിന്റെ പ്രാധാന്യം, അന്ധവിശ്വാസങ്ങളുടെ തിരസ്കരണം, ആധുനികപ്രകൃ തിശാസ്ത്രങ്ങളുടെ പ്രാധാന്യം എന്നിവ നിലനിർത്തി.[36]

ആധുനിക നഗരങ്ങളുടെ ഉദയവും റെയിൽവേ, ബസ്സ് എന്നിവയുടെ പ്രചാ രവും ബഹുജനങ്ങൾ തമ്മിലുള്ള സമ്പർക്കം സാധ്യമാക്കി. ഭൂസ്വത്ത് സ്വന്തമാക്കി വെക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള അവകാശം, സ്വതന്ത്രമായ തൊഴിലുകൾക്കുള്ള സാധ്യതകൾ, കൃഷിയുടെ സാങ്കേതികമായ പിന്നോക്കാവ സ്ഥ, കർഷകരുടെ കടബാധ്യതകൾ, ഗ്രാമങ്ങളിലെ കരകൗശലവേലകളുടെ തകർച്ച എന്നിവയെല്ലാം നഗരങ്ങളിലേക്കുള്ള കുടിയേറ്റം വർധിപ്പിക്കുകയും ജാതി യുടെ തൊഴിൽപരമായ അടിസ്ഥാനത്തെ ശിഥിലമാക്കുകയും ചെയ്തു. ജാതിമത വർഗവർണവ്യത്യാസമെന്യേ പ്രവേശനം ലഭിച്ചിരുന്ന ഹോട്ടലുകൾ, റസ്റ്റോറന്റു കൾ, തിയേറ്ററുകൾ, ട്രാമുകൾ, ബസ്സുകൾ, റെയിൽവേകൾ എന്നിവ ഇതരജാതിക ളിലും സമുദായങ്ങളിലുമുള്ളവരുമായി സംസർഗം സാധ്യമാക്കി. ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ ഏകീകൃതമായ നിയമവ്യവസ്ഥ നിയമപരവും സാമൂഹ്യവുമായ അസമത്വങ്ങൾക്ക് അറുതി വരുത്തി. പരമ്പരാഗതമായ ജാതിവിഭജനത്തിന്റെ സ്ഥാനത്ത് തൊഴിൽപരമായി ആളുകൾ തരംതിരിക്കപ്പെട്ടു. മുതലാളിമാർ, തൊഴി ലാളികൾ, കർഷകഭൂവുടമകൾ, കച്ചവടക്കാർ, കുടിയാന്മാർ, കർഷകത്തൊഴിലാളി കൾ, ഡോക്ടർമാർ, അഭിഭാഷകർ, സാങ്കേതികവിദഗ്ദ്ധന്മാർ എന്നിങ്ങനെയുള്ള വിഭാഗങ്ങളായി ഇന്ത്യൻ ജനത തരംതിരിക്കപ്പെട്ടു. മതനിരപേക്ഷവിദ്യാഭ്യാസം ജാതി സമുദായ പരിഗണനകൂടാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകി. പാശ്ചാത്യ രാജ്യങ്ങളിലെ പുരോഗമനപരമായ തത്വചിന്തകളെയും ജനാധിപത്യ സ്ഥാപനങ്ങളെയും കുറിച്ച് മനസ്സിലാക്കിയിരുന്ന ഹിന്ദുസമുദായത്തിലെ അഭ്യസ്ത വിദ്യരുടെ ഒരു വിഭാഗം ജാതിവിരുദ്ധ പ്രക്ഷോഭത്തിന്റെ വക്താക്കളായിത്തീർന്നു.

19-ാം നൂറ്റാണ്ടോടെ ഇംഗ്ലീഷ് സംസ്കാരവും ആശയങ്ങളും ഇന്ത്യൻ സമൂഹത്തിലേക്ക് കടന്നുകയറിയപ്പോൾ അവയെ പ്രതിരോധിക്കേണ്ടത് അനിവാര്യമാണെന്ന് ഇന്ത്യയിലെ ഒരു വിഭാഗം കരുതി. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുകയും അതിലൂടെ ജനാധിപത്യം, സ്വാതന്ത്ര്യം, യുക്തിചിന്ത, തുല്യനീതി, ശാസ്ത്രബോധം, സോഷ്യലിസം, പൗരാവകാശങ്ങൾ എന്നിവയെക്കുറിച്ച് ബോധവാന്മാരാകുകയും ചെയ്തവരായിരുന്നു ഇങ്ങനെ ചിന്തിച്ചവരിൽ ഭൂരിഭാഗവും. അവർ ഇന്ത്യയിൽ നിലനിന്നിരുന്ന സാമൂഹികാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പരിഷ്കരിക്കാനും അവയുടെ സഹായത്താൽ പാശ്ചാത്യസംസ്കാരത്തിന്റെ കടന്നുകയറ്റത്തെ ചെറുക്കാനും ശ്രമിച്ചു. അതിനായി അവർ ഇന്ത്യൻസമൂഹം, ഭാഷ, കല, സാഹിത്യം തുടങ്ങിയവയെ നവീകരിച്ചു. അവ നിലവിലുണ്ടായിരുന്ന അസമത്വങ്ങളെയും അവകാശനിഷേധങ്ങളെയും ചെറുക്കാനും അതിലൂടെ ഇന്ത്യൻ ജനതയിൽ ഐക്യബോധം സൃഷ്ടിക്കാനും ഇടയാക്കി.

അച്ചടിയന്ത്രം പ്രചാരത്തിൽ വന്നതോടെ ഒട്ടേറെ ആശയങ്ങൾ പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളുംവഴി നാനാഭാഗങ്ങളിലും എത്തിക്കാൻ കഴിഞ്ഞു. കൊളോണിയൽ ഭരണാധികാരികൾ പലവിധ നിയന്ത്രണങ്ങളും ഏർപ്പെടുത്തിയെങ്കിലും ഇന്ത്യൻ പത്രങ്ങൾ അതിവേഗം പുരോഗമിച്ചു. പൊതുജനാഭിപ്രായം രൂപപ്പെടുത്തുക, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുക, ദേശീയത വളർത്തുക എന്നീ രംഗങ്ങളിൽ ഇന്ത്യൻ പത്രങ്ങൾ സുപ്രധാനമായൊരു പങ്കാണ് വഹിച്ചത്. വർത്തമാനപത്രങ്ങളുടെ ശക്തി മനസ്സിലാക്കിയ ബ്രിട്ടീഷ് ഗവൺമെന്റ് അവയെ നിയന്ത്രിക്കാൻ പല ശ്രമങ്ങളും നടത്തി. അതിൽ പ്രധാനപ്പെട്ടതാണ് 1878 ൽ ലിട്ടൺ പ്രഭു നടപ്പിലാക്കിയ പ്രാദേശിക ഭാഷാ പത്രനിയമം (Vernacular Press Act). ഇതിലൂടെ പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾക്ക് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ പ്രശ്നങ്ങൾ പരസ്പരം മനസ്സിലാക്കുന്നതിന് ഈ പ്രസിദ്ധീകരണങ്ങൾ സഹായകമായി.

പൊതുജനാഭിപ്രായത്തിന് രൂപംനൽകുന്നതിൽ ഈ പത്രങ്ങൾ വലിയൊരു പങ്കാണ് വഹിച്ചത്. രാഷ്ട്രീയപ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതിലും പത്രങ്ങൾ രചനാത്മകമായൊരു പങ്കു വഹിക്കുകയുണ്ടായി. ദേശീയത വളർത്താൻ പത്ര ങ്ങൾ സഹായിച്ചു

ഇന്ത്യൻ ജനതയെ ഒരു പൊതുലക്ഷ്യത്തിലേക്ക് സംഘടിപ്പിച്ചത് ഭക്തിപ്ര സ്ഥാനവും സ്വാതന്ത്ര്യസമരവുമാണ്. ഇന്ത്യക്കാർക്കിടയിൽ വളർന്നുവന്ന ദേശീയ ബോധം വിവിധ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾക്കും മതനവീകരണപ്ര സ്ഥാനങ്ങൾക്കും ഊർജ്ജം പകർന്നു. പാശ്ചാത്യവിദ്യാഭ്യാസം വഴി പ്രബുദ്ധരായ പുതിയ ബുദ്ധിജീവി വിഭാഗം പഴയ സമുദായത്തിൽനിന്നും തികച്ചും വ്യത്യസ്തത പുലർത്തണമെന്നാഗ്രഹിക്കുകയും സാമൂഹിക പ്രസ്ഥാനങ്ങളെയും മതപരമായ വീക്ഷണങ്ങളെയും നീതിശാസ്ത്ര സങ്കൽപ്പങ്ങളെയും പരിഷ്കരിക്കുവാൻ ആരം ഭിക്കുകയും ചെയ്തു. ഇവരുടെ ജനാധിപത്യാഭിലാഷങ്ങളുടെ മൂർത്തരൂപമായി രുന്നു മതസാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ. ദേശീയജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ജനാധിപത്യ ഉണർവ് ദൃശ്യമാകുകയും ഭരണപരിഷ്കാരം, സ്വ യംഭരണം, ഡൊമീനിയൻ പദവി, പൂർണസ്വാതന്ത്ര്യം എന്നിവക്കായുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ജന്മം നൽകുകയും ചെയ്തു. വ്യക്തിസ്വാതന്ത്ര്യം, സമത്വം, സ്വ യംനിർണയാവകാശം എന്നീ തത്വങ്ങളെ ഇന്ത്യൻ ദേശീയത വിളംബരം ചെയ്യു കയും ജനനത്തെ അടിസ്ഥാനമാക്കിയുള്ള, ജാതിയെ അടിസ്ഥാനമാക്കിയുള്ള അവകാശാധികാരങ്ങളെ വിമർശനപരമായി സമീപിക്കുകയും ചെയ്തു. ചുരുക്ക ത്തിൽ ഇന്ത്യൻ ദേശീയപ്രബുദ്ധതയുടെ മൂർത്തരൂപമായിരുന്ന സാമൂഹിക പരി ഷ്കരണപ്രസ്ഥാനങ്ങളും മതപരിഷ്കരണ പ്രസ്ഥാനങ്ങളും മധ്യകാലഘട്ടത്തിലെ സാമൂഹിക ഘടനയും മതവീക്ഷണവും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും മാനുഷികാ സമത്വത്തിന്റെയും തത്വത്തെ അടിസ്ഥാനമാക്കി പരിഷ്കരിക്കാൻ ശ്രമിച്ചു.[37]

ബ്രഹ്മസമാജസ്ഥാപകനായ രാജാറാംമോഹൻറോയ് ജാതിവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള സാമൂഹിക ജനവിഭജനങ്ങളെ ശക്തമായി എതിർത്തു. സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ തിന്മകളുടെയും മൂലകാരണം ജാതിവ്യവസ്ഥ യാണെന്നും അത് നിലനിൽക്കുമ്പോൾ ഇന്ത്യ ശക്തവും ഏകീകൃതവുമായ ഒരു രാഷ്ട്രമായിത്തീരില്ലെന്നും അദ്ദേഹം വിചാരിച്ചു. ദേവേന്ദ്രനാഥ ടാഗോറും കേശവ ചന്ദ്രസെന്നും ഇതേ അഭിപ്രായക്കാരായിരുന്നു. ബോംബെയിലെ പ്രാർഥനാസ മാജം ബ്രഹ്മസമാജത്തിന്റെ പാത പിൻതുടരുകയും ജാതിവ്യവസ്ഥയെ അധിക്ഷേ പിക്കുകയും ചെയ്തു. എന്നാൽ ഇതിനു വിരുദ്ധമായി സ്വാമി ദയാനന്ദൻ ആരംഭിച്ച ആര്യസമാജം വേദകാലത്തെ ചാതുർവർണ്യത്തിലധിഷ്ഠിതമായ ഹിന്ദു സമുദായ ത്തിന്റെ പുനരുദ്ധാരണമാണ് പ്രചരിപ്പിച്ചത്. അത് എല്ലാ ഉപജാതികളെയും ഇല്ലാ താക്കി ഹിന്ദുമതം പരിഷ്കരിക്കുന്നതിനുവേണ്ടി നിലകൊണ്ടു.[38] ഇത് ദേശീയപ്ര ബുദ്ധതയുടെ സങ്കുചിതഭാവത്തെയാണ് പ്രതിനിധാനം ചെയ്തത്. അധിനിവേശ വിരുദ്ധമായ നിലപാടുകൾക്കൊപ്പം ഇസ്ലാമികവിരുദ്ധവും ക്രൈസ്തവ വിരുദ്ധമായ പരിപാടികളും അതു സ്വീകരിച്ചു. എങ്കിലും ഇടത്തരക്കാരായ ഹിന്ദുക്കളെ ആവേ ശഭരിതരാക്കുവാനും ദേശാഭിമാനികളെ ആകർഷിക്കാനും ആര്യസമാജത്തിനു കഴിഞ്ഞു. ഹിന്ദുമതത്തിന്റെ എല്ലാ വശങ്ങളെയും കാത്തുരക്ഷിക്കാനും മറ്റെല്ലാ വിശ്വാസപ്രമാണങ്ങളെയും എതിർക്കാനും ശ്രമിച്ചതുകൊണ്ട് അത് ദേശീയപ്രബു ദ്ധതയെ പരിമിതമാക്കുകയാണ് ചെയ്തത്.[39] ഇന്ത്യയിലെ പരിഷ്കരണപ്രസ്ഥാന ങ്ങൾ പ്രവർത്തിച്ചിരുന്നത് പ്രധാനമായും ദേശീയ ഐക്യം പടുത്തുയർത്തുന്ന ഒരു മതവീക്ഷണം നിർമിക്കുക, ജനതയുടെ സ്വാതന്ത്ര്യത്തിനുമേൽ ഏൽപ്പിച്ചിരുന്ന നിയന്ത്രണങ്ങൾ നീക്കുക, സ്ത്രീ പുരുഷ സമത്വം സ്ഥാപിക്കുക എന്നിവക്കുവേ ണ്ടിയെല്ലാമായിരുന്നു. ഇതര രാജ്യങ്ങളിലെ സ്വാതന്ത്ര്യസമരങ്ങളെപ്പോലെ രാഷ്ട്രീയ സമരങ്ങളുടെ മാത്രമായ ഒറ്റയടിപ്പാതയിലൂടെയല്ല ഇന്ത്യൻ ദേശീയത മുന്നേറിയത്. അതിപ്രാചീനമായൊരു നാഗരികത പുതിയ നാഗരികതയുമായി ഏറ്റുമുട്ടുമ്പോഴുള്ള തീപ്പൊരിയും ഊഷ്മാവും അതിന്റെ അവിഭാജ്യഘടകമായിരു

ന്നു. സ്വന്തം സംസ്കാരത്തിൽ ചിലത് പുനരുജ്ജീവിപ്പിച്ചും ചിലത് പരിത്യജിച്ചും ചിലത് അഴിച്ചുപണിഞ്ഞുമാണ് ഇത് പ്രവർത്തിച്ചത്.[40]

ഭൂതകാലത്തിന്റെ പുനരുജ്ജീവനമായിരുന്നു ഇന്ത്യൻ ദേശീയവാദികളുടെ പദ്ധതികളിലെ മറ്റൊരു ഘടകം. ദേശീയനവോത്ഥാനത്തിന്റെ മതനേതാക്കൾ വർത്തമാനകാലത്തിന്റെ അന്തസ്സും ഊർജ്ജസ്വലതയും ഉയർത്താൻവേണ്ടി ഭൂതകാലത്തിന്റെ സാംസ്കാരികപൈതൃകത്തെയാണ് എല്ലായിടത്തും ആശ്രയിച്ചത്. സാംസ്കാരികവേരുകൾ ഭൂതകാലത്തിൽ അന്വേഷിക്കുകയും പുരാണങ്ങളുടെയും ഉപനിഷത്തുക്കളുടെയും പൈതൃകത്തെ അതിന്റെ എല്ലാതരം വൈവിധ്യങ്ങളോടും മഹത്വങ്ങളോടും കൂടി ആധുനികജീവിതത്തോട് ഇണക്കിച്ചേർക്കാനുമാണവർ ശ്രമിച്ചത്. അവ്യക്തവും വേണ്ടത്ര രൂപപ്പെട്ടു കഴിഞ്ഞിട്ടില്ലാത്തതുമായ ഭാവികാലം അവരെ മുന്നോട്ടു പിടിച്ചുവലിച്ചു. അതേസമയത്ത് ഭൂതകാലത്തെ പുനരുജ്ജീവിപ്പിക്കുകയാണ് തങ്ങൾ ചെയ്യുന്നതെന്ന് അവർ വിശ്വസിച്ചു.[41] അവർ ഇന്ത്യയുടെ ഭൂതകാലത്തിൽനിന്ന് പ്രചോദനം നേടുകയും ഇന്ത്യൻ ജനതയുടെ ചരിത്രത്തിലെ മഹത്തായ സംഭവങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ജനങ്ങളിൽ ദേശാഭിമാനവും ആത്മാഭിമാനവും ജനിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. വൈദികഭൂതകാലത്തിന്റെയും അശോകൻ, ചന്ദ്രഗുപ്തൻ എന്നിവരുടെ ഭരണകാലത്തിന്റെയും റാണാപ്രതാപന്റെയും ശിവജിയുടെയും ധീരകൃത്യങ്ങളുടെയും ഒന്നാംസ്വാതന്ത്ര്യസമരത്തിലെ രക്തസാക്ഷികളുടെയും ഓർമകൾ പുതുക്കി ഇന്ത്യയുടെ വിശിഷ്ടപ്രതിഭയിൽ വിശ്വസിക്കുകയും ഇന്ത്യക്കാർ സവിശേഷ ആത്മീയബോധത്തിനുടമകളാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഈ ഭൂതകാലാഭിനിവേശം ഇന്ത്യാചരിത്രത്തെക്കുറിച്ചുള്ള ഓറിയന്റലിസ്റ്റ് വീക്ഷണത്തിന്റെ തുടർച്ചയായിരുന്നു.

ഇന്ത്യയുടെ പ്രാചീനചരിത്ര രചനയിൽ ഓറിയന്റലിസ്റ്റ് വീക്ഷണം, യൂട്ടിലിറ്റേറിയൻ വീക്ഷണം, നാഷണലിസ്റ്റ് വീക്ഷണം എന്നിങ്ങനെ മൂന്നുതരം ചിന്താധാരകൾ പ്രവർത്തിച്ചിട്ടുണ്ട്.[42] ഓറിയന്റലിസ്റ്റുകളുടെ കണ്ണിൽ ആര്യൻ സംസ്കാരം

കലർപ്പില്ലാത്ത നന്മയുടെ വിളനിലമായിരുന്നു. ഭാരതീയസംസ്കാരമെന്നത് അവരുടെ കാഴ്ചപ്പാടിൽ ആര്യസംസ്കാരവും ഹിന്ദുധർമവുമായിരുന്നു. പരസ്പരബന്ധമുള്ള ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ എന്നു പരിഗണിക്കുന്നതിനു പകരം ആര്യന്മാരെ ഒരു പ്രത്യേകവർഗമായി പരിഗണിക്കുകയാണ് അവർ ചെയ്തത്. യൂട്ടിലിറ്റേറിയന്മാർ ബ്രിട്ടീഷ് ഭരണം ഇന്ത്യയുടെ സാമ്പത്തിക സാംസ്കാരിക ശോചനീയാവസ്ഥ അവസാനിപ്പിക്കുമെന്നു വിശ്വസിച്ചു. ആദ്യത്തെ ഇന്ത്യാചരിത്രമെഴുതിയ ജെയിംസ് മിൽ *ബ്രിട്ടീഷിന്ത്യാചരിത്രം* എന്ന ഗ്രന്ഥത്തിലൂടെ ഇന്ത്യാചരിത്രത്തിന് വർഗീയവ്യാഖ്യാനം നൽകി ഹിന്ദുസംസ്കാരം, മുസ്ലീം സംസ്കാരം, ബ്രിട്ടീഷ് സംസ്കാരം എന്നീ പേരുകളിൽ മൂന്നു ഘട്ടങ്ങളായി വിഭജിച്ചു. മൂന്നാമത്തെ വിഭാഗമായ ദേശീയവാദികൾ ചരിത്രരചനക്ക് ഓറിയന്റലിസ്റ്റുകളുടെ ഗ്രന്ഥങ്ങളെയാണ് ആശ്രയിച്ചത്. ഇന്ത്യൻ സംസ്കാരത്തെ ന്യായീകരിക്കാനുള്ള ഉദ്യമത്തിൽ അവർ ഭൂതകാലത്തെ വിമർശനാതീതമായി സമീപിച്ചു. സാമ്രാജ്യത്വ വാദികളും പൗരസ്ത്യവാദികളും പിൻതുടർന്ന രീതിയവലംബിച്ച ഇവരുടെ രചനകളിൽ ഇന്ത്യാചരിത്രത്തെക്കുറിച്ച് കൊളോണിയൽ ജ്ഞാനപദ്ധതിക്കുള്ളിൽ ആവർത്തിച്ചുറപ്പിക്കപ്പെട്ട ധാരണകൾതന്നെയായിരുന്നു. മതത്തെ അടിസ്ഥാനമാക്കിയുള്ള ഘട്ടവിഭജനം, പൗരാണികഭൂതകാലത്തിന്റെ പ്രകീർത്തനം, മധ്യകാലത്തെ ഇരുണ്ട യുഗമായി പരിഗണിക്കുന്ന പ്രവണത എന്നിവയെല്ലാം അവർ ചോദ്യംചെയ്യാതെ അംഗീകരിച്ചു.[43] ഈ ഘട്ടവിഭജനത്തെ എതിർത്ത ചരിത്രകാരന്മാർ പ്രാചീനകാലം, മധ്യകാലം, ആധുനികകാലം എന്നീ പേരുകൾ നൽകിയെങ്കിലും പ്രാചീനകാലം ഹിന്ദുക്കളുടെയും മുസ്ലീം രാജവംശങ്ങൾ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്ന മധ്യകാലം മുസ്ലീങ്ങളുടെയും കാലഘട്ടമായി കണക്കാക്കപ്പെടുകയും ചെയ്തു. അതുകൊണ്ടുതന്നെ പ്രാചീനകാലഘട്ടത്തിന്റെ മഹത്വവൽക്കരണം എന്നതിന് ഹൈന്ദവ കാലഘട്ടത്തിന്റെ മഹത്വവൽക്കരണം എന്നർഥം വന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ മതപരിഷ്കരണപ്രസ്ഥാനങ്ങളിൽ പലതും ഇതിന്റെ തുടർച്ചയായിരുന്നു. 1920 മുതൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ മുസ്ലീങ്ങൾ വേർതിരിഞ്ഞുനിന്നത് ഈ ഘട്ട

വിഭജനത്തെ കൂടുതൽ തീവ്രമാക്കി. 1930 കളിലെയും 40 കളിലെയും വർഗീയരാഷ്ട്രീയം ഈ വ്യാഖ്യാനത്തിന് ശക്തി കൂട്ടുകയും വിഭജനവാദത്തിന് മൂർച്ചകൂട്ടുകയും ചെയ്തു. എന്നാൽ വിഭജനത്തിനുശേഷവും ഹിന്ദുവർഗീയവാദികൾക്ക് മുസ്ലീംസംസ്കാരം എന്ന യാഥാർഥ്യവുമായി മല്ലിടേണ്ടിവന്നു.[44]

കൊളോണിയൽ ബുദ്ധിജീവികളുടെ പ്രവർത്തനഫലമായി രൂപംകൊണ്ടതും വിവിധ ജനവിഭാഗങ്ങൾക്ക് ഒരേസമയം ഐക്യപ്പെടാവുന്ന തരത്തിൽ കൽപ്പിച്ചെടുത്ത ഭൂതകാലത്തിലൂന്നിയതുമായ ദേശീയതക്കുപുറമെ ഭാവിയിലേക്കുനോക്കി മുതലാളിത്തം ഉൽപ്പാദിപ്പിച്ച മൂല്യസംഹിതകൾക്കകത്ത് രൂപപ്പെട്ട ആധുനികദേശീയത ഇന്ത്യൻ ദേശീയതയുടെ മറ്റൊരു ഘട്ടമാണ്. വ്യക്തിസ്വാതന്ത്ര്യം, സെക്കുലറിസം, സ്ത്രീപുരുഷസമത്വം തുടങ്ങിയ മൂല്യങ്ങളിൽനിന്നാണ് ദേശീയതയുടെ ഈ കൈവഴി ആവേശം ഉൾക്കൊണ്ടത്.[45] ദേശീയതയുടെ ഈ രണ്ടു ഘട്ടങ്ങൾ തമ്മിലുള്ള സംഘർഷങ്ങളാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ദേശീയതയുടെ സ്വഭാവം നിർണയിച്ചത്.

ഇന്ത്യൻ ദേശീയതയുടെ ചരിത്രാന്വേഷകർക്ക് പരിഗണിക്കേണ്ടിവരുന്ന വിവിധതരം സാമൂഹികസംഘർഷങ്ങളെക്കുറിച്ച് രാമചന്ദ്രഗുഹ സൂചിപ്പിക്കുന്നുണ്ട്.[46] ഭൂരിഭാഗം ഇന്ത്യക്കാരുടെയും മുഖ്യ സ്വത്വമായ ജാതിയാണ് ഇതിൽ ആദ്യത്തേത്. രണ്ടാമത്തേത് ഭാഷ. മൂന്നാമത്തേത് ഭാഷയോളം തന്നെ മൗലികസ്വത്വമായ മതമാണ്. അടുത്തത് സാമ്പത്തികാടിസ്ഥാനത്തിലുള്ള വർഗവും അവസാനത്തേത് ലിംഗപദവിയുമാണ്. സൂക്ഷ്മാർഥത്തിൽ ഇന്ത്യൻ ദേശീയതയിൽ നിർണായകമായത് ഈ ഘടകങ്ങളൊക്കെത്തന്നെയാണ്. ഒരു സാമൂഹിക സംഘർഷ പരീക്ഷണശാലയെന്ന നിലയിൽ ഇന്ത്യയെ നിരീക്ഷിച്ച അദ്ദേഹം, സ്വാതന്ത്ര്യാനന്തരം അറുപത് പരീക്ഷണ ഭാരതീയവർഷങ്ങൾ കഴിഞ്ഞിട്ടും ഇന്ത്യ ഒരൊറ്റ രാഷ്ട്രമായി നിലകൊള്ളുന്നത് ഗാഢമായി ശ്രദ്ധിക്കേണ്ട കാര്യമാണെന്ന് പറയുന്നു. ഈ വിരോധാഭാസത്തെ വിലയിരുത്താൻ പ്രയാസമാണെന്നു പറഞ്ഞുകൊണ്ട് ഇന്ത്യയെ വിഭ

ജിക്കുന്ന ശക്തികളെ പോലെത്തന്നെ ഒന്നിച്ചുനിർത്തുന്ന ഘടകങ്ങളുമുണ്ടെന്ന് അദ്ദേഹം പറയുന്നു. വർഗം, സംസ്കാരം എന്നിവയുടെ വിടവുകൾ ഉല്ലംഘി ക്കാനോ ഒതുക്കാനോ സഹായിച്ച, ഇന്ത്യ ഐക്യത്തോടെയും ജനാധിപത്യരാജ്യ മെന്ന നിലയിലും നിലനിൽക്കില്ല എന്ന അസംഖ്യം പ്രവചനങ്ങൾ തെറ്റിച്ച ശക്തി കളാണവ.

കോളനിയനന്തരഘട്ടത്തിൽ ദേശീയതയുടെ വിതാനങ്ങൾക്കുവന്ന പലമ അതിന്റെ നിർവചനങ്ങളെ സങ്കീർണമാക്കുന്നുണ്ട്. സ്ത്രീ പ്രകൃതി കീഴാള വാദങ്ങ ളെല്ലാം ദേശീയതയുടെ ബലതന്ത്രമായി കടന്നുവന്നിട്ടുള്ളതും ഇക്കാലത്താണ്. സ്വാതന്ത്ര്യസമരപ്രസ്ഥാനം അഭിസംബോധന ചെയ്തത് കൊളോണിയൽ ആധിപ ത്യത്തെ മാത്രമായിരുന്നില്ല, മറിച്ച് സാമൂഹികവും സാംസ്കാരികവുമായ കോളനീ കരണത്തെക്കൂടിയായിരുന്നു. അതുകൊണ്ടുതന്നെ കൊളോണിയൽ രാഷ്ട്രീയാധി പത്യം അവസാനിച്ച് ആവേശത്തിമിർപ്പ് അടങ്ങിയതിനുശേഷം ദേശീയബോധം വ്യത്യസ്തമായ ഒരു പരിപ്രേക്ഷ്യത്തിലേക്കു നീങ്ങി. ഇന്ത്യൻ ദേശീയതയുടെ സവിശേഷതകൾ ഗാന്ധി, അംബേദ്കർ, ടാഗോർ, നെഹ്റു എന്നിവരുടെ നിലപാടു കളിൽ കാണാവുന്നതാണ്.

### ഗാന്ധിയുടെ ദേശീയതാസങ്കൽപ്പം

അടിസ്ഥാനപരമായി ഗാന്ധി ഒരു അന്തർദേശീയവാദിയായിരുന്നെ ങ്കിൽക്കൂടി സ്വാതന്ത്ര്യസമരകാലത്ത് അദ്ദേഹം പ്രഥമ പരിഗണന നൽകിയത് ദേശീയതക്കാണ്. പൊതുവായ സഹനവും ത്യാഗവും രാഷ്ട്രത്തെ അനശ്വരമാ ക്കാൻ അനിവാര്യമാണെന്ന് അദ്ദേഹം കരുതി. ഭൂമിശാസ്ത്രപരമായ ഏകത രാഷ്ട്രനിർമാണത്തിൽ പ്രധാനമാണെന്ന് അദ്ദേഹം വിശ്വസിച്ചു. പല ഭാഷയും സംസ്കാരവും മതവും ജാതിഭേദങ്ങളും ഉണ്ടെങ്കിലും ഭൂമിശാസ്ത്രപരമായി ഇന്ത്യ ഒറ്റ ഏകകമാണ്. പരസ്പരസ്നേഹത്തിൽ അധിഷ്ഠിതമായ രാജ്യസ്നേഹമാണ് വേണ്ടത്. തന്റെ ദേശീയത തീക്ഷ്ണമെങ്കിൽക്കൂടി, അന്യപ്രവേശനം സാധ്യമല്ലാ

ത്തതോ മറ്റു രാഷ്ട്രങ്ങളെയോ വ്യക്തികളെയോ അപകടപ്പെടുത്തുന്നതോ അല്ലെന്നായിരുന്നു ഗാന്ധിയുടെ നിലപാട്.

> *ഞാൻ എന്റെ രാജ്യം സ്വതന്ത്രമാവണമെന്ന് ആഗ്രഹിക്കുന്നു ണ്ടെങ്കിലും സ്വതന്ത്രമാക്കാനെനിക്കു കഴിയുമെന്നിരുന്നാലും, മനു ഷ്യരാശിയുടെ അഞ്ചിലൊന്നായി കണക്കാക്കപ്പെട്ടിട്ടുള്ള ഒരു രാഷ്ട്രത്തിൽപ്പെട്ട എനിക്ക്, ഭൂമുഖത്തുള്ള മറ്റേതെങ്കിലും വർഗ ത്തെയോ വ്യക്തിയെയോ ചൂഷണം ചെയ്യാൻ വേണ്ടിയാണെങ്കിൽ ആ സ്വാതന്ത്ര്യം ആവശ്യമില്ല. മറ്റേതു വർഗത്തിനും ശക്തിയുണ്ടെ ങ്കിലുമില്ലെങ്കിലും അതേ സ്വാതന്ത്ര്യത്തിനുള്ള തുല്യമായ അവ കാശം ഞാൻ അംഗീകരിക്കാതിരിക്കുന്ന പക്ഷം എന്റെ രാജ്യം സ്വത ന്ത്രമാകണമെന്നാഗ്രഹിച്ചാൽത്തന്നെ എനിക്കതിനുള്ള യോഗ്യതയി ല്ലാതാവും.*[47]

ജാതിമതവർഗപരമായ വിവേചനങ്ങൾ ദേശീയതക്ക് വിലങ്ങുതടിയായി നിൽക്കുമെന്നും പ്രാദേശികവാദം മറ്റൊരു വെല്ലുവിളിയാണെന്നും ഗാന്ധി കണ്ടു. ഇന്ത്യയെ ഒരു രാഷ്ട്രമാക്കുന്നതിനുവേണ്ടി ഒരു ദേശീയഭാഷ വേണമെന്ന പക്ഷ ക്കാരനായിരുന്നു ഗാന്ധി. ഹിന്ദിയെ ദേശീയഭാഷയാക്കാൻ അദ്ദേഹം കഠിനപ്ര യത്നം ചെയ്തു. ഗാന്ധി ഇംഗ്ലീഷിന് എതിരായിരുന്നില്ല. ഇംഗ്ലീഷ് ഭാഷ ഇന്ത്യ യിലെ മറ്റു ഭാഷകളെ നശിപ്പിക്കാനിടയാകരുതെന്ന് ഗാന്ധി ആഗ്രഹിച്ചു. നമ്മുടെ സമൂഹം നമ്മുടെ ഭാഷകളലൂടെ മാത്രമേ നവീകരിക്കപ്പെടുകയുള്ളൂ. സംസാര ത്തിലെ ലാളിത്യവും മഹത്വവും ഉറപ്പുവരുത്താൻ നമ്മുടെ ഭാഷകളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം വിലയിരുത്തി.

ദേശീയതയുടെ പ്രചരണത്തിനുവേണ്ടി ദേശീയവിദ്യാഭ്യാസത്തിനും ദേശീ യവിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും അദ്ദേഹം ഊന്നൽ നൽകി. എല്ലാ ജാതിമ തസ്ഥർക്കും പ്രവേശനമുള്ള വിദ്യാലയങ്ങൾക്ക് തൊട്ടുകൂടായ്മയെയും തീണ്ടിക്കൂ

ടായ്മയെയും ഉന്മൂലനം ചെയ്യാൻ സാധിക്കുമെന്ന് ഗാന്ധി വിചാരിച്ചു. രാഷ്ട്ര ത്തിന്റെ നിയന്ത്രണത്തിലും നേതൃത്വത്തിലുമുള്ള ഭൂതകാലത്തിലെ അറിവുൾക്കൊണ്ട വർത്തമാനസാഹചര്യങ്ങളുമായി സംവദിക്കുന്ന രാജ്യത്തിന്റെ നല്ല ഭാവിയെക്കുറിച്ച് ബോധമുള്ളവരെ സൃഷ്ടിക്കുന്ന ഒരു ദേശീയ വിദ്യാഭ്യാസ മാണ് അദ്ദേഹം വിഭാവനം ചെയ്തത്. ചുരുക്കത്തിൽ ദേശഭക്തി, ദേശസ്നേഹം, രാജ്യത്തിനുവേണ്ടിയുള്ള ത്യാഗം എന്നിവയിലൂന്നിയ വിദ്യാഭ്യാസമായിരുന്നു ഗാന്ധി വിഭാവനം ചെയ്തത്. ദേശസ്നേഹം ഉയർത്തുന്നതിനുവേണ്ടി ദേശീയഗാ നത്തിനും ദേശീയപതാകക്കും ഗാന്ധി പ്രാധാന്യം നൽകി. രാഷ്ട്രത്തോടുള്ള ബഹുമാനവും മഹത്വപൂർണമായ ആശയങ്ങളും ഉൽക്കടമായ അഭിലാഷങ്ങളും ഇവ പ്രതിനിധീകരിക്കുന്നു.[48]

കരുത്തുള്ള ഒരു രാഷ്ട്രമായി ഇന്ത്യയെ കെട്ടിപ്പടുക്കണമെങ്കിൽ സാമുദാ യിക വിദ്വേഷവും തൊട്ടുകൂടായ്മയും തുടച്ചുനീക്കേണ്ടത് അത്യാവശ്യമാണെന്നും മതത്തിന്റെയും ജാതിയുടെയും പേരിലുള്ള വിവേചനം രാഷ്ട്രത്തെ നശിപ്പിക്കു മെന്നും ഗാന്ധി അഭിപ്രായപ്പെട്ടു. ഹിന്ദുക്കൾ ഹിന്ദുക്കളായും മുസ്ലീങ്ങൾ മുസ്ലീങ്ങ ളായും ജീവിക്കുമ്പോൾത്തന്നെ അവർ ഇന്ത്യക്കാരാണെന്നതിൽ അഭിമാനിക്കണം.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ദേശീയത ഉയർത്തിപ്പിടിച്ചുകൊണ്ട് ലക്ഷ്യ പ്രാപ്തിയിലെത്താൻ കഴിഞ്ഞെങ്കിലും ഗാന്ധി ഒരു അന്തർദേശീയവാദിയായിരു ന്നു. സ്വാതന്ത്ര്യം എന്ന വാക്ക് വിശാലമായ അർഥത്തിലാണ് അദ്ദേഹം കണ്ടത്. അതിനെക്കുറിച്ച് അദ്ദേഹം പറയുന്നു:

> *സ്വതന്ത്ര്യത്തിനുമപ്പുറമുള്ള ചിലതാണ് ഞാൻ അഭിവാഞ്ഛി ക്കുന്നത്. ഇന്ത്യയുടെ വിമോചനത്തിലൂടെ പാശ്ചാത്യചൂഷണ ത്തിന്റെ ചവിട്ടടിയേറ്റു ഞെരിയുന്ന ലോകത്തിലെ ദുർബലവിഭാഗ ങ്ങളെന്നു വിളിക്കപ്പെടുന്നവരെയെല്ലാം വിമോചിപ്പിക്കാനാണു*

*ഞാനാഗ്രഹിക്കുന്നത്. ഇന്ത്യ അവളുടെ സ്ഥാനം വീണ്ടെടുത്തു കഴി ഞ്ഞാൽ മറ്റു രാഷ്ട്രങ്ങൾ ആ മാർഗം പിന്തുടർന്നുകൊള്ളും.*[49]

മനുഷ്യവർഗത്തിന്റെ താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകിയ അദ്ദേഹം രാഷ്ട്രങ്ങൾ തമ്മിലുള്ള സ്പർധകളിൽ അസ്വസ്ഥനും ദുഃഖിതനുമായിരുന്നു. മറ്റേ തെങ്കിലും രാഷ്ട്രത്തിനെ ഉപദ്രവിക്കാതെ സാധ്യമായ ഗുണങ്ങൾ ലോകത്തിനു വേണ്ടി ചെയ്യണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം മറ്റൊരു രാഷ്ട്രത്തിന് അപകടം വരുത്തരുതെന്ന് അദ്ദേഹം പറഞ്ഞു. തന്റെ രാജ്യ ത്തിനും അതിലൂടെ മനുഷ്യസ്നേഹത്തിനും വേണ്ടി പ്രവർത്തിച്ച ഗാന്ധിയുടെ ദേശഭക്തി ഇന്ത്യയുടെ മാത്രമല്ല ലോകത്തിന്റെയാകെ ക്ഷേമമാഗ്രഹിച്ചു. ദേശീയ വാദിയാവാതെ ഒരാൾക്ക് അന്തർദേശീയവാദിയാവാൻ കഴിയില്ല എന്നതായിരുന്നു ഗാന്ധിയുടെ നിലപാട്. ഇന്ത്യൻ സ്വാതന്ത്ര്യസമരം ഗാന്ധിജിയെസംബന്ധിച്ചിട ത്തോളം മാനവരാശിക്കുവേണ്ടിയുള്ള ലോകമുന്നേറ്റത്തിന്റെ ഭാഗമാണ്. ഇന്ത്യ സ്വതന്ത്രയാവുകയാണെങ്കിൽ മാനവരാശിയുടെ നിലനിൽപ്പിനുവേണ്ടി മരിക്കാൻ പോലും അതിന് കഴിഞ്ഞേക്കും . ഒരാൾക്ക് സ്വന്തം കുടുംബത്തെയോ ഗ്രാമ ത്തെയോ രാജ്യത്തെയോ സേവിക്കാനാവില്ലെങ്കിൽ അയാൾക്ക് ലോകത്തെയും സ്നേഹിക്കാൻ കഴിയില്ല. ലോകത്തുള്ള എല്ലാ രാജ്യങ്ങളോടുമുള്ള സ്നേഹം ഉൾക്കൊള്ളുന്നതാണ് തന്റെ ദേശീയത എന്ന് അദ്ദേഹം പറഞ്ഞു.[50] മനുഷ്യസ്നേ ഹത്തിൽ അധിഷ്ഠിതമായിരുന്നു അദ്ദേഹത്തിന്റെ ദേശീയതയും അന്തർദേശീയത യും.

ഗാന്ധിയുടെ ദേശീയതാസങ്കൽപ്പം ഭരണകൂടം, സമ്പദ്വ്യവസ്ഥ, സമൂഹം എന്നീ മൂന്നു ഘടകങ്ങളെയും ബന്ധിപ്പിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ മൂല്യ സംഹിതകൾ മാനവസ്നേഹത്തിൽ അധിഷ്ഠിതമായിരുന്നു. സകലചരാചരങ്ങ ളിലും അന്തരാത്മാവിന്റെ രൂപത്തിൽ കുടികൊള്ളുന്നത് ഈശ്വരനാണെന്നും അതി നാൽ സമസൃഷ്ടങ്ങളെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതിലൂടെ മാ

ത്രമേ ഈശ്വരനെ സാക്ഷാൽക്കരിക്കാൻ സാധിക്കുകയുള്ളൂ എന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ഗാന്ധിയെസംബന്ധിച്ച് രാജ്യസ്നേഹവും മനുഷ്യത്വവും ഒന്നു തന്നെയായിരുന്നു. അദ്ദേഹം അതിനെക്കുറിച്ച് ഇങ്ങനെ പറയുന്നു

> *എന്നെ സംബന്ധിച്ച് രാജ്യസ്നേഹവും മനുഷ്യത്വവും ഒന്നുതന്നെ യാണ്. എനിക്കു രാജ്യസ്നേഹമുള്ളത് ഞാൻ മനുഷ്യനായതു കൊണ്ടും കരുണാർദ്രനായതുകൊണ്ടുമാണ്. അത് മറ്റെല്ലാം ഒഴിച്ചു നിർത്തിയുള്ളതല്ല. ഞാൻ ഇംഗ്ലണ്ടിനെയോ ജർമനിയെയോ ഉപദ്രവി ക്കില്ല. എന്റെ ജീവിത പദ്ധതിയിൽ സാമ്രാജ്യത്വത്തിനു സ്ഥാനമില്ല. ഒരു രാജ്യസ്നേഹിയുടെ നിയമം കുടുംബത്തിലെ കാരണവരുടെ നിയമത്തിൽനിന്ന് വ്യത്യസ്തമല്ല. ഒരു രാജ്യസ്നേഹി ഉദാസീന നായ മനുഷ്യസ്നേഹി മാത്രമാണെങ്കിൽ തരംതാഴ്ന്നുപോകുന്നു.''*[51]

വ്യക്തി കുടുംബത്തിനുവേണ്ടിയും കുടുംബം ഗ്രാമത്തിനുവേണ്ടിയും ഗ്രാമം ഡിസ്ട്രിക്ടിനുവേണ്ടിയും ഡിസ്ട്രിക്ട് സംസ്ഥാനത്തിനുവേണ്ടിയും സംസ്ഥാനം രാജ്യത്തിനുവേണ്ടിയും മരിക്കാൻ സന്നദ്ധമാവണമെന്ന് രാജ്യസ്നേ ഹസിദ്ധാന്തം നമ്മെ പഠിപ്പിക്കുന്നതുപോലെ, ലോകത്തിനുവേണ്ടിയും ഒരു രാജ്യം മരണം വരിക്കണമെങ്കിൽ ആ രാജ്യം സ്വതന്ത്രമായിരിക്കണം എന്നതായിരുന്നു ഗാന്ധിയുടെ അഭിപ്രായം. അതുകൊണ്ടുതന്നെ മനുഷ്യരാശി പുലരുന്നതിനു വേണ്ടി ആവശ്യമായിത്തീർന്നാൽ സ്വയം നശിക്കാനൊരുങ്ങുന്നതിന് രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കേണ്ടതാണെന്നായിരുന്നു ദേശീയത്വത്തെക്കുറിച്ചുള്ള ഗാന്ധി യുടെ സങ്കൽപ്പം.

അവിടെ വർഗവൈരത്തിന് യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. ദേശ സ്നേഹിയാവാതെ ഒരാൾക്ക് വിശ്വസ്നേഹിയാവാൻ സാധ്യമല്ല. വിഭിന്ന രാഷ്ട്ര ങ്ങളിലെ വിഭിന്ന ജനതകൾ സ്വയം സംഘടിതരാവുകയും ഏകഭാവനയിൽ പ്രവർത്തിക്കാൻ കഴിവുള്ളവരാകുകയും ചെയ്യുമ്പോൾ മാത്രമേ വിശ്വസ്നേഹം

സാധ്യമാവൂ. ആധുനികരാഷ്ട്രങ്ങൾക്ക് വിനാശകരമായിത്തീർന്നിട്ടുള്ളത് ദേശീയത്വമല്ല, മറിച്ച് സങ്കുചിതത്വം, സ്വാർഥത, നിഷേധമനോഭാവം എന്നിവയാണ്. ഇന്ത്യൻ ദേശീയത്വം സ്വീകരിച്ചിട്ടുള്ള പാത വ്യത്യസ്തമാണ്. മനുഷ്യരാശിയുടെ പൊതുവായ നന്മക്കും സേവനത്തിനും വേണ്ടി സ്വയം സംഘടിപ്പിക്കുവാൻ അഥവാ സ്വയം വ്യക്തിത്വം കണ്ടെത്തുവാനാണ് ഇന്ത്യൻ ദേശീയത്വത്തിന്റെ ശ്രമം എന്നും ഗാന്ധി ഇന്ത്യൻ ദേശീയത്വത്തിന്റെ പാതയെ വകഞ്ഞു കാണിച്ചു.[52]

ഭാരതീയരുടെ സ്വാതന്ത്ര്യാഭിമാനാവകാശവും വികസനോത്സാഹവും മൂർത്തീകരിച്ചത് ഗാന്ധിയിലാണ്. എങ്കിലും അദ്ദേഹം കേവലം ഒരു ദേശീയവാദിയായി(Nationalist)ചുരുങ്ങുന്നില്ല. മാതൃകാ യോഗ്യനായ ഒരു വിശ്വപൗരന്റെ നിലയിൽ വളർന്ന് സ്നേഹത്തിന്റെയും ശാന്തിയുടെയും സന്ദേശവാഹകനായി ഉയർന്ന് അധ്യക്ഷ്യനായി, ആരാധ്യനായി സകലമനുഷ്യരുടെയും സമ്പാദ്യമായി അദ്ദേഹം ജീവിച്ചു.[53]

**അംബേദ്കർ**

ഹിന്ദുമതം എന്ന ഏകാത്മകസംവർഗം പ്രബലമാവുന്നത് പത്തൊമ്പതാം നൂറ്റാണ്ടോടെ കോളനിഭരണത്തിന്റെ ജനസംഖ്യാകണക്കെടുപ്പുകളിൽ മതം പ്രധാന പരിഗണനാവിഷയമായതോടെയാണ്. അതുവരെ ഭിന്നപാരമ്പര്യങ്ങളായി നിലനിന്നുപോന്ന ജാതികളെയും ഉപജാതികളെയും ഹിന്ദുക്കൾ എന്ന് വിശദീകരിക്കാൻ തുടങ്ങിയത് ഇതോടെയാണ്. ഇന്ത്യയിൽ ആര്യസമാജവും ബ്രഹ്മസമാജവും ഉൾപ്പടെയുള്ള സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും നവോത്ഥാന നായകന്മാരും പുനരുത്ഥാനത്തിലൂടെയും സമുദായപരിഷ്കരണത്തിലൂടെയും ഹിന്ദുമതത്തെ പരിഷ്കൃതവും ആധുനികവുമായ ഒരു സ്ഥാപനസംവിധാനമാക്കി രൂപപ്പെടുത്താനുള്ള ശ്രമങ്ങളിലാണ് മുഖ്യമായും ഏർപ്പെട്ടത്. മതം രാഷ്ട്രീയം സാഹിത്യം സാമൂഹികപരിഷ്കരണം തുടങ്ങിയ മേഖലകളിൽ ഇടപെടുന്നുണ്ടെങ്കിലും അവ ഒരിക്കലും ജാതിബദ്ധമായ ഇന്ത്യൻ സാമൂഹികാവസ്ഥക്ക് എതിരായി

രുന്നില്ല. ആന്തരിക വൈരുധ്യങ്ങളാലും ജാതിവിവേചനങ്ങളാലും അങ്ങേയറ്റം കലുഷവും ചിതറിക്കിടക്കുന്നതുമായ ഹിന്ദുമതത്തെ ഏകാത്മകമായ മതസ്വരൂപത്തിലേക്ക് ആനയിക്കുക എന്നതായിരുന്നു ആ ശ്രമങ്ങളുടെ അടിസ്ഥാനതാൽപ്പര്യം. മതനവീകരണം എന്നു പറഞ്ഞപ്പോഴും അത് നിറവേറ്റാൻ ശ്രമിച്ചത് മതസംസ്ഥാപനമായിരുന്നു എന്നു പറയാം.[54]

മതത്തിന്റെ ആധുനീകരണമായ നവോത്ഥാനം മുകളിൽനിന്ന് താഴോട്ടാണ് നോക്കിയത്. രാഷ്ട്രീയവും സാമ്പത്തികവും മതപരവുമായ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട സാംസ്കാരികചരിത്രം, സമൂഹ്യസമത്വം എന്ന ആശയത്തിലൂന്നിയ സമരങ്ങളെ അതതു സമുദായത്തിലെ ആന്തരിക പരിവർത്തനങ്ങളായാണ് ഗണിച്ചത്. ഹിന്ദുപരിഷ്കരണങ്ങളെയും സാമൂഹ്യനീതിക്കുവേണ്ട പോരാട്ടങ്ങളെയും അത് ഒരുപോലെയാണ് മനസ്സിലാക്കിയത്. അധഃസ്ഥിതന് പൗരത്വം ലഭിക്കുന്ന പ്രവർത്തനങ്ങളെ ഇന്ത്യൻ രാഷ്ട്രീയ ചരിത്രം പ്രധാനമായെടുത്തില്ല.[55] കൊളോണിയൽ വിരുദ്ധസമരങ്ങളും ഇന്ത്യൻ ദേശീയപ്രസ്ഥാനങ്ങളും ഇന്ത്യയിലെ ജാതിവ്യവസ്ഥയെ അഭിസംബോധന ചെയ്യുകയുണ്ടായില്ല.

## ജാതിവ്യവസ്ഥയും ഗാന്ധിയും

വർണാശ്രമധർമങ്ങൾ തൊഴിലിന്റെ അടിസ്ഥാനത്തിലുള്ളതാണ് എന്നതായിരുന്നു ഗാന്ധിയുടെ അഭിപ്രായം. ജാതിയും വർണാശ്രമധർമവും ഒന്നല്ല. ജാതിവ്യവസ്ഥ സാമൂഹ്യാവശ്യമനുസരിച്ച് ഉണ്ടായതും വർണാശ്രമധർമം ഹിന്ദുമതഗ്രന്ഥങ്ങളിൽ അടിയുറക്കപ്പെട്ടതുമാണെന്നുമായിരുന്നു ഗാന്ധിയുടെ നിലപാട്. ജാതിവ്യവസ്ഥയെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറയുന്നു:

> *ജാതിവ്യവസ്ഥയെപ്പറ്റി ഓർക്കേണ്ടതായ മറ്റൊരു സംഗതി കൂടിയുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം അതും വർണാശ്രമധർമവും ഒന്നല്ല. ജാതിവ്യവസ്ഥ സാമൂഹ്യാവശ്യമനുസരിച്ച് ഉണ്ടായതാണ്.*

*വർണാശ്രമമാകട്ടെ ഹിന്ദുമതഗ്രന്ഥങ്ങളിൽ അടിയുറപ്പിക്കപ്പെട്ടതാണ്. ജാതിവ്യവസ്ഥ അങ്ങനെയല്ല. ജാതികൾ അസംഖ്യമുണ്ടെങ്കിലും(ചിലതു നശിച്ചുപോകുന്നു, പുതുതായി ചിലത് ഉണ്ടായിക്കൊണ്ടിരിക്കുന്നു)വർണങ്ങൾ എന്നും നാലേയുള്ളൂ. ഞാൻ ഒരു ഉറച്ച വർണാശ്രമ വിശ്വാസിയാണ്. ഹിന്ദുമതം മനുഷ്യജാതിക്കു നൽകിയ ഒരനുഗ്രഹമാണ് അതെന്നുകരുതുവാൻ ഇതിനുമുമ്പും ഞാൻ മടിച്ചിട്ടില്ല. എനിക്കു കാണാൻ കഴിഞ്ഞിടത്തോളം ആ ധർമ സ്വീകരണം ആത്മീയപുരോഗതിയുടെ ഒരു ഉപാധിയാണ്. ആ നാലുവിഭാഗങ്ങൾ കുത്തനെയല്ല, വിലങ്ങനെയാണ്; അവിടെ എല്ലാവരും സമനിലയിലാണു നിൽക്കുന്നത്, ഓരോരുത്തർക്കും നീക്കിവച്ച സേവനങ്ങൾ ചെയ്തുകൊണ്ട്. സ്വധർമം സമുചിതമായി അനുഷ്ഠിച്ച ബ്രാഹ്മണനും അപ്രകാരംതന്നെ ചെയ്ത തോട്ടിക്കും ഈശ്വരന്റെ പുസ്തകത്തിൽ മാർക്ക് ഒപ്പമാണ്.*[56]

അയിത്തത്തെ ഗാന്ധി കണ്ടത് ജാതിവ്യവസ്ഥയുടെ ഫലമായല്ല, മറിച്ച് ഹിന്ദുമതത്തെ കാർന്നുതിന്നുന്ന ഉച്ചനീചത്വത്തിന്റെ ഫലമായാണ്. അയിത്തം പോയാൽ ജാതിവ്യവസ്ഥ സംശുദ്ധമാകും. വർണാശ്രമധർമമെന്നത് ഉച്ചനീചത്വമില്ലാത്തതും പരസ്പരം ഉപകരിക്കുന്നതുമായ നാലു വിഭാഗങ്ങളാണെന്നും ഗാന്ധി വിശ്വസിച്ചു.

**അംബേദ്കറും ഗാന്ധിയും**

ഇന്ത്യയുടെ ജാതിവ്യവസ്ഥയുടെ കാര്യത്തിൽ ദേശീയനേതാക്കളായ അംബേദ്കറും ഗാന്ധിയും രണ്ട് വ്യത്യസ്ത ധ്രുവങ്ങളിലായിരുന്നു. വർണാശ്രമ ധർമത്തിൽ അധിഷ്ഠിതമായ ജാതിവ്യവസ്ഥയിൽ ഗാന്ധി തെറ്റൊന്നും കണ്ടില്ല. ജാതീയമായ അവശതകൾക്കെതിരായിരുന്നു ഗാന്ധിയുടെ നിലപാട്, അല്ലാതെ ജാതിവ്യവസ്ഥക്കെതിരായിരുന്നില്ല. പട്ടികജാതിക്കാരുടെ പ്രശ്നത്തോടുള്ള ഗാന്ധി

യുടെ സമീപനത്തെ അംബേദ്കർ വിമർശിച്ചു. ഹിന്ദുമതത്തിൽ ഉണ്ടായ ഒരു കളങ്കമായി അയിത്താചരണത്തെ ചിത്രീകരിക്കുന്ന ഗാന്ധിയുടെ നിലപാടിനെ അദ്ദേഹം ശക്തിയായി എതിർത്തു. ജാതിവ്യവസ്ഥ ഉപേക്ഷിക്കണമെന്നാണ് അംബേദ്കർ അഭിപ്രായപ്പെട്ടത്. ജാതിയുള്ളതുകൊണ്ടാണ് അയിത്താചരണം ഉണ്ടായതെന്ന് അദ്ദേഹം വിശ്വസിച്ചു. ഹിന്ദുമതത്തെ ഭാഗികമായ പരിഷ്കരണത്തിലൂടെ നിലനിർത്തുന്നത് അദ്ദേഹം എതിർത്തു. പട്ടികജാതിക്കാർ ഹിന്ദുമതം വിടണമെന്നും ബുദ്ധമതത്തിൽ ചേരണമെന്നും അംബേദ്കർ ഉപദേശിച്ചു. അവകാശങ്ങളേക്കാൾ കർത്തവ്യങ്ങൾക്ക് പ്രാധാന്യം കൊടുത്ത ഗാന്ധി അക്രമരാഹിത്യം, ലളിതജീവിതം, ജീവിതാവശ്യങ്ങൾ കുറക്കൽ, ഗ്രാമീണ സ്വയംഭരണം എന്നിവക്ക് മുൻതൂക്കം നൽകി. എന്നാൽ അംബേദ്കർ അവകാശങ്ങളുടെ നിഷേധത്തെ എതിർത്തു. എല്ലാവർക്കും തുല്യ അവസരമുള്ള സമൂഹമാണ് അംബേദ്കർ വിഭാവന ചെയ്തത്. മാർക്സിസമോ ഗാന്ധിസമോ അദ്ദേഹത്തെ ആകർഷിച്ചില്ല. ഗാന്ധി വൻകിടവ്യസായങ്ങൾക്കെതിരായിരുന്നെങ്കിൽ വ്യവസായീകരണത്തെ അനുകൂലിച്ച അംബേദ്കർ ഒരു ജനാധിപത്യക്രമത്തിൽ യന്ത്രവൽക്കരണം അത്യന്താപേക്ഷിതമാണെന്ന് വിശ്വസിച്ചു. പഞ്ചായത്തുകളിൽ അധിഷ്ഠിതമായ വികേന്ദ്രീകൃത വ്യവസ്ഥിതി വേണമെന്നുള്ളതായിരുന്നു ഗാന്ധിയുടെ സ്വപ്നം. എന്നാൽ ഗ്രാമീണ സ്വയംഭരണമെന്ന ആശയത്തെ ശക്തിയായി എതിർത്ത അംബേദ്കർ ഇന്ത്യയിലെ ഗ്രാമങ്ങൾ ജാതിയുടെയും പ്രാദേശികത്വത്തിന്റെയും അജ്ഞാനത്തിന്റെയും കുഴികൾ മാത്രമാണെന്ന നിലപാടാണ് സ്വീകരിച്ചത്. സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും ആവശ്യമാണെങ്കിലും സാഹോദര്യത്തിനായിരിക്കണം മുൻതൂക്കമെന്ന് അംബേദ്കർ വിശ്വസിച്ചിരുന്നു. മതത്തിന്റെ സാമൂഹ്യമായ ലക്ഷ്യം ഈ സ്വാതന്ത്ര്യങ്ങളെ നിഷേധിക്കുന്നതിനിടയാക്കുന്നു എന്ന് അംബേദ്കർ സമർത്ഥിക്കുകയുണ്ടായി. ഭരണഘടനയിലെ രാഷ്ട്രീയാദർശങ്ങൾ എല്ലാ ഭാരതീയരുടെയും സാമൂഹ്യാദർശങ്ങളായിത്തീരുകയാണ് വേണ്ടത്[57] എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

## അംബേദ്കറുടെ ദേശീയതാസങ്കൽപ്പം

അംബേദ്കറുടെ ദേശീയതാചിന്തകൾ ആരംഭിക്കുന്നത് ജാതിയെന്ന സംവർഗത്തിലൂന്നിനിന്നുകൊണ്ടാണ്. ബ്രിട്ടീഷ് ഭരണവുമായി സഹകരിച്ച് മുന്നോട്ടു പോവുകയാണ് പട്ടികജാതിക്കാരുടെ ഉന്നമനത്തിന് അഭികാമ്യമായത് എന്ന് അംബേദ്കർ വിശ്വസിച്ചിരുന്നു. ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന അടിസ്ഥാനവർഗങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും സ്ത്രീകളുടെയും വിമോചനത്തിലൂന്നാത്ത ദേശീയത അപൂർണമാണെന്ന് അദ്ദേഹം കരുതി. ഇന്ത്യയിലെ ജാതികളുടെ അടിസ്ഥാനം തൊഴിലാണ് എന്നും ചാതുർവർണ്യം ഗുണാധിഷ്ഠിതമാണെന്നുമുള്ള ഗാന്ധിയുടെ പ്രസ്താവനയെ അംബേദ്കർ എതിർത്തു. ഒരു സാമൂഹിക സംഘടനാക്രമമെന്ന നിലയിൽ ചാതുർവർണ്യം അപ്രായോഗികവും വിനാശകരവും പരാജയവുമാണെന്ന് അംബേദ്കർ വിശ്വസിച്ചു. അദ്ദേഹം ലണ്ടനിലായിരുന്ന കാലത്താണ് കോൺഗ്രസ് നിയമലംഘനപ്രസ്ഥാനം തുടങ്ങുന്നതും ഗാന്ധി മുതലായ നേതാക്കന്മാർ അറസ്റ്റ് ചെയ്യപ്പെടുന്നതും 1923 ൽ ഇന്ത്യയിൽ തിരിച്ചെത്തിയ അംബേദ്കർ കോൺഗ്രസ്സുമായോ മറ്റു സാമൂഹ്യപരിഷ്കരണ സംഘടനകളുമായോ സഹകരിക്കുന്നതിനു പകരം സ്വന്തമായി 'ബഹിഷ്കൃത ഹിതകാരിണി' സഭ സ്ഥാപിക്കുകയാണുണ്ടായത്. പട്ടികജാതിക്കാരുടെ ഉന്നമനം അവർതന്നെ നയിക്കുന്ന പ്രസ്ഥാനത്തിൽക്കൂടി വരണമെന്നാണ് അംബേദ്കർ അഭിലഷിച്ചത്. പട്ടികജാതിക്കാർക്ക് രാഷ്ട്രീയാധികാരം നൽകാതെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയില്ലെന്നും അംബേദ്കർ സമർഥിച്ചു.[58]

കീഴാളസ്വത്വം ജാതീയപ്രശ്നമെന്നതിലുപരി ഒരു മനുഷ്യാവകാശപ്രശ്നം കൂടിയാണ് എന്ന ധാരണ കൊണ്ടുവരാൻ അംബേദ്കറുടെ പ്രവർത്തനങ്ങൾക്കു കഴിഞ്ഞു. അംബേദ്കർ ഇന്ത്യയെ വിലയിരുത്തിയത് മതത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ജനാധിപത്യരീതിയുടെ മാനദണ്ഡമുപയോഗിച്ച് സാമൂഹ്യശാസ്ത്രപരമായാണ്. ജാതിയും ജാതിമൂല്യങ്ങളും ഒന്നുതന്നെയാണെന്ന അടിസ്ഥാനപരമായ

അറിവാണ് ഗാന്ധിയിൽനിന്ന് അംബേദ്കറെ വ്യത്യസ്തനാക്കിയത്. പൗരാവകാശമെന്ന നിലയിലാണ് അംബേദ്കർ സംവരണത്തെ അടയാളപ്പെടുത്തിയത്. അയിത്തത്തെയും സംവരണത്തെയും മതനിയമങ്ങളിൽനിന്നു വ്യത്യസ്തമായി അംബേദ്കർ സിവിൽനിയമത്തിന് വിധേയമാക്കിയതിന്റെ സാമൂഹ്യശാസ്ത്രം ഇതാണ്.[59]

ഇന്ത്യൻ ദേശീയതയും ജാതിയും എങ്ങനെയാണ് വിരുദ്ധതലങ്ങളിൽ വർത്തിക്കുന്നതെന്ന് അംബേദ്കർ നിരീക്ഷിക്കുന്നുണ്ട്. ഹിന്ദുമതം ഒരു അടഞ്ഞ വ്യവസ്ഥയാണെന്നായിരുന്നു അംബേദ്കറുടെ നിലപാട്. ഓരോ ഹിന്ദുവിലുമുള്ള ബോധം അയാളുടെ ജാതിയെപ്പറ്റിയുള്ള ബോധമാണ്. അതുകൊണ്ട് ഹിന്ദുക്കൾക്ക് ഒരു സമൂഹമായോ രാഷ്ട്രമായോ രൂപപ്പെടാൻ കഴിഞ്ഞില്ല. ജാതിയുടെയും മതത്തിന്റെയും അടഞ്ഞ വ്യവസ്ഥക്കുള്ളിൽ ഇന്ത്യക്കാർ ഒരു രാഷ്ട്രമല്ലെന്നും നിയതരൂപമില്ലാത്ത ഒരു ജനക്കൂട്ടമാണെന്നും അംബേദ്കർ വിശ്വസിച്ചു ഇന്ത്യയിലെമ്പാടുമുള്ള ഹിന്ദുക്കളുടെ ജീവിതശൈലികളിലും ആചാരങ്ങളിലും വിശ്വാസങ്ങളിലും ചിന്താരീതികളിലും പ്രകടമാകുന്ന സമാനതകളെ മുൻനിർത്തിയാണ് നാനാത്വത്തിൽ ഏകത്വമെന്ന കാഴ്ചപ്പാട് പ്രഖ്യാപിക്കപ്പെടുന്നത്. എന്നാൽ മനുഷ്യരെ ഒരു സമൂഹമാക്കിത്തീർക്കാൻ സ്വഭാവത്തിലും ആചാരത്തിലും വിശ്വാസത്തിലും ചിന്താരീതിയിലുമുള്ള സമാനത മാത്രം മതിയാവില്ല എന്നതായിരുന്നു അംബേദ്കറുടെ കാഴ്ചപ്പാട്. ആചാരങ്ങളിലും വിശ്വാസങ്ങളിലുമുള്ള സമാനതയുടെപേരിൽ ഗോത്രങ്ങൾ ഒരു സമൂഹമായി രൂപപ്പെട്ടു എന്നു പറയാനാവില്ല. മനുഷ്യർ ഒരു സമൂഹമായിത്തീരുന്നത് അവർക്ക് പൊതുവായ കാര്യങ്ങളുണ്ടാകുമ്പോഴാണ്. സമാനമായ കാര്യങ്ങളുണ്ടാവുകയെന്നതിൽനിന്നു തികച്ചും ഭിന്നമാണ് പൊതുവായ കാര്യങ്ങൾ ഉണ്ടാവുകയെന്നത്. പൊതുവായ കാര്യങ്ങളുണ്ടാകാനുള്ള ഏകമാർഗം പരസ്പരമുള്ള ആശയവിനിമയമാണ്. മറ്റുതരത്തിൽ പറഞ്ഞാൽ സമൂഹത്തിന്റെ നിലനിൽപ്പ് തുടങ്ങുന്നത് ആശയവിനിമയത്തിലൂടെയാണ്. മറ്റുള്ളവരുടേതുമായി പൊരുത്തപ്പെടുന്ന തരത്തിൽ പ്രവർത്തിക്കുന്നു എന്നതുകൊണ്ടു മാത്രമായില്ല. സമാന്തരമായ പ്രവർത്തനം സമാനമാണെങ്കിൽ പോലും

മനുഷ്യരെ ഒരു സമൂഹവുമായി ബന്ധിപ്പിച്ച് നിർത്താൻ അപര്യാപ്തമാണ്. ആളുകളെ അവിഭാജ്യമായ സമഗ്രതയിൽ കൂട്ടിയിണക്കാൻ അവശ്യം വേണ്ടത് ഒരാൾ പൊതുവായ പ്രവൃത്തിയിൽ ഭാഗഭാക്കാവുകയും അതിലൂടെ മറ്റുള്ളവരെ കർമോന്മുഖരാക്കുന്ന അതേ വികാരം അയാളിൽ ഉളവാകുകയുമാണ്. വ്യക്തിയെ സംയോജിതപ്രവൃത്തിയിൽ പങ്കാളിയാക്കുക വഴി, പ്രസ്തുത പ്രവർത്തനത്തിന്റെ വിജയം തന്റെ വിജയമാണെന്നും അതിന്റെ പരാജയം തന്റെ പരാജയമാണെന്നുമുള്ള തോന്നൽ അയാളിൽ ഉണ്ടാവുകയാണ് മനുഷ്യരെ കൂട്ടിയിണക്കാനും അവരെ സാമൂഹ്യവൽക്കരിക്കാനും പറ്റിയ മാർഗം. എന്നാൽ പൊതുവായ പ്രവർത്തനത്തെ തടയുന്നതാണ് ജാതിവ്യവസ്ഥ. പൊതുപ്രവർത്തനം തടയുകവഴി, ഹിന്ദുക്കളെ ഏകീകൃതമായ ഒരു ജീവിതവും അതിന്റെ അസ്തിത്വത്തെപ്പറ്റി ബോധവുമുള്ള സമൂഹമായിത്തീരുന്നതിൽനിന്ന് ജാതിവ്യവസ്ഥ തടഞ്ഞുനിർത്തുന്നു.[60]

## ടാഗോറിന്റെ ദേശീയതാസങ്കൽപ്പം

ഇന്ത്യൻ ദേശീയതയുടെ വളർച്ചയും വികാസവും നടന്നുകൊണ്ടിരിക്കുന്ന കാലത്താണ് ടാഗോർ യുവത്വം പിന്നിട്ടത്. അക്കാലത്ത് ഉപനിഷത്തുകൾ അദ്ദേഹത്തിന്റെ ജീവിതത്തെ ശക്തമായി സ്വാധീനിക്കുകയും ഈ സ്വാധീനം അദ്ദേഹത്തെ മാനവികതയിലേക്ക് ഉയർത്തുകയും ചെയ്തു. ഒരു ഉറച്ച മനുഷ്യസ്നേഹിയും അന്തർദേശീയവാദിയുമായിരുന്ന അദ്ദേഹം, ഹിന്ദുക്കളും മുസ്ലീങ്ങളും ഐക്യത്തിൽ കഴിയുകയാണെങ്കിൽ വേഗത്തിൽത്തന്നെ സ്വരാജ് കൈവരിക്കാൻ സാധിക്കുമെന്നു വിശ്വസിച്ചു. അദ്ദേഹം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി കവിതയെഴുതുകയും പ്രാർഥിക്കുകയും ചെയ്തു.

രാഷ്ട്രമെന്നാൽ എന്താണ് എന്നതിന് രവീന്ദ്രനാഥ ടാഗോർ നൽകുന്ന വിശദീകരണം ഇതാണ്:

*ഒരു ജനതയുടെ രാഷ്ട്രീയ-സാമ്പത്തിക ഏകത എന്ന നില യിൽ, രാഷ്ട്രമെന്നത് നൈസർഗികമായ ഒരു ലക്ഷ്യത്തിനായി ഒരു ജനസഞ്ചയമപ്പാടെ സംഘടിതരൂപത്തിൽ സ്വായത്തമാക്കുന്ന സവി ശേഷ മുഖമാണ്. സമൂഹത്തിന് യഥാർഥത്തിൽ ഗൂഢലക്ഷ്യങ്ങളേ തുമില്ല. അത് അതിൽത്തന്നെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നു. മനു ഷ്യൻ സ്വയമേവ സാമൂഹികജീവിയെന്ന നിലയിലുള്ള ആത്മാവി ഷ്കാരമാണത്. മനുഷ്യബന്ധങ്ങളുടെ സ്വാഭാവിക ക്രമീകരണമാണ ത്. അതിനാൽ മനുഷ്യർക്ക് പരസ്പരം സഹകരിച്ചുകൊണ്ട് ഉൽകൃഷ്ട ജീവിതമാതൃകകൾ വളർത്തിയെടുക്കാൻ സാധിക്കും.*[61]

ഇന്ത്യ സ്വതന്ത്രമാവണമെന്ന് ടാഗോർ അഗാധമായി ആഗ്രഹിച്ചിരു ന്നെങ്കിലും ലോകരാജ്യങ്ങൾക്കിടയിലുള്ള ഇടുങ്ങിയ മതിലുകളെക്കുറിച്ച് അദ്ദേഹം ആശങ്കപ്പെട്ടു. അന്ധമായ ദേശീയതയും ദേശഭക്തിയും മനുഷ്യന്റെ നാശത്തിനു കാരണമാവുമെന്നും അത് മനുഷ്യനെ യാന്ത്രികമാക്കി മാനവികത ചോർത്തിക്കള യുമെന്നും ടാഗോർ വിശ്വസിച്ചു. ടാഗോറിന്റെ സ്വാതന്ത്ര്യസങ്കൽപ്പം രാഷ്ട്രീയസ്വാ തന്ത്ര്യമെന്നതിലുപരി വ്യക്തിയുടെ ആത്മവിമോചനത്തിൽനിന്നു തുടങ്ങുന്നതായി രുന്നു. അന്ധമായ ദേശീയബോധത്തെക്കുറിച്ച് ടാഗോർ ഇങ്ങനെ അഭിപ്രായപ്പെ ടുന്നു

*ദേശത്തിന്റെ ഉപാസനാരീതി ജനങ്ങളുടെ പ്രവർത്തനപരതയാകു ന്നു. ഈ ആരാധന അവരുടെ ഏറ്റവും വലിയ അപകടമാകുന്നു. ഇതവരിലേക്ക് ബൃഹത്തായ വിജയത്തെ ആനയിക്കുകയും ഉന്നതാ ദർശങ്ങളുടെ അവകാശങ്ങളിൽ അവരെ അക്ഷമരാക്കുകയും ചെയ്യു ന്നു. വിജയത്തിന്റെ പൂർണവില വിപുലമാകുംതോറും താത്പര്യങ്ങ ളുടെയും അസൂയയുടെയും വെറുപ്പിന്റെയും ഏറ്റുമുട്ടലുകൾ ശക്ത മാകുകയും ദേശങ്ങളിൽ ജീവിച്ചിരിക്കുന്ന മനുഷ്യർക്കിത് കൂടുതൽ*

*കൂടുതൽ ആവശ്യമാകുകയും ചെയ്യുന്നു. അങ്ങനെ ദേശീയതയുടെ വളർച്ചയോടൊപ്പം മനുഷ്യൻ മനുഷ്യനുതന്നെ കൂടുതൽ ഭീഷണി യായി മാറിയിട്ടുണ്ട്.*[62]

ദേശീയത എന്ന ഈ കൂട്ടായ ബോധത്തിൽ അടങ്ങിയിരിക്കുന്ന വൈരുധ്യ ങ്ങളെക്കുറിച്ചും ബോധവാനായിരുന്നു ടാഗോർ. ഭരണകൂടം പുരുഷാരത്തിന്റെ അന്ധമായ ഊർജത്തെയും ആത്മവിജ്ഞാനത്തെയും ദേശീയതക്കനുകൂലമായി പരിശീലിപ്പിക്കുന്നുവെന്ന് അദ്ദേഹം കണ്ടെത്തി. സ്വന്തം വംശത്തിലുള്ള അകാരണ മായ അഭിമാനത്തിലും മറ്റുള്ളവരോടുള്ള വെറുപ്പിലും ദേശീയതയെ പോഷിപ്പി ക്കേണ്ടത് തങ്ങളുടെ കടമയായി ദേശീയതയുടെ വക്താക്കൾ കാണുന്നു. വർത്തമാ നപത്രങ്ങളും പാഠപുസ്തകങ്ങളും മതപരമായ കാര്യങ്ങളും ഇതിനുവേണ്ടി ഉപ യോഗിക്കുമ്പോൾ വഴങ്ങാത്തവർ ശിക്ഷിക്കപ്പെടുകയോ സാമൂഹികമായി അകറ്റി നിർത്തപ്പെടുകയോ ചെയ്യുന്നു. ആൾക്കൂട്ടത്തിന്റെ വിവേകപൂർണമല്ലാത്ത പ്രകൃതം രാഷ്ട്രം പ്രയോജനപ്പെടുത്തുന്നു. ഐക്യത്തിന്റെ അന്തർബോധം എപ്പോഴും ജാഗ്രത്തായിരിക്കാൻ ശ്രമിക്കുന്ന രാഷ്ട്രം ഈ ആത്മബോധം കൃത്രിമ ഉപാധി കളാൽ സജീവമായി സൂക്ഷിക്കാൻ ശ്രമിക്കുന്നു. ഇത്തരത്തിൽ നിരന്തരമായി ഉണർന്നിരിക്കുന്ന ആത്മാവബോധം ജനതക്ക് ഹാനികരമായിത്തീരുന്നു. വ്യക്തിയുടേതാകുമ്പോൾ നിന്ദിക്കപ്പെടുകയും രാഷ്ട്രത്തിന്റേതാകുമ്പോൾ വാഴ്ത്തപ്പെടുകയും ചെയ്യുന്ന സ്വാർഥത ഒരു ജനതയുടെ തലച്ചോറിനെ ബാധി ക്കുന്ന രോഗമാകുന്നു.[63]

സങ്കുചിതവും അക്രമാസക്തവുമായ ദേശീയതയെ അദ്ദേഹം ശക്തമായി വിമർശിച്ചു. മനുഷ്യന്റെ ശാശ്വതമായ രക്ഷാസങ്കേതം ദേശീയതയല്ലെന്നും വിശ്വമാ നവികതയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മനുഷ്യൻ കണ്ടുപിടിച്ചിട്ടുള്ളവ യിൽ വച്ച് ഏറ്റവും ശക്തമായ ബോധഹാരികളിലൊന്നാണ് രാഷ്ട്രമെന്ന ആശയ മെന്നായിരുന്നു ടാഗോറിന്റെ അഭിപ്രായം.[64] ദേശീയതയുടെ പരിമിതികളെക്കുറിച്ച്

ബോധവാനായ ടാഗോർ എല്ലാ ദേശീയതകളും സങ്കുചിതവും സ്വാർഥപ്രേരിതവു മാണെന്നു കണ്ടു. തങ്ങളുടെ സംസ്കാരത്തെയും പാരമ്പര്യത്തെയും ആദരിക്കു കയും ബഹുമാനിക്കുകയും ചെയ്യുന്നതോടൊപ്പംതന്നെ അന്യരാജ്യങ്ങളുടെ സാംസ്കാരികമൂല്യങ്ങളിൽ നിന്ന് ഇന്ത്യക്കാർ പഠിക്കണമെന്നും, പാശ്ചാത്യസാമ്രാ ജ്യത്വവാദത്തെ എതിർക്കുന്നതും പാശ്ചാത്യസംസ്കാരത്തെ നിരാകരിക്കുന്നതും രണ്ടാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സങ്കുചിതമായ ദേശീയതയെ ഏറ്റവും വലിയ തിന്മയായിക്കണ്ട അദ്ദേഹം അക്രമാസക്തമായ ദേശീയബോധത്തിൽനിന്ന് മനുഷ്യസമൂഹം വിശ്വമാനവികതയിലേക്ക് ഉയരണമെന്ന് ആഗ്രഹിച്ചു. ദേശാഭിമാ നത്തിന് മുകളിലാണ് വിശ്വമാനവികതയെ പ്രതിഷ്ഠിക്കേണ്ടത് എന്നതായിരുന്നു ടാഗോറിന്റെ കാഴ്ചപ്പാട്.

> *രാഷ്ട്രത്തിന് അതിന്റെ അധികാരത്തിന്റെയും വൈഭവത്തിന്റെയും ആടയാഭരണങ്ങളോടെ, അതിന്റെ പതാകകളാലും സ്തുതിഗീതങ്ങ ളാലും, ദേവാലയങ്ങളിലെ അതിന്റെ ദൈവഭൂഷണങ്ങളായ പ്രാർഥ നകളാൽ ദേശസ്നേഹപരമായ ആത്മപ്രശംസയുടെ സാഹിത്യ വാഗ്ധോരണികളാൽ രാഷ്ട്രത്തെ സംബന്ധിച്ച ഏറ്റവും വലിയ തിന്മ രാഷ്ട്രം തന്നെയാണെന്ന്, അതിന്റെ എല്ലാ മുൻകരുതലുകളും അതിനെതിരാണെന്നുള്ള വസ്തുത മറച്ചുപിടിക്കാനാവില്ല.*[65]

## നെഹ്റുവിന്റെ ദേശീയതാസങ്കൽപ്പം

നെഹ്റുവിന്റെ അഭിപ്രായത്തിൽ ആധുനികമായ അർഥത്തിലുള്ള ഇന്ത്യൻ ദേശീയത അടുത്തകാലത്തുമാത്രം രൂപംകൊണ്ടതാണ്. ദേശീയത ആധുനികരാ ഷ്ട്രങ്ങളുടെയെല്ലാം ചാലകശക്തിയാണെന്ന് നെഹ്റു വിശ്വസിച്ചു. അദ്ദേഹ ത്തിന്റെ അഭിപ്രായത്തിൽ ദേശീയത സങ്കുചിതമോ ഭ്രാന്തമോ ആയ വികാരമല്ല മറിച്ച് ആരോഗ്യകരമായ ശക്തിയാണ്. വാസ്തവത്തിൽ ദേശീയബോധം അനിവാ ര്യമായിരുന്ന വിദേശാധിപത്യത്തിന്റെ സ്ഥാനത്ത് ദേശസ്നേഹപരവും വൈകാരി

കവുമായ കാഴ്ചപ്പാടിലൂടെയാണ് നെഹ്റു ദേശീയത വികസിപ്പിച്ചത്. ഒരുപക്ഷേ സ്വാതന്ത്ര്യത്തോടടുത്ത കാലത്ത് നെഹ്റുവിന്റെ പ്രഥമ പരിഗണന ദേശരാഷ്ട്ര മെന്ന നിലയിലുള്ള ഇന്ത്യയുടെ ഐക്യമായിരുന്നു. മതേതരമായ വീക്ഷണകോ ണിലൂന്നിയതായിരുന്നു നെഹ്റൂവിയൻ ദേശീയത. ഇന്ത്യയുടെ വൈവിധ്യത്തിന്റെ സമൃദ്ധി നിലനിർത്താൻ അദ്ദേഹം സൈനികവൽക്കരണത്തെ എതിർത്തു. നെഹ്റു വിന്റെ ദേശീയതാവികാരങ്ങൾ സോഷ്യലിസവുമായി ഇണങ്ങി നിൽക്കുന്നതായിരു ന്നു. ദേശീയതയും രാഷ്ട്രീയ ഐക്യവും ഇംഗ്ലീഷുകാരുടെ സംഭാവനയാണെന്ന് നെഹ്റു വിശ്വസിച്ചു. വ്യത്യസ്ത സംസ്കാരങ്ങളും ശീലങ്ങളും ജീവിതരീതികളു മുള്ള ഇന്ത്യ നിർമിക്കപ്പെടേണ്ടത് ഏകരാഷ്ട്രമായല്ല മറിച്ച് ജൈവികരാഷ്ട്രമായാ ണ്.[66] രാജ്യത്തിന്റെ താൽപര്യം പരമപ്രധാനമായി ഉള്ളിലുള്ള ഒരാൾ തനിക്കു വന്നുചേർന്ന ക്ലേശങ്ങളെക്കുറിച്ച് വ്യാകുലപ്പെടുന്നില്ല. രാഷ്ട്രവും അതിലെ ഭാഷ കളും തമ്മിലുള്ള ബന്ധത്തെ നെഹ്റു അംഗീകരിച്ചു. രാഷ്ട്രത്തിന്റെ വളർച്ച ഭാഷ യുടെ വളർച്ചയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. നെഹ്റു ദേശീയതയുടെ വൈകാരികഭാവത്തിനുടമയായിരുന്നു. ഈ വൈകാരികാവസ്ഥ സ്വാതന്ത്ര്യത്തിനുവേണ്ടി രാഷ്ട്രീയ ഐക്യത്തോടെ പോരാടാൻ ആവശ്യമാ ണെന്നും അദ്ദേഹം കണ്ടു. അന്തർദേശീയതയിൽ വിശ്വാസമുള്ള നെഹ്റു ദേശീയ തയുടെ ദുഷിച്ച വശങ്ങളെക്കുറിച്ച് ബോധവാനായിരുന്നു. വീക്ഷണത്തിൽത്തന്നെ പരിമിതമായ ദേശീയത വളരാനുള്ള ഇന്ധനം സ്വീകരിക്കുന്നത് മറ്റു രാഷ്ട്രങ്ങളോ ടുള്ള വെറുപ്പിൽനിന്നും ദ്വേഷത്തിൽനിന്നുമാണ്. അത് തീവ്രമായ ദേശഭക്തിയിൽ അധിഷ്ഠിതമായതും രാഷ്ട്രാതിർത്തികൾ പരിപാവനമെന്നു കരുതുന്നതുമാണ്. ചരിത്രത്തിലെല്ലായ്പ്പോഴും വെറുപ്പും ശത്രുതയും ഉണ്ടാക്കുന്ന ദേശീയത അക്ഷമ യുടെയും വിനാശത്തിന്റെയും ഹീനമായ അക്രമത്തിന്റെയും ഉറവിടമാണ്. ദേശീ യത ഒരാളുടെ കാഴ്ചയെ പരിമിതപ്പെടുത്തുകയും അയാളുടെ രാഷ്ട്രം മറ്റുള്ളവരു ടേതിൽനിന്നും വ്യത്യസ്തമാണെന്ന് ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അന്തർദേശീയതയിൽ വിശ്വാസമർപ്പിച്ച നെഹ്റു അന്തർദേശീയത പലപ്പോഴും

ഉപരിപ്ലവമാണെന്നും രണ്ടുതരം ദേശീയതകൾ തമ്മിലുള്ള സംഘർഷത്തിൽ എപ്പോഴും അന്തർദേശീയതക്കുമേൽ ദേശീയതയാണ് വിജയം കൈവരിക്കുന്ന തെന്നും അഭിപ്രായപ്പെട്ടു. ദേശീയത ഇന്ത്യയുടെ ഐക്യത്തിനും സ്വാതന്ത്ര്യ ത്തിനും അത്യാവശ്യമാണെങ്കിലും ലോകം മുഴുവൻ അന്തർദേശീയതയിലേക്കു നീങ്ങുന്ന ഒരു പ്രവണതയിൽ നെഹ്റു വിശ്വസിച്ചു. രാഷ്ട്രീയ അന്തർദേശീയത നെഹ്റുവിനോടുകൂടിത്തുടങ്ങിയെന്നും നെഹ്റുവിനെ രാഷ്ട്രീയ അന്തർദേശീയത യുടെ പിതാവായി കണക്കാക്കാമെന്നും ജയന്താനുജബന്ദോപാധ്യായ അഭിപ്രായ പ്പെടുന്നുണ്ട്.[67]

നെഹ്റു ഐക്യരാഷ്ട്രസഭയെ പിൻതാങ്ങുകയും ഏകലോകത്തിനുവേണ്ടി ഏഷ്യൻ രാജ്യങ്ങൾ ഒന്നിച്ചു നിൽക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. 1948 നവംബർ 8 ന് ഇന്ത്യൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ പ്രസംഗിക്കുമ്പോൾ ലോകസമാധാനത്തിനും മാനവികതക്കും വേണ്ടിയുള്ള ഇന്ത്യയുടെ ആഗ്രഹത്തെ ക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. വാർത്താവിനിമയ സൗകര്യങ്ങളുടെ വർധ നവ് ലോകത്തെ കൂടുതൽ അടുത്തേക്കു കൊണ്ടുവരുമെന്ന് അദ്ദേഹം ചിന്തിച്ചു. ഒരു രാജ്യത്തിനും ഒറ്റപ്പെട്ടു നിൽക്കാനോ അവനവന്റെ പ്രശ്നങ്ങൾ സ്വയം പരിഹ രിക്കാനോ കഴിയില്ലെന്നും അതുകൊണ്ട് നാം ഒരു പൊതുലോകക്രമത്തിലേക്കും ലോക ഗവൺമെന്റിലേക്കും ഉയരണമെന്നും നെഹ്റു പറഞ്ഞു. ചേരിചേരാനയം ലോകസമാധാനത്തെക്കുറിച്ചുള്ള ഇന്ത്യയുടെ വീക്ഷണത്തെ പ്രതിനിധീകരിക്കു ന്നുണ്ടെന്നും അത് ഇന്ത്യയുടെ സവിശേഷമായ സംഭാവനയാണെന്നും അദ്ദേഹം കരുതി. ഭൂഖണ്ഡങ്ങൾ രാഷ്ട്രങ്ങൾ എന്ന നിലയിലുള്ള വിഭജനത്തിന്റെ പ്രസക്തി കുറഞ്ഞുവരികയാണെന്നും സ്വതന്ത്രപരമാധികാര രാഷ്ട്രങ്ങൾ എന്ന നിലയിലുള്ള രാഷ്ട്രങ്ങളുടെ അസ്തിത്വത്തിന് അറുതിവരുത്തണമെന്നും അദ്ദേഹം വിചാരിച്ചു. ഒരു രാഷ്ട്രത്തിന്റെ പ്രശ്നം ലോകത്തിന്റെ പ്രശ്ന ത്തിൽനിന്ന് വേർതിരിച്ചുകാണാൻ കഴിയില്ലെന്നും സുസ്ഥിരമായ ലോകസമാധാന ത്തിന് ഒരു ലോകസഖ്യം അനിവാര്യമാണെന്നും അദ്ദേഹം വിചാരിച്ചു. നെഹ്റു

ലോകത്തെ ഒരു കുടുംബമായിക്കാണുകയും രാഷ്ട്രത്തെക്കാൾ മാനവികതക്ക് പ്രാധാന്യം നൽകുകയും ചെയ്തു. ലോകത്തിലെ വൈവിധ്യങ്ങൾ ക്രമേണ കുറഞ്ഞുവരുമെന്നും സാവധാനം ലോകം ഏകത്വത്തിലേക്ക് വരുമെന്നും അദ്ദേഹം കണക്കാക്കി.

**കേരളദേശീയത**

പ്രാചീനമായ പല കൃതികളിലും കേരളം പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിന്റെ വിസ്തൃതിയോ ഭൂമിശാസ്ത്ര അതിർത്തികളോ വ്യക്തമോ കൃത്യമോ അല്ല. എങ്കിലും ഒരേ ഭാഷ സംസാരിക്കുന്നവർ എന്ന നിലയിലുള്ള ഏകതാബോധം നിലനിന്നിരുന്നു. ഇന്നുകാണുന്ന തരത്തിലുള്ള ഒരു ദേശമായി കേരളം നിലവിൽ വന്നത് ഭാഷാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കപ്പെട്ടപ്പോഴാണ്.

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പ്രാചീനകാലത്തുതന്നെ ഒരു സവിശേഷമായ സംസ്കാരം രൂപപ്പെടുത്തിയെടുക്കാൻ സഹായകരമായി. കിഴക്ക് സഹ്യപർവതവും പടിഞ്ഞാറ് അറബിക്കടലും കേരളത്തെ മറ്റു പ്രദേശങ്ങളിൽനിന്ന് വേർതിരിക്കുകയും മലമ്പാതകൾ മറ്റു പ്രദേശങ്ങളുമായുള്ള ഇടപെടൽ സാധ്യമാക്കുകയും ചെയ്തു. കാലവർഷക്കാറ്റിന്റെ ഗതി കേരളത്തെ മറ്റു വിദേശരാജ്യങ്ങളുമായുള്ള വാണിജ്യത്തിന് സഹായിക്കുകയും നിരവധി സംസ്കാരങ്ങളുമായി സമ്പർക്കത്തിലേർപ്പെട്ടതുമൂലം ഒരു സവിശേഷ സംവേദനമുള്ള ജനതയായി കേരളീയർ പരിണമിക്കുകയും ചെയ്തു.

ദീർഘകാലത്തെ ബ്രിട്ടീഷ് ആധിപത്യം കേരളത്തിന്റെ സമ്പദ്ഘടനയെ മാറ്റിമറിച്ചു. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ അതിരുകൾ ഭേദിച്ച് ഒറ്റക്കമ്പോള മേഖലയാക്കി ഏകീകരിച്ചു. വിദേശകമ്പോളത്തിന്റെ കടന്നുവരവ് കേരളത്തിലെ ഉൽപ്പാദന-ഉപഭോഗത്തിന്റെ സ്വാഭാവിക ബന്ധങ്ങളെ തകിടംമറിക്കുകയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കോളനിയായി കേരളം പരിണമിക്കു

കയും ചെയ്തു. ഉൽപ്പാദനം ഭക്ഷ്യോപയോഗത്തിനുവേണ്ടിയാകുന്നതിനു പകരം കയറ്റുമതിക്ക് വേണ്ടിയുള്ളതായി. കാർഷികരംഗത്ത് മുതലാളിയും തൊഴിലാളിയു മുണ്ടായി. അധ്വാനശക്തി വിറ്റ് ജീവിതംകഴിക്കുന്ന പുതിയൊരു വർഗം ഉടലെ ടുത്തു. മുതലാളിത്ത ഉൽപ്പാദനബന്ധം ജാതിജന്മിസംസ്കാരത്തെ പിൻതള്ളി പുതിയൊരു സംസ്കാരത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കി.[68] വിദ്യാഭ്യാസ പുരോഗതിയും പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക രാഷ്ട്രീയ നവോത്ഥാ നവും കേരളത്തിന്റെ മുഖച്ഛായ മാറ്റിമറിച്ചു. മിഷണറിമാർ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും അച്ചുകൂടങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും നിർമിക്കു കയും ചെയ്തു. ഇതുമൂലം പാശ്ചാത്യസംസ്കാരത്തിന്റെയും അറിവിന്റെയും സ്വാധീനത്തിൽ ഒരു പുതിയ ഉണർവുണ്ടായി. വിദേശമിഷണറിമാരും നാട്ടുപാതിരി മാരും നിഘണ്ടുക്കളും വ്യാകരണഗ്രന്ഥങ്ങളും രചിച്ചു. സാധാരണക്കാർക്ക് മനസ്സി ലാവുന്ന ഒരു ഗദ്യശൈലി പ്രചരിച്ചു. ജാതിമതഭേദമന്യേ പുതിയ വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമായി. വൈജ്ഞാനിക ഗ്രന്ഥങ്ങൾ, ജീവചരിത്രങ്ങൾ, ആത്മക ഥകൾ, യാത്രാവിവരണങ്ങൾ എന്നിവയിലൂടെ മലയാളഗദ്യത്തിന് പ്രാധാന്യം കൊടുത്തതിലൂടെ ഗദ്യകേന്ദ്രിതമായ ഒരു സാഹിത്യസംസ്കാരം രൂപീകൃതമായി. പത്രമാസികകൾ സാഹിത്യത്തെ മതേതരമായി സമീപിച്ച് മലയാളഭാഷയുടെ മാന കീകരണത്തെ സാധ്യമാക്കി. കേരളവർമയുടെ നേതൃത്വത്തിൽ നിർമിച്ച പാഠപു സ്തകങ്ങളും പത്രമാസികകളും മതേതരമായ ഒരു പൊതുമണ്ഡലം സാധ്യ മാക്കിയതിലൂടെ അദൃശ്യമായ വലിയൊരു ജനവിഭാഗത്തെ അഭിസംബോധന ചെയ്യാൻ സാധിച്ചു. വാർത്താചിത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട ദൃശ്യസംസ്കാരം മതാ തീത ജനകീയതയെയും മതേതര ദേശീയതയെയും പോഷിപ്പിച്ചു.[69] ഇന്ത്യയെ ന്നാൽ വിവിധ ജനവിഭാഗങ്ങളടങ്ങിയ ഒരു സമൂഹമാണെന്നുള്ള ബോധം ഉളവാ ക്കാൻ ഇതുകൊണ്ട് സാധിച്ചു.

കേരളത്തിൽ നിലനിന്നിരുന്ന ജാതിസമ്പ്രദായം താണജാതിക്കാരെ തൊട്ടു കൂടാത്തവരായി മാറ്റിനിർത്തിയിരുന്നു. ബ്രിട്ടീഷുകാരുടെ ഭരണം പ്രദാനംചെയ്ത

വിജ്ഞാനവും രാഷ്ട്രീയ സമാധാനവും ജാതിസമ്പ്രദായത്തിലെ വിലക്കുകൾക്കെതിരെ പ്രതിഷേധ പ്രസ്ഥാനങ്ങൾ ആരംഭിക്കാൻ ജനങ്ങളെ പ്രാപ്തരാക്കി. നവീന ചിന്താഗതി ഉൾക്കൊണ്ട ആളുകൾ സാമൂഹികവും സാമ്പത്തികവും മതപരവുമായ തിന്മകൾക്കെതിരെ പോരാടാൻ രംഗത്തുവന്നു. ശ്രീനാരായണഗുരു സാമൂഹ്യപരിഷ്കരണശ്രമങ്ങൾക്ക് നേതൃത്വം നൽകുകയും ഈഴവർക്കിടയിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെ പോരാടുകയും ചെയ്തു. ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച നവോത്ഥാനപ്രസ്ഥാനവും അദ്ദേഹത്തിന്റെ കവിതകളും ആധുനിക കേരളത്തിന്റെ രൂപവൽക്കരണത്തിൽ നിർണായക പങ്കുവഹിച്ചു. ഇതൊരു പുതിയ ലോകബോധം വികസിക്കുന്ന പ്രക്രിയ കൂടിയായിരുന്നു. വ്യക്തികളുടെ ശബ്ദങ്ങളെ സമൂഹത്തിലിടപെടാൻ തക്കതായി മാറ്റുകയും ജാതിശരീരങ്ങളെ പൗരശരീരങ്ങളാക്കിത്തീർക്കുകയുമായിരുന്നു ഈ നവോത്ഥാന പ്രവർത്തനങ്ങളുടെ ലക്ഷ്യം. അടിമത്തത്തിലും അന്ധകാരത്തിലുംകിടന്ന ഒരു ജനതക്ക് വ്യക്തികൾ എന്ന നിലക്കുള്ള അവകാശങ്ങളെക്കുറിച്ച് ചിന്തിക്കാനും ഒരു പുതിയ വ്യക്തിത്വത്തിലേക്ക് ഉണരാനും ഗുരുവിന്റെ പ്രവർത്തനങ്ങൾ വഴിയൊരുക്കി. അയ്യങ്കാളി, വാഗ്ഭടാനന്ദൻ, വക്കം അബ്ദുൾഖാദർ മൗലവി, ചട്ടമ്പിസ്വാമികൾ, സഹോദരൻ അയ്യപ്പൻ, വി.ടി.ഭട്ടതിരിപ്പാട് തുടങ്ങിയ സാമൂഹ്യപരിഷ്കർത്താക്കളെല്ലാം ജാതിവ്യവസ്ഥക്കെതിരെയും താഴ്ന്ന ജാതിക്കാരുടെ വിദ്യാഭ്യാസത്തിനുവേണ്ടിയും പ്രവർത്തിച്ചവരായിരുന്നു. സാമുദായിക സംഘടനകളായ എസ്.എൻ.ഡി.പി, എൻ.എസ്.എസ്, യോഗക്ഷേമസഭ തുടങ്ങിയവയെല്ലാം പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളീയനവോത്ഥാനത്തിന് ആക്കംകൂട്ടി.

ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാം ദശകമായപ്പോഴേക്കും സാമുദായിക-ജാതീയ സംഘടന രൂപംകൊള്ളാത്ത ഒരൊറ്റ ജാതിയോ സമുദായമോ കേരളത്തിലുണ്ടായിരുന്നില്ല എന്നു കാണാം. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ ഏറ്റവും കൂടുതൽ സാക്ഷരതയും വിദ്യാഭ്യാസവും പുരോഗമനചിന്താഗതിയും നിലനിൽക്കുന്ന കേരളത്തിലാണ് ഏറ്റവുംകൂടുതൽ സാമുദായിക-ജാ

തിസംഘടനകൾ ഉയർന്നുവന്നത്. പ്രത്യേകമായ ചരിത്ര യാഥാർഥ്യങ്ങളുടെ പശ്ചാത്തലത്തിൽനിന്നും രൂപംകൊണ്ട ഈ സാമുദായികസംഘടനകൾ പുരോഗമനപരവും (Prograssive) പ്രതിലോമപരവും (Reactionary) ആയ സ്വാധീനങ്ങൾ പിൽക്കാലകേരളീയ സമൂഹത്തിൽ ചെലുത്തിയതായി കാണാം. നൂറ്റാണ്ടുകളോളം സാമൂഹികമായി അടിച്ചമർത്തപ്പെട്ടുകിടക്കുന്ന സമൂഹത്തിലെ കീഴാള വിഭാഗം (Subaltern groups) ഈ സംഘടനകളുടെ പ്രവർത്തനഫലമായി ബോധവൽക്കരിക്കപ്പെട്ടതിലൂടെ കേരളത്തിലെ ആദ്യത്തെ ജനകീയ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് വഴിയൊരുങ്ങി. ഇങ്ങനെ ബോധവത്കരിക്കപ്പെട്ട കർഷകരും തൊഴിലാളികളും പിൽക്കാലത്ത് വർഗസംഘടനകൾക്ക് (Class organizations) രൂപംകൊടുക്കുകയും അതുവഴി സാമ്രാജ്യത്വ വിരുദ്ധ ദേശീയപ്രസ്ഥാനത്തിൽ ഭാഗഭാക്കുകളായിത്തീരുകയും ചെയ്തു.[70] അയിത്താചരണത്തിനെതിരെയും ക്ഷേത്രപ്രവേശനത്തിനുവേണ്ടിയുമുണ്ടായ വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും അമ്പലങ്ങളിൽ അവർണർക്കുകൂടി പ്രവേശിക്കുവാനുള്ള അവസരം നൽകി.

ദേശീയതലത്തിൽ രൂപംകൊണ്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് കേരളത്തിൽ വേരോട്ടമുണ്ടായത് വളരെ വൈകിയാണ്. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലേക്കും മറ്റു പ്രക്ഷോഭങ്ങളിലേക്കും എത്തിപ്പെട്ട കേരളജനത ഇന്ത്യൻ ദേശീയതയിലേക്ക് കണ്ണിചേർക്കപ്പെടുകയായിരുന്നു. തുടർന്ന് 1956 ൽ കേരളസംസ്ഥാന രൂപീകരണം നടക്കുകയും കേരളം രാഷ്ട്രീയമായി ഏകീകരിക്കപ്പെടുകയും ചെയ്തു.

### ദേശീയതയും പരിസ്ഥിതിയും

ഇന്ത്യയിൽ അധിനിവേശ വിരുദ്ധമനോഭാവങ്ങൾ രൂപപ്പെടാൻ സാമ്പത്തിക പ്രശ്നങ്ങൾ ഒരു പ്രധാനകാരണമായിരുന്നു. ബ്രിട്ടന്റെ ഭരണം ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലും സാമൂഹികരംഗങ്ങളിലും വലിയ മാറ്റമുണ്ടാക്കി. മുതലാളിത്ത

ത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്കായി കോളനികളെ ഉപയോഗപ്പെടുത്താനായി ഇന്ത്യൻ സമുദായത്തിലെ ഫ്യൂഡൽവ്യവസ്ഥയുടെ അടിത്തറ പിഴുതെടുക്കുകയും മുതലാളിത്ത സമ്പദ്വ്യവസ്ഥാക്രമങ്ങൾ നടപ്പിൽ വരുത്തുകയുമായിരുന്നു ഇതിന്റെ ആദ്യപടി.

ഇന്ത്യയിലെ ബ്രിട്ടീഷ് ആധിപത്യത്തിന്റെ വളർച്ചയുടെ ചരിത്രം ബ്രിട്ടീഷു കാർക്കുമുമ്പുള്ള ഇന്ത്യയിലെ ഫ്യൂഡൽസമ്പദ്വ്യവസ്ഥയിൽനിന്ന് മുതലാളിത്ത സമ്പദ്വ്യവസ്ഥയിലേക്കുള്ള രൂപപരിണാമത്തിന്റെ ചരിത്രം കൂടിയാണ്. അതുകൊ ണ്ടുതന്നെ പഴയ വ്യവസായങ്ങളോടും ഭൂവ്യവസ്ഥകളോടും ബന്ധപ്പെട്ട വർഗങ്ങ ളുടെ അധഃപതനമായും പുതിയ ഭൂവ്യവസ്ഥകളിലും ആധുനികവ്യവസായങ്ങ ളിലും അധിഷ്ഠിതമായ പുതിയ വർഗങ്ങളുടെ വളർച്ചയുമായും ഈ ചരിത്രത്തിന് ബന്ധമുണ്ട്. ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ ആധുനികവ്യവസായവും ഗതാഗതവും വളർന്നുവന്നതുകൊണ്ട് കൈത്തൊഴിൽകാരുടെയും കരകൗശലവേലക്കാരുടെയും വർഗം തിരോധാനം ചെയ്തു. മുതലാളിമാർ, വ്യവസായഗതാഗതതൊഴിലാളികൾ, കുടിയാന്മാർ, ഇന്ത്യയിലെയും വിദേശങ്ങളിലെയും ആധുനികവ്യവസായങ്ങളുടെ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട പുതിയ കച്ചവടക്കാർ എന്നിങ്ങനെയുള്ള പുതിയ വർഗങ്ങൾ ആവിർഭവിച്ചു. ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ സ്വാധീനം ഇന്ത്യൻ സമു ദായത്തിന്റെ സാമ്പത്തികഘടനക്ക് മാത്രമല്ല അതിന്റെ സാമൂഹ്യസ്വഭാവത്തിലും മാറ്റം വരുത്തി.

ഇന്ത്യയുടെ ഭൗതികസാമ്പത്തിക വളർച്ചയിൽ പുരോഗമനപരമായ പങ്കുവ ഹിച്ചിട്ടുണ്ടെങ്കിലും സ്വതന്ത്രവും ആരോഗ്യകരവും സാമ്പത്തികവും സാമൂ ഹികവും സാംസ്കാരികവുമായ മുന്നേറ്റത്തെ അടിസ്ഥാനപരമായി തടസ്സപ്പെടു ത്തിക്കൊണ്ടാണ് അധിനിവേശം ഇവിടെ വേരുറപ്പിച്ചത്. ഇന്ത്യയുടെ വികസനതാ ൽപ്പര്യങ്ങളേക്കാൾ ബ്രിട്ടീഷ് താൽപ്പര്യങ്ങൾക്ക് മുൻതൂക്കം നൽകി. ഇന്ത്യൻ വ്യവ സായവളർച്ചയെ നിയന്ത്രിക്കുകയും അസംസ്കൃതസാധനങ്ങളുടെ ആവശ്യം നിറ

വേറ്റുന്നതിനുവേണ്ടി കാർഷികോൽപ്പാദനം അലങ്കോലപ്പെടുത്തുകയും ചെയ്തു. ബ്രിട്ടനുവേണ്ടി അസംസ്കൃതസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കോളനിയായും അവരുടെ ഉൽപ്പന്നങ്ങളുടെ വിപണിയായും ഇന്ത്യയെ നിലനിർത്തി. ഗ്രാമസ്വയംപ ര്യാപ്ത സമ്പദ്വ്യവസ്ഥയെ ഏകവും ഏകീകൃതവുമായ സമ്പദ്വ്യവസ്ഥയുടെ അവിഭാജ്യഘടകമാക്കിത്തീർത്തുകൊണ്ടാണ് കോളനിഭരണം ഇവിടെ വേരുറപ്പിച്ച ത്. വിവിധ സാമൂഹ്യവിഭാഗങ്ങളടങ്ങിയ ഇന്ത്യൻ ജനതയുടെ സ്വതന്ത്രമായ പരി ണാമാത്മക വളർച്ചയിൽ ബ്രിട്ടീഷ് താൽപ്പര്യങ്ങൾ ചെലുത്തിയ സമ്മർദ്ദത്തിന്റെ സൃഷ്ടിയാണ് വാസ്തവത്തിൽ ഇന്ത്യൻ ദേശീയപ്രസ്ഥാനം.[71] ബലപ്രയോഗത്തി ന്റെയും കടന്നാക്രമണത്തിന്റെയും വ്യാപാരാധിനിവേശത്തിന്റെയും രൂപത്തിൽ പ്രവർത്തിച്ച കൊളോണിയലിസം പിന്നീട് സാംസ്കാരികാധിനിവേശ പദ്ധതികൾ തുടങ്ങുകയാണ് ചെയ്തത്.

ഇന്ത്യയിൽ ആധുനികതയുടെ കടന്നുവരവ് സ്വദേശീയമായ ബൗദ്ധിക-സാംസ്കാരികഭൂമികയിൽനിന്നായിരുന്നില്ല. മറിച്ച് കൊളോണിയൽ ഭരണത്തി ന്റെയും അവരുടെ ഇടനിലക്കാരുടെയും വീക്ഷണത്തിൽനിന്നാണ് അതിന്റെ ഉദ്ഭവം. ആധുനികതയുടെ ഉപഭോക്താക്കളും പ്രചാരകരുമായ മധ്യവർഗം പാശ്ചാ ത്യസംസ്കാരത്തെ ഉയർത്തിപ്പിടിച്ചു. ആശയപരമായും ജീവിതരീതികൊണ്ടും തനി പാശ്ചാത്യരായ ഇവർ ആധുനികരായി ജീവിക്കുകയും സ്വന്തം പാരമ്പര്യത്തെ വിമർശനാത്മകമായി അന്വേഷിക്കുകയും ചെയ്തു. പത്തൊമ്പതാം നൂറ്റാണ്ടിലെ നവോത്ഥാനാശയങ്ങൾപോലും കൊളോണിയൽ ഭരണത്തിന്റെ പ്രത്യയശാസ്ത്രപ രമായ ഉപകരണങ്ങളിലൂടെ സ്വീകരിക്കപ്പെട്ട, പടിഞ്ഞാറൻ സമൂഹങ്ങളുടെ ചരിത്ര ത്തിൽ നിന്നുള്ള രാഷ്ട്രീയവിശ്വാസവും സാംസ്കാരികമൂല്യങ്ങളും സാമൂഹികവീ ക്ഷണവും ഉൾക്കൊണ്ട ഒരു മധ്യവർഗത്തിന്റെ ഉദയത്തിന്റെ പശ്ചാത്തലത്തിൽ സാധ്യമായതായിരുന്നു.[72] കൊളോണിയൽ ഭരണകൂടം വിഭവങ്ങൾ വൻതോതിൽ ചൂഷണം ചെയ്യുകവഴി ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയെയും പരിസ്ഥിതിയെയും മാറ്റിമറിച്ചു. കൊളോണിയൽ വിരുദ്ധസമരം, ഇന്ത്യയുടെ സമ്പത്തിലും ഭൂമിയിലും

വിഭവങ്ങളിലുമുള്ള തദ്ദേശീയജനതയുടെ അവകാശബോധവുമായിക്കൂടി ബന്ധപ്പെട്ടതായിരുന്നു.

## ആധുനികതയും പ്രകൃതിയും

പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങൾ പുനർനിർവചിച്ചുകൊണ്ടാണ് ആധുനികത കടന്നുവന്നത്. ആധുനികത മനുഷ്യനെ പ്രപഞ്ചത്തിന്റെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കുകയും പ്രകൃതി ചൂഷണം ചെയ്യപ്പെടേണ്ട വിഭവസ്രോതസ്സാണെന്ന് തീർപ്പാക്കപ്പെടുകയും ചെയ്തു. പ്രകൃതിക്കുമേൽ പെരുകിവരുന്ന മനുഷ്യാധിപത്യത്തിന്റെ തോതനുസരിച്ചാണ് മനുഷ്യസ്വാതന്ത്ര്യം വർധിതമാവുന്നതെന്ന് മനസ്സിലാക്കപ്പെടാൻ തുടങ്ങുകയും മനുഷ്യനാൽ കീഴടക്കപ്പെടേണ്ട അപരത്തിന്റെ പദവി പ്രകൃതിക്കു ലഭിക്കുകയും ചെയ്തു. കീഴടക്കപ്പെടേണ്ടതിനു പകരം ആരാധിക്കേണ്ട ഒന്നായി പ്രകൃതിയെ നോക്കിക്കാണുമ്പോഴും മനുഷ്യനിൽനിന്ന് വേറിട്ടുനിൽക്കുന്ന പദവിയിൽത്തന്നെയാണ് പ്രകൃതി തുടരുന്നത്. ചുരുക്കത്തിൽ നമുക്കുപുറത്തുള്ള ഒരു അപരയാഥാർഥ്യമായി പ്രകൃതിയെ മനസ്സിലാക്കാൻ നമ്മെ പാകപ്പെടുത്തുകയാണ് മുതലാളിത്ത ആധുനികത ചെയ്തത്. ആധുനികതയുടെ പ്രകൃതിദർശനം പ്രകൃതിയുടെ അപരവൽക്കരണമാണ്.[73] പ്രപഞ്ചത്തിന്റെ കേന്ദ്രവും വിധാതാവുമായി മനുഷ്യനെ പ്രതിഷ്ഠിച്ചുകൊണ്ടുള്ള വീക്ഷണവും സാഹസികമായ കീഴടക്കലുകളിലൂടെ അപരിചിതമായ ഇടങ്ങൾ വരുതിയിലാക്കാനുള്ള ശ്രമവും ആധുനികതയുടെ പ്രമുഖ സ്വഭാവങ്ങളിൽ ഒന്നായിരുന്നു.

ആധുനികതയുടെ ഈ ഉപഭോഗയുക്തികളെ ചോദ്യംചെയ്തുകൊണ്ടാണ് ഇന്ത്യൻ ദേശീയപ്രസ്ഥാനം പുരോഗമിച്ചത്. ഒരു ഭാഗത്ത് ഗാന്ധിയൻ പാരമ്പര്യങ്ങളിൽ ഊന്നിനിന്നുകൊണ്ട് ആധുനികീകരണത്തിന്റെ അടിസ്ഥാനയുക്തികളെ ചോദ്യം ചെയ്തു. ഗാന്ധിയുടെ ആധുനികതാവിമർശനം മൂലധനവികാസത്തിന്റെ ചൂഷണാത്മകസ്വഭാവത്തെ വിശകലനം ചെയ്യുന്നതായിരുന്നു. അധിനിവേശകരുടെ

നിയന്ത്രണമില്ലാത്ത വനനശീകരണവും പ്രകൃതിവിഭവങ്ങളുടെ ചൂഷണവും സൃഷ്ടിച്ച ഭരണത്തിനെതിരായിരുന്നു ഈ സമരങ്ങൾ.

എന്നാൽ കോളനികൾ സ്വതന്ത്രമായതോടുകൂടി സാമൂഹിക വികസനശ്രമങ്ങൾക്ക് മുഖ്യസ്ഥാനം കൊടുക്കുകയും പുതിയതായി അധികാരമേറ്റ ഭരണകൂടങ്ങൾ മുതലാളിത്ത വികസനതന്ത്രങ്ങളെ പിൻപറ്റുകയും ചെയ്തു. അപകോളനീകരണവും അവികസിതരാജ്യങ്ങളുടെ ചെറുത്തുനിൽപ്പുകളും വിഭവങ്ങളുടെ ചൂഷണം ദുഷ്കരമാക്കി. പുതുതായി സ്വാതന്ത്ര്യം നേടിയ ചില രാഷ്ട്രങ്ങൾ മുതലാളിത്തപാതയിലൂടെത്തന്നെ മുന്നേറിയെങ്കിലും തങ്ങളുടെ വിഭവങ്ങളും തൊഴിൽശക്തികളും സ്വന്തം കൈകളിൽത്തന്നെ മുറുകെപ്പിടിക്കുകയും ചെയ്തു.

ഇത്തരം സന്ദർഭത്തിലാണ് അധിനിവേശത്തിന്റെ പുതിയ രീതികൾ പരീക്ഷിക്കപ്പെട്ടത്. പുതുതായി സൃഷ്ടിക്കപ്പെട്ട മുതലാളിത്തത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും യുക്തികൾക്ക് അധിനിവേശസ്വഭാവങ്ങളോടുള്ള ചാർച്ച എന്തെന്നുള്ള തിരിച്ചറിവാണ് ദേശീയതയുടെ കോളനിയനന്തര പരിപ്രേക്ഷ്യം. സാഹിത്യപഠനം സാംസ്കാരികപഠനം കൂടിയായിത്തീരുന്ന സന്ദർഭം ഇതാണ്.

മുതലാളിത്തത്തിന്റെയും ആഗോളവിപണിയുടെയും ലക്ഷ്യങ്ങൾ രാജ്യത്തെ പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുമ്പോൾ ഒരു മഹാഭൂരിപക്ഷം ഈ വിഭവ വിതരണ ശൃംഖലയിൽനിന്ന് ബഹിഷ്കൃതരാകുന്നു. സ്വന്തം ദേശത്തുനിന്ന് അന്യരാക്കപ്പെടുന്ന ഇവരുടെ പ്രശ്നം ദേശീയതയുടെ പ്രശ്നം തന്നെയാകുന്നു. ആദിവാസി-ദളിത് ഭൂസമരങ്ങളും സ്ത്രീ പ്രതിരോധങ്ങളും ദേശീയതയുടെ സങ്കീർണവ്യവഹാരങ്ങളിൽ ഇടംപിടിക്കുന്നതങ്ങനെയാണ്. വനം, ജലം, മണ്ണ്, ധാതുക്കൾ എന്നിവയുടെ ശോഷണത്തോടൊപ്പംതന്നെ പാർശ്വവൽക്കരണത്തിന്റെ ഇരകളായി കുറച്ചുപേർ മാറുകയും ചെയ്തു. വെള്ളം വായു തുടങ്ങിയവയുടെ ശോഷണം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഒരുപോലെ ബാധിച്ചപ്പോൾ പുതിയ ഒരു പാരിസ്ഥിതിക പ്രതിരോധം ഉയർന്നുവന്നു. ആഗോളവൽക്കരണമെന്ന

പേരിൽ മുതലാളിത്തം സാമ്രാജ്യത്വമൂലധനത്തിന്റെ രൂപത്തിൽ ലോകമാകെ കീഴട ക്കാൻ തുടങ്ങിയപ്പോൾ ഇത് കേവലം പാരിസ്ഥിതികപ്രശ്നം മാത്രമായി ലഘൂകരി ക്കാൻ കഴിയാതാവുകയും രാഷ്ട്രീയസാമ്പത്തിക സാംസ്കാരിക പ്രശ്നങ്ങളായി വളരുകയും ചെയ്തു. അധികാരത്തെപ്പോലെത്തന്നെ പ്രധാനമാണ് ഒരു ജനതക്ക് അവരുടെ രാജ്യത്തിലെ വിഭവങ്ങളും പരിസ്ഥിതിയും.

സാധാരണ ജനങ്ങളെ അവരുടെ വിഭവങ്ങളിൽനിന്നും ഭൂമിയിൽനിന്നും ആട്ടിയോടിക്കുക മുതലാളിത്ത വിഭവചൂഷണത്തിന്റെ സാമാന്യരീതിയാണ്. ഇത് പ്രകൃതിവിഭവങ്ങളിൽനിന്ന് മനുഷ്യനെ ആട്ടിയോടിക്കുകയും പ്രകൃതിയെയും മനു ഷ്യരെയും ഒരുപോലെ മൂലധനസമാഹരണത്തിനു കീഴ്പ്പെടുത്തുകയും ചെയ്യുന്നു. ഇതിന്റെ ഫലമായുണ്ടായ പരിസ്ഥിതി നാശം സമൂഹത്തിലെ ന്യൂനപക്ഷത്തെ ശക്തിപ്പെടുത്തുമ്പോൾ ഭൂരിപക്ഷം ജനതയും ദരിദ്രവൽക്കരിക്കപ്പെടുകയും പ്രാഥ മികാവശ്യങ്ങൾപോലും സ്വന്തം അധ്വാനംകൊണ്ട് നിറവേറ്റാൻ കഴിയാതെ മൂലധന വ്യവസ്ഥക്ക് വിധേയരായി ജീവിക്കേണ്ടി വരികയും ചെയ്യുന്നു. ലാഭാധിഷ്ഠിതമായ മുതലാളിത്ത വികസനതന്ത്രവും അതു സൃഷ്ടിക്കുന്ന പാരിസ്ഥിതിക വിള്ളലും ചേർന്ന് ഭൗമപരിസ്ഥിതിയിൽ മാറ്റംവരുത്തുകയും അവയെ ആധാരമാക്കി ജീവി ക്കുന്ന ജനവിഭാഗങ്ങളെ ദരിദ്രവൽക്കരിക്കുകയും കിടപ്പാടങ്ങളിൽനിന്നുതന്നെ ആട്ടിയോടിക്കുകയും ചെയ്യുന്നു. കുത്തകവൽക്കരണ ധനികവൽക്കരണ പ്രവണത കൾ നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ വലിയ അന്തരം സൃഷ്ടിക്കുന്നു. നഗര നിർമാണത്തിനുവേണ്ടി ഗ്രാമങ്ങളുടെ ഭൗമപരിസ്ഥിതിയിൽ നടത്തുന്ന അക്രമവും ദരിദ്രരുടെ ജീവിതോപാധികളുടെ തകർച്ചയും ഇതിന്റെ ഭാഗമാണ്. ഭൗമപരിസ്ഥി തിയുടെയും കൃഷിക്കുപയുക്തമായ ഭൂമിയുടെയും വ്യാപകമായ കമ്പോളവൽക്കര ണവും ഇതിന്റെ ഭാഗമാണ്.[74]

ഒരു ജനതയുടെമേലുള്ള സമ്പൂർണമായ ആധിപത്യത്തിന് എല്ലായ്പ്പോഴും ജനങ്ങളുടെ സാംസ്കാരിക ജീവിതത്തിനുമേൽ മേൽക്കോയ്മ സ്ഥാപിച്ചുകൊണ്ടേ

സാധ്യമാകൂ. സാംസ്കാരിക മേൽക്കോയ്മ സ്ഥാപിക്കുന്നതിലൂടെ എളുപ്പം ജനങ്ങളെ കീഴ്പ്പെടുത്താനാകുന്നു. ബലപ്രയോഗത്തിലൂടെയും സാമ്പത്തിക അധിനിവേശത്തിലൂടെയും ആധിപത്യം ഉറപ്പിക്കുന്നതിനേക്കാൾ ശക്തമായ രീതിയിൽ ഒരു ജനതയെ കീഴടക്കാൻ സാംസ്കാരിക അധിനിവേശത്തിലൂടെ സാധിക്കും. കോളനിയനന്തരകാലത്ത്, മൂന്നാം ലോകരാജ്യങ്ങളിൽ ആന്തരികമായ ഒരു കൊളോണിയൽ മനോഭാവം വളർത്തിക്കൊണ്ടുവരുന്നതിലൂടെയാണ് സാമ്രാജ്യത്വശക്തികൾ തങ്ങളുടെ ആശയമേൽക്കോയ്മക്കായി ശ്രമിച്ചത്. പുത്തൻ സാമ്രാജ്യത്വ അധിനിവേശം ആയുധശക്തിയെക്കാൾ ആശയങ്ങളുടെ ശക്തിയാണ് ആശ്രയിക്കുന്നത്. ആശയങ്ങളെയും സംസ്കാരത്തെയും അധിനിവേശത്തിന്റെ ആയുധമാക്കുകയും സാംസ്കാരിക സാമ്രാജ്യത്വം അധിനിവേശ ശക്തികളുടെ പ്രഥമ ആയുധമാവുകയും ചെയ്യുന്നു. വിവരസാങ്കേതികരംഗത്തെ കുതിപ്പുകൾ ഇതിനായി ഉപയോഗിക്കുകയും വിജ്ഞാനത്തിന്റെയും വിജ്ഞാനോൽപ്പാദനത്തിന്റെയും മേഖലകൾ അധിനിവേശ ഇടങ്ങളായി മാറുകയും ചെയ്യുന്നു. ധൈഷണിക രംഗത്ത് നടക്കുന്ന ഈ മാറ്റങ്ങളാണ് പഴയസാമ്രാജ്യത്വത്തിൽനിന്ന് പുത്തൻ സാമ്രാജ്യത്വത്തെ വ്യത്യസ്തമാക്കുന്നത്.[75]

മൂന്നാംലോകരാജ്യങ്ങളിലെ മധ്യവർഗം അധിനിവേശത്തിന്റെ തുറന്ന വക്താക്കളായി മാറി. തന്മൂലം അധിനിവേശശക്തികൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന ആഗോളീകരണം സൃഷ്ടിക്കുന്ന ആധുനികതയോടുള്ള ആഭിമുഖ്യം വർധിക്കുന്നു. ക്രമേണ ദരിദ്രരും തൊഴിലാളികളും താഴ്ന്ന മധ്യവർഗവും ആഗോളവൽക്കരണത്തിന്റെ ഈ സാംസ്കാരികാഭിരുചിയുടെ ഇരകളായി മാറുകയും ചെയ്യുന്നു.

പുതിയ സാമ്രാജ്യത്വം പ്രവർത്തിക്കുന്നത് പഴയ കൊളോണിയലിസത്തിന്റെ രീതിയിലല്ലാത്തതുകൊണ്ടുതന്നെ പഴയ പ്രതികരണത്തിന്റെ മാതൃക അസാധുവാണ്. അതുകൊണ്ടുതന്നെ അധിനിവേശവിരുദ്ധ പ്രതിരോധങ്ങളുടെ പാരമ്പര്യത്തെ പുനർവായനക്ക് വിധേയമാക്കുകയും അതിന്റെ ഇടർച്ചകളെ പരിഹരിക്കുകയും

തുടർച്ചകളെ സ്വാംശീകരിക്കുകയും ചെയ്യുമ്പോൾത്തന്നെ പുതിയ പ്രതിരോധ മാർഗങ്ങൾ ഉണ്ടാവേണ്ടതുണ്ട്.[76] പാരിസ്ഥിതികമായ ഉൽക്കണ്ഠകൾ ദേശീയതയെ അഭിസംബോധനചെയ്യുന്ന ഏറ്റവും സാർഥകമായ പ്രക്ഷോഭമായിത്തീരുന്നത് അങ്ങനെയാണ്. വിപണി ലക്ഷ്യമിട്ടുകൊണ്ടുള്ള ഉൽപ്പാദനവ്യവസ്ഥ സമ്പത്തിന്റെ കേന്ദ്രീകൃതാവസ്ഥ സൃഷ്ടിക്കുകയും അവികസിത അർധവികസിത രാഷ്ട്രങ്ങളിലെ ജനങ്ങൾക്കുണ്ടായിരുന്ന പരിമിതമായ സ്വാശ്രയത്വംപോലും നഷ്ടമാവുകയും ചെയ്യുന്നു. സ്വാർഥലാഭത്തിനുവേണ്ടി ഭൂമിയിലെ പുതുക്കാവുന്നതും പുതുക്കാനാവാത്തതുമായ എല്ലാ വിഭവങ്ങളും യാതൊരു നിയന്ത്രണവുമില്ലാതെ ചൂഷണം ചെയ്യുന്നതിന്റെ ഫലമായി മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആദാനപ്രദാനത്തിനുള്ള സന്തുലിതബന്ധം തകരാറിലാവുകയും ചെയ്യുന്നു. പ്രാന്തവൽകൃതരായിത്തീരുന്ന ജനസമൂഹങ്ങളുടെ-ഉപസംസ്കൃതികളുടെ അതീവസമ്പന്നമെന്നു പറയാവുന്ന പല നാട്ടറിവുകളും നഷ്ടമായിത്തീരുന്നു.

ആധുനികതാവാദസാഹിത്യത്തിന്റെ കാലത്തിനുശേഷം സാഹിത്യത്തിലുണ്ടായ വ്യതിയാനങ്ങൾ പ്രകൃതികേന്ദ്രിത വീക്ഷണത്തിലൂന്നിയതായിരുന്നു. ഇതിലൂടെ പ്രാന്തവൽകൃതമായ കർതൃത്വങ്ങൾക്കും അവസ്ഥകൾക്കും ഇടങ്ങൾക്കും പ്രാമുഖ്യം ലഭിക്കുകയും അങ്ങനെ പ്രകൃതി-പെണ്മ-കീഴാളസ്വത്വങ്ങൾ സാഹിത്യത്തിൽ ഇടം നേടുകയും ചെയ്തു. ഇത്തരം ഇടങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് കോളനിയനന്തര ഘട്ടത്തിൽ ദേശീയതയുടെ വിതാനങ്ങൾക്കുവന്ന പലമ അതിന്റെ നിർവചനങ്ങളെ സങ്കീർണതയിലാക്കി. സ്ഥലങ്ങൾ അവയുടെ ഭൗതിക സവിശേഷതകൾക്കപ്പുറം സാംസ്കാരികമായി നിർവചിക്കപ്പെടുന്നുണ്ട്. പ്രകൃതി അഥവാ ഭൂവിഭാഗം ജീവിതത്തിന്റെയോ കലയുടെയോ സൗന്ദര്യപശ്ചാത്തലം മാത്രമല്ല സാംസ്കാരികനിലപാടുകളെയും വൃത്തികളെയും രൂപപ്പെടുത്തുകയും പ്രകടിപ്പിക്കുകയും ചെയ്യുന്ന മാധ്യമം കൂടിയാണ്. മനുഷ്യന്റെ ഇടപെടൽമൂലമോ അല്ലാതെയോ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ സാമൂഹ്യസമീപനങ്ങളിലെ വൻപരിവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു.[77]

അതുകൊണ്ടുതന്നെ പാരിസ്ഥിതിക പ്രശ്നങ്ങൾ അഭിസംബോധനചെയ്യുന്നത് കേവല പരിസ്ഥിതിയെ മാത്രമല്ല. സാമൂഹ്യസാമ്പത്തിക സാംസ്കാരിക പുനർനിർമാണവും പുനർനിർവഹണവും ആവശ്യപ്പെടുന്ന ഒരു ദേശീയസ്വഭാവം അതിനുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം കേവലം സാംസ്കാരികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ മാത്രമല്ല അടിസ്ഥാനപരമായി അതൊരു രാഷ്ട്രീയ പ്രശ്നം കൂടിയാണ്. അധ്വാനിക്കുന്നവരും ചൂഷിതരും ഗോത്രവർഗങ്ങളും പാർശ്വവൽക്കരിക്കപ്പെട്ടവരും ഉൾപ്പെടുന്നവരുടെ ദേശീയതാ പ്രശ്നം കൂടിയാണത്.

സാമ്പത്തികവും അരോഗ്യപരവും സാംസ്കാരികവുമായ നിലപാടിൽനിന്നു നോക്കുമ്പോൾ പാരിസ്ഥിതികമായ അപചയങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് ആദിവാസികളെയും ദളിതരെയുമാണ്. ആസൂത്രിതമായ മുതലാളിത്ത പദ്ധതികളുടെ സഫലീകരണത്തിന് ഒരു ജനതയുടെ അഭിലാഷങ്ങളും താൽപ്പര്യങ്ങളും പുനർനിർവചിക്കേണ്ടതുണ്ട്. ഇത്തരം ബോധ്യങ്ങളെ പ്രതിനിധാനം ചെയ്യാൻ കെൽപ്പുള്ള ഒരു ചിന്താപദ്ധതിയായിക്കൂടി പാരിസ്ഥിതിക ഉൽക്കണ്ഠകളെ വിലയിരുത്തേണ്ടതുണ്ട്.

ആഗോളീകരണത്തിന്റെ കാലത്ത് സ്ഥലത്തിന്റെ പ്രസക്തിതന്നെ ചോദ്യം ചെയ്യപ്പെടുന്നു. അതിവേഗം സഞ്ചരിക്കുന്ന മൂലധനവും സാങ്കേതികവിദ്യയും ചേർന്ന് സ്ഥലത്തെ ഒട്ടൊക്കെ ഇല്ലായ്മ ചെയ്യുന്നു. സാങ്കേതികവിദ്യയും സമ്പദ്ശാസ്ത്രവും ഉപഭോഗസംസ്കാരവും ചേർന്ന് സ്ഥലത്തെ ഭൗതികമായി-പാരിസ്ഥിതികമായി-ഇല്ലായ്മ ചെയ്യുന്നു. ഹ്രസ്വകാല നേട്ടങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ മനുഷ്യന്റെയും ഇതര ജീവജാലങ്ങളുടെയും നിലനിൽപ്പിനെ ഇല്ലായ്മ ചെയ്യും.[78]

## ദേശീയതയും മലയാളകവിതയും

മലയാളകവിതയിൽ ദേശീയത പ്രകടനപരമായി കണ്ടുതുടങ്ങിയത് ഇരു

പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണ്. എന്നാൽ ആധുനികമായ അർഥത്തില ല്ലെങ്കിലും ദേശീയമായ അവബോധം അതിനുമുമ്പും മലയാളകവിതയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഈ ദേശീയബോധം വികസിച്ചുവന്നത് സാമൂഹികപരിഷ്ക രണ ത്വരകൾക്കൊപ്പമായിരുന്നു. കൊളോണിയൽവിരുദ്ധ സമരകാലത്ത് ധാരാളം കവികൾ ദേശീയവാദികളായിത്തീരുകയും അത് കവിതയിൽ പ്രതിഫലിക്കുകയും ചെയ്തു.

മലയാളകവിതയിലെ ആദ്യകാലകൃതികളെല്ലാം തന്നെ വേദേതിഹാസപുരാ ണങ്ങളിൽനിന്ന് ഇതിവൃത്തം സ്വീകരിച്ചിട്ടുള്ളവയോ അവയുടെ സ്വതന്ത്രതർജമ കളോ ആയിരുന്നു. *രാമചരിതം, കണ്ണശ്ശരാമായണം, രാമകഥാപ്പാട്ട്, കൃഷ്ണഗാഥ, അധ്യാത്മരാമായണം, മഹാഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട്, ഭാഷാരാമാ യണം ചമ്പു, നൈഷധം ചമ്പു, നളചരിതം, കുചേലവൃത്തം, തുള്ളൽ കൃതികൾ, ജ്ഞാനപ്പാന* തുടങ്ങിയ കൃതികളെല്ലാം കേരളത്തിൽ പൊതുവായ ഒരു സാംസ്കാ രികധാരയെ രൂപപ്പെടുത്തിയവയാണ്. ഈ ദേശീയഭാവനയുടെ ബലവത്തായ അടി ത്തറയിലാണ് സ്വതന്ത്ര ഇന്ത്യയെന്ന ആധുനിക ദേശരാഷ്ട്ര സങ്കല്പം സ്വാതന്ത്ര്യ സമരകാലത്ത് രൂപം കൊണ്ടത്.[79]

ചുറ്റുപാടുമുള്ള ധാർമിക അധഃപതനത്തോടുള്ള പ്രതികരണമായാണ് എഴു ത്തച്ഛന്റെ രചനകൾ കടന്നുവന്നത്. ജീർണമായ സാമൂഹിക അവസ്ഥകളും വൈദേ ശിക ആക്രമണവും ശിഥിലീകരിച്ച ഒരു നാടിന്റെ ധർമോദ്ധാരണമായിരുന്നു അദ്ദേ ഹത്തിന്റെ ലക്ഷ്യം. കുടിൽതൊട്ടു കൊട്ടാരംവരെയുള്ളവരുടെ വീടുകളിലെ പാരാ യണഗ്രന്ഥമാകുവാൻ അധ്യാത്മരാമായണത്തിനു കഴിഞ്ഞതിലൂടെ ഒരു ദേശ ത്തിന്റെ മുഴുവൻ പാരായണ അഭിരുചിയെ ഒരു ഗ്രന്ഥത്തിലൂടെ ക്രോഡീകരി ക്കാനും കേരളത്തെ മൊത്തത്തിൽ കൂട്ടിയിണക്കുന്ന ഒരു ഭക്തിയുടെ പരിസരം സൃഷ്ടിക്കാനും എഴുത്തച്ഛനു കഴിഞ്ഞു. എഴുത്തച്ഛന്റെ നേതൃത്വത്തിലുള്ള ഇതി ഹാസപുരാണ തർജമപ്രസ്ഥാനം ഭാരതീയ സംസ്കാരത്തിന്റെ മുഖ്യധാരയി

ലേക്കുള്ള പ്രവേശനത്തിന്റെ തയ്യാറെടുപ്പായി കാണാൻ കഴിയും.[80] രാഷ്ട്രീയത്തെ സാഹിത്യത്തിൽ നിന്ന് അന്യവൽക്കരിക്കാൻ അദ്ദേഹം തയ്യാറായില്ല. മുറിഞ്ഞ് ശിഥിലമായിക്കിടന്ന കേരളത്തെ ഒന്നാക്കാനുള്ള കർമപാതയൊരുക്കാൻ സാഹിത്യത്തെ ഉപകരണമാക്കി എഴുത്തച്ഛൻ. സാഹിത്യത്തിന്റെ സാമൂഹ്യധർമത്തെക്കുറിച്ച് ബോധവാനായ അദ്ദേഹത്തിന്റെ സാഹിത്യസംബന്ധമായ സാധാരണീകരണം ഒരർഥത്തിൽ ജനകീയസാഹിത്യത്തിലേക്കുള്ള ചൂണ്ടുപലകയായി വർത്തിക്കുന്നു.

എഴുത്തച്ഛന്റെ കൃതികൾ വായിച്ചും അക്ഷരാഭ്യാസമില്ലാത്തവർ അതു കേട്ടും നേടിയ ഉദ്ബുദ്ധതയാണ് പിൽക്കാലത്ത് സാമൂഹ്യജീവിതത്തിലും രാഷ്ട്രീയ ചിന്തയിലും പുരോഗതിയുടെ വഴിത്താര തുറന്നത്. കേരളത്തെ ഒന്നായിക്കാണാൻ പ്രേരകമായത് എഴുത്തച്ഛന്റെ സാഹിത്യമാണ്. കുബേര കുചേല ഭേദമെന്യേ മേലാള-കീഴാള വർഗചിന്തക്ക് അതീതമായി പൊതുസാമൂഹികബോധം സൃഷ്ടിക്കാനും അത് കാരണമായി. രാമനും സീതയും കൃഷ്ണനും കുന്തിയും കർണനും അർജുനനും ജാതി-വർഗചിന്തയുടെ പോറലേൽക്കാതെ ഓരോരുത്തരുടേയും ഹൃദയത്തിൽ പ്രതിഷ്ഠനേടി എന്നത് മാനുഷികമായ ജീവിതബോധത്തിന്റെ ഉൾക്കൊള്ളലായി വിശ്വസിക്കാം. ഇങ്ങനെ കൈവന്ന സാംസ്കാരിക ഐക്യമാണ് എക്കാലത്തേയും കേരളത്തിന്റെ സാമൂഹിക സമ്പത്ത്.[81]

മലയാളം സംസാരിക്കുന്ന ഭൂവിഭാഗം എന്ന നിലക്കും സഹ്യപർവതത്തിനു പടിഞ്ഞാറുള്ള തീരദേശമെന്ന നിലക്കും കേരളത്തിന് ഏകതയുണ്ടായിരുന്നെങ്കിലും ഈ നാടിന് ഭാവൈക്യം നൽകിയ ആദ്യത്തെ കവി എഴുത്തച്ഛനാണ്. ഒരു സാഹിത്യകൃതിക്ക് എപ്രകാരം ദേശീയോദ്ഗ്രഥനം സാധിക്കാമെന്ന് *അധ്യാത്മരാമായണം* കിളിപ്പാട്ടിലൂടെ അദ്ദേഹം വ്യക്തമാക്കി.[82] എഴുത്തച്ഛൻകൃതികൾ വായിച്ചും കേട്ടും നേടിയ പ്രബുദ്ധതയാണ് പിന്നീട് സാമൂഹിക രാഷ്ട്രീയ ചിന്തകളിലെ പുരോഗതിയിലേക്ക് നയിച്ചത്. വർഗചിന്തകൾക്കതീതമായി പൊതുസാമൂഹികബോധം സൃഷ്ടിക്കാൻ അതു കാരണമാവുകയും ഇങ്ങനെ കൈവന്ന

സാംസ്കാരികൈക്യം കേരളത്തിന്റെ സാമൂഹിക സമ്പത്തായി മാറുകയും ചെയ്തു.

നിരവധി ദേശങ്ങളും ഭാഷകളും പ്രത്യക്ഷപ്പെടുന്നവയാണ് നമ്പ്യാരുടെ കൃതികൾ. ഇതിഹാസങ്ങളിലെയും പുരാണങ്ങളിലെയും കഥാസന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും സ്വീകരിച്ചെങ്കിലും അതതുദേശജീവിതങ്ങൾതന്നെയാണ് നമ്പ്യാർ തന്റെ തുള്ളൽകൃതികളിൽ ഉൾക്കൊള്ളിച്ചത്. *നാളായണീ ചരിത*ത്തിൽ മൗൽഗ്യനും നാളായണിയും പല രാജ്യങ്ങളിലും പോയി അവിടുത്തെ നിവാസികളായി അഭിനയിച്ച് അവരുടെ ഭാഷ സംസാരിക്കുന്നത് ഉദാഹരണമാണ്. പാണ്ടിനാട്, തെലുങ്കുരാജ്യം, കൊങ്കണിരാജ്യം, ലാടദേശം എന്നിവിടങ്ങളിലൊക്കെ മൗൽഗ്യലും നാളായണിയും സഞ്ചരിക്കുന്നുണ്ട്. നമ്പ്യാരുടെ കവിതയിലെ സ്ഥലകാലങ്ങൾ പ്രാദേശികതയിലൂന്നുന്നതും ദൈനംദിന ജീവിതങ്ങൾ അടയാളപ്പെടുത്തുന്നതുമായിരുന്നു. നിരവധി ദേശങ്ങളും ഭാഷകളും പ്രത്യക്ഷപ്പെടുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ. നമ്പ്യാർ പരാമർശിക്കുന്ന രാജ്യങ്ങളുടെ പട്ടികകൾ ആസേതുഹിമാചലം കിടക്കുന്ന ഭൂമിശാസ്ത്രപരമായ ഏകകത്തിന്റെ ഭാഗമായിരുന്നില്ല. കൃത്യമായ അളവുകോലുകളും ഭൂപടങ്ങളുമില്ലാതിരുന്ന ഒരു സമൂഹത്തിന്റെ ഭൂമിശാസ്ത്രബോധമായിരുന്നു.[83] എങ്കിലും കേരളത്തിലെ ഭൂപ്രകൃതി, സാമൂഹിക ജീവിതം, ആചാരമര്യാദകൾ, കീഴ്വഴക്കങ്ങൾ, സാമ്പത്തികരംഗം എന്നിവയൊക്കെ നമ്പ്യാരുടെ കവിതകളിൽ കടന്നുവരികയും അദ്ദേഹത്തിന്റെ കവിത അനീതികൾക്കെതിരെ ശബ്ദമുയർത്തുകയും ചെയ്തു. സ്വന്തം നാട് അന്യനാട് എന്ന ദ്വന്ദ്വം അദ്ദേഹത്തിന്റെ പല കവിതകളിലും കടന്നു വരുന്നുണ്ട്.

ചെറുശ്ശേരി, എഴുത്തച്ഛൻ മുതൽപേരുടെ കൃതികൾ പരിശോധിച്ചാൽ അവയോരോന്നും സ്വയംപൂർണവും ഒന്നിനൊന്ന് വ്യത്യസ്തവുമായി തോന്നാം. എന്നാൽ ഇവയെല്ലാം ഉള്ളടക്കത്തിന്റെ കാര്യത്തിൽ ആശ്രയിക്കുന്നത് ഭാരതീയ പാരമ്പര്യത്തിന്റെ പൊതുമുതലായ ഇതിഹാസപുരാണങ്ങളെയാണ്. മധ്യകാലാരം

ഭത്തോടെ കേരളീയ സമൂഹത്തിൽ ചേർന്നിണങ്ങിയ ബ്രാഹ്മണസമൂഹത്തിന്റെ സാംസ്കാരിക രൂപമാണിത്. ഭാരതീയ ബൃഹത്പാരമ്പര്യത്തിലേക്ക് പ്രാദേശിക കൂട്ടായ്മകളെയും അവരുടെ സംസ്കൃതികളെയും ഉൾച്ചേർക്കുന്നതിന് ഈ കൃതി കളും അവയുടെ ആവിഷ്കരണരൂപവും സഹായിച്ചു.[84]

ഭാരതത്തിന്റെ മണ്ണിൽപിറന്നതും മനുഷ്യജന്മം ലഭിച്ചതും അതീവ ധന്യത യായി കണക്കാക്കുന്ന കവിയാണ് പൂന്താനം. തന്റെ കാലഘട്ടത്തിലുള്ളവരെല്ലാം സംസ്കൃതത്തിൽ രചന നിർവഹിച്ചപ്പോൾ തെളിമലയാളത്തിൽ *ജ്ഞാനപ്പാന* രചിച്ച പൂന്താനത്തിന്റെ ഭാഷാരാഷ്ട്രീയം പ്രാദേശികതയുമായി ബന്ധപ്പെടുന്നു. അത്യുന്നതമായ മാനവബോധത്തിന് ദേശകാലബോധം പ്രചോദനമാണെങ്കിലും അതിന്റെ പരമമായ അടിത്തറ വിശ്വവിജ്ഞാനമാണെന്ന് കവി വ്യക്തമാക്കുന്നു. മലയാള കവിതയിൽ ജന്മദേശത്തെ മൂർത്തിമത്തായി പ്രതിഷ്ഠിക്കുകയും അതിൽ തടവുകാരനാവാതെ ഭുവനചക്രവാളത്തെ ചൂണ്ടിക്കാണിക്കുകയും ചെയ്ത ഒന്നാ മത്തെ കവിയാണ് പൂന്താനം.[85] സാധാരണ ജനങ്ങളെ ധർമമാർഗത്തിലേക്കു നയി ക്കാൻ ലളിതമായ പച്ചമലയാള കീർത്തനങ്ങൾകൊണ്ട് ഭക്തിയിലൂടെ ശ്രമിച്ച പൂന്താനത്തിന്റെ കൃതികളിൽ ഭക്തിയോടൊപ്പം തന്നെ സാമൂഹ്യ വിമർശനവും ഉൾപ്പെട്ടിരുന്നു. ദൈനംദിന പാരായണങ്ങളിൽ വ്യാപകമായി ഉപയോഗിക്കപ്പെട്ട ഈ കൃതികൾ സാമൂഹികമായ കൊള്ളരുതായ്മകളിൽ വിലപിച്ചു.

ദേശത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളിലൊന്ന് ദേശത്തെ മാതാവായി കാണ്ട് ആ മാതാവിന്റെ മടിത്തട്ടിൽ ജീവിക്കുന്നു എന്നുള്ളതാണ്. ഇത്തരത്തിലുള്ള ഒരു മാതൃപുത്രബന്ധത്തിലധിഷ്ഠിതമായ ദേശീയബോധമാണ് വള്ളത്തോൾ കവിത യിൽ കാണാൻ കഴിയുന്നത്. മാതൃദേശത്തോടുള്ള അഭിമാനം, ആവേശം, ഗതകാ ലപാരമ്പര്യത്തോടുള്ള ആദരവ്, മാതൃഭാഷാസ്നേഹം, ഗാന്ധിഭക്തി എന്നിവ യെല്ലാം വള്ളത്തോളിന്റെ കവിതകളിൽ നിറഞ്ഞുനിന്നു. ഭൂപരിധി, ഭാഷ, സംസ്കാ രം, നൈതികത, വർഗബന്ധം എന്നിങ്ങനെ ദേശീയതാബോധത്തിനാസ്പദമായി

കാണുന്ന ഘടകങ്ങളിൽ വള്ളത്തോൾ കവിതകളിൽ കാണുന്നത് ഭൂപരിധിയെക്കുറിച്ചുള്ള പരമ്പരാഗത ബോധമാണ്.[86] ഇത് ഇന്ത്യയെ പഴയ ആര്യാവർത്തമായും കേരളത്തെ ഗോകർണകുമാരിയായും കാണുന്നു. ഇന്ത്യ നിരവധി പ്രാദേശിക സംസ്കൃതികളുടെ സാകല്യമാണെന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഭാഷാവിഷയത്തിൽ അദ്ദേഹത്തിന്റെ ഈ പ്രാദേശികബോധം പ്രകടമാണ്. വൈദികമായ വിശ്വദർശനപാരമ്പര്യവും പൗരാണികമായ മാതൃദേശ ദർശനവും ഉൾക്കൊള്ളുന്നതാണ് വള്ളത്തോളിന്റെ ദേശീയബോധം.

ആർഷ പാരമ്പര്യ പ്രകീർത്തനം തന്നെയാണ് ഉള്ളൂരിന്റെ കവിതയിലും കാണാൻ കഴിയുന്നത്. ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ വലിയ ആരാധകനായിരുന്നു ഉള്ളൂർ. ജാതിവർഗഭേദങ്ങൾക്ക് അതീതമായ വിശ്വസാഹോദര്യത്തിലധിഷ്ഠിതമായ ഭാരതീയമാനവത്വമായിരുന്നു കവിയുടെ ആദർശം. ലോകമൊരു കുടുംബവും മനുഷ്യരെല്ലാം ഏകോദരസഹോദരങ്ങളുമാണെന്ന മഹത്തായ ആദർശം ഒരു യാഥാർഥ്യമായി കാണാനുള്ള തൃഷ്ണ ഉള്ളൂരിന്റെ കവിതകളിൽ കാണുന്നു. സമ്പന്നരും ദരിദ്രരും സവർണരും അവർണരും സ്ത്രീയും പുരുഷനും പാശ്ചാത്യരും പൗരസ്ത്യരും തമ്മിലുള്ള വിവേചനരഹിതമായ ഇന്ത്യ ഉള്ളൂരിന്റെ സ്വപ്നമായിരുന്നു. പൗരാണിക ഭാരതീയസംസ്കാരത്തിലെ ക്ഷമ, ത്യാഗം, ജീവകാരുണ്യം, ഭക്തി, വിരക്തി, ദേശാഭിമാനം, കർമധീരത തുടങ്ങിയ വിശിഷ്ടാദർശങ്ങൾക്ക് മൂർത്തമായ പ്രകാശനം നൽകുവാൻപോന്ന കഥകളെയും സന്ദർഭങ്ങളെയും അദ്ദേഹം കവിതയിലുൾപ്പെടുത്തി. ഇവ ദേശീയ സ്വാതന്ത്ര്യസമരപോരാട്ടങ്ങൾക്ക് ആവേശം പകരുന്നവയായിരുന്നു.[87] യഥാർഥത്തിൽ ആ കാലഘട്ടത്തിന്റെ ആവശ്യങ്ങളുൾക്കൊണ്ടുകൊണ്ട് ദേശീയവാദികളുടെ ആശയപ്രചാരകനായി മാറുകയായിരുന്നു അദ്ദേഹം. മനുഷ്യനിർമിതമായ ദാരിദ്ര്യത്തിന്റെയും ദൈന്യതയുടെയും നേരെ അസഹിഷ്ണുത പ്രകടിപ്പിക്കുന്ന അദ്ദേഹത്തിന്റെ കവിതകൾ സാമൂഹ്യപ്രതിബദ്ധത പുലർത്തുന്നവയായിരുന്നു. ഗാന്ധിയുടെ വധത്തെക്കുറിച്ചെഴുതിയ *ചുടലക്കളം* അദ്ദേഹത്തിന്റെ ഗാന്ധിഭക്തിയും ദേശസ്നേഹവും തുറന്നുകാ

ട്ടുന്നതാണ്. ഉള്ളൂരിന്റെ സാമൂഹിക വീക്ഷണത്തിൽ പ്രമുഖമായൊരു ഘടകം ദേശഭക്തിയാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ നിർണായകവർഷങ്ങളിൽ പ്രത്യേകിച്ച് ഗാന്ധിയുഗത്തിൽ ജീവിച്ച ഒരു കവിയിൽ പ്രതീക്ഷിക്കാവുന്നതാണിത്. ഭാരതത്തോടുള്ള ഭക്തി അദ്ദേഹത്തെസംബന്ധിച്ചിടത്തോളം ഭാരത സംസ്കാരത്തോടുള്ള ഭക്തിയാണ്. രാഷ്ട്രീയമെന്നതിലേറെ സാംസ്കാരികമായിരുന്നു ഉള്ളൂരിന്റെ ദേശീയത.[88]

സാമൂഹികനവോത്ഥാനപ്രസ്ഥാനമായ എസ്.എൻ.ഡി.പി.യോഗത്തിന്റെ സെക്രട്ടറിയായിരുന്നു കുമാരനാശാൻ. ബംഗാൾവാസവും ആംഗലേയ കവികളുടെ രചനകളും ഇക്ബാൽ, ടാഗോർ തുടങ്ങിയവരുടെ രചനകളുമായുള്ള സമ്പർക്കവും ബംഗാളി സാഹിത്യവും അവിടുത്തെ സാംസ്കാരികാന്തരീക്ഷവും പുതിയ സാഹിത്യപ്രവണതകളും ആശാന്റെ ഭാവനയെ വളരെയധികം വികസിപ്പിച്ചു. ഇന്ത്യയിലെ ജാതിമതചിന്തകളുടെ വൈകല്യത്തെ മനസ്സിലാക്കുകയും ഏകജാതിമതദൈവവിശ്വാസങ്ങളിലധിഷ്ഠിതമായ ജനതയെ വിഭാവനം ചെയ്യുകയും ചെയ്ത ശ്രീനാരായണ ഗുരുവായിരുന്നു ആശാന്റെ ഗുരു. ഈ സ്വാധീനംകൊണ്ടു തന്നെയാണ് കവിതയിൽ ഒരു പുതിയ ഭാവുകത്വം സൃഷ്ടിക്കാൻ ആശാനു കഴിഞ്ഞത്. ദേശാഭിമാനത്തേക്കാൾ ആശാനെ മഥിച്ചത് ജാതിവ്യവസ്ഥയും മനുഷ്യന്റെ അസ്വാതന്ത്ര്യവുമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യം അന്യാധീനപ്പെടുകയും അതിന്റെ പ്രാചീനമായ മാഹാത്മ്യം അസ്തമിക്കുകയും ചെയ്തത് ജാതിവ്യവസ്ഥ എന്ന ശാപം നിമിത്തമാണെന്നും ഇതിന്റെ ശക്തി ഇത്ര ക്രൂരമായി വ്യാപിക്കുന്നതായി കേരളത്തെപ്പോലെ മറ്റൊരു സ്ഥലം കാണുന്നില്ല എന്നും ആശാൻ പറയുന്നുണ്ട്.[89] അദ്ദേഹത്തിന്റെ കവിത ഇന്ത്യൻ ദേശീയതയെ ബാധിച്ച ആന്തരികവൈകല്യങ്ങളെ തുറന്നു കാണിക്കുന്നതായിരുന്നു. ആർഷപാരമ്പര്യ ദർശനങ്ങളുടെ ഉദ്ഘോഷണത്തിനോ ഭൂതകാലമഹിമകളുടെ വീണ്ടെടുപ്പിനോ ആശാൻ ശ്രമിച്ചില്ല. മറിച്ച് ദേശീയത അഭിമുഖീകരിക്കുന്ന അകം സംഘർഷങ്ങളെ അദ്ദേഹം കവിതകളിലൂടെ തുറന്നുകാട്ടി. ഭൂതകാലത്തിന്റെ പ്രഭാവതന്തുക്കളെക്കൊണ്ട് ഭൂതിമത്തായൊരു ഭാവിയെ നെയ്യാൻ

കഴിയുന്ന ദർശനമാണ് വള്ളത്തോളിലുള്ളത് എങ്കിൽ കുമാരനാശാന്റെ ദേശീയത ഭാവിയിലേക്ക് പ്രവേശനം അനുവദിക്കാൻ പാടില്ലാത്ത പല ദുഷ്ടാംശങ്ങളും ഭൂത കാലത്തിൽ ഉണ്ടെന്നുകണ്ടു. സ്വാതന്ത്ര്യമെന്നാൽ ഗവൺമെന്റിന്റെ മാത്രമല്ല ജീവി തത്തിന്റേതുകൂടിയാണെന്നുള്ള കാഴ്ചപ്പാടാണിത്.[90] ഭാരതീയനവോത്ഥാനത്തിന്റെ മൂല്യബോധങ്ങളെ ബംഗാൾ പ്രവാസി ജീവിതത്തിലൂടെ നേരിട്ടറിഞ്ഞ ആശാൻ സ്വന്തം കൃതികളിൽ ആത്മീയമായ മാനവികതയും സാഹോദര്യവും സമത്വവും അയിത്താചാരനിരാസവും ജാതിവിരുദ്ധമനോഭാവവും പ്രത്യയശാസ്ത്രനിലപാടു കളായി സ്വീകരിച്ചു. ആത്മീയസമത്വവും സാഹോദര്യവും സാർവദേശീയതയും വ്യക്തമാക്കുന്ന രചനയാണ് *വീണപൂവ്.*

ഒന്നല്ലി നാമയി സഹോദരരല്ലി ? പൂവേ !
ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം[91]

എന്ന വരികളിലൂടെ പ്രകടമാവുന്നത് ആത്മീയതയോടടുത്ത സാഹോദര്യഭാവമാ ണ്. മലയാളത്തിലെ പാട്ടുകൃതികളിലൂടെയും ചെറുശ്ശേരി കണ്ണശ്ശന്മാർ എഴുത്തച്ഛൻ പൂന്താനം തുടങ്ങിയ മധ്യകാലകവികളിലൂടെയും പ്രവഹിച്ച ദൈവകേന്ദ്രീകൃത മായ ആത്മീയതയെ ദൈവനിരപേക്ഷവും മതരഹിതവുമായ പ്രത്യയശാസ്ത്ര മാക്കി കവിതയിലൂടെ ആശാൻ ആവിഷ്കരിച്ചു.[92]

തുടർന്നുവന്ന ജി.ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ, പി.കുഞ്ഞിരാമൻ നായർ, ഇട ശ്ശേരി, വൈലോപ്പിള്ളി, ബാലാമണിയമ്മ തുടങ്ങിയവർ സ്വാതന്ത്ര്യസമരകാലഘട്ട ത്തിലും അതിനുശേഷവും രചനാജീവിതം നയിച്ചവരാണ്. ഭാരതത്തിന്റെ സനാ തന സംസ്കാരത്തിലുള്ള അഭിമാനവും വർത്തമാന ഇന്ത്യൻ അവസ്ഥകളോടുള്ള പ്രതികരണവും പി.കുഞ്ഞിരാമൻ നായരുടെ രചനകളിൽ കാണാം. ദേശഭരണം, ജനസംസ്കാരം, പാരമ്പര്യം, ഭൂമിശാസ്ത്രം, ജന്തുജീവിതം എന്നിവയുമായി നേരിൽ ബന്ധപ്പെടുന്നതാണ് പി. കുഞ്ഞിരാമൻനായരുടെ കവിത. കവിതയുടെ മൂലകങ്ങൾ വെച്ചുകൊണ്ട് ദേശനിർമാണമോ ദേശനിർവചനമോ ആണ് അദ്ദേഹം

നിർവഹിക്കുന്നത്. കാട്ടിലും മേട്ടിലുമുള്ള അല്ലെങ്കിൽ എട്ടിലുള്ള ഇന്ത്യൻ സ്ഥല ങ്ങൾ, കാഴ്ചകൾ, പ്രമേയങ്ങൾ, സൂചനകൾ എന്നിവകൊണ്ട് സമൃദ്ധമാണ് പി. കുഞ്ഞിരാമൻനായരുടെ കവിത.[93]

നിലനിൽക്കുന്ന വ്യവസ്ഥിതിയോടുള്ള വെറുപ്പും വിദ്വേഷവുമുള്ള കവിതക ളായിരുന്നു ചങ്ങമ്പുഴ, ഇടപ്പള്ളി തുടങ്ങിയവരുടേത്. സ്വാതന്ത്ര്യബോധവും അനാ ചാരങ്ങളോടുള്ള അമർഷവും ദാരിദ്ര്യവും രോഗപീഡകളും ആ കവിതകളിൽ ആവർത്തിച്ചു. ചങ്ങമ്പുഴ സമൂഹത്തിലെ തിക്താനുഭവങ്ങളെ വെല്ലുവിളിക്കുകയും പ്രതിഷേധത്തിന്റെ ഭാഷയിൽ കവിതകളെഴുതുകയും ചെയ്തു. ദേശീയ സ്വാത ന്ത്ര്യവാഞ്ഛയോടൊപ്പംതന്നെ സാമൂഹികാസമത്വങ്ങളും ഉച്ചനീചത്വങ്ങളും അദ്ദേ ഹത്തെ അലട്ടിയിരുന്നു. സാമ്പത്തികമായും സാമൂഹികമായും പീഡനങ്ങൾ അനു ഭവിക്കുന്ന വിഭാഗങ്ങളെക്കുറിച്ചെഴുതിയ കവിതയാണ് *വാഴക്കുല*. പാവപ്പെട്ട പുല യൻ നട്ടുവളർത്തിയ വാഴക്കുല ജന്മി വെട്ടിക്കൊണ്ടുപോകുന്നതാണ് ഈ കവിത യിലെ വിഷയം. സാമ്പത്തികവും സാമൂഹികവുമായ ഉച്ചനീചത്വങ്ങൾ ഉണ്ടാക്കി യത് ദൈവമാണെങ്കിൽ ആ ദൈവത്തെ ആവശ്യമില്ലെന്ന് അദ്ദേഹം തന്റെ കവിതക ളിലൂടെ പറഞ്ഞു. ചങ്ങമ്പുഴ ഭഗ്നപ്രേമത്തെപ്പറ്റി പാടിക്കരഞ്ഞെങ്കിലും സമത്വസാ ക്ഷാൽക്കരത്തെ സാമൂഹിക കൈവല്യമായിക്കാണാൻ അദ്ദേഹത്തിനു സാധിച്ചു. സമത്വത്തോടുകൂടിയല്ലാത്ത മോചനത്തെ സ്വാതന്ത്ര്യമായി അദ്ദേഹം കരുതിയില്ല. മദിക്കുന്ന മേലാളത്തം വിപ്ലവക്കൊടുങ്കാറ്റിൽ തകർന്നുപോകുന്നത് അദ്ദേഹ ത്തിന്റെ നോട്ടത്തിൽ സ്വാതന്ത്ര്യലബ്ധിയുടെ ഭാഗം തന്നെയായിരുന്നു.[94]

ദേശീയനവോത്ഥാനാദർശങ്ങൾക്കായി നിലകൊള്ളുകയും അധഃസ്ഥിത സമുദായോന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്ത കവിയാണ് കെ.പി. കറു പ്പൻ. അദ്ദേഹം *ജാതിക്കുമ്മി* എന്ന കവിതയിലൂടെ ജാതിചിന്തക്കെതിരെയും *ബാല കലേശം* നാടകത്തിലൂടെ കൊച്ചിയിലെ ഭരണരീതി പരിഷ്കാരത്തിനുവേണ്ടിയും വാദിച്ചു. ജാതീയമായ അയിത്തം നിർത്തലാക്കുന്നതിനുവേണ്ടിയും അവശസമുദാ

യങ്ങളുടെ സ്വാതന്ത്ര്യോന്നമനങ്ങൾക്കുവേണ്ടിയും പ്രവർത്തിച്ചു. ഗാന്ധിയുടെ ആദർശവും വ്യക്തിത്വവും പണ്ഡിറ്റ് കെ.പി.കറുപ്പനെ അതിയായി ആകർഷിച്ചിരുന്നു. ജാതിമതഭേദങ്ങളെ അദ്ദേഹം കവിതയിലൂടെ ശക്തമായി വിമർശിച്ചു.

ഇക്കാണും ലോകങ്ങളീശ്വരന്റെ
മക്കളാണെല്ലാരുമൊരു ജാതി;
നീക്കിനിറുത്താമോ സമസൃഷ്ടിയെ ? ദൈവം
നോക്കിയിരിപ്പില്ലേ ? യോഗപ്പെണ്ണേ !-തീണ്ടൽ
ധിക്കാരമല്ലയോ ? ജ്ഞാനപ്പെണ്ണേ ![95]

ജാതിവ്യത്യാസത്തിന്റെ അർഥശൂന്യതയെക്കുറിച്ച ബോധവാനായിരുന്ന കെ. പി. കറുപ്പൻ സാഹിത്യത്തിലൂടെ സമുദായപരിഷ്കരണമാണ് നിർവഹിച്ചത്. ജാതിവ്യത്യാസത്തിന്റെ നിരർഥകതയെ ചോദ്യംചെയ്യുന്ന ആദ്യത്തെ കൃതിയാണ് *ജാതിക്കുമ്മി.*

സ്വാതന്ത്ര്യസമരം തീക്ഷ്ണമായ കാലഘട്ടത്തിലൂടെയാണ് ഇടശ്ശേരിയുടെ യൗവ്വനം കടന്നുപോന്നത്. അസ്വാതന്ത്ര്യം നാടിന്റെ സമസ്ത ഗുണങ്ങളെയും നിഷ്പ്രഭമാക്കുമെന്ന ബോധം ഇടശ്ശേരിക്കുണ്ടായിരുന്നു. ഇടശ്ശേരിയുടെ ആരാധനാപാത്രമായിരുന്നു ഗാന്ധി. എങ്കിലും ജീവിതത്തിന്റെ കല്ലും മുള്ളും നിറഞ്ഞ യാഥാർഥ്യത്തിനുമുമ്പിൽ അഹിംസയിൽ പോലും സംശയാലുവാകുന്നുണ്ട് അദ്ദേഹം. ഗാന്ധിയുടെ അഹിംസാവാദവും പ്രായോഗികതയും സന്ദിഗ്ധമാക്കിയ സാധാരണ ഇന്ത്യൻ ജീവിതത്തിന്റെ ആശങ്കകൾ തുറന്നു കാട്ടാൻ ഇടശ്ശേരിക്കു കഴിഞ്ഞു. സ്വാതന്ത്ര്യത്തിനുശേഷം, സ്വാതന്ത്ര്യപൂർവ ഘട്ടത്തിലെ ത്യാഗവും യാതനകളും പുതിയതലമുറ ഉൾക്കൊണ്ടിട്ടുണ്ടോ എന്ന സന്ദേഹമാണ് *ഒരു പിടി നെല്ലിയ്ക്ക* എന്ന കവിതയിൽ പ്രതിഫലിക്കുന്നത്.

'എന്തു നേടീ ? അറിയില്ലെ-
ന്നിളം തലമുറ,പക്ഷേ,

എന്തു നഷ്ടപ്പെടാനുണ്ടെ-

ന്നറിഞ്ഞേ പറ്റൂ'[96]

സ്വാതന്ത്ര്യപൂർവ കാലഘട്ടത്തിലെ യാതനകളും വേദനകളും പുതിയ തല മുറ അറിയണമെന്ന് കവി വിചാരിക്കുന്നു. *കുടിയിറക്കൽ* എന്ന കവിതയിൽ ഇട ശ്ശേരിയുടെ അന്തർദേശീയ വീക്ഷണം പ്രതിഫലിക്കുന്നുണ്ട്. ദാരിദ്ര്യത്തിന്റെ അതിർത്തികൾ രാഷ്ട്രാതിർത്തികളെ അസാധുവാക്കുന്നുണ്ട് എന്ന് ഈ കവിത കൾ സൂചിപ്പിക്കുന്നു. ഇംഗ്ലണ്ടിലും ഇന്ത്യയിലും ആഫ്രിക്കയിലും ഒരുപോലെ പട രുന്ന ദാരിദ്ര്യ ത്തിന്റെ ലോകങ്ങളിൽനിന്ന് നിന്ദിതരുടെയും പീഡിതരുടെയും ഒരു പുതിയ രാഷ്ട്രം വരണമെന്ന് ഇടശ്ശേരി വിചാരിച്ചു.

കുടിയിറക്കപ്പെടും കൂട്ടരേ; പറയുവിൻ

പറയുവിൻ-ഏതുരാഷ്ട്രക്കാർ-നിങ്ങൾ ?

പ്രസവിച്ചതിന്ത്യയായ്,പ്രസവിച്ചതിംഗ്ലണ്ടായ്

പ്രസവിച്ചതാഫ്രിക്കൻ വൻകരയായ്.

അതിലെന്തുണ്ടാർക്കാനു,മുടമയില്ലാത്തഭൂ-

പടമേലും പാഴ്വരയ്ക്കർഥമുണ്ടോ ?

എവിടെവിടങ്ങളിൽച്ചട്ടിപുറത്തെടു-

ത്തെറിയപ്പെടുന്നുണ്ടിപ്പാരിടത്തിൽ

അവിടവിടങ്ങളെച്ചേർത്തുവരയ്ക്കുകൊ-

ന്നിവരുടെ രാഷ്ട്രത്തിനതിർവരകൾ.[97]

മനുഷ്യപക്ഷത്ത് നിലയുറപ്പിച്ച കവിയായിരുന്നു ഇടശ്ശേരി. വികസിച്ച ദേശീയബോ ധത്തിന്റെ കവികളെന്നു വിളിക്കപ്പെടാൻ ജി. ശങ്കരക്കുറുപ്പും ചങ്ങമ്പുഴയും ഇടശ്ശേ രിയും ഒരുപോലെ അർഹരാണെങ്കിലും കൂട്ടത്തിൽ വ്യത്യസ്തനാണ് ഇടശ്ശേരി. സാർവദേശീയതയും ദേശീയതയും ഒരുപോലെ പ്രകടമാവുന്ന കവിതകൾ രചി ക്കാൻ വൈലോപ്പിള്ളിക്കും കുഞ്ഞിരാമൻ നായർക്കും ഇടശ്ശേരിക്കും സാധിക്കുക

യുണ്ടായി. ജി. ശങ്കരക്കുറുപ്പിന്റെയും ചങ്ങമ്പുഴയുടെയും കവിതകൾ ഏതു ഭാഷ യിലേക്കും തർജമചെയ്യാമെന്നിരിക്കെ *പൂതപ്പാട്ടും സഹ്യന്റെ മകനും കളിയച്ഛനും* മലയാളത്തിന്റെ മണ്ണിനോട് അതിഗാഢമായി ഇഴുകിച്ചേർന്നുകിടക്കുന്നു.[98] കീഴാള ജനതയുടെയും കർഷകരുടെയും സംസ്കാരമാണ് ഇടശ്ശേരിക്കവിതകളുടെ മുഖമു ദ്ര. കേരളത്തിലെ തൊഴിലാളിവർഗം ഒരു വിപ്ലവവർഗം എന്ന നിലയിലേക്ക് പരിണ മിക്കാനാരംഭിച്ച, ജന്മിത്തം അവസാനിക്കുമെന്ന് കർഷകർ സ്വപ്നം കാണാൻ തുട ങ്ങിയ കൊളോണിയൽ വിരുദ്ധസമരത്തിന്റെ നേതൃവർഗമെന്ന നിലയിൽ ബൂർഷ്വാ സി പ്രാധാന്യം നേടിയ കാലത്തിന്റെ സാക്ഷിയായിരുന്നു ഇടശ്ശേരി. ഗാന്ധിയൻ സർവോദയ ആശയങ്ങളുടെയും മൂല്യങ്ങളുടെയും സ്വാധീനവും തൊഴിലാളിവർഗ ത്തിന്റെ കേന്ദ്രപ്രാധാന്യത്തെക്കുറിച്ചുള്ള ബോധവും പരിഷ്കരണോന്മുഖമായ ഒരു ഇച്ഛയുടെ രൂപത്തിൽ അദ്ദേഹത്തെ ആവേശിച്ചു. ഇത് അദ്ദേഹത്തെ കമ്മ്യൂണി സത്തിന്റെയും സർവോദയത്തിന്റെയും മൂല്യങ്ങളുടെ സമന്വയത്തെക്കുറിച്ചുള്ള ഹതാശയമായ സ്വപ്നത്തിലേക്ക് എത്തിക്കുകയും ചെയ്തു. എങ്കിലും തന്റെ ഗ്രാമീണ കർഷകവർഗപ്രത്യയശാസ്ത്രത്തിന്റെ ഈ പ്രേക്ഷണ പരിമിതികൾക്കക ത്തുനിന്നുകൊണ്ടുതന്നെ കേരളീയ സമുദായഘടനയുടെ പരിണാമത്തിന്റെ വേഗ ങ്ങളും താളങ്ങളും വ്യഥകളും ആകാംക്ഷകളും പിടിച്ചെടുക്കാനും കേരളചരിത്ര ത്തിലെ ഒരു ഘട്ടത്തിന്റെ സമഗ്രചിത്രം സ്വരൂപിക്കാനും ഇടശ്ശേരിക്കു കഴിഞ്ഞു.[99]

സ്വന്തം രാഷ്ട്രത്തിന്റെ പാരമ്പര്യത്തെക്കുറിച്ച് അഭിമാനം പുലർത്തുന്നതോ ടൊപ്പംതന്നെ കഠിനമായ സാമൂഹിക യാഥാർഥ്യങ്ങൾ വൈലോപ്പിള്ളി കവിതയി ലാവിഷ്കരിച്ചു. ഗാന്ധിയുടെ അഹിംസാമാർഗ്ഗം വൈലോപ്പിള്ളിയെ ആകർഷിച്ചി രുന്നു. ദരിദ്രരോടുള്ള അനുഭാവവും മനുഷ്യത്വവും മാനവികമൂല്യങ്ങളും വൈലോ പ്പിള്ളിക്കവിതകളിൽ കാണാം. ദേശീയ സാർവദേശീയ സംഭവങ്ങളും നിസ്വവർഗ ത്തിന്റെ യാതനകളും അദ്ദേഹത്തിന്റെ കവിതക്ക് വിഷയമായി. പാടത്തു പുഞ്ച യ്ക്കുതേവുന്ന വേട്ടുവന്മാരും കന്നിക്കൊയ്ത്തും മകരക്കൊയ്ത്തും അധ്വാനി ക്കുന്ന കർഷകത്തൊഴിലാളികളും ആസ്സാംപണിക്കാരും വൈലോപ്പിള്ളിക്കവിതക

ളിൽ ഇടം പിടിച്ചിട്ടുണ്ട്. 1940-42 കാലങ്ങളിൽ ആസ്സാമിലേക്ക് പട്ടാളത്താവളങ്ങൾ പണിയാൻ പോയിക്കൊണ്ടിരുന്ന തൊഴിലാളികളെക്കുറിച്ചെഴുതിയ കവിതയാണ് *ആസ്സാംപണിക്കാർ*. പോകുമ്പോൾ അവർ കേരളം നരകതുല്യമാണെന്നു വിചാരിച്ചെങ്കിലും തിരിച്ചുവരുമ്പോൾ നിലപാട് മാറുന്നു.

നിറഞ്ഞിരിക്കിലും ദരിദ്രമീ രാജ്യം,
നിറന്നിരിക്കിലും വികൃത, മെങ്കിലും
ഇവിടെ സ്നേഹിപ്പാ, നിവിടെയാശിപ്പാ,-
നിവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം ![100]

ഒ. എൻ. വി, പി.ഭാസ്കരൻ, വയലാർ എന്നീ മൂന്നുകവികളും ദേശീയപ്രസ്ഥാനത്തിന്റെ അഗ്നിജ്വാലയിൽ രൂപപ്പെട്ട കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ശക്തരായ വക്താക്കളാണ്. 1940 കളിൽ അധിനിവേശവിരുദ്ധസമരങ്ങൾ തീക്ഷ്ണമാവുകയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വിപ്ലവപ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോവുകയും ചെയ്ത കാലയളവിലാണ് ഒ.എൻ.വി കാവ്യരംഗത്തേക്കു കടന്നുവന്നത്. കേരളത്തിലെ കയ്യൂർ, പുന്നപ്ര, വയലാർ, കാവുമ്പായി പോരാട്ടങ്ങളും ജനങ്ങളിലുയർത്തിയ ആവേശങ്ങളും കമ്മ്യൂണിസം ഒരു കുറ്റകൃത്യമായി കണക്കാക്കി വേട്ടയാടിയ ഭരണകൂടരാഷ്ട്രീയവും പാർട്ടിനിരോധനവും ആയിരുന്നു ഒ.എൻ.വിയുടെ എഴുത്തിന്റെ രാഷ്ട്രീയപശ്ചാത്തലം. കേരളത്തിലെ കർഷകതൊഴിലാളിപ്രസ്ഥാനവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും അദ്ദേഹത്തിന്റെ കവിതകളെ സ്വാധീനിച്ചു. പ്രണയവും വിപ്ലവവും ഒരുപോലെ കവിതയിലാവിഷ്കരിച്ച കവിയാണ് പി. ഭാസ്കരൻ. കേരളചരിത്രത്തിലെ വയലാർവിപ്ലവത്തെ *വയലാർ ഗർജ്ജിയ്ക്കുന്നു* എന്നപേരിൽ ഭാസ്കരൻ കവിതയാക്കി.

വള്ളത്തോളിന്റെ സ്വാധീനകാലത്ത് കവ്യരംഗത്തേക്കു കടന്നുവന്ന ജി.ശങ്കരക്കുറുപ്പിന്റെ കവിതകളിൽ ഭാരതമെന്ന അഖണ്ഡസങ്കല്പത്തിന്റെ സ്വാധീനം കാണാം. തികഞ്ഞ ഗാന്ധിഭക്തനായ അദ്ദേഹം ഇന്ത്യൻ സംസ്കാരത്തിന്റെയും

അക്രമരാഹിത്യം, സത്യം, അഹിംസ തുടങ്ങിയ ആദർശങ്ങളുടെയും പ്രചാരക നാണ്. സ്വാതന്ത്ര്യസമര നേതാക്കളെക്കുറിച്ചെഴുതുകയും അവരുന്നയിക്കുന്ന ആദർശങ്ങളെ പ്രതിപാദിക്കുകയും ചെയ്തു അദ്ദേഹം. അടിമത്തത്തിന്റെ നിഷ്ഠൂര തയെക്കുറിച്ചുള്ള വ്യക്തമായ ധാരണയാണ് ജി. ശങ്കരക്കുറുപ്പിന്റെ സ്വാതന്ത്ര്യഗീത ങ്ങൾക്കു പിന്നിലുള്ള പ്രബലമായ പ്രേരണാശക്തി. സ്വാതന്ത്ര്യം ഇവിടെ ഒരു മനു ഷ്യാവകാശമാണ്. അത് ഏതു രാജ്യക്കാരന്റെയും ഏതു ഭാഷ സംസാരിക്കുന്നവ ന്റെയും ജന്മാവകാശമാണ്. സ്വാതന്ത്ര്യത്തിന്റെ സാക്ഷാൽക്കാരത്തിനുള്ള ഉപാധി യാണ് ജി.ശങ്കരക്കുറുപ്പിന്റെ ദേശീയബോധവും ദേശാഭിമാനവും.[101]

കേരളസംസ്ഥാനം രൂപപ്പെടുന്നതിനു മുമ്പ് ഏകീകൃതമായ ഒരു കേരളത്തെ ലക്ഷ്യമിട്ടുകൊണ്ട് തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും പ്രക്ഷോഭ ങ്ങൾ കൊടുമ്പിരിക്കൊണ്ട കാലഘട്ടത്തിലാണ് പാലാ നാരായണൻ നായർ *കേരളം വളരുന്നു* എന്ന തുടർകാവ്യം എഴുതിയത്. ഐക്യകേരളം എന്ന രാഷ്ട്രീ യാദർശം ജനമനസ്സുകളിൽ എത്തിക്കാനും കേരളീയരിൽ ആത്മാഭിമാനവും ദേശ ബോധവും ഉണർത്താനും ഈ കാവ്യം സഹായിച്ചു. ഗാന്ധി, നെഹ്റു തുടങ്ങിയ നേതാക്കൻമാരെ മുൻനിർത്തി പല കവിതകളും അദ്ദേഹം രചിച്ചിട്ടുണ്ട്. സമൂഹ ത്തിലെ അസമത്വം അന്യായം ചൂഷണം എന്നിവക്കെതിരെ പോരാടുന്നവയാണ് പാലായുടെ പല കവിതകളും.

ലോകത്തെങ്ങുമുള്ള മർദ്ദിതരെയും ചൂഷിതരെയും ഒരൊറ്റ വർഗമായി കാണുന്ന വിശ്വമാനവികതയിലധിഷ്ഠിതമായ ദേശീയബോധമാണ് എൻ. വി. കൃ ഷ്ണവാര്യരുടേത്. തന്റെ ഗ്രാമത്തിനു പുറത്തും ഒരു ദേശീയസമൂഹത്തെ സങ്ക ല്പിക്കാനും അവരുടെ ദുരിതങ്ങളിൽ ഐക്യപ്പെടാനും പ്രാദേശികതയുടെ അതിർവരമ്പുകൾ മായ്ച്ചുകളഞ്ഞ് സ്വന്തം പരിധി ഇന്ത്യക്കുപുറത്തേക്ക് വ്യാപി പ്പിക്കാനും എൻ.വി. കൃഷ്ണവാര്യർക്കു കഴിഞ്ഞു. ആധുനികതയുടെ കാലത്ത് കവിതയെഴുതിയ അദ്ദേഹം കോളനികളുടെ സാംസ്കാരികതലത്തിൽ സംഭവി ക്കുന്ന ആത്മദാസ്യത്തെ തിരിച്ചറിഞ്ഞ കവിയായിരുന്നു.

എൻ.വി.കൃഷ്ണവാര്യർ ആരംഭം കുറിച്ച ആധുനികതാ പ്രസ്ഥാനം പിന്നീട ങ്ങോട്ടു നയിച്ചത് അയ്യപ്പപ്പണിക്കർ, കക്കാട്, കടമ്മനിട്ട തുടങ്ങിയവരാണ്. ജീവിത ത്തിന്റെ നിരർഥകതയും ലക്ഷ്യമില്ലായ്മയും ശൂന്യതയും ധ്വനിക്കുന്ന കവിത കൾപരുക്കൻ യാഥാർഥ്യങ്ങളെ തുറന്നുകാട്ടി. കാൽപ്പനികതയുടെ ഏകതാനമായ മുരടിപ്പിൽ അപ്രത്യക്ഷമായ സമൂഹത്തിന്റെ സ്വരവൈചിത്ര്യങ്ങളെ കവിതയിലേക്ക് പ്രത്യാനയിക്കാനുള്ള ശ്രമമായിരുന്നു ഇവരുടേത്. ഗ്രാമീണമായ ആഖ്യാനങ്ങൾ, ഐറണി, ആഖ്യാനവൈചിത്ര്യങ്ങൾ, താളങ്ങൾക്കും വായ്ത്താരികൾക്കുമുള്ള പ്രാധാന്യം, വിരുദ്ധോക്തി,ഹാസ്യം എന്നിവയിലൂടെയാണ് ഇത് സാധ്യമായത്.

സ്വാതന്ത്ര്യാനന്തര ദേശീയതാസങ്കൽപ്പനങ്ങളിൽ വന്ന സങ്കീർണ്ണതകൾ ഇക്കാലത്തെ കവിതകളിൽ പ്രതിഫലിച്ചു. ഉപഭോഗസംസ്കാരത്തിന്റെ വളർച്ച, പരിസ്ഥിതിപ്രശ്നങ്ങൾ, മൂല്യത്തകർച്ച, മൂലധനവികാസത്തിന്റെ ചൂഷണാത്മകസ്വ ഭാവം, ഭരണകൂടത്തിന്റെ അധീശത്വവ്യവഹാരങ്ങൾ എന്നിവയെല്ലാം ഇവയിൽ ചിലതായിരുന്നു.

മലയാളകവിതയിലെ ദേശീയതയെക്കുറിച്ച് വിപുലമായ ഒരു പഠനം നട ത്താനുള്ള ശ്രമമല്ല ഇത്. പ്രാചീനകവിത്രയം മുതലുള്ള മലയാളകവിതയിലെ ദേശീയതാമാനങ്ങളുടെ പശ്ചാത്തലം അവലോകനം ചെയ്യുകയായിരുന്നു ലക്ഷ്യം. ഇത് മുകളിൽ പരാമർശിച്ച ഏതാനും കവികളിൽ ഒതുങ്ങുന്നതുമല്ല. വിഷ്ണുനാ രായണൻ നമ്പൂതിരിയുടെ കവിതകളിലെ ദേശീയതാപഠനത്തിന്റെ പശ്ചാത്തല മെന്ന നിലയിൽ ചിലരെ എടുത്തുപറയുക മാത്രമാണ് ചെയ്തത്.

## കുറിപ്പുകൾ

1. ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള, *ശബ്ദതാരാവലി.* സാഹിത്യപ്രവർത്തക സഹകരണസംഘം (നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2011), പു. 1021.
2. *മലയാളം എൻസൈക്ലോപീഡിയ ഡെസ്ക് റഫറൻസ്*, വാ.2., (ഡി. സി. ബുക്സ്, കോട്ടയം, 2003), പു. 1043.
3. Steven Grosby, *Nationalism, A very short introduction* (Oxford University press, New York, 2005), pp. 7-14.
4. എ. ആർ. ദേശായ്, *ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം*, വിവ. കെ. ശ്രീകുമാരൻ ഉണ്ണി (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016), പു. 20.
5. E. J. Hobsbawm, *Nations and Nationalism since 1780*, (Cambridge University Press, 1991), p. 1.
6. വിവേക് എസ്. എസ്, 'ദേശീയത', *നവസാഹിത്യദർശനങ്ങൾ: സിദ്ധാന്തവും പ്രയോഗവും* (ഇന്ത്യാ ബുക്സ്, 2009), പു. 73.
7. ദേശീയതാവാദം, ദേശീയത്വം തുടങ്ങിയവ ഇതിനോട് ചേർത്തുപയോഗിക്കുന്ന മറ്റു പദങ്ങളാണ്. രാഷ്ട്രത്തിനു പരമപ്രാധാന്യം കൽപിക്കുന്ന ചിന്താഗതി, രാഷ്ട്രത്തിന്റെ താത്പര്യങ്ങൾ, സംസ്കാരം, പാരമ്പര്യം തുടങ്ങിയവയെ ബഹുമാനിക്കുന്ന സമീപനം, അപ്രകാരമുള്ള ത്ത്വസംഹിത, ദേശത്തോടുള്ള കൂറ്, ദേശസ്നേഹം എന്നിവയിലധിഷ്ഠിതമായ ചിന്താഗതി എന്നിവയെല്ലാമാണ് ദേശീയവാദം എന്നതുകൊണ്ട് അർഥമാക്കുന്നത്. ഒരു രാഷ്ട്രത്തിന്റെ സവിശേഷത, രാഷ്ട്രത്തിലെ അംഗം എന്ന അവസ്ഥ, ഒരു പൗരൻ മറ്റു രാഷ്ട്രങ്ങളുമായി ബന്ധപ്പെടുമ്പോൾ അന്തർദേശീയബന്ധം സൂചിപ്പിക്കുന്ന പദം, ദേശത്തിന്റെ വക എന്ന അവസ്ഥ എന്നിവയെല്ലാമാണ് ദേശീയത്വം. (ബി. സി. ബാലകൃഷ്ണൻ (എഡി), *ശബ്ദസാഗരം*, വാള്യം 3. (ഡി. സി. ബുക്സ്, 2001), പു. 2453.
8. *മലയാളം എൻസൈക്ലോപീഡിയ ഡെസ്ക് റഫറൻസ്*, വാ. 2 (ഡി. സി. ബുക്സ്, കോട്ടയം, 2003), പു. 1043-44.
9. ഇ. ശ്രീധരൻ., ദേവദാസ്., കെ. പി, *ലോകചരിത്രം* (2-ാം ഭാ), (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1976), പു. 81.
10. Hans Cohn, *Nationalism Its meaning and History*. (Robert E Krieger publishing company, Malabar, Florida, 1965), p. 9.
11. *Ibid,* p. 10.
12. Steven Grosby, *Nationalism, A very short introduction* (Oxford University press, New York, 2005), pp. 7-14.

13. സതീശ് ദേശ്പാണ്ഡെ, *സമകാലിക ഇന്ത്യ ഒരു സമൂഹശാസ്ത്രവീക്ഷണം*, വിവ. ജെ. ദേവിക (കേരള ശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ, 2014), പു. 97-8.

14. Smith, D. Anthony. *Nationalism key concept* (Atlantic Publishers & Distributors NewDelhi, 2004), pp. 5-6.

15. *Ibid,* p. 9.

16. *Ibid,* p. 7.

17. *Ibid,* p. 22.

18. Smith, D. Anthony. *Nationalism And Modernism*, (Routledge, London), 2008, pp..223-225.

19. Parmanand Parashar, *Nationalism: Its Theory and principles in India* (Sarup & Sons, New Delhi, 1996), pp. 15-17.

20. *Ibid,* pp. 18-20.

21. *Ibid,* pp. 21-24.

22. Anderson, Benedict. *Imagined communities: Reflections on the origin and spread of nationalism (*Verso, London, 1996), p. 5.

23. *Ibid,* p. 39.

24. *Ibid,* pp. 44-45.

25. *Ibid,* p. 24.

26. *Ibid,* p. 25.

27. Renan Earnest, *Nation and Narration* Bhaba,Homi.k.(Ed), (London: Routledge, 1995), pp. 19-20.

28. Gellner, Ernest, *Thought And Change* (The University of Chicago Press, London, 1965), p. 176.

29. ഇ. വി. രാമകൃഷ്ണൻ, *ദേശീയതകളും സാഹിത്യവും* (ഡി. സി. ബുക്സ്, കോട്ടയം, 2001), പു. 33-5.

30. Hobsbawm, E. J. *Nations and Nationalism since 1780.* (Cambridge University Press, 1991), p. 42.

31. John Hucthinson, *Modern Nationalism* (Fontana Press, Harper Collins Publishers, London, 1994), p. 29.

32. എ. ആർ. ദേശായ്, *ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം*, വിവ. കെ. ശ്രീകുമാരൻ ഉണ്ണി (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016), പു. 21-2.

33. Ozhikirimli. umut, *Theories of Nationalism* (Macmillan Press, London, 2000), pp. 38–40.

34. വിവേക്. എസ്. എസ്, 'ദേശീയത', *നവസാഹിത്യദർശനങ്ങൾ: സിദ്ധാന്തവും പ്രയോഗവും* (ഇന്ത്യാ ബുക്സ്, 2009), പു. 75–7.

35. എ. ആർ. ദേശായ്, *ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം*, വിവ. കെ. ശ്രീകുമാരൻ ഉണ്ണി (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016), പു. 194.

36. *ടി,* 202–07.

37. *ടി,* 338–40.

38. *ടി,* പു. 356–57.

39. കെ. ദാമോദരൻ, *ഭാരതീയ ചിന്ത* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പു. 493.

40. തായാട്ടുശങ്കരൻ, *വള്ളത്തോൾ: നവയുഗത്തിന്റെ കവി* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1988), പു. 274.

41. കെ. ദാമോദരൻ, *ഇന്ത്യയുടെ ആത്മാവ്* (പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം, 2011), പു. 209–10.

42. റൊമില ഥാപ്പർ, 'വർഗീയതയും പ്രാചീനഭാരത ചരിത്രരചനയും', *വർഗീയതയും ചരിത്രപൈതൃകവും* വിവ. കെ. എൻ. ഗണേശ് (ചിന്ത പബ്ളിഷേഴ്സ്, തിരുവനന്തപുരം, 2002), പു. 10–6.

43. സുനിൽ പി. ഇളയിടം, *ഇന്ത്യാചരിത്രവിജ്ഞാനം ദേശം ദേശീയത ദേശചരിത്രം* (പ്രതീക്ഷാ ബുക്സ്, കോഴിക്കോട്, 2012), പു. 80.

44. റൊമില ഥാപ്പർ, 'വർഗീയതയും പ്രാചീനഭാരത ചരിത്രരചനയും', *വർഗീയതയും ചരിത്രപൈതൃകവും* വിവ. കെ. എൻ. ഗണേശ് (ചിന്ത പബ്ളിഷേഴ്സ്, തിരുവനന്തപുരം, 2002), പു. 16.

45. കെ. എം. അനിൽ, 'ദേശീയതയുടെ സംഘർഷങ്ങൾ കെ.ടി.യുടെ കഥകളെ മുൻനിർത്തിയുള്ള പഠനം', *പാന്ഥരും വഴിയമ്പലങ്ങളും* (പ്രോഗ്രസ് ബുക്സ്, കോഴിക്കോട്, 2016), പു. 107.

46. രാമചന്ദ്രഗുഹ, *ഇന്ത്യ ഗാന്ധിയ്ക്കുശേഷം*, വിവ. ശിവദാസ്. പി. കെ (ഡി. സി. ബുക്സ്, കോട്ടയം, 2014), പു. 25.

47. കെ. രാമചന്ദ്രൻ നായർ, സമ്പാ., *ഗാന്ധി സാഹിത്യസംഗ്രഹം*, (കേരള ഗാന്ധി സ്മാരക നിധി, 1999), പു. 278.

48. Parmanand Parashar, *Nationalism: Its Theory and principles in India* (Sarup & Sons, New Delhi, 1996), p. 182.

49. കെ. രാമചന്ദ്രൻ നായർ, സമ്പാ., *ഗാന്ധി സാഹിത്യസംഗ്രഹം*, (കേരള ഗാന്ധി സ്മാരക നിധി, 1999), പു. 279.

50. Parmand Parashar, *Nationalism: Its Theory and principles in India* (Sarup & Sons, New Delhi, 1996), p. 200.

51. പി. കെ. സുകുമാരൻനായർ (എഡി), *ഗാന്ധിസാഹിത്യം രാഷ്ട്രതന്ത്രം* (കേരള ഗാന്ധിസ്മാരകനിധി, തിരുവനന്തപുരം, 1982), പു. 99.

52. *ടി*, പു. 100.

53. കെ. എം. ജോർജ്, 'മഹാത്മാഗാന്ധി', *ഡോ. കെ. എം. ജോർജിന്റെ പ്രബന്ധ ങ്ങൾ* (ഡി. സി. ബുക്സ്, കോട്ടയം, 1989), പു. 388.

54. സുനിൽ. പി ഇളയിടം, 'ഹിന്ദുമതം എന്നൊരു മതമേ ഇല്ലല്ലോ !,' *ശ്രീനാരായണ ഗുരു പുനർവായനകൾ.* എഡി., പ്രദീപൻ പാമ്പിരിക്കുന്ന് (പ്രോഗ്രസ് പബ്ലിക്കേ ഷൻ, കോഴിക്കോട്, 2016), പു. 15.

55. പ്രദീപൻ പാമ്പിരിക്കുന്ന്, 'നവോത്ഥാനം, ദേശീയത, ആധുനികത: കീഴാളസം സ്കാരപഠനം', *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം* (മലയാളപഠന സംഘം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2011), പു. 437–38.

56. കെ. രാമചന്ദ്രൻ നായർ, സമ്പാ., *ഗാന്ധി സാഹിത്യസംഗ്രഹം*, (കേരള ഗാന്ധി സ്മാരക നിധി, കറന്റ് ബുക്സ്, കോട്ടയം, 1999), പു. 582.

57. വി. കെ. സുകുമാരൻ നായർ, 'അംബേദ്കറും ഇന്ത്യൻ ദേശീയതയും' *വിജ്ഞാന കൈരളി*, 22, 4 (ഏപ്രിൽ 1991), പു. 231–235.

58. *ടി*, പു. 230.

59. പ്രദീപൻ പാമ്പിരിക്കുന്ന്, 'നവോത്ഥാനം, ദേശീയത, ആധുനികത: കീഴാളസം സ്കാരപഠനം', *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം* (മലയാളപഠന സംഘം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2011), പു. 441–42.

60. പറക്കോട്. എൻ. എൻ. കുറുപ്പ്, വിവ., *ഡോ. അംബേദ്കർ സമ്പൂർണകൃതികൾ*, വാ. 1 (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1996), പു. 59–60.

61. കെ. ജയകുമാർ(ചീഫ്.എഡി), *ടാഗോർ കൃതികൾ*, 3-ാം. പ., (ഡി. സി. ബുക്സ്, കോട്ടയം, 2011), പു. 732.

62. *ടി*, പു. 927.

63. *ടി*, പു. 929–30.

64. *ടി*, പു. 753.

65. *ടി*, പു. 744–45.

66. Parmand Parashar, *Nationalism: Its Theory and principles in India* (Sarup & Sons, New Delhi, 1996), pp. 18–22.

67. *Ibid,* pp. 225–26.

68. ബാലറാം. എം.പി, *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം1901–2000,* വാ. 2., എം. എൻ. വിജയൻ (ജന. എഡി), (കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2000), പു. 148–50

69. ഇ.വി.രാമകൃഷ്ണൻ, 'വർത്തമാനപ്പത്രങ്ങളുടെയും അച്ചടിയന്ത്രങ്ങളുടെയും വ്യാപനത്തോടെ മലയാളിയുടെ സാഹിത്യസങ്കല്പങ്ങളിലും ഭാഷാവ്യവഹാരങ്ങ ളിലും സംഭവിച്ച മാറ്റങ്ങൾ', *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901–2000,* വാ. 2., എം. എൻ. വിജയൻ (ജന. എഡി), (കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2000), പു. 494.

70. ടി. കെ ഗംഗാധരൻ, *കേരളചരിത്രം* കാലിക്കറ്റ് യൂണിവേർസിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ, വ ?), പു. 303–04.

71. എ. ആർ. ദേശായ്, *ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം*, വിവ. കെ. ശ്രീകുമാരൻ ഉണ്ണി (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016), പു. 43–5.

72. കെ. എൻ. പണിക്കർ, *ചരിത്രത്തിന് സംഭവിയ്ക്കുന്നത്.,* പി. പി. ഷാനവാസ് (എഡിറ്റർ), (പ്രോഗ്രസ് പബ്ളിക്കേഷൻസ്, കോഴിക്കോട്, 2016), പു. 22.

73. സുനിൽ. പി ഇളയിടം, 'പാരിസ്ഥിതിക മാർക്സിസം', *വീണ്ടെടുപ്പുകൾ മാർക്സി സവും ആധുനികതാവിമർശനവും* (കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2014), പു. 68–9.

74. കെ. എൻ. ഗണേശ്, *പ്രകൃതിയും മനുഷ്യനും* (കേരള ശാസ്ത്രസാഹിത്യ പരിഷ ത്ത്, തൃശ്ശൂർ, 2015), പു. 311–12.

75. കെ. എൻ. പണിക്കർ, 'അധിനിവേശത്തിനെതിരെ പ്രാദേശിക പാരമ്പര്യം മോയിൻകുട്ടിവൈദ്യരുടെ കാവ്യഭൂമിക' തെരെഞ്ഞെടുത്ത പ്രബന്ധങ്ങൾ., പി. പി. ഷാനവാസ് (എഡിറ്റർ), (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2010), പു. 53–4.

76. *ടി,* പു. 55.

77. ജി. മധുസൂദനൻ, *ഭാവനയുടെ ജലസ്ഥലികൾ* (കറന്റ് ബുക്സ്, കോട്ടയം, 2015), പു. 115.

78. *ടി,* പു. 118.

79. ബാലചന്ദ്രൻ ചുള്ളിക്കാട്, *സമകാല മലയാളകവിത പുതുമയും പലമയും*, മിനി ആലീസ് (എഡി), (വിദ്വാൻ പി, ജി. നായർ സ്മാരക ഗവേഷണകേന്ദ്രം,മലയാള വിഭാഗം, യു. സി. കോളേജ് ആലുവ, 2014), പു. 13.

80. എം. ജി. എസ്. നാരായണൻ, 'അധിനിവേശം വ്യവസായവിപ്ലവം ദേശീയത, വി ജ്ഞാനവിസ്ഫോടനം', *അഞ്ഞൂറുവർഷത്തെ കേരളം ചില അറിവടയാളങ്ങൾ.*, സ്കറിയ സക്കറിയ(എഡി) (താപസം, ചങ്ങനാശ്ശേരി, 2001), പു. 17.

81. എരുമേലി പരമേശ്വരൻപിള്ള, 'എഴുത്തച്ഛൻ: കിളിപ്പാട്ടു സാഹിത്യം', *മലയാളസാ ഹിത്യം കാലഘട്ടങ്ങളിലൂടെ* (കറന്റ് ബുക്സ്, 2012), പു. 188.

82. ലീലാവതി, *കവിതാസാഹിത്യചരിത്രം*, (കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 2011), പു. 89.

83. കെ. എൻ. ഗണേശ്, *കുഞ്ചൻനമ്പ്യാർ വാക്കും സമൂഹവും.* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1996), പു. 115.

84. എം. ആർ. രാഘവവാര്യർ, 'എഴുത്തച്ഛൻ കൃതികളിലെ കേരളീയസമൂഹം' , *വായനയുടെ വഴികൾ* (കറന്റ് ബുക്സ്, തൃശ്ശൂർ, 1998), പു. 25.

85. സുകുമാർ അഴീക്കോട്, 'ഭാരതീയത നമ്മുടെ കവിതയിൽ'. *ഭാരതീയവും സാഹിതീയവും* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2010), പു. 142.

86. എം. ആർ. രാഘവവാര്യർ, 'വള്ളത്തോൾക്കവിതയിലെ ദേശീയതാസങ്കൽപ്പം' , *വായനയുടെ വഴികൾ* (കറന്റ് ബുക്സ്, തൃശ്ശൂർ, 1998), പു. 30.

*87.* അച്യുതൻ, എം. *സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും.* (കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2003), പു 242.

88. പി. രാമൻ, 'ഉള്ളൂർ പരമേശ്വരയ്യർ(കർണഭൂഷണം)', *കവിതാപഠനങ്ങൾ.*, പി. കെ പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി (ഡി. സി. ബുക്സ്, കോട്ടയം, 2005), പു. 27.

89. *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901-2000*, വാ. 2., എം. എൻ. വിജയൻ (ജന.എഡി), (കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2000), പു. 808.

90. സുകുമാർ അഴീക്കോട്, 'ഭാരതീയത നമ്മുടെ കവിതയിൽ'. *ഭാരതീയവും സാഹിതീയവും* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2010), പു. 146.

91. കുമാരനാശാൻ, 'വീണപൂവ്', *കുമാരനാശാന്റെ പദ്യകൃതികൾ* (ഡി. സി. ബുക്സ്, കോട്ടയം, 2006), പു. 42.

92. പി. സോമൻ, 'ഭാരതീയ നവോത്ഥാനകവിതയും ആത്മീയതയും', *ഗ്രന്ഥാലോകം*, 64, 7 (2014), പു. 23.

93. ഇ. പി. രാജഗോപാലൻ, *കവിതയുടെ ഗ്രാമങ്ങൾ* (കറന്റ് ബുക്സ്, തൃശ്ശൂർ, 2008), പു. 41.

94. ലീലാവതി, *കവിതാസാഹിത്യചരിത്രം*, (കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 2011), പു. 255.

95. പണ്ഡിറ്റ് കെ. പി. കറുപ്പൻ, 'ജാതിക്കുമ്മി', *കവിതയുടെ നൂറ്റാണ്ട്*, വാ. 1., എം. എൻ. വിജയൻ (ജന.എഡി), പ്രസാ. സാഹിത്യപ്രവർത്തക സഹകരണസംഘം, (നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2008), പു. 38

96. ഇടശ്ശേരി ഗോവിന്ദൻനായർ, 'ഒരു പിടി നെല്ലിയ്ക്ക', *ഇടശ്ശേരിക്കവിതകൾ.,* കെ. ഗോപാലകൃഷ്ണൻ (എഡിറ്റർ), (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012), പു. 575.

97. *ടി*, പു. 284-85.

98. എം. എം. നാരായണൻ, *കലയുംരാഷ്ട്രീയവും കവിതയിൽ* (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2013), പു. 54.

99. സച്ചിദാനന്ദൻ, 'പൊന്നാനിയിലെ കൃഷിക്കാരൻ ദേശീയതയും ജനകീയതയും ഇടശ്ശേരിക്കവിതകയിൽ' *മലയാളകവിതാപഠനങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴി ക്കോട്, 2014), പു. 161.

100. വൈലോപ്പിള്ളി ശ്രീധരമേനോൻ, 'ആസ്സാംപണിക്കാർ', *വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ,* എം. എൻ. വിജയൻ (ജന.എഡിറ്റർ), (കറന്റ് ബുക്സ്, തൃശ്ശൂർ, 2001), പു. 87.

101. ഡി. ബഞ്ചമിൻ, *ജി യുടെ ഭാവഗീതങ്ങൾ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്ത പുരം, 1988), പു. 241.

# അധ്യായം 2

# വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത

സ്വാതന്ത്ര്യസമരകാലത്ത് ജനങ്ങളുടെ ആത്മാഭിമാനത്തെയും ദേശീയബോധത്തെയും തട്ടിയുണർത്തുന്നതിൽ മലയാളകവിത പ്രധാന പങ്കുവഹിച്ചു. തങ്ങളുടെ രചനകളിലൂടെ നിരവധി ഭാഷാസാംസ്കാരിക വൈവിധ്യങ്ങളുള്ള ഇന്ത്യയെ അവർ ഏകീകരിച്ച് മാറ്റിപ്പണിയുകയായിരുന്നു. ഈ ഐക്യത്തിന്റെയും വൈകാരിക ഏകീകരണത്തിന്റെയും ലക്ഷ്യം രാഷ്ട്രീയ സ്വാതന്ത്ര്യമായിരുന്നു. സാഹിത്യസൃഷ്ടികളിൽ എല്ലാ വൈവിധ്യങ്ങൾക്കിടയിലും ഇന്ത്യ ഒന്നായി നിൽക്കുകയും കൊളോണിയൽ ശക്തികൾ എതിർചേരിയിലാവുകയും ചെയ്തു.

മലയാള സാഹിത്യത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ സ്വാതന്ത്ര്യസമരത്തിന്റെ പ്രതിധ്വനികൾ ഏറ്റവുമധികം കാണുക കവിതയിലാണ്. സാമൂഹിക നവോത്ഥാനപ്രസ്ഥാനങ്ങളും ജാതീയവും സാമ്പത്തികവുമായ ഉച്ചനീചത്വങ്ങളും പ്രത്യക്ഷമായി ആവിഷ്കരിച്ചത് മലയാളകവിതയാണ്. വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം, ക്ഷേത്രപ്രവേശനവിളംബരം, ക്വിറ്റ് ഇന്ത്യാ സമരം, വയലാർ സമരം എന്നിവയെല്ലാം കവിതയിൽ ആവിഷ്കരിക്കപ്പെട്ടു. സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള അഭിമാനരൂപത്തിലായിരുന്നു ദേശീയബോധം കവിതയിൽ പ്രതിഫലിച്ചത്. നാടോടിവാക്കുകൾ സ്വീകരിക്കുക, നാടൻ കൽപ്പനകൾ പുനരാവിഷ്കരിക്കുക, ധീരനായകന്മാരുടെ അപദാനങ്ങൾ വാഴ്ത്തുക, ഭാരതീയ സംസ്കൃതിയിൽ അലിഞ്ഞുചേർന്നിട്ടുള്ള ആസ്തിക്യബോധത്തെയും ധർമബോധത്തെയും വാഴ്ത്തുക എന്നിവയായിരുന്നു മറ്റു പദ്ധതികൾ. അഭിമാനം, ഉത്സാഹം, വീരം എന്നിവ ദേശഭക്തിയുടെ ശ്രുതിയായിത്തീർന്ന കാലമായിരുന്നു അത്.[1]

എന്നാൽ സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യ നിരവധി പ്രശ്നങ്ങളിലൂടെ കടന്നുപോവുകയും സ്വാതന്ത്ര്യസമരം നൽകിയ വിലപ്പെട്ട പൈതൃകമായ ദേശീയ

ഐക്യവും ദേശീയോദ്ഗ്രഥനവും ജാതിമത വർഗീയവാദികളുടെ നിരന്തരമായ ആക്രമണങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയും ചെയ്തു. വർഗീയവാദത്തിന്റെയും കമ്പോളഭാവുകത്വത്തിന്റെയും സ്വാധീനം സാംസ്കാരിക രംഗത്തെ വെല്ലുവിളിക്ക് കാരണമായി. ഇന്ത്യൻ ദേശീയതയുടെ രൂപീകരണത്തിൽ പ്രവർത്തിച്ച ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും മൂല്യങ്ങളെ, പുതിയ വെല്ലുവിളികളെ നേരിടാൻ പാകത്തിൽ മുന്നോട്ടു നയിക്കാൻപോന്ന ഒരു സാംസ്കാരികമുന്നേറ്റം ആ കാലഘട്ടത്തിലെ ആവശ്യങ്ങളിലൊന്നായി മാറി. അറുപതുകളുടെ ആരംഭത്തിൽ അന്നത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു വർഗീയവും ജാതീയവും ഭാഷാപരവും പ്രാദേശികവുമായ വിഘടനവാദങ്ങൾ ഭാരതത്തിന്റെ ഐക്യത്തെ തകർക്കുന്നതിൽ ഖേദംപൂണ്ട് ഒരു ദേശീയോദ്ഗ്രഥന സമ്മേളനം വിളിച്ചുകൂട്ടി എന്നതുതന്നെ രാജ്യം നേരിട്ട പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നുണ്ട്. അതിൽ പങ്കെടുത്ത വിവിധ രാഷ്ട്രീയപാർട്ടികളുടെയും ബഹുജനസംഘടനകളുടെയും പ്രതിനിധികളോട് ഇന്ത്യയുടെ ഐക്യത്തിനുനേരെയുള്ള ഈ ഭീഷണിയെ എങ്ങനെ നേരിടാമെന്ന് ആലോചിക്കാൻ അദ്ദേഹം പറയുന്നുണ്ട്.[2]

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ സാഹിത്യത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ജി.ശങ്കരക്കുറുപ്പ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.[3]

> *സാഹിത്യം ജീവിതത്തിന്റെ ആഢംബരമല്ല; ആദർശശുദ്ധവും കർമശക്തിപ്രദവുമായ ആശയരക്തത്തെ സംഭരിക്കുകയും സംസ്കരിച്ച് പ്രസരിപ്പിക്കുകയും ചെയ്യുന്ന സമുദായഹൃദയം തന്നെയാകുന്നു. അതിനാൽ ആദർശമലിനതയുടെയോ, കർമാലസതയുടെയോ ചിഹ്നം പ്രത്യക്ഷമാകുമ്പോഴൊക്കെ കവികൾ സവിശേഷമായ ശ്രദ്ധ ജീവിതത്തിലും പശ്ചാത്തലമായ പരിസ്ഥിതിയിലും പതിപ്പിക്കേതാണ്. ഇല്ലെങ്കിൽ മനുഷ്യജീവിതം ജീർണിക്കും. സംസ്കാരം ക്ഷയിക്കും. മൃത്യുവിന്റെ സഹോദരിയായ നിദ്ര സമുദാ*

*യത്തെ വിഷാദാത്മകതയും നിരാശയും പരവശതയുംകൊണ്ട് പൊതിയും.*

നിരാശത, അലസത, ജീർണത ഇവയുടെ പിടിയിൽനിന്നും രാഷ്ട്രത്തെ മോചിപ്പിച്ച് അതിന് ആത്മരക്ഷക്കുവേണ്ട ആരോഗ്യവും ഉന്മേഷവും കർമപരമായ ചലനവും നൽകുകയാണ് കലയുടെ കർത്തവ്യമെന്നും അദ്ദേഹം പറയുന്നു.

സ്വാതന്ത്ര്യാനന്തര ഭാരതീയ കാവ്യത്തെ പ്രതിനിധീകരിച്ച് ഏതാനും കവികളുടെ കവിതകൾ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിച്ച *മലയാള കാവ്യസംഗ്രഹം* എന്ന ഗ്രന്ഥത്തിൽ സ്വാതന്ത്ര്യാനന്തര സമൂഹത്തിന് ഏകത്വബോധവും ഐക്യബോധവും അടിയൊഴുക്കും നഷ്ടപ്പെടുന്നതിനെക്കുറിച്ചും എഡിറ്ററായ കവി ആശങ്കപ്പെടുന്നുണ്ട്.[4] ഇക്കാര്യങ്ങളെല്ലാം സ്വാതന്ത്ര്യാനന്തര മലയാളകവിതയുടെ ദേശീയ ജാഗ്രത തുറന്നുകാട്ടുന്നുണ്ട്.

ഇന്ത്യൻ സ്വാതന്ത്ര്യസമരം രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം മാത്രമായിരുന്നില്ല, അത് സമഗ്രമായ ഒരു നവോത്ഥാനത്തിന്റെ ഭാഗം കൂടിയായിരുന്നു. ഇന്ത്യക്കുലഭിച്ച രാഷ്ട്രീയസ്വാതന്ത്ര്യം സാമൂഹികസ്ഥാപനങ്ങളുടെയും സാമൂഹികമൂല്യങ്ങളുടെയും സമ്പദ്ഘടനയുടെയും തലങ്ങളിൽ പൊളിച്ചെഴുത്തിനുള്ള പ്രതീക്ഷ വളർത്തി. പക്ഷേ ഈ ശുഭപ്രതീക്ഷയുടെ ചൂടും സൗന്ദര്യവും കാണെക്കാണെ കുറയുകയാണ് ചെയ്തത്. ഇതിന്റെ പ്രതിഫലനം പിൽക്കാലസാഹിത്യത്തിലുടനീളം ദൃശ്യമാണ്.[5] ആധുനികതയുടെ രൂപത്തിലാണ് ഇത് പിൽക്കാലത്ത് മലയാളകവിതയിൽ പ്രത്യക്ഷപ്പെട്ടത്.

## ആധുനികതയും മലയാളകവിതയും

പാശ്ചാത്യലോകത്ത് നഗരകേന്ദ്രീകൃതമായി ഉയർന്നുവന്ന പ്രസ്ഥാനമാണ് ആധുനികത. എന്നാൽ പാശ്ചാത്യദേശത്തെ ആധുനികതക്ക് കാരണമായ ഭൗതിക സാഹചര്യങ്ങൾ സമാനരൂപത്തിലോ സാഹചര്യത്തിലോ മലയാളസാഹിത്യത്തെ

സ്വാധീനിച്ചിട്ടില്ല. ആധുനികതാപ്രവണതകൾ ആശയങ്ങൾ എന്ന നിലക്കാണ് കവിതയുടെ സ്വഭാവനിർണയത്തിൽ സ്വാധീനം ചെലുത്തിയത്. പാശ്ചാത്യരാജ്യങ്ങളുടെ ആശയങ്ങളുടെ സ്വാധീനത്തിൽ മലയാളത്തിൽ ആധുനികത വളർന്നുവരാൻ കാരണമായ സാഹചര്യം നഗരങ്ങളുടെ വളർച്ചയായിരുന്നില്ല. കാർഷികവൃത്തിയിൽനിന്നുള്ള തൊഴിലിന്റെ മാറ്റവും കൃഷിയിലെ മുതലാളിത്തരീതിയിലുള്ള തൊഴിൽബന്ധവും വന്നതോടുകൂടി നാഗരികമെന്നുകൂടി വിളിക്കാവുന്ന ഒരു സംസ്കാരം ഗ്രാമത്തിലേക്കുകൂടി വ്യാപിക്കുകയാണുണ്ടായത്. ഈ സാഹചര്യത്തിലേക്കു കടന്നുവന്ന പാശ്ചാത്യാധുനികതയെക്കുറിച്ചുള്ള ആശയങ്ങൾ സൃഷ്ടിച്ച അവബോധം ആധുനിക മലയാളകവിതയുടെ രൂപഭാവങ്ങൾ നിർണയിച്ചു. രാഷ്ട്രീയസാമൂഹിക ജീവിതപരിണാമത്തിൽ അനുഭവപ്പെട്ട പൊരുത്തക്കേടുകളാണ് മലയാളത്തിലെ ആധുനികതയെ സ്വാധീനിച്ചത്.[6] കേരളത്തിലെ ആധുനികത സ്വന്തം സാഹചര്യങ്ങളിൽ തനതായ സ്വഭാവങ്ങളോടെയാണ് വളർന്നുവന്നത്. പാശ്ചാത്യമായ ആധുനികതാപ്രസ്ഥാനത്തെ നിരീക്ഷണത്തിലൂടെയും അറിവിലൂടെയും ദ്വിതീയമായി സ്വീകരിക്കുകയാണ് അത് ചെയ്തത്.[7] വളരെക്കാലം മലയാളകവിതയെ അടക്കിവാണിരുന്ന കാൽപ്പനികതയുടെ ചെടിപ്പിൽനിന്നുള്ള വ്യതിയാനമായാണ് ആധുനികത മലയാളകവിതയിൽ കടന്നുവന്നത്. അതുവരെ പിൻതുടർന്നുവന്ന രൂപങ്ങളിൽനിന്നുള്ള വിച്ഛേദമാണ് ഈ ഘട്ടത്തിന്റെ സവിശേഷത. പഴയ കവിതാനിയമങ്ങൾ ഭഞ്ജിക്കുകയും പ്രമേയപരവും രൂപപരവുമായ നവീനത കവിതയുടെ മുഖമുദ്രയായിത്തീരുകയും ചെയ്തു. മാറിവരുന്ന ഭാവുകത്വത്തെ ഉൾക്കൊള്ളാനുള്ള കാൽപ്പനികതയുടെ അശക്തിയും പുതിയ അനുഭവമേഖലകളെ ആവിഷ്കരിക്കാൻ സാധിക്കാത്ത സങ്കേതങ്ങളും കാൽപ്പനികത സൃഷ്ടിച്ച ആവർത്തനവിരസതയും നിലനിൽക്കുന്ന സങ്കേതങ്ങളെ മാറ്റിമറിക്കാനുള്ള അന്വേഷണങ്ങൾ ഉടലെടുക്കാൻ കാരണമായി. വൈരുധ്യങ്ങളും വൈവിധ്യങ്ങളും ഉൾക്കൊണ്ട ഈ പ്രക്രിയ ഏകമുഖമായിരുന്നില്ല.

കാൽപ്പനികതക്കും മിസ്റ്റിസിസത്തിനും എതിരായ ഒരു പ്രക്ഷോഭം കൂടിയാ

യിരുന്നു ഇത്. ജീവിതത്തിന്റെ ദുരന്തകാർക്കശ്യം പലപ്പോഴും കറുത്ത ഫലിതത്തിലേക്കും വൈരുധ്യദർശനത്തിലേക്കും നയിച്ചു. നർമബോധവും ഐറണിയും കോമാളിത്തവും ആക്ഷേപഹാസ്യവും കവിതയിൽ കടന്നുവന്നു. ആധുനികജീവിതം സൃഷ്ടിക്കുന്ന തിരക്കും അമ്പരപ്പും ജീവിതത്തിന്റെ നിസ്സാരതയും കപടനാട്യങ്ങളും കവിതക്ക് വിഷയമായി. ശബ്ദാധിഷ്ഠിതവും പ്രാസാധിഷ്ഠിതവുമായ നർമമായിരുന്നു ഇക്കാലത്തെ കവിതകളുടെ മറ്റൊരു സവിശേഷത. വാക്കുകളിൽനിന്നും വാഗ്സംയുക്തങ്ങളിൽനിന്നുമുണ്ടാവുന്നവ, കവിതയുടെ ടോണിൽനിന്നുണ്ടാവുന്നവ, ഒരൊറ്റ ചിത്രകൽപ്പനയിൽനിന്നു വിശദാംശങ്ങളിലൂടെ വികസിക്കുന്നവ, കഥാപാത്രങ്ങളിൽനിന്നുണ്ടാവുന്നവ, സാമൂഹികസന്ദർഭങ്ങളിൽനിന്നുണ്ടാകുന്നവ എന്നിങ്ങനെ വിവിധ തരത്തിൽപ്പെട്ട നർമങ്ങൾ ആധുനിക കവിതയിൽ പ്രത്യക്ഷപ്പെട്ടു. കാൽപ്പനികതയുടെ വർണശബളമായ ആശയങ്ങളുമുപേക്ഷിച്ച് പരുപരുത്ത മണ്ണിലൂടെ നടക്കുന്ന കവിത, പരുഷവും അപ്രിയവുമായ സത്യങ്ങൾ പറയുവാനായി മൃദുലതയുടെ ആവരണങ്ങൾ വലിച്ചെറിഞ്ഞു. രൂപതലത്തിൽ പഴയ അലങ്കാരങ്ങളുടെയും വർണനകളുടെയും സ്ഥാനത്ത് ധ്വന്യാത്മകവും അന്തർദർശനാധിഷ്ഠിതവുമായ കാവ്യബിംബങ്ങളുടെ ആഗമനം കാവ്യഭാഷാപരമായ ഒരു പരിവർത്തനത്തിന് തുടക്കം കുറിച്ചു. വൃത്തത്തിലും പുതിയ പരീക്ഷണങ്ങൾ നടന്നു. വൃത്തങ്ങൾ മിശ്രണംചെയ്ത് ഉപയോഗിക്കുക, പഴയ വൃത്തങ്ങളെ പുനരാവിഷ്കരിക്കുക എന്നീ രീതികളിലൂടെ വൃത്തങ്ങൾക്ക് കാവ്യഭാഷയുമായി ബന്ധപ്പെട്ട ഒരന്തർവൃത്തമുണ്ടെന്ന് കവികൾ കണ്ടെത്തി. ഛന്ദോമുക്തരൂപങ്ങളും പരീക്ഷിക്കപ്പെട്ടു.[8]

നിഷേധാത്മകവും പരീക്ഷണ മനോഭാവവുമായിരുന്നു കവിതകളുടെ മുഖമുദ്ര. നഗരം വലിയൊരനുഭവമായി കവിതകളിൽ കടന്നുവന്നു. ആധുനികതാ പ്രസ്ഥാനത്തിന്റെ സവിശേഷ സന്ദർഭത്തിൽ ആ അന്തരീക്ഷം ഉൾക്കൊണ്ടും വ്യത്യസ്തമായ രൂപഭാവങ്ങൾ പ്രകടിപ്പിച്ചും കവിതകളെഴുതിയവരും ഉണ്ട്.

രൂക്ഷമായ സാമൂഹികവിമർശന ത്തിലൂടെ ആധുനികജീവിതത്തിന്റെ ജീർണതകളെയും പൊള്ളത്തരങ്ങളെയും നേരിടാൻ സവിശേഷമായ ഒരു ഭാഷ നിർമിച്ചെടുക്കുകയാണ് ആധുനിക കവികൾ ചെയ്തത്. ആധുനികത ഉയർത്തിക്കൊണ്ടുവന്ന സാമൂഹിക പരിസരം ആ കാലത്തെ മിക്ക കവികളെയും സ്വാധീനിച്ചിരുന്നു. മതത്തോടുള്ള സംശയാത്മകമായ നിലപാട്, അഗാധമായ അന്തർമുഖത്വം, സാങ്കേതികവും രൂപപരവുമായ പരീക്ഷണാത്മകത, ബുദ്ധിപര മായ കളിയാട്ടം, ഭാഷാപരമായ പുതുപ്രയോഗങ്ങൾ, ആത്മസൂചകപരമായ ആവി ഷ്കാരരീതി, ആക്ഷേപഹാസ്യം കലർന്ന മനുഷ്യവിദ്വേഷം, വിശ്വാസനഷ്ടം, രക്ഷ ക-പിതൃബിംബനിരാസങ്ങൾ, സാംസ്കാരികമായ ക്ഷീണാവസ്ഥ തുടങ്ങിയവ ആധുനികതയുടെ സവിശേഷതകളായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.[9]

ആധുനികതാ സന്ദർഭത്തിലെ ചില കവികളുടെ കവിതകളെ വിശകലനം ചെയ്ത് കക്കാട് താഴെ പറയുന്ന നിഗമനങ്ങളിൽ എത്തുന്നുണ്ട്. കവിത പുതിയ ഭാവതലത്തിലേക്ക് വികസിക്കുകവഴി ആധുനികജീവിതത്തിന്റെ സമസ്യകളെ നേരിടാനുള്ള ശക്തി നേടിയതായി അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്.[10] പുതിയ കവിത ആമൂലാഗ്രം ഒരു പുതിയ ഏർപ്പാടല്ല മറിച്ച് ഇതുവരെയുള്ള സംഭാവനാ പരമ്പരയുടെ തുടർച്ചയാണ്. പാരമ്പര്യത്തെയായിരുന്നില്ല പുതിയ കവികൾ ധിക്കരിച്ചത് മറിച്ച് പാരമ്പര്യത്തെ മുന്നോട്ട് പോകാൻ അനുവദിക്കാതിരുന്ന യാഥാസ്ഥിതികമായ കാവ്യാചാരങ്ങളെയാണ്. മുൻകൂട്ടി തീരുമാനിച്ച ഒരു വിഷയത്തെയോ ഭാവത്തെയോ ആവിഷ്കരിക്കുകയല്ല അവ്യക്തവും സങ്കീർണ വുമായ ഭാവങ്ങളെ സങ്കീർണ പ്രക്രിയയിലൂടെ കണ്ടെത്തുകയാണ് അവർ ചെയ്തത്. തങ്ങളോട് തന്നെ നീതിചെയ്യാൻ കഴിയാത്ത കവിക്ക് സമൂഹത്തോട് നീതിചെയ്യാൻ കഴിയില്ലെന്നവർ വിശ്വസിച്ചു. അനുകരണം കവിതയെയും കവിയെയും നശിപ്പിക്കുമെന്ന കാഴ്ചപ്പാട് അവരെ മുൻതലമുറയിൽനിന്ന് വ്യത്യസ്തരാക്കുകയാണ് ചെയ്തത്.

മലയാളകവിതയിൽ ആധുനികതയുടെ പ്രയോക്താക്കളിൽ പ്രമുഖർ അയ്യപ്പപ്പണിക്കർ, എൻ.എൻ. കക്കാട്, മാധവൻ അയ്യപ്പത്ത്, പാലൂർ, എൻ.വി. കൃഷ്ണവാര്യർ, ചെറിയാൻ കെ. ചെറിയാൻ എന്നിവരായിരുന്നു. കാൽപ്പനിക തയുടെ ഏകതാനതയെ പ്രതിരോധിക്കാൻ അയ്യപ്പപ്പണിക്കർ നടത്തിയ പരിശ്രമങ്ങൾ ആധുനിക കവിതാലോകത്ത് ശ്രദ്ധേയമാണ്.

*മൃത്യുപൂജ, കുടുംബപുരാണം, കുരുക്ഷേത്രം* എന്നീ കവിതകളിലൂടെ അയ്യപ്പപ്പണിക്കർ ആധുനികതയുടെ അവതാരകനായി. ജീവിതത്തിന്റെ നിഷ്ഫലതയും സർവനാശചിന്തയും മരണാഭിമുഖ്യവുമെല്ലാം അയ്യപ്പപ്പണിക്കർ ചിതറിയ ബിംബങ്ങളാൽ കവിതയിൽ അവതരിപ്പിച്ചു. ഐറണിയുടെ പ്രയോഗവും വിരുദ്ധോക്തിയും ആ കവിതകളുടെ സവിശേഷതയായിരുന്നു. വൈരുധ്യങ്ങളും പൊള്ളത്തരങ്ങളും പൊങ്ങച്ചങ്ങളും ഉദ്ദീപിപ്പിക്കുന്ന നർമവും ആക്ഷേപ ഹാസ്യവും വ്യഞ്ജിപ്പിക്കുന്നതിന് സ്വകീയമായ ഒരു കാവ്യഭാഷയും നൂതനമായ ഒരു പദവിന്യാസക്രമവും പണിക്കർ അവതരിപ്പിച്ചു. പദയോജനത്തിൽ വൈകൃതങ്ങളും വികടതകളും കോമാളിത്തരങ്ങളും ഉളവാക്കി ചിരിപ്പിക്കുക, വർണബന്ധത്തിൽ സദൃശതകളും അർഥയോഗത്തിൽ അസദൃശതകളും ഉള്ള പദങ്ങളെ നിരത്തി വൈരുധ്യാവബോധമുണ്ടാക്കുക, ദുരന്തശോകമുണരേണ്ടുന്ന ഘട്ടങ്ങളിൽ കഠിനനിസ്സംഗതയായി പരിണമിപ്പിക്കുക തുടങ്ങിയ പ്രക്രിയകളിലൂടെ അദ്ദേഹം പുതിയൊരു കവിതാസംസ്കാരത്തെത്തന്നെ സൃഷ്ടിക്കുകയുണ്ടായി.[11] മൂല്യങ്ങളുടെ തകർച്ച, നഗരജീവിതത്തിന്റെ അസഹ്യത, സമൂഹത്തിന്റെ കാപട്യം - ഇവയുണർത്തുന്ന ആത്മരോഷം, മോഹഭംഗം എന്നിവയായിരുന്നു കക്കാടിന്റെ കൃതികളിലെ അന്തഃസ്സത്ത. നാഗരിക സംസ്കാരത്തെ അഭിമുഖീകരിക്കുന്ന ഇടത്ത രക്കാർ നേരിടുന്ന സംഘർഷങ്ങളാണ് കക്കാടിന്റെ കവിതകൾക്കു വിഷയമായത്. മൂർച്ഛിക്കുന്ന ആത്മരോഷങ്ങളും നിരർഥകതയുടെ പൊള്ളച്ചിരികളും നിസ്സംഗതയും കവിതയിലെ മുഖ്യഭാവങ്ങളായിരുന്നു. ഭാഷയിലും ഭാവുകത്വത്തിലു

മുണ്ടായ ആധുനികതയുടെ സ്വാധീനത്തെക്കുറിച്ച് *വജ്രകുണ്ഡല* ത്തിന്റെ മുഖക്കുറിപ്പിൽ കക്കാട് ഇങ്ങനെ പറയുന്നു.[12]

> *1960–ൽ പാതാളത്തിന്റെ മുഴക്കം എന്ന കവിതയും 1964–ൽ ആയിരത്തി തൊള്ളായിരത്തി അറുപത്തിമൂന്ന് എന്ന കവിതയും എഴുതിക്കഴിഞ്ഞപ്പോൾ മറ്റൊരു വൈകാരികപ്രഹേളിക അസ്വാസ്ഥ്യ കരമായി ഉയർന്നുവന്നു. പരമ്പരാഗത ധർമമൂല്യങ്ങൾ ഒരു ഭാഗത്ത്, സ്വാതന്ത്ര്യാൽപര ഭാരതത്തിന്റെ പുതിയ സാമൂഹ്യ മര്യാദയായി ത്തീർന്ന ധനലോഭം മറുഭാഗത്ത്. രണ്ടാമത്തേതിന്റെ നിത്യവർദ്ധ മാനമായ പ്രവാഹത്തിൽ അലിഞ്ഞലിഞ്ഞുപോകുന്ന തുരുത്തായി ത്തീർന്നു ആദ്യത്തേത്. . . സ്വാതന്ത്ര്യലബ്ധിയുടെ പൂർവോത്തര കാലങ്ങളിൽ അല്പം ബോധത്തോടെ ജീവിക്കാൻ ഭാഗ്യമോ ദൗർഭാഗ്യമോ ഉണ്ടായ എനിക്ക് മാംസച്ചീളുകൾ വലിച്ചുചീന്തി യെടുക്കുന്ന വേദനയുളവാക്കി ഇത്. . . .കലാപരവും ദാർശനി കവുമായ മണ്ഡലത്തിൽ നിന്നുകൊണ്ട് ഇതിനെ സമീപിക്കുക എന്നത് ഒഴിച്ചുകൂടാത്ത ഒരാവശ്യമായിത്തീർന്നു.*

കാൽപ്പനികതയുടെ ആവർത്തനവിരസമായ സ്വാധീനത്തിൽനിന്ന് മലയാള കവിതയെ മോചിപ്പിക്കാൻ ശ്രമിച്ചവരിൽ പ്രമുഖനാണ് എൻ.വി കൃഷ്ണവാര്യർ. ദാരിദ്ര്യവും പകർച്ചവ്യാധികളും യുദ്ധങ്ങളും വിപ്ലവങ്ങളുമെല്ലാം അദ്ദേഹം കവിതക്ക് വിഷയമാക്കി. വിശപ്പും തൊഴിലില്ലായ്മയും അദ്ദേഹത്തിന്റെ കവിത യിൽ കടന്നുവന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസത്തിലൂടെ അക്കിത്തവും ഒരു പുതിയ ഭാവുകത്വത്തിന് തുടക്കമിടുകയായിരുന്നു. കേരളത്തിലെ നാട്ടുമൊഴികൾ, കഥകൾ, പുതുലോകനടപടികൾ, പാശ്ചാത്യാധുനികത, വ്യവസായത്തിനു മുൻതൂക്കമുള്ള സമ്പദ്‌വ്യവസ്ഥ എന്നിവയിൽനിന്ന് ഉടലെടുത്തതായിരുന്നു ഈ കൃതിയിലെ

ഭാഷാശിൽപ്പം. അത് ഹെഗലിന്റെ തത്വചിന്താപദ്ധതിയും മാർക്സിന്റെയും ഏംഗൽസിന്റെയും വർഗസമരസിദ്ധാന്തവും അടക്കമുള്ള പാശ്ചാത്യാധുനികതയുടെ വ്യവഹാരലോകത്തെയാണ് ആവിഷ്കരിച്ചത്.[13] ആധുനികതയുടെ സാംസ്കാരിക പരിസരം ഹ്രസ്വകാലത്തേക്ക് അക്കിത്തത്തിന്റെ കവിതകളിൽ ഭാവുകത്വനിർണയം നടത്തിയെങ്കിലും പിന്നെപ്പിന്നെ അതിൽനിന്നുള്ള വ്യതിചലനമാണ് കാണാൻ കഴിയുക.

ആറ്റൂർ രവിവർമയുടെ കവിതകളും ആധുനികതയുടെ മികച്ച മാതൃകകളായിരുന്നു. കാവ്യഭാഷയെക്കുറിച്ചുള്ള സമകാലികസങ്കൽപ്പങ്ങളെ മാറ്റിയെഴുതുകയും കാവ്യോചിതമല്ലെന്നു വിധിക്കപ്പെട്ടിട്ടുള്ള പദാവലികളിൽ കാവ്യം രൂപപ്പെടുത്തുകയും ചെയ്തു അദ്ദേഹം. തന്റെ സമകാലികരായ ആധുനിക കവികളിൽ പലരും പ്രയോഗിച്ച പോലെ പൂർവകാലരചനകളുമായി നിബന്ധിക്കുകയോ ദുർഗ്രഹതയുടെ ഭാരം കുറഞ്ഞ ഘടനകൾ രൂപപ്പെടുത്തുകയോ അദ്ദേഹം ചെയ്തിട്ടില്ല. ആദ്യഘട്ടത്തിൽ ഉച്ച-ആധുനികതയുടെ (high modernism) സ്വഭാവങ്ങളാണ് ആറ്റൂർ കവിതകളിൽ പ്രകടമായിരുന്നതെങ്കിൽ 1970 കൾ ആകുമ്പോഴേക്കും അതിസൂക്ഷ്മമായ രാഷ്ട്രീയ ജാഗ്രതയോടെ അന്തർവീര്യമാർജിച്ച് ഒട്ടും പ്രകടനപരമല്ലാത്ത വിധത്തിൽ ഇടതുപക്ഷ ആധുനികതയുടെ ഭാവങ്ങൾ പ്രകടിപ്പിക്കുന്നുണ്ട് ആറ്റൂരിന്റെ കവിതകൾ.[14] അസ്തിത്വദുഃഖവും അന്യതാബോധവും ആറ്റൂരിന്റെ കവിതകളിലും കടന്നുവരുന്നുണ്ട്.

ആധുനികതയുടെ സാംസ്കാരികധാര മലയാളകവിതയിൽ നിരവധി വഴികൾ സാധ്യമാക്കിയിരുന്നു. ആധുനികകവിത എന്ന് പൊതുവായി വ്യവഹരിക്കപ്പെടുമ്പോഴും പല സൂക്ഷ്മഭാവുകത്വങ്ങളും ഉൾക്കൊണ്ട ഒരു സങ്കീർണതയായാണ് മലയാളകവിതയിൽ അത് പ്രത്യക്ഷപ്പെട്ടത്. ചിലരിൽ അത് ശക്തമായ പ്രവണതയായി രംഗത്തുവരികയും അതേ വേഗതയിൽ തിരിച്ചിറങ്ങുകയും ചെയ്തപ്പോൾ മറ്റു ചിലരുടെ കവിതകളുടെ നിർണായകഭാവമായി അത് ഉടനീളം

നിലനിന്നു. ഇത്തരം സാഹചര്യങ്ങളായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളുടെ പശ്ചാത്തലം.

## വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത

ആധുനിക കവികളിൽ, കവിതയുടെ രൂപത്തിലും ഭാവത്തിലും വ്യതിരിക്തമായ സ്വരം കേൾപ്പിച്ച കവിയായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരി. കഠിനമായ നിരാശാബോധമോ ജീവിതത്തിന്റെ നിഷ്ഫലതയെക്കുറിച്ചുള്ള ആധികളോ അദ്ദേഹത്തിന്റ കവിതയിൽ കാണാൻ കഴിയില്ല. ആധുനികതയിൽനിന്നുള്ള ഈ അകൽച്ചയെ നിരൂപകർ ഇങ്ങനെ രേഖപ്പെടു ത്തിയിട്ടുണ്ട്.[15]

> *വിഷ്ണു ഒരിക്കലും ശോകത്തിന്റെ ഉപാസകനായിരുന്നില്ല. 1960 കളിൽ മലയാളകവിതയുടെ മുഖ്യയുവനാദങ്ങൾ നൈഷ്ഫല്യബോധവും നൈരാശ്യചിന്തയും പ്രസാരണം ചെയ്തപ്പോഴും വിഷ്ണുവിന്റെ കവിത പ്രത്യാശയുടെ സിന്ദൂരരശ്മികൾ വികിരണം ചെയ്തിരുന്നു. പക്ഷേ, കവിയിൽ പ്രസാദമധുരമായ മനോഗതി രൂപപ്പെടുന്നതിനു നിയാമകശക്തിയായി പ്രവർത്തിച്ച സവിശേഷ സംസ്കാരമോ ദർശനമോ അക്കാലത്തെ കവിതയിൽ സ്ഫുടമായി പ്രത്യക്ഷപ്പെട്ടിരുന്നില്ല. ഇന്നാകട്ടെ ഭൗമജീവിതത്തിൽ വന്നുഭവിക്കുന്ന ശുഭാശുഭങ്ങളെ സമഭാവനയോടെ ദർശിക്കാനും മരണം ജീവിതത്തിന്റെ സ്വാഭാവികപരിണാമമാണെന്നു കണ്ടെത്താനും കഴിയുന്നു. ഔപനിഷദികചിന്ത വിഷ്ണുവിന്റെ കവിതകളെ അഗാധമായി സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.*

ആധുനികതയുടെ തനതായ രൂപഭാവങ്ങളൊന്നും വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ ദൃശ്യമല്ല. നിരർഥകതാബോധമോ നാഗരികതയോടുള്ള എതിർപ്പോ ശൂന്യതാവാദമോ ഛന്ദോമുക്തഭാഷയോ അദ്ദേഹത്തിന്റെ

രചനകളിലില്ല. മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ സദവസ്ഥകൾക്ക് എതിരെനിൽക്കുന്ന ഭീഷണികളെക്കുറിച്ചുള്ള പ്രതികരണരീതികൾ അദ്ദേഹത്തെ ആധുനികപക്ഷത്ത് ഉറപ്പിച്ചുനിർത്തുമ്പോഴും ആധുനികർ കാവ്യഭാഷയിൽ നടത്തിയ അഴിച്ചുപണികളൊന്നും വിഷ്ണുനാരായണൻ നമ്പൂതിരി നടത്തിയില്ല. മലയാളകവിതയുടെ വൃത്തബോധവും താളബദ്ധവുമായ കാവ്യഭാഷയിൽ ആധുനികകാലത്തിന്റെ വിഹ്വലതകളും ധർമസങ്കടങ്ങളും ആവിഷ്കരിക്കുകയാണ് വിഷ്ണുനാരായണൻനമ്പൂതിരി ചെയ്തത്.[16] 1960 കൾ അവസാനിക്കുമ്പോൾ ആ ദശാബ്ദത്തിന്റെ എറ്റവും വലിയ ഉപലബ്ധി വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയാണെന്നു പറഞ്ഞ എൻ. വി. കൃഷ്ണവാര്യർ[17] അദ്ദേഹത്തിന്റെ കവിത യിലെ അതിരുകടന്ന ചങ്ങമ്പുഴ ശൈലിയുടെ സ്വാധീനവും ആഹ്ലാദകരമായ പക്വതയും നിരീക്ഷിക്കുന്നുണ്ട്.

പിൽക്കാലത്ത് അദ്ദേഹം ചങ്ങമ്പുഴശൈലിയിൽനിന്ന് അകലുകയും സവിശേഷമായ ഒരു കാവ്യവ്യക്തിത്വമായി വളരുകയും ചെയ്തു.[18] മറ്റ് ആധുനിക കവികളിൽനിന്ന് വേറിട്ടുനിൽക്കുന്ന അദ്ദേഹത്തിന്റെ ഭാവുകത്വം പ്രസന്നവും പ്രതീക്ഷാപൂർണവും ആയിരുന്നു. ആസ്തിക്യബോധത്തെ സാമൂഹ്യമൂല്യ ബോധവുമായി ഇണക്കിച്ചേർത്തുകൊണ്ട് സാധിച്ച സവിശേഷഭാവം കവിതക്ക് കരുത്തേകി. ദുരന്തശങ്കകൂടാതെ എല്ലാ പ്രശ്നങ്ങളും പരിഹാര്യങ്ങളാണ് എന്ന കാഴ്ചപ്പാട് രൂപപ്പെടുത്താനും ഈ ആസ്തിക്യദർശനംകൊണ്ട് സാധിച്ചു.

വൈദികവും ഔപനിഷദികവുമായ ആസ്തിക്യം കവിതയുടെ രൂപഭാവ നിർമിതിയിൽ സ്വാധീനം ചെലുത്തി. ഇതിനു പശ്ചാത്തലമൊരുക്കിയത് പഠനവും പാരമ്പര്യവും ജീവിതചര്യകളുമായിരുന്നു. വേദങ്ങളിൽനിന്നും ഇതിഹാസങ്ങ ളിൽനിന്നും സ്വീകരിച്ച മൂല്യബോധവും കാർഷികസമ്പദ്വ്യവസ്ഥയിലൂന്നിയ ഗ്രാമ പശ്ചാത്തലവും ആസ്തിക്യവും അദ്ദേഹത്തിന്റെ കവിതയുടെ രൂപഭാവങ്ങളെ നിർണയിച്ചു. ഭൗതികമായ വ്യഥകളുടെ വർത്തമാനകാലത്തെ നേരിടാൻ

ക്ലാസിക്കൽ രൂപഭാവബോധത്തിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ സാധിച്ചു. പൗരാണികബിംബങ്ങളുടെ സമൃദ്ധിയും വൈദികപാരമ്പര്യത്തെ അനുസ്മരിപ്പിക്കുന്ന പദങ്ങളുടെ ആധിക്യവും ആ കാവ്യശൈലിയെ വ്യതിരിക്തമാക്കുന്നുണ്ട്.[19] ചുരുക്കത്തിൽ ആധുനിക മലയാള കവിതയുടെ വിഭിന്ന മുഖങ്ങളിൽ വ്യതിരിക്തമായ ഒന്നായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത. പ്രസാദാത്മകതയും വിവേകത്തിന്റെ പക്വതയും അതിന്റെ സവിശേഷതകളാണ്.

തന്റെ സമകാലകവികളിൽ ചിലർ ചെയ്തതുപോലെ ആധുനികതയുടെ സംത്രാസങ്ങളിലേക്ക് എടുത്തുചാടുകയോ കാൽപ്പനികതയുടെ പൂർവഭാരം സൂക്ഷിക്കുകയോ ചെയ്യാതെ തന്റേതായ ഒരു കാവ്യപാത സൃഷ്ടിക്കുകയാണ് വിഷ്ണുനാരായണൻ നമ്പൂതിരി ചെയ്തത്. ചുരുക്കത്തിൽ വൈദികസംസ്കാരത്തിന്റെ സ്വാധീനം, ക്ലാസിക്കൽ രൂപഭാവബോധം, ഛന്ദോബദ്ധത, പ്രസാദാത്മകത എന്നിവയെല്ലാം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളുടെ പൊതുസ്വഭാവമായി കണക്കാക്കാം.

## കവിതയിലെ ദർശനം

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ കാണുന്ന ദർശനത്തിന്റെ സവിശേഷതകൾ താഴെക്കാണുംവിധം ക്രോഡീകരിക്കാം.

ദുഃഖങ്ങളും ദുരിതങ്ങളും നിറഞ്ഞ ഭൂമി സ്വർഗത്തേക്കാൾ അഭികാമ്യമാണ്. ഭൂമിയോടുചേർന്നുനിൽക്കുന്ന ജീവിതമാണ് മനോഹരം. ഇത് അദ്ദേഹം *ആദമും ദൈവവും* എന്ന കവിതയിലൂടെ വ്യക്തമാക്കുന്നുണ്ട്. ഉർവ്വശീനൃത്തം, അഹല്യാമോക്ഷം, ദിലീപൻ തുടങ്ങിയ കവിതകളിലും ഈ ഭൗമസങ്കീർത്തനം ആവർത്തിക്കുന്നുണ്ട്. അധ്വാനത്താൽ കർമനിരതമാകുന്ന ഭൂമിയാണ് അകർമണ്യതയുടെ സ്വർഗത്തേക്കാൾ നല്ലതെന്ന് കവിതകളിലൂടെ ആവർത്തിച്ചെഴുതിയ അദ്ദേഹം സുഖദുഃഖസമ്മിശ്രമായ ഭൗമജീവിതത്തിന്റെ വക്താവാണ്.

സ്വർഗം കണ്ടു മടങ്ങിവരുമ്പോഴാണ് കാളിദാസന്റെ ദുഷ്യന്തൻ 'അഹോ ! ഉദഗ്രരമണീയാ പൃഥ്വീ' എന്നു പറയുന്നത്. ഈ വാക്യം തന്നെയാണ് കവി *ഭൂമിഗീതങ്ങൾ* എന്ന കവിതാസമാഹാരത്തിന് ആമുഖമായി എടുത്തുചേർത്തിട്ടുള്ളത്. *ഭൂമിഗീതങ്ങൾ* എന്ന സമാഹാരത്തിലുടനീളം ഭൗമജീവിതത്തോടുള്ള ഈ അഭിനിവേശം തുടിച്ചുനിൽക്കുന്നുണ്ട്.

എനിക്കുമീ മണ്ണിൻ-
തരിക്കും തമ്മിലേ-
തതീതജന്മസൗ-
ഹൃദപരമ്പര ?

(കർമബന്ധം)

ഭൂമിയോടൊട്ടിനിൽക്കുന്നോൻ
ഭൂമിഗീതങ്ങളോർക്കുവോൻ;
ഭൂമിയെന്നാലെനിക്കെന്റെ
കുലപൈതൃകമല്ലയോ ?

(പിതൃയാനം)

എന്നിങ്ങനെ ഭൂമിയോടുള്ള വൈകാരിക ഐക്യം കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. "ഭൂമിയുടെ വികാരവും ഭൂമിയുടെ ശാസ്ത്രവും ഭൂമിയുടെ ചരിത്രവും അറിയുന്നവർ മനുഷ്യവർഗത്തെ മാത്രമല്ല കാലത്തെയും പ്രപഞ്ചത്തെയും കൂടി പൂർണമായും മനസ്സിലാക്കുന്നു. ഭൂമിയുടെ ചേതനയോട് സാത്മ്യം പ്രാപിക്കാനുള്ള എളിയ ഒരു പരിശ്രമത്തിന്റെ കാവ്യരൂപമായ പ്രകാശമാണീ ലഘുരൂപങ്ങൾ" എന്ന് കവി തന്നെ കുറിക്കുന്നുണ്ട്.[20]

പാതമേലന്വേഷിച്ചു
പാദമൂന്നിയോനുണ്ടോ

പാവമേ വിണ്ണിൻകടം-

കഥയിൽ ഭ്രമിയ്ക്കുന്നു ?

(ആദമും ദൈവവും)

ഈയന്തിത്തുടുപ്പിനെ,-

യീവിരഹത്തിൻ കണ്ണു-

നീരിനെക്കാളെന്തിത്ര

കാമ്യമാ സ്വർല്ലോകത്തിൽ ?

(അഹല്യാമോക്ഷം)

എന്ന് സ്വർഗത്തെ തുച്ഛമാക്കി ചിത്രീകരിക്കുകയും ചെയ്യുന്നു. ശപിക്കപ്പെട്ട് ഭൂമിയിലെത്തിപ്പെട്ട ഉർവ്വശിക്ക് നിഴലും നിലാവും ഇടകലർന്ന പച്ചക്കംബളമാകുന്ന ഈ ഭൂമിയിൽ നാകവിഭൂതികളും നന്ദനകല്പകപീയൂഷങ്ങളും ഉണ്ടാവില്ലെങ്കിലും 'ചിരി തൻതരിയും കണ്ണീർമണിയും' പുരുഷോത്തമനുമാണ് അവളെ ആകർഷിക്കുന്നത്. നിഴലും നിലാവും ഇടകലർന്ന ഭൂമി സുഖദുഃഖസമ്മിശ്രമായ ഭൂമിതന്നെയാണ്.

ഈ ലോകം എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയുള്ളതാണെന്നും അവയെ നിരാകരിച്ചുകൊണ്ട് മനുഷ്യന് നിലനിൽക്കാൻ സാധ്യമല്ലെന്നുമുള്ള കാഴ്ചപ്പാടാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം. പ്രകൃതിയുമായുള്ള സഹജീവനം മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്നും അത് ഒരു ജീവിതരീതിയാണെന്നും അദ്ദേഹം വിശ്വസിച്ചു. മണ്ണും പ്രകൃതിയും ജീവജാലങ്ങളുമടങ്ങിയ പ്രകൃതിസ്രോതസ്സുകളുടെ നഷ്ടത്തെക്കുറിച്ചുള്ള വ്യഥ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ നിറഞ്ഞുനിൽക്കുന്നു. ഈ പരിസ്ഥിതി മനുഷ്യൻ എന്ന ന്യൂനപക്ഷത്തിനുമാത്രം അവകാശപ്പെട്ടതല്ലെന്നും പരസ്പരാശ്രിതത്വത്തോടുകൂടി നിലകൊള്ളുന്ന ജൈവസമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും അവകാശപ്പെട്ടതാണെന്നുമുള്ള ബോധം കവിതകൾ മുന്നോട്ടുവക്കുന്നു. കൺമുന്നിലെ ജൈവപ്രകൃതിയെക്കുറിച്ചും പ്രകൃതിയുടെ പലമകളെക്കുറിച്ചും അവക്ക് ഭൂമിയിലുള്ള ഇട

ത്തെക്കുറിച്ചുമാണ് കവിതകൾ സംസാരിക്കുന്നത്. സസ്യങ്ങളുടെയും ജന്തുക്കളുടെയും മറ്റ് ജീവജാലങ്ങളുടെയും നിലനിൽപ്പിനെക്കുറിച്ചും ജലാശയങ്ങളുടെയും വയലുകളുടെയും മറ്റു പ്രകൃതിവൈവിധ്യത്തിന്റെയും സംരക്ഷണത്തെക്കുറിച്ചുമുള്ള നീതിബോധത്തിലൂന്നിക്കൊണ്ടുള്ള ചർച്ചകൾ കവിതയിൽ കാണാം. അന്യോന്യപൂരകമാകേണ്ടുന്ന വികസനവും പരിസ്ഥിതിയും പരസ്പരവിരുദ്ധമായിത്തീരുന്നതിനെതിരെയുള്ള പ്രതികരണമാണിത്.

പുഴുവിനും വഴിയുണ്ടു
പുലിക്കുമീ കാട്ടിൽ;
തനിക്കുതൻ വഴി തേടി
ചരിക്കെന്നേ ധർമ്മം!
ഇരിപ്പോളം ചിതമോടേ
ഇരിക്കെന്നേ ഞായം !

(കുരുക്കുകൾ)

എന്നിങ്ങനെ എല്ലാ ജീവജാലങ്ങൾക്കും ഭൂമിയിലുള്ള അവകാശത്തെ കവി ഉറപ്പിക്കുന്നു. അമിതമായ ഉപഭോഗവാഞ്ഛയെയും അത് തീർക്കുന്ന അനന്തമായ ആഗ്രഹലോകത്തെയും കവി വിമർശിക്കുന്നു. പുറത്തുമാത്രമല്ല അകത്തുമുണ്ട് ജയിക്കാൻ ഒരാകാശം എന്നതായിരുന്നു കവിയുടെ മതം.

കുടി തീനും നല്ലിണയും
കുഴൽപാട്ടും ചേർന്നാലും
തികയാതെ വേറെന്തോ
തിരയും നിൻ ഉയിർനാളം ?
(കുറെ റഷ്യൻ കവികളോട്)
ജയിച്ചതെന്തേ?നിജഭോഗമാകും
ജയിൽക്കകത്തല്ലി കിടപ്പു താങ്കൾ!

പുറത്തുപോലൊന്നു ജയിക്കുവാനു-
ണ്ടകത്തുമാകാശം-

(നാസാ)

വ്യവസായ നഗരവൽക്കരണങ്ങളുടെ ഭാഗമായി മനുഷ്യനിൽ വർധിച്ചുവന്ന ഉപഭോഗവാഞ്ഛ മനുഷ്യജീവിതത്തിന്റെ തനതായ അനുഭൂതികളെയും ഈ പ്രപഞ്ചത്തെയാകെയും താളംതെറ്റിക്കുമെന്നും ഇന്ദ്രിയസുഖജ്വരാർഥരായ മനുഷ്യസമൂഹത്തിന്റെ ഭോഗതൃഷ്ണയെ ശമിപ്പിക്കാൻ വേണ്ടിയുള്ള പ്രകൃതിചൂഷണം തലമുറകളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നും കവിതകൾ പറയുന്നു. സൂക്ഷിച്ചുപയോഗിച്ച് വരും തലമുറക്ക് കൈമാറാനുള്ളതാണീ പ്രകൃതിയെന്ന ചിന്ത കവിത മുന്നോട്ടുവെക്കുന്നു.

തെറ്റുകൾ മനുഷ്യസഹജമാണെന്നും മനുഷ്യന്റെ തെറ്റുകൾ എല്ലാം തിരുത്താവുന്നതേ ഉള്ളൂ എന്നുമായിരുന്നു കവിയുടെ വിശ്വാസം. നീതിയും നിയമവുമെല്ലാം കാലാകാലങ്ങളിൽ മാറ്റിപ്പണിയേണ്ടതാണെന്നും സാർവകാലികമായൊരു ശരിയെന്നൊന്നില്ല എന്നും കവി കരുതുന്നു. പഴയ നിയമങ്ങൾ മാറ്റിയെഴുതാൻ മടിക്കേണ്ടതില്ല.

വിജയിയ്ക്കട്ടേ ധർമം; ജീവിത-
ബന്ധമതല്ലെന്നാകിൽ
വിരചിയ്ക്കട്ടേ പുതിയൊരു നിയമം
വിധികളെ വെന്ന നിഷേധം
പഴകിയതെറ്റുകൾ മായ്ക്കട്ടേ പുതു-
ശരിയുടെ വിധി പുലരട്ടേ[21]

മടിയറ്റു നിഷ്കാമമാഹൂതിചെയ്ക നാം
ഗതയുഗത്തിൻ ഛിദ്രവാസനകൾ,
പഴയവിശ്വാസത്തിൻ കരിയിലക്കൂട്ടങ്ങൾ,

വഴിമുടക്കും ശുഷ്കകണ്ടകങ്ങൾ !

(തീകായൽ)

'കുഞ്ഞേ,തിരുത്താൻ വയ്യാതെ

ഇല്ല തെറ്റൊന്നുമൂഴിയിൽ !'

(ചരിത്രത്തിന്റെ വഴി)

വ്യസനത്തിന്റെ പക്ഷത്താണ് കവിത. നേരിനെ സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞില്ലെങ്കിൽ കവിത നിഷ്ഫലമാണെന്നാണ് കവിയുടെ അഭിപ്രായം. നന്മയുടേയും മനുഷ്യസ്നേഹത്തിന്റെയും പക്ഷത്ത് നിൽക്കാനാവുന്നില്ലെങ്കിൽ കവിതകൊണ്ടു പ്രയോജനമില്ല.

'ഭൂരിപക്ഷത്തിൻ വരം നേടിടും ജയത്തെക്കാൾ

നേരിനോടൊപ്പം നിന്നു തോൽക്കുവാനെനിക്കിഷ്ടം'

(മന്മദജയം)

മണ്ണാകെപ്പുക മൂടി വെന്തുയരുമീ

ക്ഷുത്തീവ്രമാം ഗദ്ഗദ-

ത്തിന്നാവില്ലുപശാന്തിയെന്നു വരികിൽ

കാവ്യാർത്ഥവും വ്യർത്ഥമാം

(ആയുരർദ്ധം)

*എന്റെ കവിത എന്റെ ദർശനം* എന്ന ലേഖനത്തിൽ കവി ഇങ്ങനെ എഴുതി:[22]

*വർത്തമാനസമുദായത്തിന്റെ ധർമസങ്കടങ്ങളും അന്തർദ്വന്ദങ്ങളും ഉൾക്കൊണ്ടു പുതിയ സംവേദനങ്ങൾ ഉണർത്താത്ത കവിത എത്ര ഉയർന്നുപറന്നാലും പഞ്ഞിക്കഷ്ണത്തെപ്പോലെ അന്തഃസ്സാര*

*ശൂന്യമാകും. കവിതക്ക് അതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒളി ച്ചോട്ടം വയ്യല്ലോ. യുഗപരമ്പരയിലൂടെ സമൂഹചേതന പുടപാകം ചെയ്തെടുത്തിട്ടുള്ള മാനുഷികമൂല്യങ്ങളിലുറച്ചുനിന്നുകൊണ്ട് ഈ കാലഘട്ടത്തിന്റെ ഒളിയും പൊരുളും വേർതിരിച്ചെടുക്കാനുള്ള പുതിയ മൂല്യം കവി ആർജിക്കേണ്ടിയിരിക്കുന്നു. ഇവിടെ പാക ത്തിന് ചിട്ടപ്പെടുത്തിവച്ചിട്ടുള്ള മുദ്രാവാക്യങ്ങൾ നിരുപയോഗങ്ങ ളാണ്. കവിക്കാവശ്യം പുതിയ മൂല്യബോധവും. മുദ്രാവാക്യപ്രാണ മായ കവിത സമൂഹസംസ്കാരത്തിൽത്തന്നെ ഒരു നവീകരണത്തെ കുറിക്കുന്നു.*

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളുടെ സംഖ്യാശൈലീവി ജ്ഞാനീയപരമായ(Style statistical)ഒരു പഠനത്തിന് ആരെങ്കിലും തയ്യാറാവുന്ന പക്ഷം അവർ കണ്ടെത്തുമെന്നുറപ്പുള്ളൊരു കാര്യം വിവേകം എന്ന വാക്കിന്റെ സവിശേഷാർഥത്തിലുള്ള ആവർത്തനമാണ് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.[23]

ജീവിതത്തെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും അപരിമേയങ്ങളായ സ്ഥലകാ ലത്തെക്കുറിച്ചും വിസ്മയം പുലർത്തുന്നതോടൊപ്പംതന്നെ വിവേകം നിറഞ്ഞ ഒരുൾക്കാഴ്ചയും വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകൾ മുന്നോട്ടുവ ക്കുന്നുണ്ട്. നൈതികവും ധാർമികവുമായ മൂല്യങ്ങളെക്കുറിച്ചുള്ള ഒരവബോധം, വിവേകത്തിന്റെ പരാഗസംക്രമണം ഇതാണ് കവിതകളുടെ മുഖ്യോദ്ദേശ്യമായി കവി കാണുന്നത്. അദ്ദേഹം പറയുന്നു:

*വേദങ്ങളിലും ഉപനിഷത്തുക്കളിലും ദർശനങ്ങളിലും പുരാ ണങ്ങളിലും വേരോടി വളർന്ന നമ്മുടെ ജീവിതസംസ്കാരത്തിന്റെ ആ പരാഗമെന്തെന്ന് ഞാൻ അന്വേഷിച്ചിട്ടുണ്ട്. പുസ്തകങ്ങൾ വഴി അറിയാൻ ശ്രമിച്ചിട്ടുണ്ട്. കന്യാകുമാരിയിലെ വിവേകാനന്ദശില തൊട്ട് തിബത്തിനെ കടാക്ഷിച്ചരുളുന്ന വ്യാസഗുഹവരെ തേടിപ്പോ*

*യിട്ടുണ്ട്. എങ്കിലും ഒരിക്കലും പ്രസാദിക്കാതെ എന്നെ കഷ്ടപ്പെടു ത്തുന്ന കവിത തന്നെയാണ് ചെവിയിൽ മന്ത്രിച്ചുതന്നത്: 'വിവേകം' 'വിവേകം' എന്ന്. സർവസംഗപരിത്യാഗമോ സമരസന്നാഹമോ അല്ല കവിയുടെ മാർഗമെന്നും വിവേകത്തിന്റെ പരാഗസംക്രമണ മാണ് അവന്റെ കർമമെന്നും എനിക്ക് ഇന്ന് മനസ്സിലാകുന്നുണ്ട്. സഹസ്രാബ്ധങ്ങളിലൂടെ ജനത നേടിയെടുത്ത ആ വിവേകം സഹ സ്രാബ്ധങ്ങളിലൂടെ ജനതയെ നിലനിർത്തുന്നു. സുഖദുഃഖ വിവേകം എന്ന് ദൈനംദിനജീവിതത്തിൽ നാം അതിനെ അറിയു ന്നു. ത്യാജ്യഗ്രാഹ്യവിവേകം എന്നു ശാസ്ത്രം അതിനെ നിർധാരണം ചെയ്യുന്നു. നിത്യാനിത്യവിവേകം എന്നു ദർശനം അതിനെ സാക്ഷാ ത്കരിക്കുന്നു. സദസദ്വിവേകമായി കാളിദാസാദികൾ അതിനെ ആവിഷ്കരിക്കുന്നു.*[24]

ഉണ്മയെ നന്മയെ സത്യത്തെ മനുഷ്യസ്നേഹത്തെ കാരുണ്യത്തെ ഉയർത്തി പ്പിടിക്കുന്ന ജീവിതവീക്ഷണമാണ് അദ്ദേഹത്തിന്റെ കവിതയിലെ ദർശനം.

ഈ തലമുറക്ക് സുഖദുഃഖവിവേകവും, ത്യജ്യഗ്രാഹ്യവിവേകവും, നിത്യാ നിത്യവിവേകവും സദസദ്വിവേകവും ഉണ്ടാക്കിക്കൊടുക്കാനാണ് ഈ കവിതകളി ലൂടെ കവി ശ്രമിക്കുന്നത്. കെടുനീതിക്കെതിരായി കുലവില്ലിൽ തന്നെത്തന്നെ ശര മായ് തൊടുക്കുന്ന എല്ലാ ആത്മബലികളെയും അവയർഹിക്കുന്ന വിനയത്തോടെ സമീപിക്കാൻ ഈ കവിയുടെ വിവേകം അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു എന്നതാണ് ആധുനിക മലയാളസാഹിത്യത്തിൽ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ സ്വര ത്തിനുള്ള വ്യതിരിക്തത.[25]

**വേദോപനിഷത്തുക്കളുടെ സ്വാധീനം**

ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം എന്നിങ്ങനെ വേദങ്ങളെ

നാലായി തിരിച്ചിരിക്കുന്നു. ഇവ മന്ത്രങ്ങളുടെ സംഗ്രഹമായതുകൊണ്ട് അവയെ സംഹിത എന്നു പറയുന്നു. വേദങ്ങളുടെ സ്വാഭാവികമായ വളർച്ചയുടെ പരിണാമ ങ്ങളാണ് ഉപനിഷത്തുക്കൾ. ആത്മജ്ഞാനകുതുകികളായ ശിഷ്യന്മാർ ഗുരുക്കന്മാ രോടു ചോദിച്ച സംശയങ്ങൾക്ക് ലഭിച്ച ഉത്തരങ്ങൾ വിവിധ ഉപനിഷത്തുക്കളായി രൂപംകൊണ്ടു. നൂറ്റിയെട്ട് ഉപനിഷത്തുക്കളിൽ ഏറ്റവും പ്രധാനം ഈശം, കേനം, കഠം, പ്രശ്നം, മണ്ഡകം, മണ്ഡൂക്യം, തൈത്തരീയം, ഐതരേയം, ഛാന്ദോഗ്യം, ബൃഹദാരണ്യകം എന്നിവയാണ്. പിൽക്കാലത്തെ തത്വചിന്തകളെയും ഇതിഹാസ ങ്ങളെയും ഉപനിഷത്തുക്കൾ സ്വാധീനിച്ചിട്ടുണ്ട്.

വൈദിക പൗരാണിക വിഷയങ്ങൾ പ്രമേയങ്ങളാവുന്ന നിരവധി കവിതകൾ വിഷ്ണുനാരായണൻ നമ്പൂതിരി എഴുതിയിട്ടുണ്ട്. ആർഷവൈദിക വിഷയങ്ങൾ പ്രമേയങ്ങളല്ലാത്തവയിൽപോലും മൂല്യവിചാരമായി അവ കടന്നുവന്നിട്ടുണ്ട്. സ്വയംഭൂവായ വൈദികസംസ്കാരത്തിൽ ആവിഷ്കൃതമായ ആർഷസംസ്കാര ത്തിന്റെ പ്രധാനഘടകം യജ്ഞസങ്കൽപ്പമാണ്. അന്യനുവേണ്ടി ത്യജിക്കുന്നതി ലാണ് മനുഷ്യാസ്തിത്വത്തിന്റെ മഹത്വം കുടികൊള്ളുന്നതെന്ന് ഋഗ്വേദമന്ത്രങ്ങൾ പറയുന്നു. ഈ തത്വം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലെ വിചാ രാംശമാണ്.[26]

യജ്ഞസങ്കൽപ്പം പ്രത്യക്ഷമായിത്തന്നെ പ്രകടമാവുന്ന കവിതകളാണ് *വ്ളാഡിമിർ കോമറോവ്, തേരാളിയുടെ മുമ്പിൽ, ഭാരതപുത്രൻ* എന്നിവ. *തേരാളി യുടെ മുമ്പിൽ* എന്ന കവിതയിലെ ദ്വാരകനാഥ കോട്നീസ് പരസന്തുഷ്ടിയാൽ സ്വന്തം പ്രയാസങ്ങൾ മറന്ന് ജീവന്റെ അവസാനത്തെ കണവും രാഷ്ട്രത്തിനു വേണ്ടി പരകർന്നേകുന്നവനാണ്. അദ്ദേഹത്തിന്റെ ത്യാഗത്താലാണ് രാജ്യം ഐശ്വ ര്യപൂർണമായതെന്ന് കവിതയിൽ ആവർത്തിച്ചുപറയുന്നുണ്ട്. *വ്ളാഡിമിർ കോമ റോവ്* എന്ന കവിതയിലെ അതേ പേരുള്ള വൈമാനികൻ മനുഷ്യനന്മക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച വ്യക്തിയാണ്. മാനവകുലത്തിന്റെ വിജയപതാകയേറ്റുവാൻ

കൊടിമരമാകുന്നത് വീരമൃത്യു വരിച്ച ആ മഹാനുഭാവന്റെ നട്ടെല്ലാണ്.

ഹാ ! താങ്കളെത്താൻ വരിച്ചു യൂപത്തിലേ-
ക്കീമർത്ത്യമേധതൻ ദ്വിഗ്വിജയാധ്വരം.
(വ്ളാഡിമിർ കോമറോവ്)

എന്ന പ്രയോഗത്തിലൂടെ ബഹിരാകാശയാത്ര മാനവകുലത്തിന്റെ നന്മക്കുവേണ്ടി യുള്ള യജ്ഞമാണെന്നുവരുന്നു. *ഭാരതപുത്രൻ* എന്ന കവിതയിൽ ജെ.ബി.എസ്. ഹാൾഡെയ്ൻ എന്ന ശാസ്ത്രജ്ഞന്റെ ത്യാഗോജ്ജ്വലമായ രാഷ്ട്രസേവനത്തെ വാഴ്ത്തുന്നു. മനുഷ്യന് അറിവുനൽകി എന്ന കുറ്റത്തിന് കഠിനയാതന അനുഭവി ക്കേണ്ടിവന്ന ഗ്രീക്ക് ദേവനായ പ്രൊമിത്യൂസിനോടാണ് അദ്ദേഹത്തെ സാദൃശ്യ പ്പെടുത്തിയിരിക്കുന്നത്. ഈ മൂന്നുപേരും സഹജീവികളുടെ നന്മക്കുവേണ്ടി സ്വന്തം സുഖവും ജീവനും ത്യജിച്ചവരാണ്. ത്യാഗത്തെ മനുഷ്യനന്മക്കുവേണ്ടി അനുഷ്ഠിക്കേണ്ട മൂല്യമായി പല കവിതകളിലും ആവിഷ്കരിച്ചിരിക്കുന്നു.

വൈദിക അനുഷ്ഠാനവുമായി ബന്ധപ്പെട്ട നിരവധി പദാവലികൾ അദ്ദേഹ ത്തിന്റെ കവിതയിൽ കാണാൻ കഴിയും. ജുഹു, ഗായത്രി, ആഹുതി, ആചമനം, യൂപം, യാഗം, വൈഖരി, ഹവിസ്സ്, ചൗളം, ഔപാസനത്തീ, ചിന്മുദ്ര, ദുർദശം, ജർജ രം, നിർവേദം, ശ്രുതി എന്നിവ അവയിൽ ചിലതാണ്. ഇത്തരം പദങ്ങളുടെ തിര ഞ്ഞെടുപ്പിനെക്കുറിച്ച് കവിതന്നെ പറയുന്നുണ്ട്.[27]. വാക്കുകൾ തിരഞ്ഞെടുക്കുന്നേ ടത്ത് ജുഹു, പുരുഷാർഥം, പൂർണകാമൻ, യാഗാഗ്നി തുടങ്ങിയ പൗരാണികസം ജ്ഞകളോടും ബിംബങ്ങളോടും താൻ പക്ഷപാതം കാട്ടുന്നതായി കവി സമ്മതി ക്കുന്നുണ്ട്. ആധുനിക ജീവിതസംവേദനങ്ങളെ താൻ പൂർണമായി ഉൾക്കൊള്ളു ന്നത് ഈ ബിംബങ്ങളിലൂടെയാണെന്നും കവി പറയുന്നു.

ഭൗതികവും ആധ്യാത്മികവുമായ രണ്ടു ലക്ഷ്യങ്ങളും അനുബന്ധിച്ചു നിൽക്കുന്നവയാണെന്നും ഇവയിലൊന്നിന്റെ മാത്രം പിന്നാലെ പോകുന്നത് മനു ഷ്യൻ അന്ധകാരത്തിൽപ്പെട്ടുഴലാൻ കാരണമാകുന്നുവെന്നുമാണ് *ഈശാവാസ്യോ*

*പനിഷത്തി*ന്റെ പൊരുൾ. ഈശ്വരചൈതന്യം വ്യാപിച്ചു കിടക്കുന്ന പ്രപഞ്ചത്തെ ലക്ഷ്യസിദ്ധിക്കു കൊള്ളില്ലെന്നു കരുതി തള്ളിക്കളയുന്നത് ശരിയല്ല. കർമഫല ത്തിന്റെ ത്യാഗത്തിലൂടെ ലോകജീവിതത്തിലെ കർമങ്ങൾ നിർവഹിക്കപ്പെടണം എന്ന് *ഈശാവാസ്യോപനിഷത്ത്* പറയുന്നു.[28]

ചലനാത്മകമായ ഈ ജഗത്തിലുള്ളതിലെല്ലാം ഈശ്വരൻ വ്യാപിച്ചിരിക്കു ന്നു. അതുകൊണ്ട് ത്യാഗത്തിലൂടെ അനുഭവിക്കുക. ആരുടെയും ധനം ആഗ്രഹിക്ക രുത്. ഈശ്വരന്റെ നിവാസസ്ഥാനമോ വ്യാപന ഭൂമിയോ ആയ ഈ ലോകത്തിൽ ആർക്കും സ്വന്തമായി ഒന്നുമില്ല. എല്ലാം ഈശ്വരന്റേതാണ് എന്ന ഈശാവാ സ്യസൂക്തം[29] വിഷ്ണുനാരായണൻ നമ്പൂതിരിയുടെ പ്രകൃതിദർശനത്തെ അഗാധ മായി സ്വാധീനിച്ചിട്ടുണ്ട്.

*കാലിഫോർണിയയിലെ മരമുത്തച്ഛന്മാർ, തേഹരി* തുടങ്ങിയ കവിതകളിൽ ഇതിന്റെ പ്രതിഫലനം കാണാം. മണ്ണും വെള്ളവും കുന്നും വയലുകളും നമ്മുടേത ല്ലെന്നും സൂക്ഷിച്ചുപയോഗിച്ച് വരുംതലമുറക്ക് കൈമാറാനുള്ളതാണെന്നുമുള്ള ദർശനമാണത്. പ്രകൃതിയെ മനുഷ്യന്റെ ആവശ്യത്തിനുവേണ്ടി കീഴടക്കുകയല്ല മറിച്ച് അതിനെ സഹവർത്തിത്വത്തിനുവേണ്ടിയുള്ള ഉപാധിയാക്കി മാറ്റുകയാണ് ശരിയായ വഴി എന്നു തിരിച്ചറിയുന്നു. പ്രകൃതിയും മനുഷ്യനും അഭിന്നമായി ഇണ ങ്ങിച്ചേർന്നു ജീവിക്കുന്ന ആരണ്യകസംസ്കാരം പ്രകൃതിബോധത്തിന്റെ ആന്തരിക താളമായി വർത്തിക്കാൻ കാരണമായി. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ പാരിസ്ഥിതികാവബോധം ജീവിതചര്യയാൽ സ്വാംശീകരിച്ച സാംസ്കാരികാവ ബോധവുമായി ബന്ധപ്പെട്ടതാണ്. മുതലാളിത്തത്തിനും ചൂഷണത്തിനുമെ തിരെയുള്ള പ്രതികരണമായി മാറുന്ന കവിതകൾ ആർത്തിയുടെ മൂല്യബോധ ത്തിൽനിന്ന് വിമുക്തമാകുന്നത് ഇത്തരം ആന്തര ഗഹനതകൾകൊണ്ടാണ്.

ഭൗതിക ആത്മീയതകളുടെ സമന്വയം വിഷ്ണുനാരായണൻ നമ്പൂതി രിയുടെ കവിതകളുടെ സവിശേഷതയാണ്. ഇത് കാവ്യത്തിലാവാഹിച്ച കാളിദാ

സൻ അദ്ദേഹത്തിന് പ്രിയപ്പെട്ട കവിയായി.[30] ആത്മജ്ഞാനം നേടി മാനുഷികത യിൽനിന്നും മാനുഷികമായ വൈകാരികതയിൽനിന്നും ഒളിച്ചോടുന്നതിലല്ല അതിനെ സ്വീകരിക്കാൻ കഴിയുന്നതിലാണ് ശരിയായ വിജയം. ലോകബോധ ത്തിൻനിന്ന് ഒളിച്ചോടുന്ന പരമ്പരാഗത ആത്മീയതയോട് കവിക്ക് താൽപ്പര്യമില്ല. ഭൗതികജീവിതചൈതന്യത്തെ ഈശ്വരോന്മുഖമായി പരിവർത്തിപ്പിക്കുന്ന ആത്മീ യതയാണ് അദ്ദേഹത്തിന്റേത്.

വേദങ്ങളിലും ഉപനിഷത്തുക്കളിലുമുള്ള ഈ താൽപ്പര്യം ഹിമാലയയാത്ര യോടുള്ള ആഭിമുഖ്യത്തിന് കാരണമാകുന്നു. *ഉത്തരായനം* എന്ന കവിതാസമാ ഹാരം ഹിമാലയയാത്രാനുഭവങ്ങളുടെ കാവ്യരൂപമാണ്. *പിതൃയാനം, ബ്രഹ്മദത്തൻ, ശോണമിത്രൻ, ഗംഗാനാരായണൻ, മിത്രാവതി, ദേവപ്രയാഗ, കേദാരസന്ധ്യ, ഹിമ ഗന്ധം, തേഹരി* എന്നീ കവിതകളുടെയെല്ലാം പശ്ചാത്തലം ഹിമാലയമാണ്. ഇന്ത്യ യുടെ തത്വജ്ഞാനത്തിന്റെ ഏറ്റവും ഉയർന്ന കൊടുമുടിയായ ഉപനിഷത്തിന്റെ ഉപ മാനമാകുന്നത് എല്ലായ്പ്പോഴും ഹിമാലയമാണെന്ന് സുകുമാർ അഴീക്കോട് നിരീ ക്ഷിക്കുന്നുണ്ട്.[31]

സ്വകാര്യസ്വത്തിന്റെ ആവിർഭാവത്തോടുകൂടി ദുരയും അഹംബോധവും ശക്തിപ്പെട്ടപ്പോൾ ആത്മജ്ഞാനത്തിലേക്കുള്ള വഴികൾ ഇല്ലാതായി. ഇത് മനുഷ്യ ത്വത്തിന്റെ വളർച്ചയെ തടഞ്ഞുനിർത്തിയപ്പോൾ ഈ ദുർവാസനകൾക്കെതിരെ ഉപ നിഷത്തുക്കളിലെ ഋഷികൾ താക്കീതു നൽകുന്നുണ്ട്. ധനംകൊണ്ട് അമരത്വം നേടാൻ കഴിയില്ലെന്ന് ബൃഹദാരണ്യകോപനിഷത്തിൽ യാജ്ഞവൽക്യൻ മൈത്രേ യിയെ ഉപദേശിക്കുന്നുണ്ട്.[32] ധനത്തോടുള്ള ഈ നിർമമത്വം കവിതകളിൽ പ്രകട മാണ്. മനുഷ്യന്റെ കർമോത്സുകതയെ വാഴ്ത്തുന്നതോടൊപ്പംതന്നെ അന്ധമായ ഭോഗവാഞ്ഛയെയും അത് എതിർക്കുന്നു. ഭൗതികമായ നേട്ടങ്ങൾകൊണ്ടു മാത്രം ജീവിതം പൂർണമാവില്ല എന്ന ആശയം *തേഹരി, കുറേ റഷ്യൻകവികളോട്, നാസ* എന്നീ കവിതകളിൽ കാണാം.

വേദങ്ങളിൽനിന്നും ഉപനിഷത്തുക്കളിൽനിന്നും സ്വാംശീകരിച്ച വിശ്വൈക ദർശനം നൽകിയ ഉൾക്കരുത്തുകൊണ്ട് മഹത്വമുള്ളതിനെയെല്ലാം നമിക്കാൻ കവിക്കു കഴിയുന്നുണ്ട്.[33] രാജ്യാതിർത്തികൾക്കപ്പുറം കടക്കുന്ന ഈ വിശ്വമാനവ ദർശനത്തിൽനിന്നാണ് *നാസ, കയ്യൊപ്പുമരം, വേഡ്സ്വർത്തിന്റെ പർണശാലയിൽ, കാൾമാർക്സിന്റെ കുടീരം, അഥീനാപ്രശസ്തി, വർഷം വരുന്നു* തുടങ്ങിയ കവിത കളെല്ലാം എഴുതാൻ കഴിഞ്ഞത്.

ഐഹികസത്യങ്ങൾക്കപ്പുറത്തുള്ള പരമസത്യത്തെയാണ് ഉപനിഷത്തുക്ക ളിലെ ചിന്തകന്മാർ അന്വേഷിച്ചത്. അവർ പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയെപ്പറ്റിയും ജീവിതത്തിന്റെ ചഞ്ചലതയെപ്പറ്റിയും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധ ത്തെപ്പറ്റിയും ഇവക്കെല്ലാമിടയിലുള്ള നിഗൂഢപ്രതിഭാസങ്ങളെപ്പറ്റിയുമെല്ലാം ഗാഢ മായി ചിന്തിക്കുകയും പലതരത്തിലുള്ള അനുമാനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. അവരുടെ ബൗദ്ധികമായ ധീരതയുടെയും പതറാത്ത സത്യാന്വേഷണ തൽപ്പരതയുടെയും ജീവിതത്തിന്റെ അർഥവും ലക്ഷ്യവും കണ്ടെത്താനുള്ള അഭി നിവേശത്തിന്റെയും തെളിവുകൾ ഉപനിഷത്തുക്കളിൽ കാണാം.[34] *ഗംഗാനാരായ ണൻ, മിത്രാവതി, ബ്രഹ്മദത്തൻ, ശോണമിത്രൻ പിതൃയാനം* തുടങ്ങിയ കവിതക ളെല്ലാം ആത്മാന്വേഷണതീർഥാടനങ്ങൾ പരാമർശിക്കുന്നവയാണ്. പിതൃയാനം എന്ന കവിത ജനിമൃതികളുടെ നിഗൂഢതയിൽനിന്നും ഉരുവംകൊണ്ടതാണ്. മരണ ത്തിന്റെ നിഗൂഢതയിൽനിന്നുളവാകുന്ന അന്വേഷണത്വരയും ഏകാന്തതയുമാണ് ഇതിലെ പ്രമേയം. ബാല്യത്തിൽത്തന്നെ ലഭിച്ച ഓത്തുപഠനവും ആചാരങ്ങളും അദ്ദേഹത്തിന്റെ കാവ്യവ്യക്തിത്വത്തെ രൂപപ്പെടുത്തി. പിന്നീട് ഉപനിഷത്തുക്കൾ, പുരാണങ്ങൾ, കാളിദാസകൃതികൾ, മറ്റു സംസ്കൃതകാവ്യങ്ങൾ എന്നിവയിലെല്ലാം പഠനം നടത്തുകയും ഇവയുടെയെല്ലാം നല്ല വശങ്ങൾ സ്വാംശീകരിച്ച് അവ യുൾക്കൊള്ളുന്ന ബിംബങ്ങളും സംജ്ഞകളും കവിതകളിൽ ഉടനീളം പ്രയോഗി ക്കുകയും ചെയ്തു. വൈദികസംസ്കാര സ്വാധീനം അനിഷേധ്യമായ പ്രഭാവമായി അദ്ദേഹത്തിന്റെ കവിതകളിൽ കാണുന്നുണ്ട്.

## ഗാന്ധിയുടെ സ്വാധീനം

സ്വാതന്ത്ര്യസമരത്തിനുശേഷം മലയാളകവിതയെ വളരെയധികം സ്വാധീനിച്ച വ്യക്തിത്വമാണ് ഗാന്ധി. ഗാന്ധിയൻ മൂല്യങ്ങളുടെ തിരോധാനം ഇന്ത്യൻ ദേശീയതക്കേറ്റ മങ്ങലാണെന്ന് ഓരോ സാഹിത്യകാരന്മാരും വിശ്വസിച്ചു. ദേശീയ ബിംബമായിക്കഴിഞ്ഞ ഗാന്ധിയും ഗാന്ധിയൻ മൂല്യങ്ങളും സാഹിത്യകാരന്മാരുടെ വൈകാരികവിഷയങ്ങളായി മാറി.

വളരെ പഴമ അവകാശപ്പെടുന്ന ഒരു ജനത ആ പഴമയെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരാളെ ഗാന്ധിയിൽ കണ്ടെത്തുകയായിരുന്നു. വിശ്വാസങ്ങൾ, ആശയങ്ങൾ, വൈകാരികസങ്കലനങ്ങൾ, ജീവിതശൈലി എന്നിവയിൽക്കൂടിയെല്ലാം നിലനിൽക്കുന്ന പഴമ ഓർമയോ ആവർത്തനമോ മാത്രമാവാതെ ഗാന്ധിയിൽക്കൂടി സമകാലീനതയോട് സമർഥമായി പ്രതികരിച്ചു. ഗാന്ധിയുടെ പ്രസക്തി സകല സാഹിത്യമണ്ഡലങ്ങൾക്കും പ്രചോദകമായിത്തീർന്നു. ഗാന്ധിയുടെ പ്രവർത്തനരീതിയും സംഭാഷണശൈലിയും ധാർമികമൂല്യങ്ങളുമൊക്കെ ഒരു സാധാരണ ഇന്ത്യക്കാരന് പെട്ടെന്ന് മനസ്സിലാകുന്നവയും അയാളുടെ ഗോത്രസ്മരണകളെ പുനരുജ്ജീവിപ്പിക്കുന്നവയുമായിരുന്നു. അതേസമയം അതിശക്തമായ രീതിയിൽ അദ്ദേഹം വർത്തമാനകാലത്തെ ഭാഷയുമായി ബന്ധിപ്പിക്കുകയും ചെയ്തു. ഒരു കാലഘട്ടത്തിന്റെ ആവശ്യങ്ങളെയും ചരിത്രത്തിന്റെ മാനങ്ങളെയും സ്വജീവിതത്തെയും ഒന്നാക്കിയെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഓരോരുത്തരും അവനവനുവേണ്ടത് ഗാന്ധിയിൽ കണ്ടെത്തി.[35] ഇന്ത്യൻ ദേശീയതയും ഗാന്ധി ഭക്തിയും പര്യായങ്ങളായി മാറി. സ്വന്തം ഭൂതകാലത്തെയും വ്യക്തിത്വത്തെയും വീണ്ടെടുക്കുന്ന ഒരു ജനതയുടെ അഭിമാനവിജൃംഭണവും അതിൽ കലർന്നിരുന്നു. ഗാന്ധിയൻ തത്വങ്ങളും ജീവിതരീതിയും ഗാന്ധിയുടെ ശരീരവും ഓരോ ഇന്ത്യക്കാരന്റെയും സാംസ്കാരികവും രാഷ്ട്രീയവും ആത്മീയവുമായ ഈടുവെപ്പുകളായി മാറി. ഗാന്ധി ഒരു ജീവിതരീതിയായി ഇന്ത്യൻ ജനത സ്വീകരിച്ചു.

ദേശീയപ്രസ്ഥാനം, സ്വാതന്ത്ര്യസമരം, രാജ്യത്തിന്റെ സാമൂഹിക സാംസ്കാരിക പരിസരം, പ്രകൃതിചൂഷണം എന്നിവയെപ്പറ്റി പറയുന്ന സന്ദർഭങ്ങളിലെല്ലാം ഒരു പ്രതീകമായി, ദേശീയബിംബമായി ഗാന്ധി എന്ന സൂചകം ആവർത്തിക്കുന്നു. ഗാന്ധിയൻ തത്വങ്ങളും ആശയസംഹിതകളും അദ്ദേഹത്തിന്റെ കവിതകളിൽ സുലഭമാണ്.

ഗാന്ധിയെ നേരിട്ടു പരാമർശിക്കുന്ന കവിതകൾ, ആദർശങ്ങളുടെയും കാഴ്ചപ്പാടുകളുടെയും പിറകിൽ ഗാന്ധിയൻമൂല്യങ്ങൾ വർത്തിക്കുന്ന കവിതകൾ, ദേശീയതയുടെ പ്രതീകമായി ഗാന്ധി കടന്നുവരുന്ന കവിതകൾ എന്നിങ്ങനെ പഠനസൗകര്യത്തിനുവേണ്ടി കവിതകളെ മൂന്നായി തിരിക്കാം. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലെ ഗാന്ധിയൻ സ്വാധീനത്തെക്കുറിച്ച് പരാമർശിക്കുന്നതിനുമുമ്പ് ഗാന്ധിയൻമൂല്യസംഹിതകളെക്കുറിച്ച് പ്രതിപാദിക്കേണ്ടതുണ്ട്.

## സാമ്പത്തികദർശനം

സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ മേഖലകളിലൊക്കെ ഗാന്ധി പുതിയ ആശയങ്ങൾ സംഭാവന ചെയ്തു. അവയെല്ലാം രാജ്യത്തിലെ എല്ലാതരം ആളുകളെയും ഒരുപോലെ സംബോധന ചെയ്തു. ധനസമ്പാദനത്തിനുള്ള ആർത്തിയെയും ചൂഷണത്തെയും സ്വാർഥതയെയും പ്രോത്സാഹിപ്പിക്കുന്ന ആധുനിക സാമ്പത്തികശാസ്ത്രത്തെ അദ്ദേഹം വെറുത്തു. മത്സരത്തിനുപകരം സഹകരണവും സ്വാർഥതക്കു പകരം സമൂഹത്തിന്റെ ഉൽക്കർഷവും ചൂഷണത്തിനു പകരം സേവനവുമാണ് ഗാന്ധിയൻ സാമ്പത്തികശാസ്ത്രം നിർദ്ദേശിക്കുന്നത്. സാമ്പത്തിക കാര്യങ്ങളിൽ മഹാത്മാഗാന്ധിയുടെ സമീപനം നിലവിലുള്ള സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങളോടുള്ള ഒരു വെല്ലുവിളി തന്നെയായിരുന്നു. ഭൗതികപുരോഗതിയെ എല്ലാറ്റിനും ഉപരിയായി എണ്ണുന്നതിനെയും ധനസമ്പാദനത്തിനുവേണ്ടി സത്യധർമാദികൾ വെടിയുന്നതിനെയും ഗാന്ധി അതിശക്തമായി

അപലപിച്ചു. അഹിംസ, സത്യം, അപരിഗ്രഹം എന്നിവയാണ് മഹാത്മാഗാന്ധി യുടെ സാമ്പത്തികശാസ്ത്രത്തിന്റെ അടിക്കല്ലുകൾ.

**അപരിഗ്രഹം**

അപരിഗ്രഹം മോഷ്ടിക്കാതിരിക്കലാണ്. നമുക്ക് ആവശ്യമില്ലാത്ത ഒരു വസ്തു മോഷ്ടിക്കാതെത്തന്നെ കൈവശം വന്നാലും അതു മോഷ്ടിച്ച വസ്തു പോലെ കരുതണം. സംസ്കാരമെന്നത് ആവശ്യങ്ങളുടെ വർധനവല്ല, മറിച്ച് അവ യുടെ ബോധപൂർവനിയന്ത്രണമാണ്. ഓരോരുത്തരും അവരവർക്ക് ആവശ്യമുള്ള തുമാത്രം കൈവശം വെക്കുകയാണെങ്കിൽ ആർക്കും ഇല്ലായ്ക വരികയില്ല.[36]

## ട്രസ്റ്റീഷിപ്പ്

ട്രസ്റ്റീഷിപ്പ് എന്നതുകൊണ്ട് സ്വന്തമായി ഒന്നും കരുതിവെക്കാതിരിക്കുക എന്നാണ് ഗാന്ധി അർഥമാക്കിയത്. സ്വന്തമായി ഉള്ളത് നമ്മുടെ മാത്രം സ്വന്തമല്ല. നാം അതിന്റെ ട്രസ്റ്റി അഥവാ ഊരായ്മക്കാരൻ മാത്രമാണ്. എല്ലാം എല്ലാവർക്കും അവകാശപ്പെട്ടതാണ്. ട്രസ്റ്റീഷിപ്പ് അനുസരിച്ച് പാരമ്പര്യമായി കിട്ടിയതോ കച്ച വടം നടത്തി നേടിയതോ ആയ സ്വത്തിൽ മറ്റുള്ള ലക്ഷക്കണക്കിന് ആളുകളെ പ്പോലെ ജീവിക്കാനുള്ള തുകയിന്മേൽ മാത്രമേ ഒരാൾക്ക് പൂർണമായ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. ബാക്കി സമൂഹത്തിന്റേതാണ്. സമ്പൂർണ ട്രസ്റ്റീഷിപ്പ് ഒരി ക്കലും നേടാനാവുന്നതല്ല. സ്റ്റേറ്റിൽ അന്തർലീനമായ അക്രമാസക്തസ്വഭാവ ത്തിൽനിന്നും മുതലാളിത്തത്തിന്റെ അത്യാർത്തിയിൽനിന്നും കരകയറാനാണ് ഗാന്ധി ട്രസ്റ്റീഷിപ്പ് എന്ന ആശയം മുന്നോട്ടുവച്ചത്.[37]

**അഹിംസ**

അഹിംസ ശക്തന്റെ ആയുധമാണെന്ന് ഗാന്ധി അഭിപ്രായപ്പെട്ടു. അഹിംസ കൂടാതെ സത്യത്തോടടുക്കുകയോ അതിനെ കണ്ടെത്തുകയോ സാധ്യമല്ല. അഹിം സയും സത്യവും കെട്ടുപിണഞ്ഞു കിടക്കുന്നതുകൊണ്ട് അവയെ വേർതിരിച്ചറി

യാൻ പ്രയാസമാണ്. അവ ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. സത്യത്തിൽ എത്തിച്ചേരാനുള്ള ഏകവും അനുപേക്ഷണീയവുമായ മാർഗം അഹിംസ മാത്രമാണെന്നും ഗാന്ധി പറഞ്ഞു.[38] അഹിംസ എന്ന വാക്കിന്റെ വാച്യമായ അർഥം കൊല്ലാതിരിക്കുക എന്നതാണ്. പക്ഷേ ആ പദത്തിന് വിപുലമായ അർഥങ്ങളുണ്ടെന്ന് ഗാന്ധി വിശ്വസിച്ചു. അഹിംസയുടെ അർഥം കൊല്ലരുത് എന്നു മാത്രമല്ല. കോപം കൊണ്ടോ, സ്വാർഥോദ്ദേശങ്ങളുടെ പേരിലോ, ക്ഷതമേൽപ്പിക്കണമെന്ന വിചാരത്തോടു കൂടിയോ ഏതെങ്കിലും ജീവിയെ കൊല്ലുകയോ വേദനിപ്പിക്കുകയോ ചെയ്യാതിരിക്കുക എന്നതാണ് അഹിംസ. അഹിംസ എന്നാൽ സ്നേഹമാണെന്ന് ഗാന്ധി പറഞ്ഞു. ജീവജാലങ്ങളോടുള്ള സന്മനോഭാവവും, തിന്മ ചെയ്യുന്ന ഒരാൾക്കുപോലും നന്മ ചെയ്യാൻ പ്രേരകമായതും ജീവനുള്ള വസ്തുക്കളിൽ ഒന്നിനോടും ദ്വേഷം തെല്ലുമില്ലാത്തതുമായ അവസ്ഥയാണ് പരിപൂർണമായ അഹിംസ. ചീത്ത വിചാരങ്ങളും വെറുപ്പും കള്ളം പറച്ചിലും മറ്റുള്ളവർക്കാവശ്യമുള്ളത് പിടിച്ചെടുത്ത് കൈവശംവെച്ചുകൊണ്ടിരിക്കുന്നതുമെല്ലാം അഹിംസാലംഘനമായി ഗാന്ധി കണക്കാക്കി.[39] ഗാന്ധി വിഭാവനം ചെയ്ത സോഷ്യലിസം അഹിംസയിലും സത്യത്തിലും ഊന്നിയതായിരുന്നു. അദ്ദേഹത്തിന്റെ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ എല്ലാ മനുഷ്യരും ഒരുപോലെയാണ്. അതിൽ പ്രഭുവിനും കർഷകനും പണക്കാരനും പാവപ്പെട്ടവനും മുതലാളിക്കും തൊഴിലാളിക്കും തുല്യമായ ജീവിതസൗകര്യങ്ങൾ ഉണ്ടായിരിക്കും. മുതലാളിമാരും സെമീന്ദാർമാരും യഥാർഥത്തിൽ സമുദായത്തിന്റേതായ ഭൂസ്വത്തിന്റെയും മൂലധനത്തിന്റെയും ട്രസ്റ്റികളായി വർത്തിക്കുകയെന്നത് അഹിംസക്കു നിരക്കുന്ന മാർഗമായി അദ്ദേഹം കണ്ടു. ട്രസ്റ്റികൾ മിതമായ ആവശ്യത്തിനുള്ള വക മാത്രം എടുത്തുകൊണ്ട് ബാക്കിയുള്ളതു മുഴുവൻ സമൂഹത്തിന്റെ പൊതുക്ഷേമത്തിന് വിനിയോഗിക്കണം.

**ഭക്തി**

ഗാന്ധിക്ക് ഭക്തി ഒരു ജീവിതരീതിയായിരുന്നു. ഈശ്വരസാക്ഷാൽക്കാര

ത്തിന് കാട്ടിൽപോയി തപസ്സുചെയ്യണമെന്നുള്ള പഴയ ധാരണയെ അദ്ദേഹം തിരുത്തി. ലോകത്തിൽ മനുഷ്യരുടെ ഇടയിൽ ജീവിച്ചുകൊണ്ടുതന്നെ ഈശ്വരനെ അറിയാൻ സാധിക്കുമെന്ന് ഗാന്ധി ജീവിതത്തിലൂടെ തെളിയിച്ചു. കർമനിരതമായ ജീവിതമാണ് ഗാന്ധി നയിച്ചത്. കഷ്ടപ്പെട്ട മനുഷ്യരോട് ചേർന്നുനിന്നുകൊണ്ട് അവർക്കുവേണ്ടി കർമോന്മുഖനായി അവരെ കരകയറ്റുവാനാണ് അദ്ദേഹം ശ്രമിച്ചത്.

ജീവിതനിരാസത്തിനുപകരം നാനാവിധവ്യാപാരങ്ങളിൽ ജീവിതത്തെ അഭിമുഖീകരിക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു. ശ്രീശങ്കരന്റെ മായാവാദത്തെ അദ്ദേഹം സ്വീകരിച്ചില്ല. ലോകത്തെ മായയായി കാണാൻ അദ്ദേഹം തയ്യാറില്ലായിരുന്നു. വിശ്വത്തെ സൃഷ്ടികർത്താവിന്റെ ആത്മപ്രകാശനമായി അദ്ദേഹം കരുതി. അതിനാൽ ടാഗോറിനെപ്പോലെ പ്രപഞ്ചത്തിലെ നാനാതരത്തിലുള്ള സൃഷ്ടിജാലങ്ങളുമായി താദാത്മ്യം പ്രാപിക്കുവാനും സ്നേഹത്തിലൂടെയും സേവനത്തിലൂടെയും അവയിൽ കുടികൊള്ളുന്ന ഈശ്വരനെ സാക്ഷാൽക്കരിക്കുവാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.[40]

ഗാന്ധിയുടെ അഭിപ്രായത്തിൽ ഭക്തി സേവനം തന്നെയായിരുന്നു. ഭക്തനാകാനാഗ്രഹിക്കുന്നവർ പീഡിതരെയും ദരിദ്രരെയും മർദ്ദിതരെയും മനസ്സുകൊണ്ടും ആത്മാവുകൊണ്ടും ശരീരംകൊണ്ടും സേവിക്കണം. ശാരീരിക ജോലികളിൽനിന്ന് വിട്ടുനിന്നുകൊണ്ടുള്ള ധ്യാനാത്മകമായ ഭക്തിയെ അദ്ദേഹം എതിർക്കുകയും സേവനം ഹൃദയത്തെ പ്രാർഥനാനിർഭരമാക്കും എന്ന് വിശ്വസിക്കുകയും ചെയ്തു.[41] അധ്വാനത്തിലൂടെ ഭക്ഷണം എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രമാണം. ഗാന്ധി, മനുഷ്യസ്നേഹപൂർത്തീകരണത്തിന് അധ്വാനത്തിലൂടെ അപ്പം കണ്ടെത്തേണ്ട ആവശ്യകത വലുതാണെന്ന് മനസ്സിലാക്കി.[42]

## വിദ്യാഭ്യാസം

ഗാന്ധി വിഭാവനം ചെയ്തിരുന്ന അടിസ്ഥാനവിദ്യാഭ്യാസസമ്പ്രദായം രാജ്യ

ത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളെയും സാംസ്കാരികപൈതൃകങ്ങ ളെയും കണക്കിലെടുത്തുകൊണ്ടുള്ളതായിരുന്നു. ഭാരതീയ പാരമ്പര്യങ്ങളിൽ ഉറ ച്ചുനിൽക്കുമ്പോൾത്തന്നെ ആധുനികതയെ ഉൾക്കൊള്ളാൻ ഗാന്ധിക്ക് വൈമുഖ്യ മില്ലായിരുന്നു. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഇത് സ്പഷ്ടമാണ്. കൊളോണിയലിസത്തിനുമുമ്പുണ്ടായിരുന്ന ഇന്ത്യയിലെ വിദ്യാ ഭ്യാസ സമ്പ്രദായത്തെ മനോഹരമായ ഒരു വൃക്ഷത്തോടാണ് അദ്ദേഹം ഉപമിച്ചിട്ടു ള്ളത്. അത് വെട്ടിമാറ്റിയാണ് കൊളോണിയൽ വിദ്യാഭ്യാസം സ്ഥാപിതമാകുന്ന തെന്ന് അദ്ദേഹം പറഞ്ഞു. അതുകൊണ്ട് ആ പുരാതനസമ്പ്രദായത്തെ ഗാന്ധി അപ്പടി സ്വീകരിക്കുകയല്ല ചെയ്തത്. ആധുനിക ഇന്ത്യക്ക് ആവശ്യമായ തരത്തിൽ പുതിയ വിദ്യാഭ്യാസരീതി വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കുകയായിരുന്നു.[43]

**കലാദർശനം**

പ്രകൃതിസൗന്ദര്യം ഗാന്ധിയെ എന്നും ആകർഷിച്ചിരുന്നു. വൃക്ഷാരാധനയെ ഗാന്ധി ഇഷ്ടപ്പെട്ടിരുന്നു. പുരാണങ്ങളിലെ പ്രകൃതിവർണന അദ്ദേഹത്തെ ആവേശം കൊള്ളിച്ചു. ഈശ്വരന്റെ ആദ്യാവിഷ്കാരമാണ് പ്രകൃതി എന്നും പ്രകൃ തിയിൽ ലയിക്കുന്നവർ ഈശ്വരനിൽ ലയിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഓരോ പ്രകൃതി വസ്തുവിലും ഈശ്വരൻ നിറഞ്ഞുനിൽക്കുന്നു.

സൗന്ദര്യത്തിന്റെയും കലയുടെയും ഉറവിടം ഈശ്വരനാണെന്ന് ഗാന്ധി വിശ്വസിച്ചു. ഇതു ഭാരതീയ കലാസങ്കൽപ്പമാണ്. സത്യത്തിലും നന്മയിലും അടിയു റച്ചാൽ മാത്രമേ കല, കലയാകുന്നുള്ളൂ. നന്മയിലാണ് സൗന്ദര്യം. അതുകൊണ്ടു തന്നെ സത്യത്തിന്റെ സേവനത്തിന്റെ ധർമത്തിന്റെ പ്രതീക്ഷയായ ചർക്ക ഗാന്ധി ക്കു സുന്ദരമായി. യഥാർഥ കല ആത്മാവിന്റെ ആവിഷ്കരണമാണെന്നും ആത്മാ വിനെ ആവിഷ്കരിക്കാത്ത കലയ്ക്കു മൂല്യമില്ലെന്നും ഗാന്ധി വിശ്വസിച്ചു. പട്ടിണി കിടക്കുന്ന ജനലക്ഷങ്ങൾക്ക് അടിസ്ഥാനജീവിത സൗകര്യമുണ്ടാകാതെ അവർക്കു സംഗീതമാസ്വദിക്കുക സാധ്യമല്ല. വിശക്കുന്നവന് സംഗീതമാവുന്നത് വിശപ്പുമാറ്റാ

നുള്ള ആഹാരമാണ്. പ്രകൃതിയുടെ അനശ്വരചെതന്യവുമായി തട്ടിച്ചുനോക്കുമ്പോൾ മനുഷ്യനിർമിതമായ കല അപര്യാപ്തമാണെന്നും അദ്ദേഹം പറഞ്ഞു. ലളിതവും നൈസർഗികവുമായ പ്രകൃതിയുടെ കലാവിഷ്കരണങ്ങൾ ഈശ്വരന്റെ ആത്മാവിഷ്കാരമാണെന്നും മനുഷ്യന്റെ കല പരിമിതമായ ആത്മാക്കളുടെ സൃഷ്ടിയാണെന്നും ഗാന്ധി വിശ്വസിച്ചു. കല മഹത്തരമായിത്തീരുന്നത് അത് പ്രകൃതിയുടെ കലയോടടുക്കുമ്പോഴാണ്. അത് സാർവലൗകികവും ലളിതവുമാകുകയും സങ്കീർണസങ്കേതങ്ങളെ ഒഴിവാക്കുകയും ചെയ്യുമ്പോൾ കൂടുതൽ മഹത്തായിത്തീരുന്നു. കല മൂർത്തമായിരിക്കണം. സത്യം, ധർമം തുടങ്ങിയ മൂല്യങ്ങളെ കണക്കിലെടുക്കാതെ കലയ്ക്ക് മാത്രമായി ഒരസ്തിത്വവുമില്ല. ജനതയുടെ സാമൂഹ്യ-ഭൗതിക-ജീവിതങ്ങളെ കണക്കിലെടുക്കാത്ത കലക്ക് ഉൾക്കനമുണ്ടാവില്ല. ഗാന്ധിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ കലാകാരൻ ഏറ്റവും വിശുദ്ധമായ ജീവിതം നയിക്കുന്ന ആളാണ്. യേശുക്രിസ്തുവും മുഹമ്മദ്നബിയും കലയെപ്പറ്റി എഴുതിയില്ലെങ്കിലും അവർ ഏറ്റവും വലിയ കലാകാരന്മാരായിരുന്നു എന്ന് ഗാന്ധി അഭിപ്രായപ്പെട്ടു.[44] ഗാന്ധിയുടെ ഈ കലാദർശനവും ജീവിതദർശനവും വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ പലപാട് ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.

ഗാന്ധിയുടെ പ്രകൃതിദർശനവും സാമ്പത്തികദർശനവും ഇന്ത്യയുടെ മാത്രമല്ല ലോകത്തിന്റെ ആകെയുമുള്ള വിമോചനമാണെന്ന് വിഷ്ണുനാരായണൻ നമ്പൂതിരി വിശ്വസിച്ചു. ദരിദ്രനാരായണന്മാരുടെ ഒരു രാഷ്ട്രത്തിന് ആർഭാടവും ആഢംബരവും നിറഞ്ഞ ഒരു ജീവിതത്തിന് അർഹതയില്ലെന്നായിരുന്നു ഗാന്ധിയുടെ മതം. അത്തരം മനോഭാവം വെളിപ്പെടുത്തുന്ന ഒരു സന്ദർഭം കവിതയിൽ ഉപയോഗിക്കുകയാണ് *ഗാന്ധിദർശനം* എന്ന കവിതയിൽ. ഈ കവിതയിൽ ആചാര്യ കാലെൽക്കറും ഗാന്ധിയും തമ്മിലുള്ള സംഭാഷണത്തിൽ ഗാന്ധി കടന്നുവരുന്നു. തുംഗഭദ്രാനദിയുടെ തീരത്തുള്ള ഗ്രാമമായ സാഗരയുടെ അടു

ത്തുള്ള ഗർസപ്പാ അഥവാ യോഗജലപ്രപാതം കാണാൻ കാലെൽക്കർ ഗാന്ധിയെ ക്ഷണിക്കുന്നു.

'പോയ്‌വരൂ താങ്കൾ!എന്നിഷ്ടം
പോലെ ഓരോന്നു ചെയ്യുവാൻ
അവകാശമെനിക്കില്ലാ
സ്വാതന്ത്ര്യോദയമാംവരെ
പണിചെയ്തിന്ത്യതൻമക്കൾ
ഉണ്ടുറങ്ങുന്ന നാൾവരെ !'

(ഗാന്ധിദർശനം)

എന്നായിരുന്നു ഗാന്ധിയുടെ മറുപടി. ഈ വാക്കുകൾകേട്ട് മുഖംമങ്ങിയ കവി 'മുറ്റത്തെ മുല്ലക്ക് താങ്കൾക്കും മണം കാണില്ല' എന്നും നയാഗ്ര വെള്ളച്ചാട്ടമാണ് നല്ലതെന്ന് എല്ലാവരും കൊട്ടിഘോഷിക്കുന്നു എന്നും പരിഭവം പറയുന്നു.

'എത്ര പൊക്കത്തിൽനിന്നാണീ
മഴത്തുള്ളി വരുന്നത്?'

(ഗാന്ധിദർശനം)

എന്ന് മറുപടി പറയുന്ന ഗാന്ധി ദേശീയതയും അന്തർദേശീയതയും വിട്ട് ലോക ബാഹ്യനാകുന്നു.

വാർധയിലേക്ക് ഗാന്ധിയെക്കാണാൻ അനാഥനായ ഒരു കുട്ടിയെത്തുന്നതും ഗാന്ധി അവനെ ആശ്വസിപ്പിക്കുന്നതുമാണ് *ഗാന്ധിജിയുടെ അതിഥി* എന്ന കവിത. കീറിപ്പൊളിഞ്ഞ വേഷത്തോടെയും തളർന്നുകുഴഞ്ഞ ഭാവത്തോടെയും തനിക്ക് ഒരു വേലയും അറിയില്ലെന്ന് കുട്ടി പറയുന്നു. പത്തുനൂറാളുകൾ വരിവരിയായി നിൽക്കുന്ന കാര്യശാലയിൽ ഒരു കൊച്ചുപായമേൽ പുഞ്ചിരിതൂകിയിരിക്കുകയായി

രുന്ന ഗാന്ധി ആ സന്ദർശകനെ അടുത്തു വിളിച്ചിരുത്തി തലോടിക്കൊടുക്കുന്നു. ഉടനെ ഗദ്ഗദത്താൽ കുട്ടി  തനിക്ക് അച്ഛനുമമ്മയുമില്ലെന്ന് പറയുന്നു. ഇക്കാണുന്ന ഞങ്ങളും ആശ്രമവും നിനക്കുള്ളതാണെന്നും നീയിനി എവിടെയും പോകേണ്ടതില്ല എന്നും ഗാന്ധി കുഞ്ഞിനെ ആശ്വസിപ്പിക്കുന്നു. നേതാക്കന്മാരും പത്രക്കാരും ചക്രവർത്തിദൂതന്മാരുമൊക്കെ പിരിഞ്ഞുപോയപ്പോൾ വേണ്ടകാര്യം എന്താണെന്ന് പറഞ്ഞുകൊള്ളാൻ കുട്ടിയോടു പറയുന്നു. എനിക്ക് ഒരു വേലയും അറിയില്ലെന്നും അലസനായി ഞാനെങ്ങനെയാണ് ജീവിക്കുകയെന്നും കുട്ടി സങ്കടപ്പെടുന്നു. ഉടനെ അഭിമാനബാഷ്പത്തോടെ ഗാന്ധി കുട്ടിയെ മുകർന്നുകൊണ്ട് നൂറുകോടിയെ പോറ്റുന്ന ഇന്ത്യയുടെ മടിത്തട്ടിൽ ഇനിയും മക്കൾക്ക് വേലയെടുക്കാൻ ഇടമുണ്ടെന്നു പറയുകയാണ്.

ഉണ്ണിക്കരമിതു പെറ്റ നാടിൻ
കണ്ണുനീരൊപ്പാൻ കരുത്തിയന്നാൽ
അമ്മയ്ക്കു പിന്നെന്തു ദുഃഖം,അമ്മ-
യുള്ളപ്പോൾ നമ്മൾക്കുമെന്തു ദുഃഖം ?

(ഗാന്ധിജിയുടെ അതിഥി)

*രാജ്ഘട്ടിലെ ഗദ്ഗദം* എന്ന കവിതയാണ് അടുത്തത്. അമേരിക്കൻ ആണവകരാറിനെ വിമർശിച്ചുകൊണ്ടെഴുതിയ ഈ കവിതയിൽ ഗാന്ധി കടന്നുവരുന്നത് സ്വാതന്ത്ര്യസമരകാലഘട്ടത്തിലെ ത്യാഗോജ്ജ്വലമായ നിമിഷങ്ങളെ ഓർമപ്പെടുത്തിക്കൊണ്ടാണ്.

വെന്തു കനൽപ്പാതയിൽ കാൽകളെങ്കിലും
പിന്തിരിഞ്ഞീലാ ചുവടുകളല്പവും.
ഒക്കെയും പാഴ്വേലയായ്ക്കലാശിച്ചുവോ?
നട്ടെല്ലു നിങ്ങൾക്കു ഭാരമായ്ത്തീർന്നുവോ ?

(രാജ്ഘട്ടിലെ ഗദ്ഗദം)

ഭൗതികവും ബൗദ്ധികവുമായ ഇന്ത്യക്കാരുടെ അടിമത്തത്തെ ഗാന്ധിയിലൂടെ വിമർശനവിധേയമാക്കുന്നു. കനൽപ്പാതയിൽ കാലുകൾ വെന്തുവെങ്കിലും ചുവടുകൾ സ്വാതന്ത്ര്യമോഹത്താൽ പിൻതിരിഞ്ഞില്ല. എച്ചിലിരന്നുള്ള ഊണും ഉച്ചമയക്കവുമാണ് സ്വരാജ് എന്ന് വിശ്വസിക്കുന്നവർക്ക് നട്ടെല്ല് ഭാരമായിത്തീർന്നു. ആഴിയ്ക്കടിയിലെ തീയെന്നപോലെ നേരിന്റെ അമർഷം എന്നിൽ ആളുന്നു എന്നും ഗാന്ധി പറയുന്നു.

### ഗാന്ധിയൻ ദർശനങ്ങളെ പിൻപറ്റുന്നവ

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളുടെ സൂക്ഷ്മവായനയിൽ ഗാന്ധിയൻ മൂല്യസംഹിതകളോട് അദ്ദേഹത്തിനുണ്ടായിരുന്ന ആവേശം കാണാൻ കഴിയും. അദ്ദേഹത്തിന്റെ കവിതകളിൽ കാണുന്ന ഗാന്ധിയൻ മൂല്യങ്ങളോടുള്ള ആഭിമുഖ്യമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

### പ്രകൃതിദർശനം

ഉപഭോഗകേന്ദ്രിതമായ ആധുനിക നാഗരികതയെ *യൂണിവേഴ്സിറ്റി ലൈബ്രറിയിൽ* എന്ന കവിതയിൽ വിമർശനവിധേയമാക്കുന്നുണ്ട്. പരിസ്ഥിതി കേവലം ചരക്ക് മാത്രമായി മാറുന്നത് മുതലാളിത്തത്തിന്റെ സവിശേഷതയാണ്.

കണ്ണിൽപ്പെടുന്നതു കയ്യിലടക്കുവോർ
കയ്യിലടക്കുന്നതൊക്കെക്കശക്കുവോർ
ഊരിനെപ്പട്ടിണിക്കിട്ടു മെയ് പോറ്റുവോർ
ഊരുവിൽ,കുക്ഷിയിൽ,മുക്തി കണ്ടെത്തുവോർ
അന്തമില്ലാത്ത പുരോഗതിയെന്നോർത്തു
വൻകടൽപ്പാലത്തിലൂടേ കുതിക്കുവോർ
അപ്പാലമേറുവാൻ തിക്കുംപരസ്പര-

മുഷ്കിനെ മർത്ത്യചരിത്രമായെണ്ണുവോർ...

(യൂണിവേഴ്സിറ്റി ലൈബ്രറിയിൽ)

കണ്ണിൽപ്പെടുന്നതു കൈയിലടക്കുകയും കൈയിലടക്കുന്നതൊക്കെ കശക്കിയെറിയുകയും തിക്കിക്കുതിച്ചു തകർന്നടിയുകയും ചെയ്യുന്ന മനുഷ്യന്റെ ക്ഷീണസംസ്കാരസന്ധ്യയാണ് *കാലിഫോർണിയയിലെ മരമുത്തച്ഛന്മാർ* എന്ന കവിതയുടെ സന്ദർഭം. ആധുനികാനന്തര ഉപഭോഗജീവിതത്തിന്റെ നേർസാക്ഷ്യമാണ് ഈ വരികൾ. ഈ വരികളിൽ സിയാറ്റിൽ മൂപ്പന്റെ[45] നിലപാടുകൾ എടുത്തുപയോഗിക്കുകയാണ് കവി.

> "നമ്മുടേതല്ലാത്ത കുന്നിനെ,ചോലയെ,
> നമ്മുടേതല്ലാത്ത കാറ്റിനെ,പൂക്കളെ,
> നമ്മുടേതല്ലാത്ത മാടിനെ,പക്ഷിയെ
> നമ്മൾ പരസ്പരം വിൽക്കുവതെങ്ങനെ?"

(കാലിഫോർണിയയിലെ മരമുത്തച്ഛന്മാർ)

ഈ ചോദ്യത്തിലൂടെ സിയാറ്റിൽ മൂപ്പനോട് മാനസിക ഐക്യം പ്രഖ്യാപിക്കുകയും കുന്ന്, കാറ്റ്, പൂക്കൾ, ചോല എന്നിവയുടെയെല്ലാം ട്രസ്റ്റിയാണ് മനുഷ്യൻ എന്ന ബോധ്യം പ്രചരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

കാലിഫോർണിയയിലെ പ്രാചീനമായ റെഡ്‌വുഡ് മരങ്ങളെക്കുറിച്ചാണ് കവിത. തുടർന്ന് അവിടത്തെ കാഴ്ചകൾ വർണിക്കുന്നു. കത്രിച്ചൊതുക്കി വെടിപ്പാക്കിയ പാത. അതുപോലെത്തന്നെ കൃത്യമായി വെട്ടിയൊരുക്കി രൂപപ്പെടുത്തിയ ശീലമര്യാദകൾ. ആബാലവൃദ്ധം ജനങ്ങളും ഓടിനടന്നു പുണർന്നു പടംപിടിക്കുകയും, പുതിയ ഇഷ്ടങ്ങൾ നുണയുകയും പഴയരുചികൾ കുപ്പയിൽതള്ളുകയും ചെയ്ത് ഏറെത്തിരക്കിട്ടുനീങ്ങുന്നു. ഓരോമാത്രയും മധുരംനുണയുന്നതുള്ളികളായി മിന്നിപ്പൊലിയുന്നു. എന്നാൽ ഈ തിരക്കിനിടയിലും പകലും മഴയും

മഞ്ഞും വേനലും ഏറ്റ് കാൽക്കീഴിലെ പൂഴി കുത്തിയൊലിച്ചുപോകുമ്പോഴും നിർദ്വന്ദ്വനായ് നിൽക്കുന്ന മരമുത്തച്ഛൻ.

'നിങ്ങളെ ഭക്ത്യാ നമസ്കരിക്കായ്കിലെൻ

ചുണ്ടിലെ ഗായത്രി നിഷ്ഫലം'

(കാലിഫോർണിയയിലെ മരമുത്തച്ഛന്മാർ)

എന്നാണ് കവി പറയുന്നത്. ഗാനം ചെയ്യുന്നവനെ ത്രാണനം ചെയ്യുന്നതാണ് ഗായത്രി. ചരാചരങ്ങളോടുള്ള ബഹുമാനം മനുഷ്യനെ സാംസ്കാരികമായി ഉയരത്തിലെത്തിക്കുന്നു. സസ്യങ്ങളും മൃഗങ്ങളും ജൈവപരിസ്ഥിതിയും സമൃദ്ധമായ ഒരു ലോകത്തിനുമാത്രമേ ഇനി മനുഷ്യനെ ഉയർച്ചയിലേക്ക് നയിക്കാൻ കഴിയുകയുള്ളൂ. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം പരസ്പരപൂരണത്തിന്റേതാണ്.

നാടു നാടായിത്തുടരണമെങ്കിലോ

കാടു വളർത്തുവിൻ നാട്ടാരേ!

നാടു കാടായിത്തുലയാതിരിക്കാനും

കാടു വളർത്തുവിൻ നാട്ടാരേ !

(കാടിന്റെ വിളി)

കവിതയുടെ ധാർമിക പ്രേരണയെക്കുറിച്ച് വിഷ്ണുനാരായണൻ നമ്പൂതിരിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അതേക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറയുന്നു:[46]

*കവിതാനിർമാണത്തിനു സദാചാരവിരുദ്ധമായൊരു പശ്ചാത്തലം ആവശ്യമാണെന്ന് പലരും പറഞ്ഞുകേട്ടിട്ടുണ്ട്. പല മഹച്ചരിതങ്ങളും ഇതിലേക്ക് ഉദാഹരിക്കപ്പെട്ടിട്ടും ഉണ്ട്. 'താമര ചെളിയിലല്ലേ വളരുക?' എന്നവർ ചോദിക്കുന്നു. എനിക്കു സംശയമുണ്ട്.*

*ചെളിക്കുണ്ടിൽപോലും ഒളിഞ്ഞുകിടക്കുന്ന വർണധാതുക്കളുൾ ക്കൊണ്ട്, ജീവജലത്തിൽ വളർന്ന്, ഉദയപ്രകാശത്തിൽ ഇതൾവി ടർത്തുന്ന ധാർമികചൈതന്യമാണ് ഞാൻ താമരയിൽ കാണുന്നത്. ജീവിതത്തിന്റെ ഇരുണ്ടവശം ചിത്രീകരിക്കാൻ അനുഭവം തേടണ മെന്നു നിഷ്കർഷിക്കുന്ന പലരും അതിന്റെ പ്രദീപ്തമായ വശം ചിത്രീകരിക്കാൻ-അതാണല്ലോ കലാലക്ഷ്യം-വേണ്ട അനുഭവ ത്തിന്റെ കാര്യത്തിലത്ര ശ്രദ്ധിക്കാറില്ല*

*മധുപാനം* എന്ന കവിതയിൽ ജീവിതത്തിന്റെ ലാവണ്യാത്മകതയിൽനിന്ന് ഉരുത്തിരിയുന്ന ലഹരിയും കൃത്രിമലഹരിയും തമ്മിലുള്ള തെരഞ്ഞെടുപ്പാണ് പ്രമേയം. നിലാവുപോലെ ഹൃദ്യമായ വെൺനുരപൊന്തുന്ന മദ്യം മുന്നിൽവെച്ച് ഇത്തിരി സേവിച്ചാലും എന്ന് കൂട്ടുകാർ പറയുന്നു. തന്റെ കരളിൽ മറ്റൊരു ഭാജനം കാത്തുവച്ചിട്ടുണ്ടെന്നാണ് കവിയുടെ മറുപടി. ചിരിയാൽ കൂമ്പുന്ന കവിളുകൾ, ചെറുനിഴൽമേയുന്ന വെൺപുഴക്കരകൾ, നറുകദളിത്തേൻ കൂമ്പുകൾ പ്രണയം ചൊരിയുന്ന പുണ്യാർദ്രഭാവചൈതന്യം, അലിവാൽ കുതിരുന്ന നെഞ്ചിലെ നേരിന്റെ ശുദ്ധസന്ദേശം, കുളിർകാറ്റിനുമ്മയിൽ നുകരുന്ന വയലിന്റെ സൗമ്യഗന്ധ ങ്ങൾ, ദുഃഖത്തിന്റെ പൊരിയേറ്റുണരുന്ന രോഷാഗ്നിതീനാളങ്ങൾ എന്നിവയെല്ലാം ഊറിയടിഞ്ഞ് മനസ്സിൽ നിത്യമായ ലഹരി നിറയുന്നു. ഇനി മറ്റൊരു ലഹരിയുടെ ആവശ്യമില്ലെന്ന് കവി പറയുന്നു. ജീവിതത്തിൽനിന്നു വേറിട്ട ഒരു ലഹരിയി ല്ലെന്നത് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ കാണുന്ന ദർശനമാ ണ്.

ധാർമികസൗന്ദര്യമാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതക ളുടെ സൗന്ദര്യം. ഉത്തമ കലാസൃഷ്ടി മനുഷ്യനെ ആനന്ദിപ്പിക്കുക മാത്രമല്ല സാമൂ ഹ്യവും ധാർമികവുമായ ഉന്നത തലത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നു.

**അഹിംസ**

*ഗോപാലസ്മരണ* എന്ന കവിതയിൽ മാങ്ങക്കുവേണ്ടി മാവിലെറിഞ്ഞ് ഫലിക്കാതായപ്പോൾ ദേഷ്യംമൂത്ത് വെയിൽ കാത്തുകിടക്കുന്ന ഗോപാലൻ എന്ന വളർത്തുനായയെ എറിയുന്നു. വെറുതേയുള്ള ഈ ഉപദ്രവം കുറ്റബോധത്തിലാഴ്ത്തുന്നു. ആ നായയുടെ രൂപം കണ്ണടയുമ്പോൾ മനസ്സിൽ തെളിയുന്നു. ഒരു തെറ്റും ചെയ്യാത്ത ആ പാവത്തിനെ ഉപദ്രവിച്ചതെന്തിനെന്ന ചോദ്യം വേട്ടയാടുന്നു. വാലാട്ടിയും നക്കിയും വിളികേട്ട് ഓടിവന്നും കളികളിൽചേർന്നും നടന്ന ഞാൻ ഇനിയെങ്ങനെ നിന്റെ ഒപ്പമെത്തും എങ്ങനെ ഇരതേടും തുടങ്ങിയ ചോദ്യങ്ങളിൽ കുഴങ്ങുന്നു. എങ്കിലും മാവിൽ കല്ലെറിഞ്ഞും കാതുപൊട്ടുമാറൊച്ചവച്ചും കൂട്ടുകാരോടൊത്ത് കുളംകലക്കി നീന്തിയും തട്ടിൻപുറത്ത് നാടകമാടിയും അതെല്ലാം മറക്കാൻ ശ്രമിക്കുമ്പോൾ വേദനയാൽ വീണുരുളുന്ന ഗോപാലനെക്കാണുന്നു. ജലാർദ്രമായ ആ മിഴികൾ എന്തിനെന്നോടിങ്ങനെ ചെയ്തു എന്ന ഭാവത്തിൽ നോക്കുന്നുണ്ടെങ്കിലും അതൊന്നും വകവക്കാതെ നടക്കുന്നു. കീർത്തനംചൊല്ലുമ്പോഴും പ്രാർഥിക്കുമ്പോഴും തൊണ്ടയിൽ എന്തോ വരൾച്ചതോന്നുന്നു. അച്ഛൻ കഥപറഞ്ഞുകൊടുക്കുമ്പോഴും ഉറക്കംതൂങ്ങുമ്പോഴും ആ തേങ്ങൽ ചെവിയിൽമുഴങ്ങുന്നു. ഉറങ്ങുംമുമ്പ് അമ്മയോട് ഈ പാപഭാരംപങ്കുവക്കുമ്പോൾ അറിവുകേടാൽ ചെയ്തത് ഈശ്വരൻ പൊറുക്കുമെന്നും നാമംചൊല്ലിക്കിടന്നോളൂ എന്നും അമ്മ ഉപദേശിച്ചു. പശ്ചാത്താപഭാരത്താൽ നാമംചൊല്ലി ഒരുവിധം നേരംവെളുപ്പിച്ചപ്പോൾ ഗോപാലൻവന്ന് തുള്ളിച്ചാടി കൈയുയർത്തി കാലിൽപുൽകുകയും ചുറ്റും ഓടിയുരുമ്മുകയും ചെയ്യുന്നു.

പുലർമഞ്ഞിൻകണംപോലൊ-
ന്നെന്റെ കണ്ണിൽ പൊടിക്കുന്നു.
അമ്പതുകൊല്ലമായ്, ആ നീർ-
ക്കണമിന്നും വളരുന്നു-

ണ്ടെൻമിഴിയിൽ;അതിൽ വാനും

ഊഴിയും മുങ്ങിനിൽക്കുന്നു !

(ഗോപാലസ്മരണ)

മിഴിത്തുമ്പിലെ ഈ മഞ്ഞിൻകണം കരുണയുടേതാണ്. ഈ നാമംചൊല്ലൽ വെറും നാമംചൊല്ലലല്ല. പ്രായശ്ചിത്തത്തിന്റേതാണ്. ഈശ്വരവിശ്വാസവും അഹിംസയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഗാന്ധി ഇങ്ങനെ പറയുന്നു 'ആബാലവൃദ്ധം ജനങ്ങൾക്കും ഒരുപോലെ ഉപയോഗിക്കാവുന്ന ഒരു ശക്തിയാണ് അഹിംസ. ഒന്നേ വേണ്ടൂ-അവർക്ക് സ്നേഹസ്വരൂപനായ ഈശ്വരനിൽ സജീവമായ വിശ്വാസം ഉണ്ടായിരിക്കണം.''[47]

ഈശ്വരസാക്ഷാൽക്കാരം മനുഷ്യന്റെ ഒരു സവിശേഷാവകാശമാണ്. അതാണവനെ മൃഗസൃഷ്ടിയിൽനിന്നും വേർതിരിക്കുന്നത്. പക്ഷേ ഈശ്വരനെ സാക്ഷാൽക്കരിക്കണമെങ്കിൽ സചേതനമായ എന്തിലും അദ്ദേഹത്തെ കണ്ടെത്തണം. അതായത് സമസ്ത സൃഷ്ടിവിശേഷത്തോടുമുള്ള നമ്മുടെ ഏകീഭാവം നാം കണ്ടെത്തണം. ഭൗതികമായ ബലപ്രയോഗത്തെ വർജ്ജിക്കുകയും നമ്മിലോരോരുത്തരിലും നിലീനമായിക്കിടക്കുന്ന അഹിംസയെ ബോധപൂർവം വളർത്തിയെടുക്കുകയും ചെയ്തില്ലെങ്കിൽ ഇത് അസാധ്യമാവും. അഹിംസയെ സംബന്ധിച്ചിടത്തോളം അത് നിരുപദ്രവകാരിത്വം എന്ന നിഷേധരൂപം മാത്രമല്ല തിന്മചെയ്യുന്ന ഒരാൾക്കുപോലും നന്മ ചെയ്യാൻ പ്രേരകമായ സ്നേഹം എന്ന വിധിരൂപം കൂടിയാണ് എന്നായിരുന്നു ഗാന്ധിയുടെ അഭിപ്രായം.[48] ഈ കവിതയിൽ ഹിംസ ചെയ്യുന്ന കുട്ടിയോട് അമ്മ കോപിക്കുന്നില്ല. മറിച്ച് നാമംജപിച്ചുകിടന്നോളാൻ പറയുന്നു. അറിവുകേടാൽ ചെയ്തത് ഈശ്വരൻ പൊറുക്കുമെന്നാണ് അമ്മയുടെ അഭിപ്രായം. അതുപോലെതന്നെ ഗോപാലൻ പിറ്റേദിവസം ഓടിവന്ന് കുട്ടിയെ മുട്ടിയുരുമ്മുകയും ചെയ്യുന്നു. വാസ്തവത്തിൽ അഹിംസചെയ്ത ആളോട് അമ്മയും ഗോപാലനും ക്ഷമിക്കുകയായിരുന്നു.

അഹിംസാനിഷ്ഠനെന്ന് അവകാശപ്പെടുന്ന ഒരാൾ തന്നെ വേദനിപ്പിക്കുന്ന വനോട് കോപിക്കുവാൻ പാടില്ല. അവന് എന്തെങ്കിലും ദോഷം സംഭവിക്കണമെന്ന് അയാൾ ആഗ്രഹിച്ചുകൂടാ. അയാൾ അവനെ ശപിക്കുകയില്ല. അവനെന്തെങ്കിലും ശാരീരികമായ ക്ഷതമേൽപ്പിക്കാനും അയാൾ ഒരുങ്ങുകയില്ല. തനിക്ക് ഏൽക്കേണ്ടി വരുന്ന എല്ലാ വേദനകളും അയാൾ സഹിക്കും. ജീവനുള്ള വസ്തുക്കളൊന്നി നോടും ദ്വേഷം തെല്ലുമില്ലാത്ത അവസ്ഥയാണ് പരിപൂർണമായ അഹിംസ. അത് എല്ലാ ജീവജാലങ്ങളെയും ഉൾക്കൊള്ളുന്നതാണ്. നമ്മുടെ സംഹാരപ്രവണത കൾക്കുവേണ്ടിയല്ല അവയെ സൃഷ്ടിച്ചിരിക്കുന്നത്. സ്രഷ്ടാവിന്റെ മനോഗതമെ ന്തെന്ന് അറിയാൻ നമുക്കു കഴിയുമെങ്കിൽ സൃഷ്ടിപ്രപഞ്ചത്തിൽ അവയുടെ അർഹമായ സ്ഥാനം കണ്ടെത്താനും നമുക്ക് കഴിയും. അതുകൊണ്ട് അഹിംസ അതിന്റെ ക്രിയാത്മകരൂപത്തിൽ എല്ലാ ജീവജാലങ്ങളോടുമുള്ള സന്മനോഭാവ മാണ്.[49] ഈ വിശകലനത്തിൽ ഗോപാലനും ആഖ്യാതാവും അമ്മയും അഹിംസ യുടെ പ്രതിരൂപങ്ങളായി പ്രത്യക്ഷപ്പെടുന്നു. ഈശ്വരന്റെ സൃഷ്ടിയോടുള്ള സ്നേഹം കവിയെ പശ്ചാത്താപവിവശനാക്കുമ്പോൾ നന്മ ചെയ്യാൻ പ്രേരകമായ സ്നേഹമാണ് അമ്മ. ഗോപാലൻ തന്നെ ഉപദ്രവിച്ചവനെപ്പോലും സ്നേഹത്താൽ മുട്ടിയുരുമ്മുന്നു.

തിന്മചെയ്യുന്ന മനുഷ്യനെ അയാളുടെ അപഥസഞ്ചാരത്തിൽ സഹായിക്കു കയോ എതിർപ്പൊന്നും കൂടാതെ അതൊക്കെ സഹിക്കുകയോ ചെയ്യുക എന്നല്ല അഹിംസയുടെ അർഥം. നേരെമറിച്ച് അഹിംസയുടെ ക്രിയാത്മകരൂപമായ സ്നേഹം തെറ്റുചെയ്യുന്നവനോട് നിസ്സഹകരിക്കുകയും, അങ്ങനെ അയാളെ ചെറു ക്കാനും ആഹ്വാനം ചെയ്യുന്നു.[50] കെടുനീതികൾക്കെതിരെ ജീവിതാവസാനംവരെ പോരാടേണ്ടതാണെന്ന ബോധ്യം കവിതകളിലുണ്ട്.

എന്നാലെ,ന്തുയിർവീർപ്പുപോള പൊലിയും

നാളോളവും,ജീവിതം

പുണ്ണാക്കും കെടുനീതികൾക്കെതിരെ നാം

കൺപൂട്ടി നിൽക്കാവതോ ?

(ആയുരർദ്ധം)

ഗാന്ധി വേദങ്ങളെയും ഉപനിഷത്തുക്കളെയും സ്മൃതികളെയും മാറ്റുരച്ചു നോക്കുന്നത് അവ നമ്മുടെ ചുറ്റുപാടിലും ചരിത്രസന്ധിയിലും നമ്മിലും എത്രത്തോളം പ്രായോഗികമാകും എന്ന നിലപാടിലാണ്. ഗാന്ധിയുടെ ലക്ഷ്യം പൗരാണികസംസ്കാരത്തെ ഊട്ടിവളർത്തുകയോ അത് ആവർത്തിക്കുകയോ ആയിരുന്നില്ല. ചരിത്രത്തിന്റെ ഒഴുക്കിൽനിന്നും സത്ത മാത്രം ഉൾക്കൊണ്ട് വർത്തമാനത്തിന്റെ സാധ്യതകളിലൂടെ അതിനെ ധന്യമാക്കി തികച്ചും നൂതനമായ ഒരു സംസ്കാരം കരുപ്പിടിപ്പിക്കുകയായിരുന്നു ഗാന്ധിയുടെ ലക്ഷ്യം. പൗരാണികതയുടെ മാലിന്യം നീക്കി അതിനെ സ്ഫുടംചെയ്ത് പൊതുധാരയാക്കി അനുഭവത്തിന്റേതായ ഊർജം ചേർത്ത് പുതിയതൊന്നു കെട്ടിപ്പടുക്കുക എന്നതായിരുന്നു ഗാന്ധിയുടെ കാഴ്ചപ്പാട്.[51] പൗരാണികതയെ സംബന്ധിച്ച ഈ ത്യാജ്യഗ്രാഹ്യവിവേചനം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലും കാണാം.

*എന്റെ കവിത* എന്ന കവിതാസമാഹാരത്തിനെഴുതിയ *എന്റെ കവിത എന്റെ ദർശനം* എന്ന കുറിപ്പിൽ കവി ഇങ്ങനെ പറയുന്നു.[52]

*കാലികതയിലൂടെ തുടർന്നൊഴുകുന്നൊരു പ്രവാഹമായിട്ടല്ലാതെ ശാശ്വതികതയെ സങ്കല്പിക്കാൻ എനിക്കു കഴിയുന്നില്ല. പാരമ്പര്യത്തിന്റെ വികസ്വരമുഖമായി ആധുനികതയെ കാണുന്നതാണ് എന്റെ കാഴ്ചപ്പാട്. അതുകൊണ്ട് പുതുമ ശരിക്കൊരു പുതുമയാകുന്നത്, അത് പാരമ്പര്യത്തിന്റെ അരോഗവും സജീവവുമായ ഭാഗമാകുമ്പോഴാണ് എന്നും ഞാൻ വിശ്വസിക്കുന്നു. ജീനുകളുടെ നിർദ്ദേശങ്ങളെ അവഗണിച്ച് ഒരു വളർച്ച ശരീരകോശങ്ങൾക്ക് അസാധ്യമായതുപോലെത്തന്നെ, പാരമ്പര്യത്തെ പാടേ ധിക്കരിച്ചു*

*കൊണ്ട് ഒരു നിലനില്പ് കവിതയിലും ജീവിതത്തിലും അസാധ്യമാണെന്നാണ് എന്റെ അഭിപ്രായം.*

ഗാന്ധി ഭാരതീയ പാരമ്പര്യത്തിലേക്ക് അന്ധമായി കൂപ്പുകുത്തുകയോ ആധുനികമായതെന്തിനെയും തള്ളിപ്പറയുകയോ ചെയ്യുന്നില്ല.

*പാശ്ചാത്യമായതെന്തിനെയും ഞാൻ നിരാകരിക്കുന്നില്ല. ഞാൻ ബൈബിളിനെ സ്നേഹിക്കുന്നു. ക്രിസ്തുവിന്റെ മലമുകളിലെ ഉപദേശം എന്റെ അകം നിറയ്ക്കുന്നു. എന്റെ മനസ്സിന്റെ വേദന നീക്കാൻ ഇന്നും അതിനു ശക്തിയുണ്ട്. കാർലൈലിന്റെയും റസ്കിന്റെയും കൃതികൾ ഞാനിന്നും വാത്സല്യത്തോടെ വായിക്കുന്നു. ആധുനിക നാഗരികതയുടെ പ്രകടസ്വഭാവമായ ചൂഷണത്തെയാണ് ഞാൻ നിരാകരിക്കുന്നത്.*[53]

പൗരാണികതയുടെ പ്രകാശകണികകളെ മാത്രമാണ് ഗാന്ധി സ്വാംശീകരിക്കുന്നത്.

ഇതേ നിലപാടുതന്നെയായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരിക്കുമുണ്ടായിരുന്നത്. പാരമ്പര്യത്തിന്റെ എല്ലാ ഛിദ്രവാസനകളെയും ഉപേക്ഷിക്കണമെന്ന അഭിപ്രായക്കാരനാണ് കവി. ഭാരതത്തിനു മാത്രമായി ഒരു സവിശേഷതയുമില്ലെന്ന് അദ്ദേഹം വിശ്വസിച്ചു. ഗ്രീസിലെ സംസ്കാരത്തോടും അയർലന്റ് സംസ്കാരത്തോടും കവിക്ക് അഭിനിവേശമുണ്ട്.

**കാളിദാസൻ**

ഒരു ദേശത്തെ പ്രതിനിധാനം ചെയ്യുന്ന വ്യവഹാരങ്ങളിലൊന്നാണ് സാഹിത്യം. അത്തരത്തിൽ നോക്കുമ്പോൾ ഇന്ത്യയിൽ വേദപുരാണേതിഹാസങ്ങൾ കഴിഞ്ഞാൽ അടുത്ത സ്ഥാനം കാളിദാസകൃതികൾക്കാണ്. ഇതിഹാസപുരാണങ്ങളെപ്പോലെത്തന്നെ ഭാരതീയമനസ്സുകളെ സ്വാധീനിക്കുകയും

സംസ്കരിക്കുകയും ചെയ്ത കൃതികളാണ് കാളിദാസന്റേത്. കാലദൈർഘ്യം ഏറെയായിട്ടും രാമായണവും മഹാഭാരതവും പോലെത്തന്നെ അപ്രസക്ത മാവാതെ, എല്ലാ കാലഘട്ടത്തിന്റെയും ഭാവുകത്വത്തോടിണങ്ങി വർത്തിക്കുന്നതും അതുകൊണ്ടാണ്.

വേദോപനിഷത്തുക്കളും രാമായണ മഹാഭാരതാദികളും കാളിദാസകൃതി കളെ അഗാധമായി സ്വാധീനിച്ചിട്ടുണ്ട്. ഉമാശങ്കർ ജോഷി[54] കാളിദാസകൃതികളിൽ തെളിയുന്ന ഇന്ത്യൻ സംസ്കൃതിയെ ഇങ്ങനെ നിരീക്ഷിച്ചിട്ടുണ്ട്:

> *കാളിദാസൻ ഇന്ത്യയുടെ ശ്രേഷ്ഠനായ ദേശീയ കവിയാണ്,അ ദ്ദേഹം ഇന്ത്യൻ സംസ്കാരത്തിന്റെ കവിയുമാണ്.* അദ്ദേഹം തുടർന്ന് പറയുന്നു: *നൂറ്റാണ്ടുകളിലൂടെയുള്ള ഇന്ത്യൻ ജീവിതത്തെ പ്രതിഫ ലിപ്പിക്കുന്നതിൽ മാത്രമല്ല അദ്ദേഹത്തിന്റെ കാവ്യപ്രതിഭ വ്യാപരിച്ച ത്. ഇന്ത്യൻ ജീവിതത്തിന്റെ സമ്പന്നമായ വർണവൈവിധ്യങ്ങ ളുടെയും ബഹുമുഖസ്വഭാവരൂപങ്ങളുടെയും ചിത്രീകരണത്തിലുമ ല്ല, മറിച്ച് ആ ജീവിതത്തിനാധാരമായ വസ്തുക്കളിൽ ഗാഢമായ ശ്രദ്ധ പതിപ്പിക്കുകയും സൗന്ദര്യത്തിന്റെ മേഖലകളെ ശാശ്വതമായി പ്രതിഷ്ഠിക്കുകയും ചെയ്യുന്നത് തന്റെ ലക്ഷ്യമായി സ്വീകരിക്കുന്നു എന്നതിലാണ് ആ പ്രതിഭ കുടികൊള്ളുന്നത്.*

## ഇന്ത്യൻ ദേശീയതയും കാളിദാസസാഹിത്യവും

കാളിദാസൻ എന്ന സങ്കൽപ്പത്തിന് ഇന്ത്യയുടെ സാഹിത്യപാരമ്പര്യ ത്തിലുള്ള സ്ഥാനം പ്രധാനമാണ്.[55] ഇരുപതാംനൂറ്റാണ്ടിൽ ദേശരാഷ്ട്ര ങ്ങളുടെ രൂപീകരണം അനന്യമായ പാരമ്പര്യത്തെ കണ്ടെത്താൻ ഓരോ രാജ്യത്തെയും പ്രേരിപ്പിച്ചു. ദേശരാഷ്ട്രങ്ങളുടെ സാംസ്കാരിക പദ്ധതികളുടെ ലക്ഷ്യം ഇത്തരം പാരമ്പര്യത്തെ കണ്ടെടുക്കുക എന്നതായിരുന്നു. ഇന്ത്യ എന്ന സങ്കൽപ്പം

സൃഷ്ടിക്കാൻ ഉപയോഗിച്ച പല വ്യവഹാരങ്ങളിൽ ഒന്നുമാത്രമായിരുന്നു സാഹിത്യം. കാളിദാസനെ നാം പരിഗണിക്കുന്നത് ഇന്ത്യയുടെ മഹാകവിയായാണ്. ഈ ആശയം നാടോടിക്കഥകളിലൂടെയും പാട്ടുകളിലൂടെയും കവികൽപ്പന കളിലൂടെയും പുനർജനിച്ചുകൊണ്ടിരിക്കും. ഇത്തരത്തിൽ പല വ്യവഹാര ങ്ങളിലൂടെ രൂപപ്പെടുന്ന ഒന്നാണ് ദേശം. ഈ അർഥത്തിൽ ഇന്നുനാമറിയുന്ന കാളിദാസൻ ഒരു ചരിത്രപുരുഷൻ എന്നതിനേക്കാൾ പ്രതീകാത്മകമൂല്യമുള്ള ഒരു കൽപ്പനയാണ്. യുക്തിപരതയേക്കാൾ ഇന്ത്യ എന്ന വികാരമാണ് കാളിദാസ സങ്കൽപ്പത്തിന് ഇന്ന് പശ്ചാത്തലമായി ഭവിക്കുന്നത്.[56] ഭാരതത്തിലെ പണ്ടത്തെ പാഠ്യക്രമത്തിൽ കാളിദാസകൃതികൾക്ക് പ്രധാനസ്ഥാനം നൽകിയിരുന്നു. ഗുരുകുലവിദ്യാഭ്യാസകാലഘട്ടത്തിൽ കാളിദാസകൃതികളായ *രഘുവംശം*, *അഭിജ്ഞാനശാകുന്തളം*, എന്നിവക്ക് പ്രമുഖസ്ഥാനം ലഭിച്ചിരുന്നു. കേരളത്തിൽ ആധുനികവിദ്യാഭ്യാസം ആരംഭിക്കുന്നതിനുമുമ്പ് ഭാഷാപഠനം മിക്കവാറും സംസ്കൃതപഠനം തന്നെയായിരുന്നു. അതുകൊണ്ടുതന്നെ പ്രാദേശിക സാഹിത്യ ങ്ങളുടെ വളർച്ചയിൽ കാളിദാസസാഹിത്യം ചെറുതല്ലാത്ത പങ്കുവഹിച്ചു.

## കാളിദാസനും മലയാളസാഹിത്യവും

ഇന്ത്യയിലെ വിവിധ ഭാഷാസാഹിത്യത്തിലുള്ള കാളിദാസന്റെ സ്വാധീന ത്തെക്കുറിച്ച് സുകുമാർ അഴീക്കോട് സൂചിപ്പിക്കുന്നുണ്ട്.[57] അദ്ദേഹം ജനിച്ചത് ഉത്തരേന്ത്യയിലായിരുന്നെങ്കിലും ഇവിടത്തെ ഒരു പ്രദേശവും അദ്ദേഹത്തിന് അന്യ മായിരുന്നില്ല. ഇന്ത്യയുടെ ചരിത്രത്തിനു ലഭിച്ച ഒരേയൊരു ആസ്ഥാനകവിയായ അദ്ദേഹം അന്നുതൊട്ടിന്നുവരെയുള്ള ഇന്ത്യകളെ മുഴുവൻ കീഴടക്കി. പണ്ഡിത ന്മാരുടെയും സാധാരണജനങ്ങളുടെയും ഹൃദയംകവർന്ന അദ്ദേഹം സംസ്കൃത ത്തിന്റെ പരിലാളനംകൊണ്ടു മാത്രമല്ല ഇന്ത്യയിലെ എല്ലാ ഭാഷകളുടെയും സംര ക്ഷണംകൊണ്ടുകൂടിയാണ് കവിസാമ്രാട്ടായി മാറിയത്.

കാളിദാസസാഹിത്യം പ്രാദേശികഭാഷകളിലേക്ക് സ്വാംശീകരിക്കപ്പെട്ടത്

പ്രധാനമായും വിവർത്തനങ്ങളിലൂടെയായിരുന്നു. കാളിദാസകൃതിയായ അഭിജ്ഞാനശാകുന്തളത്തിന് നാൽപത്തിയഞ്ചോളം വിവർത്തനങ്ങൾ മലയാളത്തിൽ ഉണ്ടായി എന്നുള്ളത് കേരളത്തിലെ കാളിദാസസ്വാധീനത്തിന് ഉത്തമതെളിവാണ്. ശൈലിയിലും അലങ്കാരത്തിലും അർഥദീക്ഷയിലും കാളിദാസപാരമ്പര്യം പിൻതുടരുന്ന കവികൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. കാളിദാസനെയും കാളിദാസകൃതികളെയും വിഷയമാക്കി ഉണ്ടായ നിരവധി കവിതകളും വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും മലയാളസാഹിത്യത്തിലെ കാളിദാസ സ്വാധീനത്തിന് ദൃഷ്ടാന്തമാണ്.

## കാളിദാസന്റെ ദർശനം

കാളിദാസൻ പ്രകൃതിയുടെ ഉപാസകനാണ്. കാളിദാസകൃതികളിലെ പ്രകൃതിവർണനകൾ അദ്വിതീയങ്ങളാണ്. മനുഷ്യജീവിതത്തെ അതിന്റെ എല്ലാ ബലദൗർബല്യങ്ങളോടുംകൂടി സമഗ്രതയിൽ ദർശിച്ച കവിയാണ് കാളിദാസൻ. കാളിദാസകൃതികളിൽ പ്രകൃതി ജീവസാന്നിധ്യമാണ്. കാടും പർവതങ്ങളും ജലാശയങ്ങളും മരങ്ങളും ചെടികളുമെല്ലാം ആ കാവ്യങ്ങളിൽ കഥാപാത്രങ്ങളായി കടന്നുവരുന്നു. പ്രകൃതിയിലെ സർവചരാചരങ്ങളുടെയും സഹവർത്തിത്വമാണ് കാളിദാസകൃതികൾ മുന്നോട്ടുവക്കുന്നത്. അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ പ്രകൃതി ചിത്രീകരിക്കപ്പെടുന്നത് മനുഷ്യജീവിതത്തിന്റെ പശ്ചാത്തലമെന്നനിലക്കല്ല. ജീവിതപാരമ്പര്യത്തിന്റെ ഉദാത്തമാതൃകയായാണ്. പ്രകൃത്യുപാസനയുടെ ഉൽകൃഷ്ടനിദർശനങ്ങളാണ് കാളിദാസകൃതികളോരോന്നും. പ്രകൃതിയുടെ സൂക്ഷ്മമായ ലാവണ്യബോധം ശക്തമായ ഒരു അന്തർധാരയായി കാളിദാസ കൃതികളിൽ പ്രവർത്തിക്കുന്നു.

ജീവിതരതിയും ഭൂരതിയുമാണ് കാളിദാസകൃതികളുടെ മറ്റൊരു സവിശേഷത. സ്ത്രീപുരുഷ പ്രണയവും രതിയും കാളിദാസകൃതികളിൽ ഔന്നത്യംകൊണ്ട് ആത്മീയതയായി മാറുന്നു. ജീവിതത്തിന്റെ ലാവണ്യാത്മകമുഖം

കാളിദാസകവിതയിൽ തുടിച്ചുനിൽക്കുന്നു. ത്യാഗഭോഗസന്തുലനമാണ് മറ്റൊരു സവിശേഷത.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം കാളിദാസന്റെ *അഭിജ്ഞാനശാകുന്തള*ത്തിൽ കാണാം. മുല്ലവള്ളി ശകുന്തളക്ക് സഹോദര സ്ഥാനീയയാണ്. ചെടികൾക്കുനനക്കാതെ അവൾ ജലപാനത്തിനു മുതിരാറില്ല. രാജധാനിയിലേക്ക് പുറപ്പെടുമ്പോഴും ദീർഘാപാംഗൻ ശകുന്തളയെ അനുഗമി ക്കുന്നുണ്ട്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഈ സന്തുലനപ്രക്രിയ കാളിദാസന്റെ എല്ലാ കൃതികളിലും കാണാം.

**കാളിദാസ സ്വാധീനം**

കാളിദാസൻ തന്റെ കാവ്യജീവിതത്തെ സ്വാധീനിച്ചതിനെക്കുറിച്ച് വിഷ്ണുനാരായണൻ നമ്പൂതിരി ഇങ്ങനെ എഴുതുന്നു.

> *ഭാരതത്തിലെ പൂർണത(Fullness)യുള്ള ഒരു കവിയായി ഞാൻ കാണുന്നത് കാളിദാസനെയാണ്. ഒരു രാജ്യത്തിന്റെ കലയും സംസ്കാരവും ശാസ്ത്രവും-ഒരു രാജ്യം മുഴുവൻതന്നെ,ഒരു കവിയിലുണ്ടാവുക എന്ന അത്ഭുതമാണ് കാളിദാസനിൽ സംഭവിയ്ക്കുന്നത് ..... കാളിദാസനെ അറിഞ്ഞാൽ ഭാരതത്തെ അറിയുകയായി. തീർച്ചയായും കാളിദാസനും കാളിദാസകവിതയും എന്റെ കാവ്യസംസ്കൃതിയെ നന്നായി സ്വാധീനിച്ചിട്ടുണ്ട്.*[58]

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കാവ്യജീവിതത്തെ കാളിദാസൻ സ്വാധീനിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ കൃതികൾ പരിശോധിച്ചാൽ വ്യക്തമാകും. കാളിദാസനെ നേരിട്ട് കാവ്യവിഷയ മാക്കുന്ന കവിതകൾ, കാളിദാസദർശനത്തെ പിൻപറ്റുന്ന കവിതകൾ, വിവർത്തനം എന്നിങ്ങനെ ഇവയെ വർഗീകരിക്കാവുന്നതാണ്.

## കാളിദാസദർശനം പിൻതുടരുന്ന കവിതകൾ

യജ്ഞസേനൻ ശകന്മാരെ തുരത്തി മടങ്ങിയെത്തി പത്നിയായ മിത്രാവതിയുമായി നദീതീരത്തേക്കുപോകുന്നു. പുലർച്ചക്ക് മിത്രാവതി മടങ്ങിയെത്തിയെങ്കിലും പാറയുടെമുകളിൽ യജ്ഞസേനന്റെ ജഡം ചോരചിന്തിക്കാണപ്പെട്ടു. മരണകാരണം ആരായാൻ മിത്രാവതി സദസ്സിലേക്കു വിളിക്കപ്പെട്ടു. 'ആളയയ്ക്കേണ്ട; ഞാനിതാ !'എന്ന് സദസ്സിന്റെ നടുവിലേക്ക് വെമ്പലേശാത്ത ആ പെൺകൊടി നീങ്ങിനിന്ന് കാര്യങ്ങൾ വിശദീകരിക്കുന്നു. യജ്ഞസേനൻ തന്നെ വേൾക്കുന്നതിനുമുമ്പുതന്നെ സംഗ്രാമലക്ഷ്മിയെയാണ് വേട്ടതെന്നും കൂർപ്പെഴുന്ന കടക്കണ്ണിൽ കാണാത്ത രതിചാതുരി കുലവില്ലിന്റെ ശരാഗ്രത്തിൽ നുകർന്നവനാണ് അദ്ദേഹമെന്നും മിത്രാവതി വിശദീകരിക്കുന്നു. പടയ്ക്കുപോകുന്ന പതിയുടെ യശ്ശസ്സും പ്രാണനും വ്രതത്താലും സൽക്കർമ്മ ങ്ങളാലും സംരക്ഷിക്കപ്പെടേണ്ടവളാണ് നീ എന്ന അമാത്യന്റെ ആരോപണത്തോട് താൻ ഒരു മുറയും തെറ്റിച്ചിട്ടില്ലെന്ന് അവൾ മറുപടി പറയുന്നു. താൻ ഗൃഹചര്യകൾക്കോ അതിഥിപൂജകൾക്കോ ഭംഗം വരുത്തിയിട്ടില്ല. പിതാക്കൾക്ക് ബലിതർപ്പണം ചെയ്യുകയും അദ്ദേഹം പോരിനുപോകുമ്പോൾ തീർഥസ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു. മടങ്ങുംവഴി ഉദ്ദാലാശ്രമത്തിൽ കയറുകയും തപക്ലേശത്താൽ പരിക്ഷീണിതനായ ഉദ്ദാലമുനികുമാരന് കാവലിരിക്കുകയും ഉണർന്നപ്പോൾ അദ്ദേഹവുമായി രതിയിലേർപ്പെടുകയും ചെയ്തു.

'നിർത്തൂ നിന്റെ അശ്ലീലം' എന്ന അമാത്യന്റെ വാക്കുകൾക്ക് അവൾ മറുപടി പറയുന്നത് ഇങ്ങനെയാണ്: 'ആ നാൾ മുതൽ എനിക്ക് മറ്റുള്ളതെല്ലാം അശ്ലീലമായി. ചേതനാസ്പർശമേൽക്കാതെയുള്ള വേഴ്ചയാണ് അശ്ലീലം. ദേഹ മാത്രമായ ഭോഗമാണ് മിഥ്യാചാരം' എന്നാൽ യജ്ഞസേനന്റെ മരണത്തിൽ തനിക്കു പങ്കില്ലെന്ന് മിത്രാവതി ആവർത്തിക്കുന്നു. തുടർന്ന്, പശ്ചാത്താപം

മഹാശാപമാകുമെങ്കിൽ അതിൽ തന്റെ പങ്കെന്താണെന്ന് പറഞ്ഞുതരണമെന്ന് മിത്രാവതി അമാത്യനോട് അപേക്ഷിക്കുന്നു. ധർമത്തിന്റെ ഗഹനമായ ഗതി മനീഷികൾക്കുപോലും കണ്ടെത്താൻ പ്രയാസമായതുകൊണ്ട് വ്യക്തിയും കർമവും കർമഫലവും തമ്മിലുള്ള ബന്ധം കണ്ടെത്താൻ അവളോട് ഉത്തരദിക്കിലേക്ക് പോകാൻ അമാത്യൻ ആവശ്യപ്പെടുന്നു.

സ്ത്രീയുടെ നൈസർഗികമായ വികാരവിചാരങ്ങൾക്ക് പരിഗണന നൽകുകയും ലൈംഗികാനുഭവം പാപമല്ലെന്ന് വിധിക്കുകയും ചെയ്യുന്ന ഒരു കാഴ്ചപ്പാടാണ് കവിത മുന്നോട്ടുവക്കുന്നത്. സ്ത്രീപുരുഷ പ്രണയത്തിനും രതികാമനകൾക്കും മാന്യസ്ഥാനം നൽകുന്ന ദർശനം *മിത്രാവതി* എന്ന കവിതയിൽ കാണാം.

ഇതിനോട് ചേർത്തുവക്കാവുന്ന മറ്റൊരു കവിതയാണ് *ബ്രഹ്മദത്തൻ.* അധ്യയനം അവസാനിപ്പിച്ച് ഗുരുവായ തന്റെ അച്ഛനെ വന്ദിച്ച് മറ്റു ശിഷ്യന്മാർ എഴുന്നേറ്റിട്ടും ബ്രഹ്മദത്തൻ ദർഭവിരിപ്പിൽ പത്മാസനമഴിക്കാതെ നിശ്ചലമായി ഇരിക്കുകയാണ്. പുലർവേളയിൽ തന്റെ വാക്കുകൾ എങ്ങും ഉറക്കുന്നില്ല എന്നതായിരുന്നു ബ്രഹ്മദത്തന്റെ പ്രശ്നം. സന്ധ്യക്ക് മുറിച്ച ചമതക്കെട്ടുമായി ഗംഗയിൽ ആചമിക്കാൻ ചെന്നപ്പോൾ തോരാൻ മരത്തിലിട്ട വൽക്കലത്തിനു കാവലായി ഏകവസ്ത്രയായ ഒരു കന്യക ഒറ്റക്കുനിൽക്കുന്നു. പാണിഗ്രഹണം ചെയ്യാതെയും അഗ്നിയെ സാക്ഷിയാക്കാതെയും പിതാക്കളറിയാതെയും അയാൾ ആ സുന്ദരിയായ കന്യകയെ വേട്ടു. അവളുടെ ഗോത്രമോ കുലമോ ഏതെന്നറിയില്ല. വംശസൂത്രം മുറിക്കായ്കയെന്നത് ധീരന്റെ ധർമമാണ്. എന്നാൽ ഭോഗത്തെയും മനീഷിമാർ ആചരിക്കുന്ന പുത്രകാമത്തെയും വേർതിരിച്ച് കാണേണ്ടതുണ്ട് എന്നതായിരുന്നു ഗുരുവിന്റെ മറുപടി. എന്നാൽ ഇതിനുള്ള ഉത്തരം താൻ പറഞ്ഞുതരേണ്ടതല്ലെന്നും തപസ്സിനാൽ അറിഞ്ഞുകൊള്ളൂ എന്നും അദ്ദേഹം നിർദേശിക്കുന്നു. ഇതിനുള്ള ഉത്തരംതേടി ബ്രഹ്മദത്തൻ മഞ്ഞുമൂടിയ

കേദാരശൃംഗത്തിലും സ്വർണഗംഗയിലും മഴക്കാർമേയുന്നകാടുകളിലും അളകനന്ദയിലും ലക്ഷ്മീവനതലത്തിലും അലഞ്ഞുനടക്കുന്നു. തുടർന്ന് സർവചരാചരങ്ങളോടും അദ്ദേഹം ഇക്കാര്യം അന്വേഷിക്കുന്നു. കാലങ്ങൾ പിന്നിട്ടശേഷം പിതാവിന്റെ അടുത്ത് തിരിച്ചെത്തുകയും നേരിലേക്കുള്ള വഴി താൻ കണ്ടെത്തിയെന്ന് അറിയിക്കുകയും ചെയ്യുന്നു.

അഗ്നിസാക്ഷിയല്ലാതെയും പാണിഗ്രഹണം കൂടാതെയുമുള്ള വിവാഹമോ സ്ത്രീപുരുഷ പ്രണയമോ പാപഹേതുവല്ല എന്ന ആശയമാണ് ഈ കവിതയിലൂടെ വ്യക്തമാവുന്നത്. രതി ധർമാസ്പദമാവണം. ഭോഗാസ്പദവും കാമാസ്പദവും ആയിരിക്കരുത്. രതി പാപമല്ലെന്നും തെറ്റുകൾ ക്ഷന്തവ്യമാണെന്നും പാപപരി ഹാരം ഭൗമജീവിതത്തിൽനിന്നുതന്നെ നേടേണ്ടതാണെന്നും കവിതകൾ സൂചിപ്പിക്കുന്നു. നൈസർഗികമായ രതികാമനകളെ ആദരിക്കുന്ന കാളിദാസ ദർശനം തന്നെയാണ് ഈ കവിതകളിൽ കാണുന്നത്.

**ഭൗമസങ്കീർത്തനം**

കാളിദാസന്റെ കവിതകളിൽ വിവൃതമാകുന്നത് ഇന്ത്യയുടെ സമൃദ്ധവും വൈവിധ്യപൂർണവുമായ ഭൂമിശാസ്ത്രവും അതിന്റെ അന്തർധാരയായി വർത്തിക്കുന്ന സാംസ്കാരികധാരകളുമാണ്. ആ കാവ്യപദ്ധതിയുടെ ഓരോ അടരിലും ഇന്ത്യയുടെ ആത്മാവ് തുടിച്ചുനിൽക്കുന്നു. *ഭൂമിഗീതങ്ങൾ* എന്ന സമാഹാരത്തിലെ ഏതാണ്ടെല്ലാ കവിതകളും ഇഹലോകകാമനകളുടെ ആവിഷ്കാരങ്ങളാകുന്നു. ആദമും ഉർവ്വശിയും ദിലീപനും ഭൗമസ്നേഹത്തിന്റെ പേരിൽ ആത്മപീഡയനുഭവിക്കുന്നവരാണ്. എല്ലാ ഐശ്വര്യങ്ങളുമുള്ള സ്വർഗത്തേക്കാൾ അവരിഷ്ടപ്പെടുന്നത് ഭൗമജീവിതമാണ്. *ആദമും ദൈവവും, ഉർവ്വശീനൃത്തം, അഹല്യാമോക്ഷം* എന്നീ കവിതകളുടെ വിശകലനം ഇത് വ്യക്തമാക്കാൻ സഹായിക്കും.

*അഹല്യാമോക്ഷം* എന്ന കവിത കേട്ടുപഴകിയ മോക്ഷകഥയല്ല. കല്ലായി മാറിയ അഹല്യയുടെ, അവളെ ആ അവസ്ഥയിലെത്തിച്ച പുരുഷമേധാവിത്വത്തോടുള്ള പ്രതിഷേധം കൂടിയാണ്. ശാപമോക്ഷംലഭിച്ച അഹല്യ അവളെ ശിക്ഷിച്ച ഭർത്താവിനും അവളുടെ രക്ഷകനായിവന്നിരിക്കുന്ന രാമനും അമ്പരപ്പുതോന്നാൻ ഇടയുള്ള മട്ടിലാണ് സംസാരിക്കുന്നത്. മുനിപത്നിയായി ആശ്രമത്തിലേക്ക് തിരികെച്ചെല്ലാനുള്ള അവസരം അവൾ തള്ളിക്കളയുന്നു. സന്ന്യാസത്തിന്റെ മൂല്യങ്ങളിലധിഷ്ഠിതമായ ജീവിതവ്യവസ്ഥിതിയെത്തന്നെ അവൻ നിരാകരിക്കുന്നു.

ഈയന്തിത്തുടുപ്പിനെ,-
യീ വിരഹത്തിൻ കണ്ണു-
നീരിനെക്കാളെന്തിത്ര
കാമ്യമാ സ്വർല്ലോകത്തിൽ ?

(അഹല്യാമോക്ഷം)

എന്ന് സ്വർഗത്തേക്കാൾ മണ്ണിനോടു കൂറുള്ളവളാണ് അഹല്യ.

കാടുകൾ,മിഥ്യാചാര-
    ത്തിന്റെ കൂടുക;ളതിൻ
പോടുകൾതോറും മുര-
    ണ്ടമരും വിരക്തന്മാർ[72]

(അഹല്യാമോക്ഷം)

എന്ന് സന്ന്യാസത്തെ പരിഹസിക്കുന്നു. വിരക്തന്മാരുടെ ലോകത്തേക്ക് ഞാനില്ല എന്ന് അവൾ തീർത്തുപറയുന്നു. കാമനകളെ ദമിതമാക്കി ശിലയാക്കിമാറ്റുന്ന ആത്മീയതയെ അഹല്യ നിരാകരിക്കുന്നു. സഹജമായ വികാരങ്ങൾ അടിച്ചമർത്തിയ വികാരവിചാരങ്ങളില്ലാത്ത അഹല്യയെയാണ് പുരാണങ്ങൾ വാഴ്ത്തുന്നത്. എന്നാൽ ആദർശാത്മക മുഖാവരണം ചീന്തിയെറിഞ്ഞ് കവി

അഹല്യക്ക് മോക്ഷം നൽകാൻ ശ്രമിക്കുന്നു. അമിതമായ ആസക്തിയോടെന്ന പോലെത്തന്നെ അമിതമായ വിരക്തിയോടുള്ള വിയോജിപ്പാണ് കവിതയിൽ കാണുന്നത്.[59]

വിലക്കപ്പെട്ട കനി തിന്നതിന്റെ പേരിൽ സ്വർഗത്തിൽനിന്നും പുറത്താക്കപ്പെട്ട ആദം ഭൂമിയിൽ ഒരു പുതിയസ്വർഗം വിരചിക്കുന്നു. ദുഃഖവും സ്നേഹവും ദ്വേഷവും ഇടകലർന്ന ഭൂമിയെ സ്നേഹിക്കുന്നവനാണ് ആദം. ദൈവം അവനെ തിരിച്ചുവിളിക്കുമ്പോൾ മണ്ണിനോടുള്ള മമത അവനെ ഭൂമിയിൽത്തന്നെ പിടിച്ചുനിർത്തുന്നു. ആത്മീയതയുടെ ആകാശത്തേക്കാൾ ആദം ഇഷ്ടപ്പെടുന്നത് ഭൗതികതയുടെ മണ്ണാണ്.

**പ്രണയം**

കാളിദാസൻ സ്ത്രീയെ കേവലം ഭോഗവസ്തുവായിട്ടല്ല ഗൃഹിണിയായിട്ടും മന്ത്രിണിയായിട്ടും സുഹൃത്തായിട്ടുമാണ് ചിത്രീകരിക്കുന്നത്. ദാമ്പത്യപ്രേമത്തിന് കൂടുതൽ മഹത്വം കൽപ്പിക്കുന്ന ദർശനമായിരുന്നു അദ്ദേഹത്തിന്റേത്.[60] കാളിദാസൻ പ്രേമത്തിന്റെ ആദർശത്തെ വളരെ ശ്രേഷ്ഠമായി കണക്കാക്കിയിരുന്നു. കാമത്താൽ കർത്തവ്യത്തിൽനിന്നു വിമുഖനാകരുത് എന്ന് തന്റെ എല്ലാ കൃതികളിലും അദ്ദേഹം ഘോഷിച്ചിരുന്നു.[61] *രഘുവംശ*ത്തിൽ ദിലീപൻ ഇന്ദ്രനെക്കണ്ട് ഭൂമിയിലേക്കു മടങ്ങുമ്പോൾ കാമധേനുവിനെ പ്രദക്ഷിണം ചെയ്യാൻ മറക്കുകയും തന്മൂലം അനപത്യതാദുഃഖം അനുഭവിക്കേണ്ടിവരികയും ചെയ്യുന്നു. ദുഃഖത്തിനുള്ള പരിഹാരം മകളായ നന്ദിനിയെ പരിചരിക്കണമെന്നതുമാണ്. ജീവജാലങ്ങളോടുള്ള അനാദരവാണ് ഇവിടെ ഉർവരതയുടെ നാശഹേതു. ഋതുസ്നാതയായ ധർമപത്നിയെക്കുറിച്ചോർത്ത് കാമാർത്തനായി സ്വയം കർത്തവ്യം മറന്നതുകൊണ്ടാണ് ഈ ദുഃഖം സഹിക്കേണ്ടിവന്നത്. മനുഷ്യന്റെ അമിതമായ ഭോഗവാഞ്ഛകൊണ്ട് വിസ്മരിച്ച പ്രകൃതിയുടെ പ്രതിരൂപം തന്നെയാണ് ഇവിടെ

കാമധേനു. പ്രകൃതിയുടെ നേർക്കുള്ള അനാദരവ് ഉർവരതയെ ഊഷരതയായി പരിവർത്തിപ്പിക്കുന്നു.

ഇത്തരം സന്ദർഭങ്ങൾ വിഷ്ണുനാരായണൻ നമ്പൂതിരി പലനിലകളിൽ തന്റെ കവിതയിലൂടെയും കാവ്യസന്ദർഭങ്ങളിലൂടെയും പുനരാവിഷ്കരിക്കാൻ തയ്യാറായിട്ടുണ്ട്. പ്രണയാതുരമാവുമ്പോൾ സംഭവിക്കുന്ന കർത്തവ്യവീഴ്ചകൊണ്ടു സംഭവിക്കുന്ന വിരഹം *ഉർവ്വശീനൃത്തം, ദിലീപൻ, ആദമും ദൈവവും* തുടങ്ങിയ കവിതകളിലെല്ലാം പ്രമേയമായി കടന്നു വരുന്നുണ്ട്. പ്രണയവും കാമവുമെല്ലാം സൃഷ്ട്യുന്മുഖമാണെങ്കിലും കാമത്താൽ അന്ധരായി കർത്തവ്യം മറക്കരുതെന്നു കാളിദാസന്റെ നിലപാട് ഈ കവിതകളിലൂടെയെല്ലാം ആവിഷ്ക്കരിക്കുന്നുണ്ട്. സുഭദ്രാർജ്ജുന പ്രണയമാണ് അതേ പേരിലുള്ള കവിതയിലെ പ്രതിപാദ്യം.

പൂജയാൽ തൃപ്തികൊള്ളുന്ന
മൂഢനോ ഞാൻ ? അപൂർണത്തിൻ
പൂരണം കാത്തിടർകൊണ്ടു
മാഴ്കയാണെന്നന്തരംഗം

(സുഭദ്രാർജ്ജുനം)

അർജുനൻ പറയുന്ന ഈ വരികളിൽ സന്ന്യാസത്തിന്റെ വിരക്തിയേക്കാൾ ജീവിതത്തിന്റെ ആസക്തിയാണ് മുന്നിട്ടുനിൽക്കുന്നത്. ജീവിതകാമനകളെ സന്ന്യാസമെന്ന വൽക്കലത്തിൽ പൊതിയുന്ന കാഴ്ചപ്പാടിനെ കവിത നിരാകരിക്കുന്നു. മാനുഷികതയും മനുഷ്യന്റെ മൗലികവാസനകളും നിഷേധിക്കപ്പെടേണ്ടതല്ല എന്ന ചിന്തയാണ് ഈ കവിതയിൽ വരുന്നത്. അഹല്യ, ആദം, ഉർവ്വശി, അർജുനൻ എന്നീ കഥാപാത്രങ്ങളെല്ലാം സ്വർഗത്തേക്കാൾ ഭൂമിയെയും അതിലെ സുഖദുഃഖസമ്മിശ്രമായ ജീവിതത്തെയും സ്നേഹിക്കുന്നവരാണ്. ഒരേസമയത്ത് ആസ്തികനും ഭൗതികജീവിതമൂല്യങ്ങൾ അംഗീകരിക്കുന്നവനുമാണ് വിഷ്ണുനാരായണൻ നമ്പൂതിരി. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ

സമൂഹാർപ്പണമായ കർമങ്ങൾ ഈശ്വരാർപ്പണവുമാണ്. അലസതയോടും അകർമണ്യതയോടും സന്ധിചെയ്ത ആസ്തികതയല്ല അദ്ദേഹത്തിന്റേത്. ജീവിതവിരക്തി ഒരു കാലത്തും അദ്ദേഹത്തെ ബാധിച്ചിട്ടില്ല. കവിയറിയുന്ന ഉത്തമമായ ആത്മീയത ഭൂമിയുടെ വികാരമായിരുന്നു. ജീവിതത്തിലെ ആഹ്ലാദവും വിഷാദവും തുടർച്ചയും ശങ്കയും നിർവേദംപോലും പ്രപഞ്ചാനുരാഗത്തിലേക്കാണ് കവിയെ നയിക്കുന്നത്.[62]

ഭൂമിയെന്നാലെനിക്കെന്റെ
കുലപൈതൃകമല്ലയോ ?

(പിതൃയാനം)

എനിയ്ക്കുമീ മണ്ണിൻ-
തരിയ്ക്കും തമ്മിലേ-
തതീതജന്മസൗ-
ഹൃദപരമ്പര ?

(ഭൂമിഗീതങ്ങൾ)

എന്നീ വരികൾ ഭൗമപ്രണയത്തിന് ഉത്തമ ദൃഷ്ടാന്തങ്ങളാണ്.

**ഋതുക്കൾ**

കാലദേശവർണനകളിൽ അതീവ താൽപ്പര്യമുള്ള കവിയായിരുന്നു കാളിദാസൻ. ഗ്രീഷ്മം, വർഷം, ശിശിരം, വസന്തം, ഹേമന്തം, ശരത്ത് എന്നീ ഋതുക്കൾ പ്രകൃതിയിൽ വരുത്തുന്ന മാറ്റങ്ങളും അവ പ്രണയിനികളുടെ മനസ്സിൽ ചെലുത്തുന്ന സ്വാധീനവുമാണ് *ഋതുസംഹാരത്തി*ലെ വിഷയം. കാളിദാസന്റെ ഈ ഋതുവർണനാതാൽപ്പര്യം അദ്ദേഹത്തിന്റെ മറ്റെല്ലാ കാവ്യങ്ങളിലും ഏറിയും കുറഞ്ഞും കാണുന്നുണ്ട്. *മേഘസന്ദേശ*ത്തിലെ വർഷാരംഭവർണനം, *കുമാരസംഭവം* മൂന്നാം സർഗത്തിലെ വസന്തവർണനം, *രഘുവംശം* നാലാം സർഗത്തിലെ ശരദ്വർണനം

എന്നിവയെല്ലാം ഉദാഹരണങ്ങളാണ്.[63] *ഋതുസംഹാരം* വിവർത്തനം ചെയ്ത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ ഋതുവർണ്ണനകളുടെ ധാരാളിത്തം കാണാം.

കായൽക്കാറ്റിൻ തരളത,മയ-
    ക്കുന്ന നട്ടുച്ചവിണ്ണിൽ
ചായും കാറിന്നലസത,തുലാ-
    രാത്രിതന്നാർദ്രഭാവം,
തൂനീർച്ചാലിൻ വിനയമധുര-
    സ്വച്ഛവാണീവിലാസം
                    (ഛായ)

എന്നിങ്ങനെ കാലത്തെ സൂക്ഷ്മമായും

കോളുകൊണ്ടിരുളുന്നൂ
    വെറുതേ തുലാമാസം;
കോടമഞ്ഞല പുല്കി
    വൃശ്ചികം നരയ്ക്കുന്നു !
                    (വയനാട്)

എന്നിങ്ങനെ സ്ഥൂലമായും വർണിക്കുന്നത് ഉദാഹരണങ്ങളാണ്. കാലത്തെ പ്രകൃതിയുമായും പ്രണയവുമായും ബന്ധിപ്പിക്കുന്ന ചാരുത കാളിദാസകവിതകളിലെന്ന പോലെ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലും കാണാം.

കാളിദാസകൃതികളിലെപ്പോലെ പ്രകൃതിയുടെ ഉദ്ദീപ്തമായ വർണ്ണനകളുള്ള കവിതയാണ് *സുഭദ്രാർജ്ജുനം.*

പാലുപോലാം നിലാവൂറി-
    പ്പാലതൻ പൂമണമാകും

തേനുമൊത്തിറ്റുവീഴുന്ന

പാതിരാവേളയെപ്പറ്റി;

വാൾ ചുഴറ്റുന്ന കാമന്റെ

കയ്യിനൊപ്പം കമുകിന്റെ

വാരെഴും പൂനിര തുള്ളും

നാഗഭൂഭംഗിയെപ്പറ്റി;

അവിടെ കന്മദം മെത്ത

വിരിച്ച താമരച്ചോല-

ക്കരയിൽകൂത്തിനായെത്തും

കാനനമങ്കയെപ്പറ്റി;

സർപ്പവേണിയുലഞ്ഞും കാൽ-

ച്ചിലങ്ക ചിന്നിയും പാറ-

ക്കെട്ടിൽ നീർച്ചാട്ടമെന്നോണ-

മവളാടിക്കുഴയുമ്പോൾ

(സുഭദ്രാർജ്ജുനം)

ചരാചരങ്ങൾ കവിതയിൽ കഥാപാത്രങ്ങളായി കടന്നുവരുന്ന കാഴ്ചകളും നിരവധി യുണ്ട്.

തൃണങ്ങളേ,തരുക്കളേ,

ദ്രവങ്ങളേ,ഖരങ്ങളേ,

ചരങ്ങളേ,സ്ഥിരങ്ങളേ,

ഋതുക്കളേ,സൗരസൗമ്യ-

ങ്ങളേ,സംവത്സരങ്ങളേ,

ഇച്ഛാബോധാങ്കുരങ്ങളേ

(പിതൃയാനം)

കാണ്ഡേ കാണ്ഡേ മുളച്ചീടും
പ്രരോഹ ഹരിതങ്ങളേ !
വനേ വനേ വിരിഞ്ഞീടും
പീതശ്വേതാരുണങ്ങളേ !
വിടർത്ത ചിറകാൽ വ്യോമം
കടക്കും നീഡജങ്ങളേ !
ഉറച്ച ചുവടാൽ ഭൂമി
അളക്കും സ്വേദജങ്ങളേ !
(ബ്രഹ്മദത്തൻ)

കവിയെ കാളിദാസനോടടുപ്പിക്കുന്നത് കാവ്യത്തിലെ സൗന്ദര്യാംശത്തിന്റെ സ്വീകരണം മാത്രമല്ല. അതേപ്പറ്റി അദ്ദേഹം ഇങ്ങനെയെഴുതുന്നു:

*കാളിദാസൻ കേവലമൊരു കവിയോ വർഗപ്രജാപതിയോ എന്ന നിലവിട്ട്, ബഹുവർഗസമ്പന്നമായൊരു രാഷ്ട്രസമവായത്തിന്റെ പ്രാണപ്രതിഷ്ഠാപകൻ എന്ന നിലയ്ക്കാണ് സാക്ഷാത്കരിക്കപ്പെടുന്നത് ആയിരത്താണ്ടുകളായി ചപലവും ചഞ്ചലവുമായ ജനജീവിത വ്യവഹാരങ്ങളുടെ തിരക്കോളുകൾക്കുതാഴെ, അവയെ നിലനിർത്തുന്ന അന്തർധാരയായും അവക്കു നിയാമകമായ വചശ്ശക്തി വിശേഷമായും കാളിദാസൻ വർത്തിക്കുന്നു.*[64]

കാളിദാസ കാവ്യവാങ്മയങ്ങൾ ഇന്ത്യയിലെ തീർഥാടകരെ പ്രചോദിപ്പിച്ചിരുന്നു. അളകനന്ദമുതൽ കുമാരീതീർഥംവരെ അലഞ്ഞുനടന്ന് ധന്യമായ ഒരു തീർഥാടന ശിക്ഷാസമ്പ്രദായം ഇന്ത്യയിൽ നിലനിന്നിരുന്നുവെന്ന് കവി തുടർന്ന് നിരീക്ഷിക്കുന്നുണ്ട്

**കാളിദാസപരാമർശമുള്ളവ**

കാളിദാസനെയും അദ്ദേഹം പെരുമാറിയതെന്നു പറയപ്പെടുന്ന ഇട ങ്ങളെയും നേരിട്ടു പരാമർശിക്കുന്ന കവിതകളാണ് *ഹേ കാളിദാസ*, *ഉജ്ജയിനിയിലെ രാപ്പകലുകൾ* എന്നിവ. ഇന്ത്യയെമ്പാടും സഞ്ചരിച്ച് കാവ്യാനുഭവങ്ങൾ ഉൾക്കൊണ്ട കാളിദാസചേതനയോടുള്ള താദാത്മ്യബോധമാണ് ഈ കവിതയിൽ കാണാൻ കഴിയുന്നത്.

*ഇന്ത്യ എന്ന വികാരം* എന്ന സമാഹാരത്തിലെ ആദ്യകവിതയായി *ഹേ കാളിദാസ* എന്ന കവിതയാണ് കൊടുത്തിരിക്കുന്നത്. അഞ്ച് ഖണ്ഡങ്ങളായാണ് ഈ കവിത വിന്യസിച്ചിരിക്കുന്നത്. ആദ്യഖണ്ഡത്തിൽ അന്തിച്ചുവപ്പാർന്ന വഴി ത്താരയിൽ കെട്ടടങ്ങുന്ന ദൂരരശ്മിയിൽ മിഴിയൂന്നി ഏകനായി നടക്കുന്ന കാളിദാസനെ അവതരിപ്പിക്കുന്നു. ഈ നടത്തത്തിൽ അദ്ദേഹത്തിന്റെ അവസ്ഥയെ മുട്ടിയുരുമ്മും മുഖങ്ങളുടെ പാരുഷ്യമോരാതെ ഒലിച്ചുപോകുന്ന പൂവിനോടും തീര ങ്ങൾ തേടുന്ന ചിറകിനോടും കൗമാരരാഗസ്വനം കേട്ടണയുന്ന ഓർമയോടും ഉപ മിച്ചിരിക്കുന്നു. കൊടിക്കൂറപാറിച്ചു പോരടിക്കുന്ന പ്രതാപങ്ങളുടെ ദീനത, ലോഭ ത്തിന്റെ വ്യർഥത, ഉറ്റവർ തുപ്പുന്ന നിന്ദയിൽ ശാന്തത, അജ്ഞാനഗർവുകളോടുള്ള സമചിത്തത, നിത്യനവമായ പ്രപഞ്ചനിഗൂഢത എന്നിവയെല്ലാം കാളിദാസന്റെ ഉള്ളിൽ നീറിനിന്നിട്ടുണ്ടാവുമെന്ന് കവി വിചാരിക്കുന്നു.

അടുത്ത ഖണ്ഡത്തിൽ കാളിദാസകൃതികളുടെ സാംസ്കാരിക, രാഷ്ട്രീയ, ദാർശനിക കൃതികളുടെ ഉള്ളടക്കത്തിലേക്കുള്ള സൂചനകളാണ്. കാളിദാസകൃതി കൾ രാജവംശങ്ങളുടെയും രാഷ്ട്രനീതിയുടെയും സ്ത്രീ സൗന്ദര്യത്തിന്റെയും സൂക്ഷ്മഭാവങ്ങൾ അടയാളപ്പെടുത്തുന്നുണ്ട്. ഇന്ത്യയിൽനിന്ന് കാളിദാസമിഴികൾ സ്വാംശീകരിച്ച ലാവണ്യാംശത്തെയാണ് കവിതയിൽ സൂചിപ്പിക്കുന്നത്. നിറകുടം ചേരുമരക്കെട്ട്, അമ്പലനർത്തകിമാരുടെ തരളകുചാഗ്രങ്ങൾ, പിൻപുതാഴുന്ന കാലടിപ്പാടുകൾ, നീലനീൾമിഴിബിംബിച്ച പാനപാത്രങ്ങൾ, വൈരിയെയും

മാനിക്കുന്ന ഉജ്ജ്വലപൗരുഷം എന്നിവയെല്ലാം കാളിദാസന്റെ സർഗാത്മകനേത്ര ങ്ങൾ കടന്നുചെന്നതായി രേഖപ്പെടുത്തുന്നു. കാളിദാസൻ എന്ന ദേശീയനായകത്വ നിർമിതിയിലൂടെ വിഷ്ണുനാരായണൻ നമ്പൂതിരി കാണുന്ന കാഴ്ചയാണിത്. നാലാമത്തെ ഖണ്ഡം ഇങ്ങനെ തുടങ്ങുന്നു.

ഹേ കാളിദാസ,മനീഷിൻ! ചെവി പാർത്തു
ഞാനിതാ കേൾപ്പൂ സുഖാസുഖാതീതമാം
കേവലശാന്തിതൻ വൈഖരി;നേട്ടങ്ങൾ,
ചേതങ്ങൾ,ജന്മമൃതികൾ,ഇല്ലായ്മകൾ,
ഉണ്മകൾ,എല്ലാമൊരേ ലയത്തിൻ ഭിന്ന-
ഭംഗികളാക്കിടും നിൻ നാദവാഹിനി!
ചെ,ന്നതു ചേരുന്നൊരന്ത്യമൗനാംബുധി
ഇന്ത്യയെന്നുള്ള വികാരപുണ്യസ്മൃതി !
(ഹേ,കാളിദാസ !)

വൈവിധ്യങ്ങളുടെ സമൃദ്ധിയാണ് ഇന്ത്യയുടെ സവിശേഷത. എല്ലാം ഒരേ ലയത്തിന്റെ ഭിന്നഭംഗികളാണെന്നുള്ള ചിന്തയാണ് അതിന്റെ പ്രാണബലം. ഈ വൈവിധ്യങ്ങളെല്ലാം ഇന്ത്യ എന്ന വികാരപുണ്യസ്മൃതിയിൽ വിലയം പ്രാപിക്കുന്നു.

കാളിദാസനിൽ കവി കാണുന്നത് ഇന്ത്യയുടെ പരിച്ഛേദമാണ്. സൗരയൂഥത്തിൽ പറന്നുയരുന്ന ഇന്ത്യൻജനതയുടെ ഇച്ഛ, നന്ദിതാധ്വാനമാം നീതി, സേനയെ പിൻതള്ളുന്ന രാഷ്ട്രവ്യവസ്ഥ, സർവാർഥസാധകമാം വിനയം എല്ലാം കവിയുടെ സങ്കൽപ്പത്തിലെ ഇന്ത്യയിലേതാണ്.

അവസാന ഖണ്ഡത്തിൽ ഇന്ത്യൻജനതയുടെ ഇച്ഛയെ ഏകോപിപ്പിക്കുന്ന ആഖ്യാനമായി കവിതകൾ മാറുന്നു. ഏറെ മൂടാപ്പെഴുന്ന ഉൾക്കൺതിരുമ്മി ആഖ്യാ താവ് കാണാനാഗ്രഹിക്കുന്നത് ഭാവിയിൽ സൗരയൂഥത്തിൽ പറന്നുയരുന്ന

ഇന്ത്യൻ ജനതയുടെ ഇച്ഛയെയാണ്. അധ്വാനത്തെയും അതിന്റെ മഹത്വത്തെയും മാനിക്കുന്ന സേനയെ പിൻതള്ളുന്ന രാഷ്ട്രരക്ഷാവ്യവസ്ഥ, സർവാർഥസാധകമായ വിനയം എന്നിവ ഇന്ത്യ എന്ന രാഷ്ട്രത്തെക്കുറിച്ചുള്ള കവിയുടെ പ്രതീക്ഷകളും സങ്കൽപ്പങ്ങളും സ്വപ്നങ്ങളുമാണ്. കാളിദാസനിൽ ഇന്ത്യയുടെ ദാർശനിക സമന്വയം കവി കാണുന്നു. ഇന്ത്യൻ ദാർശനിക പാരമ്പര്യത്തിന്റെ പ്രതിനിധാനം എന്ന നിലയിൽ കാളിദാസന്റെ വ്യക്തിപ്രഭാവം പ്രതിഷ്ഠിതമാകുന്നു. ഈ കവിത സ്വയമേവ കാളിദാസന്റെയും അതുവഴി ഇന്ത്യയുടെയും ഭൗതികവും ആത്മീയവുമായ ദർശനപാകത്തെ പ്രതിനിധാനം ചെയ്യുന്നു. കർമോന്മുഖമായ ആത്മീയതയുടെ പ്രതീകമായാണ് കാളിദാസനെ അവതരിപ്പിച്ചിരിക്കുന്നത്.

ഇന്ത്യയുടെ ബഹുത്വമാർന്ന രാഷ്ട്രീയ സാംസ്കാരിക ദാർശനിക പാരമ്പര്യത്തിന്റെ പ്രതിനിധാനമെന്ന നിലയിൽ ഈ കവിതയെ വായിക്കുമ്പോൾ *ഇന്ത്യ എന്ന വികാരം* എന്ന സമാഹാരത്തിലെ ആദ്യത്തെ കവിതയായി ഹേ കാളിദാസ എന്ന കവിത ഉൾപ്പെടുത്തിയത് യാദൃച്ഛികമല്ലെന്ന് മനസ്സിലാകും. കാളിദാസകൃതികളിലെ ഈ ഭൗതിക ആത്മീയ സമന്വയം  വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിലും ദർശിക്കാം. കൃതികളിലെ ഇത്തരം ഉള്ളടക്കങ്ങളെല്ലാം അവസാനം എത്തിച്ചേരുന്നത് ഇന്ത്യയെന്ന വികാരപുണ്യസ്മൃതിയിലേക്കാണെന്നാണ് അടുത്ത ഖണ്ഡത്തിലെ സൂചന.

ഹേ കാളിദാസ,മഹാഗുരോ!കാണട്ടെ
ഏറെമൂടാപ്പെഴുമുൾക്കണ്‍ തിരുമ്മി ഞാൻ
സൗവർണശോഭം ഗരുഡനായ് ഭാവിതൻ
സൗരയൂഥത്തിൽ പറന്നുയരുന്നൊരീ
അൻപതു കോടി മനസ്സിന്റെയിച്ഛയെ,
നന്ദിതാദ്ധ്വാനമാം നീതിയെ,സേനയെ
പിൻതള്ളിടും രാഷ്ട്രരക്ഷാവ്യവസ്ഥയെ,

സർവാർത്ഥസാധകമാം വിനയത്തിനെ !

(ഹേ, കാളിദാസ !)

കാളിദാസനും പരിസരവും പ്രത്യക്ഷപ്പെടുന്ന മറ്റൊരു കവിത *ഉജ്ജയിനിയിലെ രാപ്പകലുകൾ* ആണ്. കാളിദാസന്റെ ഉദ്ദാമതാരുണ്യം നിറച്ചാവാഹിച്ച സ്ഥലരാശിയുടെ വർണ്ണനയാണ് ആദ്യഭാഗത്ത്.

മാളവത്തിൽ മഴപെയ്തു തിമർക്കുന്നു,വിദിശയിൽ

ഞാറുമുങ്ങി നിവരുന്നു,തണുത്ത കാറ്റാൽ

ദേവഗിരിയിലെ കാട്ടു ഞാവൾ മൂത്തു മതിർക്കുന്നു

പൊളപൊട്ടിയിളംകൈത വാസനിയ്ക്കുന്നു.

ചൊകചൊകേ പലാശങ്ങൾ വെളുവെളേ പാലകളും

മലർചൊരിയുന്ന വയൽ വരമ്പിലൂടെ

(ഉജ്ജയിനിയിലെ രാപ്പകലുകൾ)

മഴ പെയ്തു തിമർക്കുന്ന മാളവം, ഞാറുമുങ്ങി നിവരുന്ന വിദിശ, മൂത്ത കാട്ടു ഞാവൾപ്പഴങ്ങൾ, പോളപൊട്ടി വാസനിയ്ക്കുന്ന ഇളം കൈത, പൂത്ത പലാശവും പാലകളും എന്നിവ പ്രതിനിധീകരിക്കുന്നത് കാളിദാസകവിതയുടെ ഭാവപശ്ചാത്തലം മാത്രമല്ല ഇന്ത്യയുടെ ഋതുപശ്ചാത്തലവും കൂടിയാണ്. പ്രകൃതിപ്രതിഭാസത്തിലുള്ള ഈ ലയം കാളിദാസനെ ആവാഹിച്ചവർക്കുമാത്രം സാധ്യമാകുന്നതാണ്. ഋതുഭേദം പ്രകൃതിയിൽവരുത്തുന്ന മായാജാലങ്ങളും അത് ആവാഹിക്കുന്ന മനുഷ്യഹൃദയങ്ങളും ആവിഷ്കരിക്കുന്ന ഋതുസംഹാരംതന്നെ കാളിദാസകൃതികളുടെ തർജമക്കായി കവി തെരഞ്ഞെടുത്തത് യാദൃച്ഛികമല്ല. ഈ കവിതയുടെ ആശയസൗന്ദര്യവും പ്രകൃതിയുടെ ആവിഷ്കാരവും വിരൽചൂണ്ടുന്നത് കാളിദാസഹൃദയത്തിലേക്കു തന്നെയാണ്. കാളിദാസന്റെ ജന്മദേശമായ മാളവം, വിദിശ, ദേവഗിരി, ഭൂപാലം എന്നീ സമീപപ്രദേശങ്ങളും, ഉജ്ജയിനിയും നിർവിന്ധ്യ, ഷോട്ടാ സിന്ധു, ഗംഭീര, ശിപ്ര, ഗന്ധവതി എന്നീ

മേഘസന്ദേശ പ്രസിദ്ധമായ നദികളും സപ്തതീർഥങ്ങളായ ഗംഗ, യമുന, ഗോദാവരി, സരസ്വതി, നർമദ, സിന്ധു, കാവേരി എന്നീ നദികളും എല്ലാം ചേർന്ന് ഇന്ത്യയുടെ സ്ഥലഭൂപടമായി മാറുന്നത് കാണാം.

അടുത്ത ഖണ്ഡത്തിൽ ക്ഷയം സംഭവിച്ച ഈ സ്ഥലരാശിയാണ് വർണിക്കുന്നത്. ക്രൂരമെരിപകൽ, ദയാഹീനമാം നരച്ച വാനം, വേരുചത്തു കഷണ്ടിയായിക്കഴിഞ്ഞ മണ്ണ്, കട്ടുതിന്നുന്ന ചൗക്കകളിലെ വെടിവട്ടം, ശത്രുവിനെ ക്കൊല്ലാൻ പോകുന്ന തമ്പുരാന്റെ പടകേളി ഇങ്ങനെ തുടരുന്നു. സാംസ്കാരിക ചൈതന്യത്തിന്റെ ഉർവരത കിളിർക്കാൻ കാളിദാസന്റെ സന്ദേശവാഹകനായ മേഘത്തെ ക്ഷണിക്കുന്നു. ഇന്ത്യയിലെ ഋതുഭേദങ്ങളെ, വൈവിധ്യസമൃദ്ധമായ ഭൂമിശാസ്ത്രത്തെ, സാംസ്കാരിക പരിവേഷങ്ങളെ, പ്രകൃതിയിലെ മാനുഷിക ഭാവങ്ങളെ ഹൃദയത്തിലേറ്റിയ കവിയുടെ സംസ്കാരം മണ്ണിലേക്കഭിസരിക്കാൻ മുകിലുകളെ ക്ഷണിക്കുന്നു. കാളിദാസന്റെ സന്ദേശവാഹകനായ മേഘത്തെ ക്ഷണിക്കുന്നവരിൽ ഇന്ത്യയിലെ എല്ലാ വർഗത്തിന്റെയും പ്രതിനിധികളുണ്ട്. പൊടിയണിക്കൂന്തൽമീതേ ഒഴിഞ്ഞ മൺകുടം പേറും കന്യ, തുരുമ്പിക്കുന്ന കലപ്പ, തളിർനാമ്പുകൾ നുള്ളുമ്പോൾ വിറകൊള്ളുന്ന കരം എന്നിവയെല്ലാം ഇന്ത്യയുടെ വൈവിധ്യത്തിന്റെ കലവറയിൽനിന്ന് തെരഞ്ഞെടുത്തവയാണ്. ഇന്ത്യൻ സംസ്കാ രവും ഭൂമിശാസ്ത്രവും കവിതക്ക് നിത്യവിഷയമാക്കിയ കാളിദാസന്റെ സർഗാത്മക വ്യക്തിത്വത്തെ പ്രതിനിധാനം ചെയ്യുന്ന കവിതകളാണ് ഇവരണ്ടും. കാളിദാസനെ കേവലമൊരു കവിയായല്ല വിഷ്ണുനാരായണൻ നമ്പൂതിരി സ്വാംശീകരിക്കുന്നത്. ഭൂമിശാസ്ത്ര സാംസ്കാരിക വർഗ ബഹുത്വമാർന്ന രാഷ്ട്രസമവായത്തിന്റെ പ്രതിഷ്ഠാപകൻ എന്ന നിലക്കാണ്.

തപോവനസംസ്കാരം, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യബന്ധ ത്തെക്കുറിച്ചുള്ള ആരോഗ്യകരമായ കാഴ്ചപ്പാട്, ഇഹലോകജീവിതത്തിന്- വിശേഷിച്ച് ഗാർഹസ്ഥ്യധർമത്തിന്-കൽപ്പിക്കുന്ന പ്രാധാന്യം, അതേസമയം

ഭോഗത്തിലല്ല ത്യാഗത്തിലാണ് ഊന്നേണ്ടതെന്ന സന്ദേശം, സർവോപരി പാരമ്പര്യത്തോട് കൈക്കൊള്ളുന്ന ത്യാജ്യഗ്രാഹ്യവിവേചനപൂർവമായ സമീപനം മുതലായ കാളിദാസദർശനത്തിന്റെ സവിശേഷതകൾ ഈ കവിയെ എന്തെന്നില്ലാതെ ആകർഷിച്ചിട്ടുണ്ട്.[65]

## വിവർത്തനത്തിലൂടെ

വിവർത്തനമെന്നാൽ സാഹിത്യത്തെ ഭാഷയുടെയും പ്രദേശങ്ങളുടെയും കെട്ടുപാടിൽനിന്ന് മോചിപ്പിക്കുന്ന പ്രക്രിയയാണ്. പ്രാദേശികമായ സംസ്കാരങ്ങളുടെ ആകെത്തുകയാണ് ദേശീയസംസ്കാരം. വിവർത്തനംവഴി വിഭിന്ന ഭാഷകൾമൂലം വേർതിരിഞ്ഞുകിടക്കുന്ന സമൂഹങ്ങൾ തമ്മിൽ പരസ്പരധാരണയും ബഹുമാനവും വർധിക്കുന്നു. ഇങ്ങനെയുണ്ടാകുന്ന സാംസ്കാരിക വിനിമയം വഴി ഇന്ത്യയെ ഒന്നിച്ചു നിർത്തുന്ന അന്തർധാര കണ്ടെത്താൻ കഴിയുന്നു.[66] ഓരോ ഭാഷക്കാരും മറ്റു ഭാഷകളിലെ സാഹിത്യവുമായി പരിചയപ്പെടുകയും അവ ആസ്വദിക്കുകയും ചെയ്യുമ്പോൾ ഈ പരിചയപ്പെടൽ സാംസ്കാരികോദ്ഗ്രഥനത്തിന് വഴിതെളിക്കുന്നു. ഉത്തമകൃതികൾ ഓരോ പ്രാദേശികഭാഷകളിലേക്കും വിവർത്തനം ചെയ്യുമ്പോൾ ഭാഷ, സമുദായം, പ്രദേശം ആദിയായവയെ അടിസ്ഥാനമാക്കിയുള്ള ഇടുങ്ങിയ താൽപ്പര്യങ്ങളും പക്ഷപാതങ്ങളും അസ്തമിക്കുന്നു. ഇന്ത്യപോലുള്ള ഭാഷാസംസ്കൃതികൾ വിഭിന്നമായ ഒരു രാജ്യത്ത് പ്രാദേശികകൃതികളെ കണ്ടെടുക്കുകയും അവക്കിടയിൽ വർത്തിക്കുന്ന സമാന്തരതകൾ കണ്ടെത്തുകയും ചെയ്യുമ്പോഴേ അവയെല്ലാം കോർത്തിണക്കുന്ന ദേശീയതയുടെ ഘടകങ്ങളെ കണ്ടെത്താൻ കഴിയൂ.

സാംസ്കാരികവിനിമയത്തിനും സ്വാംശീകരണത്തിനുമുള്ള സന്നദ്ധതയാണ് വിവർത്തനത്തിലൂടെ പ്രകടമാകുന്നത്. തന്റെ ദേശത്തെയും സംസ്കൃതിയെയും പുതുക്കിപ്പണിയാൻതക്ക ഉൾക്കാഴ്ച പ്രദാനം ചെയ്യുന്ന പ്രക്രിയ കൂടിയാണിത്. സംസ്കാരവും ദേശീയതയും ഏകതാനമല്ല. മറിച്ച് കാലദേശങ്ങൾ

ക്കനുസരിച്ച് രൂപഭാവങ്ങൾ മാറുകയും പരിണമിക്കുകയും ചെയ്യുന്നവയാണ്. ഒരു ദേശത്തിന്റെ ഭൂഘടനയും ആചാരാനുഷ്ഠാനങ്ങളും ദേശീയരൂപകം എന്ന നിലയിൽ അതിർത്തിക്കപ്പുറത്ത് സാധ്യമല്ല. വിവർത്തനത്തിനു തെരഞ്ഞെടുക്കുന്ന കൃതികൊണ്ട് ആത്മാവബോധവികാസവും മൂലകൃതിയോടുള്ള ലാവണ്യാത്മ കമായ താദാത്മ്യവും നടക്കുന്നുണ്ട്. വിവർത്തനത്തിനു തെരഞ്ഞെടുക്കുന്ന കൃതിയിലെ മനുഷ്യർ, ജീവജാലങ്ങൾ, കാലാവസ്ഥ, തൊഴിൽ, പരിസ്ഥിതി, അഭിരുചികൾ, സാമൂഹ്യാവസ്ഥ എന്നിവയെല്ലാം വിവർത്തകന്റെ കൃതികളെയും സ്വാധീനിക്കുന്നുണ്ട്.

ഒരു വിവർത്തകന് ഭാഷയിലുള്ള അറിവിനു പുറമെ പ്രമേയവുമായുള്ള ബന്ധവും അത്യാവശ്യമാണ്. മൂലഗ്രന്ഥകാരന്റെ ഭാവനാവിലാസവുമായി താദാത്മ്യം പ്രാപിക്കുമ്പോഴേ വിവർത്തനം ഒരു സർഗാത്മക പ്രവർത്തന മാവുകയുള്ളൂ. വിവർത്തകന് മൂലഗ്രന്ഥകാരന്റെ ഭാവപ്രതിഭയോട് സംവദിക്കത്തക്ക ഭാവനയും രചാനാപ്രതിഭയോട് തോളോടൊത്തു പോകത്തക്കവണ്ണം സ്വഭാഷയിൽ സരസ്വതീവിലാസവും വേണം എന്നതായിരുന്നു വൈലോപ്പിള്ളിയുടെ അഭിപ്രായം.[67]

വിഷ്ണുനാരായണൻ നമ്പൂതിരി സംസ്കൃതത്തിൽനിന്നു രണ്ടു കൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്-കാളിദാസന്റെ *ഋതുസംഹാര*വും ഭാസന്റെ *കർണഭാരം* എന്ന നാടകവും. ഒരു ജനവർഗമെന്ന നിലയിൽ ഇന്ത്യൻ സ മൂഹം പുലർത്തിപ്പോന്ന പൊതുവായ ജീവിതമൂല്യങ്ങളുടെ ഉള്ളടക്കം തന്നെയാണ് വിഷ്ണുനാരായണൻ നമ്പൂതിരിയെ *കർണഭാരം* വിവർത്തനം ചെയ്യാൻ പ്രേരിപ്പിച്ച ത്. ഇതിനെക്കുറിച്ച് കവിതന്നെ സൂചിപ്പിക്കുന്നുണ്ട്.

> *ഭാസന്റെ ധർമവും നീതിയും സദാചാരവും വ്യക്തിനിഷ്ഠം എന്നപോലെ സമഷ്ടിനിർണീതവുമാകുന്നു. രാഷ്ട്രം എന്ന കേന്ദ്ര സത്യത്തിൽ, വ്യത്യസ്തതകളെല്ലാം സമഞ്ജസമായി അന്വയിക്ക*

*പ്പെടുന്ന ഒരു സമൂഹദർശനം കാളിദാസനിലെന്നപോലെ ഭാസനിലും കാണാം. ഈ ദർശനം പിൽക്കാലത്ത് ഇതിഹാസപുനരാഖ്യാനങ്ങൾ വഴിയാണ് ഇന്ത്യയിലെ നാനാ പ്രസൃതമായ ജനഹൃദയങ്ങളിൽ വേരോടിയത്*[68].

കാളിദാസന്റെ പ്രഭാവം വിഷ്ണുനാരായണൻ നമ്പൂതിരിയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ടെന്നതിനു തെളിവാണ് ഋതുസംഹാരവിവർത്തനം. *ഉജ്ജയിനിയിലെ രാപ്പകലുകൾ* എന്ന കവിതക്കും ഋതുസംഹാരത്തിനും തമ്മിലുള്ള ബന്ധം ഇങ്ങനെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. "ഋതുസംഹാരം ഷഡ്ഋതുക്കളുടെ അലംഭാവമില്ലാത്ത വിശദവർണനയാണെങ്കിൽഅതിലൊന്നിന്റെ-വർഷാഋതുവിന്റെ -ഷണ്മുഖപ്രസ്താരമാണ് ഉജ്ജയിനിയിലെ രാപ്പകലുകൾ."[69] മറ്റു കാളിദാസകൃതികളേടൊത്തുനോക്കിയാൽ പ്രാദേശികഭാഷാലിപികളിലുള്ള പകർപ്പുകൾ കുറവായ കൃതിയാണ് *ഋതുസംഹാരം*

വ്യാസനുശേഷം ആ മഹാരാഷ്ട്രത്തിന് പ്രാണപ്രതിഷ്ഠനൽകിയ ഗുരുവായി നേപാളംതൊട്ട് ലങ്കവരെയും, ഗാന്ധാരംതൊട്ട് ബ്രഹ്മദേശം(ബർമ്മ)വരെയുമുള്ള വിദ്യാർഥികൾ തലമുറകളായി കാളിദാസനെ അറിയുന്നു. ഇന്ത്യക്ക് സ്വാതന്ത്ര്യം പതിച്ചുകിട്ടുന്നതുവരെ ഇവിടത്തെ ശിക്ഷണസമ്പ്രദായത്തിൽ ലഘുവംശം ഭാഷയുടെ കാര്യത്തിൽ മാത്രമല്ല രാജനീതിയിലും ദർശനത്തിലും ബാലപാഠമായിരുന്നു; ഉപരിപാഠമായിരുന്നു; മനോഗതിയുടെ വളവുകളിൽ അത് വഴികാട്ടിയായിരുന്നു.[70] ലങ്കാതീരംതൊട്ട് മാനസ സരസ്സുവരെ നടന്നലഞ്ഞ് പരിചയിച്ച്, മേഘ മാർഗത്തോളം ത്രേതാഗ്നിധൂമം പരത്തുന്ന ആശ്രമസംസ്കാരങ്ങളും നാനാ ജനപഥവിചിത്രമായ സമൂഹാചാരങ്ങളും ഉൾക്കൊണ്ട് ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കുമെല്ലാമപ്പുറം ത്രസിക്കുന്ന സർവാന്വേഷിയായ ആത്മീയതയെ ഉള്ളം കയ്യിലെടുത്ത് ആചമിച്ച ആ പ്രതിഭാശാലിയുടെ വാക്കുകൾ, നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഈ മഹാരാഷ്ട്രത്തിന്റെ പ്രാണപുസ്തകമായി വർത്തിക്കുന്നു. ആ വാക്കിലൂടെ

നാം ഇന്ത്യയുടെ നിത്യനൂതനമായ വിവേകത്തെയാണ് ഉച്ഛ്വസിക്കുന്നത് എന്ന് കവിതന്നെ അഭിപ്രായപ്പെടുന്നുണ്ട്.[71]

വിവർത്തനംകൊണ്ട് പ്രാദേശികസംസ്കൃതിയിലോ ഭാഷയിലോ ഉരുത്തിരിയുന്ന സാഹിത്യത്തെ പൊതുവാക്കിത്തീർക്കുക എന്ന പ്രക്രിയയാണ് നടക്കുന്നത്. സാംസ്കാരിക വിനിമയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വാഹകം സാഹിത്യമാണ്. വിവർത്തനത്തിലൂടെ പുതിയൊരു ഭാവുകത്വം സൃഷ്ടിക്കുന്ന പ്രക്രിയകൂടി നടക്കുന്നുണ്ട്. ദേശരാഷ്ട്രരൂപീകരണത്തിന്റേതായ ചരിത്രസന്ദർഭങ്ങളിൽ വിവർത്തനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. വർണനയിലൂടെയും പ്രതിപാദനത്തിലൂടെയും പുതിയ ജനങ്ങളെയും സ്ഥലങ്ങളെയും ആഖ്യാനഘടനയിൽ ഉൾപ്പെടുത്തുകവഴി ഇന്ത്യയെന്നൊരു രാഷ്ട്രം രൂപപ്പെടുന്നതിനുമുമ്പുതന്നെ അത് വിഭാവനം ചെയ്യപ്പെട്ടിരുന്നു. വിവർത്തനത്തിലൂടെ ഇന്ത്യമുഴുവൻ പ്രചരിച്ച ഇതിഹാസകാവ്യങ്ങളിലൂടെയാണ്  ഇത് സാധ്യമായത്.[72] ഏതെങ്കിലും പ്രാദേശിക ഭാഷകളുടെ പരിമിതിക്കുള്ളിൽ തങ്ങിനിൽക്കുന്ന സാഹിത്യത്തെ വിവർത്തനത്തിലൂടെ അതിനു ജന്മം നൽകിയ ഭാഷയുടെയും പ്രദേശങ്ങളുടെയും അതിരുകൾഭേദിച്ച് സ്വതന്ത്രമാക്കാൻ കഴിയും. പ്രാദേശികസംസ്കൃതിയുടെ സാകല്യമായ ഇന്ത്യൻ ദേശീയതക്ക് വിശേഷിച്ചും വിവർത്തനം പ്രധാനമാണ്.

## കുറിപ്പുകൾ

1. എസ്. കെ. വസന്തൻ, 'സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും', *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901-2000,* വാ. 2., എം. എൻ. വിജയൻ (ജന. എഡി), (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2000), പു. 223-24.
2. ബി. ഗോപകുമാർ, 'ദേശീയോദ്ഗ്രഥനവും സാംസ്കാരികനായകന്മാരും', *വിജ്ഞാനകൈരളി,* 25, 8 (ആഗസ്റ്റ് 1994), പു. 634.
3. ജി. ശങ്കരക്കുറുപ്പ്, *ഗദ്യോപഹാരം* (സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1964), പു. 45-6.
4. ജി. ശങ്കരക്കുറുപ്പ്(എഡി), *മലയാള കാവ്യസംഗ്രഹം* (നാഷണൽ ബുക്ട്രസ്റ്റ് ഇന്ത്യ, 1973), പു. 13.
5. ഡി. ബഞ്ചമിൻ, 'സ്വാതന്ത്ര്യാനന്തര മലയാളസാഹിത്യം', *വിജ്ഞാനകൈരളി,* 29, 8 (ആഗസ്റ്റ് 1998), പു. 536.
6. എൻ. അജയകുമാർ, *ആധുനികത മലയാളകവിതയിൽ* (സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2013), പു. 46-7.
7. *ടി,* പു. 134.
8. സച്ചിദാനന്ദൻ, 'ആധുനികതയിലെ ദശാപരിണാമങ്ങൾ' *മലയാളകവിതാ പഠനങ്ങൾ,* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014), പു. 106-08.
9. പി. സോമൻ, 'എൻ. എൻ. കക്കാട്(പാതാളത്തിൽനിന്നുള്ള മുഴക്കങ്ങൾ)', *കവിതാപഠനങ്ങൾ.,* പി. കെ പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി (ഡി. സി. ബുക്സ്, കോട്ടയം, 2005), പു. 126.
10. എൻ. എൻ. കക്കാട്, *കക്കാടിന്റെ കവിതകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു. 502.
11. എം. ലീലാവതി, *മലയാളകവിതാസാഹിത്യചരിത്*രം, (കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2011), പു. 376.
12. എൻ. എൻ. കക്കാട്, *കക്കാടിന്റെ കവിതകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പു. 175.
13. എം. ആർ. രാഘവവാര്യർ, 'അക്കിത്തത്തിന്റെ കാവ്യഭാഷ', *ഗ്രന്ഥാലോകം,* 58, 4 (ഏപ്രിൽ 2006), പു. 41.
14. കെ. എസ്. രവികുമാർ, 'സ്വകാര്യങ്ങൾ വിപരീതങ്ങൾ', *ഗ്രന്ഥാലോകം,* 64, 3 (മാർച്ച് 2014), പു. 20.
15. എൻ. മുകുന്ദൻ, 'ഒരു സ്വപ്നദർശനത്തിന്റെ സാഫല്യം', *ഭാഷാപോഷിണി,* 11, 2 (ഒക്ടോ-നവംബർ1987, ഡിസംബർ-ജനുവരി1987-88), പു. 37.

16. പി. സോമൻ, 'ആധുനിക കവിത-രണ്ട്',*സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം*., പ്രൊഫ. പന്മന രാമചന്ദ്രൻനായർ (എഡി), (കറന്റ് ബുക്സ്, കോട്ടയം, 2010), 777–78.

17. എൻ. വി. കൃഷ്ണവാര്യർ, 'അവതാരിക', വിഷ്ണുനാരായണൻ നമ്പൂതിരിയുടെ *സ്വാതന്ത്ര്യത്തെക്കുറിച്ചൊരുഗീതം* (സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1968), പു. 5–6.

18. "ചങ്ങമ്പുഴ എനിക്ക് വളരെ ഇഷ്ടപ്പെട്ട കവിയാണ്. എന്നാൽ എന്റെ മാർഗം അദ്ദേഹത്തിന്റേതല്ല. ചങ്ങമ്പുഴ കൗമാരത്തിന്റെ കവിയാണ്. ഞാൻ അതിനെ അതിജീവിക്കുന്നു. കവിതക്ക് നല്ലത് നിത്യകൗമാരമാവാം. ഞാനെഴുതിയ പ്രണയ ഗീതങ്ങളിൽപ്പോലും ചിന്താംശമുണ്ടെന്നാണ് എന്റെ വിശ്വാസം. വികാരങ്ങളെ ചിന്തകൊണ്ട് പചിച്ചിട്ടല്ല ചങ്ങമ്പുഴ കവിതയെഴുതിയത്." (ആർ. ഭദ്രൻ, പി. വി. വിശ്വനാഥൻ നമ്പൂതിരി, 'കവിതയിലെ ഔപനിഷദ വിശുദ്ധി' *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (1995 ഒക്ടോബർ1–7), പു. 14).

19. ഡി. ബെഞ്ചമിൻ, 'കവിത', *ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, കെ. എം .ജോർജ്(ജന.എഡി), (ഡി. സി. ബുക്സ്, കോട്ടയം, 2011), പു. 61.

20. വിഷ്ണുനാരായണൻ നമ്പൂതിരി, *ഭൂമിഗീതങ്ങൾ* (സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1978), പു. 64.

21. വിഷ്ണുനാരായണൻ നമ്പൂതിരി, *അപരാജിത* (ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്, കോട്ടയം, 1984), പു. 56.

22. വിഷ്ണുനാരായണൻ നമ്പൂതിരി, 'ആമുഖം', *എന്റെകവിത* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2008), പു. 8.

23. കെ. പി. മോഹനൻ, 'അവതാരിക', വിഷ്ണുനാരായണൻ നമ്പൂതിരിയുടെ *പരിക്രമം* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 2011), പു. 17.

24. വിഷ്ണുനാരായണൻ നമ്പൂതിരി, 'എന്റെ കവിത', ഗ്രന്ഥാലോകം, 59, 2 (ഫെബ്രുവരി 2009) പു. 48.

25. കെ. പി. മോഹനൻ, 'അവതാരിക', വിഷ്ണുനാരായണൻ നമ്പൂതിരിയുടെ *പരിക്രമം* (സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 2011), പു. 16.

26. എം. ലീലാവതി, 'ആധ്യാത്മികത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ', *ഗ്രന്ഥാലോകം*, 59, 2 (ഫെബ്രുവരി 2009), പു. 8.

27. വിഷ്ണുനാരായണൻ നമ്പൂതിരി, 'ആമുഖം', *മുഖമെവിടെ* (സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം 1982), പു. 11–2.

28. സുകുമാർ അഴീക്കോട്, *തത്വമസി*, (ഡി. സി. ബുക്സ്, കോട്ടയം, 2002), പു. 173.

29. ഈശാവാസ്യമിദം സർവം
യത് കിഞ്ച ജഗത്യാം ജഗത്
തേന ത്യക്തേന ഭുഞ്ജീഥാഃ
മാ ഗൃധഃ കസ്യസ്വിദ്ധനം

(പി. കെ. നാരായണപ്പിള്ള, എൻ. രാമൻപിള്ള, വ്യാ., *ഈശാവാസ്യോപനിഷത്ത്* (ശ്രീരാമവിലാസം പ്രസിദ്ധീകരണശാല, കൊല്ലം, വ ?), പു. 1).

30. ''ജൈന ബൗദ്ധദർശനം വഴിക്കും ശൈവാചാരങ്ങൾ വഴിക്കും ഇന്ത്യയിൽ വേരുറച്ച ജീവിത വിരക്തിയെ, സന്ന്യാസാഭിമുഖ്യത്തെ ഉദാത്തമായ രത്യുത്സവഭാവങ്ങളാൽ ചികിത്സിച്ച് നേർവഴിക്കു കൊണ്ടുവന്നതാണ് കാളിദാസകവിത നിറവേറ്റിയ കാലികധർമം''. (വിഷ്ണുനാരായണൻ നമ്പൂതിരി, 'കാളിദാസന്റെ വിശ്വരൂപം', *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 67, 7 (1989 ഏപ്രിൽ 23–29), പു. 55).

31. സുകുമാർ അഴീക്കോട്, *തത്വമസി* (ഡി.സി. ബുക്സ്, കോട്ടയം, 2002), പു. 23.

32. ടി. എൻ. എൻ. ഭട്ടതിരിപ്പാട്, വിവ., *ബൃഹദാരണ്യകോപനിഷത്ത്* (തിരുവിതാംകൂർ ദേവസ്വംബോർഡ്, തിരുവനന്തപുരം, 1991), പു. 352.

33. ''പേരു സാർഥകമാകത്തക്കവണ്ണം അതിരുകൾ കൽപ്പിക്കാതെ ഭൂമിയെ പെറ്റമ്മയായിക്കാണാനുള്ള കണ്ണു തെളിഞ്ഞ കവിയാണ് വിഷ്ണുനാരായണൻ'' (എം. ലീലാവതി, 'സൂര്യന്റെ ഭൂരാഗം,' *വൈഷ്ണവം* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012), പു.1084)

34. കെ. ദാമോദരൻ, *ഭാരതീയ ചിന്ത* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പു. 65–6.

35. ബി. ഹൃദയകുമാരി, ഗാന്ധിയും വള്ളത്തോളും. *ഗാന്ധിയും മലയാളസാഹിത്യവും*. സമ്പാ.പി. കെ. പരമേശ്വരൻ നായർ ട്രസ്റ്റ്, 1993, പു. 73.

36. ജി. കുമാരപിള്ള, സംശോ., *മഹാത്മാഗാന്ധിയുടെ തെരഞ്ഞെടുത്ത കൃതികൾ*, വാ. 3 (പൂർണോദയബുക് ട്രസ്റ്റ്, കൊച്ചി, 1997), പു. 156–57.

37. *ടി*, പു. 245–48.

38. കെ. വേലായുധൻനായർ, *ഗാന്ധിദർശനം* (ഡി. സി. ബുക്സ്, കോട്ടയം, 1987), പു. 39.

39. *ടി*, പു. 41.

40. ജോർജ് ഓണക്കൂർ (ഡയ), *സർവവിജ്ഞാനകോശം*, വാ. 10. (കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2001), പു. 3.

41. കെ. രാമചന്ദ്രൻനായർ, സമ്പാ., *ഗാന്ധി സാഹിത്യസംഗ്രഹം*, പ്രസാ. കേരള ഗാന്ധി സ്മാരകനിധി (കറന്റ് ബുക്സ്, തൃശ്ശൂർ, 1998), പു. 121.

42. സാബു ഷൺമുഖം,വിവ., *ഗാന്ധിദർശനം* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011), പു. 32.

43. കെ. എൻ. പണിക്കർ, *ഫാസിസത്തിന്റെ നാളുകൾ* (ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2005), പു. 174.

44. കെ. വേലായുധൻനായർ, *ഗാന്ധിദർശനം* (ഡി. സി. ബുക്സ്, കോട്ടയം, 1987),പു. 150–75.

45. സിയാറ്റിൽ മൂപ്പൻ (1780–1866): വാഷിങ്ടൺ പ്രദേശത്തെ ഭൂമിയുടെ ഉടമ സ്ഥാവകാശ കാര്യത്തിൽ ഇന്ത്യക്കാരുമായി ഉടമ്പടി ഉണ്ടാക്കാനായി, 14–ാമത്തെ അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ പിയേഴ്സ് ഗവർണർ ഐസക് ഇൻഗാൽസ് സ്റ്റീവൻസിനെ ഇന്നത്തെ സിയാറ്റിൻ നഗരത്തിന്റെ സ്ഥാനത്തുണ്ടായിരുന്ന കുടിയേറ്റക്കാരുടെ കച്ചവടകേന്ദ്രത്തിലേക്കയച്ചു. ഗവർണർ തന്റെ പ്രസംഗത്തിൽ, ഇന്ത്യക്കാരുമായി ഉടമ്പടിയുണ്ടാക്കി അവരുടെ ഭൂമി വാങ്ങാനാണ് തന്നെ അയച്ചിരിക്കുന്നതെന്ന വസ്തുതയും ഉടമ്പടിയുടെ നിർദ്ദേശങ്ങളും അവതരിപ്പിച്ചു. പിന്നീട് പ്രസംഗിച്ചത് സിയാറ്റിൻ മൂപ്പനായിരുന്നു. ഗവർണറുടെ പ്രസംഗത്തിനുള്ള മറുപടിയാണ് അദ്ദേഹത്തിന്റെ ഇന്നു നാം അറിയുന്ന പ്രഭാഷണം.

"ആകാശത്തെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതെങ്ങനെ ?അല്ലെങ്കിൽ മണ്ണിന്റെ ചൂടിനെ ? ആ ചിന്ത ഞങ്ങൾക്ക് അപരിചിതമാണ്. അന്തരീക്ഷത്തിന്റെ നവനൈർമല്യവും വെള്ളത്തിന്റെ വെട്ടിത്തിളക്കവും ഞങ്ങളുടേതല്ലാതിരിക്കെ നിങ്ങൾക്ക് അവ എങ്ങനെ വാങ്ങാൻ കഴിയും ? (സിയാറ്റിൽ മൂപ്പൻ, *ഞങ്ങൾ നിങ്ങൾക്ക് ഭൂമിവിറ്റാൽ,* വിവ. സക്കറിയ (ഡി. സി. ബുക്സ്, കോട്ടയം, 2014), പു. 33).

46. വിഷ്ണുനാരായണൻ നമ്പൂതിരി, 'ആമുഖം', *എന്റെകവിത* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2008), പു. 13.

47. കെ. രാമചന്ദ്രൻ നായർ, വിവ., *ഗാന്ധിസാഹിത്യം തത്വചിന്തയും മതവും*, കൈനിക്കര. എം. കുമാരപ്പിള്ള (എഡി), (ഗാന്ധി സ്മാരകനിധി, തിരുവനന്തപുരം, 1982), പു.70.

48. *ടി,* പു. 57–8.

49. *ടി,* പു. 59.

50. *ടി,* പു. 58.

51. കെ.അരവിന്ദാക്ഷൻ, *ഗാന്ധിയൻ കാഴ്ചകൾ* (ഹരിതപുസ്തകകേന്ദ്രം, തൃശ്ശൂർ, വ ?), പു. 16.

52. വിഷ്ണുനാരായണൻ നമ്പൂതിരി, 'ആമുഖം', *എന്റെകവിത* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2008), പു. 13.

53. കെ. അരവിന്ദാക്ഷൻ, *ഗാന്ധിയൻ കാഴ്ചകൾ* (ഹരിതപുസ്തകകേന്ദ്രം, തൃശ്ശൂർ, വ ?), പു. 15–16.

54. "kalidasa is the national poet of India par excellence;He is the poet of Indian culture…" "The poetic genius of Kalidasa lies is not merely reflecting life as it was lived in India through the ages .Not that he cherishes just the depiction of its rich colour and multitudinous fleeting forms……….beauty for all

time" (Umashankar Joshy, *Kalidasa's poetic voice* (Uty.of Kerala, Thiruvananthapuram, 1988), p. 46)

55. ''ഭാരതജനവർഗത്തിനു മുഴുവൻ പ്രചോദനം നൽകാൻ കെല്പുള്ള ആദർശം പുരസ്കരിച്ചുകൊണ്ടു കാളിദാസൻ പണ്ട് കാവ്യങ്ങൾ രചിച്ചു. ആ കാവ്യങ്ങൾ ഭാരതശ്രീക്ക് അന്യാധീനപ്പെടുത്താൻ വയ്യാത്ത ഛത്രവും ചാമരവുമാണ്''. (എം. പി. ശങ്കുണ്ണിനായർ, *ഛത്രവും ചാമരവും* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 1988), പു. 2)

56. കെ. എം. അനിൽ, 'സർഗാത്മകതയും വിവർത്തനവും', *പാന്ഥരും വഴിയമ്പലങ്ങളും* (പ്രോഗ്രസ് ബുക്സ്, കോഴിക്കോട്, 2016), പു. 71-2.

57. സുകുമാർ അഴീക്കോട്, 'കാളിദാസനിലേയ്ക്ക്', ആമുഖം, *കാളിദാസകൃതികൾ സമ്പൂർണം* (ഡി. സി. ബുക്സ്, 2010), പു. 18.

58. ആർ. ഭദ്രൻ, പി. പി. വിശ്വനാഥൻ, 'കവിതയിലെ ഔപനിഷദവിശുദ്ധി', *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (1998 ഒക്ടോബർ1-7), പു. 14.

59. ''മതം വിരക്തിയാണെങ്കിൽ എനിക്കു മതമില്ല. ജീവിതത്തിനു പുറംതിരിഞ്ഞു നിൽക്കുന്ന ആധ്യാത്മികത എനിക്കു പറ്റില്ല. പഞ്ചേന്ദ്രിയങ്ങൾ വഴിയുള്ള ആനന്ദമാണ് ജീവിതത്തിന്റെ അർഥമെന്നാണ് വേദവിശ്വാസം തന്നെ''. (ജോണി ലൂക്കാസ്, 'വിഷ്ണുവിന്റെ വഴികൾ', *മലയാളമനോരമ പത്രം* (1999 മെയ് 30, ഞായർ)

60. സുധാംശു ചതുർവേദി, *കാളിദാസൻ ഒരു പഠനം* (നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1968), പു. 64.

61. സുധാംശു ചതുർവേദി, *കാളിദാസൻ ഒരു പഠനം* (നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1968), *ടി.* പു. 67.

62. വിഷ്ണുനാരായണൻ നമ്പൂതിരി, 'വേനലിൽ കിനിയുന്ന മധുരം', *ശ്രീവല്ലി* (വായന പബ്ലിക്കേഷൻസ്, തിരുവനന്തപുരം 2004), പു. 17.

63. കെ. പി. നാരായണപ്പിഷാരോടി, 'വിശ്വമഹാകവി' *കാളിദാസഹൃദയംതേടി* (കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2000), പു. 38.

64. 'കാളിദാസന്റെ വിശ്വരൂപം', വിഷ്ണുനാരായണൻ നമ്പൂതിരി, *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 67, 7 (1989ഏപ്രിൽ23-29), പു.55

65. എൻ. വി. പി. ഉണ്ണിത്തിരി, 'വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത', *വിജയൻമുതൽ വിഷ്ണുവരെ* (സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2012), പു. 265.

66. കെ. എം. ജോർജ്, 'വൈകാരികോദ്ഗ്രഥനം-സാഹിത്യത്തിലൂടെ', *ഡോ.കെ. എം. ജോർജിന്റെ പ്രബന്ധങ്ങൾ* (ഡി. സി. ബുക്സ്, കോട്ടയം, 1989), പു. 135.

67. വൈലോപ്പിള്ളി ശ്രീധരമേനോൻ, 'സർഗാത്മകസാഹിത്യവും വിവർത്തനവും', *വിവർത്തനം*, എഡി. എം.ആർ. തമ്പാൻ (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്ത പുരം, 1999), പു. 83.

68. വിഷ്ണുനാരായണൻ നമ്പൂതിരി, *വൈഷ്ണവം*, സംശോ. കെ.പി. ശങ്കരൻ (മാതൃ ഭൂമി ബുക്സ്, കോഴിക്കോട്, 2012), പു. 1054.

*69.* ആത്മാരാമൻ, 'കവിയും പരിഭാഷകനും', *ഋതുസംഹാരം*. വിവ., വിഷ്ണുനാരാ യണൻ നമ്പൂതിരി (കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2005), പു. 83.

70. വിഷ്ണുനാരായണൻ നമ്പൂതിരി, വിവ., *ഋതുസംഹാരം* (കേരളസാഹിത്യ അക്കാ ദമി, തൃശ്ശൂർ, 2005), പു. 10.

71. വിഷ്ണുനാരായണൻ നമ്പൂതിരി, വിവ., *ഋതുസംഹാരം* (കേരളസാഹിത്യ അക്കാ ദമി, തൃശ്ശൂർ, 2005), പു. 22.

72. ഇ. വി .രാമകൃഷ്ണൻ, 'പട്ടാളക്കഥകളിലെ രാഷ്ട്രസങ്കല്പം', *വാക്കിലെ സമൂഹം* (ഡി. സി. ബുക്സ്, കോട്ടയം, 1997), പു. 42.

# അധ്യായം 3

# കവിതയിലെ പ്രാദേശികമാനങ്ങൾ

സംസ്കാരത്തിന് ബൃഹത്സംസ്കൃതി, ലഘുസംസ്കൃതി എന്നിങ്ങനെ രണ്ടു മുഖങ്ങളുണ്ട്. ഒരു രാജ്യത്തെ ജനങ്ങളുടെ പൊതുവായ സംസ്കാരപൈതൃകം ബൃഹത്സംസ്കൃതിയും പ്രാദേശികമായ സംസ്കൃതി ലഘുസംസ്കൃതിയുമാണ്. ഒരു ദേശത്തെ ബൃഹത്സംസ്കൃതിയിൽ പ്രാദേശികവും വംശീയവുമായ അനേകം ലഘുസംസ്കൃതികൾ അടങ്ങിയിരിക്കും. ഭാഷയിലും വേഷത്തിലും വിശ്വാസത്തിലും ആരാധനയിലും ഭക്ഷണക്രമത്തിലും കലാനിർവഹണങ്ങളിലും വ്യത്യസ്തമായ വിവിധ ദിശകളിലുള്ള അസംഖ്യം പ്രാദേശിക വംശീയധാരകളുടെ സഹായത്തോടെയാണ് ഒരു നാടിന്റെ ബൃഹത്സംസ്കൃതി രൂപപ്പെട്ടുവരുന്നത്. അവയെ അവഗണിച്ചുകൊണ്ട് ഒരു ബൃഹത്സംസ്കൃതിയെ പൂർണമായി മനസ്സിലാക്കുവാൻ സാധിക്കുകയില്ല.[1] നിരവധി പ്രാദേശിക സംസ്കൃതികളുടെ സാകല്യമാണ് ഇന്ത്യൻ ദേശീയത. അതുകൊണ്ടുതന്നെ പ്രാദേശികമായ നിരവധി ആഖ്യാനങ്ങളിലൂടെ മാത്രമേ ആ ബൃഹത്ദേശത്തിന്റെ ആഖ്യാനം മുഴുവനാകുകയുള്ളൂ. ഈ പ്രാദേശികമായ ശക്തിധാരകളെ തിരിച്ചറിഞ്ഞതുകൊണ്ടുതന്നെയാണ് സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ നാനാത്വത്തിൽ ഏകത്വം എന്ന ആശയം ഉയർന്നുവന്നത്. ഇന്ത്യയുടെ പ്രാദേശിക സംസ്കൃതികളിലെ നാനാത്വത്തെ അവഗണിക്കാൻ സ്വാതന്ത്ര്യപൂർവകാലത്തും അസാധ്യമായിരുന്നു എന്നാണ് ഇത് വെളിവാക്കുന്നത്.

പ്രദേശം എന്ന വാക്ക് വ്യത്യസ്ത അർഥതലങ്ങൾ ഉൽപ്പാദിപ്പിക്കുന്നതും ജനങ്ങളുടെ ഇടയിൽ പൂർണമായും രൂപംകൊള്ളാതെ അനുദിനം നിത്യനൂതനമായിക്കൊണ്ടിരിക്കുന്നതുമായ തുടർപ്രക്രിയയാണ്. ഒരു പ്രദേശത്തിന്റെ രൂപവൽക്കരണത്തിൽ ആ പ്രദേശത്തെ സങ്കൽപ്പിച്ചെടുക്കുന്ന രണ്ടു പ്രവണതകളുണ്ട്. ഭരണപ

രവും സംസ്കാരപരവുമാണവ. ഭരണപരമായി രാഷ്ട്രീയാതിർത്തികൾ മാറുകയോ പുതിയ പ്രദേശങ്ങൾ സൃഷ്ടിക്കപ്പെടുകയോ ചെയ്യുമ്പോൾ ആ പ്രദേശത്തെ ജനങ്ങൾ അതുൾക്കൊള്ളുകയും ആ പുതിയ അതിർത്തിക്കുള്ളിൽ നിന്നുകൊണ്ട് അവരുടെ തിരിച്ചറിവിനെ രൂപപ്പെടുത്തുകയും ചെയ്യുന്നു. ഈ അതിർത്തിമാറ്റം അവരുടെ ദേശബോധത്തെ സ്വാധീനിക്കുന്നുണ്ടെങ്കിലും അവർ ജീവിച്ച നാടിനെക്കുറിച്ച് സാംസ്കാരികവും ജീവിതാനുഭവവുമായി ബന്ധപ്പെട്ടതുമായ മറ്റൊരു തിരിച്ചറിവും അവർക്കുണ്ടായിരിക്കും. ഈ ദേശബോധം ഭരണപരമായ തിരിച്ചറിവിൽനിന്ന് ഭിന്നമാണ്. അതായത് ഭരണകർത്താക്കൾ ഒരു പ്രദേശമായി മാറ്റിയിട്ടുള്ളതിനപ്പുറം ഒരു പ്രാദേശികസ്വത്വബോധം നിലനിൽക്കുന്നുണ്ട്.[2]

എന്നാൽ ഇത്തരത്തിലുള്ള പ്രാദേശികമായ അടരുകളിലും അനുഭവങ്ങളിൽനിന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന സാംസ്കാരികമായ ഈടുവെപ്പുകളിലും കൊളോണിയൽ യുക്തി ഇടപെടുകയും അറിവിന്റെ ഉൽപ്പാദകരായി മാറുകയും ചെയ്തു. പ്രാദേശികമായ എല്ലാ അറിവുകളും അനുഭവങ്ങളും പിൻതള്ളപ്പെടുകയും സാർവലൗകികമായ അനുഭവങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്തു. അനുഭവാർജിതമായ അറിവിന് ആധികാരികത  നഷ്ടപ്പെടുകയും അത് ദേശീയതയുടെ സങ്കൽപ്പങ്ങളെത്തന്നെ അട്ടിമറിക്കുകയും ചെയ്തു.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ കേരളീയസമൂഹത്തെയും ജീവിതത്തെയും രൂപപ്പെടുത്തുന്നതിലും നയിക്കുന്നതിലും ഗണ്യമായപങ്കുവഹിച്ചത് യൂറോപ്യൻ നവോത്ഥാനവും പാശ്ചാത്യ ആധുനികതയുമാണ്. മനുഷ്യനെ കേന്ദ്രസ്ഥാനത്തു നിർത്തിയുള്ള യുക്തിചിന്തയായ ആധുനികത, മനുഷ്യനെ കർതൃസ്ഥാനത്തേക്കുയർത്തുകയും അവയിൽനിന്ന് അന്യമായ ജ്ഞാനമണ്ഡലങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. പരിസ്ഥിതി അവന് അന്യമായ മറ്റൊരു മണ്ഡലമായി മാറുകയും കർതൃപദവിയിൽനിന്നുകൊണ്ട് അവന് ഇടപെടാവുന്ന ഒരു രണ്ടാംകിട പദവിയിലേക്ക് അതു മാറുകയും ചെയ്തു.[3] പൗരസ്ത്യന്റെ ഭാവന

യിലും മൂല്യസങ്കൽപ്പങ്ങളിലും മാറ്റം വരുത്തിയ കൊളോണിയലിസം പരിസ്ഥിതിയും പ്രകൃതിയുമായുണ്ടായിരുന്ന സമവായബന്ധത്തെ അപരിഷ്കൃതവും അനുചിതവും കാലഹരണപ്പെട്ടതുമായി മുദ്രകുത്തി. ജൈവവും അജൈവവുമായ പ്രകൃതിയുമായി നാം പരസ്പര ബന്ധിതരാണ് എന്ന അറിവ് നഷ്ടമാകുകയും പ്രകൃതി വ്യാവസായിക ഉല്പന്നങ്ങളുടെ നിർമിതിക്കായി മനുഷ്യനു ചൂഷണം ചെയ്യാനുള്ള വിഭവം മാത്രമായി മാറുകയും ചെയ്തു. ആചാരങ്ങൾ, മിത്തുകൾ, ചിത്രവേല, ശില്പകല, ദൃശ്യകലകൾ, കഥകൾ, നാടൻപാട്ടുകൾ, മൂല്യസംഹിതകൾ എന്നിവയുൾക്കൊള്ളുന്ന സംസ്കാരത്തിന്റെ വൈവിധ്യങ്ങളും തനിമയും നഷ്ടമാകുകയും ലോകമാസകലം ഏകതാനമായൊരു ശാസ്ത്രസാങ്കേതിക നാണ്യസംസ്കാരം വളർന്നുവരികയും ചെയ്തു. ശാസ്ത്രയുക്തിയുടെ വളർച്ചയും സ്വാധീനവും ശാസ്ത്രീയ വിശകലനത്തിനു വഴങ്ങാത്ത മിത്തുകളെയും ആചാരങ്ങളെയും നാട്ടറിവുകളെയും ജ്ഞാനത്തെയും അശാസ്ത്രീയമെന്നും സത്യവിരുദ്ധമെന്നും മുദ്രകുത്തി.[4] സാമൂഹ്യപ്രവർത്തനങ്ങളും അനുഷ്ഠാനങ്ങളും മാനദണ്ഡമായ സമയക്രമങ്ങൾ അട്ടിമറിക്കപ്പെടുകയും ഘടികാരാശ്രിതമായ സാർവജനീനമായ സമയക്രമം നിലവിൽവരികയും ചെയ്തു. 1884 ലെ ഇന്റർനാഷണൽ മെറിഡിയൻ കോൺഫറൻസ് ഗ്രീൻവിച്ച് സമയത്തെ അന്തർദേശീയമായ മാനദണ്ഡമായി അംഗീകരിച്ചതുമുതൽ 1913 പാരീസിലെ ഈഫൽഗോപുരത്തിൽനിന്നുള്ള സിഗ്നലുകളെ ആധാരമാക്കി ഒരു ആഗോള സമയശൃംഖല സ്വീകരിച്ചതുവരെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി ആധുനികഘട്ടത്തിൽ പുതിയൊരു സമയക്രമം നിലവിൽവന്നു. യന്ത്രഘടികാരത്തെ ആധാരമാക്കിയുള്ള പാശ്ചാത്യസമയക്രമം ഇതോടെ സാർവലൗകികമായ സമയമാനദണ്ഡമായി. മേൽക്കോയ്മാപരമായ ഈ സമയമാതൃക ലോകത്തിന്റെ മറ്റു പ്രദേശങ്ങളിലെ സമയമണ്ഡലങ്ങളെ തകർത്തു. തനതു സമയസങ്കല്പങ്ങൾ, വിളവെടുപ്പും ഋതുക്കളും നിഴലും മണലും അളവുകളായ കാലഭാവനകൾ ചരിത്രപരവും നരവംശശാസ്ത്രപരവുമായ കൗതുകങ്ങൾ മാത്രമായി.[5] പ്രാദേശികമായ ആഖ്യാനങ്ങളിലും ആവിഷ്കാര

ങ്ങളിലും അടങ്ങിയിട്ടുള്ള പ്രതിരോധാത്മകരാഷ്ട്രീയത്തെ സാധുവാക്കുന്ന ചരിത്രസന്ദർഭം ഇതാണ്. കൊളോണിയൽ ആധിപത്യത്തിന്റെ ആശയപരമായ പിൻതുടർച്ചയെയും ആധിപത്യത്തെയും ചെറുക്കുന്നതിനുള്ള പ്രതിരോധപ്രവർത്തനം കൂടിയാണത്. ഇന്ത്യയുടെ ബഹുസ്വരമായ സംസ്കാരവും ചരിത്രവും സാമൂഹികാവബോധവും പ്രതിഫലിക്കുന്ന ഒരു മാതൃകയെന്ന നിലയിൽക്കൂടി പ്രാദേശികതയുടെ രേഖപ്പെടുത്തലുകളെ കാണേണ്ടതുണ്ട്. നമ്മുടെ രാഷ്ട്രസങ്കൽപ്പങ്ങളിൽനിന്നും സാഹിത്യ സാംസ്കാരിക സാമൂഹ്യവ്യവഹാരത്തിൽനിന്നും വഴുതിപ്പോയ ദേശവും ദേശസംസ്കൃതിയുമാണ് വാസ്തവത്തിലുള്ള നമ്മുടെ രാഷ്ട്രത്തിന്റെ അസ്തിത്വം. ദേശത്തെയും ദേശസംസ്കൃതിയെയും സാഹിത്യത്തിലെഴുതുമ്പോൾ സംഭവിക്കുന്നത് നമ്മുടെ രാഷ്ട്രീയവും സാംസ്കാരികവുമായ വ്യവഹാരത്തിലേക്കും അതിന്റെ മുഖ്യധാരയിലേക്കുമുള്ള ദേശസംസ്കൃതിയുടെ പ്രവേശനം കൂടിയാണ്. ദേശീയതയും പ്രാദേശികതയും ഒരു രാഷ്ട്രത്തിന്റെ ഊടും പാവുമായിത്തീരുന്നത് ഇത്തരം വ്യവഹാരങ്ങളിൽക്കൂടിയാണ്.[6]

വിഷ്ണുനാരായണൻ നമ്പൂതിരിയെ സംബന്ധിച്ചിടത്തോളം കവിതയെഴുതാൻ തുടങ്ങിയ കാലഘട്ടം വളരെ നിർണായകമാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ പുനർനിർമാണം, മഹത്തായ പൈതൃകങ്ങളാൽ നിർമിച്ചെടുത്ത ദേശീയതയിലേക്ക് പ്രാദേശികതകളെ വിളക്കിച്ചേർക്കാനുള്ള ശ്രമങ്ങളുടേതുകൂടിയായിരുന്നു. ദേശം, ദേശീയത തുടങ്ങിയവയെപ്പറ്റി ഭൂതകാലത്തെ മഹത്വവൽക്കരിച്ച് നിർമിച്ചെടുത്ത പൊതുബോധങ്ങൾ ഉടച്ചുവാർക്കപ്പെട്ട സന്ദർഭമായിരുന്നു അത്. ഇന്ത്യൻ ദേശീയത പ്രാദേശികതകളുടെ സമന്വയമാണെന്നും ഈ പ്രാദേശികത്വങ്ങളിൽനിന്ന് അതീതമായും ഉയർന്നും നിലകൊള്ളുന്ന ദേശീയത ഇന്ത്യയിലില്ല എന്നും പ്രാദേശികത്വങ്ങളിൽ വേരൂന്നാത്ത ദേശീയത വിദേശീയ വിദ്യാഭ്യാസത്തിന്റെ ഫലമായി ദേശീയസംസ്കാരത്തിൽനിന്ന് വേരുകളെല്ലാം പറിഞ്ഞുപോയ വരേണ്യവർഗത്തിന്റെ കേവലസങ്കൽപ്പം മാത്രമാണെന്നും തിരിച്ചറിഞ്ഞുകഴിഞ്ഞിരുന്നു. പ്രാദേശികമായ ചരിത്രത്തിൽ ആ പ്രദേശത്തുള്ള ജനങ്ങൾ അഭി

മാനംകൊള്ളുകയെന്നത് സ്വാഭാവികമാണ്. ഇന്ത്യക്കാരന്റെ ദേശസ്നേഹം വളരെവലിയ അളവോളം മാതൃഭാഷയോടും പ്രാദേശികസംസ്കാരത്തോടുമുള്ള സ്നേഹം തന്നെയാണ്

ആഗോളവൽക്കരണത്തിന്റെ സാഹചര്യത്തിൽ പ്രാദേശികതയുടെ പ്രസക്തി മുമ്പെങ്ങുമില്ലാത്ത വിധം ദേശീയ അന്വേഷണത്തിന്റെ പ്രധാനഘടക മായി മാറി. ദേശീയതയുടെ മൂർത്തവും പ്രായോഗികവുമായ സുപ്രധാനരൂപമായി പ്രാദേശികതയെ വിശാലമായ അർഥത്തിൽ തിരിച്ചറിയുകയും വികസിപ്പിക്കുകയും ചെയ്യാതെ ഇനിമുതൽ നമ്മുടെ ദേശീയബോധത്തിന് മുന്നോട്ടുപോവുക പ്രയാസ മായിരിക്കും.[7]

### ദേശവും സാഹിത്യവും

ഒരു എഴുത്തുകാരൻ ജനിച്ചു വളരുകയും ഇടപഴകുകയും ചെയ്യുന്ന ദേശം ഒട്ടേറെ ജൈവപ്രതിഭാസങ്ങളുടെയും മനുഷ്യബന്ധങ്ങളുടെയും ജീവലോകങ്ങളു ടെയും മുദ്രകൾ പേറുന്ന ഇടമാണ്. ദേശത്തിന്റെ സവിശേഷതകൾ വ്യത്യസ്ത അനുപാതത്തിൽ ഒരോ എഴുത്തിലും കടന്നുവരുന്നു. ഈ ദേശം ജന്മദേശമോ ഭാവനാദേശമോ ഏതുമാകാം. ഗൃഹാതുരതയുണർത്തുന്നതോ ഓർമകളുടെ അട യാളങ്ങൾ പേറുന്നതോ ആയ ഒരു ദേശം ഓരോ സാഹിത്യകൃതിയുടെയും ആന്ത രികതയിൽ അടങ്ങിയിട്ടുണ്ട്. സൂക്ഷ്മപഠനത്തിനു വിധേയമാക്കിയാൽ ഓരോ ദേശ ത്തിന്റെയും ആവിഷ്കാരമാതൃകകളിൽ ബാഹ്യസമാനതക്ക് അതീതമായ വ്യത്യ സ്തതകൾ കാണാം. ഒരു ജനതയുടെ മൊത്തം ജീവിതസാഹചര്യങ്ങ ളിൽനിന്നാണ് അതിന്റെ സമൂഹ മനഃശ്ശാസ്ത്രവും സാഹിത്യ-കലാസങ്കല്പങ്ങളും ഉരുത്തിരിയുന്നത്. യാദൃച്ഛികമായോ അപ്രതീക്ഷിതമായോ അല്ല സാഹിത്യത്തിന്റെ രൂപനിഷ്പാദനവും ഭാവുകത്വ രൂപീകരണവും നടക്കുന്നത്.[8]

ദേശവും സാഹിത്യവും തമ്മിലുമുള്ള ബന്ധം സംഘംകൃതികൾ മുതൽതന്നെ കാണാം. മനുഷ്യനും പ്രകൃതിയും തമ്മിലും സ്ഥലവും കാലവും

തമ്മിലുമുള്ള താദാത്മ്യം ചർച്ചചെയ്യുന്ന സംഘംകൃതികളിൽ പ്രകൃതിദൃശ്യങ്ങളെ മാനസിക സ്ഥിതിഗതികൾക്ക് യോജിക്കുന്ന വിധത്തിൽ ചിത്രീകരിക്കുകയും അതിനനുയോജ്യമായ കാവ്യ സങ്കേതങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു. മനുഷ്യജീവിതവും പ്രകൃതിയും തമ്മിലുള്ള അവിഭാജ്യമായ ആത്മബന്ധത്തിന്റെ ആവിഷ്കാരമാണത്. ഓരോ പ്രത്യേക മനുഷ്യാനുഭവത്തിനും ഓരോ മനോഭാവത്തിനും തദനുസൃതമായ പ്രകൃതിഭാവവും പരിതോവസ്ഥയും കൂടെ നിൽക്കുന്നു. മനുഷ്യപ്രകൃതിയിൽ ഭൂപ്രകൃതി പ്രതിഫലിക്കുകയും മനുഷ്യഭാവത്തിന്റെ പരിണാമഘട്ടങ്ങൾക്കോരോന്നിനും പ്രകൃതിഭാവങ്ങൾ ഇണയായും തുണയായും നിൽക്കുകയും ചെയ്യുന്നു. പ്രകൃതിക്കും മനുഷ്യമനസ്സിനും തമ്മിൽ അത്യപൂർവമായ ഒരു സംപൃക്തഭാവം കൽപ്പിച്ചു ചേർത്ത കവികൾ തങ്ങളുടെ സൃഷ്ടികളിൽ പുതുസങ്കൽപ്പങ്ങൾ വരച്ചു കാണിച്ചു. ഭൂപ്രകൃതിയും സമയവും നായികാ നായകന്മാരുടെ മാനസികവ്യാപാരങ്ങൾക്ക് അനുരൂപമായി പ്രത്യക്ഷപ്പെട്ട സംഘംകൃതികൾ ഭാവാവിഷ്കാരത്തിനുതകും വിധം പ്രതിമാനങ്ങൾ സൃഷ്ടിക്കുവാൻ വളരെയധികം സഹായിക്കുന്ന സങ്കേതമാണ്. സാഹിത്യ ശാസ്ത്രകാരന്മാരുടെ സമ്മതിയും കവികളുടെ പ്രയോഗവും നിമിത്തം ഈ സങ്കേതങ്ങൾ പ്രതീകങ്ങളുടെ നിലയിലേക്കുയരുകയും അങ്ങനെ ബാഹ്യപ്രകൃതിയിലെ ദൃശ്യങ്ങൾ ആന്തരികപ്രകൃതിയിലെ ഭാവങ്ങളുടെ ആവിഷ്കാരത്തെ സഹായിക്കുന്ന പ്രതീകങ്ങളായി പ്രതിഷ്ഠ നേടുകയും ചെയ്തു.[9]

### ദേശവും കവിതയും

കവിതയിലെ ദേശസാന്നിധ്യം കഥയിൽനിന്നും നോവലിൽനിന്നും വ്യത്യസ്തമാണ്. കഥയിലും നോവലിലും ദേശം ഉൾച്ചേരുന്നത് സവിശേഷമായ ഭാഷ, വേഷഭൂഷാദികൾ, സംസ്കാരം എന്നിവയിലൂടെയും ആഖ്യാനത്തിന്റെ വിവിധ തന്ത്രങ്ങളിലൂടെയുമാണ്. എന്നാൽ താരതമ്യേന ഭാഷണാത്മകത കുറഞ്ഞ കവിതയിൽ ദേശത്തിന്റെ ഇത്തരം പ്രത്യക്ഷസാന്നിധ്യങ്ങൾ കുറവാണ്. കവിതയിൽ ഉപ

യോഗിക്കുന്ന ഭാഷയും രൂപകങ്ങളും മറ്റു കാവ്യഘടകങ്ങളും പ്രമേയങ്ങളും ദേശത്തിന്റെ ഘടനയുടെ പ്രതിരൂപങ്ങൾ ആകാറുണ്ട്.

പ്രദേശത്തിന്റെ ഭൂപ്രകൃതി, പരിസ്ഥിതി, സാമൂഹ്യവ്യവസ്ഥ, ഉൽപ്പാദനവ്യവസ്ഥ, സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക ചരിത്രങ്ങൾ ഇവയെല്ലാം ഒരു ഭാഷയുടെ രൂപീകരണത്തെ നിർണയിക്കുന്നുണ്ട്. ഇതിന്റെയെല്ലാം മുദ്രകൾ ഭാഷയിൽ നിലീനമായിരിക്കും. ഭാഷയിലൂടെ രൂപപ്പെടുന്ന സാമൂഹികതയിലും പൊതുമണ്ഡലത്തിലും വരെ ഇത്തരം മുദ്രകളുടെ സ്വാധീനം പ്രകടമാണ്. ഓരോ പ്രദേശത്തുമുള്ള ജനജീവിതത്തിന്റെ സാമൂഹ്യതയെയും അതിന്റെ ചരിത്രപരമായ തുടർച്ചയെയും അതിശക്തമായി വഹിക്കുന്നവകൂടിയാണ് ഭാഷകൾ.[10] കാവ്യഭാഷയെക്കുറിച്ചും ഇത് ഏറെക്കുറെ ശരിയാണെന്നു പറയാം.

ചരിത്രം, പുരാവൃത്തം, ഭാഷ, ആചാരം, അനുഷ്ഠാനം, ജാതി, മതം, കൃഷിരീതി, തൊഴിൽബന്ധം തുടങ്ങിയവയുടെയെല്ലാം വിന്യാസംകൊണ്ട് കവിതകൾ ദേശത്തെ അടയാളപ്പെടുത്തുന്നുണ്ട്. ഇത്തരം ബഹുസ്വരതകൾകൊണ്ട് നിർമിക്കപ്പെടുന്ന കവിതകളുടെ വിന്യാസം ദേശത്തിന്റെ വിന്യാസമായി മാറുന്നു.

കവിതയിലെ സ്ഥലം എന്നു പറയുന്നത് കേവലം ഭൂമിശാസ്ത്രപരമായ സ്ഥലം മാത്രമല്ല. അത് കേവലം മണ്ണോ ഭൂപ്രകൃതിയോ അല്ല. ഓരോ ദേശവും സ്ഥലകാലങ്ങളുടെ ഏകീകരണത്തിലൂടെ രൂപപ്പെടുത്തിയെടുത്ത പ്രത്യേക ഇടം തന്നെയാണ്.

### കവിയുടെ ദേശം

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ പെരിങ്ങര ഗ്രാമത്തിലാണ് വിഷ്ണുനാരായണൻ നമ്പൂതിരി ജനിച്ചത്. ഇത് കുട്ടനാടിന്റെ ഭാഗമാണ്. ദക്ഷിണഗംഗ എന്നറിയപ്പെടുന്ന പമ്പയുടെ തീരപ്രദേശത്താണ് ഈ ഗ്രാമം. ജലസമൃദ്ധമാണ് കുട്ടനാട്. കായൽപ്പരപ്പുകളെ കൃഷിയിടങ്ങളായി മാറ്റിയും ഓരുവെള്ള

ത്തിന്റെ ഒഴുക്ക് തടഞ്ഞ് മണ്ണ് കൃഷിയോഗ്യമാക്കിയും നെല്ലുവിളയിച്ചും കാർഷിക വൃത്തിയുമായി ചേർന്നുനിൽക്കുന്ന ജീവിതം നയിക്കുന്ന ജനങ്ങൾ. ആലപ്പുഴ, എറണാകുളം, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കുട്ടനാട് പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്നത് പമ്പ, മീനച്ചിൽ, അച്ചൻകോവിൽ, മണിമല എന്നീ നാല് നദികളാണ്

അധ്വാനത്തിന്റെ താളം, വയലേലകളിൽനിന്നുയരുന്ന വായ്ത്താരികൾ, ചക്രപ്പാട്ടുകൾ, കൊയ്ത്തുപാട്ടുകൾ, ഞാറ്റുപാട്ടുകൾ, തുഴയുടെയും മഴയുടെയും താളങ്ങൾ, ജലമർമരങ്ങൾ എന്നിവയൊക്കെ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെ സ്വാധീനിച്ചിട്ടുണ്ട്. കുട്ടനാടൻ പ്രകൃതിയും താളവും അധ്വാനത്തോടും മണ്ണിനോടും മനുഷ്യനോടുമുള്ള ബന്ധങ്ങളെ നിർണയിച്ചു.

എഴുത്തിലെ ആശയങ്ങളെയും ആവിഷ്കാരങ്ങളെയും മാത്രമല്ല എഴുത്തിന്റെ രാഷ്ട്രീയത്തെയും രൂപഭാവത്തെയും സ്വാധീനിക്കുന്നത് ദേശമാണ്. ഒരു എഴുത്തുകാരൻ ജനിച്ചുവളരുകയും ഇടപഴകുകയും ചെയ്യുന്ന ദേശം ഒട്ടേറെ ജൈവപ്രതിഭാസങ്ങളുടെയും മനുഷ്യബന്ധങ്ങളുടെയും ജീവലോകങ്ങളുടെയും മുദ്രകൾ പേറുന്ന ഇടമാണ്. ദേശത്തിന്റെ സവിശേഷതകൾ വ്യത്യസ്ത അനുപാതത്തിൽഓരോ എഴുത്തിലും കടന്നുവരുന്നു. കുട്ടനാട്ടിലെ കർഷകരുടെ ജീവിതരീതികൾ, കാർഷികസംസ്കൃതി, ഭൂമിശാസ്ത്രം, ഗ്രാമപശ്ചാത്തലം, കാലാവസ്ഥ, മനോഭാവങ്ങൾ എന്നിവയെല്ലാം ചേർന്ന് രൂപപ്പെടുന്ന സംസ്കാരം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെ സ്വാധീനിച്ചിട്ടുണ്ട്.

## കവിതയിലെ സ്ഥലരാശി

ഭൂപ്രകൃതി, കാലാവസ്ഥ, പരിസ്ഥിതി, സഞ്ചാരവഴികൾ, ആവാസഘടന, മനുഷ്യനിർമിതികൾ, സമൂഹം, ഭാഷ, സൗന്ദര്യാത്മകത, സംസ്കാരം അങ്ങനെ പലതും ചേർന്ന ഒരു ചേരുവയാണ് ദേശം. ഭൗതികമായ സ്ഥലവിന്യാസത്തേക്കാ

ളുപരി ഒരാൾ പ്രാഥമികമായി ബന്ധപ്പെട്ടുനിൽക്കുന്ന സമൂഹവും സംസ്കാരവുമാണ് ഒരാളുടെ ദേശനിർണയനത്തിൽ പ്രധാനം. സ്ഥലവും കാലവും സംസ്കാരവുമെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് ഒരാളുടെ വൈയക്തികവും സാമൂഹികവുമായ സ്വത്വബോധം രൂപപ്പെടുന്നത്. മനുഷ്യരുടെ നിലനിൽപ്പിന്റെ കാര്യത്തിൽ ഭൗതികമായ ദേശം പോലെത്തന്നെ പ്രധാനമാണ് ഭാവനാത്മകദേശവും. ഓരോ പ്രത്യേക ചരിത്രസന്ദർഭത്തിലും സ്ഥലകാലാത്മകഭാവനക്ക് സാംസ്കാരികമായ രൂപഘടനയും സാമൂഹ്യമായ ചേതനയും പകർന്നാണ് ഓരോ സമൂഹവും ദേശീയതയെ നിർമിച്ചത്. സ്ഥലകാലാത്മകഭാവനയുടെയും അവബോധത്തിന്റെയും അടിസ്ഥാന ഏകകമാണ് തദ്ദേശീയത. പല തദ്ദേശീയതകളുടെ സാകല്യമായി ഉപദേശീയതകളും വ്യത്യസ്ത ഉപദേശീയതകൾ ചേർന്ന് ദേശീയതയും വിവിധ ദേശീയതകളുടെ കൂടിച്ചേരലിലൂടെ അന്തർദേശീയതയും രൂപപ്പെടുന്നു.[11] ഇങ്ങനെ നോക്കുമ്പോൾ ഒരാളുടെ സ്വത്വബോധനിർമിതിയുടെ അടിസ്ഥാന ഏകകം ദൈനംദിനജീവിതത്തിൽ നേരിട്ടനുഭവിക്കുന്ന ദേശസ്വത്വമാണ്. ദേശം നമുക്ക് പ്രത്യക്ഷമായി അനുഭവവേദ്യമാകുന്നത് പഞ്ചേന്ദ്രിയങ്ങളിൽക്കൂടിയാണ്. കാഴ്ച, കേൾവി, ഗന്ധം, സ്പർശം, രുചി എന്നിവയാൽ അടയാളപ്പെടുന്ന സ്ഥലബോധം വികസിക്കുന്നത് സ്ഥലജലരാശികൾ, പ്രകൃതി, ഭൂമിശാസ്ത്രം, ചെടികൾ, പൂക്കൾ, ആവാസവ്യവസ്ഥ, കാലാവസ്ഥ എന്നീ സൂചനകളിലൂടെയാണ്.

**ഗ്രാമം**

കവിതയിൽ കാണുന്ന ഗ്രാമജീവിതപശ്ചാത്തലം ആവിഷ്കരിക്കപ്പെടുന്നത് കുടുംബ ബന്ധങ്ങൾ, ജൈവപരിസ്ഥിതി, കൃഷിസ്ഥലങ്ങൾ, അനുഭവങ്ങൾ എന്നിവയിലൂടെയാണ്. കേരളീയ ഗ്രാമപശ്ചാത്തലങ്ങൾക്ക് പ്രാദേശികഭേദത്താൽ പല മുഖങ്ങളുണ്ട്. അത്തരം ഗ്രാമീണചിത്രങ്ങൾ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.

**കുടുംബം**

സമൂഹജീവിതത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റാണ് കുടുംബം. ഗ്രാമഗൃഹങ്ങളിലെ ആന്തരികവ്യവഹാരങ്ങൾ ആവിഷ്കരിക്കുന്ന നിരവധി സന്ദർഭങ്ങൾ കവിതകളിൽ കാണാം. ഇവയെല്ലാം കുടുംബ ബന്ധങ്ങളിലെ ഊഷ്മളത വെളിവാക്കുന്നവയാണ്. *കല്ലുകൾ* എന്ന കവിതയിലെ ഒരു ചിത്രം ഇങ്ങനെയാണ്:

ഓണപ്പുലരിയിലോമന,മഞ്ഞ-
ക്കോടിയുടുത്തു ചമഞ്ഞെന്നരിക-
ത്തോടിയണഞ്ഞു മൊഴിഞ്ഞൂ: 'പോരൂ
ചായ കുടിയ്ക്കാനച്ഛാ !'

(കല്ലുകൾ)

*അരുമകൾ* എന്ന കവിതയിലും സ്വാഭാവികമായ ഒരു ഗ്രാമീണകുടുംബ ചിത്രം ആവിഷ്കരിച്ചിരിക്കുന്നു. വായന നിർത്തി, വിളക്കിന്റെ തിരി താഴ്ത്തി, പ്രിയതമയുടെ കയ്യെടുത്ത് സ്വന്തം കയ്യിൽ വെക്കുമ്പോൾ കുട്ടികൾ വാതിൽ മുട്ടിവിളിക്കുന്നു. കട്ടുറുമ്പുകൾ എന്നും മുറ്റത്തുദിച്ച പൂക്കളെന്നുമെല്ലാം വിളിച്ച് അച്ഛൻ അവരെ വാരിപ്പുണരുന്നു.

*പുതിയ ലിപി* എന്ന കവിതയിൽ, സ്കൂളിൽ ചേർന്ന നാൾ വൈകുന്നേരം മകൾ അച്ഛന്റെ മടിയിൽ കയറിയിരുന്ന് വർത്തമാനം പറയുന്ന രംഗമുണ്ട്. കൂ, കൃ, ക്ര എന്നീ ലിപികൾ അച്ഛൻ പഠിപ്പിച്ചപോലെ അല്ലെന്നും അച്ഛന് ഒന്നുമറിയില്ലെന്നും കുട്ടി പറയുന്നു. പഴയകാലത്ത് തെറ്റെന്നും ശരിയെന്നും ചിലതെന്തൊക്കെയോ ധരിച്ചുപോന്നവനാണ് താനെന്ന് അച്ഛൻ സമ്മതിക്കുന്നു. മകളുടെ പാതയും കാലിന്റെ ഗതിക്രമവും വേറെയാവാമെന്നും ചിന്തകൾ ഇറക്കിവെക്കാനുള്ള അത്താണി, നോവിന്റെ നോവ്, അക്ഷരക്രമം എന്നിവയെല്ലാം വേറെയാ

ണെന്നും അച്ഛൻ പറയുന്നു. അൽപ്പവിജ്ഞാനത്തിന്റെ മൂഢഭാഷ മകളെപ്പഠിപ്പിക്കാൻ തനിക്കാവില്ല.

കൊടിയ വേനലിൽ തന്റെ കൃഷിത്തോട്ടം നനക്കാൻ കുടവുമായി വരാൻ പ്രിയതമയെ ക്ഷണിക്കുന്ന കവിതയാണ് *കൃഷിത്തോട്ടം*. തന്റെ ശക്തിയിൽ രക്തവും ചുടുവിയർപ്പുമണികളും നൽകി അരുമയായി നട്ടുവളർത്തിയതാണ് ഈ പൂങ്കാവനം. ജീവിതത്തിന്റെ സുഖദുഃഖങ്ങളിൽനിന്നാർജ്ജിച്ച സിദ്ധികളാണ് കൃഷിത്തോപ്പിന് വളമായി നൽകുന്നത്. ഈ കൃഷിയിടത്തിലേക്കാണ് ശ്രീമതിയെ ക്ഷണിക്കുന്നത്.

> വരിക, കങ്കണജാലം തഴുകി, പ്പൂ-
> വിതളൊളി ചിന്നിടും നിൻകരങ്ങളാൽ,
> മധുരരാഗം നിറഞ്ഞു വഴിഞ്ഞിടും
> തവഹൃദയസ്സരസ്സിൽനിന്നും, പ്രിയേ,
> നിറയെമുക്കി നീ നീളെപ്പകർന്നിടൂ,
> നിരുപമസ്നേഹ പീയൂഷ ധാരകൾ !.[12]

കാവ്യജീവിതവും കുടുംബജീവിതവും ഈ കൃഷിത്തോട്ടത്തോട് ചേർന്നു നിൽക്കുന്നുണ്ട്. കുടുംബത്തെയും കവിതയെയും കൃഷിനിലമായി കൽപ്പിച്ചിരിക്കുന്നു. സ്നേഹം അവക്കുള്ള ജലസേചനമാണ്.

*വാനപ്രസ്ഥം* എന്ന കവിതയും ദാമ്പത്യത്തിന്റെ മനോഹാരിത വർണിക്കുന്നതാണ്.

> എന്നരക്കെട്ടിൽ തിളയ്ക്കുന്ന ലാവയായ്
> പിന്നെ നീ-നമ്മൾക്കഥിതികൾക്കും വേണ്ടും
> അന്നം ചമച്ചു നീ, എന്റെ ചെങ്കൽവീട്ടിൽ
> എന്നും ഔപാസനത്തീ കാത്തു നീ, അതിൽ

നേരിന്റെ പൊൻതരി കാച്ചിപ്പണി തീർത്ത
താലിയാൽ മക്കൾക്കു മാംഗല്യമേകി നാം.
എന്നുയിർ പങ്കിട്ട ശിഷ്യർക്കതിൽനിന്നു
വെൺനൂൽത്തിരിത്തുമ്പിൽ വെട്ടം പകർന്നു നാം

(വാനപ്രസ്ഥം)

സഹധർമിണിയോടൊപ്പം നടക്കുമ്പോഴുണ്ടാകുന്ന അവാച്യമായ അനുഭൂതിയാണ് *പേരില്ല* എന്ന കവിതയിലെ പ്രമേയം. ഈ യാത്രയിൽ വഴിയും ചുറ്റുപാടും മനോഹരമായി മാറുന്നു. പ്രായത്തിന്റെ പിഞ്ഞിയ നൂലിഴകൾതോറും മധുരാഭ കലർന്ന തുടുത്ത വികാരം മുറ്റിനിൽക്കുന്നു. ജീവിതത്തിൽ നേരായ വേരുള്ള അനുഭൂതികൾക്ക് പേരില്ല. വേലിയ്ക്കൽനിന്നെത്തിനോക്കുന്ന തെച്ചിപ്പൂക്കളിൽപ്പോലും അസാധാരണ ലാവണ്യം ദർശിക്കുന്നു. കുടുംബബന്ധങ്ങളിൽ ജീവിതത്തിന്റെ മനോഹാരിത ദർശിക്കുന്ന മറ്റു കവിതകളാണ് *സുവർണരേഖ, ഒന്നുമറിയാത്തവർ, മുള്ളുകൾ, സംശയം* എന്നിവ. പല കവിതകളിലും കുടുംബത്തെ കൃഷിയിടമായി സങ്കൽപ്പിക്കുകയും കുടുംബത്തിന്റെ സുസ്ഥിതിയിൽ ഒരു കർഷകനെപ്പോലെ ആഹ്ലാദിക്കുകയും ചെയ്യുന്നു.

**പ്രണയം**

ഇണയോടൊപ്പമാണെങ്കിൽ ഏതു നരകവും സ്വർഗമാവുമെന്ന കാഴ്ചപ്പാട് ആവിഷ്കരിക്കുന്നതാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ പ്രണയകവിതകൾ. *ആദമും ദൈവവും* എന്ന കവിതയിൽ ഈ പ്രമേയം താഴെക്കാണുംവിധം അവതരിപ്പിച്ചിരിക്കുന്നു.

എന്റെ ജീവിത ലാഭ-
രാശിതൻ ഗുണോത്തരം

ഇന്നിവളില്ലാകൂടെ-

യെങ്കിലേദനും തുച്ഛം !

(ആദമും ദൈവവും)

*ഉർവ്വശീനൃത്തം* എന്ന കവിതയിൽ ഉർവ്വശി സ്വർഗീയ സുഖങ്ങളെക്കാളും ഇഷ്ടപ്പെടുന്നത് പ്രിയനോടൊപ്പമുള്ള ഭൗമജീവിതമാണ്. ഭൂമിയിൽ പിറന്ന് പ്രണയവും വിരഹവും ശോകമോഹാദികളും അനുഭവിച്ചുകഴിയുന്നത് അനുഗ്രഹമായിക്കാണുന്ന ഉർവശി ഇണയോടൊപ്പമുള്ള ദുഃഖത്തിലും ചാരിതാർഥ്യം കാണുന്നു

അങ്ങു നിലാവും നിഴലും ചിന്നിയ

പച്ചക്കംബളമാകുംഭൂമിയിൽ

ഉണ്ടാവില്ലാ നാകവിഭൂതികൾ,

നന്ദനകല്പകപീയൂഷങ്ങൾ;

എങ്കിലുമിരുളിൻപടവുകളൂടെ -

യിറങ്ങിവരുമ്പൊഴുതോർപ്പേ, നുണ്ടാ-

മങ്ങൊരു ചിരിതൻതരിയും കണ്ണീർ

മണിയും പിന്നെപ്പുരുഷോത്തമനും !

(ഉർവ്വശീനൃത്തം)

പ്രണയത്തിനുവേണ്ടി സ്വർഗവും മോക്ഷവും നിരസിക്കുന്ന നായികാനായകന്മാരാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിലുള്ളത്. *ദിലീപൻ, സുഭദ്രാർജ്ജുനം, അഹല്യ* എന്നീ കവിതകളെല്ലാം ഉദാഹരണമാണ്.

*ദിലീപൻ* എന്ന കവിതയിൽ ദിലീപനെ ഭൂമിയിലേക്കാകർഷിക്കുന്നത് പ്രിയാപ്രേമമാണ്. *സുഭദ്രാർജ്ജുനം* എന്ന കവിതയിൽ പ്രണയത്തിനുവേണ്ടി യോഗദണ്ഡുപേക്ഷിക്കാൻ തയ്യാറാവുന്നുണ്ട് അർജ്ജുനൻ. *അഹല്യാമോക്ഷം* എന്ന കവിതയിലെ അഹല്യ തനിക്കിഷ്ടമുള്ളവനെ വരിക്കാൻ സാധിച്ചില്ലെങ്കിൽ കല്ലായിത്തന്നെ തുടരുവാൻ ആഗ്രഹിക്കുന്നവളാണ്.

*ചാപല്യം* എന്ന കവിതയിൽ സ്നേഹത്തിന്റെ ചാപല്യങ്ങളില്ലെങ്കിൽ ജീവിതം ദുഷ്കരമാകുമെന്ന സൂചനയുണ്ട്. സ്നേഹത്തിന്റെ ലോകത്തിൽ ശരിയും തെറ്റുമില്ല. ക്ഷണികമായ ജീവിതത്തെ മനോഹരമാക്കുന്നതിനുള്ള വഴി സ്നേഹ മാണ്.

**ജൈവപരിസരം**

സ്ഥലസ്വത്വത്തെ അടയാളപ്പെടുത്തുന്ന ഒരു ജൈവഭാഷയാണ് പ്രാദേശിക സ്ഥലാഖ്യാനങ്ങളിൽ കാണാൻ കഴിയുന്നത്. പ്രാദേശികപ്രകൃതിയിൽനിന്നും ഭൂജ ലവിന്യാസങ്ങളിൽനിന്നും അടർത്തിമാറ്റാനാവാത്തവിധം സ്ഥലരാശിയോട് ഒട്ടി നിൽക്കുന്നതാണ് ഭാഷ. ഈ കാഴ്ചകളാവട്ടെ ഇന്ദ്രിയാനുഭൂതിയോട് ചേർന്നു നിൽക്കുന്നവയുമാണ്.

ഊർന്നതാം 'തീണ്ടാനാഴി' -
  പ്പൂക്കളും കറുകയും
ചേർന്നെഴുമിളം കൈത-
  ക്കൂമ്പൊളിചിന്നും കണ്ഠം;
. . .
ഓമലാൾ തടങ്ങളിൽ-
  ത്തൂവിയ വെള്ളം തേടി-
ക്കാവിൽനിന്നെത്തും ചങ്ങാ-
  ലികൾതൻ കളസ്വനം !
(ദിലീപൻ)

ഇതൾപോലാർദ്രമാംവെള്ള
  ചുറ്റി, നൽത്താമരക്കുമ്പിൾ
നിറയെത്തുമ്പയും ശംഖു-

പുഷ്പവും കൈകളിലേന്തി

(സുഭദ്രാർജ്ജുനം)

വാൾ ചുഴറ്റുന്ന കാമന്റെ

കയ്യിനൊപ്പം കമുകിന്റെ

വാരെഴും പൂനിര തുള്ളും

നാഗഭൂഭംഗിയെപ്പറ്റി

(സുഭദ്രാർജ്ജുനം)

ചൊല്ലിനേൻ; കൂവളത്തിന്റെ

കുഞ്ഞിലപോൽ വിരിയുന്ന

കണ്ണുമായ്, ചെന്തളിർപോലെ

(സുഭദ്രാർജ്ജുനം)

മൂകനായ് ചുറ്റിലും വീശും

പുതുനെല്ലിൻ മണമുള്ളാ-

ലാവതും മോന്തി ഞാൻ തീരാ-

ദ്ദാഹമോടങ്ങനെ നിന്നൂ.

അരികി, ലുണ്ണിയെക്കൈയാൽ-

ത്തഴുകിത്താൻ മയങ്ങുന്നൂ

പൊരിവെയ്‌ലും നിലാവാക്കി-

പ്പാവലിൻ നല്ലിളംവള്ളി !

. . .

ചെറു ചിറ്റാട പൂവിട്ട

വഴിയിൽക്കൂടി നാം ചേർന്നു

നടകൊൾകേ

(സുഭദ്രാർജ്ജുനം)

ഒന്നു പുഞ്ചിരിച്ചില്ലാ

ചമ്പകാംഗിയാൾ (ഇതൾ-

ത്തുമ്പനങ്ങീലാ, രണ്ടു

വണ്ടുകൾ പറന്നുപോയ്)

(ഫാസ്റ്റ് പാസഞ്ചർ)

വിരിഞ്ഞു കാറ്റിന്നു മണം ചുരത്തും

നിറന്ന പൂക്കാടുകൾ, തേൻപഴങ്ങൾ

. . .

നിൻ വാക പൂക്കും നിഴലാർന്ന മുറ്റം,

തളിർത്ത കുന്നിൻപുറ, മാർദ്രഗന്ധം

(ദേവഗിരി, കോഴിക്കോട്)

തീണ്ടാനാഴി, കൈതക്കൂമ്പ്, ചങ്ങാലികളുടെ കളസ്വനം, താമര, ശംഖുപുഷ്പം, കമുകിന്റെ പൂനിര, കൂവളം, പുതുനെല്ലിന്റെ മണം, പാവലിന്റെ ഇളവള്ളി, ചിറ്റാട, ചമ്പകം, പൂക്കാടുകൾ, തേൻപഴങ്ങൾ എന്നിവയെല്ലാം ഉന്മേഷകരമായൊരു ജൈവപശ്ചാത്തലം കവിതക്കു നൽകുന്നുണ്ട്.

## സാമൂഹികപരിസരം

ശൈശവകാലത്തെ ഗ്രാമത്തെക്കുറിച്ചോർക്കുകയാണ് *അന്നും ഇന്നും* എന്ന കവിതയിൽ. ജലം നിറഞ്ഞുകിടക്കുന്ന പുഞ്ചപ്പാടം. മലവെള്ളത്തിൽ മൂടിക്കിടക്കുന്ന പുലയരുടെ മാടം. വളഞ്ഞുപുളഞ്ഞുപോകുന്ന നീർക്കോലിപോലുള്ള വരമ്പിലെ കാൽതെറ്റിയും കുനിഞ്ഞുമുള്ള നടത്തം. ഭൗതികമായ ഈ സ്ഥലത്തിലേക്ക് സാമൂഹികസ്ഥലംകൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് കവിത മുന്നോട്ടു നീങ്ങുന്നത്. ചെറ്റയിലെ കാളിപ്പുലയൻ, താൻ കൊച്ചുതിരുമേനിയെ തൊട്ടുകൊള്ളട്ടെയെന്നു ചോദിക്കുന്നു. ജാതിമത ഉച്ചനീചത്വങ്ങൾ ക്ഷയിക്കാൻ തുടങ്ങുന്ന ഒരു കാലത്തെയാണ് കവിതയിൽ പ്രതിപാദിക്കുന്നത്. മാത്രമല്ല കൊടിപിടിച്ചു വരിവരി

യായി കൊയ്ത്തുപാടങ്ങളിലൂടെ ജാഥ നയിച്ച് കർഷകർ പോകുന്നു. കൊടികളിൽ അരിവാളും നക്ഷത്രവും. കുട്ടനാട്ടിലെ കൊയ്ത്തുവഴക്കുകൾക്ക് തലസ്ഥാനത്തു വച്ചു നടക്കുന്ന ഒത്തുതീർപ്പും കവിതയിൽ പ്രതിപാദിക്കുന്നുണ്ട്. 'മനുഷ്യപ്പുഴുക്കൾക്ക് നട്ടെല്ലുമുളക്കുന്ന കാലം' എന്നാണ് ഈ കാലഘട്ടത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. പ്രാദേശികാനുഭവമെന്ന നിലയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെയും കാർഷികവിപ്ലവങ്ങളുടെയും കാലത്തെ അടയാളപ്പെടുത്തുന്നതാണ് ഈ കവിത.

*ക്വിറ്റിന്ത്യാ സ്മരണ* എന്ന കവിത വിദ്യാലയത്തെ കേന്ദ്രീകരിച്ചുള്ളതാണ്. കുട്ടിക്കാലത്ത് പുതുക്കുളങ്ങര പള്ളിക്കൂടം കടന്ന് ക്വിറ്റിന്ത്യാ സമരജാഥ കടന്നുപോയതായി ഓർമിക്കുന്നു. ബുദ്ധിയുറയ്ക്കാത്ത കാലത്ത് കണ്ടതും കേട്ടതുമാണെങ്കിലും ഇന്നും അത് ഓർമയിൽ തങ്ങിനിൽക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്ന സ്ഥലമായി പുതുക്കുളങ്ങരയെ അടയാളപ്പെടുത്തുന്നു.

കേരളത്തിന്റെ ദേശീയ ഉത്സവമാണ് ഓണം. നെഹ്റുവിന്റെ മരണത്തിൽ നൊന്ത് ഓണത്തോട് മടങ്ങിപ്പോകാൻ പറയുന്ന കവിതയാണ് *പോയ്‌വരൂ*. നെഹ്റുവിന്റെ വിയോഗദുഃഖം തെല്ലെങ്കിലും മറക്കട്ടെയെന്നും ഞങ്ങൾ എൺപതുകോടി ജനങ്ങൾ അനാഥരായി എന്നും കവിതയിൽ പറയുന്നു. നെഹ്റുവിന്റെ ജന്മദിനത്തിൽ വീണ്ടും വരാനാണ് ഓണത്തോടു പറയുന്നത്. ജനനേതാവിന്റെ മരണത്തിൽ പ്രാദേശികമായ സ്ഥലസ്വത്വം ഇന്ത്യൻ സ്ഥലരാശിയോട് ഐക്യപ്പെടുന്നു. ആധുനികമായ ബോധത്തിലേക്കുണരുന്ന നാടിനെയാണ് ഈ കവിതകളിലെല്ലാം അവതരിപ്പിച്ചിരിക്കുന്നത്. ഇന്ത്യയെന്ന ബൃഹത്ദേശത്തിനകത്തുള്ള ഉപദേശീയതയെന്ന അവബോധമുൾക്കൊണ്ട സാമൂഹിക സ്ഥലചിത്രീകരണമാണ് ഇവയിലെല്ലാം കാണുന്നത്.

**വയൽ**

ഗ്രാമീണ ജനതയുടെ കൂട്ടായ്മയും സാമൂഹികബന്ധങ്ങളും സാധ്യമാക്കുന്ന ഘടകങ്ങളിലൊന്നാണ് തൊഴിൽ. അതുകൊണ്ടുതന്നെ കൃഷിയിടമെന്ന നിലയിൽ വയലിന് സവിശേഷ പ്രാധാന്യമുണ്ട്. ഗ്രാമപരിസരത്തോടു ബന്ധപ്പെടുത്തി നിരവധി വയൽക്കാഴ്ചകളും കവിതകളിലുണ്ട്.

ഇ, ന്നിടവത്തിൻ കന്നി-
  ക്കൊള്ളിമീൻ; വയൽകളി-
ലെങ്ങുമേ ഞാറിൻ കൗമാ-
  രോദയകുതൂഹലം;
പാദമിത്തിരി വഴു-
  തീടിലും വരമ്പത്തു
പാദുകയെന്യേ തെറ്റി-
  നീങ്ങുമീ ഞാനാം മൗഢ്യം;
ദിക്കിലെ നീലക്കയം
  കലക്കിത്തകർത്തുഗ്രം
മുക്രയിട്ടെത്തും കരി-
  ങ്കൂറ്റന്മാർ മുകിലുകൾ;
ഛിന്നമാംവിഷുവശ്രീ-
  യുടെ താലിപോലൊറ്റ-
പ്പൊന്നലർ മാത്രം പേറും
  വയൽവക്കിലെ കൊന്ന

(യാത്ര)

ഇങ്ങനെ ദേശത്തിന്റെ അടയാളങ്ങൾ വരച്ചിടുന്നു. ഇടവമാസത്തിലെ കൊള്ളിമീൻ, വയലുകളിലെ ഞാറിന്റെ കൗമാരകുതൂഹലം, വഴുതുന്ന വരമ്പ്, നീലക്കയം, കൂറ്റൻ

കരിമുകിലുകൾ, ഒറ്റമലർ മാത്രം പേറുന്ന കണിക്കൊന്ന എന്നിങ്ങനെ ഗ്രാമത്തിലെ വയലിന്റെ ഈ മഴക്കാലകാഴ്ചയിൽനിന്ന് ശബ്ദത്തിന്റെയും കാഴ്ചയുടെയും സ്പർശത്തിന്റെയും ഒരു ലോകം കണ്ടെത്തുന്നു. പ്രകൃതിയുമായുള്ള ബന്ധം കവിക്ക് സ്ഥലവുമായും ദേശവുമായും ഉള്ള ഐക്യപ്പെടലാണ്. സ്വന്തം മണ്ണും പ്രകൃതിയും കാലാവസ്ഥയുമായി സാത്മ്യം പ്രാപിക്കുന്ന കവിതകൾ പ്രാദേശികാ നുഭവത്തിന്റെ പ്രതിനിധാനങ്ങളാണ്

**അധ്വാനം**

അധ്വാനത്തോടും മണ്ണിനോടുമുള്ള ആഭിമുഖ്യം വിഷ്ണുനാരായണൻ നമ്പൂതിരിയുട കവിതകളിൽ കാണാം. വിലക്കപ്പെട്ട കനി തിന്നതിന്റെ പേരിൽ സ്വർഗത്തിൽനിന്ന് പുറത്താക്കപ്പെട്ട ആദമിന്റെ കഥയാണ് *ആദമും ദൈവവും* എന്ന കവിതയിൽ. പുറത്താക്കപ്പെട്ട ആദം കഠിനാധ്വാനംകൊണ്ട് ഭൂമിയിൽ സ്വർഗം പണിയുന്നു. ആദ്യമൊക്കെ ആദമിനെ പുറത്താക്കിയതിന്റെപേരിൽ വിജ യാഹ്ലാദം പൂണ്ട ദൈവം പിന്നീട് ആദമിനെ തിരികെ വിളിക്കുന്നു

എങ്കിലും കാലം പോകേ,
   നിൻതഴമ്പണിവേർപ്പാൽ
ഉർവ്വരയിളാദേവി-
   യാൾ രജസ്വലയാകേ,
മൃദുമോഹത്തിൻനാമ്പു
   നീട്ടിയും പ്രതീക്ഷാശ്രു-
പുളകം വിടർത്തിയും
   തൃപ്തിതൻ ഫലം വായ്ച്ചും
വേറൊരേദനീ ദുഃഖ-
   സുഖസിക്തമാം കർമ്മ-
വേദിയിൽക്കാൺകേ ചൂളി-

പ്പോയിതെൻ വെന്നിക്കൊടി !

(ആദമും ദൈവവും)

എന്നാണ് ദൈവം പറയുന്നത്. അധ്വാനംകൊണ്ട് കെട്ടിപ്പടുത്ത ഭൂമിയിലെ സ്വർഗം ദൈവത്തെപ്പോലും ലജ്ജിപ്പിക്കുന്നതാണ്. വിയർപ്പാൽ രജസ്വലയാകുന്ന ഭൂമി മൃദു മോഹത്തിൻ നാമ്പുനീട്ടി ഭൂമിയെ മറ്റൊരു ഏദനാക്കുമ്പോൾ ദൈവത്തിന്റെ വെന്നി ക്കൊടി ചൂളിപ്പോകുന്നു. അതുകൊണ്ട് ആദത്തെ ദൈവം സ്വർഗത്തിലേക്ക് തിരിച്ചു വിളിക്കുന്നു. ഈ പ്രലോഭനത്തെ ആദം നിരസിക്കുന്നു. ഭൂമിയിലെ ഇരുണ്ട കുണ്ടു കളും വെളിച്ചങ്ങളും ശരിയും തെറ്റും മുറിച്ചിടചേർന്നകന്നുപോകുന്ന ചെറുപാത കളും ജനം കലമ്പുന്ന കവലകളും വിട്ടുപോരാൻ തനിക്കാവില്ലെന്ന് ആദം തുറന്നു പറയുന്നു.

വൃശ്ചികപ്പുലർകാല-
   വയലിൻ കുളിർമണം,
കൊയ്ത്തിരമ്പുമ്പോൾ മീന-
   പ്പാടത്തിൻ പൊരിച്ചിലും
ചിത്രകംബളം നെയ്തെ-
   ന്നുണ്മയിൽ വിലയിക്കേ
സ്വസ്ഥമല്ലെന്നാൽ സ്വാദു-
   വാമൊരു വികാരത്താൽ.

(ആദമും ദൈവവും)

വൃശ്ചികപ്പുലർകാല വയലിന്റെ കുളിർമണവും, കൊയ്ത്തിരമ്പുമ്പോൾ മീനപ്പാട ത്തിൽ പൊരിച്ചിലും എല്ലാം കുട്ടനാടൻ കാർഷിക സംസ്കാരത്തിന്റെ പ്രതീകങ്ങ ളാണ്.

പാതമേലന്വേഷിച്ചു
   പാദമൂന്നിയോനുണ്ടോ

പാവമേ വിണ്ണിൻകടം-

കഥയിൽ ഭ്രമിക്കുന്നൂ ?

(ആദമും ദൈവവും)

എന്നാണ് ആദമിന്റെ മതം. ഇവിടെ പാത കുട്ടനാടിന്റെ വയൽ വരമ്പും വിണ്ണ് സ്വർഗവുമാണ്. കുട്ടനാടിന്റെ വയൽ വരമ്പിലൂടെ നടക്കുമ്പോൾ കിട്ടുന്ന കാഴ്ചയാണിത്. 'ശരിയും തെറ്റും മുറിച്ചിടകലർന്നുപോം പാത' ഈ വരമ്പുകൾ തന്നെയാണ്. വൃശ്ചികവയലിന്റെ കുളിർമണവും മീനക്കൊയ്ത്തുപാടത്തിന്റെ പൊരിച്ചിലും വയൽ അനുഭവങ്ങളാണ്. ഇവിടെ ആദം കുട്ടനാടൻകർഷകനായി മാറുകയാണ്. അധ്വാനത്തോടുള്ള ആഭിമുഖ്യം മറ്റു പല കവിതകളിലും കാണാവുന്നതാണ്. വെളിച്ചമെങ്ങു കൂടണയുന്നു എന്ന ചോദ്യത്തിന് ഉത്തരമായി പറയുന്നത് ഇങ്ങനെയാണ്-

ഉറച്ച പാറ ത-

ച്ചുടയ്ക്കും കൈകളിൽ,

വഴികൾതന്നറ്റം

തിരിഞ്ഞുപോം ചോടിൽ,

ചിരികളിൽ കണ്ണീർ-

മണികളിൽ, പുക-

ഞ്ഞുയരുംക്രോധത്തിൽ

അമർഷവേഗത്തിൽ,

പൊറുക്കുവാൻമാത്ര-

മറിയും മണ്ണിന്റെ

കരൾക്കകം നീറി-

യുയരും തേങ്ങലിൽ !

വെളിച്ചമെങ്ങു കൂ-

ടണയുന്നു ?

(കൂടണയൽ)

അധ്വാനത്തോടുള്ള ഈ അഭിനിവേശവും മണ്ണിനോടുള്ള പ്രണയവും കവിതകളിൽ ആവർത്തിക്കുന്നുണ്ട്. ലയനമെന്ന കവിതയിലെ പ്രതിപാദ്യം ഇങ്ങനെയാണ്: ആദ്യമായി ബുധനിൽപോയ മനുഷ്യന് ചെറിയ തെറ്റുപറ്റിയതുകൊണ്ട് ചെറിയ പാക്കറ്റിൽ എടുത്ത മണ്ണ് ദ്രവിച്ചുണങ്ങിപ്പോയി. പല പരീക്ഷണങ്ങൾ നടത്തിയിട്ടും ഫലമുണ്ടായില്ല. ഒടുവിൽ ഒരു തുള്ളി കണ്ണുനീർ നിലത്തു വീണു.

അതു പതിഞ്ഞവാ-
റിതെന്തതിശയം:
കുതിർന്നു ചെന്നിറം
പടർന്നു മണ്ണിൽ നി-
ന്നുതിർന്നു പുണ്യവേ-
ദനകൾതൻഗന്ധം ![31]

(ലയനം)

പുതുമണ്ണുനനയുന്ന ഗന്ധം ഏതൊരു കർഷകനെയും മദിപ്പിക്കുന്നതാണ്. ജൈവികവും മാനവികവുമായ മൂല്യങ്ങളില്ലാത്ത, മനുഷ്യന്റെ കണ്ണീരു വീഴാത്ത മണ്ണ് ഊഷരമാണെന്ന ആശയമാണ് കവി ഇതിലൂടെ കൊണ്ടുവരാൻ ശ്രമിക്കുന്നത്.

ജലസമൃദ്ധമാണ് കുട്ടനാട്. അതുകൊണ്ടുതന്നെ കവിതയിലെ ഭാഷയുടെയും ഭാവുകത്വത്തിന്റെയും രൂപീകരണത്തിൽ ജലബിംബങ്ങൾക്ക് പങ്കുണ്ട്. നാടിന്റെ ജലസമൃദ്ധമായ ഭൂഘടന ചെലുത്തിയ സ്വാധീനം പല കവിതകളിലും കാണാവുന്നതാണ്. പുഴയും കുളവും തോടും തിരയും ചുഴിയുമെല്ലാം ഈ കവിതകളിലെ നിത്യസാന്നിധ്യമാണ്.

## കവിതയിലെ ഭാഷ

ഒരു സമൂഹത്തിന്റെ വൈയക്തികവും സാമൂഹികവുമായ സ്വത്വത്തെ പ്രാദേശികതയുടെ അടിസ്ഥാനത്തിൽതന്നെ വ്യവച്ഛേദിച്ചറിയുവാൻ സഹായിക്കുന്നതിനാൽ സ്വത്വനിർണയത്തിൽ ഭാഷക്ക് പ്രാധാന്യമുണ്ട്. ഭാഷകരുടെ ആവാസമേഖലയുടെ ഭൂമിശാസ്ത്രപരമായ വിവരങ്ങൾ അവരറിയാതെത്തന്നെ വെളിപ്പെടുത്താൻ ഭാഷക്ക് കഴിയുന്നു. പ്രദേശത്തിന്റെ ഭൗതികസാഹചര്യങ്ങൾ സൂചിപ്പിക്കുന്ന പദാവലി, ഈണം, സംസ്കാരത്തെ സൂചിപ്പിക്കുന്ന മറ്റു ഭാഷാസവിശേഷതകൾ എന്നിവ ഭാഷകസമൂഹത്തിന്റെ ഭൂമിശാസ്ത്രപരമായ സ്വത്വത്തെ പ്രകടിപ്പിക്കുന്നു. ഭൂമേഖല പലപ്പോഴും ദേശീയതയും വംശീയതയും ഉണ്ടാകുന്ന സ്ഥലകാലമേഖല കൂടിയാണ്.[13]

1912 ൽ എഡ്വേർഡ് സപീർ എന്ന പാശ്ചാത്യ ഭാഷാശാസ്ത്രജ്ഞന്റെ *ഭാഷയും പരിസരവും* എന്ന പ്രബന്ധത്തിൽ ഹരിതഭാഷയെക്കുറിച്ച് പറയുന്നുണ്ട്. ഭാഷയിലെ സങ്കീർണചിഹ്നങ്ങൾ അത് സംസാരിക്കുന്ന ഒരുകൂട്ടം മനുഷ്യരുടെ ഭൗതികവും സാമൂഹികവുമായ പരിസരങ്ങളെ പ്രതിഫലിക്കുന്നുണ്ടാവുമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. ഭാഷയുടെ പദാവലിയിലും സ്വനതലത്തിലും വ്യാകരണതലത്തിലും ഈ പ്രതിഫലനം കണ്ടെത്താനാവും. അവയിൽ പദാവലിയിലാണ് പരിസരസ്വാധീനം ഏറ്റവും പ്രകടമാവുക. കടലോരനിവാസികളായ ഗോത്രവർഗക്കാരുടെ ഭാഷയിൽ കാലാവസ്ഥ, ജലജീവികളുടെ ജീവിതചക്രം തുടങ്ങി സമുദ്രജീവികളുടെ സൂക്ഷ്മതലത്തിലുള്ള വിവരങ്ങൾവരെ ഉൾക്കൊള്ളുന്ന പദാവലി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം ഉദാഹരണങ്ങളിലൂടെ ഒരു പ്രത്യേകപ്രദേശത്തെ ഭാഷ, ആ പരിസരത്തെ ജീവികളെയും സാഹചര്യങ്ങളെയും പ്രതിഫലിപ്പിക്കുക മാത്രമല്ല, ആ ഭാഷകസമൂഹത്തിനു തങ്ങളുടെ പരിസ്ഥിതിയോടുള്ള സമീപനമെന്തെന്നു വ്യക്തമാക്കുകകൂടിയാണ് ചെയ്യുന്നത്.[14]

മുറതെറ്റാതെ വന്നെത്തുന്ന കാലവർഷവും വലുതും ചെറുതുമായ ജലാശ

യങ്ങളും കായൽപ്പരപ്പുകളും ജലം കെട്ടിനിൽക്കുന്ന വയലേലകളും എല്ലാം ചേർന്ന് രൂപംകൊണ്ടതാണ് കുട്ടനാടൻ ഭൂപ്രകൃതി. ജലസമൃദ്ധമായ ഈ ദേശം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളുടെ ബാഹ്യഘടകം മാത്രമല്ല, വൈകാരികവും വൈചാരികവുമായ അംശങ്ങൾ മുഴുവനും ദേശവുമായി വേർതി രിക്കാനാവാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു. താഴെപറയുന്ന വരികളെ മുൻനിർത്തി വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലെ ഭാഷ കുട്ടനാടിന്റെ പരിസ്ഥി തിയുമായി എങ്ങനെ ബന്ധപ്പെടുന്നുവെന്ന് വിശകലനം ചെയ്യുന്നു. ജലവുമായി ബന്ധപ്പെട്ട പദങ്ങൾ കവിതയിൽ എങ്ങനെ വിന്യസിച്ചിരിക്കുന്നു എന്നു നോക്കാം.

**ജലം**

ആഴനീലിമയാർന്നൊരെൻബോധത്തി-
ലൂളിയിട്ട സുവർണ്ണമത്സ്യങ്ങളും

(കളി)

കഷ്ടപ്പാടിൻകലക്കങ്ങൾ
കാരുണ്യത്തിൻതെളിച്ചവും
അഗാധബോധം ചുംബിക്കു-
മാത്മശക്തിപ്രകർഷവും[35]

(ഒരു സങ്കീർത്തനംപോലെ)

എന്തുശങ്കിക്കാൻ! വരാതിരുന്നീടുമോ
നിന്റെ പര്യങ്കസുഖച്ചൂടു പങ്കിടാൻ,
ഇന്ദ്രിയമാറിലും ഊറിയെത്തുന്ന നി-
ന്നംഗലാവണ്യം കുടിച്ചു വറ്റിക്കുവാൻ ?

(ഭൂമിക്കു നഷ്ടമാകുന്നവൻ)

ചോരയാൽ തളിർത്തനാൾ

ജീർണമാമംഗംതോറും

തുളിച്ച പച്ചപ്പിന്നും

ഓർമ്മയിൽ പൊരികന-

ലായ് നീറുംസ്നേഹത്തിന്നും

. . .

പകൽ ചായുന്നൂ, പടി-

ഞ്ഞാറു വറ്റുന്നൂ വെട്ടം

(വേനലിൽ കിനിയുന്ന മധുരം)

സിരയിൽ നീളെയുറഞ്ഞൊരെൻ ചോരയാ-

മിതളിറുത്തു ഞാൻ പൂജ ചെയ്തീടിലും

. . .

ചിരഘനീഭൂതമൗനം നരിച്ചീറിൻ

ചിറകടിയേറ്റുടഞ്ഞു ചിതറവേ

(വേർപാട്)

മങ്ങിടുമന്തിതന്നോർമ്മയിൽ പാഴ്മുകിൽ-

ത്തുണ്ടിന്റെ ചിന്തകൾ മുങ്ങിത്തുടിയ്ക്കവേ;

(ദുസ്സഹം)

നീർച്ചുഴികളിൽ താഴും

പൂക്കൾ,വെള്ളാരങ്കല്ലിൻ

നേർത്ത പുഞ്ചിരി, പട്ടു-

കോണകം,കളരിയും !

(നിഴലാട്ടം)

ഇന്നവസാനം തോഴീ,

നിൻമിഴിക്കോണിൽ കൂലം-

തല്ലിനിന്നിടുമാഴ-

മേറിന വിഷാദത്തെ

(കയ്പ്)

വറ്റിത്താഴുമൊരുത്സാഹത്താൽ

വരളവെ വാർദ്ധക്യത്തിൻ

ചട്ടിയിൽ നെയ്യമൃതും മധുരാന്നവു-

മൊത്തു തിളയ്ക്കുമ്പോഴും

(പേരില്ല)

ആഴം, ഊളിയിടുക, കലക്കം, അഗാധം, ഊറുക, കുടിച്ചു വറ്റിക്കുക, കിനിയുക,തുളിയ്ക്കുക, വറ്റുക, ഉറയുക, ഘനീഭൂതം, മുങ്ങുക, തുടിയ്ക്കുക, ചുഴി, വെള്ളാരംകല്ല്, കൂലം തല്ലുക എന്നീ വാക്കുകളെല്ലാം ജലവുമായി ബന്ധപ്പെട്ടതാണ്.

**ജലം: അവസ്ഥാന്തരങ്ങൾ**

ജലത്തിന്റെ വിവിധ അവസ്ഥകളാണ് മഞ്ഞ്, നീരാവി, മഞ്ഞുകട്ട (Ice), കുമിള, ബാഷ്പം, മേഘം എന്നിവയൊക്കെ. ഇത്തരം ജലത്തിന്റെ അവസ്ഥകളെല്ലാം കവിതയിൽ നിരവധി തവണ ആവർത്തിക്കുന്നുണ്ട്.

...കാലം വെൺമുകിൽപോലേറി-

യിറങ്ങിത്തെന്നി നീങ്ങവേ

(ബ്രഹ്മദത്തൻ)

നീയുറങ്ങുക,തപ്ത-

ബാഷ്പത്താലകം പൊള്ളും

നീരദപാളിക്കുള്ളിൽ

കൊള്ളിമിന്നലുപോലെ,

അത്യഗാധതകളിൽ

മുത്തുപോ,ലിടർകൊള്ളും

ഹൃത്തടങ്ങളിൽ ഭാവി-

ഭദ്രവാഞ്ഛകൾ പോലെ !

(ഓർമ)

മകരമിഴിയിലെയാദ്യത്തേ

മഞ്ഞുനീർപോലെ കുളിരാർന്നും

(കളിമ്പം)

അന്തിക്കു കുങ്കുമമണിഞ്ഞ വിളഞ്ഞ പാടം,

ചെന്താർമകൾക്കഴൽ മുകർന്നു കുളിർത്ത കൂലം,

വെൺമേഘലാസ്യമകതാരിൽ വിടർത്തുമാഴം;

തെന്നൽക്കു തേൻ പകരുമാൺകുയിലിന്റെ ഗാനം !

(മങ്കൊമ്പ്)

നിദ്രിതമെൻവീടും തൊടിയും

നിദ്രിതമിളയും വാനും

ചിതർനുരയും പതയും ചുഴിയും

ചിന്നിയൊലിക്കും പുഴയും

(ഒരു ക്രിസ്മസ് ഗാനം)

-നിനവും കിനാവുമ-

റ്റുള്ളതാമാഴങ്ങളിൽ

ചെറുമീനുകൾ മിന്നി-

പ്പായുന്നൂ, പൊലിയുന്നു.

(സമാശ്ലേഷം)

കലക്കങ്ങൾ, ഊറുക, കുടിയ്ക്കുക, കിനിയുക, തുളിയ്ക്കുക, നിറയുക, ഘനീഭവിയ്ക്കുക, മുങ്ങുക, താഴുക, കൂലംതല്ലുക, ആഴം, വരളുക, തിളയ്ക്കുക, തെളിയുക തുടങ്ങി ജലത്തോടുബന്ധപ്പെട്ട ക്രിയാരൂപങ്ങൾ കവിതകളിലെ നിറസാന്നിധ്യമാണ്. വൈകാരികാവസ്ഥയുടെ സൂക്ഷ്മസംവേദനങ്ങളെ കൃത്യമായി ആവിഷ്കരിക്കാൻ ജലവുമായി ബന്ധപ്പെട്ട പദങ്ങൾ ഉപയോഗിക്കുമ്പോൾ എഴുത്ത് ഭൗതികപരിസരത്തോടു ചേർന്നുനിൽക്കുന്നു. ജലത്തിന്റെ സൂക്ഷ്മഭാവവൈവിധ്യങ്ങളാണ് കവിതയുടെ ഭാവുകത്വം നിർണയിക്കുന്നത്.

കഷ്ടപ്പാടിന്റെ കലക്കങ്ങൾ, കാരുണ്യത്തിന്റെ തെളിമ, അഗാധബോധം, ഊറിയെത്തുന്ന ലാവണ്യം, കിനിയുന്ന മധുരം, കുടിച്ചുവറ്റിയ്ക്കൽ, തുളിച്ച പച്ചപ്പ്, വറ്റുന്ന വെട്ടം, ഉറഞ്ഞ ചോര, ഘനീഭൂത മൗനം, മുങ്ങിത്തുടിയ്ക്കൽ, നീർച്ചുഴി, ആഴമേറിയ വിഷാദം എന്നിങ്ങനെ  വിശേഷണപദങ്ങളായി ജലത്തിന്റെ വിവിധ അവസ്ഥകൾ കടന്നുവരുന്നു. മനുഷ്യന്റെ അവസ്ഥകളെ ആവിഷ്കരിക്കുന്ന അനുഭവലോകത്തേക്ക് ജലം എന്ന ബിംബത്തെ നിരവധി അർഥഭാവതലങ്ങളിൽ അവതരിപ്പിക്കുന്നു. പകലിനെ തിളക്കുന്നത് വെള്ളമിറങ്ങുന്ന കുളക്കല്ലിൽ തുള്ളിനിൽക്കുന്ന ചെറുമത്സ്യമാണ്. ജീവിതത്തിന്റെ ഇറക്കം കവിതയിലേക്കു വരുമ്പോൾ വേലിയിറക്കവും കാലത്തിന്റെ പോക്ക് വെണ്മുകിൽപോലേറിയിറങ്ങിയുമാകുന്നു. ജലവും ജലാശയങ്ങളും കവിതയിൽ കടന്നുവരുന്നത് കേവലപ്രകൃതിയുടെ രൂപത്തിലല്ല, ജീവിതത്തിൽ കലർന്ന ഒരഗാധബോധമെന്ന നിലയിലാണ്. ഈ ബോധം മണ്ണും ജലവും മനുഷ്യനും തമ്മിലുള്ള സൂക്ഷ്മബന്ധത്തിൽനിന്ന് ഉരുവംകൊണ്ടതാണ്.

**ജലാശയങ്ങൾ**

മേടത്താലിയാം കൊന്നപ്പൂ-
മോടിതിരണ്ട വടിവാർന്നും,
ചിങ്ങപ്പുലർച്ച കിഴക്കൻ പൂ-

മ്പൊയ്ക വിടർത്തും തുടുപ്പാർന്നും

(കളിമ്പം)

പുരുഷാരത്തിൻ നടു-

ക്കേകനാ,യിരുണ്ട വൻ-

കടലിൻ ഗർഭത്തിൽ നീർ-

പ്പോളപോൽ ചലിപ്പൂ ഞാൻ.

(അപരിചിതൻ)

ആറ്റുവഞ്ഞികൾ പൂത്ത

പുഴവക്കത്തും,കുളിർ-

ഞാറ്റുവേലപ്പൂ പൊട്ടി-

വിരിയും തൂമുറ്റത്തും

(കുസൃതിപ്പൂക്കൾ)

വെള്ളമിറങ്ങുന്ന കുളക്കല്ലിലൊരു ചെറുമത്സ്യം

തുള്ളിനിന്നു പകലിനെ തിളക്കുംപോലെ

വേലിയിറങ്ങുന്നൊരെന്റെ ജീവനസീമയിൽ നിത്യ-

ലീലകളാൽ ചമയിപ്പൂ നിമിഷങ്ങളെ !

(പിന്നിൽ ഒരാൾ)

വാക്കിന്റെ ഗംഗയിലാണ്ടു മുഴുകുന്നു!

നീർക്കിളിപോൽ കുടഞ്ഞാർക്കുന്നു നാം, നമ്മെ

മൂടുന്ന നാളെയുമിന്നലെയും വാർന്നു

പോകുന്നൂ, ചിന്നിക്കതിർക്കുമീ മാത്രയിൽ

നാമുയിർക്കൊള്ളുന്നു,രക്തമാംസാസ്ഥികൾ

താനേയലിഞ്ഞു നാം കേവലാത്മാക്കളായ്

നഗ്നശിശുക്കൾപോൽ ആദിമകേളിയിൽ

വാക്കിന്റെ ഗംഗയിലാണ്ടു മുഴുകുന്നു.

(വാഗ്ഗംഗ)

നീലച്ച വാനിന്നഗാധതയിങ്കൽ നീ
നീറിത്തപസ്സിലൊളിച്ചിരുന്നു,
ചിപ്പിയിൽ മുത്തു കണക്കേ, കടൽനീരി-
ലുപ്പുകണക്കേ മറഞ്ഞുനിന്നു.

(ആരോർത്തു?)

കള്ളമൊഴിഞ്ഞു കതിർപൊഴിക്കും
ഉള്ളത്തിലെല്ലാം തിളങ്ങി നിൽക്കും,
വെള്ളം തെളിഞ്ഞ പുഴയിൽ നീളേ
വെള്ളാരംകല്ലുകളെന്നപോലേ !

(ആശംസ)

ചെന്നടിയുന്നൂ നീയാം
പവിഴപ്പുറ്റിൽ; ചൂഴ്ന്നു
നിന്നു ദുഃഖത്തിന്നഗാ-
ധത നിശ്ചലം മാഴ്കേ !

(മയക്കം)

പൂമ്പൊയ്ക, വൻകടൽ, ആറ്റുവഞ്ഞികൾ പൂത്ത പുഴവക്ക്, വെള്ളമിറങ്ങുന്ന കുളം, കടൽനീര്, തെളിഞ്ഞ പുഴ എന്നിങ്ങനെ ജലാശയങ്ങളുടെ ഒരു വലിയ നിര ഈ വരികളിൽ കാണുന്നുണ്ട്.

**കര-ജല ദ്വന്ദ്വങ്ങൾ**

മണൽപ്പരപ്പ്-ജലം അല്ലെങ്കിൽ കര-ജലം എന്നിവ വിപരീതദ്വന്ദ്വങ്ങളായി പല കവിതകളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. അഭികാമ്യമായ സ്ഥലമായി ഇവയി

ലെല്ലാം കടന്നുവരുന്നത് ജലം തന്നെയാണ്. മണലാരണ്യത്തിൽനിന്ന് ജലസമൃദ്ധ മായ ഒരിടത്തേക്കുള്ള യാത്രാരൂപകവും കവിതകളിലുണ്ട്. നായികാനായകന്മാ രുടെ ചേർച്ചകളിൽ നഗരം/കര വേർപാടിന്റെയും ജലം അവരുടെ പ്രണയത്തിന്റെ അഥവാ സംഗമത്തിന്റെ ബിംബമായും കടന്നുവരുന്നു.

കാമുകീ കാമുകന്മാരുടെ ഏറെക്കാലത്തിനുശേഷമുള്ള യാദൃച്ഛികമായ കണ്ടുമുട്ടലാണ് *അതിർത്തിയിലേക്ക് ഒരു യാത്ര* എന്ന കവിതയിലെ പ്രതിപാദ്യവി ഷയം. ഈ കവിതയിൽ നഗരത്തെ ചിത്രീകരിച്ചിരിക്കുന്നത് ഇങ്ങനെയാണ്.

ഉഷ്ണിപ്പൂ മസ്തിഷ്കം, ഉച്ഛ്വാസവായുവും !
സഹ്യന്റെ വൻചുരമാകും ചുരുളഴി-
ഞ്ഞുത്തപ്തമാം വിഷക്കാറ്റുകൾ ചീറ്റുന്നു,
ദിക്കുകൾ നീലച്ചു മൂർച്ഛയിലാഴുന്നു;
അസ്തവികല്പമാം അന്തരംഗംപോലെ
അപ്പോഴുമേകാഗ്രമോടുന്ന വാഹനം !

(അതിർത്തിയിലേക്ക് ഒരു യാത്ര)

വിരഹത്തെ സൂചിപ്പിക്കാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് തിക്കും തിരക്കും നിറഞ്ഞ നഗരമാണ്. ചുട്ടുപൊള്ളുന്ന ഉച്ഛ്വാസവായുവും വിഷക്കാറ്റുകൾ ചീറ്റുന്ന ചുരങ്ങളും നഗരാന്തരീക്ഷം ധ്വനിപ്പിക്കുന്നുണ്ട്. എന്നാൽ ഈ നഗരാന്തരീക്ഷ ത്തിലും കാമുകിയെ കണ്ടുമുട്ടുമ്പോൾ അന്തരീക്ഷം അപ്പാടെ മാറുകയും ജലസാ ന്നിധ്യം ഉണ്ടാവുകയും ചെയ്യുന്നു.

നീണ്ട വിരൽത്തുമ്പിനാലിറുത്തായിര-
മാണ്ടുകൾ തോഴിമാർ കോർത്തോരിലഞ്ഞി തൻ
മാൺപെഴും പൂമണം നേർത്തൊരു കൊണ്ടലായ്
നാം രണ്ടുപേരും ശ്വസിയ്ക്കുമീ വായുവിൽ

നീന്തുന്നുവോ സഖീ?

(അതിർത്തിയിലേക്ക് ഒരു യാത്ര)

പൂമണംകൊണ്ടുമൂടിയ അന്തരീക്ഷം ശുഭകരമായൊരു ഭാവം കവിതയിൽ കൊണ്ടു വരുന്നു. പൂമണം കടന്നുവരുന്നത് നേർത്തകൊണ്ടലിന്റെ രൂപത്തിലാണ്. ജല ത്തിന്റെ ഉള്ളടക്കമുള്ള കൊണ്ടൽ അവർ ശ്വസിക്കുന്ന വായുവിൽ നീന്തുകയും ചെയ്യുന്നു. നീന്തൽ ജലത്തോടു ബന്ധപ്പെട്ടതാണ്. നിമിഷനേരത്തേക്ക് തന്റെ കാമുകിയെ അടുത്തുകാണുമ്പോഴുള്ള ഭ്രമത്തിൽ മാനസികാന്തരീക്ഷം പൊടു ന്നനെ മാറുന്നു. എന്നാൽ തോഴി എത്രയോ അകലെയാണെന്നറിയുമ്പോൾ വീണ്ടും പഴയ അവസ്ഥയിലേക്ക് തിരിച്ചുപോവുകയും ചെയ്യുന്നു.

മങ്ങിടും പ്രത്യാശപോലേ,ഗതകാല-

ഭംഗികളെപ്പോലെ വറ്റുന്നു വാസരം !

(അതിർത്തിയിലേക്ക് ഒരു യാത്ര)

വിരഹത്തെയും മങ്ങിയ പ്രത്യാശയെയും സൂചിപ്പിക്കാൻ വറ്റുക എന്ന ക്രിയയാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രകൃതിയെ മനുഷ്യഭാവങ്ങൾക്കനുസൃതമായി ഉപയോ ഗിക്കുമ്പോൾത്തന്നെ ഉർവരതയുടെയും സന്തോഷത്തിന്റെയും പ്രത്യാശയുടെയും പ്രതീകമായി ഉപയോഗിക്കുന്നത് ജലബിംബങ്ങളാണ്.

ഉഗ്രമാം മണൽക്കാറ്റി-

ന്നുള്ളിലീ ഹരിതക-

ശുദ്ധിയിങ്ങനെ വിടർ-

ന്നെരിയുന്നതായ് കാൺകേ

(സമ്മാനം)

ശുദ്ധി-അശുദ്ധി എന്നിങ്ങനെ വിപരീതദ്വന്ദ്വങ്ങളായും ഇവ പ്രത്യക്ഷപ്പെടുന്നുണ്ട്. ഹരിതകം ജലസാന്നിധ്യത്തിന്റെ അടയാളമാണ്. മണലാരണ്യത്തിലെ പച്ചപ്പ് പ്രതീ

ക്ഷയുടേയും ജലസാന്നിധ്യത്തിന്റെയും ലക്ഷണവും. മണൽക്കാട് തിന്മയുടെയും നഗരത്തിന്റെയും ഹരിതകം നന്മയുടെയും ഗ്രാമത്തിന്റെയും ബിംബങ്ങളാണ്. ജലാശയങ്ങളോടുള്ള ഈ ഭ്രമം നീലനിറത്തിനോടുള്ളതായി മാറുന്നുണ്ട്.

നോവിൻകരിയും വിസ്മയമാളും
മഞ്ഞയും, ആഹ്ലാദത്തിൻ
നീല, തെളിഞ്ഞ മനസ്സിൻ വെണ്മയും
ആകെ ഒലിച്ചേ പോകേ

(പേരില്ല)

നീല ഇവിടെ ആഹ്ലാദത്തിന്റെ നിറമാണ്. നീലനിറം ജലാശയത്തോടുബന്ധപ്പെടുത്തി ഉപയോഗിക്കാറുണ്ട്. കുട്ടനാടിന്റെ ഭൂപ്രകൃതി ജലാശയങ്ങൾ നിറഞ്ഞതാണ്. ആഹ്ലാദം നീലനിറവുമായി ബന്ധപ്പെടുമ്പോൾ അത് ജലാശയത്തോടുകൂടി ബന്ധപ്പെടുന്നു. *ഊറ്റം* എന്ന കവിതയിൽ ഈ നീലനിറവും കാമുകിയുടെ മിഴികളും ആഹ്ലാദത്തിന്റെ ഇടങ്ങളായി കടന്നുവരുന്നുണ്ട്.

എത്ര മണൽക്കാടു താണ്ടിക്കുഴഞ്ഞൊരെൻ
കല്പനതൻ മാൻകിടാങ്ങൾ കണ്ടെത്തിയ
നിത്യനിരന്തരശാദ്വലമീ നീല-
നീലമിഴികളിലൂറ്റമാളുന്നു ഞാൻ !

(ഊറ്റം)

കാമിനിയോടുള്ള ആത്മഗതമായി വായിക്കാമെങ്കിലും ദേശബോധത്തോടു ബന്ധിപ്പിച്ച് വായിക്കുമ്പോഴും പുതിയ അർഥമാനം കൈവരിക്കുന്ന തരത്തിലാണ് ഈ കവിതയുടെ രചന. ഇവിടെ ശാദ്വലമിഴി കുട്ടനാടിന്റെ പ്രതീകമായി കണക്കാക്കാം. മണൽക്കാടുതാണ്ടിക്കുഴയുന്ന ഭാവന ക്ഷീണിച്ചു ചെന്നെത്തുന്നത് ശാദ്വലനീലയായ കുട്ടനാട്ടിലാണ്. അതിൽ കവി ഊറ്റംകൊള്ളുന്നുമുണ്ട്.

സന്തോഷത്തിൽനിന്ന് സങ്കടത്തിലേക്കുള്ള അവസ്ഥാമാറ്റങ്ങൾ ചിത്രീകരിക്കാനും ഈ ബിംബങ്ങൾതന്നെ ഉപയോഗിക്കുന്നു.

പണ്ടു പുഴയൊലിച്ചുള്ളേടം
വെള്ളമണൽ പൊന്തിക്കാണുന്നു.
ഇരുളല്ല, തിരയല്ല, പാരെങ്ങും
പെരുതഴലേതോ പരക്കുന്നു.

(ഇടശ്ശേരിയുടെ ഓർമ്മ)

യാത്രകളിലെല്ലാം അവസാനം എത്തിച്ചേരേണ്ട ഇടമായി കവിതയിൽ ചിത്രീകരിക്കുന്നത് ജലസമൃദ്ധമായ പ്രദേശമാണ്.

മേടുകൾ മണലാഴികൾ താണ്ടിയ
വേരില്ലാക്കഴലോടേ
ഒരുവിധമീ നാട്ടുവെളിച്ചം
പെരുവഴിവക്കിലൊലിക്കേ

(ഒരു ക്രിസ്മസ് ഗാനം)

ജീവന്റെ സാന്നിദ്ധ്യം പരിമിതമായ ഇടമാണ് മണലാരണ്യം. ജൈവികമായ ചുറ്റുപാടുകളിൽ മാത്രമേ മനുഷ്യന് വേരുകളുള്ളൂ. അതുകൊണ്ടുതന്നെ മണലാഴികളിലൂടെയുള്ള യാത്ര വേരില്ലാക്കഴലുകളോടെയാണ്. ഈ മണലാഴി നഗരത്തിന്റെ പ്രതീകമാണ്. നഗരങ്ങളിൽ ബന്ധങ്ങൾ പരിമിതമായിരിക്കും. അപരിചിതത്വത്തിന്റെയും ഉപഭോഗതൃഷ്ണകളുടെയും മരുഭൂമിയാണത്. ഇത്തരം ഇടങ്ങളിൽനിന്നാരംഭിക്കുന്ന യാത്രകൾ അവസാനം എത്തിച്ചേരുന്നത് നാട്ടുവഴിയുടെ വക്കിലാണ്. ഒലിക്കുക എന്ന പദം വരികളിൽ ജലസാന്നിധ്യം കൊണ്ടുവന്നിരിക്കുന്നു

മണ്ണുലർന്നുദ്ഗന്ധ-
    മായ താഴ്വാരങ്ങളിൽ

ചെന്നുചേരുമോ നമ്മൾ

ഒരുനാൾ യാത്രാന്ത്യത്തിൽ ?

(ബാല്യദർശനം)

ശുഭപര്യവസാനിയായ ഒരു യാത്രയുടെ സ്വപ്നം ഈ വരികളിലുണ്ട്. മണ്ണുലർന്നു ദ്ഗന്ധമായ താഴ്വാരം കുട്ടനാടൻ വയലേലകളാണ്.

കരയ്ക്കുള്ളതെക്കാൾ കയത്തിൽസ്സുഖം,ചോ-

ടുറയ്ക്കുന്നതെക്കാൾ ഒലിക്കുന്നതിമ്പം.

എനിക്കില്ല തെല്ലും കുലുക്കം, കഴൽക്കീ-

ഴരിക്കട്ടെ പാഴ്മണ്ണു; ഞാനെന്ന രാഗം

ഒരാധാരശാന്തശ്രുതിക്കൊത്തു പൊന്തി-

പ്പടർന്നും ചുഴിപ്പെട്ടും ഓളങ്ങളിൽക്കേ-

ണുലഞ്ഞും തടംചേർന്നു ചാഞ്ഞും നിലയ്ക്കാ-

തലഞ്ഞാഴി പൂകുന്നതാം ആദിമൗനം !

(നീരാട്ട്)

കര, വരൾച്ച, നഗരം എന്നിവയെല്ലാം ആധുനികതയുടെ പ്രതിനിധാനങ്ങളായാണ് കവിതയിൽ കടന്നുവരുന്നത്. കര ആധികാരികമായി അളന്നുതിട്ടപ്പെടുത്തിയതും കൃത്യമായ പരപ്പളവും ചുറ്റളവുമുള്ളതുമായ ഇടമാണ്. അത് ആധുനികതയുടെ ജ്ഞാനയുക്തിക്കും ഭരണകൂടത്തിന്റെ സർവേക്കും വഴിപ്പെട്ട ഒന്നാണ്. ജലത്തിന് താരതമ്യേന ഗണനക്ഷമത കുറവാണ്. അത് ഇളക്കമുള്ളതും വഴക്കസ്വഭാവ ത്തോടു കൂടിയതുമാണ്. അതുകൊണ്ട് ദേശത്തെ പ്രതിനിധാനം ചെയ്യാൻ കഴി യുക ജലത്തിനാണ്. ജലത്തെപ്പോലെത്തന്നെ ദേശവും വഴക്കസ്വഭാവമുള്ളതാണ്. ദേശത്തിലെ നിയമങ്ങൾ, നാട്ടുവഴക്കങ്ങൾ, ജൈവിക ഇടങ്ങൾ, നീതിന്യായങ്ങൾ, ബന്ധങ്ങൾ എന്നിവയെല്ലാം ചലനാത്മകമാണ്. ദേശം അതുൾക്കൊള്ളുന്ന സസ്യജ ന്തുജീവജാലങ്ങൾ, ഭൂപ്രകൃതി, ജനജീവിതം എന്നിവയുടെയെല്ലാം ആകെത്തുക

യാണ് എന്നിരിക്കെ ഇവ മാറുമ്പോൾ ദേശസ്വത്വവും മാറുന്നു. ദേശത്തേക്ക് കര കടന്നുവരുമ്പോൾ അത് വരൾച്ചയാവുന്നു. കര ഈ കവിതയുടെ ആഗ്രഹലോകം നിരസിക്കുന്ന ഇടമാണ്. ആ നിരാസം ആധുനികതയുടെ കടന്നുകയറ്റത്തിന്റെ നിരാസം കൂടിയാണ്. അത് കടന്നുവരുന്നത് ജൈവസമ്പത്തിനെയും പ്രകൃതിഭംഗി യെയും തനതായ ജീവിതവ്യവസ്ഥകളെയും നിരാകരിച്ചുകൊണ്ടാണ്.

**ഉർവരത**

കാർഷികവൃത്തികൾ വർണിക്കുമ്പോൾ മണ്ണും പെണ്ണും തമ്മിലുള്ള താദാത്മ്യം പല കവിതകളിലും കാണാനാവും. കലപ്പയും ഉഴവും രതിയുടെ പ്രതീ കങ്ങളാണ്.

വേനലായ്; ഇലകാഞ്ഞ
ചുടുഗന്ധത്തിൻ മദ-
ശീകരം ചുരത്തിക്കൊ-
ണ്ടലയും തെക്കൻകാറ്റേ !
കന്യയാമിളമണ്ണിൻ-
ചേതന സീരക്ഷത-
മന്മഥക്രീഡോന്മാദ-
മൂർച്ഛയിൽത്തുടിച്ചതും

(ദിലീപൻ)

കന്നുപൂട്ടി വിത്തിടുന്നതിനെ രതിയുമായി ബന്ധിപ്പിച്ചിരിക്കുന്നു. കന്യയായ ഇളമണ്ണ്, സീരക്ഷതം, മന്മഥക്രീഡോന്മാദം, മൂർച്ഛ, തുടിക്കുക എന്നീ പദങ്ങ ളൊക്കെ വയൽ ഉഴുതുമറിച്ചു വിത്തിടുന്നതല്ല, മറിച്ച് ഒരു രതിക്രീഡയെയാണ് ഓർമിപ്പിക്കുക. ഉർവരത ജീവശാസ്ത്രപരമായ തുടർച്ചക്ക് അനിവാര്യമാണ്. മണ്ണിനെ സ്ത്രീയായി ഉപമിക്കുന്നത് മറ്റു കവിതകളിലും കാണാവുന്നതാണ്.

കുതിരയുയർത്തിയ കാലുകൾ താഴ്ത്തീ,രാജനിറങ്ങുമ്പോൾ
കുതിർന്ന മണ്ണിനുമിക്കിളിവന്നോ പാദുകയമരുമ്പോൾ ?

(കാട്ടിലൊരു വിഗ്രഹം)

മാമലനിരയുടെ മടിയിൽക്കരിമുകിൽ കളിപൂണ്ടിഴയുന്നൂ,
ചാരെ മുളങ്കാടുലയും ഘർഘരനാദവുമുയരുന്നൂ

(കാട്ടിലൊരു വിഗ്രഹം)

*ആദമും ദൈവവും* എന്ന കവിതയിലും കർഷകനും മണ്ണും തമ്മിലുള്ള ബന്ധത്തെ സ്ത്രീപുരുഷ ബന്ധമായിട്ടാണ് എഴുതുന്നത്.

എങ്കിലും കാലം പോകേ,
നിൻതഴമ്പണിവേർപ്പാൽ
ഉർവ്വരയിളാദേവി-
യാൾ രജസ്വലയാകേ,
മൃദുമോഹത്തിൻനാമ്പു
നീട്ടിയും പ്രതീക്ഷാശ്രു-
പുളകം വിടർത്തിയും
തൃപ്തിതൻ ഫലം വായ്ച്ചും

(ആദമും ദൈവവും)

മലനിരകൾക്കും സ്ത്രീയുടെ മാറിടത്തിനും തമ്മിൽ സാമ്യമുണ്ട്. കളിപൂണ്ടിഴയുന്ന കരിമുകിൽ രതിക്രീഡയെ ഓർമിപ്പിക്കുന്നതോടൊപ്പം കർഷകരുടെ പ്രതീക്ഷ കൂടിയാണ്. സ്ത്രീയുടെ മാറിടം മനുഷ്യശിശു പാനംചെയ്ത് വളരുന്നതുപോലെ കരിമുകിൽ വർഷിക്കുന്ന ജലം സർവചരാചരങ്ങളെയും തളിർപ്പിക്കുന്നതാണ്. *മഞ്ഞിലെ രശ്മി* എന്ന കവിതയിൽ

...കൈപ്പെട്ടു

വഴുതിപ്പോകും രമ്യ-

രാഗങ്ങൾ, കരുത്തെന്നു

കരുതിത്തരിശിട്ട

കാമത്തിൻ കോൾപ്പാടങ്ങൾ...

ഇതുമാത്ര, മീ നീറ്റം

മാത്രമോ വാഴ്‌വിൽ കൊയ്യും

ചിരസമ്പാദ്യം ?

(മഞ്ഞിലെ രശ്മി)

എന്നു ചോദിക്കുന്നുണ്ട്. വഴുതിപ്പോകുകയോ അടക്കിവെക്കുകയോ ചെയ്യുന്ന അനുരാഗം തരിശിട്ട കാമത്തിന്റെ കോൾപ്പാടങ്ങളാണ് എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ അടക്കിവച്ച കാമവും തരിശിട്ട പാടവും തമ്മിൽ ഒരു ചാർച്ച കൈവരുന്നുണ്ട്. ഉർവരമായതെന്തും പ്രണയത്തോടും കാമത്തോടും സ്നേഹത്തോടും കൂട്ടിവായിക്കാവുന്ന എഴുത്തായി മാറുന്നു.

## കാർഷികസംസ്കൃതി

കാർഷികസംസ്കൃതിയും ഈ കവിതകളിലെ ഭാഷയെയും ഭാവുകത്വത്തെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

ഒരു ചെറുവാക്കിൽ മുളച്ചോരത്ഭുത-

മീരില വീശിപ്പൂത്തും, കായ്ച്ചും,

ഗഗനതടങ്ങളിലെന്നാത്മാവിൽ

കൊടുവെയിൽ വീഴുമിടങ്ങളിലെല്ലാം

നവപല്ലവദളമർമ്മരശീതള-

മാധുരിചെയ്തു വളർന്നിതുദാരം!

(ജയഭേരി)

കാർഷികസംസ്കൃതി കവിതയുടെ ചൈതന്യമായി മാറുന്നതിനെക്കുറിച്ച് കവി ഇങ്ങനെ പറയുന്നു

> *കാർഷികസംസ്കൃതി നമ്മുടെ സംസ്കാരത്തിന്റെ അടിസ്ഥാന മാണ്. പ്രകൃതിയുമായുള്ള മനുഷ്യന്റെ പ്രാഥമികബന്ധം കൃഷിയാ ണ്. അത് കാർഷികസംസ്കൃതിയായി മാറുന്നു. പ്രകൃതിയുമായുള്ള മനുഷ്യന്റെ മാനസികബന്ധമാണ് കവിത. ഇത് കാവ്യസംസ്കൃതി യായി മാറുകയും ചെയ്യുന്നു. കാവ്യസംസ്കാരവും കാർഷികസം സ്കാരവും ഉന്നതനിലയിലെത്തുമ്പോഴാണ് സംസ്കാരത്തിന്റെ സുവർണദശ സംഭവിക്കുന്നത്.*[15]

തുടർന്ന് പ്രകൃതിയോട് ചേർന്നുപോകുന്നതാണ് സംസ്കാരമെന്നും പ്രകൃതിയോട് വാളോങ്ങിനിൽക്കുന്നതാണ് പരിഷ്കാരമെന്നും പറയുന്നു.

മണമുതിരുംമണ്ണാമെൻ
ഉടലിതിലേ മുഴുകാവൂ!
രുചിയൂറും ജലമയമെൻ
നിണമിതിലേ കലരാവൂ !

(കുളിർകാറ്റും കൂരിരുളും)

നിന്നാത്മാവിതുതന്നേ, മാനവ !
മണ്ണിലുടക്കിയ വാസനയാൽ
ഇന്നിയുമുണ്ടാം ഏറെയമാന്തം
വിണ്ണിൻനേർക്കു പറന്നുയരാൻ !

(മരം: ഒരു അന്യാപദേശം)

എങ്കിലും നമ്മിൽ മുഴങ്ങുന്നതിപ്പോഴെ-
ന്തംബരഗാംഭീര്യമല്ല, മണ്ണിൻ ലയം !

(മേഘമാർഗ്ഗങ്ങളിൽ)

ഈ വരികളിലെല്ലാം മണ്ണിനോടുള്ള ഒരു കർഷകന്റെ മമതയും വൈകാരികമായ അടുപ്പവുമാണ് സൂചിതമാവുന്നത്.

### കവിതയിലെ കാലം

കവിതയിലെ കാലബോധത്തെക്കുറിച്ച് വിശകലനം ചെയ്യുന്നതിനുമുമ്പ് കാലത്തെക്കുറിച്ചുള്ള ചില സങ്കൽപ്പങ്ങൾ പരാമർശിക്കേണ്ടതുണ്ട്.

### അനുഭവസിദ്ധമായ കാലം (Empirical time)

ഋതുക്കളും പ്രകൃതിമാറ്റവും ചന്ദ്രന്റെയും സൂര്യന്റെയും ഉദയാസ്തമയങ്ങളും കാലാതീതത്വത്തിന്റെ (Timelessness) ചെറിയതോതിലുള്ള പ്രകാശനമാണെന്ന് ഇന്ത്യൻ മനസ്സ് കൽപ്പനചെയ്തിരുന്നു. ഇതായിരുന്നു അനുഭവസിദ്ധമായ കാലത്തിന്റെ (Empirical time) അടയാളങ്ങൾ. ഈ ആനുഭവികകാലം തന്നെയാണ് വ്യവഹാരകാലമെന്നപേരിലും പ്രായോഗികകാലമെന്ന പേരിലും അവതരിക്കുന്നത്. പണ്ടുമുതൽക്കുതന്നെ ദിക്ക്(സ്ഥലം) കാലം എന്നീ പദങ്ങൾ രണ്ടു വ്യത്യസ്ത അർഥത്തിൽ ഉപയോഗിച്ചിരുന്നു. നാം പ്രത്യക്ഷണം ചെയ്യുന്ന ദിക്കും കാലവും ഒന്ന്. നമുക്ക് സങ്കൽപ്പിക്കാൻ കഴിയുന്ന സാങ്കൽപ്പികദിക്കും സാങ്കൽപ്പികകാലവും രണ്ടാമത്തേത്. നാം ജീവിക്കുകയും വിഹരിക്കുകയും ചെയ്യുന്ന ചില ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ അറിയാൻ കഴിയുന്നതാണ് പ്രത്യക്ഷണദിക്ക് (Perceptual space). അതുപോലെ രാവിലെ രാത്രി എന്നിങ്ങനെ നാമറിയുന്ന കാലമാണ് പ്രത്യക്ഷണകാലം. പ്രത്യക്ഷണം ചെയ്യാൻ കഴിയുന്ന ദിക്ക് കാലം എന്നിവയെ ആനുഭവികദിക്ക് ആനുഭവികകാലം എന്നു പറയുന്നു.[16]

### മാനസിക കാലം

മാനസികകാലം എന്ന സങ്കൽപ്പം നമ്മുടെ അനുഭവങ്ങളുടെയും ജീവിതചിന്തയുടെയും ഭാഷാദർശനത്തിന്റെയും സംയുക്തപ്രാർഥനയിൽനിന്ന് സ്വാഭാവിക

മായി ജനിച്ചതാണ്.[17] മാനസികകാലം പൂർണമായും ആത്മനിഷ്ഠമാണ്. സ്വതന്ത്ര മായ ഒരു മാനം കാലത്തിനില്ല. നമ്മുടെ മനോഭാവമനുസരിച്ച് കാലം ചുരുങ്ങുന്നു. കാലം പെരുകുന്നു. കാലബോധത്തെ നമ്മുടെ മനസ്സാണ് നിയന്ത്രിക്കുന്നത്. അതു കൊണ്ടാണ് വേദന അനുഭവിക്കുന്ന ഒരാൾക്ക് ഒരു രാത്രി ഒരു വർഷമായിത്തോ ന്നുന്നത്. ആഹ്ലാദത്തിന്റെ മധ്യത്തിൽ ഈ ദൈർഘ്യം കുറയുന്നു.[18]

കാലമെന്നത് മനസ്സിനെ അപേക്ഷിച്ചിരിക്കുന്നതുകൊണ്ട് മനസ്സുമാറുന്നതു പോലെ കാലഭാവനയും മാറും. സ്വപ്നത്തിൽ ചിലപ്പോൾ അനേകസംവത്സരം കഴിച്ചുകൂട്ടിയതായി തോന്നും. ചിലപ്പോൾ അനേകമാസങ്ങൾ ഒരു നിമിഷംപോലെ കഴിഞ്ഞതായി തോന്നും. അതെല്ലാം മനസ്സിനെ ആശ്രയിച്ചിരിക്കുന്നു. ചിലപ്പോൾ കാലത്തിന്റെ ഭാവനതന്നെയും ഇല്ലാതാകുന്നു. ദേശവും അതുപോലെത്തന്നെയാ ണ്. അതെന്താണെന്നു നമുക്കറിഞ്ഞുകൂടാ. അതുണ്ട് എന്നാൽ മറ്റൊന്നിനെ ആശ്ര യിച്ചല്ലാതെ അതുമാത്രമായിട്ടില്ലതാനും.[19]

## ജീവശാസ്ത്രപരമായ കാലം (Biological time)

ജീവിതചര്യയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഒരു ജൈവഘടികാരം എല്ലാ ജീവികളിലും പ്രവർത്തിക്കുന്നുണ്ട്. സ്വയം ചാവി നൽകുന്ന ഒരു ഘടികാരം നമ്മിലുണ്ട് (Body clock). ഈ ഘടികാരമാണ് ജീവശാസ്ത്രപരമായ കാലത്തെ അറിയിക്കുന്നത്. ഈ ശരീരഘടികാരം ഒരു ഏകദേശകാലത്തെ അിറിയിച്ചു കൊണ്ട് നമ്മുടെ ആന്തരികതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ജീവിതത്തിന്റെ തനതായ ചുറ്റുപാടിൽ അബോധപരമായി സ്വീകരിക്കപ്പെ ടുന്ന അറിവുകൾ സാഹിത്യത്തിലെ സ്ഥലകാലങ്ങളുടെ ആവിഷ്കാരങ്ങളെ സ്വാധീനിക്കുന്നുണ്ട്.

## കാലബോധം ആദിമജീവിതത്തിൽ

ആദിമമനുഷ്യന്റെ കാലബോധവും സ്ഥലബോധവും പരസ്പരം ബന്ധപ്പെ

ട്ടുകിടക്കുന്നവയായിരുന്നു. പ്രാദേശിക ചുറ്റുപാടുകളാണ് കാലത്തെക്കുറിച്ചുള്ള ധാരണകളെ ദൃഢമാക്കിത്തീർത്തത്. പ്രത്യേക കാലത്ത് പൂക്കുന്ന ചെടികളും വൃക്ഷങ്ങളും കാലത്തിന്റെ സാന്നിധ്യത്തെ അറിയിക്കാനുള്ള പ്രേരണയായി ത്തീർന്നു. ശിശിരവും ഹേമന്തവും വസന്തവും വേനലും വർഷകാലവും കാലപ്ര വാഹത്തെക്കുറിച്ചുള്ള ബോധം ആദിമമനുഷ്യനിൽ ഉണ്ടാക്കി.[20] ജീവിതത്തിന്റെ പരിണാമങ്ങളും ചുറ്റുപാടുമുള്ള പ്രകൃതിയിലെ മാറ്റങ്ങളും അവരിൽ ഉണർത്തിയ ചലനരൂപങ്ങളാണ് അവരുടെ കാലം. പ്രകൃതിയിൽനിന്നും ലഭിച്ച ചലനാനുഭവങ്ങ ളാണ് അവരിൽ കാലത്തെ സംബന്ധിച്ച ബോധമുണ്ടാക്കിയത്. ജനനമരണങ്ങൾ, ഉദയാസ്തമയങ്ങൾ, പകൽ, രാത്രികൾ, ഋതുക്കൾ, കാലാവസ്ഥകൾ മുതലായവ യിൽ സംഭവിക്കുന്ന ആവർത്തനം അവർക്ക് നിരന്തരാനുഭവമായിരുന്നു. ക്രമമായ ആവർത്തനത്തോടുകൂടിയ ഈ ചലനം വർത്തുളാകൃതിയിലുള്ള കാലരൂപം അവ രിൽ സൃഷ്ടിച്ചു.[21] അബോധപരവും അനിച്ഛാപരവുമായി പ്രകൃതിയിൽനിന്നു ലഭി ക്കുന്ന അനുഭവ ലോകമാണ് ദേശകാലബോധത്തെരൂപപ്പെടുത്തിയത്. മനുഷ്യനും പ്രകൃതിയുമായുള്ള പാരസ്പര്യമാണ് ഈ കാലബോധത്തെ നിർണയിച്ചത്. മഴയും മഞ്ഞും ഋതുക്കളും പൂക്കളും ചൂടും തണുപ്പും ഈ കാലാനുഭവത്തിന്റെ അനുഭവസാക്ഷ്യങ്ങളാണ്.

അനുഭവങ്ങൾ പ്രാദേശികമായതുകൊണ്ടുതന്നെ ഈ സ്ഥലകാലത്തിന്റെ ഉറവിടവും ജൈവിക പരിസരം തന്നെയാണ്. പ്രകൃതിയുമായി ഇഴുകിച്ചേർന്ന ജന തയുടെ ജ്ഞാനമണ്ഡലം വികസിച്ചുവന്നത് ജീവിത പരിസരത്തിൽ നിന്നായതു കൊണ്ട് പ്രകൃതി, ഋതുക്കൾ, അനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, ഉത്സവങ്ങൾ എ ന്നിവ കാലബോധത്തിന്റെ പ്രത്യക്ഷസാക്ഷ്യങ്ങളായി രൂപാന്തരപ്പെട്ടു. ഈ സമയ ബോധത്തിന്റെ നിർമിതിയിൽ കാർഷികവൃത്തിക്ക് പങ്കുണ്ട്. നിലമൊരുക്കുക, വി ത്തിടുക, ഞാറുനടുക, വെള്ളം തേവുക തുടങ്ങിയ കാർഷിക വൃത്തികൾ കാലത്തെ നിരന്തരം ഓർമിപ്പിച്ചുകൊണ്ടേയിരുന്നു. കാലം തെറ്റിയാൽ കൃഷി പിഴ ക്കുമെന്നും കാലമനുസരിച്ച് കൃഷിചെയ്യണമെന്നും കർഷകൻ അനുഭവംകൊണ്ട്

അറിഞ്ഞു. അവരുടെ കാലത്തെ ക്രമപ്പെടുത്തിയത് ഘടികാരങ്ങളായിരുന്നില്ല. ജൈവതാളങ്ങളായിരുന്നു.

## മലയാളിയുടെ കാലബോധം

മലയാളിയുടെ കാലനിർണയനത്തിൽ സ്ഥലത്തിന് വളരെ പ്രാധാന്യമുണ്ട്.. കേരളത്തിലെ സ്ഥലകാലസങ്കൽപ്പങ്ങൾ രൂപംകൊണ്ടത് ജൈവപ്രകൃതിയും മനുഷ്യരും തമ്മിലുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിലാണ്. മഴ മലയാളികളുടെ ജീവിതക്രമങ്ങളുടെയും ദേശകാലങ്ങളുടെയും ആധാരശിലയാണ്. മലകളിലെ മഴ പുഴകളെയും അരുവികളെയും ജലാശയങ്ങളെയും മാത്രമല്ല കാടുകളെയും ജീവിതരീതികളെയും സൃഷ്ടിക്കുന്നു. മഴ സൃഷ്ടിക്കുന്ന കുളങ്ങളുടെയും തോടുകളുടെയും അരുവികളുടെയും  പുഴകളുടെയും സമുച്ചയങ്ങളാണ് മലയാളക്കരയിലെ പാർപ്പിട വ്യൂഹങ്ങളെ ഉണ്ടാക്കുന്നത്. ഇത്തരം സ്ഥലാനുഭവങ്ങൾ മലയാളികളുടെ കാലബോധങ്ങൾ രൂപപ്പെടുത്തുന്നതിൽ പ്രധാനപങ്കുവഹിച്ചു.[22]

## കവിതയിലെ കാലബോധം

സ്ഥലത്തെ ആധാരമാക്കിയുള്ള ഒരു കാലബോധം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ പ്രവർത്തിക്കുന്നതു കാണാം. ഗ്രാമീണപരിസരവും പ്രകൃതിയും അധ്വാനവും താളവും ഋതുക്കളും ആഘോഷങ്ങളും കാലത്തെ അനുഭവങ്ങളുമായിബന്ധിപ്പിക്കുമ്പോൾ സ്ഥലം അനിവാര്യമായ ഘടകമായിമാറുന്നു.

കന്നികൾ പൂത്തു,
   കരിഞ്ഞുപോയ് മേടങ്ങൾ,
തണ്ണീർക്കുടങ്ങൾ
   കമിഴ്ത്തി വർഷാംഗന...

(ഒരുജനനം; ഒരു മരണം)

മകരമിഴിയിലെയാദ്യത്തേ
മഞ്ഞുനീർപോലെ കുളിരാർന്നും,

മേടത്താലിയാം കൊന്നപ്പൂ-
മോടി തിരണ്ട വടിവാർന്നും,
ചിങ്ങപ്പുലർച്ച കിഴക്കൻ പൂ-
മൊയ്ക വിടർത്തും തുടുപ്പാർന്നും,
മുങ്ങിക്കുളിച്ച തുലാമാസ-
പഞ്ചമിപോലെ നഖം ചേർന്നും,
ആർദ്രയുണർന്ന ധനു കേട്ട
രാക്കുയിൽപ്പാട്ടിൻ ലയം വാർന്നും

(കളിമ്പം)

മലവെള്ളത്താൽ മൂടി-
ക്കിടപ്പൂ പുഞ്ചപ്പാടം,
മിഥുനക്കണ്ണീരിങ്കൽ
മുങ്ങുന്നൂ പുലമാടം

(അന്നും ഇന്നും)

ഗ്രാമജീവിതത്തിന്റെ താളവുംലയവുമായി ബന്ധപ്പെട്ടാണ് കവിതകളിലെ കാലബോധം വികസിക്കുന്നത്. ഋതുക്കളുടെ വിന്യാസം കാലബോധത്തിന്റെ മാന ദണ്ഡങ്ങളാകുന്നുണ്ട്. കണിക്കൊന്ന, മഴ, പൂക്കാലം, മഞ്ഞ്, വരൾച്ച എന്നീ ഭൗതി കമാനങ്ങളാണ് കാലത്തെ അറിയിക്കുന്നത്. കണിക്കൊന്ന മേടത്തിന്റെയും മഞ്ഞ് മകരത്തിന്റെയും പൂക്കാലം ചിങ്ങത്തിന്റെയും ആർദ്ര ധനുവിന്റെയും സൂചനകളാ ണ്. പൂക്കാലം, മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിവ ഗ്രാമീണ ജീവിത വുമായി ബന്ധപ്പെട്ട ഏറ്റവും ലഘുവായ സമയഗണനയാണ്.

ആടമാറിയെടുക്കുമീ കളി-
യാടലെത്ര സുഖം ! -രാവിൻ
നീലവാർതുകിൽ, വെൺപകൽപ്പ-

ട്ടാട വീശിയെറിഞ്ഞു വീണ്ടും
വാരി മെയ്യിലണിഞ്ഞും, ഋതുനിര-
യുടെ യുഗചക്രങ്ങളൂടെയു-
മാടുവൻ ചിരജീവനർത്തന-
മെന്നെനിക്കു മതം.

(പുതിയകോടി)

യുഗചക്രങ്ങളിലൂടെയുള്ള ചിരജീവനർത്തനമാണ് ജീവിതം. ഋതുക്കൾ രാവുംപകലും നീലയും വെളുപ്പും ആടകൾ മാറിമാറി വാരിമെയ്യിലണിയുന്നു. ഋതു നിരകൾ യുഗചക്രങ്ങളിലൂടെ കറങ്ങിക്കൊണ്ടേയിരിക്കുന്നു. ഋതു എന്ന പദത്തിന് പ്രാകൃതിക സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംവത്സരത്തിനു കൽപ്പിക്കപ്പെടുന്ന വിഭാഗം എന്ന് ശബ്ദതാരാവലിയിൽ അർഥം പറഞ്ഞിരിക്കുന്നു.[23] ഋതുക്കൾ കാലത്തെ സ്ഥലവുമായി ബന്ധിപ്പിക്കുന്ന ഘടകങ്ങളാണ്. സ്ഥലങ്ങൾക്കനുസരിച്ച് ഋതുക്കൾക്ക് വ്യത്യാസം സംഭവിക്കുന്നുണ്ട്. കൂടാതെ അവ ചാക്രികമായ കാല ത്തിന്റെ പ്രതിരൂപങ്ങൾ കൂടിയാണ്. ഇടവപ്പാതിമുതൽ ഇടവപ്പാതിവരെ, ഓണം മുതൽ ഓണം വരെ, വിഷു മുതൽ വിഷു വരെ ഇങ്ങനെ ഋതുക്കൾ ഒരു ചാക്രിക കാലത്തെ പിൻതുടരുന്നു. സ്ഥലപരമായ ഈ കാലബോധം പ്രകൃതിയും ജീവിത വുമായി ബന്ധപ്പെട്ടതാണ്. പ്രകൃതിയുടെ താളം തന്നെയാണ് കാലത്തിന്റെ പ്രത്യ ക്ഷസാക്ഷ്യങ്ങളാവുന്നത്.

ഋതുക്കൾക്ക് ഒരു താളക്രമമുണ്ട്. ഇത് ജീവിതത്തിന്റെ താളക്രമമാണ്. താളം രൂപപ്പെടുന്നത് സമയത്തെ ആധാരമാക്കിയാണ്. നിശ്ചിത ഇടവേളകളിൽ കൃത്യമായും ക്രമമായും ആവർത്തിക്കപ്പെടുന്നതാണ് താളം. ഇത് പ്രപഞ്ചത്തിന്റെ ചലനവ്യവസ്ഥയാണ്. മൃഗങ്ങളുടെയും പക്ഷികളുടെയും സസ്യങ്ങളുടെയും ചലന ങ്ങൾക്കും ഒരു താളമുണ്ട്. സാങ്കേതികമായ അർഥത്തിൽ താളം സമയത്തിന്റെ ഘടകമാണ്. ഒരു പ്രവൃത്തിയുടെ അഥവാ ക്രിയയുടെ നിർവഹണത്തിനു വേണ്ടിവ രുന്ന സമയത്തിന്റെ അളവുകോലാണ് താളം. ഒരു ക്രിയ നിർവഹിക്കാൻ വേണ്ട

സമയത്തെ ഒരു താളവട്ടം എന്നുപറയുന്നു.[24] പ്രകൃതിയിലെ സർവചരാചരങ്ങളും ഈ കാലബോധത്തെ പിൻപറ്റുന്നുണ്ട്. ഈ താളക്രമം കവിതയുടെ ആന്തരികതയിൽ ദർശിക്കാവുന്നതാണ്.

അലയുന്നേനവശൻ,കാല-
സ്ഥലികളിൽ ഞാൻ നിന്നെത്തേടി:
നടവഴിയിൽചുറ്റിത്തിരിയുക-
യല്ലല്ലീയവനിയുമൊപ്പം ?

(പ്രതീക്ഷ)

-ഒക്കെയുമർഥശൂന്യമാ;-
ണൊക്കെയുമാവർത്തനം

(സുകൃതം)

ജീവികൾ(ഇതളു വിടർന്നും വീണ്ടും
വാടിയടിഞ്ഞും മൊട്ടിട്ടും പല-
തീവിധം)ആവർത്തനപരിപാടിക-
ളൂടേ ചക്രഭ്രമണം ചെയ്കേ

(ബോധോദയം)

ആവട്ടെ-വേറിട്ടു പോംവഴിയില്ലാത്ത
യാനമിതേ, ദീർഘശുഷ്കം ആവർത്തനം !
ഇച്ചക്രമൊന്നു പിന്നാക്കം തിരിക്കുവാൻ
ഇച്ഛയോടൊപ്പം കരുത്തുമാർന്നെങ്കിൽ ഞാൻ.

(അതിർത്തിയിലേക്ക് ഒരു യാത്ര)

എന്നും പുറപ്പെടുമെൻ യാത്രയൊക്കെയും
നിന്നിലേക്കെത്തുകയാകുന്നു.

(നിനച്ചിരിക്കാതെ)

ചുറ്റിത്തിരിയൽ, ആവർത്തനം, പുറപ്പെട്ടിടത്തുതന്നെ തിരിച്ചെത്തൽ, ചക്രഭ്രമണം, വലംവയ്ക്കൽ എന്നീ വാക്കുകൾ ചാക്രികക്രമത്തെ ധ്വനിപ്പിക്കുന്നുണ്ട്. വിഷ്ണു നാരായണൻ നമ്പൂതിരിയുടെ കവിതകളിലെ കാലബോധം ഒരു ചാക്രികക്രമത്തെ യാണ് പിൻപറ്റുന്നത്. കവിയെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ നൈര ന്തര്യം മൃത്യുവിലവസാനിക്കുന്നില്ല. വീണ്ടും ഉയർച്ചയിലേക്കും ചെയ്തുതീർത്ത അനുഷ്ഠാനങ്ങളിലേക്കും തുടരെത്തുടരെ കയറിയിറങ്ങലാണ് ജീവിതം. പാഴ്വേല കളിൽനിന്നുപോലും മുക്തികിട്ടാത്തവിധം ബന്ധിതമാണത്. ഋതുചക്രങ്ങളുടെ നൈരന്തര്യം മനുഷ്യജീവിതത്തിലും കവി ദർശിക്കുന്നു.[25]

**ജലവും കാലവും**

കാലത്തെ ജലാശയവുമായി ബന്ധിപ്പിക്കാൻ കഴിയുന്നത് ജൈവപരിസര ത്തിന്റെ സ്വാധീനം കൊണ്ടാണ്. ജലസമൃദ്ധമായ പ്രദേശമാണ് കുട്ടനാട്. കുള ങ്ങളും കായലുകളും നദികളും ജലസമൃദ്ധമായ പാടവും നിറഞ്ഞത്. അതുകൊ ണ്ടുതന്നെ മഴയും തോടും കുളവും പുഴയും കവിതയിലെ ജൈവപരിസരത്തെ അഗാധമായി സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

-ഇന്നദിപോലെ കുതിപ്പൂകാലം:
ഞാനിതിൽ മിന്നിയൊരല;

(നിഷാദപർവ്വം)

നിലവിട്ടു പകച്ചേ നില്പൂ
നീരുറവറ്റൊരു മിഴിയെല്ലാം:
ഉഴലുകയാണവയിലൊഴുക്കിൻ
ഗതിമുട്ടി നിലയ്ക്കും സമയം !

(അഭിമന്യുവിന്റെ അമ്മ)

ചാലുകൾ-എല്ലാമെല്ലാം
ഈ മഹാപ്രവാഹത്തിൻ

ലീലകൾ ! നാമീ വിദ്യു-

ച്ഛക്തിക്കു ലോഹക്കമ്പി !

(പുതുമുദ്രകൾ: ഒരാത്മഗതം)

അനാദിയായ കാലപ്രവാഹത്തിന്റെ പ്രതീകമാണ് നദി. നദികളുടെ ഉള്ള ടക്കം ജലമാണ്. ജീവന്റെ സ്രോതസ്സാണ് ജലം. മനുഷ്യസംസ്കാരങ്ങളെ പോറ്റിവ ളർത്തിയ നദിയാണ് കാലം. ജലം നീരാവിയായി വീണ്ടും മഴയായി പുഴയാവുന്നു. മഴ-പുഴ-നീരാവി-വീണ്ടും മഴ എന്ന ഈ പ്രക്രിയ ചാക്രികമായ അനുഭവത്തിന്റെ പ്രതിനിധാനം കൂടിയാണ്.

**സമയമാപിനികൾ**

ഗ്രാമീണമായ സമയമാപനരീതികൾ പല കവിതകളിലും പരാമർശവിധേയ മാകുന്നുണ്ട്. ദീർഘമായ കാലയളവുകൾ കണക്കാക്കിയിരുന്നത് പ്രകൃതിയിലെ മാറ്റംകൊണ്ടായിരുന്നെങ്കിൽ നിഴലുകൾ അളന്നാണ് പണ്ട് പകൽസമയം കണക്കാ ക്കിയിരുന്നത്.

പൂവു വിരിഞ്ഞു പൊടിപൊന്തി-

പ്പാറും പതിറ്റടി വെയ്‌ലാകേ

(വഴിയില്ലാവഴി)

പടർവള്ളി കാലിൽ കുരുങ്ങുമ്പോൾ, ഇതാ

പകൽ വറ്റിവറ്റിത്താഴുമ്പോൾ

. . .

എൻനിഴലെൻനീളമാകുമ്പോൾ

പൊൻവെയിൽ ചാഞ്ഞുതണുക്കുമ്പോൾ

(വഴിയില്ലാവഴി)

വെയിലത്ത് നേരെ നിന്ന് തന്റെ നിഴലിന്റെ അറ്റം സ്പർശിക്കുന്ന സ്ഥലം വരെ കാലടികൾവച്ച് അളക്കുകയും അതിന്റെ എണ്ണം നോക്കി സമയം കണക്കാക്കുകയും ചെയ്തുവന്നിരുന്നു. ഉച്ചക്കുമുമ്പുള്ള നിഴലിനെ അകത്തടി എന്നും ഉച്ചക്കുശേഷമുള്ള നിഴലിനെ തിരിഞ്ഞടി എന്നും പറയും.[26] നിഴൽ ചായുക, നീളുക തുടങ്ങിയവയെല്ലാം സമയമാപിനികളാകുന്നത് ഗ്രാമപശ്ചാത്തലത്തിലാണ്. കാലത്തിന്റെ സംവേദനപരത പല കവിതകളിലും കടന്നുവരുന്നുണ്ട്.

കർക്കടകക്കരിനാളാകട്ടേ
പാഴ്മഞ്ഞു വീഴും ധനുവാട്ടേ
കാളുന്ന മീനച്ചൂടാട്ടേ

(പരദേശി)

മിന്നൽത്തീയിടിവാളിളക്കിയെഴുന-
ള്ളും വർഷയോദ്ധാവു, മാ-
ക്കന്നിപ്പൊൻ വെയിലാടചുറ്റി നടനം
ചെയ്തെത്തിടും വേനലും
തുമ്പപ്പൂത്തല ചെറ്റുകാട്ടുമളവേ
നാണിച്ചുപോം മഞ്ഞു, മി-
ങ്ങിമ്പം പൂണ്ടു നടിച്ചിടും കഥകളി-
യ്ക്കീയോണമാം നായികേ[27]

ഇന്ദ്രിയസംവേദനങ്ങളിൽക്കൂടിയാണ് കാലം കവിതയിൽ പ്രത്യക്ഷമാകുന്നത്. കരി കർക്കടകത്തിന്റെയും മഞ്ഞ് ധനുവിന്റെയും കാളുന്നചൂട് മീനത്തിന്റെയും അനുഭവങ്ങളാകുന്നു. വർഷയോദ്ധാവും കന്നിപ്പൊൻവെയിലാടയും തുമ്പപ്പൂത്തലയുമാണ് കാലത്തിന്റെ വരവറിയിക്കുന്നത്.

**ആന്തരികമായ കാലം**

എന്റെ നാളെയുമിന്നു-
   മിന്നലെകളും മഴ-
വില്ലിലെ നിറംപോലെ,
   നിറത്തിൽ ലയംപോലെ
                    (നിത്യശിശു)

ഇന്നലെയും ഇന്നും നിറം മാറിവരുന്നത് ബാഹ്യകാലത്തിന്റെ സ്വാധീനം കൊണ്ടുമാത്രമല്ല ആന്തരിക കാലത്തിന്റെ സ്വാധീനം കൊണ്ടുകൂടിയാണ്.

ഉദിക്കാൻ അസ്തമിക്കാനും
ആദിത്യൻ നിശ്ചയിക്കയാൽ
പകലും രാവുമുണ്ടാകു-
ന്നെന്നോ ചൊല്ലുന്നു നീ സഖേ ?
ശരിയാവാം-എനിക്കെന്നാൽ
ദിനരാത്രങ്ങൾതൻ ക്രമം
നിർണയിക്കുന്നതെന്തെന്നോ ?
തോഴിതൻ നീണ്ട കണ്ണുകൾ !
വിണ്ണിലെ സൂര്യബിംബത്തെ
വലംവച്ചണയുന്നതാം
വേനലും മഴയും പൂക്കാ-
ലവുമെന്നോ പറഞ്ഞു നീ ?
-ഒരാണ്ടു നീണ്ടഹേമന്തം
കണ്ടിരിക്കുന്നു ഞാനെടോ !
വസന്തം പിന്നെ മൊട്ടിട്ട-

തവൾതെല്ലു ചിരിക്കവേ !

(ഋതുക്കൾ: ഒരുപ്രണയഗാനം)

രാവും പകലുമുണ്ടാവുന്നത് ഉദയാസ്തമയങ്ങൾകൊണ്ടോ സൂര്യസാന്നിധ്യംകൊണ്ടോ ആണെങ്കിലും ആ മാനകസമയക്രമത്തെ നിരാകരിച്ചുകൊണ്ട് തോഴിയുടെ നീണ്ട കണ്ണുകൾ ദിനനിർണയത്തിന്റെ മാനദണ്ഡങ്ങളാകുന്നു. അതുപോലെത്തന്നെ പരിക്രമണം കൊണ്ടല്ല ഇവിയെ ഋതുഭേദങ്ങളുണ്ടാവുന്നത്. ഒരാണ്ടുനീണ്ട ഹേമന്തം അവസാനിച്ച് വസന്തം മൊട്ടിട്ടത് പ്രണയിനി ചിരിച്ചപ്പോഴാണ്.

മലവെള്ളത്താൽ മൂടി-
   ക്കിടപ്പൂ പുഞ്ചപ്പാടം,
മിഥുനക്കണ്ണീരിങ്കൽ
   മുങ്ങുന്നൂ പുലമാടം,
വളഞ്ഞുപുളഞ്ഞു നീർ-
   ക്കോലിപോൽ കാണാകുന്ന
വരമ്പിൽ കാൽ തെറ്റിയും
   കുനിഞ്ഞും നടക്കും ഞാൻ
എത്രവേഗമാ, ണോർമ
   തുഴയേ, പിന്നോക്കം പോയ്
എത്തിനില്ക്കുന്നേനെന്റെ
   ശൈശവഗ്രാമം തന്നിൽ !

(അന്നും ഇന്നും)

പഴയകാലത്തിലേക്കുള്ള തിരിച്ചുപോക്ക് ഓർമകളിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. ആ തിരിച്ചുപോക്കുതന്നെ പഴയകാലത്തിലേക്കുള്ളതല്ല. ആ കാലം

സാധ്യമാക്കിയ അനുഭവങ്ങളുടെയും സംവേദനങ്ങളുടെയും ഓർമകളിലേക്കാണ്. കേവലമായ കാലത്തിലേക്കുള്ള തിരിച്ചുപോക്ക് ഒരിക്കലും സാധ്യമല്ല.

ഗ്രാമ ജീവിതത്തിന്റെ താളവും ലയവുമായി ബന്ധപ്പെട്ടാണ് കവിതകളിലെ കാലബോധം വികസിക്കുന്നത്. ഋതുക്കളും അനുഷ്ഠാനങ്ങളും വിളവെടുപ്പും സമയബോധത്തിന്റെ മാനദണ്ഡങ്ങളായ, കൃഷി ഒരു സാംസാകാരികവ്യവസ്ഥയായ സമൂഹത്തിലെ കാലബോധമാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ കാണാൻ കഴിയുന്നത്. ഇത് നമ്മുടെ പാരമ്പര്യ ജ്ഞാനവ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്.

## കുറിപ്പുകൾ

1. എം. വി. വിഷ്ണുനമ്പൂതിരി, *ഫോക്‌ലോറും ജനസംസ്കാരപഠനവും* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008), പു. 12.

2. കെ. എൻ. പണിക്കർ, 'പ്രതിരോധചരിത്രരചനയുടെ സാധ്യതകൾ', *തെരെഞ്ഞെടുത്ത പ്രബന്ധങ്ങൾ*, പി. പി. ഷാനവാസ് (എഡിറ്റർ), (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2010), പു. 142–43.

3. കെ. എം. ഭരതൻ, 'പാരമ്പര്യവിജ്ഞാനവും തരംതിരിവിന്റെ രാഷ്ട്രീയവും', *നാട്ടുസംസ്കൃതിയുടെ നടവഴികൾ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015), പു. 70.

4. ജി. മധുസൂദനൻ, *കഥയും പരിസ്ഥിതിയും* (കറന്റ് ബുക്സ്, കോട്ടയം, 2001), പു. 14.

5. പി. കെ. രാജശേഖരൻ, *അന്ധനായ ദൈവം* (ഡി. സി. ബുക്സ്, കോട്ടയം, 2002), പു. 191–93.

6. കെ. എം. ഭരതൻ, 'തകഴികഥകളിലെ ദേശസംസ്കൃതി', *നാട്ടുസംസ്കൃതിയുടെ നടവഴികൾ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015), പു. 174.

7. കെ. ഇ. എൻ. കുഞ്ഞഹമ്മദ്, *പ്രണയം കവിത സംസ്കാരം* (ഫേബിയൻ ബുക്സ്, നൂറനാട്, 2005), പു. 18.

8. അയ്യപ്പപ്പണിക്കർ, 'തിണവ്യവസ്ഥയും രൂപമഞ്ജരിയും', *ഇന്ത്യൻ സാഹിത്യസിദ്ധാന്തം-പ്രസക്തിയും സാധ്യതയും* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999), പു. 114.

9. കെ. എം. ജോർജ്, *തമിഴ്സാഹിത്യം: സാഹിത്യചരിത്രം.* സാഹിത്യ അക്കാദമി, ന്യൂഡൽഹി, 1997), പു. 21–2.

10. കെ. എം .ഭരതൻ, 'നാട്ടുഭാഷയുടെ ചരമഗീതവും ഉണർത്തുപാട്ടുകളും', *നാട്ടുസംസ്കൃതിയുടെ നടവഴികൾ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015), പു. 96.

11. *ടി,* പു. 8.

12. വിഷ്നുനാരായണൻ നമ്പൂതിരി, *അപരാജിത* (ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്, കോട്ടയം, 1954), പു. 21–2.

13. പി. എം. ഗിരീഷ്, 'ആത്മകഥകളിലെ ഭാഷാമനോഭാവം', *തുടി,* ല. 2 (2014 ഏപ്രിൽ-ജൂൺ), പു. 25.

14. ടി. ശ്രീവത്സൻ, *ഹരിതഭാഷാവിചാരം* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013), പു. 22–3.

15. ആർ. ഭദ്രൻ, പി. വി. വിശ്വനാഥൻ നമ്പൂതിരി, 'മുഖത്തോടു മുഖം', വിഷ്ണുനാരായണൻ നമ്പൂതിരിയോടുള്ള അഭിമുഖം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (ഒക്ടോബർ 1995), പു. 14.

16. കെ. വേലായുധൻനായർ, *തത്ത്വചിന്ത* (ഡി. സി. ബുക്സ്, കോട്ടയം, 1985), പു. 32.

17. കെ. പി. അപ്പൻ, *സമയപ്രവാഹവും സാഹിത്യകലയും* (ഡി. സി. ബുക്സ്, കോട്ടയം, 1996), പു. 19.

18. *ടി,* പു. 17.

19. വിവേകാനന്ദൻ, *വിവേകാനന്ദസാഹിത്യസർവസ്വം* , 2–ാം ഭാഗം (ശ്രീരാമകൃഷ്ണാശ്രമം വിലങ്ങൻ, തൃശ്ശൂർ, 1962), പു. 178.

20. കെ. പി. അപ്പൻ, *സമയപ്രവാഹവും സാഹിത്യകലയും* (ഡി. സി. ബുക്സ്, കോട്ടയം, 1996), പു. 23.

21. സോമൻ നെല്ലിവിള, *സ്ഥലം കാലം ചെറുകഥ* (കറന്റ് ബുക്സ്, തൃശ്ശൂർ, 2013), പു. 226–27.

22. കെ എൻ ഗണേശ്, *മലയാളികളുടെ ദേശകാലങ്ങൾ* (റാസ്ബെറി ബുക്സ്, കോഴിക്കോട്, 2016), പു. 15.

23. ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള, *ശബ്ദതാരാവലി* (സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2011), പു. 402.

24. എ. എസ്. എൻ. നമ്പീശൻ, *താളങ്ങൾ താളവാദ്യങ്ങൾ* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2005), പു. 32.

25. കെ. എം. അനിൽ, 'സർഗാത്മകതയും വിവർത്തനവും', *പാന്ഥരും വഴിയമ്പലങ്ങളും* (പ്രോഗ്രസ് ബുക്സ്, കോഴിക്കോട്, 2016), പു. 75–6.

26. എം. വി. വിഷ്ണുനമ്പൂതിരി, *ഫോക്‌ലോറും ജനസംസ്കാരപഠനവും* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008), പു. 27.

27. വിഷ്ണുനാരായണൻ നമ്പൂതിരി, *അപരാജിത* (ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്, കോട്ടയം, 1954), പു. 79–80.

# അധ്യായം 4

# ദേശീയത: പ്രതിഫലനം പ്രതിനിധാനം

സ്വാതന്ത്ര്യാനന്തരം ഏതാണ്ട് ഒരു പതിറ്റാണ്ടിനുശേഷമാണ് വിഷ്ണുനാരായണൻ നമ്പൂതിരി കാവ്യരചനയാരംഭിച്ചത്. ഒരു സ്വതന്ത്രരാഷ്ട്രം എന്ന നിലയിൽ ഇന്ത്യൻ ഭരണകൂടത്തിന്റെ ദേശനിർമാണ പദ്ധതികൾ പ്രവർത്തനനിരതമായ കാലത്ത് എഴുതപ്പെട്ടവയെന്ന നിലയിൽ ഈ കവിതകൾക്കുള്ള പ്രാധാന്യം സവിശേഷമാണ്. സ്വാതന്ത്ര്യാനന്തര ദേശീയതയുടെ സങ്കൽപ്പനങ്ങളുടെയും പ്രവർത്തന പദ്ധതികളുടെയും പ്രതിനിധാനങ്ങളും പ്രതിഫലനങ്ങളുമെന്ന നിലയിൽ കവിതകളെ വിശകലനം ചെയ്യാൻ എഴുതപ്പെട്ട കാലത്തിന്റെയും പ്രമേയപരമായ കാലത്തിന്റെയും അനുഭൂതികളുടെയും അനുഭവങ്ങളുടെയും പ്രതിനിധാനങ്ങളെന്ന നിലയിൽ പ്രാധാന്യമുള്ള കവിതകളാണ് ഉപയോഗിച്ചിരിക്കുന്നത്.

സ്വാതന്ത്ര്യാനന്തര ദേശീയതയുടെ സ്വഭാവത്തെ സച്ചിദാനന്ദൻ ഇങ്ങനെ രേഖപ്പെടുത്തുന്നു:

> *സ്വാതന്ത്ര്യ സമ്പാദനോത്തരകാലഘട്ടത്തിൽ ഇന്ത്യയുൾപ്പടെയുള്ള നാടുകളിലെ ഭൂരിപക്ഷം ജനങ്ങൾക്കും തങ്ങൾ വഞ്ചിതരായി എന്ന് ബോധ്യപ്പെട്ടതാണ് ഒന്ന്. ഒരു സവർണ ഉപരിവർഗ പുരുഷ വിഭാഗമാണ് തങ്ങളെ ഭരിക്കുന്നതെന്നും അവരുടെ ദേശീയതാസങ്കല്പം തങ്ങളുടേതിൽനിന്നു വ്യത്യസ്തമാണെന്നും അവർണർക്കും കീഴ്‌വർഗങ്ങൾക്കും സ്ത്രീകൾക്കും മത-വംശ-ലൈംഗിക ന്യൂനപക്ഷങ്ങൾക്കും മനസ്സിലായതോടെ ദേശീയതയെ ഭാവനചെയ്യുന്ന ഭിന്നരീതികൾ തമ്മിൽ ഏറ്റുമുട്ടാനാരംഭിച്ചു. ഒപ്പം തന്നെ ഫെഡറൽ ഘടനയുടെ അപചയം പ്രാദേശികതകളുടെ ഉയിർത്തെഴുന്നേല്പിലേക്കു നയിച്ചു. ഏകമുഖവും ഏകശിലാരൂപ*

> *വുമായി തോന്നിപ്പിച്ചിരുന്ന പ്രതിരോധത്തിന്റെ ആഭ്യന്തര വൈവിധ്യവൈരുദ്ധ്യങ്ങൾ പുറത്തുവന്നതോടെ പ്രതിരോധം ബഹുമുഖവും ബഹുരൂപിയുമായി. പ്രതിരോധം ആഭ്യന്തര അധിനിവേശമായി ത്തോന്നിച്ച പുത്തൻ അധീശശക്തികൾ നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങൾ, അധിനിവേശത്തിന്റെ നവരൂപരങ്ങൾ-ഇവയിലേക്കു തിരിഞ്ഞു. ദേശീയതയും പ്രാദേശികതകളും തമ്മിലും, പുരുഷമേധാവിത്വവും സ്ത്രീസ്വത്വബോധവും തമ്മിലും, ഭൂരിപക്ഷസമുദായത്തിന്റെ ദേശീയതാസങ്കല്പവും ന്യൂനപക്ഷങ്ങളുടെ ജനാധിപത്യാവകാശബോധവും തമ്മിലും, നഗരവൽക്കരണവും ഗ്രാമീണസമുദായങ്ങളും തമ്മിലും, വൻവികസനമാതൃകയും ബദൽ വികസന സങ്കല്പങ്ങൾ തമ്മിലും, പ്രതിലോമ പൗരോഹിത്യ ശക്തികളും ജനസാമാന്യവും തമ്മിലും, എതിർലിംഗാഭിമുഖമായ ലൈംഗികതയും സ്വലിംഗ-ദ്വിലിംഗാഭിമുഖ്യവും തമ്മിലും, മൂലധന ഉടമകളും അധ്വാനിവർഗവും തമ്മിലും, ഭരണകൂടവും പൗരാവകാശവും തമ്മിലും ജനാധിപത്യത്തിൽ തങ്ങളുടേതായ ഇടമന്വേഷിച്ചുള്ള സംഘർഷങ്ങൾ വർധിച്ച ഒരു കാലഘട്ടമാണ് സ്വാതന്ത്ര്യസമ്പാദനത്തിനുശേഷമുള്ള വർഷങ്ങൾ. കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തെ ഇന്ത്യൻ ആഖ്യാനസാഹിത്യം മുഴുവൻ ഈ പുതിയ സംഘർഷങ്ങളുടെയും അഭിവാഞ്ഛകളുടെയും ആവിഷ്കാരം കൂടിയാണ്.*[1]

ആഖ്യാനത്തിന്റെ എല്ലാ അടരുകളിൽനിന്നും ദേശീയതയുടെ ഉള്ളടക്കത്തെ വായിച്ചെടുക്കാനും എല്ലാ കവിതയും ദേശീയതയുടെ വിവക്ഷകൾ ഉത്പാദിപ്പിച്ചു കൊണ്ട് വായിക്കാനുമാവും. ആഖ്യാനം ഉൾക്കൊള്ളുന്ന സ്ഥലകാലങ്ങളിൽ സ്ഥൂലമോ സൂക്ഷ്മമോ ആയ ദേശീയഭാവങ്ങൾ ഇല്ലാതെ വരില്ല.[2] അതുകൊണ്ടു തന്നെ എല്ലാ ആഖ്യാനങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ദേശീയതയെ പ്രതിനിധാനം ചെയ്യുന്നുണ്ട്.

## ദേശീയത : ഉൾച്ചേരലിന്റെ സംഘർഷങ്ങൾ

സ്വാതന്ത്ര്യാനന്തര ദേശീയതയുടെ പ്രധാന സ്വഭാവം സ്വാതന്ത്ര്യ പൂർവസങ്കൽപ്പവും സ്വാതന്ത്ര്യാനന്തരയാഥാർഥ്യവും തമ്മിലുള്ള സംഘർഷമായി രുന്നു. ഈ സംഘർഷം ഇന്ത്യ എന്ന വികാരവും ഇന്ത്യ എന്ന യഥാർഥ രാഷ്ട്രസ്വ ത്വവും തമ്മിലുള്ളതായിരുന്നു. ഇവ തമ്മിലുള്ള അകൽച്ച സ്വാതന്ത്ര്യാനന്തരം രാഷ്ട്രമെന്ന ആശയത്തോടുതന്നെ ഉഭയഭാവം സൃഷ്ടിച്ചു. സ്വാതന്ത്ര്യാനന്തര സമൂഹങ്ങളിലെ(Post-colonial societies) പൗരന്മാർ നിത്യജീവിതത്തിൽ ഈ ഉഭയ ഭാവമറിയുന്നത് വിവിധ ശക്തികൾ തമ്മിലുള്ള സംഘർഷങ്ങളായിട്ടായിരുന്നു. സാമൂഹ്യബന്ധങ്ങൾ നൽകുന്ന സാന്ത്വനവും വർഗവ്യത്യാസങ്ങൾ സൃഷ്ടിക്കുന്ന പരിക്കുകളും തമ്മിലുള്ളതായിരുന്നു അവയിലൊന്ന്. സ്ഥാപനങ്ങൾ നൽകുന്ന സുരക്ഷിതത്വവും അവയിലെ ഉദ്യോഗസ്ഥമേധാവിത്വം സൃഷ്ടിക്കുന്ന അനീതി കളും തമ്മിലും നീതിന്യായത്തിന്റെ സാധ്യതകളും നിത്യജീവിതത്തിൽ നേരിടുന്ന അന്യായവും തമ്മിലുമുള്ള സംഘർഷങ്ങൾ സ്വാതന്ത്ര്യാനന്തര ദേശീയതയുടെ സ്വഭാവമായിരുന്നു എന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.[3] സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ദേശീയതയുടെ സംഘർഷങ്ങളെ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത കൾ എങ്ങനെ ഉൾക്കൊള്ളുന്നു എന്ന അന്വേഷണമാണ് ഈ ഖണ്ഡത്തിൽ വിശ കലനം ചെയ്യുന്നത്. *അതിർത്തിയിലേക്ക് ഒരു യാത്ര, അതിർത്തി, കുറ്റവാളി, രണ ഭൂമി, പരദേശി* എന്നീ കവിതകളാണ് ഈ വിശകലനത്തിന് ഉപയോഗിക്കുന്നത്.

### അതിർത്തിയിലേക്ക് ഒരു യാത്ര

*അതിർത്തിയിലേക്ക് ഒരു യാത്ര* എന്ന കവിതയിലെ പ്രമേയം ഒരു ബസ്സ് യാത്രയാണ്. ദേശരാഷ്ട്രവുമായി ബന്ധപ്പെടുത്തി വായിക്കുമ്പോൾ അതിർത്തി എന്ന വാക്കിന് അതിവിപുലമായ പാരായണ സാധ്യതകളുണ്ട്. ഭരണകൂടകേന്ദ്രി തവും സ്ഥലകേന്ദ്രിതവുമായ ദേശത്തിന്റെ പ്രതിനിധാനമാണ് അതിർത്തി. ഇതാ കട്ടെ കൊളോണിയൽ ആധുനികതയുടെ സൃഷ്ടിയാണ്. ആധുനികതയുടെ ദേശ

ഭാവന ഘടികാരം, ഭൂപടം, അതിർത്തി, ഗതാഗതസൗകര്യം, വ്യവസായം എന്നിവയിൽ ഊന്നുന്നതാണ്. അതുകൊണ്ടുതന്നെ കവിതയിൽ അതിർത്തിയും ബസ്സും ദേശരാഷ്ട്രത്തിന്റെ പ്രതിനിധാനങ്ങളാണ്.

തൃശ്ശിവപേരൂർ കിഴക്കേ നടക്കാവു
വിട്ടുതിരിഞ്ഞിടം ചേർന്നുനിൽക്കും ബസ്സിൽ
എത്തിപ്പെടുന്ന ഞാൻ, എണ്ണയാൽ വേർപ്പിനാൽ
ഒട്ടുന്ന ദേഹങ്ങളൂടെ നുഴഞ്ഞേറി.

(അതിർത്തിയിലേക്ക് ഒരു യാത്ര)

തൃശ്ശിവപേരൂർ കിഴക്കേനടക്കാവുതിരിഞ്ഞ് ഇടംചേർന്നുനിൽക്കുന്ന ബസ്സിന്റെ അകത്തുനിന്നാണ് കവിത തുടങ്ങുന്നത്. കൃത്യമായി അടയാളപ്പെടുത്തിയ സ്ഥലത്താണ് ബസ്സ് നിൽക്കുന്നത്. ഈ ബസ്സിൽ കവിതയിലെ ആഖ്യാതാവ് എത്തിപ്പെടുകയാണ്. കൃത്യമായ അതിരുകളിലും ഇടത്തിലുമുള്ള സ്ഥാപന കേന്ദ്രിതമായ ഒരു വ്യവസ്ഥയിലേക്കുള്ള ഈ എത്തിപ്പെടൽ അത്ര ലളിതമല്ല. എണ്ണയും വേർപ്പും ഒട്ടുന്ന ശരീരങ്ങൾക്കിടയിലൂടെ നുഴഞ്ഞുകയറി ഇത്തിരി വീർപ്പിനായ് പിന്നിൽ കടന്നുന്തിയാണ് അകത്തു കയറുന്നത്. ഈ കയറിപ്പറ്റൽ ഒരു രാഷ്ട്രയുക്തിയിലേക്കുള്ള കടന്നുകയറ്റം കൂടിയാണ്. അടുത്ത ഘട്ടം പൂർവകാല പ്രണയിനിയെ കണ്ടുമുട്ടലാണ്. ആ നിമിഷത്തിൽ ബസ്സിനകത്തെ പരിസരമാകെ മാറുന്നു. അതോടുകൂടി സ്ഥലകാലസങ്കൽപ്പങ്ങൾ തകിടംമറിയുന്നു. ആധികാരികമല്ലാത്തതും അതിരുകൾ നിർവചിക്കാത്തതുമായ ഒരു ദേശത്തിന്റെ കടന്നുകയറ്റമാണ് പ്രണയിനിയുടെ ദർശനത്തിൽ ഉണ്ടാവുന്നത്.

നീണ്ടവിരൽത്തുമ്പിനാലിറുത്തായിര-
മാണ്ടുകൾ തോഴിമാർ കോർത്തോരിലഞ്ഞിതൻ
മാൺപെഴും പൂമണം നേർത്തൊരു കൊണ്ടലായ്
നാം രണ്ടുപേരും ശ്വസിക്കുമീ വായുവിൽ

നീന്തുന്നുവോ സഖീ ? തെറ്റി;നിൻ രാഗാർദ്ര-
സാന്ത്വനമാം തഴുകുന്നതെൻജീവനെ !
(അതിർത്തിയിലേക്ക് ഒരു യാത്ര)

ആയിരത്താണ്ടുകൾ ഒരു പുരുഷായുസ്സിൽ ഒതുങ്ങുകയില്ലെങ്കിലും ഭാവനാദേശത്തെ ചിട്ടപ്പെടുത്തുന്ന കാലയളവായി അത് പരിവർത്തിക്കപ്പെടുന്നു. ഇലഞ്ഞിപ്പൂമണം നേർത്ത കൊണ്ടലായ് അവരിരുവരും ശ്വസിക്കുന്ന വായുവിൽ നീന്തുന്നു. ബസ്സിലെ തിരക്കിനിടയിലും രണ്ടുപേർമാത്രമുള്ള ഒരു രാജ്യം ഉണ്ടായിവരുന്നു. ഈ ഭാവനാരാജ്യം ബസ്സ് എന്ന വലിയ ഏകകത്തിന്റെ അകത്ത് അതിന്റെ ഭാവനയോട് ഇടഞ്ഞുനിൽക്കുന്നു. ഇലഞ്ഞിപ്പൂമണമാണോ കാമുകിയുടെ തഴുകലാണോ എന്ന വിഭ്രമത്തിലേക്ക് കവിതയിലെ ആഖ്യാതാവ് വീഴുന്നു. അകന്നുനിന്ന അവരെ യാത്രക്കാരെന്നനിലയിൽ അടുപ്പിച്ചത് ബസ്സാണ്.

എങ്കിലും-ഇ,ന്നവസാനം ! ഇത്രയ്ക്കടു-
ത്തെങ്കിലും, ഇത്രമേ, ലിത്രമേൽ നാമക-
ന്നെന്തിന്നു കണ്ടുമുട്ടുന്നു വീണ്ടും വൃഥാ
രണ്ടു വഴിക്കു പിരിഞ്ഞ നീർച്ചാലുകൾ,
രണ്ടു നിറങ്ങളായ് മാഞ്ഞ പൊൻരശ്മികൾ,
പണ്ടു വേർപ്പെട്ടതാം നക്ഷത്രധൂളികൾ ?
(അതിർത്തിയിലേക്ക് ഒരു യാത്ര)

അകന്നുനിൽക്കുന്ന നായികാനായകന്മാരെ ഒന്നിപ്പിക്കുന്നത് ആധുനികതയുടെ പ്രതീകമായ ബസ്സാണ്. ചിതറിക്കിടക്കുന്ന സ്ഥലങ്ങളെയും മനുഷ്യരെയും ബന്ധിപ്പിക്കാനും ഒരു പൊതു ഏകകത്തിന്റെ ഭാഗമാക്കാനും സാധിക്കുന്ന ആധുനികമായ യാത്രോപാധിയാണ് ബസ്സ്. അത്രമേൽ അകന്നുകഴിഞ്ഞവരെ, വൃഥാ രണ്ടുവഴിക്കു പിരിഞ്ഞ നീർച്ചാലുകളെ, രണ്ടു നിറങ്ങളായ് മാഞ്ഞ പൊൻരശ്മികളെ, പണ്ടു വേർപ്പെട്ട നക്ഷത്രധൂളികളെ വീണ്ടും കാണാൻ അവസരമുണ്ടാ

ക്കിയതും ബൃഹത്തായ ഒരു ഏകകത്തിനകത്തേക്കുള്ള അവയുടെ പ്രവേശനം സാധ്യമാക്കിയതും ബസ്സാണ്. രണ്ടുവഴിക്ക് പിരിഞ്ഞവർ, രണ്ടു നിറങ്ങളായ് മാഞ്ഞവർ, പണ്ടു വേർപെട്ടവർ എന്നെല്ലാമുള്ള സൂചന ചിതറിക്കിടക്കുന്ന ഒരു രാഷ്ട്രീയസ്വത്വത്തെ സൂചിപ്പിക്കുന്നുണ്ട്. ബസ്സിനകത്തുവച്ച് രണ്ടുപേരും പരസ്പരം കാണുകയോ അറിയുകയോ ചെയ്യുന്നില്ലെങ്കിലും ബസ്സ് എന്ന ഏകകമാണ് അവരെ ഒന്നിപ്പിക്കുന്നത്.

കണ്ടിരിക്കില്ല നീയെന്നെ; ഒരുവേള
കണ്ടിരിക്കില്ല ഞാൻ നിന്നെയും-അല്ലെങ്കിൽ
ഇന്നോളമെന്തു നാം കണ്ടൂ പരസ്പരം ?
കണ്ടതു തേനാംനിലാവും പ്രണയവും
ചിന്തുന്ന തിങ്കളിൻ ശീതളമാംമുഖം;
കണ്ടവരാർ ഇരുൾമൂടുമങ്ങേപ്പുറം ?

(അതിർത്തിയിലേക്ക് ഒരു യാത്ര)

ഇവിടെ വ്യക്തികൾ പരസ്പരം കാണുന്നതും അറിയുന്നതും പരസ്പരമുള്ള വൈകാരികഭാവങ്ങളിലൂടെയാണ്. തേനാംനിലാവും പ്രണയവും തിങ്കളും ശീതളമാം മുഖവുമൊക്കെ ആ വൈകാരികഭാവത്തെ സൂചിപ്പിക്കുന്നു. നായകനും നായികയും തമ്മിൽ കാണുന്നില്ലെങ്കിലും ഒരു ഏകതാഭാവം രൂപപ്പെടുന്നത് ഈ അനുഭവത്തിൽനിന്നാണ്. മനോരാജ്യത്തിന്റെ സ്വച്ഛതയിലേക്ക് വീണ്ടും ബസ്സിന്റെ ഗതിവേഗവും മാർഗവും കടന്നുവരുന്നു. അതോടൊപ്പംതന്നെ കവിതയുടെ ഭാവവും മാറുന്നു.

അപ്പുറം,വൻചുരം താണ്ടുന്ന ബസ്സിന്റെ
നെറ്റിമേൽ ചുംബിച്ചുനിൽപ്പു സന്ധ്യാംബരം.
അന്ധകാരങ്ങളെ ഗർഭം ധരിച്ചുള്ള
വൻകാടു മൂടും കുതിരാൻമലകളിൽ

മങ്ങിടും പ്രത്യാശപോലേ, ഗതകാല-

ഭംഗികളെപ്പോലെ വറ്റുന്നു വാസരം !

(അതിർത്തിയിലേക്ക് ഒരു യാത്ര)

ഗ്രാമജീവിതത്തിന്റെ പ്രണയവും ജീവിതവും ആർദ്രതയും ഉൾച്ചേർന്ന ഇടത്തിലേക്ക് ദേശരാഷ്ട്രത്തിന്റെ നിർമാണയുക്തികളിലൊന്നായ ബസ്സ് കടന്നുവരുന്നതോടുകൂടി കവിതയുടെ ഭാവുകത്വംതന്നെ മാറുന്നു. നിശ്ചലമായ, തളംകെട്ടിക്കിടക്കുന്ന ഗ്രാമത്തിനകത്തേക്കാണ് ആധുനികതയുടെ രൂപകമായ ബസ്സ് പ്രവേശിക്കുന്നത്. പൂർവപ്രണയിനിയുടെ അരികിലേക്കുള്ള ഈ യാത്ര ആധുനികത സ്ഥാപനവൽക്കരിച്ച ബന്ധവ്യവസ്ഥയിലേക്കുള്ള കടന്നുകയറ്റം കൂടിയാണ്. ഇലഞ്ഞിപ്പൂമണവും രാഗാർദ്ര സാന്ത്വനവും ഉള്ള പരിസരത്തേക്കാണ് അന്ധകാരം, മങ്ങുന്ന പ്രത്യാശ, വറ്റുന്ന ഗതകാല ഭംഗികൾ എന്നീ പദങ്ങൾ കടന്നു വരുന്നത്. ഇത്തരം പരിസരത്തിൽതന്നെയാണ് ആധുനികതയുടെയും ദേശീയതയുടെയും ആധികാരികയുക്തിയിൽ 'ചീട്ടെവിടെ ?'എന്ന പരിശോധകന്റെ ചോദ്യം കടന്നുവരുന്നത്. അനുഭവസിദ്ധമായ ജൈവിക പശ്ചാത്തലത്തിലേക്ക് നിക്ഷേപിക്കുന്ന ഈ ചോദ്യം ഭാവനാദേശത്തിൽ വിള്ളലുണ്ടാക്കുന്നു. മടിക്കുത്തിൽ തിരയുന്ന ചീട്ടിൽ ആറ്റിക്കുറുക്കിയ സംഖ്യയിലാണ് എത്തേണ്ട ഇടം സൂചിപ്പിച്ചിരിക്കുന്നത്. സംഖ്യകളും ചിഹ്നങ്ങളുമായി സ്ഥലകാലങ്ങളെ രേഖപ്പെടുത്തുന്ന ദേശരാഷ്ട്രയുക്തിയുടെ ഈ ചോദ്യം ഏറ്റുവാങ്ങുന്നത് മടിക്കുത്തിൽ സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്ന സാധാരണക്കാരനാണ്. മാത്രമല്ല നീട്ടിപ്പിടിച്ച ആ ചീട്ടിലേക്ക് അയാൾ സംശയപൂർവം നോക്കുന്നു, തനിക്കെത്തേണ്ടിടം തന്നെയാണോ എന്ന്. ആധുനികതയുടെ സാങ്കേതികതയെ സംശയത്തോടുകൂടിയാണ് അയാൾ വീക്ഷിക്കുന്നത്.

കൃത്യമായി അളന്നു തിട്ടപ്പെടുത്തിയും സംഖ്യകളുടെ കണക്കിലൊതുക്കിയും ദേശരാഷ്ട്രത്തിലേക്ക് ഉൾച്ചേർക്കുന്ന പ്രക്രിയയാണിത്. ചീട്ടെവിടെ ? എന്ന അധികാരത്തിന്റെ ചോദ്യം മാനസികമായ സ്വച്ഛസഞ്ചാരത്തിന്റെ ലോകത്തെ,

ബസ്സ് എന്ന അധികാരസ്ഥലത്തേക്ക് ഒതുക്കുകയും ചുരുക്കുകയും ചെയ്യുന്നു. ആ ശങ്കാജനകവും സംഭ്രമഹേതുവുമായ ആധികാരികമായ ഇടത്തിൽനിന്ന് കവിത യിലെ ആഖ്യാതാവ് വീണ്ടും പൂർവകാലസ്മൃതികളിലേക്ക് ഊളിയിടുന്നു. പണ്ട് ഇരുവർക്കും പോകാനുണ്ടായിരുന്നത് ഒരേയിടമാണ്. മാർഗവും ഒന്നുതന്നെ. ഇത് സ്വന്തം സംസ്കാരവും ജീവിതചര്യകളുമായി ബന്ധപ്പെട്ടതാണ്. കരിഞ്ഞ വേനൽപ്പച്ച ചൂഴുന്ന രണ്ടടിപ്പാതയിലൂടെ നടന്നുചെന്ന് അന്തിയിൽ കാവിലെ ചിത്ര കൂടത്തിന് രണ്ടു തിരിവച്ച് കൂപ്പി മടങ്ങുക. രോമങ്ങൾതോറും ലഹരിമുള്ളാ ഴ്ത്തുന്ന പാലമണം നിറഞ്ഞുനിൽക്കുന്ന കാവിൽ അന്തിവിൺനാളവും ആദ്യതാര ത്തിന്റെ വെൺചിരിയും നെയ്ത്തിരിയുടെ വെമ്പലും അവയെല്ലാം നിഷ്പ്രഭ മാക്കുന്ന കാമിനിയുടെ നീർമിഴിത്തെല്ലും ഓർക്കുക എന്നിങ്ങനെ പോകുന്നു അവ. ജീവിത ചുറ്റുപാടിൽനിന്ന് സ്വാംശീകരിച്ച ഈ ദേശബോധത്തിലേക്കാണ് ആധുനികത കടന്നുവരുന്നത്. ഇത്തരം കണ്ടുമുട്ടലുകളിൽ ജീവിതത്തിന്റെ ചാക്രി കമായ കാലക്രമമാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്.

ഒറ്റവാക്കോതാതെ വീണ്ടും പിരിയുവാൻ
ഇത്ര ദൂരം നാമൊരുമിച്ചു,പോരുക...!
പാരിലീ ജീവിതത്താൽ നാമനുഷ്ഠിച്ച
പാഴ്വേല വീണ്ടുമൊരാവൃത്തി ചെയ്യുക...!
പിന്നെ അജ്ഞാതനിഗൂഢമാംമൃത്യുവിൽ
ചെന്നു തല ചായ്ച്ചുറങ്ങീ-ട്ടുണരുക?
ആവട്ടെ-വേറിട്ടു പോംവഴിയില്ലാത്ത
യാനമിതേ, ദീർഘശുഷ്കം ആവർത്തനം !
ഇച്ചക്രമൊന്നു പിന്നാക്കം തിരിക്കുവാൻ
ഇച്ഛയോടൊപ്പം കരുത്തുമാർന്നെങ്കിൽ ഞാൻ,

എങ്കിൽ ഞാൻ-എങ്കിലോ,ശങ്കയെന്യേ സഖീ !

(അതിർത്തിയിലേക്ക് ഒരു യാത്ര)

ബസ്സിനകത്തുവച്ച് ഇത്തരം ചാക്രികമായ അനുഭവത്തെ ഉൾക്കൊണ്ടു തന്നെ ബസ്സ് ഓടുന്നത് രേഖീയമായാണ്. ഇത് ദേശരാഷ്ട്രത്തിന്റെ പ്രതിരൂപമാണ്. ഈ ചക്രം പിന്നോക്കം തിരിക്കുവാൻ ഇച്ഛയോടൊപ്പം കരുത്തുമാർന്നെങ്കിൽ എന്ന് കവിതയിലെ ആഖ്യാതാവ് ആഗ്രഹിക്കുന്നുണ്ട്. ഈ വരി കാലത്തിന്റെചക്രം എന്നും ബസ്സിന്റെചക്രം എന്നുമുള്ള രണ്ട് അർഥവിവക്ഷകളുൽപ്പാദിപ്പിച്ച് വായിക്കാം. അങ്ങനെയാവുമ്പോൾ ബസ്സിന്റെ ചക്രം തിരിക്കാനുള്ള ഇച്ഛ ആധുനികതയുടെ സ്ഥാപനയുക്തികളിൽനിന്ന് മടങ്ങാനുള്ള ഇച്ഛകൂടിയാണ്. പ്രണയനഷ്ടത്തിന് ഹേതുവായ വ്യവസ്ഥകളെ തകർക്കാനുള്ള ഇച്ഛ കൂടിയാണത്.

വ്യക്തിപരമായ ജീവലോകത്തുനിന്ന് 'ബസ്സ്' എന്ന നിയന്ത്രിതലോകത്തിന്റെ ആഖ്യാനങ്ങളിലേക്ക് കടക്കുമ്പോൾ വീണ്ടും കവിതയുടെ ഭാവുകത്വം മാറുന്നത് കാണാം.

ഉഷ്ണിപ്പു മസ്തിഷ്കം, ഉച്ഛ്വാസവായുവും !
സഹ്യന്റെ വൻചുരമാകും ചുരുളഴി-
ഞ്ഞുത്തപ്തമാം വിഷക്കാറ്റുകൾ ചീറ്റുന്നു,
ദിക്കുകൾ നീലച്ചു മൂർച്ഛയിലാഴുന്നു;
അസ്തവികല്പമാം അന്തരംഗംപോലെ
അപ്പോഴുമേകാഗ്രമോടുന്നു വാഹനം !

(അതിർത്തിയിലേക്ക് ഒരു യാത്ര)

വാഹനത്തിന്റെ രേഖീയവും ഏകാഗ്രവുമായ ഓട്ടം ബാഹ്യപരിതസ്ഥിതികളെ മാനിക്കുന്നേയില്ല. അതിർത്തിക്കാറ്റുകൾ ചീറി വിളിക്കുമ്പോൾ അത് ഉന്മാദത്തോടെ കുതിച്ചുപായുന്നു. വാഹനത്തിന്റെ ഈ സംഭ്രാന്തിവേഗങ്ങൾക്കിടയിലും

ഉപശാന്തമായ നിർവേദമേഖല തേടുകയാണ് പഥികർ. അതിർത്തിക്കാറ്റുകൾ ചീറി വിളിക്കുമ്പോൾ ഉന്മാദിയാകുന്ന വാഹനം ദേശരാഷ്ട്രം അതിർത്തികളെ എങ്ങനെ സ്വീകരിക്കുന്നുവെന്നതിന്റെ സൂചന തരുന്നുണ്ട്. ദേശീയതയുടെ ഉന്മാദഹേതുവാ യിത്തീരാറുണ്ട് പലപ്പോഴും അതിർത്തികൾ. ദേശരാഷ്ട്രയുക്തികളുടെയും അതിലെ ദൈനംദിനജീവിതത്തിന്റെയും ലോകങ്ങൾ വിരുദ്ധധ്രുവങ്ങളിലാണ് സഞ്ചരിക്കുന്നത്. മാത്രമല്ല ദേശരാഷ്ട്രത്തിന്റെ രേഖീയയുക്തിക്കകത്തുതന്നെ തന തായ സമയബോധവും സ്ഥലബോധവും പ്രവർത്തിക്കുന്നുമുണ്ട്.

വീണ്ടും പഴകി നരച്ചൊരേകാന്തത !
വീണ്ടുമെൻ ചീട്ടിൽ തുറിച്ചുനോക്കുന്നു ഞാൻ:-
അത്യന്തഗൂഢമാംഭാഷയിൽ എൻ പ്രാപ്യ-
സത്യങ്ങൾ കുത്തിക്കുറിച്ചൊരീ മുദ്രകൾ
എന്റെ വെളിച്ചങ്ങൾ, എന്റെ നിഴലുകൾ,
എന്റെ അനാദിയോടൊപ്പം പുലർന്നവർ !
(അതിർത്തിയിലേക്ക് ഒരു യാത്ര)

ദേശരാഷ്ട്രത്തിന്റെ ഭാഷ സാധാരണ ജനങ്ങൾക്ക് എന്നും നിഗൂഢതയാ ണ്. ആധുനികഭരണകൂടങ്ങളുടെ ഉത്ഭവത്തോടുകൂടിയാണ് ദേശരാഷ്ട്രങ്ങൾ ദൈനംദിനജീവിതത്തിൽ പ്രവർത്തിക്കാൻ തുടങ്ങുന്നത്. ദേശരാഷ്ട്രത്തിലെ പ്രജ കളെ സ്വയം ശിക്ഷിതരായി പ്രവർത്തിക്കാനാണ് ആധുനിക ഭരണകൂടം പഠിപ്പിക്കു ന്നത്.[4] തുറിച്ചുനോക്കുക എന്ന പ്രയോഗം ദേശരാഷ്ട്രത്തിന്റെ ഗൂഢഭാഷയെ അഭിമുഖീകരിക്കുമ്പോഴുണ്ടാകുന്ന സംഭ്രമത്തെ സൂചിപ്പിക്കുന്നു. ലക്ഷ്യത്തിലെ ത്തിയാലും ഇല്ലെങ്കിലും എടുത്ത ചീട്ടിന്റെ വില നിശ്ചയമായും കൊടുക്കണം. 'എത്തിഞാൻ ലക്ഷ്യത്തിലെന്നാം ഒരു വേള എത്തിയില്ലെന്നാം' എന്ന സന്ദേഹം ദേശത്തിന്റെ സ്ഥാപനങ്ങളോടുള്ള സന്ദേഹത്തെത്തന്നെയാണ് സൂചിപ്പിക്കുന്നത്.

ഗ്രാമം/നഗരം എന്നീ രണ്ടു ദ്വന്ദങ്ങളെ ചൂഴ്ന്നാണ് കവിതയിലെ സംവാദഭൂ

മിക നിലനിൽക്കുന്നത്. കവിതയുടെ ആന്തരികതലത്തിൽ ഇവ എൽപ്പിക്കുന്ന സംഘർഷങ്ങൾ ദേശീയതയുടെയും സംഘർഷങ്ങളാണ്. സാംസ്കാരികവും ഭൂമി ശാസ്ത്രപരവുമായ നിരവധി സവിശേഷതകൾ ഉൾക്കൊള്ളുന്ന ഇടങ്ങളാണ് ഗ്രാമ ങ്ങളെ സാധ്യമാക്കുന്നത്. ഗ്രാമത്തിന്റെ മൗലിക സ്വഭാവങ്ങൾ അനാർഭാടവും ഉപ ഭോഗസംസ്കൃതിയോടുള്ള വിമുഖതയുമാണ്. പാരമ്പര്യ ജ്ഞാനവ്യവസ്ഥകളോ ടുള്ള ആഭിമുഖ്യം, കൃഷിയിലും പ്രകൃതിയിലുമുള്ള താൽപ്പര്യം എന്നിവയും ഗ്രാമ ത്തിന്റെ സവിശേഷതകളാണ്. എന്നാൽ നഗരം ഉപഭോഗത്തിന്റെയും യാന്ത്രികത യുടെയും അധികാരത്തിന്റെയും ഇടമാണ്. ഈ രണ്ട് ഇടങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ദേശീയതയുടെ സ്വഭാവമായിരുന്നു.

ദേശീയതയുടെയും ആധുനികതയുടെയും വ്യവഹാരങ്ങൾ ഒരു ദേശ ത്തിന്റെ ഘടനയിലേക്ക് കടന്നുവരുന്നതിന്റെ സംഘർഷങ്ങളാണ് കവിതയിൽ കാണാൻ കഴിയുന്നത്. നെയ്ത്തിരി, കാവ് തുടങ്ങിയ സൂചകങ്ങൾ, ഗ്രാമീണമായ ഒരു ദേശം കവിതയുടെ അന്തർധാരയായി വർത്തിക്കുന്നുണ്ട് എന്നതിനു തെളിവാ ണ്. എങ്കിലും ബസ്സുകളും റോഡുകളും ജനക്കൂട്ടവും നഗരപരിതസ്ഥിതികളും അതിന്റെ സ്വച്ഛതയിലേക്കു കടന്നുവരികയും ദേശീയവും ആധുനികവുമായ ഒരു ബോധത്തിലേക്ക് അവയെ ചേർക്കുകയും ചെയ്യുന്നു. ആധുനികീകരണത്തിന്റേ തായ ഈ പ്രക്രിയ ഉൾച്ചേരുന്നുണ്ടെങ്കിലും പാരമ്പര്യബോധത്തെക്കുറിച്ചും ജൈവികമായ പൂർവകാലാനുഭൂതികളെക്കുറിച്ചും ഗൃഹാതുരമായ ഒരു ആധിയും കവിത സൂക്ഷിക്കുന്നുണ്ട്.

**അതിർത്തി**

*അതിർത്തിയിലേക്ക് ഒരു യാത്ര* എന്ന കവിതയുടെ തുടർച്ചയായി വായി ക്കാവുന്ന കവിതയാണ് *അതിർത്തിയിൽ.* പേര് സൂചിപ്പിക്കുന്നില്ലെങ്കിലും അതിർത്തിയിലേക്കുള്ള ഒരു ബസ്സ്യാത്രയാണിതും. കമ്പിമേൽ മുഖംചാരി ചെരിഞ്ഞ് ഇളം പൊന്മയെ നോക്കുന്ന പേരക്കിടാവിന് പൂമരുതിൻചില്ല കാട്ടിക്കൊ

ടുക്കുന്ന മുത്തച്ഛൻ. ഇരുവരെയും നടുക്കത്തിലാഴ്ത്തിക്കൊണ്ട് ബസ്സിന്റെ ചക്രം പൊട്ടുന്നു. യാത്ര പാതിവഴിയിൽ നിന്നുപോയവർ അക്ഷമരായി ഉലാത്തുന്നു. ഇവിടെയും വാഹനത്തിനുപുറത്താണ് അഭികാമ്യമായ ലോകം അവതരിപ്പിക്കപ്പെടുന്നത്. അതിർത്തിയിൽ കൈചൂണ്ടി നിൽക്കുന്ന 'ആരിയൻകാവ്' എന്ന പലക കാണുന്നു. സ്ഥലങ്ങളെ നാമകരണം ചെയ്യുകയും അളന്നു തിട്ടപ്പെടുത്തുകയും പട്ടികപ്പെടുത്തുകയും അതിർത്തി നിശ്ചയിക്കുകയും ചെയ്യുന്നത് ദേശരാഷ്ട്ര സ്വഭാവമാണ്. ഇത്തരം പ്രവൃത്തിയിലൂടെയാണ് അത് ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നത്. ദാഹനീരുതേടി മുത്തച്ഛനും കുട്ടിയും നടക്കുകയാണ്.

പത്തടി ചെന്നില്ല, പാതയോരത്തൊരു
കൊച്ചുമുളമ്പടി; മാമ്പഴത്തിൻചുന
പാറുന്നു വായുവിൽ; വീട്ടുമുറ്റത്തുണ്ടു
പാളക്കയർ കിണർത്തിണ്ണമേൽ; മുത്തച്ഛൻ
കാണുമാളുള്ളിലെന്നോർത്തു ചോദിക്കുന്നു:
'കോരിക്കുടിക്കട്ടെയോ വെള്ളമിത്തിരി ?'

(അതിർത്തിയിലേക്ക് ഒരു യാത്ര)

വീടിന്റെ വാതിൽ തുറന്ന് പുറത്തേക്കുവരുന്നത് ഗതകാല പ്രണയിനിയാണ്. സൽക്കാരത്തിനും കുശലസംഭാഷണങ്ങൾക്കും ഇടക്ക്, പണ്ട് തിക്കിത്തിരക്കുന്ന വണ്ടിയിൽ തൊട്ടുതൊട്ടില്ലെന്ന മട്ടിൽ ഇരുന്നത് അവർ ഓർക്കുന്നു.

കുട്ടിയെ പോകാൻ വിളിക്കവേ ഗദ്ഗദം:
'മുത്തച്ഛ, ഞാനിങ്ങു നിന്നുകൊള്ളട്ടെയോ ?'
ഇഷ്ടം തനിക്കുമ, തെങ്കിലും പോകാതെ
പറ്റുമോ ചീട്ടിൻവില കൊടുത്തുള്ളവൻ ?
ഞാണിൽ തൊടുത്തു കുതിക്കുന്ന കൂരമ്പി-

നാമോ സ്വയം ഗതി നിർണയിച്ചീടുവാൻ?

(അതിർത്തിയിൽ)

ഇഷ്ടാനിഷ്ടങ്ങളെ ക്രമപ്പെടുത്തുകയോ റദ്ദുചെയ്യുകയോ ചെയ്യുന്ന ഒരു ഉപകരണമായി ചീട്ട് മാറുന്നു. പടിയിറങ്ങുമ്പോൾ പേരക്കിടാവും ബസ്സിലെ ഡ്രൈവറും അതാരാണെന്ന് അന്വേഷിക്കുന്നു. അതിനുത്തരം കൊടുക്കാൻ നിവൃത്തിയില്ല. ഈ ബന്ധം നിലനിൽക്കുന്ന വ്യവസ്ഥകൾക്കു പുറത്താണ്. ആര് ? എന്ന ചോദ്യം ജൈവികമായ ലോകത്തിലേക്ക് നുഴഞ്ഞുകയറുന്ന ആധികാരികതയുടേതാണ്.

അതിർത്തികളാണ് രാഷ്ട്രത്തെ നിലനിർത്തുന്നത്. ഇത് കേവലം ഭൂമിശാസ്ത്രപരമായിക്കൊള്ളണമെന്നില്ല. വിശ്വാസം, മതം, ആചാരാനുഷ്ഠാനങ്ങൾ ഇവയിലേതുമാകാം. അതിരുകളില്ലാതെ രാഷ്ട്രത്തിനു നിലനിൽപ്പില്ല. അതിരുകളുടെ നിർണയനം പലപ്പോഴും സംഘട്ടനം അനിവാര്യമാക്കുന്നു.

**ഫാസ്റ്റ് പാസഞ്ചർ**

ഒരു ബസ്യാത്ര തന്നെയാണ് *ഫാസ്റ്റ് പാസഞ്ചർ* എന്ന കവിതയിലെയും പ്രമേയം. പരിഷ്കാരിയായ ഒരാളും (മോൺഷ്യർ) ഗ്രാമീണനായ ആഖ്യാതാവും ഒരേ സീറ്റിലിരുന്ന് യാത്രചെയ്യുന്നു. ഒരാൾ ടെർലിൻ, വൂളൻ വസ്ത്രങ്ങളും മറ്റേയാൾ ഖദർജുബ്ബയും മുണ്ടും ധരിച്ചിരിക്കുന്നു. വസ്ത്രധാരണംകൊണ്ട് അവർ രണ്ടുപേരും വ്യത്യസ്ത സാമൂഹികാവസ്ഥകളെ സൂചിപ്പിക്കുന്നുണ്ട്. കീഴടക്കിയവരിൽ അധിനിവേശക്കാരെ മികച്ച മാതൃകകളാക്കി സ്ഥാപിച്ചെടുക്കുന്ന രീതികളായിരുന്നു കൊളോണിയലിസത്തിന്റെ പ്രവർത്തന പദ്ധതികളിലൊന്ന്.[5] സ്വാതന്ത്ര്യാനന്തരം കൊളോണിയൽ വിദ്യാഭ്യാസം നേടിയ ബുദ്ധിജീവികൾ പ്രാദേശികമായ അറിവുകളെയും ജനതയെയും പുച്ഛത്തോടെയാണ് വീക്ഷിച്ചത്. ജാതിവ്യവസ്ഥക്ക് സമാന്തരമായി ഉയർന്നുവന്ന ഇത്തരം അന്തരങ്ങളും അവയുടെ സംഘർഷങ്ങളു

മാണ് *ഫാസ്റ്റ് പാസഞ്ചർ* എന്ന കവിതയിൽ ആവിഷ്കരിക്കുന്നത്.

പാവമെൻ ഖദർവെള്ള-
    ജ്ജുബ്ബയും മുണ്ടും ബഹു-
മാനമോടകന്നു തെ-
    ല്ലൊതുങ്ങിക്കഴിഞ്ഞാലും
ഉഗ്രഭീമനാം ബസ്സി-
    ന്നുദരത്തിലെ ഡ്ഡീസൽ-
വിപ്ലവം മുഖത്തോടു-
    മുഖമെത്തിച്ചൂ നമ്മെ
തങ്ങളിലിടയ്ക്കിടെ
    മേടിനിന്നുപോൽ ശുഷ്ക-
മെന്റെ സഞ്ചിയും ഭവാ-
    ന്നോമലാ'മെയർ ബാഗും.'

(ഫാസ്റ്റ് പാസഞ്ചർ)

ഗതാഗതമാണ് വ്യത്യസ്തതുറകളിലുള്ള മനുഷ്യരെ മുഖത്തോടു മുഖമെത്തിച്ചതെങ്കിലും ഈ കൂടിച്ചേരൽ സംഘർഷാത്മകമായാണ് നടക്കുന്നത്. സഞ്ചിയും എയർബാഗും തമ്മിലുള്ള 'മേടിനിൽക്കൽ' ഇതാണ് സൂചിപ്പിക്കുന്നത്. ആധുനികമായ ജീവിതരീതികൾ സാധാരണക്കാരെ അവഗണിക്കുന്നുണ്ട്. തൊട്ടടുത്തുള്ളയാൾക്ക് ഒരു പുഞ്ചിരി സമ്മാനിക്കുമ്പോൾ അയാൾ നെറ്റിചുളിച്ചു നോക്കുകയാണ് ചെയ്യുന്നത്.

ശുദ്ധ'കൺട്രി'യാമെന്നെ-
    ച്ചുളിനെറ്റിയാലുഴി-
ഞ്ഞിത്തിരികൂടിപ്പാർശ്വം

ചേർന്നിരിപ്പായീ താങ്കൾ.

(ഫാസ്റ്റ് പാസഞ്ചർ)

*ഫാസ്റ്റ് പാസഞ്ചർ* എന്ന കവിത ദേശരാഷ്ട്രത്തിന്റെ വ്യവഹാരങ്ങളെ പ്രതിനിധാനം ചെയ്യുന്നുണ്ട്. ഈ കവിതയിൽ കടന്നുവരുന്ന മോൺഷ്യർ വരേണ്യ മാതൃകയെ പ്രതിനിധാനം ചെയ്യുന്ന ആളാണ്. കോട്ട്, വൂളൻ പാന്റ് എന്നിവ മേൽക്കോയ്മാബിംബങ്ങളായാണ് കവിതയിൽ നിലനിൽക്കുന്നത്. കവിതയിലെ ആഖ്യാതാവ് മുണ്ടുടുത്ത് അൽപ്പം ബഹുമാനത്തോടും ഭയത്തോടും കൂടിയാണ് അദ്ദേഹത്തെ അഭിമുഖീകരിക്കുന്നത്.

മതവുമായി ബന്ധപ്പെട്ട ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഖണ്ഡി ക്കാനുള്ള ത്വര ആവിഷ്കരിക്കപ്പെട്ട കവിതകളാണ് *ഭയം, വിവേകാനന്ദൻ, ഒരു ദേശാടനത്തിന്റെ ഓർമ* എന്നിവ.

പരമാർത്ഥം, പണ്ടു ഞാൻ പത്തൊമ്പതിൻ ചൂടിൽ
പിരിനൂലൊരിക്കൽ വലിച്ചെറിഞ്ഞേൻ
തലനിവർത്താഞ്ഞു കൈവീശി നടന്നു ഞാൻ
ചെറുവീടി ചുണ്ടത്തെരിഞ്ഞുനില്ക്കേ

( ഭയം)

19-ാമത്തെ വയസ്സിൽ പൂണൂലുവലിച്ചെറിയുന്നു. അന്യർ കളിയാക്കുമെ ന്നുള്ള ഭയമോ അഷ്ടിയുടെ കാര്യമോ നിസ്സാരം മാത്രം. പക്ഷേ മനസ്സെന്ന സൊല്ല വലുതാണ്. അതുകൊണ്ട് ഇരുപതാമത്തെ വയസ്സിൽ വീണ്ടുവിചാരം വന്ന് പൂണൂല് വീണ്ടും കഴുത്തിലിടുന്നു. ദുർബലമായ ആത്മീയത കൈവിട്ടുപോയാൽ എന്തുചെയ്യും എന്ന ഭയം ആഖ്യാതാവിനെ അലട്ടുന്നുണ്ട്. രാഷ്ട്രത്തിൽനിന്നും മതത്തെ വേർപെടുത്താനുള്ള പ്രവണത നെഹ്റുവിയൻ യുഗത്തിന്റെ സവിശേ ഷതയായിരുന്നു. ജനങ്ങളെ മതവിഭാഗത്തിലെ അംഗങ്ങളെന്ന നിലക്കല്ലാതെ പൗര

ന്മാരെന്ന നിലക്ക് പരിഗണിക്കുന്നതായിരുന്നു ഇതിന്റെ സവിശേഷത. ഇത് വ്യക്തികൾക്കുള്ളിലെ മതബോധത്തിൽ താൽക്കാലികമായെങ്കിലും വിള്ളൽ വീഴ്ത്തുന്നു.

*ഒരു ദേശാടനത്തിന്റെ ഓർമ്മ* എന്ന കവിത അതിർത്തി ലംഘിച്ചതിന് ശിക്ഷിക്കപ്പെടുന്ന കിളിയെക്കുറിച്ചുള്ളതാണ്. കാടും കുന്നിൻപൂഞ്ചോലയും വിട്ട് പാടവും കായലും കടലും താണ്ടി കിളി പാറിപ്പറക്കവേ, കാറ്റ് മാനത്തേക്കു വിളിക്കുന്നു. ഉല്ലസിച്ച് സഹയാത്രികരോടൊപ്പം പറന്ന് തിരിച്ചുവരുമ്പോൾ കുലച്ച വില്ലുമായി നിന്ന് വേടന്മാർ തടുക്കുന്നു. 'ഊരുവിട്ടുപറന്നോൻ നീ കൂരമ്പിൽ പിടയ്ക്കണം' എന്നാണ് അവരുടെ നിലപാട്. എന്നാൽ കിളി പറയുന്നത് ഇപ്രകാരമാണ്.

ആവാം...! അമ്പെയ്യുവാൻ താങ്കൾ-
ക്കാമോ ഞാൻ പെയ്ത പാട്ടിനെ ?
(ഒരു ദേശാടനത്തിന്റെ ഓർമ്മ)

ഇതേ ആശയംതന്നെ *കൂട്ടിവായിയ്ക്കുക* എന്ന കവിതയിലും ആവർത്തിക്കുന്നുണ്ട്. കടൽ കടന്നതിന്റെ പേരിൽ ചില മതാന്ധന്മാരാൽ ക്രൂശിക്കപ്പെട്ട വിവേകാനന്ദനെക്കുറിച്ചുള്ളതാണ് ഈ കവിത.

'ചെറുപ്പക്കാരാ ! കടൽ
കടക്കാൻ, മ്ലേച്ഛന്മാർക്കും
അയിത്തക്കാർക്കും ദീക്ഷ
കൊടുക്കാ, നധികാരം
തന്നതാർ നിനക്ക് ? ഇതി-
ന്നില്ലൊറ്റ പ്രമാണവും,
നമ്മുടെ സനാതന-
ഗ്രന്ഥത്തിൽ-ഒർമിച്ചോളൂ !'

ശാന്തനായ് സുനിശ്ചിത-

സ്വരത്തിൽ ഗുരുവോതി:

'താങ്കളീപ്പറഞ്ഞതു

ശരിയാം; എന്നാൽ ഞാനോ

വിട്ടുപോയവ ചേർത്തീ

ഗ്രന്ഥത്തിൽകുറിക്കുവാൻ

എത്തിയോൻ; ഇതുംകൂട്ടി-

വായിച്ചോളുക ഭവാൻ !'

(കൂട്ടിവായിയ്ക്കുക)

മതപരമായ സ്വത്വബോധവും മതനിരപേക്ഷ രാഷ്ട്രവ്യക്തിത്വവും തമ്മിലുള്ള സംഘർഷങ്ങളാണ് കവിതയിൽ കാണുന്നത്. പാരമ്പര്യത്തിലെ കാലഹരണപ്പെട്ട അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അബദ്ധജടിലവും യാന്ത്രികവുമായ കർമങ്ങളും ഒഴിവാക്കുകയും ആവശ്യമായവ കൂട്ടിച്ചേർക്കുകയും വേണം. പാരമ്പര്യത്തിൽനിന്നും ആചാരങ്ങളിൽനിന്നും തള്ളേണ്ടതു തള്ളുകയും കൊള്ളേണ്ടതു കൊള്ളുകയും ചെയ്യുന്ന പരിവർത്തനോന്മുഖമായ സമീപനമാണ് കവിതകൾ സ്വീകരിക്കുന്നത്.

## സങ്കൽപ്പനത്തിലെ വൈരുധ്യങ്ങൾ

ചൈനീസ് ആക്രമണം പരാമർശിക്കുന്ന കവിതയാണ് *രണഭൂമി.* ഓരോ രാഷ്ട്രവും യുദ്ധമെന്ന അനിവാര്യമായ ദുരന്തത്തെക്കൂടി ഉൾക്കൊള്ളുന്നുണ്ട്. രാഷ്ട്രാതിർത്തിയിലെ സംഘർഷങ്ങൾ വ്യക്തിപരമായ സംഘർഷങ്ങൾകൂടിയായി പരിണമിക്കുന്ന ചിത്രം കവിതയിലുണ്ട്. തീവ്രമിക്കുന്ന അധർമത്തിന്റെ രക്ഷസ്സായാണ് ചൈനയുടെ കൊടിയടയാളമായ ഡ്രാഗൺ കവിതയിൽ കടന്നുവരുന്നത്. ചൈനയും ഇന്ത്യയുമായുള്ള യുദ്ധം തമസ്സും ചിൽപ്രകാശവും തമ്മിലുള്ള

ഏറ്റുമുട്ടലാണ്. യുദ്ധത്തിന്റെ മൂർത്ത സന്ദർഭത്തിൽ ചൈന തമസ്സിനെ പ്രതിനിധീകരിക്കുന്ന കടത്തമാകുന്നു. അതേസമയം ഇന്ത്യ ചിൽപ്രകാശവും നവ്യയുഗസംസ്കൃതിയുമാകുന്നു. ചൈനയുടെ ഇന്ത്യയിലേക്കുള്ള കടന്നുകയറ്റം പുണ്യഭൂമിയിലേക്കുള്ള ചപലവും ശപ്തവുമായ പ്രവേശമാകുന്നു. ഹിമാലയം ദേശീയതയുടെ പ്രതിരൂപമാകുന്ന സന്ദർഭമാണിത്.

ശപ്തമാം ചാപലംകൊണ്ടു
ചവുട്ടീ പുണ്യഭൂമിയിൽ,
നീ ഗൗരീഗുരുവിങ്കലും !
സപ്തർഷിസ്നാനതീർഥത്തിൽ,
ശ്രീകൈലാസതടങ്ങളിൽ,
ആര്യമെൻ പിതൃഭൂമിയിൽ

(രണഭൂമി)

യുദ്ധസമയത്ത് ഹിമാലയമെന്നത് അതിർത്തികൾക്കിപ്പുറത്തെ ഭൂമിശാസ്ത്രവിഭാഗം മാത്രമല്ലാതാവുകയും സാംസ്കാരികമായ ഒരു വൈകാരിക ബോധമായി അതു പരിണമിക്കുകയും ചെയ്യുന്നു. യുദ്ധത്തിന്റെ ധർമത്തെക്കുറിച്ചു മാത്രമേ ഇനി ചിന്തയുള്ളൂ എന്നും ഭ്രാതൃചിന്തകൾ ഇനിയില്ലെന്നും തീർത്തു പറയുന്നു. യുദ്ധമുഖത്ത് ദേശീയബോധം മാത്രം ജാഗ്രത്താവുകയും മറ്റ് വൈകാരികമായ ഭ്രാതൃചിന്തകളും മാനവികതയും അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

ഹിമവത്സാനു, കാശ്മീര-
മാര്യവർത്തം, കുമാരിയും
ഒലി കൊള്ളിച്ച ഞാണിതിൽ,
ഗംഗയിൽ, ക്കൃഷ്ണയിൽ, പ്പമ്പാ-
തടങ്ങളിൽ നിവർത്തി ഞാൻ

ഉയർത്ത കുലവില്ലിതിൽ.

(രണഭൂമി)

എല്ലാ വൈവിധ്യങ്ങൾക്കും മീതെ കൃത്രിമമായി നിർമിച്ചെടുക്കുന്ന ഐക്യ മാണിത്. ഭൂമിശാസ്ത്രപരവും വൈകാരികവുമായ എല്ലാ വൈവിധ്യങ്ങൾക്കും മീതെ ദേശീയത ആവരണം സൃഷ്ടിക്കുന്നു. ഈ കവിതയുടെ ചടുലതയാർന്ന താളശില്പം യുദ്ധത്തിന്റെ ആവേശത്തെയും പ്രസാദാത്മക വീക്ഷണത്തെയും സൂചിപ്പിക്കുന്നു. തമസ്സ്, ബലി, തീവമിക്കുന്ന രക്ഷസ്സ് എന്നിങ്ങനെ മരണത്തെയും ഇരുട്ടിനെയും വൻ നാശത്തെയും സൂചിപ്പിക്കുന്നുണ്ടെങ്കിലും കവിതയുടെ സമഗ്ര ഭാവം പ്രസാദാത്മകമാണ്. ഇത്തരത്തിലുള്ള വൈരുധ്യങ്ങൾ യുദ്ധസന്ദർഭത്തിൽ രാഷ്ട്രം അഭിമുഖീകരിക്കുന്ന വൈരുദ്ധ്യങ്ങൾ തന്നെയാണ്. തന്റെ നാടിന്റെ എല്ലാ നാശത്തിനും കാരണക്കാരിയായവളെ അധർമത്തിന്റെ രക്ഷസ്സേ, കാടത്തമേ, കുടീരമുഖമേ എന്നെല്ലാമാണ് അഭിസംബോധന ചെയ്യുന്നത്. ക്ഷുദ്രഭീതികൾ മാറാൻ വേണ്ടി തന്റെ സർവസ്വവും ബലി നൽകുന്നതായി കവിതയിലെ വക്താവ് പ്രഖ്യാപിക്കുന്നു. യുദ്ധം, ദേശീയബോധത്തിന്റെ പാരമ്യത്തിൽ വ്യക്തിശരീരത്തെ രാഷ്ട്രശരീരമായി പരിവർത്തിപ്പിക്കുന്നു.

ദേശീയതയും രാഷ്ട്രങ്ങളുടെ പരമാധികാരവും പരസ്പരപൂരകമായി വർത്തിക്കുന്നുവെങ്കിലും രാഷ്ട്രത്തിന്റെ പരമാധികാരം പലപ്പോഴും മാനവികതക്ക് എതിരാവുന്നു. ഭരണകൂടത്തിന്റെ സൃഷ്ടിയായ സൈന്യം പ്രതിനിധാനം ചെയ്യുന്നത് ദേശരാഷ്ട്രത്തെയാണ്. ഭരണകൂടയന്ത്രത്തിൽനിന്ന് വേറിട്ട ഒരു സ്വത്വബോധം അതിന് സാക്ഷാൽക്കരിക്കാനാവില്ല. അത് ശരീരത്തെ മാനവിക മൂല്യത്തിന് പുറത്താക്കുന്നു. സൈന്യത്തിന്റെ ഹിംസാത്മകത ഒരേ സമയം ദേശരാഷ്ട്രത്തിന്റെയും അധികാരത്തിന്റെയും ന്യായവും മാനവികമൂല്യങ്ങളുടെ നിരാകരണവുമാകുന്നത് *കുറ്റവാളി* എന്ന കവിതയിലും കാണാം.

## കുറ്റവാളി

വിയറ്റ്നാമിൽ യുദ്ധം[6] ചെയ്യാൻ മടിച്ച ഒരു അമേരിക്കൻ ഭടന് പട്ടാളക്കോടതി വധശിക്ഷ നൽകുന്നതാണ് *കുറ്റവാളി* എന്ന കവിതയുടെ സന്ദർഭം. യുദ്ധം ചെയ്യാനുള്ള സർക്കാരിന്റെ തീരുമാനം അമേരിക്കൻ ജനതയിൽ കാര്യമായ വിഭാഗീയതക്ക് കാരണമായി. എന്തെങ്കിലും ബോധിപ്പിക്കാനുണ്ടോ എന്ന പട്ടാളക്കോടതിയുടെ ചോദ്യത്തിന് പട്ടാളക്കാരന്റെ മറുപടിയിലൂടെയാണ് കവിത മുന്നോട്ടുപോകുന്നത്. ചീറിപ്പായുന്ന ബോംബേറിൽ കൈയുംകെട്ടി സ്തബ്ധനായി ഉദാസീനനായി താൻ നിന്നു. പാളയങ്ങൾക്കും മഹായന്ത്രശാലകൾക്കും പൊൻവയലേലകൾക്കും മീതെ വിമാനം കഴുകനെപ്പോലെ വട്ടമിട്ടു പറക്കുമ്പോൾ വൈമാനികൻ അറിയാതെ അധീരനായി വിളർത്തുനിന്നുപോകുന്നു. ഒരു പട്ടാളക്കാരന് ചേരാത്ത ഭീരുത്വമാണിത് എന്ന് തിരിച്ചറിയുന്നുണ്ടെങ്കിലും ഭീരുത്വമാണ് അധർമ്മത്തെക്കാൾ നല്ലത് എന്ന് അയാളിലെ മാനവികത തിരിച്ചറിയുന്നു. തീ പൊഴിക്കുന്ന വിമാനത്തിൽ ചീറിപ്പോകുമ്പോഴൊക്കെ ആ പട്ടാളക്കാരൻ കേട്ടത് മനുഷ്യന്റെ നെടുവീർപ്പിന്റെ തീയലയാണ്. പുകമൂടിയ ഗോതമ്പുവയലിന്റെ തീവ്രഗദ്ഗദം, ചോരയാൽ കൺചോന്നു മുടിചിന്നി ആർക്കുന്ന മഹാനദി, എരിയുന്ന ചെറ്റക്കുടിലിൽ പാതിവെന്ത കുഞ്ഞിന്റെ രോദനം, നഗ്നയായ തള്ളയെ ബൂട്സിനാൽ തോണ്ടിനീക്കുന്ന അധികാരത്തിന്റെ ഗർജനം എന്നിവക്കെല്ലാമുപരിയായി സ്വാതന്ത്ര്യത്തിന്റെ സ്വാദറിഞ്ഞ നാടിന്റെ ദൃഢനിശ്ചയവും അദ്ദേഹത്തെ അസ്വസ്ഥനാക്കുന്നു. പണ്ട് ഒളിപ്പോരിന്റെ കേന്ദ്രം ആക്രമിച്ച ഓർമകളും കവിതയിലെ ആഖ്യാതാവ് പങ്കിടുന്നു. അതിന്റെ ഫലമായി വീരമുദ്ര ലഭിച്ചുവെങ്കിലും അതോടൊപ്പംതന്നെ കരളിൽ ഒരു ഉണങ്ങാത്ത മുറിവിന്റെ മുദ്രയും ഉണ്ടാവുന്നു. പോരുംവഴി തങ്ങൾ നശിപ്പിച്ച ഒരു കുടിലിന്റെ ഭിത്തിയിൽ പാതിയും തീ കരിച്ച ഹോചിമിന്റെ ചിത്രം കാണുന്നു. എന്നാൽ ആ ഛായയിൽ ഉറ്റുനോക്കുന്തോറും എബ്രഹാംലിങ്കന്റെ ഓർമകൾ കയറിവരുന്നു. ഉടനെ യുദ്ധത്തിൽ മരിച്ചവരുടെ, ബന്ധിതരായവരുടെ, ഭക്ഷണത്തിനും വസ്ത്രത്തിനും വകയില്ലാതെ ക്ഷീണിച്ചുജീവിക്കുന്നവരുടെ, അഭിമാനമെന്നത് ഉയി

രായി കൊണ്ടുനടക്കുന്നവരുടെയെല്ലാം കൂടെയാണ് ലിങ്കനെന്ന് തിരിച്ചറിയുകയും ചെയ്യുന്നു.

നിറതോക്കിങ്ങൊഴിച്ചോളൂ;
പക്ഷേ ചോര തെറിക്കവേ
ഞെട്ടൊല്ലേ; വീഴ്വതിന്നെന്റെ-
യല്ല, ലിങ്കന്റെ രക്തമാം !

(കുറ്റവാളി)

പട്ടാളക്കാരൻ ലിങ്കന്റെ പ്രതീകമാകുന്നു. രാഷ്ട്രത്തിന്റെ മൂല്യങ്ങളെയും മാനവികതയെയും ദേശീയതയുടെ വ്യവഹാരങ്ങൾ തകിടം മറിക്കുന്നു. അത് മാന വികതയെ നിർവീര്യമാക്കുന്നു. രാഷ്ട്രത്തിന്റെ പരമമായ പ്രാധാന്യം മറ്റെല്ലാ മാനു ഷികമൂല്യങ്ങളെയും നിരാകരിക്കുന്നു. അധികാരത്തിന്റെ കാഴ്ചയിൽ പട്ടാളക്കാ രൻ വെറും ഭരണകൂടയന്ത്രങ്ങളാണ്.

## അനുഭൂതികളും ഏകീകരണവും

ദേശീയതയെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ സംസ്കാരത്തിന് വളരെ പ്രാധാന്യമുണ്ട്. പൊതുവായ രാഷ്ട്രീയ സ്ഥാപനങ്ങളും സാമ്പത്തിക ഘടനകളു മുണ്ടെങ്കിലും ഓരോ രാഷ്ട്രത്തിന്റെയും സാംസ്കാരികസ്വഭാവങ്ങൾ വ്യത്യസ്തമാ യിരിക്കും. ദേശീയസ്വത്വവും സംസ്കാരവും തമ്മിലുള്ള ബന്ധത്തെ സ്പഷ്ടമാ ക്കുമ്പോൾ ഭൂരിപക്ഷത്തിന്റെ സംസ്കാരത്തെ രാജ്യത്തിന്റെ സംസ്കാരമായി അവ രോധിക്കുക സാധാരണമാണ്. ഭൂരിപക്ഷത്തിന്റെ പാരമ്പര്യങ്ങളിൽനിന്നു വാർത്തെ ടുക്കുന്ന ദേശീയവിഗ്രഹങ്ങൾ പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ സാംസ്കാരിക അനു ഭവങ്ങളെ നിരാകരിക്കുന്നു.[7]

പ്രാദേശികതയാണ് ദേശീയതയുടെ കാതൽ. എന്നാൽ ദേശീയതയുടെ പൊതുബോധം വ്യക്തികളെ പ്രാദേശികമായ വേരുകളെ പുറന്തള്ളാൻ പ്രേരിപ്പി

ക്കുന്നു. ന്യൂനപക്ഷങ്ങളും പാർശ്വവൽകൃതസ്വത്വങ്ങളും ദേശീയതയുടെ പ്രതിനിധാനത്തിൽനിന്ന് ബഹിഷ്കൃതരാകുന്നു. ന്യൂനപക്ഷത്തിന്റെ പലമകൾക്ക് ദേശരാഷ്ട്രത്തിലേക്ക് വേഗത്തിൽ പ്രവേശനം സാധിക്കുന്നില്ല. ജനകോടികൾക്കിടയിലും ഏകാകിയും ദാഹാർത്തനുമായ ഒരുവന്റെ ആത്മഭാഷണമാണ് *പരദേശി* എന്ന കവിത. ന്യൂനപക്ഷങ്ങളെയും പാർശ്വവൽക്കൃതസ്വത്വങ്ങളെയും ഒരു ദേശരാഷ്ട്രം എങ്ങനെ പരിഗണിക്കുന്നു എന്നതാണ് ഈ കവിത മുന്നോട്ടു വക്കുന്ന പ്രശ്നം. ഭരണകൂടത്തിന്റെ യുക്തിയിൽനിന്ന് മാനുഷികാംശങ്ങൾ നഷ്ടപ്പെടുകയും ദുർബലനും അശരണനും ഇടമില്ലാതാവുകയും ചെയ്യുന്നു.

നാട്ടുകാരേ നല്ലവരേ ഇത്തിരിനിൽക്കൂ എന്ന് അപേക്ഷിച്ചുകൊണ്ടാണ് കവിത തുടങ്ങുന്നത്. അതുകൊണ്ടുതന്നെ ആഖ്യാതാവ് അല്പം പിറകിലാണെന്ന് വ്യക്തമാണ്. എന്തുകൊണ്ടാണ് നിൽക്കാൻ പറയുന്നതെന്നാണ് അടുത്ത വരികളിലൂടെ വിശദമാക്കുന്നത്. വൈകിയ കാലവും പുതിയ പാതയുമാണ് ഇത്തരത്തിൽ പറയാൻ പ്രേരിപ്പിക്കുന്നത്. രണ്ടും അജ്ഞാതമാണ്. മോചകമായ ഏതോ പുരാസ്വപ്നം കണ്ടുകൊണ്ടുള്ള നിദ്രയിലാണ്. പായുന്നവർക്കൊപ്പമെത്താൻ പാടുപെട്ട് പാദങ്ങൾ മുറിഞ്ഞൊഴുകുമ്പൊഴും ജനകോടികൾക്കിടയിൽ ഒറ്റപ്പെട്ടുപോകുന്നു. ചെമ്പൻ നിഴൽകൊണ്ട് ഭൂമി മൂടി അന്തി പരുന്തുപോലെ താഴുന്നു. നാഡിതകർന്ന തെരുവിൽ നാദചലനങ്ങൾ നിലക്കുകയും കൊള്ള, കൊല, ലാഭനഷ്ടങ്ങൾ എന്നിവയുടെ കലമ്പൽ ഉയരുകയും ചെയ്യുന്നു.

എന്ത്,പരദേശി ഞാനെന്നോ
ചിന്തിച്ചു നിങ്ങൾ പിൻവാങ്ങുന്നു ?
ഇങ്ങോട്ടുനോക്കൂ ചങ്ങാതി ! ഞാൻ
ഇന്നാടു പെറ്റവനല്ലല്ലീ ?
പച്ചമണ്ണിന്റെയുവർപ്പും, മുലപ്പാലിൽ
മുറ്റിയ വാത്സല്യത്തേൻവായ്പും

ചുണ്ടിലുറന്നിടുമീ നാടൻമൊഴി
നിങ്ങൾക്കന്യമായ് തോന്നുന്നോ ?
നാടൻകച്ച പുതയ്ക്കമൂലം, പെറ്റ
നാടിൽ വിദേശിയായ് ഞാനെന്നോ ?

(പരദേശി)

നാടൻമൊഴിയും നാട്ടുകച്ചയുമാണ് ഈ നാടു പെറ്റ അവരെ പിറന്ന നാട്ടിൽ വിദേശികളാക്കുന്നത്. അരികുപറ്റി ജീവിക്കുന്നവരും പൊതുസമൂഹവും തമ്മിലുള്ള സാമൂഹ്യബന്ധമാണ് നിൽക്കൂ എന്ന അഭ്യർഥന സൂചിപ്പിക്കുന്നത്. കവിതയിലെ ആഖ്യാതാവ് താൻ പിന്നിലാണ് എന്ന് തിരിച്ചറിയുന്ന സന്ദർഭമാണ് കവിതയെ സാധ്യമാക്കിയത്. നിദ്രാധീനമായ ചേതന, മോചകമായ പുരാസ്വപ്നം എന്നീ പ്രയോഗങ്ങൾ കൃത്യമായി പാർശ്വവൽക്കരിക്കപ്പെട്ടവരെക്കുറിച്ച് സൂചന തരുന്നു ണ്ട്.

പായും നിങ്ങൾക്കൊപ്പമെത്താൻ പെടും
പാടിൽ മുറിഞ്ഞൊഴുകുംപാദം:
-ഇജ്ജനകോടിയിൽ ഞാനൊരേകാകിയാ-
ണിപ്രളയത്തിലും ദാഹാർത്തൻ !

(പരദേശി)

കാൽമുറിയൽ ദേശരാഷ്ട്രത്തിന്റെ മുഖ്യധാരയിലേക്കുള്ള വേദനാജനക മായ പ്രവേശനത്തെക്കുറിക്കുന്നു. രാഷ്ട്രസംവിധാനവുമായുള്ള സംഘർഷാത്മക മായ ബന്ധമാണ് കവിത പ്രശ്നവൽക്കരിക്കുന്നത്.

തുടർന്ന് ഗാന്ധിയുടെ മരണവും അദ്ദേഹത്തിന്റെ ആശയങ്ങൾക്കേറ്റ അവഗ ണനയുമാണ് കവിതയിൽ. സ്വാതന്ത്ര്യാനന്തരം ഗാന്ധിയൻ മൂല്യങ്ങളോടൊപ്പം മണ്ണിനോട് ചേർന്ന് ജീവിക്കുന്നവരും രാഷ്ട്രത്തിൽനിന്ന് നിഷ്കാസിതരാവുന്നു. ദേശീയതയുടെ വ്യവഹാരങ്ങൾ, ഭൂരിപക്ഷത്തിന്റെ സാംസ്കാരികത്തനിമകൾ

രാഷ്ട്രസത്തയുടെ അടയാളങ്ങളാണെന്ന് ഉറപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ പാർശ്വവൽകൃതരുടെ വേഷവും ഭാഷയും അപകൃഷ്ടമെന്ന് മുദ്രകുത്തപ്പെടുന്നു.

> ആകിലും, നമ്മളൊരേ സാന്ദീപനി-
> ശ്രീഗുരുവിൻ പ്രിയശിഷ്യന്മാർ;
> നിങ്ങളോ യാദവർ നാടുവാണീടുന്നി-
> തെന്നാൽ, കുചേലന്മാർ തെണ്ടുന്നൂ!
>
> (പരദേശി)

ഒരു വരേണ്യന്യൂനപക്ഷം നാടു ഭരിക്കുകയും പാവപ്പെട്ടവർ നാടുതെണ്ടുകയും ചെയ്യുന്നു. സ്വാതന്ത്ര്യത്തിനുശേഷം ഗാന്ധിയൻ ചിന്തകളും സ്വാശ്രയത്വത്തിലൂന്നിയ ജീവിതമൂല്യങ്ങളും ദേശീയമായ പരിപ്രേക്ഷ്യത്തിൽ എങ്ങനെ സ്വാംശീകരിക്കപ്പെട്ടു എന്നതാണ് കവിതയിലെ ഉള്ളടക്കം. ഗാന്ധിയുടെ തത്വചിന്തകൾ എല്ലാ ഇന്ത്യക്കരെയും ഒരുപോലെ അഭിസംബോധന ചെയ്യുന്നവയായിരുന്നു. നാടൻമൊഴിയും പൊട്ടിഗ്ലീഷും രാഷ്ട്രത്തിലെ രണ്ടു ധ്രുവങ്ങളെ പ്രതിനിധീകരിക്കുന്നു.

ദമനം ചെയ്യപ്പെടുന്ന പ്രാദേശികതയുടെ പലമകൾ അബോധതലത്തിൽനിന്ന് അപ്രത്യക്ഷമാക്കാൻ കഴിയുന്നില്ല. നിരപ്പാക്കാൻ ശ്രമിക്കുന്ന ഭാഷയുടെയും പ്രാദേശികതയുടെയും പലമകൾ രാഷ്ട്രത്തെ അലോസരപ്പെടുത്തുന്നു. മത വംശീയ ഭാഷാ ദാർശനിക ബഹുസ്വരതയോടുള്ള അസഹിഷ്ണുതകൾ രാഷ്ട്രശരീരത്തിന്റെ രോഗമായി പരിണമിക്കുന്നു. വൈജാത്യങ്ങളെ അടിച്ചമർത്തിയും പാർശ്വവൽക്കരിച്ചും അത് മേൽക്കോയ്മ സൃഷ്ടിക്കാൻ ശ്രമിക്കുന്നു.

**രാവും പകലും**

ദേശഭാവനയുടെ സൂക്ഷ്മാർഥങ്ങളിലേക്ക് ചൂണ്ടുന്ന കവിതയാണ് *രാവും*

*പകലും*. ബീഹാർ ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ ഈ കവിത, ദൈനംദിനജീവിതത്തിലേക്കുള്ള ദേശത്തിന്റെ കടന്നുവരവിനെ സൂചിപ്പിക്കുന്നു. ചുറ്റുമുള്ള സകല കാര്യങ്ങളിൽനിന്നും വിമുഖനായി ഇരിക്കുന്ന ആഖ്യാതാവിന്റെ അടുത്തേക്ക്  അയൽപക്കത്തുള്ള നിരക്ഷരനായ കൂലിവേലക്കാരൻ ഒരു നാണ്യ പ്പൊതിയുമായി വരുന്നു. ക്ഷാമത്തെക്കുറിച്ച് കേട്ടറിഞ്ഞ് സഹായിക്കാനുള്ള പണ വുമായാണ് അദ്ദേഹത്തിന്റെ വരവ്.

ഇന്നലെ ചെക്കൻ പത്രം
    വായിക്കേ കേട്ടു,ദൂര-
ത്തെന്തു, പേർ മറന്നുപോയ്,
    ഒരു ദേശത്തുണ്ടാൾക്കാർ
ഇലയും തൊലിയും തി-
    ന്നാണുപോൽ കഴിയുന്നൂ;
ഇതവർക്കയയ്ക്കുവാൻ
    വഴിയെന്തോതീടേണം !

(രാവും പകലും)

ഗ്രാമാന്തരീക്ഷത്തിലേക്കു കടന്നുവരുന്ന പത്രം ഒരാളിലെ ദേശ ബോധത്തിന്റെ പരിധി വികസിപ്പിക്കുകയാണ് ചെയ്യുന്നത്. പ്രാദേശികതയുടെ അതിരുകൾ മാഞ്ഞുപോവുകയും പ്രകൃതിയോടിണങ്ങിനിൽക്കുന്ന പ്രാദേശിക ജീവിതത്തിലേക്ക് ദേശീയതയുടെ സങ്കീർണപ്രശ്നങ്ങൾ കടന്നുവരികയും ചെയ്യു ന്നു. കേട്ടറിവുമാത്രമുള്ള ഒരു ജനതക്കു വേണ്ടിയാണ് ഈ നാണയശേഖരണം നട ത്തുന്നത്. കാണാതെയോ കേൾക്കാതെയോ സ്വാംശീകരിക്കുന്ന ദേശബോധം വാർത്താവിനിമയമാധ്യമങ്ങളുടെ വ്യാപനം വഴിയാണ് സംഭവിക്കുന്നത്.

ബംഗാൾക്ഷാമത്തെപ്പറ്റി കേൾക്കുമ്പോൾ ഇന്ത്യയൊന്നാണെന്ന് ഏട്ടിൽ ചൊല്ലുന്ന വാധ്യാരായ തനിക്ക് ഫോറം പൂരിപ്പിക്കാനല്ലാതെ എന്തറിയും എന്ന്

ആഖ്യാതാവിന് ആത്മനിന്ദ തോന്നുന്നുണ്ട്. പത്രംവായന ദൂരദേശത്തുള്ള ആളുകളുടെ അനുഭവം വിനിമയം ചെയ്യുന്നു. ഇന്ത്യയൊന്നെന്ന് ഏട്ടിൽചൊല്ലുന്ന വാധ്യാരിൽനിന്ന് ഭിന്നമായി, ഭിന്നമായ ഇന്ത്യയെ ഒന്നായി നിരക്ഷരനുപോലും അനുഭവിപ്പിക്കുന്നത് പത്രമാണ്. ഈ ഏകതാബോധമാണ് അവർക്കുവേണ്ടി പണം പിരിക്കാൻ ആ നിരക്ഷരനെ സന്നദ്ധനാക്കുന്നത്. അയൽക്കാരന്റെ ഈ പ്രവർത്തിയിലൂടെയാണ് നോവിലൂടെ ദൂരസമയങ്ങളെ വെല്ലുന്ന മാനവധീര സ്നേഹശക്തിയെക്കുറിച്ച് ആഖ്യാതാവ് ബോധവാനാവുന്നത്.

ഇന്നവ്യബോധത്തിന്റെ
   ദീപ്തി ചൂഴ്ന്നേകാന്തത്തിൽ
എന്നയൽച്ചെറുമന്റെ
   ചിമ്മിനിനാളം കാൺകേ,
എന്റെ മച്ചിലെ പുത്തൻ
   ഭൂപടത്തിലാ വെട്ടം
ചിന്നി ദില്ലിയും മദി-
   രാശിയും തെളിയവേ

(രാവും പകലും)

അയൽപക്കത്തെ ചെറുമന്റെ ചിമ്മിണിവെട്ടത്തിന്റെ വെളിച്ചത്തിലാണ് മച്ചിലെ ഭൂപടത്തിൽ ദില്ലിയും മദിരാശിയും തെളിയുന്നത്. ഈ വെളിച്ചം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വെളിച്ചമാണ്. മച്ചിലെ ഭൂപടം ദേശീയാധുനികതയുടെ വിനിമയസാമഗ്രികളിലൊന്നാണ്.

പത്രങ്ങൾ ആഖ്യാനത്തിലൂടെ ഒരു സവിശേഷ ഭൂപടനിർമിതി നടത്തുന്നു. എല്ലാവരും ഒന്നാണെന്നും ഇന്ത്യയിലെ ഏതു പ്രദേശത്തെയും ജനങ്ങളുടെ ദുഃഖം ഇന്ത്യക്കാരുടെ ദുഃഖമാണെന്നുമുള്ള ബോധം സൃഷ്ടിച്ചത് പത്രമാണ്. ഈ ബോധത്തിന്റെ വെളിച്ചത്തിലൂടെ നോക്കുമ്പോഴാണ് മച്ചിൽ തൂക്കിയ ഭൂപടവും അതിലെ

ദില്ലിയും മദിരാശിയുമൊക്കെ കാണുന്നത്. ഇവിടെ ദേശബോധം ഉടലെടുക്കുന്നത് ദുരിതത്തോടുള്ള സഹാനുഭൂതിയിലാണ്.

**ഓർമ**

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ *ഇന്ത്യ എന്ന വികാരം* എന്ന കവിതാ സമാഹാരത്തിന്റെ അവതാരികയിൽ എം.എസ്. മേനോൻ ഇങ്ങനെയെഴുതുന്നു.

> *സാഹിത്യത്തെ അതിന്റെ നിർമാണകാലവുമായി ബന്ധപ്പെടുത്തി പഠിക്കുകയും ആസ്വദിക്കുകയും വിമർശിക്കുമ്പോഴും ചെയ്യുമ്പോഴേ അതിന്റെ സ്വഭാവവും സൗന്ദര്യവും വ്യക്തമാകൂ. ഈ സമാഹാരത്തിലെ കവിതകളെ സംബന്ധിച്ചിടത്തോളം ഇത് ഏറെ സത്യമാണ്. അവയെഴുതിയ ഒരു വ്യാഴവട്ടക്കാലത്തെ കാലിക ദേശീയ സംഭവങ്ങളുടെയും സാമൂഹ്യാവസ്ഥയുടെയും പശ്ചാത്തലത്തിലേക്കുള്ള സൂചികകളെന്ന നിലക്ക് ഓരോ കവിതകളുടെയും ചുവടെ ച്ചേർത്തിട്ടുള്ള രചനത്തീയതികൾക്ക് സവിശേഷ പ്രാധാന്യമുണ്ട്. കാലദേശസമൂഹാദികളിൽനിന്ന് അതീതവും നിർമുക്തവുമായ കേവലസൗന്ദര്യങ്ങളുടെ നിർമമമായ ആവിഷ്കാരങ്ങളല്ല ഈ കവിതകൾ.*[8]

രചനത്തീയതികൾ കൃത്യമായി എഴുതിയതുകൊണ്ടുതന്നെ ഈ കവിതകൾ മുന്നോട്ടുവക്കുന്ന രാഷ്ട്രീയമാനങ്ങൾ നിഗൂഢമല്ല. തുറന്നിട്ടിരിക്കുന്ന ഈ കവിതകൾ ചരിത്രമായി വായിക്കുന്നതോടൊപ്പംതന്നെ അനുഭവങ്ങളും ഓർമകളുമായിക്കൂടി വായിക്കേണ്ടതുണ്ട്. ഓർമകളുടെ എഴുത്ത് സവിശേഷമായൊരു രാഷ്ട്രീയ പ്രവർത്തനമായതുകൊണ്ടുതന്നെ ബോധനാത്മക ചരിത്രത്തോടുള്ള ഇവയുടെ അടുപ്പം വ്യക്തമാണ്. ദേശസ്നേഹവും ദേശീയബോധവും വളർത്തുക എന്നതാണ് ഇത്തരം ചരിത്രാഖ്യാനങ്ങളുടെ ലക്ഷ്യം. എന്നാൽ കവിതയുടെ കെട്ടുപാ

ടിൽ കേവല ബോധനാത്മകചരിത്രത്തിന് നിലനിൽപ്പില്ല. കാരണം അവ വ്യക്തിപരമായ ജീവൽക്കാലത്തെക്കൂടി കവിതയിൽ അടയാളപ്പെടുത്തുന്നുണ്ട്. ചരിത്രത്തിന്റെ രേഖീയമായ രേഖപ്പെടുത്തലുകൾ എന്നതിലുപരി സവിശേഷമായ ഓർമകൾ കൂടി കലർത്തുമ്പോൾ കവിത നിലകൊള്ളുന്നത് ജീവിതബാഹ്യമായ ചരിത്രത്തിലല്ല ജീവിതത്തിനകത്തെ അനുഭവത്തിലാണെന്നു വരുന്നു.

മുൻപ് അറിഞ്ഞിട്ടുള്ളതിനെപ്പറ്റിയുള്ള വിചാരമാണ് ഓർമ. ഓർമകൾ രണ്ടു വിധത്തിലുണ്ട്. ബോധപൂർവം ഉണർത്തിയെടുക്കേണ്ട ഓർമകളും പ്രേരണകൂടാതെ മനസ്സിലേക്കെത്തുന്ന ഓർമകളും. തെളിവുകളുടെ പിൻബലം അവകാശപ്പെടാൻ കഴിയുമ്പോൾ അത് ചരിത്രവും വർത്തമാനജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാവുമ്പോൾ അവ ശീലങ്ങളുമാകുന്നു. എന്നാൽ ഭൂതകാലവുമായുള്ള ബന്ധം അടയാളപ്പെടുത്തുമ്പോൾ അതിനെ നാം ഓർമയായി മനസ്സിലാക്കുന്നു. ശീലമായി ത്തീർന്ന ഓർമ പ്രവർത്തിക്കുകയാണ് ചെയ്യുന്നതാണ്. എന്നാൽ ഓർത്തെടുക്കുന്ന ഓർമകൾ പ്രതിനിധാനം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്.[9]

ദേശം നിർമിതമാവുന്നതും നിലനിൽക്കുന്നതും നിരവധി ഓർമകളിലൂടെയാണ്. ഓർമകൾക്ക് സംഭവിക്കുന്ന നാശം ദേശബോധത്തിന്റെ മുറുകിയ ഘടനയെ അയച്ചിടുന്നു. ഓർമകളുടെ സ്വീകാര്യതയുടെയും തിരസ്കാരത്തിന്റെയും രാഷ്ട്രീയമാണ് ദേശീയതയുടെ രാഷ്ട്രീയത്തെ നിയന്ത്രിക്കുന്നത്.

ചരിത്രാനുഭവങ്ങൾക്ക് ഒരുമയുടെ തലം സൃഷ്ടിച്ചെടുക്കുന്നതിൽ പങ്കുണ്ട്. വ്യത്യസ്തമായ ഭാഷ, സംസ്കാരം, ജീവിതരീതി തുടങ്ങി മറ്റനേകം വൈവിധ്യങ്ങൾ നിലനിൽക്കുമ്പോൾത്തന്നെ ഒന്നിച്ചനുഭവിച്ച അനുഭവങ്ങളുടെ ചരിത്രം ഐക്യബോധത്തെ പുഷ്ടിപ്പെടുത്തുന്നു. കൊളോണിയൽ വിരുദ്ധ സമരകാലത്ത് ഇത്തരം പൊതുവായ ചരിത്രം കണ്ടെത്തുകയായിരുന്നു ചെയ്തതെങ്കിൽ സ്വാതന്ത്ര്യാനന്തരം ഈ സമരം തന്നെ ദേശീയബോധത്തിലേക്കുള്ള വൈകാരിക മൂലധനമായി മാറുകയായിരുന്നു.

## സ്വാതന്ത്ര്യസമരഗീതങ്ങൾ

ഭൂപ്രകൃതിയും ഭാഷയും വേഷവും ആചാരവുംകൊണ്ട് വ്യത്യസ്തമായ ഇന്ത്യയിലെ സംസ്ഥാനങ്ങളിലെല്ലാം തന്നെ ദേശീയതയാൽ പ്രചോദിതമായ സ്വാതന്ത്ര്യസമരഗീതങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവയോരോന്നും ഭാഷാദേശീയതയുടെ പ്രബലതക്ക് അടിവരയിടുന്നതാണ്. ഭാഷയിലും വിഷയത്തിലും വൈവിധ്യം പുലർത്തുന്ന ഇവയിൽ പലതും പ്രാദേശികമായ അനുഭവത്തിൽനിന്ന് ഉടലെടുത്ത വയാണ്. ഭൂതകാലത്തെക്കുറിച്ചുള്ള അഭിമാനം, രക്തസാക്ഷികളിൽനിന്നാർജി ക്കുന്ന ആവേശം, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷ, വിദേശഭരണത്തോടുള്ള അമർഷം, അഹിംസയിലുള്ള വിശ്വാസം, ദേശീയനേതാക്കന്മാരോടുള്ള ആരാധന, ഭൂമിശാസ്ത്രപരമായ ഉടമസ്ഥതാബോധം ഇതൊക്കെയായിരുന്നു ഈ രചനക ളുടെ പൊതുസ്വഭാവം. കേരളത്തിൽ ഉപ്പുസത്യാഗ്രഹം, വൈക്കം സത്യാഗ്രഹം, കൊച്ചി ക്ഷേത്രപ്രവേശന സമരം സ്വതന്ത്ര തിരുവിതാംകൂറിനെതിരെ നടന്ന പ്രക്ഷോഭം, ഐക്യകേരള പ്രസ്ഥാനം എന്നിങ്ങനെയുള്ള സംഭവങ്ങളുടെ പ്രതികര ണങ്ങളാണ് പല ഗീതങ്ങളും. വാർത്താവിനിമയമാർഗങ്ങൾ പ്രചരിക്കുന്നതിനുമുമ്പ് ദേശീയബോധത്തിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു എന്നതാണ് ഈ കവിതകളുടെ സവിശേഷത. ഇത്തരം ഗീതങ്ങൾ സമ്പാദിച്ച് *സ്വാതന്ത്ര്യസമരഗീതങ്ങൾ* എന്ന പേരിൽ വിഷ്ണുനാരായണൻ നമ്പൂതിരി സമാഹരിച്ചിട്ടുണ്ട്.

## ദേശീയസംഭവങ്ങൾ

ഹിമാലയൻ അതിർത്തിത്തർക്കത്തെത്തുടർന്ന് ഇന്ത്യയും ചൈനയും തമ്മി ലുണ്ടായ യുദ്ധമാണ് ഇന്ത്യ-ചൈന യുദ്ധം. *രണഭൂമി* എന്ന കവിത ഈ യുദ്ധം വിഷയമാക്കിയുള്ളതാണ്. ഇന്ത്യ ഹിമാലയൻ അതിർത്തിയിൽ പുതിയ സൈനിക പോസ്റ്റുകൾ സ്ഥാപിക്കുകയും ചൈനീസ് സൈനികർ ഈ താവളങ്ങൾക്കുനേരെ അക്രമം അഴിച്ചുവിടുകയും ചെയ്തു. യുദ്ധത്തിൽ ഇന്ത്യക്കുണ്ടായ കഷ്ടനഷ്ട

ങ്ങൾ വൈകാരികമായി കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു. *തേരാളിയുടെ മുമ്പിൽ* എന്ന കവിതയും ഇന്ത്യ ചൈന യുദ്ധം പ്രതിപാദിക്കുന്നതാണ്.

**ഭക്ഷ്യക്ഷാമം**

സ്വാതന്ത്ര്യാനന്തരം ഇന്ത്യ കഠിനമായ ഭക്ഷ്യക്ഷാമത്തിലേക്ക് നീങ്ങുകയും സമ്പന്നരാജ്യങ്ങളിൽനിന്നും ധനസഹായം ലഭിക്കാതെ നിലനിൽക്കാൻ കഴിയില്ലെന്ന അവസ്ഥയിലാകുകയും ചെയ്തു. അമേരിക്ക ഇന്ത്യക്കുനൽകിയിരുന്ന സഹായം 1965ലെ ഇന്ത്യാ-പാക് യുദ്ധത്തോടെ നിർത്തലാക്കി. കൂടാതെ വിയറ്റ്നാം യുദ്ധത്തിൽ ഇന്ത്യ അമേരിക്കക്കെതിരെ നിലപാടെടുത്തതിനെത്തുടർന്ന് അമേരിക്കയുമായുള്ള ബന്ധം വഷളാവുകയും ചെയ്തിരുന്നു. അക്കാലത്ത് PL480 എന്ന വിദേശപദ്ധതിയനുസരിച്ചാണ് ഇന്ത്യയിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമായിരുന്നത്. ഇതിനെ വിമർശിക്കുന്ന കവിതയാണ് 1968 ൽ എഴുതിയ *നവവത്സരം*.

ജീവനിൽ ദാസ്യത്തിന്റെ
   പാഴ്ക്കറ മുറ്റിശ്ശോച-
നീയമീത്തലമുറ;
   വരിനെല്ലണിപ്പാടം
തീറു നൽകിയിട്ടർദ്ധ-
   പ്പട്ടിണിഗ്ഗോതമ്പത്തിൻ
യാചനയ്ക്കിറങ്ങുന്ന
   രാഷ്ട്രശില്പവൈദഗ്ദ്ധ്യം.

(നവവത്സരം)

*കല്ലുകൾ* എന്ന കവിതയും ഈ പദ്ധതിയെ വിമർശിക്കുന്നതാണ്.

ഈയാണ്ടോണമെനിക്കു വിളമ്പുവ-
തീരേഴാഴികളപ്പുറമേതോ

ദേവന്മാരുടെയൗദാര്യത്തിൻ
കല്ലു കലർന്നൊരു ഗോതമ്പം,നാ-
മെല്ലാം വാഴ്ത്തും നൈവേദ്യം !

(കല്ലുകൾ)

**അടിയന്തരാവസ്ഥ**

*ജയം* എന്ന കവിത അടിയന്തരാവസ്ഥയെക്കുറിച്ചെഴുതിയതാണ്. മാനവികതയും ദേശരാഷ്ട്രവും തമ്മിലുള്ള സംഘർഷങ്ങളാണ് ഈ കവിതയിലെ പ്രമേയം. ഇന്ത്യൻ രാഷ്ട്രീയം ജനാധിപത്യധ്വംസനംകൊണ്ടും ഭരണകൂട ഭീകരതകൊണ്ടും ജനവിരുദ്ധത പ്രകടിപ്പിച്ച സാഹചര്യമായിരുന്നു 1975 മുതൽ 1977 വരെയുണ്ടായ ദേശീയ അടിയന്തരാവസ്ഥക്കാലം.

നാവിനാൽ പാരിടംമൂടി
വേതാളം ചോര നക്കവേ
മൂവന്തിയെശ്ശകുനിമാർ
പുലർച്ചോപ്പെന്നു വാഴ്ത്തവേ
യൂപത്തിൽക്കെട്ടി വാളോങ്ങി
മന്ത്രം ചൊല്ലുന്ന വേളയിൽ
വിറയ്ക്കും യാഗപശുവായ്
ഭൂമി മൂർച്ഛിച്ചുനിൽക്കവേ

(ജയം)

എന്നിങ്ങനെ അവതരിപ്പിച്ചിരിക്കുന്നത് അടിയന്തരാവസ്ഥക്കാലത്തെ രാഷ്ട്രത്തെയാണ്. ഇന്ത്യൻ ഭരണകൂടം കേന്ദ്രീകൃതമായ അധികാരത്തെ ദുർവിനിയോഗം ചെയ്യുകയും പൗരാവകാശങ്ങളെ അടിച്ചമർത്തുകയും ഭരണകൂടഹിംസ അതിന്റെ പാരമ്യത്തിലെത്തുകയും ചെയ്ത സന്ദർഭമാണ് അടിയന്തരാവസ്ഥ. മാനവികതയും ദേശരാഷ്ട്രവും തമ്മിലുള്ള സംഘർഷങ്ങൾ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു.

**മഹത്സ്മൃതികൾ**

മഹാപുരുഷന്മാരുടെ വീരഗാഥകൾ, ചരിത്രസ്ഥലികളുടെ പെരുപ്പിച്ച വർണ്ണനകൾ, സ്മാരകങ്ങളുടെയും സ്തൂപങ്ങളുടെയും ചിത്രങ്ങൾ, വാർത്താ ദിശ്യമാധ്യമങ്ങളിലെയോ ഗദ്യരൂപങ്ങളിലെയോ അതിശയവും ആദരവും ഉളവാക്കുന്ന ദീർഘമായ ആഖ്യാനങ്ങൾ എന്നിവയെല്ലാം ദേശീയതയുടെ മഹാവ്യവഹാരത്തെ സാധൂകരിക്കുകയാണ് ചെയ്യുന്നത്. ഇന്ത്യയിൽ ഇതേധർമം നിർവഹിച്ചത് ചരിത്രാഖ്യായികകളുടെയും പുരാവൃത്തങ്ങളുടെയും പുനരാഖ്യാനങ്ങളുടെയും നീണ്ട നിരയാണ്.[10] സ്വാതന്ത്ര്യസമരകാലഘട്ടത്തിലും അതിനുശേഷവും മലയാള കവിത അത്തരം ധർമങ്ങൾ നിർവഹിച്ചിട്ടുണ്ട്.

കൊളോണിയൽമൂല്യങ്ങൾക്കെതിരെയും സ്വാതന്ത്ര്യസമരനായകന്മാരെയും സവിശേഷവ്യക്തിത്വങ്ങളെയും പൊലിപ്പിച്ചുമുള്ള ആഖ്യാനങ്ങൾ ഇതിന്റെ ഭാഗമായിരുന്നു. *അഭിമന്യുവിന്റെ അമ്മ, ഭാരതപുത്രൻ, തേരാളിയുടെ മുൻപിൽ, ജവാഹരസ്മരണ, ഹേ കാളിദാസ, കന്നിപത്ത്, ഇന്ത്യയുടെ മകൻ, ഗാന്ധിദർശനം, വിവേകാനന്ദം, സച്ചിദാനന്ദവാത്സ്യായനൻ, ശുക്ളൈകേകാദശി, വള്ളത്തോളിന്റെ ചെവി* എന്നിവ അത്തരത്തിൽ ചിലതാണ്. ഇത്തരം കവിതകൾ സ്തുതിയുടെയും ഓർമയുടെയും രൂപത്തിൽ എഴുതിയിട്ടുള്ളവയാണെങ്കിലും ഇവ പ്രതിനിധാനം ചെയ്യുന്നത് ദേശീയാനുഭവങ്ങളെക്കൂടിയാണ്.

ദേശീയനായകന്മാരെയും സവിശേഷവ്യക്തിത്വങ്ങളെയും കവിതയിലേക്ക് കടത്തിവിടുമ്പോൾ അത് ദേശബോധത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്. ഗാന്ധി, നെഹ്റു, വിവേകാനന്ദൻ, കാളിദാസൻ, വൈലോപ്പിള്ളി, ശ്രീനാരായണഗുരു, ഇട്ടിരാരിശ്ശമേനോൻ, ജയപ്രകാശ് നാരായണൻ എന്നിങ്ങനെ അനേകം വ്യക്തികളുടെ ജീവിതവും ആശയങ്ങളും ഉദ്ധരണികളും അവരുടെ നിലപാടുകളും കവിതയിൽ കടന്നുവരുന്നു. ഇവയെല്ലാം വ്യക്തിത്വമാഹാത്മ്യപ്രകീർത്തനം മാത്രമല്ല സാധിക്കുന്നത് മറിച്ച് സവിശേഷമായ ദേശാനുഭവത്തിന്റെ കണ്ടെടുക്കലും അവയുടെ

പുനർവിന്യാസവുമാണ്. വ്യക്തികളുടെ ജീവിതവും അനുഭവവും ഇന്ത്യയെന്ന ബൃഹത്തായ അനുഭവത്തിന്റെ അടരുകളാണ്. ഇത്തരം ഓർമകളെ വർത്തമാനത്തി ലേക്കാനയിക്കുകവഴി ദേശാനുഭവത്തിന്റെ ഇഴകളെ കൂട്ടിച്ചേർത്തുള്ള ഭൂപടനിർമി തിയായി മാറുന്നു. ഒരു ദേശം അനേകം വ്യക്തികളെ ഉൾക്കൊള്ളുന്നുണ്ട്. ചരിത്രത്തിന്റെ സവിശേഷസന്ദർഭത്തിൽ അവരുടെ ചില മൂല്യങ്ങളോ പ്രഭാവങ്ങളോ വ്യക്തിശരീരങ്ങളോ ദേശീയസൂചകങ്ങളായിത്തീരുകയും അവർ ദേശത്തെ പ്രതിനിധാനം ചെയ്യാൻ കെൽപ്പുള്ളവരായിത്തീരുകയും ചെയ്യുന്നു.

ദേശീയതാവിശകലനത്തിൽ മഹത്വ്യക്തികളുടെ സ്മൃതികൾ പ്രാധാന്യ മർഹിക്കുന്നത് രണ്ടുരീതിയിലാണ്. മൂല്യബോധവുമായി ബന്ധപ്പെട്ടും ബൗദ്ധികവും സാംസ്കാരികവുമായ ഈടുവെപ്പ് എന്ന നിലയിലും. ഒരു ദേശം അതിന്റെ മൂല്യസംഹിത ഉരുത്തിരിച്ചെടുക്കുകയും ക്രോഡീകരിച്ചെടുക്കുകയും ചെയ്യുന്നത് ആ ദേശത്തിലെ സാംസ്കാരിക വ്യക്തിത്വങ്ങളിൽനിന്നും അവരുടെ ചിന്തകൾ, കൃതികൾ, പ്രസംഗങ്ങൾ എന്നിവയിൽനിന്നുമായിരിക്കും. മൂല്യങ്ങൾക്ക് ശോഷണം സംഭവിക്കുകയാണെന്നു തോന്നുന്ന സന്ദർഭങ്ങളിൽ ഓർമകളി ലൂടെയും ആഖ്യാനങ്ങളിലൂടെയും ഇവരെ പുനരാനയിക്കുന്നു. ബഹുലമായ ജനസമ്മതതി നേടിയ ഇത്തരം വ്യക്തികൾ അവർ പ്രതിനിധാനം ചെയ്യുന്ന മൂല്യസംഹിതകളുടെ സൂചകങ്ങളാവുകയും അവതന്നെ ദേശീയമൂല്യങ്ങളുടെ പ്രതിനിധാനങ്ങളാവുകയും ചെയ്യുന്നു.

ചിഹ്നങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ദേശം സ്വയം പുനരുൽപ്പാദി പ്പിക്കുന്നു. ദേശീയസ്മാരകങ്ങളും ദേശീയമ്യൂസിയങ്ങളും ഗാലറികളും ദേശീയതയെ തുടർച്ചയായി വ്യാഖ്യാനിക്കുന്നുണ്ട്.[11] ദേശരാഷ്ട്രം പ്രതീകങ്ങളു ടെയും സ്മരണകളുടെയും പൊതുശേഖരണത്തെ സ്വന്തം പ്രാമാണികത സ്ഥാപിക്കാൻ ഉപയോഗിക്കുന്നു.

## ക്വിറ്റിന്ത്യാ സ്മരണ

ക്വിറ്റിന്ത്യാ സമരത്തെക്കുറിച്ചുള്ള ഓർമകൾ പ്രതിപാദിക്കുന്ന കവിതയാണിത്. പുതുക്കുളങ്ങരയിലെ പള്ളിക്കൂടവളപ്പിനെ ചുറ്റി ക്വിറ്റിന്ത്യാ സമരജാഥ കടന്നുപോകുന്നത് പെരിങ്ങര ഗോപാലപിള്ളസാറിന്റെ ക്ലാസ്സിലിരുന്ന് കാണുന്ന കുട്ടി ആ ആൾക്കൂട്ടപ്പെരുവെള്ളത്തിൽപ്പെട്ടുഴന്ന് വൈകി വീടണയുന്നു. എന്നാൽ ജാഥയിലെ 'കീ ജയ്' വിളി ജീവിതാവസാനംവരെ മനസ്സിൽ തങ്ങിനിൽക്കുന്നു. കുട്ടിക്കാലത്തെ ഈ ഓർമ കുട്ടിയുടെ മനസ്സിൽ ഇന്ത്യ എന്ന രാഷ്ട്രത്തെക്കുറിച്ചുള്ള ബോധം നിർമിച്ചെടുക്കുന്നു.

അടച്ച കണ്ണിൽ ഞാനിതു കാണ്മൻ: അർത്ഥം
ശരിക്കറിയാതെ 'ജയ' മന്ത്രം ഞാന-
ന്നുരുവിട്ടു: സംഗീതമായ് വെളിച്ചമായ്
സുഗന്ധമായ് ഇന്നുമതെന്റെ ജീവനിൽ
പുലരുന്നൂ, മങ്ങും തിരിനാളം നീട്ടി-
പ്പുലർത്തുന്നൂ തളർന്നടിയുംപ്രജ്ഞയെ.

(ക്വിറ്റിന്ത്യാസ്മരണ)

കുട്ടിക്കാലത്ത് അർഥമറിയാതെ ഉരുവിട്ട ഈ ജയമന്ത്രം ഇന്നും മങ്ങിപ്പോകുന്ന പ്രജ്ഞയെ തിരിനാളം നീട്ടി വെളിച്ചത്തിലേക്കുണർത്തുന്നു. അർഥമറിയാതെയും അറിഞ്ഞും ഇത്തരം ദേശീയചിഹ്നങ്ങൾ നിരന്തരം പ്രക്ഷേപിച്ചുകൊണ്ടാണ് ഒരു ദേശരാഷ്ട്രം അതിന്റെ സാധുത നിലനിർത്തുന്നത്. തുകലശ്ശേരി, നീരേറ്റുപുറം എന്നിവ തിരുവല്ലയുടെ കിഴക്കും പടിഞ്ഞാറുമുള്ള രണ്ടു സ്ഥലങ്ങളാണ്. ക്വിറ്റിന്ത്യാ സമരകാലത്ത് ജാഥകടന്നുപോകുന്ന ഭൂമിശാസ്ത്രപരമായ ഇടങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. കുട്ടി ക്വിറ്റിന്ത്യാ സമരജാഥ കാണുകയും അറിയുകയും ചെയ്യുന്ന സ്ഥലം പള്ളിക്കൂടമാണ്. വിദ്യാലയങ്ങൾ ആധുനികത

യുടെ സ്ഥാപനമാണ്. ഇത്തരം സ്ഥാപനങ്ങൾ ദേശീയതയുടെ പ്രബോധനപര മായ ദൗത്യം നിറവേറ്റുന്നുണ്ട്. ഗോപാലപ്പിള്ളസാർ കെട്ടഴിക്കുന്ന കഥകളിലൂടെ അർഥം ശരിക്കറിയാത്ത കാലത്തുതന്നെ കുട്ടിയുടെ മനസ്സിൽ ദേശബോധത്തിന്റെ സൂചകങ്ങൾ പ്രക്ഷേപിക്കപ്പെടുന്നുണ്ട്. നാടോടിവഴക്കങ്ങളുടെയും നാട്ടുപാരമ്പര്യ ങ്ങളുടെയും പുരാവൃത്തബന്ധങ്ങളുടെയും ലോകത്തു കഴിയുന്ന വിവിധ ജനവിഭാ ഗങ്ങളെ സാക്ഷരവും നിയതവും അതിരുകളുള്ളതുമായ ആധുനികദേശരാഷ്ട്ര ത്തിലേക്ക് ഉദ്ഗ്രഥിക്കുക എന്നതായിരുന്നു ആധുനികീകരണത്തിന്റെ വിവിധ രൂപ ങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.[12] ഗ്രാമങ്ങളിൽ ഇത്തരം ഉദ്ഗ്രഥനങ്ങളുടെ ഉപകരണങ്ങളായി പ്രവർത്തിച്ചത് വിദ്യാലയങ്ങളാണ്. സ്വാതന്ത്ര്യസമരചരിത്രം രക്തസാക്ഷിത്വത്തിന്റെ അനേകം വീരസ്മരണകൾ ഉൾക്കൊള്ളുന്നുണ്ട്. ഇത്തരം സ്മരണകൾ ആവർത്തനത്തിലൂടെ നിരന്തരം പ്രക്ഷേപിക്കപ്പെടുമ്പോൾ, യാതനകളുടെയും വേദനകളുടെയും ഭൂതകാലം പങ്കുവ ക്കപ്പെടുകയും ദേശത്തിന്റെ വൈകാരികഭൂപടം നിർമിതമാവുകയും ചെയ്യുന്നു. ദേശീയതയുടെ ബൃഹദാഖ്യാനങ്ങൾ നിരാകരിക്കുന്ന പ്രാദേശികത്തനിമകളുടെ വീണ്ടെടുപ്പും പ്രാദേശികാഖ്യാനങ്ങളുടെ ദൗത്യമാണ്. *നാട്ടിൻപുറം* എന്ന കവിത യിൽ അത്തരമൊരു ശ്രമം കാണാൻ കഴിയും.

**നാട്ടിൻപുറം**

അസ്ഥിപഞ്ജരവുമായി നിൽക്കുന്ന പുറവേലിയും പച്ചില കടിച്ചുതിന്നുന്ന കൊറ്റനാടും ഇലവാടിയ ഗന്ധം പരത്തുന്ന കാറ്റും ഉച്ചവെയിലേറ്റ് ഉറക്കം തൂങ്ങുന്ന പുഴയുമുള്ള ഒരു നാട്ടിൻപുറത്തെയാണ് ഈ കവിതയിൽ അവതരിപ്പി ക്കുന്നത്. കൈതപ്പടർപ്പുകളും നാൽക്കാലിമാടവും വഴുക്കുന്ന വരമ്പുമുള്ള നാട്ടിൻപുറത്ത് കാക്ക കാഷ്ഠിക്കാനിരിക്കുന്ന ശില ഇട്ടിരാരിശ്ശമേനോന്റെ പ്രതിമ യാണ്. തൊട്ടടുത്തുള്ള കരിങ്കൽതൊട്ടി വേനലിൽ യാത്രക്കാർക്ക് ദാഹമകറ്റാൻ വേണ്ടി അദ്ദേഹം നിർമിച്ചതാണ്. അദ്ദേഹത്തിന്റെ അസാന്നിധ്യത്താലാണ് യാത്ര

ക്കാർക്ക് ദാഹിച്ചു വഴി താണ്ടേണ്ടിവന്നത്. ഇന്ന് ഈ കൽത്തൊട്ടിയിൽ ചാരിനിന്ന് ജനങ്ങൾ നിരവധി വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു.

ഇന്നീ കൽത്തൊട്ടിമേൽ ചാഞ്ഞു
സൊള്ളിനില്പൂ മഹാജനം.
ഓർമ്മിപ്പീലവരിന്നിട്ടി-
രാരിശ്ശനെയശേഷവും;
അവരോ, ചർച്ച ചെയ്യുന്നൂ
നക്സൽബാരികൾ, ബന്ദുകൾ,
സമരങ്ങൾ, കലാശാലാ-
ബില്ലു, കമ്മിറ്റി, തീർപ്പുകൾ,
മാവോവിൻ ചിന്ത, ജോൺസന്റെ
ഭാരതപ്രേമവും തഥാ !

(നാട്ടിൻപുറം)

ഇട്ടിരാരിശ്ശമേനോനെ അവർ മറന്നുപോയിരിക്കുന്നു. ഈ ഗ്രാമം ആധുനികമായ പരിഷ്കാരങ്ങൾക്കുപുറത്തുനിൽക്കുന്ന ഇടമാണ്. എന്നാൽ കൽത്തൊട്ടിയിൽ ചാരിനിന്ന് നടക്കുന്ന ചർച്ചകളിലെല്ലാം കടന്നുവരുന്നത് തികച്ചും ആധുനികമായ വിഷയങ്ങളായ നക്സൽബാരികൾ, ബന്ദുകൾ, സമരങ്ങൾ, കലാശാലാബില്ലുകൾ, കമ്മിറ്റികൾ, മാവോയുടെ ചിന്ത എന്നിവയാണ്. കൽത്തൊട്ടി തികച്ചും ഗ്രാമീണമായ നന്മയുടെ പ്രതീകമാണ്. ക്രമേണ ഇട്ടിരാരിശ്ശമേനോന്റെ പ്രതിമയും കൽത്തൊട്ടിയും ചുറ്റുപാടും ഒരു പൊതു ഇടമായി മാറുകയാണ് ചെയ്യുന്നത്.

ദേശത്തെ അടയാളപ്പെടുത്തുന്നതിൽ ഈ പ്രതിമക്ക് പ്രത്യേക സ്ഥാനമുണ്ട്. കവിതയിലെ സ്ഥലം പ്രാദേശികതയുടെ അടയാളങ്ങൾ പേറുന്നതാണ്. ചുട്ടുപൊള്ളുന്ന വേനലിൽ ഒരു ഗ്രാമത്തിന്റെ ദാഹമകറ്റിയ കരിങ്കൽതൊട്ടി ദേശാനുഭവത്തിന്റെ അടയാളങ്ങൾ പേറുന്നുണ്ട്. ഈ കരിങ്കൽതൊട്ടിയുടെ അഭാവം ഒരു ഗ്രാമ

ത്തിന്റെ മുഴുവൻ ദാഹമായി മാറുന്നു. ഒരു ഗ്രാമത്തിലെ ജനങ്ങളുടെ ദാഹമെന്ന ജൈവിക ചോദനയിലിടപെടുക വഴി കൽതൊട്ടി ജനതയുടെ കൂട്ടായ അനുഭവമായി മാറുന്നു. ഈ കൂട്ടായ അനുഭവത്തിന്റെ പ്രതലം പിന്നീട് വിവിധ ചർച്ചകളുടെ വേദിയാവുന്നു. ചർച്ചയിൽ പങ്കെടുക്കുന്ന ജനങ്ങൾ വെറും ശിലയായാണ് പ്രതിമയെ പരിഗണിക്കുന്നത്. ഓർമകളുടെയും ചരിത്രത്തിന്റെയും അഭാവത്തിൽ എല്ലാ പ്രതിമകളും കേവലം ശിലകളായി മാറുന്നു. ചരിത്രത്തിൽനിന്നു മുക്തമായ ദേശസൂചകത്തിന് കേവലം പുരാവൃത്തത്തിന്റെ പദവി മാത്രമേയുള്ളൂ. ചരിത്രത്തിന്റെ അഭാവത്തിൽ ദേശീയതയുടെ സൂചകങ്ങളെല്ലാം മിത്തുകളായി പരിണമിക്കുന്നു.[13]

പ്രാദേശികമായ ഈടുവെപ്പുകളെ മറവിയിലാഴ്ത്തിക്കൊണ്ടാണ് ആധുനികതയുടെ സ്ഥാപനങ്ങളും വ്യവഹാരങ്ങളും കടന്നുവരുന്നത്. ആഖ്യാനത്തിലൂടെ ഇത്തരത്തിലുള്ള പ്രദേശങ്ങളെ ദേശരാഷ്ട്ര വ്യവഹാരങ്ങളിലേക്ക് ഉൾച്ചേർക്കുന്ന പ്രക്രിയയാണ് നടക്കുന്നത്. നക്സൽബാരിപ്രസ്ഥാനങ്ങൾ സ്വാതന്ത്ര്യമെന്ന വാക്കിനെത്തന്നെ വിചാരണചെയ്തുകൊണ്ടും സ്വാതന്ത്ര്യാനന്തര ഭരണകൂടത്തെ വിമർശനാത്മകമായ വിലയിരുത്തലിന് വിധേയമാക്കിയുമാണ് രംഗത്തുവരുന്നത്. ഗ്രാമത്തിലെ കരിങ്കൽത്തൊട്ടിയും അതിനെചുറ്റിപ്പറ്റിയുള്ള ഓർമകളും അപ്രത്യക്ഷമാവുകയും അവക്കുമേൽ ദേശീയാധുനികതയുടെ വിവിധങ്ങളായ ഓർമകൾ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു.

### ജ്ഞാനവും ആധികാരികതയും

സാമൂഹ്യ-രാഷ്ട്രീയ-അധികാരബന്ധങ്ങളുടെ ഏറ്റവും സങ്കീർണ്ണമായ ആവിഷ്കാരങ്ങളിലൊന്നാണ് ജ്ഞാനം എന്ന സങ്കൽപ്പനം. സാമൂഹ്യരാഷ്ട്രീയ അധികാരത്തെച്ചൊല്ലിയുള്ള എല്ലാതരത്തിലുള്ള ബലാബലങ്ങളും സംഘർഷങ്ങളും ജ്ഞാനവിനിമയ മേഖലകളെ സ്വാധീനിക്കുന്നുണ്ട്. എല്ലാ അറിവുരൂപവും വിപുലമായ ഒരു വിചാരമാതൃക(paradiym)ക്കുള്ളിലോ വിചാരമാതൃകയാൽ

നിർണ്ണയിക്കപ്പെട്ട നിലയിലോ ആണ് കാണപ്പെടുന്നത്. ഒരു സവിശേഷ ജ്ഞാനത്തിന്റെ സാധുത അതുൾപ്പെട്ടിരിക്കുന്ന വിചാരമാതൃകക്കുകൈവന്ന ആധികാരികതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹ്യ-രാഷ്ട്രീയ-അധികാര ബന്ധളുടെ ആകെത്തുകയിലാണ് ഈ വിചാരമാതൃക നിലനിൽക്കുന്നത്. അതു കൊണ്ടുതന്നെ ജ്ഞാനരൂപങ്ങൾ വിശാലാർഥത്തിൽ സാമൂഹ്യ പ്രത്യയ ശാസ്ത്രങ്ങളെ പ്രതിനിധാനം ചെയ്യുന്നു.[14]

സാംസ്കാരിക അധിനിവേശം പ്രധാനമായും നടപ്പിലാക്കുന്നത് പ്രജകളിൽ പ്രാദേശിക ജ്ഞാനത്തെക്കുറിച്ചുള്ള അപകർഷതാബോധം സൃഷ്ടിച്ചുകൊണ്ടാണ്. അധിനിവേശ മേൽക്കോയ്മയുടെ പ്രധാനലക്ഷ്യം തദ്ദേശീയസംസ്കൃതികളെ മാറ്റിത്തീർക്കുക എന്നതായിരുന്നു. യുദ്ധം, ഭൂപ്രദേശങ്ങളെ പിടിച്ചടക്കൽ തുടങ്ങിയ ഭൗതികമായ ലക്ഷ്യങ്ങൾക്കുപുറമെ അധിനിവേശിതരുടെ അംഗീകാരം ഉറപ്പുവരുത്തുക എന്നതും അവരുടെ ലക്ഷ്യമായിരുന്നു. ഇതിനുവേണ്ടി അവർ പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനത്താൽ ബുദ്ധിജീവികളിലൂടെ ശക്തവും ആകർഷകവുമായ ഒരു സാംസ്കാരിക മാതൃക പ്രചരിപ്പിക്കുകയും പുനരുൽപ്പാദിപ്പിക്കുകയും ചെയ്തു.[15] ഈ അധിനിവേശാത്മക ദൗത്യം അധിനിവേശിതരെ അപകർഷതാബോധത്തിലകപ്പെടുത്തുന്നു. അവർ സ്വന്തമായ അറിവുരൂപങ്ങളെക്കുറിച്ച് മറന്നുപോകുകയോ അജ്ഞരാവുകയോ ചെയ്യുന്നു. *തീപിടിച്ച പുര* എന്ന കവിതയിലെ തീ പടരുന്നത് അടുക്കളയിൽനിന്നാണ്. അടുക്കളയിൽനിന്ന് പടർന്ന തീ എല്ലായിടത്തും കടന്നുചെല്ലുന്നു. പുകച്ചുരുളുകൾ മുറ്റവും മുറികളും നിറക്കുന്നു. ഭഗവതി നിന്നരുളുന്ന തേവാരപ്പുരയിലും തീയെത്തുന്നു. തീ കെടുത്താൻ മാർഗമെന്തെന്ന് നടുത്തളത്തിൽ വട്ടമിരുന്ന് ആലോചന നടക്കുന്നു.

പനയോലക്കെട്ടും
പഴനാരായവും
ഇരിക്കും സദ്ഗ്രന്ഥ-

പ്പുരയും ചാമ്പലായ്-

ത്തുടങ്ങിയോ ? കഷ്ടം

(തീപിടിച്ച പുര)

പനയോലക്കെട്ടും നാരായവും ഗ്രന്ഥപ്പുരയും പൗരാണികമായ ജ്ഞാനത്തെക്കുറിക്കുന്നു. പടർന്നുപിടിക്കുന്ന തീ ആക്രമിക്കുന്നത് തദ്ദേശീയമായ ജ്ഞാനവ്യവസ്ഥകളെയാണ്. അധിനിവേശം കടന്നുവരുന്നത് ഇത്തരം ജ്ഞാനങ്ങളെ അവമതിച്ചുകൊണ്ടാണ്. തനതായ അറിവിനെക്കുറിച്ചുള്ള അധമ ധാരണകളാണ് കൊളോണിയൽ ഭരണത്തിന്റെ ആത്യന്തികമായ ഫലം. മാനസികമായ അടിമത്തം കാലങ്ങളായി തദ്ദേശീയ സംസ്കാരം ആർജിച്ച അറിവിനെ അധമബോധത്തോടെയാണ് നോക്കിക്കാണുന്നത്.

ചർച്ചചെയ്യാൻപോലും ഇടയില്ലാതെ പൂമുഖപ്പടിയും തുലാങ്ങളും പുകയുന്നു. ചർച്ച മുടങ്ങിപ്പോയാൽ തീ പിടിച്ചതിന്റെ കാരണം എങ്ങനെയറിയും എന്ന ആശങ്കയോടൊപ്പംതന്നെ കാരണമറിയാതെത്തന്നെ പോംവഴി നടപ്പാക്കുന്നവരെ കവിത പരിഹസിക്കുന്നു. മുതുക്കൻ കാരണോർ പരദൈവങ്ങളോടിരന്നിട്ടും ചുണക്കിടാങ്ങൾ വാഴത്തോപ്പറുത്തുകൂട്ടിയിട്ടും തീ കെടുന്നില്ല.

കിണറ്റിലീ മണ്ണിൻ

ഉറവയു, ണ്ടതിൽ

കുളിർക്കുകില്ലേതു

കനൽ ? പക്ഷേ, കോരി-

യെടുക്കുംവിദ്യ നാം

മറന്നുപോയല്ലോ !

(തീപിടിച്ച പുര)

പരമ്പരാഗത ജ്ഞാനവ്യവസ്ഥകൾക്കുമേലുള്ള അധിനിവേശ ജ്ഞാനവ്യവസ്ഥയുടെ കടന്നുകയറ്റമാണ് ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്. തീ

പിടിക്കുക എന്ന പ്രതീകാത്മക ക്രിയ സൂചിപ്പിക്കുന്നത് അധിനിവേശാത്മക വ്യവസ്ഥയെയാണ്.

സാംസ്കാരികാധിനിവേശത്തിന്റെ രണ്ട് മുഖ്യായുധങ്ങൾ പ്രേക്ഷണ വിധങ്ങളും ആവിഷ്കരണരീതികളുമാണ് (Modes of perception, representations). കൊളോണിയൽ വ്യവഹാരങ്ങൾ ഇവയെ മാറ്റുന്നതിലൂടെ ജനതകളുടെ ലോകവീക്ഷണത്തെത്തന്നെ തങ്ങൾക്കനുകൂലമാക്കുന്നു. ലോകക്രമത്തിൽ തങ്ങളുടെ താഴ്ന്ന സ്ഥാനം അംഗീകരിക്കാൻ പ്രജകളെ പ്രേരിപ്പിക്കുകയാണ് അധിനിവേശത്തിന്റെ രീതി. യജമാനന്റെ ലോകവീക്ഷണം സ്വാംശീകരിക്കുന്നതോടെ തന്റെ നിറം, ആകാരം, സംസ്കാരം, പാരമ്പര്യം, ചരിത്രം ഇതിനെക്കുറിച്ചെല്ലാമുള്ള അധമത്വബോധവും പ്രജ ഉൾക്കൊള്ളുന്നു.[16] പനയോലക്കെട്ടും പഴയനാരായവും ഇരിക്കുന്ന സദ്ഗ്രന്ഥപ്പുരയുടെ നാശം പ്രാദേശികമായ ജ്ഞാനത്തിന്റെ നാശത്തെത്തന്നെയാണ് കുറിക്കുന്നത്.

*കല്ലുകൾ* എന്ന കവിത ആധിനിവേശ ശക്തികളോടുള്ള ദാസ്യത്തെ വിമർശിക്കുന്നതാണ്. ഓണപ്പുലരിയിൽ മഞ്ഞക്കോടിയുടുത്ത് അച്ഛനെ ചായ കുടിക്കാൻ വിളിക്കുന്നു. കൊച്ചു തടുക്കിലിരുന്നു ചായ കുടിക്കുമ്പോൾ നാക്കിലയിൽ പനിമതിപോലെ നെയ്യിൽ ചുട്ട ദോശ. ദോശ എടുത്തു കഴിച്ച മകൾ കല്ലുകടിക്കുന്നു എന്നു പറയുന്നു. മുപ്പതുകുറി ഓണം ഉണ്ടതാണ്. ഇതുവരെ ഒരു കല്ലും കടിച്ചിട്ടില്ല. ഒട്ടിയ വയറോടെ, എണ്ണിക്കിട്ടിയ തുട്ടുകളോടെ, പൊരി വെയിലത്ത് മുദ്രാവാക്യമുതിർത്തുനടക്കുമ്പോഴും പല നാടുകളിലും തിരുവോണമാഘോഷിച്ചപ്പോഴും ഇതുവരെ കല്ലുകടിയുണ്ടായിട്ടില്ല. പിന്നെ കസേരയിൽ ചാഞ്ഞുള്ള ചിന്തയിൽ, തന്റെ കുഗ്രാമവും അരുവിക്കരയിലെ ചിങ്ങക്കതിരണി വയലും വേലിപ്പുള്ളും മാവും ഓർമയിൽ ഓടിയെത്തുന്നു. വള്ളുവനാട്ടിലും തകഴിയിലും ഏഴകൾ കാത്തുകിടന്നും വേർത്തുനനഞ്ഞും വേനലും മഴയുംകൊണ്ട് വിളയിക്കുന്ന പുന്നെല്ലരിമണിയിൽ കല്ലുകടിക്കുകയില്ല. എന്നാൽ

ഈ ഓണം തനിക്കുവിളമ്പുന്നത് വിദേശരാജ്യങ്ങളുടെ ഔദാര്യമാണ്. നാമെല്ലാം നൈവേദ്യമെന്നതിനെ വാഴ്ത്തുന്നു.

**മാതൃപുത്ര ബന്ധം**

രാഷ്ട്രവും പ്രജയും തമ്മിലുള്ള മാതൃപുത്ര ബന്ധം പരാമർശിക്കുന്ന പല കവിതകളും വിഷ്ണുനാരായണൻ നമ്പൂതിരി എഴുതിയിട്ടുണ്ട്. ചിലത് താഴെ ഉദാഹരിക്കുന്നു. 1938 ൽ ചൈനീസ് ദേശീയസമരത്തെ സഹായിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അയച്ച അഞ്ച് ഡോക്ടർമാരിൽ ഒരാളായിരുന്നു ദ്വാരകാനാഥ കോട്നീസ്. 1942 ൽ നവംബറിൽ യുദ്ധരംഗത്ത് ചൈനീസ് ഭടന്മാരോടൊപ്പം അദ്ദേഹം മരിച്ചു. വീരസ്വർഗം പ്രാപിച്ച മകനെക്കുറിച്ച് അഭിമാനമുണ്ടെന്നും അമ്മ ധന്യയായെന്നും പറയുന്നു.

മകനേ ! ദ്വാരകാനാഥ,
നീയുണർന്നാവു വത്സല !
ഇടറും നെഞ്ചുമായമ്മ
നിൽപൂ, മുഖമുയർത്തുക

(തേരാളിയുടെ മുൻപിൽ)

യുദ്ധത്തിൽ രക്തസാക്ഷിയായ ദ്വാരകാനാഥ കോട്നീസിനെ നവയുഗത്തിന്റെ ഗീതാകാരനും രാഷ്ട്രത്തിന്റെ തേരാളിയുമായി വിശേഷിപ്പിച്ചിരിക്കുന്നു. കൂടാതെ അദ്ദേഹത്തിന്റെ വീരചരമം അമ്മയിൽ അഭിമാനമുയർത്തുന്നുണ്ട്.

നീ പിറന്നതിനാലമ്മ-
യിന്നിതാ പൂർണകാമയായ്;
നേടിനേൻ നിൻ മഹാത്യാഗ-
ത്തിനാലഷ്ടവിഭൂതികൾ !

(തേരാളിയുടെ മുൻപിൽ)

ഡോ. എസ്. രാധാകൃഷ്ണനെ ഓർത്തുകൊണ്ട് എഴുതിയ കവിതയുടെ പേര് *ഇന്ത്യയുടെ മകൻ* എന്നും ജെ. ബി. എസ്. ഹാൾഡെയ്ൻ എന്ന ശാസ്ത്ര ജ്ഞന്റെ സ്മരണക്കായി എഴുതിയ കവിതയുടെ പേര് *ഭാരതപുത്രൻ* എന്നുമാണ്.

അണച്ചുപുല്കിയീ നിറുകയിലൊന്നു
മുകർന്നുഞാൻ തഴുകിടട്ടെയുണ്ണിയെ;
സമാധിയിൽ സ്മൃതികണക്കെയെന്മാറി-
ലമർന്നു ശാന്തം നീയുറങ്ങുക, ഭദ്ര !

(ഭാരതപുത്രൻ)

*അന്തർവാഹിനി* എന്ന കവിതയിൽ ഭാരതപുത്രൻ എന്നു വിശേഷിപ്പിച്ചിരി ക്കുന്നത് സുഭാഷ് ചന്ദ്രബോസിനെയാണ്.

ഒരുമാത്ര ഉയർത്തുകീ നൗക കടൽപരപ്പിങ്കൽ;
ഒരുനോക്കെൻ നാടിനെ ഞാൻ കണ്ടുകൊള്ളട്ടേ !
'അരുതപകടം'-എന്നു നാവികൻ; 'നീ വിലക്കായ്കെൻ
അവസാനമോഹം'

(അന്തർവാഹിനി)

എന്നു ഭാരതപുത്രൻ. നെഹ്റുവിന്റെ വിയോഗത്തെക്കുറിച്ചെഴുതിയ *അഭിമന്യു വിന്റെ അമ്മ* എന്ന കവിതയിൽ അഭിമന്യു നെഹ്റുവും അമ്മ ഇന്ത്യയുമാണ്. ഉണ്ണി ക്കൈകൊണ്ടു കണ്ണീർ തുടക്കാൻ തുനിയുന്ന ആഖ്യാതാവും തന്നെ ഇന്ത്യയുടെ മകനായി കൽപ്പിച്ചിരിക്കുന്നു.

നിൻനിറമിഴിയൊപ്പാൻ കുഞ്ഞി-
ക്കയ്യിതു പോരെങ്കിലുമമ്മേ,
കരയരുതേ ! കണ്ണീർ വീണാ-

ലിത്തറവാടിന്നു തകർന്നു !

(അഭിമന്യുവിന്റെ അമ്മ)

പ്രജകളുടെ ബലിയിൽ തൃപ്തയാകുന്ന ദേവിയായി പല കവിതകളിലും രാഷ്ട്രം പ്രത്യക്ഷപ്പെടുന്നുണ്ട്.

അപരന്നായ്ത്തലപുക, ച്ചതിലശ്രു-
കണമാം പുണ്യത്തെക്കറകളഞ്ഞെടു-
ത്തണിഞ്ഞ പുത്ര ! ഞാൻ കൃതാർത്ഥയായ് മാറി-
ലണിവൂ നീയകുമനർഘരത്നത്തെ.

(ഭാരതപുത്രൻ)

അപരന്റെ സന്തുഷ്ടിയിൽ ആത്മക്ലേശമെല്ലാം മറക്കുക എന്നത് ത്യാഗമാണ്. ത്യാഗവും ബലിയും ഒരു രാഷ്ട്രത്തെസംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. വീരമൃത്യു ദേശീയതക്ക് വൈകാരികമായ അടിത്തറയുണ്ടാക്കുന്നു. രക്തസാക്ഷികളുടെ ഓർമകളിലാണ് ദേശീയത ദൃഢമാകുന്നത്.

ബംഗ്ലാദേശിന്റെ മോചനത്തിനുമുമ്പ് മുജീബ്ഉർ റഹ്മാൻ[17] പാക്കിസ്ഥാൻ തടവറയിൽ കഴിഞ്ഞ കാലത്ത് എഴുതിയ കവിതയാണ് *കാലനയനം നനയുന്നു*. അദ്ദേഹം മരണത്തിന് കീഴടങ്ങിയോ എന്ന ആശങ്ക പങ്കുവച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. ബംഗ്ലാദേശിന്റെ വിമോചനസമരത്തിൽ ഇന്ത്യ സൈനികമായി പിൻതുണക്കാൻ വൈകിയതിനോടുള്ള പ്രതിഷേധമാണ് കവിത.

എൻ രാഷ്ട്രം !
ചെറുകൈവിരലാണി-
യാക്കിയും ധർമ്മത്തിൻതേർ
തെളിച്ചു, ഭൂവിൻതോളിൽ-
പ്പെട്ട ദുഷ്കൃതഭാരം

നിഗ്രഹിച്ചൊലിക്കൊണ്ട

പൗരുഷജ്യാഘോഷത്തിൻ

ശിഷ്ടമാംസ്മൃതിയുടെ

പേരിൽ ഞാൻ യാചിക്കുന്നു:-

(കാലനയനം നനയുന്നു)

ഓരോ വീഴ്ചയും ഇന്ത്യയുടെ ധാർമികമായ അധഃപതനമായി കണക്കാക്കി. അടുത്ത വരികളിൽ രാഷ്ട്രത്തിന്റെ നിലനിൽപ്പിനെക്കുറിച്ചുള്ള ആശങ്കകൾകൂടി പങ്കുവെക്കുന്നു.

ചിലർ മോഹിപ്പൂ: നാളെ

തുണ്ടുതുണ്ടാമീ ഭൂമി !

ചിലർ പേടിപ്പൂ: നാളെ

ഛിന്നഭിന്നമീ രാഷ്ട്രം !

ചിലർ ഖേദിപ്പൂ: പൊട്ടാ-

തേതു പൊൻചരടുള്ളൂ ?

(കാലനയനം നനയുന്നു)

അടിയന്തരാവസ്ഥയുടെ കാലത്ത് എഴുതിയ കവിതയാണ് *ജയം*.

ഇതാ വീണ്ടും കുരുക്ഷേത്രം

യുഗസംക്രമസന്ധ്യയിൽ

ചോര വാർന്ന വെളിച്ചങ്ങൾ,

ചെങ്കോലേന്തുമിരുട്ടുകൾ !

(ജയം)

അടിയന്തരാവസ്ഥ കുരുക്ഷേത്രമാണ്. ഈ യുഗസംക്രമം സ്വാതന്ത്ര്യാനന്തരമുള്ള സവിശേഷകാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. രാഷ്ട്രത്തെ

മുന്നോട്ടുനയിച്ച മൂല്യങ്ങളുടെ ക്ഷയമാണ് ഈ ചോരവാർന്ന വെളിച്ചം. 'ചെങ്കോലേന്തുമിരുട്ടുകൾ' ഭരണകൂടത്തിന്റെ കറുത്ത പ്രതിച്ഛായ ദ്യോതിപ്പിക്കുന്നു.

നാവിനാൽ പാരിടം മൂടി
വേതാളം ചോരനക്കവേ
മൂവന്തിയെശ്ശകുനിമാർ
പുലർച്ചോപ്പെന്നു വാഴ്ത്തവേ
യൂപത്തിൽക്കെട്ടി വാളോങ്ങി
മന്ത്രം ചൊല്ലുന്ന വേളയിൽ
വിറയ്ക്കും യാഗപശുവായ്
ഭൂമി മൂർച്ഛിച്ചുനിൽക്കവേ

(ജയം)

എന്ന് അടിയന്തരാവസ്ഥയിലെ ഭൂമിയുടെ അവസ്ഥയെ വിവരിക്കുന്നു. ഭൂമിയാകെ നക്കിത്തുടക്കുന്ന വേതാളമാണ് ഭരണകൂടം. ഈ മൂവന്തിയെ ശകുനിമാർ പുലരിയുടെ തുടുപ്പെന്ന് വാഴ്ത്തുന്നു. ശകുനി എന്ന പ്രയോഗം അടിയന്തരാവസ്ഥയെ അനുകൂലിച്ചവരെ സൂചിപ്പിക്കുന്നു. രക്ഷോപായമായി ആഖ്യാതാവ് കണ്ടെത്തുന്നത് ജയപ്രകാശ് നാരായണനെയാണ്. ജയപ്രകാശ് നാരായണന്റെ ഇച്ഛ തീനാളംപോലെ പകർന്നാളിത്തിളങ്ങുന്നവയാണ്. ഏഴകൾക്ക് നട്ടെല്ലാകാനുള്ള ഉഗ്രതപസ്യയായിത്തീരുന്നു ഏകനായുള്ള അദ്ദേഹത്തിന്റെ പോരാട്ടം. അദ്ദേഹമാണ് നോവുകൾക്കെല്ലാം നാവുകൾ നൽകിയതും ഗദ്ഗദം വലകെട്ടുന്ന കണ്ഠത്തിന് പ്രാണധാര നൽകിയതും. അദ്ദേഹത്തിന്റെ ഓരോ ചുവടുകളും യൗവനത്തെ ഉന്മേഷമാക്കുന്നു. ജയപ്രകാശ് നാരായണന്റെ പ്രഭാവത്താൽ ചെങ്കോലും കിരീടവും വിറക്കുകയും തെറിക്കുകയും ചെയ്യാം. ജയപ്രകാശ് നാരായണൻ അടുത്ത വരികളിൽ ഇന്ത്യയുടെ പ്രതിരൂപമായും പ്രതിനിധാനമായും മാറുന്നതുകാണാം.

ഗംഗോത്തരിയിൽനിന്നെത്തും
ഈ സംജീവനലീലയെ,
ശ്രീകന്യാകോടിതീർത്ഥത്തിൽ
അലതല്ലുന്ന ധാരയെ,
സഹസ്രശീർഷനായ് ബിംബി-
ച്ചിതിൽ നിൽക്കുന്ന മർത്ത്യനെ
ഒരിക്കൽക്കൂടിയത്യദ്ഭു-
താദരം കാൺക ലോകമേ !
ഒരിക്കൽക്കൂടിയുത്തുംഗം
കിഴക്കിൻഗോപുരങ്ങളിൽ
തൻ ജയക്കൊടിയേറ്റട്ടേ
തായ്നാടിൻ ജനസംസ്കൃതി !

(ജയം)

കവിതയുടെ അവസാനം ജയപ്രകാശ് നാരായണൻ രാഷ്ട്രത്തിന്റെ പ്രതിനിധാനമായി ഉയരുന്നു. മൂർത്തമായ രാഷ്ട്രീയസന്ദർഭങ്ങളിൽത്തന്നെയാണ് ഇത്തരം പ്രതിരൂപങ്ങൾ ഉയർന്നു വരുന്നത്. ഇത് ദേശീയതയുടെ സ്വഭാവമാണ്.

## ദേശത്തിന്റെ നിർമിതികൾ

നെഹ്റൂവിയൻ ദേശീയമാതൃക ആധുനികവത്കൃതസംസ്കാരത്തെ പിൻപറ്റുന്നതും യാഥാസ്ഥിതികവും പരമ്പരാഗതവുമായ വിശ്വാസധാരകളെ പിന്നിലാക്കുന്നവയുമായിരുന്നു. ആധുനികവൽക്കരിച്ച വ്യവസായസമ്പദ് വ്യവസ്ഥയെ ഇന്ത്യയുടെ ഭാവിപ്രതീക്ഷയാക്കി വളർത്തിക്കൊണ്ടുവരാൻ നെഹ്റൂവിയൻ മാതൃകയ്ക്കു കഴിഞ്ഞു. ദേശത്തെ മൊത്തത്തിൽ പ്രതിനിധീകരിക്കാൻ കെൽപ്പുള്ള ഭാഗമായി സമ്പദ്വ്യവസ്ഥയെ പ്രതിഷ്ഠിച്ചത് ദേശീയവാദപക്ഷത്തിന് നെഹ്റുവിന്റെ സംഭാവനയായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത്

രാഷ്ട്രം നിരവധി നിർമാണപ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും അത്തരം നിർമിതി ദേശത്തിന്റെ പ്രത്യക്ഷസാന്നിധ്യങ്ങളായിത്തീരുകയും ചെയ്തു. നെഹ്റുവിയൻ കാലഘട്ടത്തിൽ ഇന്ത്യൻ ജനതയുടെ ബോധമണ്ഡലത്തിലേക്ക് ദേശം പ്രക്ഷേപിക്കപ്പെട്ടത് വൻസ്റ്റീൽപ്ലാന്റുകൾ, അണക്കെട്ടുകൾ, വിദ്യുച്ഛക്തി നിർമാണകേന്ദ്രങ്ങൾ എന്നിവയിലൂടെയായിരുന്നു. പരമ്പരാഗത സാംസ്കാരിക മാതൃകകളോട് ആധുനികവത്കൃതസാമ്പത്തിക മാതൃകകൾ ഉൾച്ചേർക്കുന്ന ദേശനിർമാണപദ്ധതികളായിരുന്നു നെഹ്റുവിയൻ മാതൃകയുടെ സവിശേഷത. മതപരവും കൊളോണിയൽ വിരുദ്ധവുമായ ദേശബോധത്തെ ദേശനിർമാണ പദ്ധതികളോടു കൂട്ടിച്ചേർക്കാനും ദേശസ്നേഹമെന്നാൽ ദേശനിർമാണപ്രക്രിയ യാണ് എന്ന സമവാക്യം രൂപീകരിക്കാനും അദ്ദേഹത്തിനു സാധിച്ചു. ദേശം സാമ്പത്തിക ഇടമായും സാമ്പത്തിക ആശയങ്ങളോടു ബന്ധപ്പെട്ടും വിഭാവനം ചെയ്യപ്പെട്ടത് ഇക്കാലത്താണ്. ഭക്രാനംഗൽ എന്ന സ്ഥലം അതിന്റെ സാധാരണമാനങ്ങളെ കവിഞ്ഞുകൊണ്ട് വൈദ്യുതിയുടെ സ്ഥാനമായി തിരിച്ചറിയ പ്പെടുകയും പൗരന്മാർ സാങ്കേതികപുരോഗതി, വികസനം തുടങ്ങിയവയിലേക്ക് ആകർഷിക്കപ്പെടുകയും ആ പൊതുലക്ഷ്യത്തിലേക്കുള്ള യാത്രയിലെ സഹ യാത്രികരായി സ്വയം തിരിച്ചറിയാൻ പ്രേരിതരാവുകയും ചെയ്തു. നെഹ്റുവിയൻ ഭരണകാലത്തെ പഞ്ചവത്സരപദ്ധതികളും ആസൂത്രണപദ്ധതികളും ഇന്ദ്രിയങ്ങൾ ക്കപ്പുറം നിൽക്കുന്ന സത്തയെന്നനിലക്ക് ദേശത്തെ പ്രതിനിധാനം ചെയ്യാൻ കെൽപ്പുള്ളവയായിരുന്നു. നെഹ്റു ആവിഷ്കരിച്ച പഞ്ചവത്സരപദ്ധതി പത്രങ്ങളെ ക്കാൾ ദേശമെന്ന കൂട്ടായ പദ്ധതിയെ വിഭാവനംചെയ്യാൻ പര്യാപ്തമായിരുന്നു. ഭാരതമാതാവ് എന്ന രൂപത്തിനുസമാനമായ ശാസ്ത്രസാങ്കേതിക സ്വഭാവമുള്ള ഒരു ദേവതാരൂപത്തെ സൃഷ്ടിക്കാൻ ആസൂത്രണം സഹായിച്ചു.[18] രാഷ്ട്രത്തിനു സമർപ്പിച്ച ഭക്രാനംഗൽ അണക്കെട്ടിനെ അനുസ്മരിച്ച് എഴുതിയ കവിതയാണ് *അണക്കെട്ടുകൾ*.

ഉണ്ണികളേ ! പോരുക, ദിവ്യക്ഷേത്രമിതല്ലോ
പുണ്യമഹാനദി, യുഗസംസ്കൃതിതൻ ജനയിത്രി;
അമ്മ നമുക്കമൃതാത്മികയിപ്പാവനതീർത്ഥം !
. . .
തൻ ചെറുകലശങ്ങൾ തുളുമ്പെ നിറയ്ക്കുവിനിപ്പാൽ-
പ്പുഞ്ചിരി, യുൾക്കുമ്പിളിൽ മംഗളയാമംബികതൻ
നെഞ്ചു ചുരന്നൊഴുകും നിർമ്മലമാം വാത്സല്യം.

(അണക്കെട്ടുകൾ)

നെഹ്റു അണക്കെട്ടുകളെ ക്ഷേത്രങ്ങൾ എന്നു വിശേഷിപ്പിച്ചു.[19] ദിവ്യക്ഷേത്രം, പുണ്യം, പാവനതീർത്ഥം തുടങ്ങിയ വാക്കുകൾ മതപരമായ ആരാധനാരീതികളുടെ സൂചന നൽകുന്നു. ഭക്രാനംഗൽ അണക്കെട്ട് എന്ന ആധുനികമായ ഒരു വ്യാവസായിക നിർമിതിയെ ദേശീയതയുടെ വൈകാരിക തീവ്രതയിലേക്ക് സന്നിവേശിപ്പിക്കാൻ മതപരമായ ഭക്തിയുമായി ബന്ധപ്പെട്ട വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. ഇന്ത്യ ഭാരതാംബയും വൈദ്യുതി വെളിച്ചം അമ്മയുടെ വാത്സല്യവും ആകുന്നു. അണക്കെട്ടിൽ നിന്നുൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഇന്ത്യയാകുന്ന അമ്മയുടെ നെഞ്ചിൽനിന്നൊഴുകുന്ന നിർമല വാത്സല്യമാണ്. ഈ വാത്സല്യം അനുഭവിക്കുമ്പോൾ ആഖ്യാതാവിന്റെ ഹൃദയം രാഷ്ട്രത്തിന്റെ ജയകാഹളമാകുന്നു.

വെന്നിക്കൊടിയേന്തിയ വെൺനുര മുന്നി,ലിരമ്പും
വൻതിരതൻ പടയണി പിന്നിലുമാർത്തുവരുന്നൂ;
വീണടിയും തരുനിരതൻ ജഡമാഴ്ന്നൊഴുകുന്നൂ.

(അണക്കെട്ടുകൾ)

വെന്നിക്കൊടിയേന്തി മുന്നിൽവരുന്ന വെൺനുരയും പിന്നിലായി ഇരമ്പി വരുന്ന വൻതിരയും വീണടിയുന്ന ജഡവും ഉൾക്കൊള്ളുന്ന ഈ വരികളുടെ ചടു

ലത ഒരു സൈനികമുന്നേറ്റത്തെ ഓർമിപ്പിക്കുന്നു. സൈനികമുന്നേറ്റങ്ങൾ രാഷ്ട്രത്തെ നേരിട്ട് ബോധമണ്ഡലത്തിലേക്കു പ്രക്ഷേപിക്കപ്പെടുന്ന പ്രക്രിയയാണ്. വരികളിലെ പദവിന്യാസം കൊണ്ടുതന്നെ ഒരു ദേശരാഷ്ട്രത്തിന്റെ വ്യവഹാരത്തിലേക്കുള്ള സൂചനയായി കവിത മാറുന്നുണ്ട്. ദേശത്തിന്റെ മൂർത്തരൂപം ഒരു ജനതയുടെ ബോധമണ്ഡലത്തിലേക്ക് പ്രക്ഷേപിക്കപ്പെടുന്ന സന്ദർഭമാണിത്

കൊടിയതപസ്സാർന്ന മണൽക്കാടുകൾ നേടുന്നൂ
പുതുജീവനമന്ത്ര; മിരുട്ടിലുറങ്ങും നാട്ടു-
മ്പുറ മാന്ധ്യമകന്നു മിഴിപ്പൂ; നീ വരദാത്രി!
(അണക്കെട്ടുകൾ)

ഭക്രാനംഗൽ ദേശീയാകാരമാർന്നുനിൽക്കുന്നു. അതിൽനിന്നുണ്ടാക്കുന്ന വൈദ്യുതി നാട്ടിൻപുറങ്ങളിലെ ഓരോ വീടുകളിലും കൺമിഴിക്കുന്നതോടുകൂടി ദേശം നാട്ടിൻപുറത്തെ ജനതയിൽ പ്രത്യക്ഷമാവുകയാണ്. അടിമത്തത്തിന്റെ നീണ്ട അന്ധകാരത്തിൽനിന്ന് ദേശം വെളിച്ചത്തിലേക്ക് ഉണരുന്നതിന്റെ സൂചന വരികൾ തരുന്നുണ്ട്.

യമുനയിൽ അരുണോദയമണയുമ്പോഴും ഗംഗയിൽ അന്തിക്കതിർ വീഴുമ്പോഴും ഗായത്രിമന്ത്രം ജപിച്ചിരുന്ന ഒരു ജനത പുലരിയിലേക്ക് ഉണരുകയാണ്. ഗായത്രി ജപിച്ച് മനംനിറയെ വെളിച്ചം നേടിയെങ്കിലും അവസാനകാലത്തെ അർജുനനെപ്പോലെ ഉറ്റവരെല്ലാം പോയി മുറിഞ്ഞവില്ലുമായി മോഹഭംഗത്തോടുകൂടി നിൽക്കുകയാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യക്കാർ. ഈ അവസ്ഥയെ തരണംചെയ്ത രാഷ്ട്രത്തെ ഒരു പുതിയ പദവിയിലേക്കുണർത്തുകയാണ് നെഹ്റു ചെയ്തത്. 'ഉടലാർന്ന നവോന്മേഷം' എന്നാണ് അണക്കെട്ടിനെ കവിതയിൽ വിശേഷിപ്പിച്ചിരിക്കുന്നത്.

തള്ളിയലച്ചണയുവൊരൈശ്വര്യത്തിൻ പടയണി
കണ്ടുനടുങ്ങട്ടെയരാതികൾ;നീചമനസ്സി-
ന്നുള്ളു വിറയ്ക്കട്ടേ വീചികൾ പടഹമടിക്കേ !
(അണക്കെട്ടുകൾ)

തങ്ങൾക്കു വന്നുചേർന്ന ഈ ഐശ്വര്യം കണ്ട് ശത്രുക്കൾ നടുങ്ങട്ടെയെന്നും നീചമനസ്സിന്റെ ഉള്ളുവിറക്കട്ടെയെന്നും പറയുന്നു. 'പുലർവെട്ടം നുകരുക' എന്ന പ്രയോഗം സ്വാതന്ത്ര്യോദയത്തിന്റെ ആദ്യഘട്ട സൂചന തരുന്നുണ്ട്. 'തുഴയൽ' ഇനി താണ്ടാനുള്ള ദൂരത്തെയും സൂചിപ്പിക്കുന്നു. ഇത്തരം നിർമിതികളുടെ തുടക്കം മാത്രമേ ആയിട്ടുള്ളൂ എന്നും ഇനിയും മുന്നേറുവാനേറെയുണ്ടെന്നും സൂചിതമാകുന്നു. വെളിച്ചമാകുന്ന പ്രസാദമുണ്ടു കഴിഞ്ഞപ്പോൾ കവിതയിലെ ആഖ്യാതാവിന്റെ ഹൃദയം രാഷ്ട്രത്തിന്റെ ജയകാഹളമാകുന്നു. ഭക്രാനംഗൽ എന്ന ജലവൈദ്യുതപദ്ധതിയെ ദേശീയാകാര മായിക്കണ്ട് വൈകാരികമായ ദേശാഭിമാനബോധത്തിലേക്കും ഉടമസ്ഥാവബോധ ത്തിലേക്കും ഉയർത്താനുള്ള ശ്രമമാണ് കവിതയിൽ കാണുന്നത്: അതുപോലെ ത്തന്നെ രാഷ്ട്രത്തെ പ്രതിനിധാനം ചെയ്യാൻ കെൽപ്പുള്ള പദവിയിലേക്ക് ഭക്രാനംഗൽ ഉയരുന്നു.

ദേശനിർമിതിയുടെ പ്രതീകമായി വാഴ്ത്തിയ അണക്കെട്ടുകൾ പിന്നീട് എങ്ങനെയാണ് ദേശീയതയെ അസ്വസ്ഥമാക്കുന്ന ഇടമായി മാറുന്നതെന്ന് *തേഹരി* എന്ന കവിതയിൽ സൂചിപ്പിക്കുന്നു.[20] അധിനിവേശവിരുദ്ധ പ്രക്ഷോഭങ്ങൾ ഇന്ത്യയുടെ കേവലഭൂമിശാസ്ത്രത്തെ ദേശീയതയുടെ പ്രത്യയശാസ്ത്രത്തോടു കൂട്ടിയിണക്കിയാണ് ദേശീയമായ സവിശേഷ ഇടങ്ങൾ സ്ഥാപിച്ചത്. ഇത്തരം ഇടങ്ങൾക്കുവന്ന ഭൗതികമോ സാംസ്കാരികമോ ആയ തകർച്ച പിൽക്കാലത്ത് ദേശീയതയുടെത്തന്നെ ക്ഷീണമോ തളർച്ചയോ ആയി വിലയിരുത്തപ്പെട്ടു.

അത്തരമൊരു സന്ദർഭമാണ് *തേഹരി* എന്ന കവിതയിൽ കാണാൻ കഴിയുന്നത്. നഷ്ടബോധത്തോടെയുള്ള ഒരു വിലാപമായിട്ടാണ് കവിത തുടങ്ങുന്നത്.

എങ്ങു തപോവന യജ്ഞസുഗന്ധിയാം
പുണ്യഹിമാലയം ? വ്യാസന്റെ കാലടി
ചുംബിച്ച ലക്ഷ്മീവനം ? കാളിദാസന്റെ
കണ്ണിൽ നിലാവിരുൾക്കംബളം നീർത്തിയ
ദേവപ്രയാഗം ? വെളിവിനാൽ ശംകരൻ
രാവറുത്തിട്ടതാം ശ്രീനഗരം ? ഭൂവിൽ
ആദ്യ വിവേകപ്പുലരിയായ്, അന്തിമം
ആസ്പത്രിയായ് കൃഷ്ണവാരിയർ വാഴ്ത്തിയ
ശാന്തിതാഴ്വാരം...?

(തേഹരി)

പ്രകൃതിക്ക് സാംസ്കാരികവും ദേശീയവുമായ മാനം ലഭിക്കുകയാണിവിടെ. തപോവനയജ്ഞസുഗന്ധിയായ പുണ്യഹിമാലയം, വ്യാസന്റെ കാലടി ചുംബിച്ച ലക്ഷ്മീവനം, കാളിദാസന്റെ കണ്ണിൽ നിലാവിരുൾക്കംബളം നീർത്തിയ ദേവപ്രയാഗം, വെളിവിനാൽ ശംകരൻ ഇരുട്ടു നീക്കിയ ശ്രീനഗരം, മനുഷ്യരാശിയുടെ അന്തിമമായ ആശുപത്രിയായി എൻ.വി കൃഷ്ണവാര്യർ വാഴ്ത്തിയ ശാന്തിതാഴ്വാരം എന്നിങ്ങനെ സ്ഥലത്തെ സാംസ്കാരികഭൂപടത്തിലേക്കു ചേർക്കുന്നു. ഭൂഭാഗങ്ങൾ കവിതയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സാംസ്കാരികപ്രമേയങ്ങളോടുകൂടിയാണ്. പ്രകൃതിയുടെ നാശം സാംസ്കാരികമായ ഈടുവെപ്പിന്റെ നാശം കൂടിയാകുന്നു. വേറിട്ടുനിൽക്കുമ്പോൾ കേവലം ഭൂമിശാസ്ത്രഘടകമായ ഒരു പ്രദേശം സാംസ്കാരികമായ ഉള്ളടക്കം കൂടിയാവുമ്പോൾ ഇതിഹാസകാളിദാസ സൂചകങ്ങളുടെ പശ്ചാത്തലത്തിൽ ദേശീയ സ്ഥലപദവിയിലേക്ക് ഉയരുന്നു. സാംസ്കാരിക ഭൂതകാലവുമായി

ബന്ധിപ്പിക്കുകവഴി പ്രകൃതിക്ക് പാരമ്പര്യവും ദേശീയവുമായ മാനം കൈവരുന്നു. സംസ്കൃതസാഹിത്യത്തിന്റെ ഉറവിടമായ ഭൂപ്രകൃതി പരാമർശിക്കുക വഴി ഈ സ്ഥലരാശി ദേശീയതയുടെ സാംസ്കാരിക സ്ഥലസൂചകങ്ങളായി മാറുന്നു.

കൊറ്റിനെ വിട്ടു, യിർവെട്ടത്തെ വേൾക്കയാൽ
ഉത്തരദിക്കിനെ തേടുന്ന യാത്രികർ,
ഉണ്മയിലഗ്നിയാം ഇന്ത്യയെ പോറ്റുവോർ
(തേഹരി)

ഹിമാലയം വലിയൊരു വിഭാഗം ഇന്ത്യക്കാർക്ക് അധ്യാത്മികാനുഭൂതിയുടെ ലക്ഷ്യസ്ഥാനമായിരുന്നു. അതുകൊണ്ട് ഉത്തരദിക്ക് കേവലം ഭൂമിശാസ്ത്ര വിഭാഗമായ പർവതനിര എന്ന നിലവിട്ട് ആധ്യാത്മികാനുഭൂതിയുടെ പ്രഭവ കേന്ദ്രമായി കവിതയിൽ കടന്നു വരുന്നു.

**ദേശീയതയുടെ സ്ഥലരാശികൾ**

കവിതയിലെ ഭൂപ്രകൃതി ദേശത്തിന്റെ പ്രതിനിധാനങ്ങളാകുന്നതെങ്ങനെ യെന്ന വിശകലനമാണ് ഇവിടെ ലക്ഷ്യമിടുന്നത്. സാഹിത്യം ആഖ്യാനമാണ്. അതിലെ സ്ഥലം വർണ്ണനയുടെയും ഭാഷയുടെയും ഉൽപ്പന്നമാണ്. ഈ സ്ഥലവർണ്ണനകൾക്ക് ഭാഷയും ചരിത്രവും ജീവിതവുമായി ബന്ധമുണ്ട്. ഈ സ്ഥലം സവിശേഷമായ സൂചകവും മൂല്യവൽകൃതവുമാണ്. വാസ്തവത്തിൽ നിർഗുണമായ പ്രകൃതിയിൽ നാം അർഥം ചെലുത്തുകയും നമുക്കുവേണ്ട അർഥം വഹിക്കുന്ന പ്രകൃതിയെ ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. നോട്ടക്കാരനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന നിയതമായ അർഥം വഹിക്കാത്ത ഘടകമാണ് പ്രകൃതി. മനുഷ്യവ്യവഹാരമാണ് സ്ഥലത്തിൽ തെളിയുന്ന ഗുണത്തെ നിർണയിക്കുന്നത്. സംസ്കാരത്തിന്റെ മേലെഴുത്ത് പേറിക്കൊണ്ടാണ് ഒരു സ്ഥലവിവരണം കലയിൽ നിലനിൽക്കുന്നത്.[21]

തികച്ചും പ്രകൃതിസഹജമായ സ്ഥലം സാമൂഹികമായി ഉൽപ്പാദിപ്പിച്ചുകൊണ്ടാണ് ദേശീയതയുടെ വ്യവഹാരങ്ങൾ പ്രവർത്തിക്കുന്നത്. മൂർത്തമായ സ്ഥലത്തിനുമേൽ അമൂർത്തത ആരോപിച്ചുകൊണ്ടാണ് ദേശീയത പ്രബലമാവുന്നത്. ഒരു അമൂർത്തമായ പ്രത്യയശാസ്ത്ര തറയും ഒരു മൂർത്തമായ ഭൗതികസ്ഥലവും ഒന്ന് ഒന്നിനുമുകളിലായി പ്രക്ഷേപിക്കപ്പെടുകയും വലിയ ജനവിഭാഗങ്ങൾക്ക് പങ്കുവക്കാനും വിശ്വസിക്കാനും കഴിയുംവിധമുള്ള ഒരു ദേശീയബോധം അതിലൂടെ ഉടലെടുക്കുകയും ചെയ്യുമ്പോഴാണ് ദേശങ്ങൾ രൂപമെടുക്കുന്നത്. അപ്പോഴാണ് അവക്ക് സാമൂഹിക ദൃശ്യത കൈവരുന്നത്. രൂപമെടുത്തുകഴിഞ്ഞശേഷവും ഈ ദേശീയബോധത്തെ നിരന്തരം ഉറപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രത്യയശാസ്ത്രവും ഭൂമിശാസ്ത്രവും പരസ്പരം അകന്നുപോകാതെ സൂക്ഷിച്ച് ഈ ബോധത്തെ നിലനിർത്തേണ്ടതുണ്ട്.[22] ഭൂമിമിശാസ്ത്രത്തിന്റെ വസ്തുതകളെ ദേശസ്നേഹവിശ്വാസകാര്യങ്ങളായി തർജമ ചെയ്യാനും അങ്ങനെ അവയെ മുൻതലമുറയിൽനിന്നു ലഭിച്ച അനുഭവം തന്നെയായി മാറ്റിയെഴുതാനുമാണ് ദേശീയവാദസ്ഥലതന്ത്രങ്ങൾ ശ്രമിച്ചത്. ഇന്ത്യയിൽ ഈ പ്രവണത ഏറ്റവും കൂടുതൽ കാട്ടിത്തരുന്നത് ഭാരതമാതാവ് എന്ന രൂപവും ദേശീയഗാനവുമാണ്. ദേശീയഗാനം ഒരു പ്രത്യേക ഭൂമിശാസ്ത്രത്തെ ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തോട് നേരിട്ടുതന്നെ ബന്ധിപ്പിക്കുന്നു.[23] പ്രാചീനകാലംമുതൽതന്നെ ഹിമാലയം ഇന്ത്യൻ ആധ്യാത്മികതയുടെ പ്രത്യക്ഷസാന്നിധ്യമായാണ് കരുതിപ്പോരുന്നത്. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ പല കവിതകളും ഹിമാലയത്തെ ആധ്യാത്മിക അഭിവാഞ്ചയുടെ ലക്ഷ്യസ്ഥാനമായി കാണുന്നവയാണ്. പുത്രകാമത്തിൽനിന്ന് കാമത്തെ എങ്ങനെ വേർതിരിക്കാമെന്ന് അന്വേഷിക്കുന്ന ബ്രഹ്മദത്തനും, വ്യക്തിയും കർമവും കർമഫലവും തമ്മിലുള്ള ബന്ധം കണ്ടെത്താനായി മിത്രാവതിയും, രാജ്യതന്ത്രവും സാമ്പത്തിക തത്വചിന്തകളും തമ്മിലുള്ള പാരസ്പര്യം അന്വേഷിച്ചിറങ്ങുന്ന ശോണമിത്രനും,

ജൈവചോദനകളും സാമൂഹിക നിയമങ്ങളും തമ്മിലുള്ള മൂല്യവിചിന്തനമാരാഞ്ഞ ഗംഗാനാരായണനും ചെന്നെത്തുന്നത് ഹിമാലയത്തിലാണ്.

ഹിമാലയം നിരവധി ചരിത്രസന്ദർഭങ്ങളിൽ ദേശീയതയുടെ പ്രതിനിധാനമാണ്.[24] ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും ഇന്ത്യൻ ദേശീയതയുടെ വ്യവഹാരങ്ങളിൽ ഹിമാലയത്തിന് സവിശേഷപ്രാധാന്യമുണ്ട്. ഹിമാലയവും പ്രാന്തപ്രദേശങ്ങളും അതിന്റെ മനോഹാരിതയും ഇന്ത്യ സ്വതന്ത്രരാഷ്ട്രമായതുമുതൽ ദേശീയതയുടെ ബലതന്ത്രങ്ങളിലൊന്നാണ്. ഹിമാലയം എന്ന ഭൗതികസ്ഥലത്തെ ദേശീയതയുടെ അമൂർത്തഭാവനയുമായി ബന്ധിപ്പിക്കുന്നത് ദേശീയതാവാദത്തിന്റെ പ്രധാനപദ്ധതികളിലൊന്നായിരുന്നു.

കേവല ഭൂമിശാസ്ത്രം എന്നതിലുപരി വ്യത്യസ്തമായ അർഥതലങ്ങൾ ഉൽപ്പാദിപ്പിച്ചുകൊണ്ടാണ് *ഉത്തരായനം* എന്ന കവിതാസമാഹാരത്തിൽ ഹിമാലയം പ്രത്യക്ഷപ്പെടുന്നത്. ഈ അർഥോൽപ്പാദനം, ദേശരാഷ്ട്രവുമായും അധ്യാത്മിക സൗന്ദര്യാനുഭൂതിയുമായും ബന്ധപ്പെട്ടുകൊണ്ടാണ് മുന്നേറുന്നത്. അധ്യാത്മികതയുടെയും ദർശനപാരമ്പര്യത്തിന്റെയും വിവക്ഷകൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് ഇന്ത്യയുടെ ഭൗതികവും ആത്മീയവുമായ സൂചകമായി ഹിമാലയം കടന്നുവരുന്നു. ഇന്ത്യയുടെ സാംസ്കാരിക ഈടുവെപ്പുകളായി സ്ഥലം മാറുന്നു.

*കാടിന്റെ വിളി* എന്ന കവിതയിൽ ഇന്ത്യൻപ്രകൃതി എന്ന് സവിശേഷമായി പറയത്തക്ക പരിപ്രേക്ഷ്യത്തിലാണ് പ്രകൃതി കടന്നു വരുന്നത്. ദേശരാഷ്ട്രരൂപീകരണ സന്ദർഭത്തിൽ ഹിമാലയം ഇന്ത്യയുടെ ഭൂമിശാസ്ത്രപദ്ധതികളിൽ പ്രധാനപദവി വഹിച്ച ഘടകമാണ്. അത് നിരവധി ചരിത്രസന്ദർഭങ്ങളിലെ ദേശബോധത്തിന്റെ പ്രതിനിധാനമാണ്.

അങ്ങു ബദരീവനത്തോളം
ഇങ്ങു കുമാരീമുനമ്പോളം
കാട്ടിൽ പരസ്പരമയ്യന്മാർ നമ്മൾ

നാട്ടിലോ കേവലമാനൃന്മാർ,

ഹിന്ദി മറാഠി തമിഴന്മാർ,

ഹിന്ദു നസ്രാണി മുസൽമാന്മാർ,

ജാട്ടുകൾ സേട്ടുകൾ പണ്ഡപഹാഡികൾ

ഗോത്രോപഗോത്ര സഹസ്രങ്ങൾ !

(കാടിന്റെ വിളി)

ഹിമവത്സാനു, കാശ്മീര-

മാര്യാവർത്തം, കുമാരിയും

ഒലി കൊള്ളിച്ച ഞാണിതിൽ,

ഗംഗയിൽ, ക്കൃഷ്ണയിൽ, പ്പമ്പാ-

തടങ്ങളിൽ നിവർത്തി ഞാൻ

ഉയർത്ത കുലവില്ലിതിൽ,

അരിഭീഷണമെന്നസ്ത്രം

(രണഭൂമി)

ഈ കവിതകളിലെ സ്ഥലവിന്യാസം പ്രത്യേക രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. വടക്ക് ഹിമാലയവും തെക്ക് കന്യാകുമാരിയും ഇന്ത്യൻ ഭൂമിശാസ്ത്രത്തിന്റെ രണ്ട് അതിരുകളാണ്. തുടർന്നുപറയുന്ന ഹിന്ദി, മറാഠി, തമിഴ് എന്നീ ഭാഷകൾ ഇന്ത്യയുടെ ഭാഷാപരമായ വൈവിധ്യത്തെയും ഹിന്ദു, നസ്രാണി, മുസൽമാൻ, ജാട്ടുകൾ, സേട്ടുകൾ എന്നിവ മത ജാതി വൈവിധ്യങ്ങളെയും സൂചിപ്പിക്കുന്നു. അതുപോലെത്തന്നെ *രണഭൂമി* എന്ന കവിതയിലെ ഹിമവത് സാനു, കാശ്മീരം, ആര്യാവർത്തം, കുമാരി എന്നീ സ്ഥലങ്ങളും ഗംഗ, കൃഷ്ണ, പമ്പ എന്നീ നദികളും ഇന്ത്യൻ ഭൂമിശാസ്ത്രത്തെ വരച്ചിടുന്നുണ്ട്.

സ്ഥലപരമായ ഈ അതിർത്തികൾ ജനങ്ങൾ നേരിട്ട് അനുഭവിക്കുന്നില്ല. അത് അനുഭവപ്പെടുന്നത് ഇത്തരം ആഖ്യാനങ്ങളിലൂടെയാണ്. ബദരീവനം മുതൽ

കന്യാകുമാരീമുനമ്പോളമുള്ള സ്ഥലപരിധിയെ വൈകാരികവും ദേശാഭിമാനപരവുമായ ഉടമസ്ഥതാബോധത്തിലേക്കു നയിക്കുന്ന കർത്തവ്യമാണ് ഇത്തരം ആഖ്യാനങ്ങൾ നിർവഹിക്കുന്നത്.

**അന്തർദേശീയത**

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലെ ദേശീയതയുടെ ഒരു മാനം അന്തർദേശീയതയാണ്. *പരിക്രമം* എന്ന കവിതാസമാഹാരത്തിന്റെ ആമുഖമായി കവി എടുത്തുചേർത്തിട്ടുള്ളത് ഹ്യൂഗോ ഒഫ് സെന്റ് വിക്ടറിന്റെ (Hugo of St. Victor) വരികളാണ്.

ദേശാഭിമാനം ഒരു തുടക്കം മാത്രം;
വസുധൈവകുടുംബകം എന്ന ബോധം കരുത്താകുന്നു;
പക്ഷേ, ലോകബാഹ്യൻ ആണ് പൂർണ്ണമനുഷ്യൻ.

മാതൃരാജ്യത്തോടും അതിന്റെ സാംസ്കാരിക പൈതൃകത്തോടും അഗാധമായ ആദരവ് പുലർത്തുന്നതോടൊപ്പംതന്നെ സാർവദേശീയമായ മാനവവിമോചനമൂല്യങ്ങൾ കവിതകളുടെ അന്തർധാരയായി വർത്തിക്കുന്നുണ്ട്. 'വസുധൈവകുടുംബകം' 'യത്രവിശ്വംഭവത്യേകനീഡം' എന്നിങ്ങനെയുള്ള ഉപനിഷത്സൂക്തങ്ങൾ സ്വാധീനിച്ച കവിക്ക് എല്ലാ സംസ്കാരങ്ങളോടും ആദരവുണ്ടായിരുന്നു. അന്തർദേശീയവാദിയായ ടാഗോറിന്റെ വീക്ഷണങ്ങൾ കവിയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

ഉപരിപ്ലവമായ വൈവിധ്യങ്ങളും വൈചിത്ര്യങ്ങളുമുണ്ടെങ്കിലും മർത്യചേതനയുടെ ആഴങ്ങളിലുള്ള ദുരിതങ്ങൾക്കും വിഷാദങ്ങൾക്കുമുള്ള സാമാന്യത കവിതകളിലൂടെ അദ്ദേഹം തിരിച്ചറിയുന്നു. വൈവിധ്യപൂർണമായ സംസ്കാരങ്ങളിൽനിന്ന് ഏകതാനമായ മാനവികതയെ കണ്ടെത്താനുള്ള ശ്രമം ഈ കവിതക

ളിൽ കാണാം. സ്നേഹം, കരുണ, നന്മ എന്നിവയെല്ലാം മാനവരാശിയെ അടുപ്പിക്കുന്ന കണ്ണികളാണ്. രാഷ്ട്രാതിർത്തികളെ മാനവികതയുടെ അതിർത്തിയായി കവിതകൾ പരിഗണിക്കുന്നില്ല.

## ഇതരസംസ്കാരങ്ങളോടുള്ള ആദരവ്

ഗ്രീക്ക് സംസ്കാരത്തോട് അതിയായ ആദരവ് പുലർത്തിയിരുന്നു കവി. *അഥീനാപ്രശസ്തി, റിപ്പബ്ലിക്* എന്നീ കവിതകൾ അതിന് ഉദാഹരണമാണ്. അഥീന, പോസിഡോൺ, അപ്പോളോ, ഓർഫ്യൂസ് എന്നിങ്ങനെ ഗ്രീക്ക് ദേവന്മാർ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. തന്റെ ഗ്രീസ് സന്ദർശനത്തെക്കുറിച്ച് കവി എഴുതിയത് ഈ ആരാധനയുടെ തീവ്രത മനസ്സിലാക്കാൻ സഹായിക്കും.

> *യവനമഹർഷിയായ ഹെരാക്ലിറ്റസും വ്യാസബുദ്ധിയായ സോഫോക്ലിസ്സും ദാർശനികനായ സോക്രട്ടീസും ചവിട്ടി നടന്ന ഏഥൻസിലെ മൺപൊടി തൊട്ടു തലയിൽ വച്ചുകൊണ്ടാണ് ഞാൻ വിമാനത്തിൽനിന്നിറങ്ങിയത്. . . . അവിടെക്കേട്ട ഈണങ്ങൾക്കും താളങ്ങൾക്കും നമ്മുടെ നാട്ടിലെ സംഗീതത്തോടുള്ള സാധർമ്യം എന്നെ ആഹ്ലാദിപ്പിച്ചു. മനുഷ്യന്റെ മനസ്സ് നന്നാവുന്നിടത്തെല്ലാം അവന്റെ കലയും ഒരേവിധമായിരിക്കുന്നു. റെഡ് ഇന്ത്യനായാലും ഗ്രീക്ക് ആയാലും ഐറിഷ് ആയാലും കുട്ടനാട്ടുകാരനായിരുന്നാലും ഇതു ബാധകംതന്നെ.*[25]

*ഹൗണീസ്തവം* എന്ന കവിത ആംഗലവാണിയെ വരം നൽകുന്ന ദേവതയായിക്കൽപിച്ച് സ്തുതിരൂപത്തിൽ എഴുതിയതാണ്. വൈനിനെ തോൽപിക്കുന്ന ചുണ്ടുകളിൽ വെൺനുരയാകുന്ന പുഞ്ചിരിയോടുകൂടി പട്ടുടയാടയും റോസാപ്പൂക്കളും ലില്ലിപ്പൂക്കളുമായി മനസ്സിൽ നിറനിലാവോളങ്ങൾ തീർത്ത്

പ്രത്യക്ഷപ്പെടാൻ സ്വർണവർണമുടിയുള്ള ആംഗലവാണിയോട് കവി പ്രാർഥിക്കുന്നു. ഈ ദേവിയുടെ പ്രസാദംകൊണ്ട് കീർത്തിനേടിയ ഷേക്സ്പിയർ, മിൽട്ടൺ, വേഡ്സ്വർത്ത് തുടങ്ങിയ മഹാകവികളെയെല്ലാം കവി ആദരവോടെ ഓർക്കുന്നു.

ധന്യേ ! നിൻതുകിലിന്റെ തുമ്പിലലസം
തൂങ്ങും കളിക്കുട്ടി ഞാൻ;
എന്നാലേതു വിയത്പഥങ്ങളിലിവൻ
ചുറ്റീല നിന്നിച്ഛയാൽ ?

(ഹൗണീസ്തവം)

തുകിലിന്റെ തുമ്പിൽ തൂങ്ങിയ കളിക്കുട്ടിക്ക് പ്രപഞ്ചം മുഴുവൻ ചുറ്റാനുള്ള ഇച്ഛ നൽകിയത് ആംഗലവാണിയാണ്. തന്റെ ഗ്രാമത്തിന്റെ ചെറിയവട്ടത്തിൽ നിൽക്കുമ്പോഴും വിശ്വം മുഴുവൻ ദർശിക്കുന്ന ഈ കാഴ്ച *കോളിൻ ആന്റണി സ്റ്റുവർട്ട്-ഷെപ്പേർഡ്* എന്ന കവിതയിലും കാണാം.

"...ഞാനാം
അമ്പലമുറ്റപ്പറവ
തൻ ചിറകാലെമുകർന്നാനല്ലോ
ജൃംഭിതമംബരസീമ !"

(കോളിൻ ആന്റണി സ്റ്റുവർട്ട്-ഷെപ്പേർഡ്)

*വേഡ്സ്വർത്തിന്റെ പർണശാലയിൽ* എന്ന കവിത അദ്ദേഹത്തിന്റെ ഗൃഹത്തിൽ സന്ദർശനം നടത്തിയ അനുഭവം വിവരിക്കുന്നു. വേഡ്സ്വർത്തിന്റെ ഗ്രാസ്മിയർ കോട്ടേജിൽ അതിഥിയായെത്തിയ ഗ്രാമീണകർഷകനും കവിയും തമ്മിലുള്ള സംഭാഷണമാണ് *കവിയുടെ അതിഥി* എന്ന കവിതയിലെ പ്രമേയം. *വിരുന്നുകാർ* എന്ന കവിത മധുവിധുനാളുകളിൽ കവിയെത്തേടി വീട്ടിലെത്തുന്ന ശിഷ്യരെക്കുറിച്ചും അവരുമൊത്തുള്ള ചർച്ചകളെക്കുറിച്ചുമാണ്. ഈ ചർച്ചയിൽ

കടന്നുവരുന്നത് ടെന്നിസൺ, ബ്രൗണിംഗ്, ചോസർ എന്നിവരാണ്. രാഷ്ട്രാന്തരീയമായ ഈ സാഹിത്യാഭിരുചിയും ദർശനങ്ങളോടുള്ള മമതയും ഇംഗ്ലീഷ് അധ്യാപനംവഴി കവിയ്ക്കു കൈവന്നതാണ്.

മാർക്സിന്റെ ശവകുടീരം സന്ദർശിച്ചതിനുശേഷം എഴുതിയ കവിതയാണ് *കാൾമാർക്സിന്റെ കുടീരം.* ഈ കവിതയിൽ മാർക്സിനെ അർഥവേദത്തിന്റെ പ്രജാപതി എന്നാണ് വിശേഷിപ്പിക്കുന്നത്. ഇവിടെ ഭാരതീയമായ ഉപനിഷത്തുക്കളുടെ അതേസ്ഥാനം മൂലധനത്തിനും മാർക്സിയൻ ദർശനങ്ങൾക്കും നൽകുന്നതു കാണാം. മാർക്സിയൻ വചനങ്ങളുടെ[26] സ്വാധീനം താഴെക്കാണുന്ന വരികളിൽ കാണാം.

''പാർത്തറിഞ്ഞേയുള്ളൂ പാരിതു,ടച്ചിനി
വാർക്കണം''എന്നാജ്ഞ നെഞ്ചിനാൽ പേറുവോൻ,
കർക്കശം അർഥവേദത്തിൻ പ്രജാപതി !
(കാൾ മാർക്സിന്റെ കുടീരം)

കുട്ടിക്കാലത്ത് വീട്ടിൽ അനുഭവിച്ച ദാരിദ്ര്യവും കഷ്ടപ്പാടുകളും കവിതയിൽ പറയുന്നുണ്ട്. മാർക്സിയൻ സാമ്പത്തിക സിദ്ധാന്തങ്ങളിൽ തനിക്കുവലിയ അവഗാഹമില്ലെങ്കിലും താൻ ചവിട്ടിയരക്കപ്പെടാതെ ഇന്നത്തെ നിലയിലെത്തിയതിന് മാർക്സിനോടാണ് കടപ്പെട്ടിരിക്കുന്നതെന്നും കവിതയിൽ സൂചനയുണ്ട്. ദക്ഷൻ, കാശ്യപൻ മുതലായവരെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരുന്ന ഭാരതീയമായ 'പ്രജാപതി' എന്ന പദം തന്നെയാണ് കാൾമാക്സിനെയും വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്നത്.

തന്റെ പരദേവതയായ *അർത്തിൽ ദുർഗ്ഗ*യെ സ്തുതിക്കുന്ന കവിതയാണ് *അർത്തിൽ ദുർഗ.* അതേ ഭക്ത്യാദരവോടുകൂടിയാണ് വിഷ്ണുനാരായണൻ നമ്പൂതിരി പ്രാചീന ഗ്രീക്കുദേവതയായ അഥീനാദേവിയെയും സ്തുതിക്കുന്നത്.

ദുർഗ്ഗേ ജയ ! നിന്നരികിൽ വന്നെത്തി ഞാൻ
ദുർഗമവീഥികൾ പിന്നിട്ടു പോന്നവൻ

(അർത്തിൽ ദുർഗ്ഗ)

അഗ്ര്യപുരാധീശ്വരി, മംഗളാധീന-
ദുർഗേ ! പുരാ താതകാശ്യപൻ ഉണ്മയിൽ
അഗ്നി കടഞ്ഞെടുത്തുള്ളതിൻ തുള്ളിയൊ-
ന്നർപ്പിച്ചു നിൻപദം കുമ്പിടട്ടേ കൃത-
കൃത്യനായ് വിഷ്ണുനാരായണൻ

(അഥീനാപ്രശസ്തി)

രാജ്യാതിർത്തികളെ അസാധുവാക്കുന്ന മാനവികദർശനം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ പല കവിതകളിലും കാണാം.[27] ബഹിരാകാശയാത്രയിൽ രക്തസാക്ഷിയായ റഷ്യൻ വൈമാനികനെക്കുറിച്ചെഴുതിയ കവിതയാണ് *വ്ളാഡിമിർ കോമറോവ്.* ലോകത്തിന്റെ നന്മക്കായുള്ള ബലിയായാണ് കോമറോവിന്റെ മരണത്തെ കവിതയിൽ പരാമർശിക്കുന്നത്. അദ്ദേഹത്തിന്റെ ചരിത്രം ലോകത്തിന്റെ ഊറ്റമായിക്കാണുകയാണ് കവിതയിൽ.

ഹാ ! താങ്കളെക്കുറിച്ചോർത്തു പാടുമ്പോ,ള-
താകെയുമെൻകഥയായി മാറുന്നുവോ !

(വ്ളാഡിമിർ കോമറോവ്)

മനുഷ്യവർഗത്തിന്റെ പരിണാമചരിത്രം പരിശോധിച്ചാൽ ഇന്നുകാണുന്ന പുരോഗതികളെല്ലാം മഹാന്മാരുടെ ആത്മബലിയുടെ ഫലമാണ്. രാഷ്ട്രാതിർത്തികൾക്കുപരിയായി നിരവധിപേരുടെ ആത്മത്യാഗം മനുഷ്യന്റെ സർഗകാമനയുടെ ഓരോ അണുവിലും ത്രസിച്ചുനിൽക്കുന്നു. അതുകൊണ്ടുതന്നെ കോമറോവിനെക്കുറിച്ചുള്ള ഗാനം മനുഷ്യകുലത്തിന്റെ ഗാനം തന്നെയാണ്. മനുഷ്യന്റെ വിധിനിയോഗംകൊണ്ടുള്ള ഒരു ദുരന്തമായി കോമറോവിന്റെ മരണത്തെ കാണുകയോ

വിലപിക്കുകയോ ചെയ്യുന്നില്ല കവി. മറിച്ച് മാനവകുലത്തിന്റെ അതിജീവനത്തിന്റെയും വിജയത്തിന്റെയും പാതയായി തിരിച്ചറിയുകയാണ്. സഹജീവിയായ മനുഷ്യന്റെ മഹത്വത്തെക്കുറിച്ചുള്ള ബോധം മാനവകുലത്തിന്റെ പൊതുവായ ആത്മബോധത്തിന്റെ സാകല്യമാണ്.

അമേരിക്കൻ ഭരണത്തിനുകീഴിൽ നിരവധി യാതനകൾ അനുഭവിക്കേണ്ടി വന്ന രാജ്യമാണ് വിയറ്റ്നാം. എങ്കിലും ആത്മവീര്യം ചോരാതെ ആ ജനത എതിർത്തുനിന്നു. 1965 മുതൽ 1972 വരെയുള്ള ഏഴു വർഷങ്ങൾ യുദ്ധത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും അതിജീവന കാലയളവായിരുന്നു. അമേരിക്കൻ ആക്രമണത്തിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന നിരവധിപേർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. ആത്മവീര്യത്തോടുകൂടി പോരാടിയ ഒരു ജനതയോട് ഐക്യപ്പെട്ടുകൊണ്ടുള്ള കവിതയാണ് *കുറ്റവാളി.*

*കുറ്റവാളി* എന്ന കവിതയിൽ വിയറ്റ്നാം യുദ്ധത്തിൽ തങ്ങളുടെ ആത്മാഭിമാനവും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കാൻ പോരാടിയ ദരിദ്രരും അശരണരുമായ ഒരുകൂട്ടം ജനത്തെ കൊന്നൊടുക്കാൻ നിയോഗിക്കപ്പെട്ട അമേരിക്കൻ ഭടനെയാണ് കുറ്റവാളിയായി വിശേഷിപ്പിച്ചിരിക്കുന്നത്. അമേരിക്കക്കാരനായ ആ ഭടൻ അമേരിക്കൻ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയ അടിമകളുടെ ആത്മാവിനെയാണ് ആ ജനതയിൽ കാണുന്നത്. ഹോചിമിനും ലിങ്കണും തമ്മിൽ സാമ്യംതോന്നിയ പട്ടാളക്കാരൻ ആയുധം താഴെ വക്കുന്നു.

ഉറ്റോരാമിവരൊത്തുണ്ടു
    ലിങ്കണെന്നറിയുന്നു ഞാൻ
എവിടെദ്ധർമ്മമുണ്ടെന്നാൽ
    അവിടെത്താതനില്ലയോ ?

. . .

നിറതോക്കിങ്ങൊഴിച്ചോളൂ;

പക്ഷേ ചോര തെറിക്കവേ

ഞെട്ടൊല്ലേ;വീഴ്‌വതിന്നെന്റെ

യല്ല, ലിങ്കന്റെ രക്തമാം !

(കുറ്റവാളി)

സാർവലൗകികമായ നന്മയും മൂല്യങ്ങളും ദർശിക്കാൻ രാജ്യാതിർത്തികൾ കവിതകൾക്ക് തടസ്സമാകുന്നില്ല. അത് മനുഷ്യന്റെ കേവലനന്മകളെ മാത്രമാണ് പരിഗണിക്കുന്നത്. അതിർത്തികൾ വേർതിരിച്ചുള്ള കാഴ്ച വീക്ഷണകോണിന്റെ പരിമിതിയാണ്. ഇത് കവിതയിൽ ഇപ്രകാരം സൂചിപ്പിക്കുന്നു.

-നോട്ടത്തിലല്ലോ കിഴക്കും പടിഞ്ഞാറും;

ഏറ്റുമുട്ടുന്നില്ല രണ്ടും ഒരിക്കലും

രണ്ടും കലർന്നുകൂടുന്നുണ്ടു കാഴ്ചയിൽ;

നിൻകാഴ്ച നിൻ വഴിവെട്ടം, ധരിക്കുക.

(വൃദ്ധവാക്യം)

വർഗ്ഗങ്ങളറ്റ മനുഷ്യനാം കേവല-

സത്തയെ സാക്ഷാത്കരിക്ക നീ വിദ്യയാൽ;

ഉച്ചാടനം ചെയ്ക ഹിംസയെ, ജീവൈക്യ-

സത്യം കരുത്തെന്ന ഗാന്ധിയോഗത്തിനാൽ.

(വൃദ്ധവാക്യം)

അന്തർദേശീയബന്ധങ്ങളിൽ മഹത്തായ പ്രകടനം കാഴ്ചവച്ച നെഹ്റുവിനെയാണ് *ജവാഹരസ്മരണ* എന്ന കവിതയിൽ കാണാൻ കഴിയുന്നത്.

. . . നിന്റെവരവെങ്ങു,നിന്റെ വര-

വെങ്ങെന്നു കൺകളുഴറുന്നൂ വിയറ്റ്നാമിൽ;

സീമന്തകുങ്കുമം വാർന്നുപോം ഘാനയിൽ;

തീവിഷപ്പുക വിഴുങ്ങും ദ്വീപപംക്തിയിൽ !

(ജവാഹരസ്മരണ)

നെഹ്റുവിന്റെ ചേരിചേരാനയത്തെ വിദേശികൾ പ്രകീർത്തിച്ചു. അദ്ദേഹത്തിന്റെ വിദേശനയങ്ങൾ മറ്റു രാജ്യങ്ങളിൽ മതിപ്പുളവാക്കുന്നതായിരുന്നു. അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കെത്തന്നെ ബഹുമാനം നിലനിർത്താനും അത് സഹായിച്ചു. പണമോ മാനവവിഭവമോ മറ്റു സാമഗ്രികളോ ഇല്ലാത്ത ഒരു രാജ്യം അതിന്റെ നേതാവിലൂടെ ഏറ്റവും വലിയ ധാർമികശക്തിയായി വളർന്നു. ഇന്ത്യയുടെ അന്തർദേശീയപദവി ഉയർത്തുന്ന കാര്യത്തിൽ നെഹ്റു വഹിച്ച പങ്ക് വലുതായിരുന്നു. നെഹ്റു ചേരിചേരാനയത്തിലൂടെ ഗാന്ധിയൻ തത്വങ്ങളെ ക്രിയാത്മകമായി ഉപയോഗിച്ചു. സംഘർഷങ്ങളും ആഭ്യന്തരയുദ്ധങ്ങളും ഉണ്ടാകുമ്പോൾ ഇന്ത്യയെ മധ്യസ്ഥതക്കു വിളിക്കാൻ തുടങ്ങിയപ്പോൾ ചേരിചേരാനയത്തിന്റെ പ്രയോഗക്ഷമത വെളിപ്പെടുകയായിരുന്നു.[28]

## കുറിപ്പുകൾ

1. സച്ചിദാനന്ദൻ, 'അധിനിവേശം പ്രതിരോധം ചില പ്രാഥമിക ചിന്തകൾ', *അടിത്തട്ടുകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006), പു. 101-02.

2. ഇ. പി. രാജഗോപാലൻ, 'ദേശം, സ്വത്വം, ദൈവം', *കവിതയുടെ ഗ്രാമങ്ങൾ* (കറന്റ് ബുക്സ്, തൃശ്ശൂർ, 2008), പു. 24.

3. ഇ. വി. രാമകൃഷ്ണൻ, 'പട്ടാളക്കഥകളിലെ രാഷ്ട്രസങ്കല്പം', *വാക്കിലെ സമൂഹം* (ഡി. സി. ബുക്സ്, കോട്ടയം, 1997), പു. 44.

4. കെ.എം. അനിൽ, 'ഓർമകളുടെ വിപ്ലവമൂല്യം', *ദേശാഭിമാനി വാരിക*, 47, 52 (മെയ്15, 2016), പു. 44.

5. കെ. എൻ പണിക്കർ, 'നോവൽ ഭാവനാത്മകചരിത്രം എന്ന നിലയിൽ', *ഫാസിസത്തിന്റെ നാളുകൾ* (ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2005), പു. 33.

6. ഉത്തരവിയറ്റ്നാമും ദക്ഷിണവിയറ്റ്നാമും തമ്മിൽ നടന്ന യുദ്ധം. വിയറ്റ്നാമിന്റെ ആഭ്യന്തരയുദ്ധമെന്നതിലുപരി അമേരിക്ക കമ്മ്യൂണിസ്റ്റ് ശക്തികൾക്കെതിരെ നടത്തിയ ഒരു യുദ്ധമായിരുന്നു ഇത്. 1959 മുതൽ 1975 വരെയായിരുന്നു യുദ്ധം. യുദ്ധത്തിൽ കമ്മ്യൂണിസ്റ്റ് സഖ്യങ്ങൾ ഉത്തരവിയറ്റ്നാമിനെയും അമേരിക്ക ദക്ഷിണവിയറ്റ്നാമിനെയും പിൻതുണച്ചു. ദക്ഷിണവിയറ്റ്നാം കമ്മ്യൂണിസ്റ്റ് ഭരണത്തിലാവുന്നത് തടയാനാണ് അമേരിക്ക യുദ്ധത്തിൽ പ്രവേശിച്ചത്. 1973ഓടെ ഭൂരിഭാഗം അമേരിക്കൻ സൈന്യവും യുദ്ധത്തിൽനിന്ന് പിൻവാങ്ങുകയും 1975ൽ കമ്മ്യൂണിസ്റ്റ് ശക്തികൾ ദക്ഷിണവിയറ്റ്നാമിലെ അധികാരം പിടിച്ചടക്കുകയും ചെയ്തു. യുദ്ധംചെയ്യാനുള്ള സർക്കാരിന്റെ തീരുമാനം അമേരിക്കൻ ജനതയിൽ കാര്യമായ വിഭാഗീയതക്ക് കാരണമായി.

7. കെ. എൻ. പണിക്കർ, 'ദേശീയസ്വത്വവും സാംസ്കാരിക ഭൂതകാലവും', *ഫാസിസത്തിന്റെ നാളുകൾ* (ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2005), പു. 37.

8. എം. എസ് മേനോൻ, 'അവതാരിക', വിഷ്ണുനാരായണൻ നമ്പൂതിരിയുടെ *ഇന്ത്യ എന്ന വികാരം* (സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1998), പു. 16.

9. കെ. എം. അനിൽ, 'ഓർമകളുടെ വിപ്ലവമൂല്യം', *ദേശാഭിമാനി വാരിക*, 47, 52 ( മെയ്15, 2016), പു. 45.

10. ഇ. വി .രാമകൃഷ്ണൻ, 'പട്ടാളക്കഥകളിലെ രാഷ്ട്രസങ്കല്പം', *വാക്കിലെ സമൂഹം* (ഡി. സി. ബുക്സ്, കോട്ടയം, 1997), പു. 42.

11. ഇ. വി .രാമകൃഷ്ണൻ, *ദേശീയതകളും സാഹിത്യവും* (ഡി. സി. ബുക്സ്, കോട്ടയം, 2001), പു. 16.

12. സുനിൽ പി. ഇളയിടം, *വീണ്ടെടുപ്പുകൾ മാർക്സിസവും ആധുനികതാ വിമർശനവും* (കേരളശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2014), പു. 59.

13. കെ. എം. അനിൽ, 'ഭരതൻ: ചരിത്രത്തിനും പുരാവൃത്തത്തിനുമിടയിൽ', *പാന്ഥരും വഴിയമ്പലങ്ങളും* (പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്, 2016), പു. 115.

14. സുനിൽ പി. ഇളയിടം, *വീണ്ടെടുപ്പുകൾ മാർക്സിസവും ആധുനികതാ വിമർശനവും* (കേരളശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2014), പു. 77.

15. കെ. എൻ. പണിക്കർ, *സംസ്കാരവും ദേശീയതയും* (കറന്റ് ബുക്സ്, തൃശ്ശൂർ, 2010), പു. 114.

16. സച്ചിദാനന്ദൻ, *അടിത്തട്ടുകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006), പു. 75.

17. ഷെയ്ഖ് മുജീബ്ഉർ റഹ്മാൻ(1920–1975). ബംഗാളി രാഷ്ട്രീയനേതാവ്. ബംഗ്ലാദേശിന്റെ സ്ഥാപകനായി അറിയപ്പെടുന്നു. അവാമി ലീഗിന്റെ ആദ്യകാല നേതാക്കളിലൊരാൾ. ഇന്ത്യയുടെ വിഭജനത്തിനുശേഷം നിലവിൽവന്ന കിഴക്കൻ പാക്കിസ്ഥാന്റെ സ്വയംഭരണത്തിനു വേണ്ടിയായിരുന്നു അവാമി ലീഗിന്റെ പോരാട്ടം. പ്രസിഡന്റ് യാഹ്യാഖാന്റെ നേതൃത്വത്തിലുള്ള പട്ടാളം 1971 ൽ മുജീബ് ഉർ റഹ്മാനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു.

18. സതീശ് ദേശ്പാണ്ഡെ, *സമകാലിക ഇന്ത്യ ഒരു സമൂഹശാസ്ത്രവീക്ഷണം*, വിവ. ജെ. ദേവിക (കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2014), പു. 119–24.

19. S. Gopal (Ed), *Jawaharlal Nehru, An Anthology*, (Oxford University Press, New Delhi, 1980), p. 214.

20. ഉത്തർപ്രദേശ് സംസ്ഥാനത്തിനു വടക്കായി ഹിമാലയപർവ്വതത്തിന്റെ നിരകളിൽ_ടെഹ്‌രി പ്രദേശത്ത് പണികഴിപ്പിച്ചിട്ടുള്ള ജലസേചന പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാവുകയാണെങ്കിൽ ടെഹ്‌രി പട്ടണവും ചുറ്റുപാടുമുള്ള ഗ്രാമങ്ങളും വെള്ളത്തിനടിയിലകുമെന്ന് ആശങ്കപ്പെട്ട് ഇതിനെതിരെ സുന്ദർലാൽ ബഹുഗുണയടക്കമുള്ള പരിസ്ഥിതിസംരക്ഷകർ പ്രക്ഷോഭം നടത്തിയിരുന്നു

21. ഇ. പി. രാജഗോപാലൻ, *കവിതയിലെ ഗ്രാമങ്ങൾ* (കറന്റ് ബുക്സ്, തൃശ്ശൂർ, 2008), പു. 16.

22. സതീശ് ദേശ്പാണ്ഡെ, *സമകാലിക ഇന്ത്യ ഒരുസമൂഹശാസ്ത്രവീക്ഷണം*, വിവ. ജെ. ദേവിക (കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2014), പു. 134.

23. *ടി.* പു. 136.

24. 1956 വരെ കേരളത്തിന്റെ ഭാഗമായിരുന്നു ഇന്ത്യയുടെ തെക്കേ അറ്റമായ കന്യാകുമാരി. അതുകൊണ്ടുതന്നെ ആസേതുഹിമാചലം എന്ന ഭാരതീയദേശീയതാസങ്കൽപ്പത്തിന്റെ ഒരറ്റം പിടിച്ചത് കേരളമാണ്. അതിനാൽ കേവലമായ ദൈവഭക്തിയോടെ പുണ്യതീർഥങ്ങളിലേക്കുള്ള യാത്ര മാത്രമായിരുന്നില്ല, ദേശഭക്തിയും ദേശീയതയും അന്വേഷിച്ചുള്ള യാത്രകൂടിയായിരുന്നു മലയാളികൾക്ക് ഹിമാലയ

യാത്രകൾ. ഇന്ത്യയിലെ ഇതര പ്രദേശങ്ങളിലെ ജനതയെപ്പോലെയല്ല, ആസേതു ഹിമാചലം എന്ന കാൽപ്പനികതയാണ് മലയാളിയെ ഹിമാലയത്തിലേക്കാകർഷി ച്ചത്. ഈ രണ്ടു ദ്വന്ദങ്ങൾക്കിടക്കുള്ള ഏകത്വമാണ് ഭാരതദേശീയതാ സങ്കല്പം പോലും (വി.വിനയകുമാർ, 'ഹിമാലയസഞ്ചാരവിവരണം മലയാളത്തിൽ', *വിജ്ഞാനകൈരളി*, 44,7 (2013 ജൂലൈ), പു. 7).

25. വിഷ്ണുനാരായണൻ നമ്പൂതിരി, 'അഥീനയുടെ ചിരി', *പരിക്രമം* (സാഹിത്യപ്ര വർത്തക സഹകരണസംഘം, കോട്ടയം, 2011), പു. 84-85.

26. "*The philosophers have only interpreted the world in various ways; the point, however, is to, change it*"(Karl Marx. 'Theses on Feuerbach' Karl Marx and Frederic Engels, '*Collected works*' , Vol. 5, Progress publishers, Moscow, 1976, p.8)

27. ഇവിടെ തിമർത്തുപെയ്യുന്ന മഴ തിരുവല്ലയിലെ ശ്രീവല്ലിയില്ലത്തിന്റെ മുറ്റത്തും തൊടിയിലും ആറ്റിലും കരിമ്പിൻതോട്ടത്തിലും തന്നെ. എന്നാൽ ആ കോടമഴയുടെ മരവിപ്പിക്കുന്ന തണുപ്പിന്നപ്പുറത്ത് ഹിരോഷിമയിലേയും നാഗസാ ക്കിയിലേയും ആഫ്രിക്കൻ കോളനികളിലെയും സംഹാരത്തിന്റെ തിളയ്ക്കുന്ന ഊഷ്മാവ് വായനക്കാരനുവേണ്ടി കരുതിവക്കാൻ ആ ഭാഷക്ക് നിഷ്പ്രയാസം കഴിയുന്നു(എൻ. എൻ. കക്കാട്, അപരാജിതയുടെ അവതാരിക, ലിറ്റിൽ പ്രിസ്സ് പബ്ളിക്കേഷൻസ്, കോട്ടയം, 1984, പു.13.)

28. രാമചന്ദ്രഗുഹ, *ഇന്ത്യ: ഗാന്ധിയ്ക്കുശേഷം*, വിവ. പി. കെ ശിവദാസ് (ഡി. സി. ബുക്സ്, കോട്ടയം, 2014), പു. 242.

# ഉപസംഹാരം

വിവിധ അധ്യായങ്ങളിൽനിന്നുരുത്തിരിഞ്ഞ പ്രധാനപ്പെട്ട നിഗമനങ്ങൾ താഴെ പറയും വിധം ക്രോഡീകരിക്കാം.

- അനേകം സമീപനധാരകൾ പ്രവർത്തിക്കുന്ന ദേശീയത എന്ന സങ്കൽപ്പം ഒരു നിർവചനത്തിനും പൂർണമായി വഴങ്ങാത്തതും നിരന്തരം പുനർനിർവചിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. നവോത്ഥാനം, വാർത്താ വിനിമയമാധ്യമങ്ങളുടെ വ്യാപനം, ഗതാഗതം, മറ്റു സാങ്കേതിക മുന്നേറ്റ ങ്ങൾ എന്നിവയുടെ ഫലമായാണ് യൂറോപ്യൻ രാജ്യങ്ങളിൽ ദേശീയത ഉട ലെടുത്തത്. എന്നാൽ അധിനിവേശവിരുദ്ധ സമരങ്ങളുടെ അനന്തര ഫലമാ യിരുന്നു ഇന്ത്യൻ ദേശീയത. മതം, സംസ്കാരം, വർഗം, ഭൂപ്രദേശം തുടങ്ങി നിരവധി ധാരകൾ ഇന്ത്യൻ ദേശീയതയുടെ നിർണയനത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇവയിലേതെങ്കിലും സവിശേഷ വിഭാഗത്തെ മാറ്റി നിർത്തിക്കൊണ്ട് അതിനെ നിർവചിക്കാൻ സാധ്യമല്ല. അധിനിവേശാന ന്തരം ദേശീയതാമാനങ്ങൾക്കുവന്ന പലമ കോളനിയനന്തര ദേശീയതാപഠ നങ്ങളെ സ്വാധീനിച്ചിട്ടുണ്ട്.

- കൃത്യമായ അതിർത്തികളും ഏകീകൃതമായ ഭരണസമ്പ്രദായവുമില്ലെ ങ്കിലും ‘ഭാരതം’എന്ന സങ്കൽപ്പം നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ നിലവിലു ണ്ടായിരുന്നു എന്ന കാഴ്ചപ്പാടാണ് ആദ്യകാല മലയാളകവിതയിൽ കാണാൻ കഴിയുന്നത്. തന്റെ കാവ്യങ്ങളിൽ പൂന്താനം ഭാരതത്തെ വൈകാ രികമായി സ്മരിക്കുന്നുണ്ട്. പ്രാചീന കവിത്രയത്തിന്റെ കവിതകൾ കേരള ത്തിനാകെ ഒരു പാരായണരീതിയും വിശ്വാസമാതൃകകളും പ്രദാനം ചെയ്തുകൊണ്ട് ഇന്ത്യയുടെ ഇതിഹാസപാരമ്പര്യത്തെ ഗ്രാമീണജനതയി ലേക്ക് പ്രക്ഷേപണം ചെയ്തു.

- കൊളോണിയൽ വിരുദ്ധസമരകാലത്ത്  ദേശീയബോധം ഉത്തേജിക്കപ്പെടുകയും പ്രബോധനപരമായ ദേശീയത മലയാളകവിതയുടെ ഉള്ളടക്കമായി പ്രവർത്തിക്കുകയും ചെയ്തു. സാമൂഹികമായ അനാചാരങ്ങളോടുള്ള എതിർപ്പ് അക്കാലത്ത് മലയാളകവിതയുടെ പൊതുസ്വഭാവമായിരുന്നു. ഉള്ളൂരും വള്ളത്തോളും കവിതകളിലൂടെ ഭാരതത്തിന്റെ മാഹാത്മ്യം വാഴ്ത്തിപ്പാടി. അവരിൽനിന്ന് വ്യത്യസ്തമായി ആശാൻ ദേശീയതയുടെ ആന്തരിക ദൗർബല്യങ്ങളെ കവിതയിലൂടെ തുറന്നുകാട്ടി. ഒരു ദേശരാഷ്ട്രത്തിലെ പ്രജകളെന്ന നിലയിൽ കേരളീയജനതയുടെ സ്വത്വബോധത്തെ പരിവർത്തിപ്പിച്ചതിൽ മലയാളകവിതക്ക് സവിശേഷസ്ഥാനമുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ദേശീയതയുടെ പൊതുസ്വഭാവം നിരാശയും  നഷ്ടബോധവും ആയിരുന്നു. അതിർത്തിത്തർക്കങ്ങളും യുദ്ധങ്ങളുമെല്ലാം ദേശീയതയെ ഇടക്കിടെ ഉത്തേജിപ്പിക്കുകയും അത് സാഹിത്യത്തിൽ പ്രതിഫലിക്കുകയും ചെയ്തു.

- വിവിധ കാലഘട്ടത്തിലും സാമൂഹികസാഹചര്യത്തിലും ജീവിച്ച കവികൾ തമ്മിൽ കാവ്യരീതിയിലും ആഖ്യാനത്തിലും വ്യക്തിഭേദങ്ങൾ കാണുന്നുണ്ടെങ്കിലും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ വിമോചനലക്ഷ്യം ഈ കവിതകളുടെയെല്ലാം പൊതുസ്വഭാവമായിരുന്നു. ഇവരുടെ കാവ്യങ്ങളെ വേദേതിഹാസപുരാണാദികളും ദേശീയഭാവനയും വലിയതോതിൽ സ്വാധീനിച്ചതായി  കാണാം.

- 1960 കളിലാണ് വിഷ്ണുനാരായണൻ നമ്പൂതിരി കാവ്യരംഗത്തേക്കു കടന്നുവന്നത്. ഈ കാലം ഇന്ത്യൻ ദേശചരിത്രത്തിൽ പ്രധാനമാണ്. ഗാന്ധിയുടെയും നെഹ്റുവിന്റെയും പ്രഭാവം, ഇടതുപക്ഷ രാഷ്ട്രീയദർശനങ്ങൾ എന്നിവ ഇന്ത്യൻ ജീവിതത്തിൽ നിരവധി സന്ദിഗ്ധതകൾ സൃഷ്ടിച്ച കാലമായിരുന്നു അത്.  സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ദേശീയതയുടെ സംഘർഷാ

ത്മക മുഖങ്ങൾ, സ്വാതന്ത്ര്യത്തിനും അഭിമാനത്തിനും ക്ഷതമേൽപ്പിച്ച അടിയന്തരാവസ്ഥ, യുദ്ധങ്ങൾ, മറ്റു ദേശീയപ്രശ്നങ്ങൾ എന്നിവയെല്ലാം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിൽ പ്രതിഫലിക്കുന്നുണ്ട്.

- ആധുനികതയുടെ മലയാളസന്ദർഭത്തിൽ കവിതയെഴുതിയപ്പോഴും അതിന്റെ രൂപമോ ഭാവമോ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ കാണാൻ കഴിയുന്നില്ല. കഠിനമായ നിരാശാബോധമോ ജീവിതത്തിന്റെ നിഷ്ഫലതയെച്ചൊല്ലിയുള്ള ആധികളോ നിരർഥകതാബോധമോ ശൂന്യതാവാദമോ അദ്ദേഹത്തിന്റെ കവിതയിൽ കാണാൻ കഴിയില്ല. കുട്ടിക്കാലത്തെ ദിനചര്യകൾ, അധ്യാപകജീവിതം, പാശ്ചാത്യസാഹിത്യവുമായുള്ള ബന്ധം എന്നിവയെല്ലാം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളെ സ്വാധീനിച്ചിട്ടുണ്ട്. പൗരാണികബിംബങ്ങളുടെ സമൃദ്ധിയും വേദോപനിഷത്തുക്കളിലെ പദാവലികളും അദ്ദേഹത്തിന്റെ കാവ്യശൈലിയെ വ്യതിരിക്തമാക്കുന്നു. ഗാന്ധിയും കാളിദാസനും വേദോപനിഷത്തുക്കളും മറ്റും ഉൾക്കൊള്ളുന്ന ദർശനങ്ങളുടെ സാകല്യമാണ് ആ കാവ്യവ്യക്തിത്വത്തെ നിയന്ത്രിച്ചത്.

- വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ ഗാന്ധി പ്രത്യക്ഷമായും ആശയങ്ങളുടെയും കാഴ്ചപ്പാടുകളുടെയും പിറകിൽ വർത്തിക്കുന്ന മൂല്യസംഹിതയായും ദേശീയബോധത്തിന്റെ ഉദ്ദീപനശക്തിയായും വർത്തിക്കുന്നുണ്ട്.

- ഇന്ത്യൻ സാഹചര്യത്തിൽ ഗാന്ധിയൻ മൂല്യങ്ങളുടെ പ്രസക്തി തിരിച്ചറിഞ്ഞ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകൾ അവയെ പിൻപറ്റുന്നതായി കാണാം. ഇത് അദ്ദേഹത്തിന്റെ കവിതകളിൽ നെഹ്റുവിയൻ രാഷ്ട്രമാതൃകയോടും ദർശനങ്ങളോടും ഉഭയഭാവം സൃഷ്ടിച്ചു. ഈ

മനോഭാവം അദ്ദേഹത്തിന്റെ പ്രകൃതി പരിസ്ഥിതി ദർശനത്തിലേക്ക് നീളുന്നതായി കവിതകൾ സാക്ഷ്യപ്പെടുത്തുന്നു. ഒരേ സമയം മനുഷ്യന്റെ അജയ്യതയിലുള്ള ഊറ്റമായും പ്രകൃതിക്കുമേൽ മനുഷ്യന്റെ കയ്യേറ്റങ്ങൾക്കെതിരെയുള്ള വിമർശനമായും ഇത് കവിതയിൽ പ്രകടമായി. അതുകൊണ്ടു തന്നെ കവിതയിലെ ദേശീയബോധം ഏകമുഖമല്ല. പ്രകൃതിയോടും സംസ്കാരത്തോടും പ്രപഞ്ചത്തോടുമെല്ലാം ചേർന്ന് രൂപപ്പെടേണ്ട സമഗ്രമായ ഒരവബോധമായാണ് ദേശീയത കവിതകളിൽ പ്രത്യക്ഷപ്പെടുന്നത്.

- ഗാന്ധിയൻ ദാർശനികമാതൃകയെ ദേശീയതയുടെ അടരുകളുമായി ബന്ധിപ്പിച്ച് ആവിഷ്കരിക്കാനുള്ള ശ്രമം കവിതകളിൽ കാണാം. കവിതയിലെ പാരിസ്ഥിതികമാനങ്ങൾ ദേശീയതയുടെ ഭൂമിശാസ്ത്രപരമോ പാരിസ്ഥിതികമോ ആയ ഉൽക്കണ്ഠകളുടെ നിദർശനമാണ്. ദേശീയതയെക്കുറിച്ചുള്ള ആലോചനകളിൽ പ്രകൃതി ഒരു മുഖ്യഘടകമായി കവിതകളിൽനിന്നു കണ്ടെടുക്കാൻ കഴിയുന്നത് ഈ പരിപ്രേക്ഷ്യത്തിലാണ്.

- കാളിദാസകാവ്യപശ്ചാത്തലമായ സ്ഥലരാശി വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ദേശീയതാസങ്കല്പങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. കാളിദാസകാവ്യങ്ങളിലെ കഥാപാത്രങ്ങൾ, ഭാവപരിസരം, ദർശനങ്ങൾ എന്നിവയുടെ സ്വാധീനം കവിതകളിൽ കാണാം. കാളിദാസന്റെ കാവ്യസംസ്കാരവും പ്രണയ-ദാമ്പത്യ സങ്കൽപ്പങ്ങളും കവിതകളിൽ അന്തർലീനമായിട്ടുണ്ട്.

- ഇതിഹാസങ്ങളിലെയും പുരാണങ്ങളിലെയും വ്യക്തിത്വങ്ങളുടെ പുനരാഖ്യാനം ദേശീയതാവിമർശനം എന്ന നിലയിൽ പ്രാധാന്യമുള്ളതാണ്. അഹല്യ, ഉർവശി, മിത്രാവതി, ആദം, ദിലീപൻ തുടങ്ങയ കഥാപാത്രങ്ങളെല്ലാം നിലനിൽക്കുന്ന മൂല്യവ്യവസ്ഥിതിയെ വെല്ലുവിളിക്കുന്നവരാണ്. അധികാരികളാൽ ചോദ്യംചെയ്യപ്പെടുന്ന ഇവർ ഭരണകൂടദേശീയതയുടെ അധികാരത്തെത്തന്നെയാണ് വിമർശനവിധേയമാക്കുന്നത്.

- കവിതയിൽ ആവിഷ്കരിക്കുന്ന സ്ഥലം ദേശത്തെയും സമൂഹത്തെയും കുറിച്ചുള്ള ബോധത്തിന്റെ ആവിഷ്കാരമാണ്. ഭൗതികപരിസരവും ദൈനം ദിനാനുഭവങ്ങളും ചേർന്നാണ് ഒരു വ്യക്തിയുടെ ജീവലോകം നിർമിക്കുന്ന ത്. ഒരു ദൈനംദിന ജൈവപരിസരമെന്ന നിലയിൽ കുട്ടനാടിന്റെ ഭൗതിക പശ്ചാത്തലവും പ്രാദേശിക അനുഭവങ്ങളും വിഷ്ണുനാരായണൻ നമ്പൂ തിരിയുടെ കവിതകളുടെ ഭാഷാഘടനയെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ദേശസ്വത്വത്തെ അടയാളപ്പെടുത്തുന്ന ജൈവഭാഷയാണ് പ്രാദേശിക സ്ഥലാഖ്യാനങ്ങളിൽ കാണുന്നത്. പ്രാദേശിക പ്രകൃതിയിൽനിന്നും ഭൂജല വിന്യാസത്തിൽനിന്നും അടർത്തിമാറ്റാനാവാത്തവിധം സ്ഥലരാശിയോട് ചേർന്നുനിൽക്കുന്നതാണ് കവിതയിലെ ഭാഷ. ഈ ഭൂപശ്ചാത്തലം പദാവ ലികളെയും ഭാവത്തെയും നിയന്ത്രിക്കുന്ന ഘടകമായി വർത്തിച്ചിട്ടുണ്ട്. കവിതയിലെ ഭാഷയുടെയും ഭാവുകത്വത്തിന്റെയും രൂപീകരണത്തിൽ ജല ബിംബങ്ങൾക്ക് പങ്കുണ്ട്. വയൽ, ജലം, കൃഷി തുടങ്ങിയവയുമായി ബന്ധ പ്പെട്ട പദാവലികളും ബിംബങ്ങളും കവിതയിൽ സുലഭമാണ്. ഈ കവിത കളിൽ ജലം ഒരു വലിയ സാന്നിധ്യമായി നിലകൊള്ളുന്നുണ്ട്. പമ്പയുടെ തീരത്ത് ജനിച്ചുവളർന്ന അദ്ദേഹത്തിന് ജലം, ഭാവനയെ നിയന്ത്രിക്കുന്ന അവിഭാജ്യഘടകമാണ്. കര, ജലം എന്നിവ വിപരീത ദ്വന്ദ്വങ്ങളായി പല കവിതകളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. അഭികാമ്യമായ സ്ഥലമായി ഇവിടെ യെല്ലാം കടന്നുവരുന്നത് ജലമാണ്. പ്രകൃതിയെ മനുഷ്യഭാവങ്ങൾക്കനുസൃ തമായി ഉപയോഗിക്കുമ്പോൾത്തന്നെ ഉർവരതയുടെയും സന്തോഷത്തി ന്റെയും പ്രത്യാശയുടെയും പ്രതീകമായി ഉപയോഗിക്കുന്നത് ജലബിംബങ്ങ ളാണ്.

- കാർഷികവൃത്തിയുമായി ബന്ധപ്പെട്ട പദാവലികളും കൽപ്പനകളും കവിത യിൽ ധാരാളം കാണാം. എന്നാൽ വയൽ പ്രമേയമായി വരുന്ന കവിതകളി

ലൊന്നും അധ്വാനം പ്രത്യക്ഷമായി ആവിഷ്കരിക്കുന്നില്ല. വയൽ ഒരു പ്രവർത്തന ഇടം എന്ന നിലയിൽ കവിതയിൽ പ്രത്യക്ഷപ്പെടുന്നില്ല. കർഷകജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളോ ജീവിതയാഥാർഥ്യങ്ങളോ കവിതയിൽ കടന്നുവരുന്നില്ല. ജീവിതത്തിന്റെ ദൈനംദിനത്വത്തിൽനിന്നും അകന്നുനിൽക്കുന്ന ഇടമായാണ് വയൽ ചിത്രീകരിക്കുന്നത്.

- ഗ്രാമീണജീവിതവുമായി ബന്ധപ്പെട്ട ഏറ്റവും ലഘുവായതും ചാക്രികവുമായ ഒരു കാലക്രമം കവിതകളുടെ ആന്തരികതയിൽ ദർശിക്കാം. ഋതുക്കളും അനുഷ്ഠാനങ്ങളും വിളവെടുപ്പും സമയബോധത്തിന്റെ മാനദണ്ഡങ്ങളായ കൃഷി ഒരു സാംസ്കാരിക വ്യവസ്ഥയായ സമൂഹത്തിലെ സ്ഥലകാലബോധമാണിത്.

- കുടുംബം സുരക്ഷിതമായ ഒരു സാമൂഹ്യസ്ഥാപനം എന്ന നിലയിലാണ് കവിതയിൽ കടന്നുവരുന്നത്. കവിതക്കകത്തെ കുടുംബത്തിന്റെ നിൽപ്പ് സുഭദ്രവും സംഘർഷരഹിതവുമാണ്. ശരീരപരതയിലൂന്നാത്തതും ആദർശാത്മകവുമായ പ്രണയത്തിന്റെ ആവിഷ്കാരമാണ് കവിതയിലുള്ളത്.

- ജൈവികമായ ഒരു ദേശബോധത്തിനകത്തു നിന്നുകൊണ്ടുതന്നെ ഇന്ത്യയെന്ന ബൃഹത്ദേശത്തിന്റെ സമഗ്രഭാവനയെ പിൻപറ്റുകയും ചെയ്യുന്നുണ്ട് കവിതകൾ. കവിതയിലെ ആനുഭവികദേശവും ഭാവനാത്മകദേശവും തമ്മിലുള്ള സംവാദാത്മക ബലതന്ത്രങ്ങളാണ് ദേശീയതാമാനങ്ങളെ നിർണയിക്കുന്നത്. സ്വാതന്ത്ര്യപൂർവ ദേശീയതാസങ്കൽപ്പങ്ങൾക്കേറ്റ മങ്ങലും ഭരണകൂടവ്യവഹാരങ്ങളോടുള്ള വിമർശനാത്മക സമീപനങ്ങളും കവിതകളുടെ പ്രധാന പ്രമേയമാണ്. കോളനിയനന്തര ഇന്ത്യ ദേശരാഷ്ട്രമായി വികസിച്ചുവരുന്ന കാലഘട്ടം തന്നെയാണ് കവിതകളുടെയും സന്ദർഭം. കോളനിയ

നന്തരം തുടർന്നുവന്ന കൊളോണിയൽ മൂല്യങ്ങളോടുള്ള വിധേയത്വം കവിതകളിൽ വിമർശനാത്മകമായി രേഖപ്പെടുത്തിയിരിക്കുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്നതോടൊപ്പം രാഷ്ട്രത്തിന്റെ പരമാധികാരം മാനവികതക്കെതിരാവുന്നതിനെക്കുറിച്ചുള്ള വിമർശനാത്മകസമീപനങ്ങളും കവിതകൾ മുന്നോട്ടുവെക്കുന്നുണ്ട്.

- നെഹ്റൂവിയൻ ദേശരാഷ്ട്രമാതൃകകളോടുള്ള ഉഭയഭാവം സൃഷ്ടിക്കുന്ന സന്ദിഗ്ധതകൾ കവിതകളിൽ കാണാം. നെഹ്റൂവിയൻ ദേശരാഷ്ട്ര സങ്കല്പം x ഗാന്ധിയൻ വിചാരമാതൃക, ഗ്രാമം x നഗരം, അനുഭവികദേശം x ഭാവനാത്മകമായ ദേശം ഇവ തമ്മിലുള്ള സംഘർഷങ്ങൾ കവിതകളുടെ സവിശേഷതയാണ്. മതപരമായ സ്വത്വബോധവും മതനിരപേക്ഷരാഷ്ട്ര വ്യക്തിത്വവും തമ്മിലുള്ള സംഘർഷങ്ങൾ ആവിഷ്ക്കരിക്കാൻ കവിതകൾക്ക് കഴിഞ്ഞിട്ടുണ്ട്. ദേശരാഷ്ട്രയുക്തിയുടെയും അതിന്റെ ദൈനംദിന ജീവിതത്തിന്റെയും ലോകങ്ങൾ പലപ്പോഴും വിരുദ്ധധ്രുവങ്ങളിലാണ് സഞ്ചരിക്കുന്നതെന്ന ബോധ്യം കവിതകൾ പങ്കുവെക്കുന്നുണ്ട്. ഭരണകൂടങ്ങളുടെ ദമനയുക്തികളെക്കുറിച്ചുള്ള ഉൽക്കണ്ഠകൾ, ദേശീയമൂല്യങ്ങളുടെ പിൻവാങ്ങൽ, വ്യക്തികളുടെ ഇച്ഛയും രാഷ്ട്രത്തിന്റെ വ്യവസ്ഥയും തമ്മിലുള്ള സംഘർഷങ്ങൾ, പ്രാദേശികമായ അറിവുകളോടും ജ്ഞാനവ്യവസ്ഥകളോടുമുള്ള അവജ്ഞ എന്നിവയെ വിമർശനാത്മകമായി വിലയിരുത്തുന്നു. ഇവയെല്ലാം സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ദേശീയതയുടെ സംഘർഷങ്ങൾ തന്നെയാണ്

- സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ദേശീയതാവ്യവഹാരങ്ങളുടെ പ്രവർത്തനരീതികളും സംഘർഷങ്ങളും കവിത എന്ന ആവിഷ്കാരരൂപത്തിന്റെ പരിമിതികൾക്കകത്തുവച്ച് ചർച്ച ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. യുദ്ധം, അതിർത്തിത്തർക്കങ്ങൾ, അടിയന്തരാവസ്ഥ, ദേശീയവ്യക്തിത്വങ്ങളുടെ

പിൻവാങ്ങൽ, നെഹ്റൂവിയൻ ദേശനിർമാണപദ്ധതികൾ എന്നിവയുടെ സന്ദർഭത്തിൽ എഴുതിയ കവിതകളെ അനുഭവങ്ങളുടെ ചരിത്രം എന്ന നില യിൽ പരിഗണിക്കാവുന്നതാണ്.

- ഇന്ത്യയുടെ സംസ്കാരം, രാഷ്ട്രീയം, ഭൂമിശാസ്ത്രം, ദർശനം എന്നിവ യെല്ലാം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലെ ആകരമായി തീർന്നിട്ടുണ്ട്. ഇവയെല്ലാം അദ്ദേഹത്തിന്റെ കവിതാസമാഹാരങ്ങളുടെ പേരുകളെവരെ സ്വാധീനിച്ചിട്ടുണ്ട്.

- കൊളോണിയൽ മൂല്യങ്ങൾക്കെതിരെ സ്വാതന്ത്ര്യസമര നായകന്മാരെയും ദേശീയവ്യക്തിത്വങ്ങളെയും അവരുടെ ദർശനങ്ങളെയും പൊലിപ്പിച്ചുകൊ ണ്ടുള്ള ആഖ്യാനങ്ങൾ, ബൃഹദാഖ്യാനങ്ങൾ നിരാകരിക്കുന്ന പ്രാദേശിക തനിമകളുടെയും അനുഭവങ്ങളുടെയും കണ്ടെടുക്കൽ, പാരിസ്ഥിതികമായ ഉൽക്കണ്ഠകൾ, സ്ത്രീ പ്രതിനിധാനങ്ങൾ എന്നിവയെല്ലാം സ്വാതന്ത്ര്യാന ന്തര ഇന്ത്യൻ ദേശീയതയുടെ വിഭിന്നവും വിപുലവുമായ വ്യവഹാരങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

- സാംസ്കാരികവും ദേശീയവും പാരിസ്ഥിതികവുമായ മാനങ്ങൾ കവിത യിലെ സ്ഥലവർണനയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഹിമാലയം എന്ന ഭൗതികസ്ഥലത്തെ ദേശീയതയുടെ അമൂർത്തഭാവനയുമായി ബന്ധിപ്പിച്ചിരി ക്കുന്നു. ആധ്യാത്മികതയുടെയും ദർശനപാരമ്പര്യത്തിന്റെയും വിവക്ഷ കൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് ഇന്ത്യയുടെ ഭൗതികവും ആത്മീയവുമായ സൂച കമായി ഹിമാലയം കടന്നുവരുന്നു. ഇന്ത്യൻ ഭൂമിശാസ്ത്രത്തെ സാംസ്കാ രിക പ്രമേയങ്ങളോടു ബന്ധപ്പെടുത്തി ആവിഷ്കരിക്കുന്ന നിരവധി സന്ദർഭ ങ്ങൾ കവിതയിലുണ്ട്. വേറിട്ടുനിൽക്കുമ്പോൾ കേവലം ഭൂമിശാസ്ത്ര ഘടകം മാത്രമായ ഒരു പ്രദേശം സാംസ്കാരികമായ ഉള്ളടക്കം കൂടിയാവു മ്പോൾ ഇതിഹാസ, കാളിദാസ, സാംസ്കാരിക സൂചകങ്ങളുടെ പിൻബല

ത്തോടുകൂടി ദേശീയസ്ഥലമെന്ന പദവിയിലേക്ക് ഉയരുന്നു. സാംസ്കാരിക ഭൂതകാലവുമായി ബന്ധപ്പെടുത്തുമ്പോൾ പ്രകൃതിക്ക് പാരമ്പര്യവും ദേശീയവുമായ മാനം കൈവരുന്നു.

- അതിർത്തി, സൈന്യം, യുദ്ധം എന്നിങ്ങനെയുള്ള ഭരണകൂട ഉപകരണങ്ങൾ മാനവികതയെ നിരാകരിക്കുന്നതിനെതിരെയുള്ള സംവാദഭൂമികയായി കവിതകൾ നിലനിൽക്കുന്നുണ്ട്.

- ഭരണകൂടങ്ങളുടെ അധീശത്വ ഉപകരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ലൈംഗികതയുടെമേലുള്ള നിയന്ത്രണം. ഭരണകൂടത്തിന്റെ ഈ ലൈംഗിക അധീശത്വ വ്യവഹാരങ്ങളെ അഹല്യ, മിത്രാവതി തുടങ്ങിയ ശക്തമായ സ്ത്രീ കഥാപാത്രങ്ങളുടെ ആവിഷ്കരണത്തിലൂടെ ചർച്ച ചെയ്യുന്നുണ്ട്.

- വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളിലെ ദേശീയതയുടെ ഒരു മാനം അന്തർദേശീയതയാണ്. മാതൃരാജ്യത്തോടും അതിന്റെ പൈതൃകത്തോടും ആദരവ് പുലർത്തുന്നതിനോടൊപ്പംതന്നെ സാർവദേശീയമാനവ വിമോചനമൂല്യങ്ങൾ കവിതയുടെ അന്തർധാരയായി വർത്തിക്കുന്നുണ്ട്. അന്തർദേശീയസംഭവങ്ങളിലുള്ള സൂക്ഷ്മജാഗ്രതയും വൈവിധ്യപൂർണമായ സംസ്കാരങ്ങളിൽനിന്ന് ഏകതാനമായ മാനവികതയെ സങ്കൽപ്പിച്ചെടുക്കാനുള്ള ശ്രമവും കവിതകളിൽ കാണാം. രാജ്യാതിർത്തികളെ അസാധുവാക്കുന്ന മാനവികതയുടെ ദർശനം വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതകളുടെ സവിശേഷതയാണ്.

- സംസ്കാരത്തിന്റെ സങ്കീർണതകളെ സമകാല ദേശീയതയുടെ പാരായണ പരിസരവുമായി ചേർത്തുവക്കാനോ ആഴത്തിൽ സ്പർശിക്കാനോ കവിതകൾ ശ്രമിച്ചിട്ടില്ല.

## അനുബന്ധം 1

## വാക്കിന്റെ ദീപ്തി മൗനത്തിന്റേയും

### വിഷ്ണുനാരായണൻ നമ്പൂതിരിയുമായി

### 17.03.2012 ന് നടത്തിയ അഭിമുഖം

- വിഷ്ണുനാരായണൻ നമ്പൂതിരിയെ കവിയാക്കിയ അന്നത്തെ ഗൃഹാന്തരീക്ഷം, ശൈശവ ബാല്യാനുഭവങ്ങൾ-തിരിഞ്ഞുനോക്കുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് ഓർമയിൽ മങ്ങാതെ ?

പണ്ടത്തെ വിദ്യാഭ്യാസപദ്ധതിയനുസരിച്ചാണ് ഞങ്ങളൊക്കെ പഠിച്ചത്. ഉപനയനം കഴിഞ്ഞ് ബ്രഹ്മചര്യകാലത്ത് വിദ്യാഭ്യാസം തുടങ്ങും. സിദ്ധരൂപം, അമരകോശം, ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം, രഘുവംശം എന്നിങ്ങനെയാണ് പഠനം. ഗ്രാജ്വേഷൻ രഘുവംശത്തിലാണ്. ഇതിൽ ഹിമാലയം മുതൽ കന്യാകുമാരി വരെയുള്ള രാജ്യം, സംസ്കാരം എല്ലാമുണ്ട്. എല്ലാ ദേശങ്ങളും കാലങ്ങളും അതിൽ വരും. ഒറ്റ സംസ്കാരമാണെന്ന കാഴ്ചപ്പാടുണ്ടാക്കാൻ അത് സഹായിക്കുന്നു. വ്യക്തിജീവിതം ധർമനിഷ്ഠ എന്നിവ എങ്ങനെ വേണമെന്നതിൽ പറയുന്നുണ്ട്. ധർമാധർമങ്ങൾക്കപ്പുറം നമ്മുടെ ഒരു കോൺഷ്യസ് ഉണ്ട്. ധർമവും അധർമവും തീരുമാനിക്കുന്നത് നമ്മുടെ മനസ്സാക്ഷിയാണ്.

- വിദ്യാഭ്യാസത്തെക്കുറിച്ച് ?

എന്റെ ഇല്ലമൊക്കെ കാടുകയറി നശിച്ചു. വരുമാനമൊന്നുമില്ല. അച്ഛന് ശാന്തിയായിരുന്നു. ഞാൻ പഠിക്കാൻ കോഴിക്കോടു വരുമ്പോൾ-മെഡിക്കൽ കോളേജ് അന്ന് തുടങ്ങിയിട്ടേയുള്ളൂ-അവിടുത്തെ ഒരു ശങ്കരയ്യരുടെ വീട്ടിലെ കുട്ടികൾക്ക് റ്റ്യൂഷനെടുക്കും. അതുകൊണ്ടാണ് കഴിഞ്ഞിരുന്നത്. പഠിക്കാൻ സാഹചര്യമില്ല എന്നത് ഏറ്റവും നല്ല സാഹചര്യമായിരുന്നു. ഇടശ്ശേരിയുടെ പൂതപ്പാട്ട്

എന്നിവയെല്ലാം എഴുതിയെടുത്താണ് പഠിച്ചത്. അതെല്ലാം ഇപ്പോഴും എന്റെ കയ്യി ലുണ്ട്.

ഒരു ദിവസം ആരോടും പറയാതെ തോണി തുഴഞ്ഞ് കയമുള്ള കൂരച്ചാലി ലേക്ക് പോയി. വള്ളത്തിലങ്ങനെ മലർന്നുകിടന്നു. കാറുമൂടിയ ആകാശം. കുറേ ക്കഴിഞ്ഞപ്പോൾ എനിക്ക് തോന്നി അത് ശിവന്റെ ജടയാണെന്ന്. സന്ധ്യയാകാറാ യി. അമ്പിളിക്കലയും കാണുന്നുണ്ട്. അങ്ങനെ കിടന്നുറങ്ങിപ്പോയി. ഉണർന്നപ്പോൾ ആകാശം തെളിഞ്ഞിരിക്കുന്നു. തിരിച്ചു ചെന്നപ്പോൾ എല്ലാവരും പേടിച്ചിരിക്കുക യായിരുന്നു. ആ അനുഭവമാണ് *കൂരച്ചാൽ* എന്ന കവിതയിൽ.

- ആദ്യമായി എഴുതിയ കവിത *വർഷം വരുന്നു* എന്നതുതന്നെയാണോ ?

അല്ല. അത് ആദ്യം പബ്ളിഷ് ചെയ്ത കവിതയാണ്. ലുമുംബെയുടെ വധ മായിരുന്നു അതിന്റെ പശ്ചാത്തലം. അതിനുമുമ്പ് എഴുതിയിട്ടുണ്ട്. ആരും പബ്ളിഷ് ചെയ്തിട്ടില്ല. എൻ. വി. തിരുത്തി ഇതൊന്നും കവിതയല്ല എന്നുപറഞ്ഞ് തിരിച്ചയക്കും. അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നാൽ തിരുത്തിപ്പഠിപ്പിക്കും. പാവം.. ഞങ്ങളൊരുപാട് കഷ്ടപ്പെടുത്തിയിട്ടുണ്ട്.

- ഇന്ന് രാഷ്ട്രീയത്തിൽ വികലമായി ഉപയോഗിക്കുന്ന തരത്തിൽ ആത്മീയത യുടെ തിരിച്ചുവരവ് നമുക്കുകാണാനാവും. ആത്മീയതയെ ഒരു വിമോചന തന്ത്രമായി ഉപയോഗിച്ചുകൂടേ ? ആത്മീയതയുടെ ഈ ക്രിയേറ്റീവ് എലി മെന്റ് മാഷിന്റെ കവിതയിൽ കാണുന്നില്ല എന്നതിനോട് എങ്ങനെ പ്രതിക രിക്കുന്നു ?

എന്റെ തലമുറയുടെ മുഴുവൻ ആത്മീയതയുടെ ഉറവിടം ശ്രീനാരായണഗു രുവാണ്. വ്യാസനും വിവേകാനന്ദസ്വാമികളും കഴിഞ്ഞാൽ നമ്മുടെ തലമുറയിലെ ഏറ്റവും അവസാനമുള്ള ആളായിരുന്നു നാരായണഗുരുസ്വാമികൾ. എന്റെ ഒരു ദുഃഖം സ്വാമിയെ കാണാൻ പറ്റിയിട്ടില്ല എന്നതാണ്. ഇന്ത്യയിൽ ഒരു രാഷ്ട്രീയപാ

രമ്പര്യം ഉണ്ടായിരുന്നതിന് ഏറ്റവും വലിയ സാക്ഷി അദ്ദേഹമാണ്. നമ്മളെ മോഡേണൈസ് ചെയ്തത് അദ്ദേഹമാണ്. പാശ്ചാത്യ അധിനിവേശത്തിന്റെ ഫല മാണ് ആധുനികതയുടെ ആരംഭം എന്നാണ് നാം വിശ്വസിക്കുന്നത്. എന്നാൽ അതിനുമുമ്പുതന്നെ ശ്രീനാരായണഗുരു ആത്മീയതയെ ക്രിയേറ്റീവായി ഉപയോഗ പ്പെടുത്തി.

എനിക്കാവുന്ന തരത്തിൽ ഞാനും ചെയ്തിട്ടുണ്ട്. സ്വാമികളുടെ ഒരു മാതൃക തീർച്ചയായും ഉണ്ട്. ഞാൻ മാത്രമല്ല എൻ.വി, കക്കാട് എന്നിവരൊക്കെ അങ്ങനെ എഴുതിയവരാണ്. ഇടതുമല്ല വലതുമല്ല. അങ്ങോട്ടുമല്ല ഇങ്ങോട്ടുമല്ല. നേരെ ഒരു വഴിയുണ്ട്. മനസ്സ് നേരെ നയിക്കുന്ന ഒരു വഴി. സ്വാമിയുടെ കവിതകൾ വായിക്കണം. അദ്ദേഹത്തിന്റെ കവിതകളിൽ ആരും പ്രയോഗിക്കാത്ത വൃത്തങ്ങൾ ഒരുപാടുണ്ട്. പുതിയ വൃത്തം പ്രയോഗിക്കുന്നത് പുതിയ കാര്യം പറയാനുണ്ടായി ട്ടാണ്.

- കവിതയിലെ കാളിദാസ സ്വാധീനത്തെക്കുറിച്ച് ?

ഋഷിയല്ലാത്തവൻ കവിയല്ല. ഋഷിയാരാണ് ? ഉൾക്കാഴ്ചകൊണ്ടാണ് ഋഷി യാകുന്നത്. ഇന്ത്യയിലെ ദർശനം ഇതാണ്. കാളിദാസൻ കവിയാകുന്നത് അദ്ദേ ത്തിന്റെ ഉൾക്കാഴ്ചകൊണ്ടാണ്.

- ഗൃഹസ്ഥാശ്രമത്തെക്കുറിച്ച് കാളിദാസനുള്ള സങ്കൽപ്പമാണ് വിഷ്ണുനാരാ യണൻ നമ്പൂതിരിക്കും. ഇതിനോട് എങ്ങനെ പ്രതികരിക്കുന്നു ?

ബ്രഹ്മചര്യത്തിന് അനുരാഗസുരഭിലമായൊരു വശമുണ്ട്. സ്തീവിദ്വേഷമല്ല അത്. കുമാരസംഭവം അതിന്റെ വ്യാഖ്യാനമാണ്. കാളിദാസന്റെ കഥാപാത്രങ്ങൾ സ്ത്രീവിദ്വേഷമല്ല കൊണ്ടുനടക്കുന്നത്. തപസ്സിനൊടുവിൽ നീയെന്നെ വിലക്കെടു ത്തിരിക്കുന്നു എന്നു പറഞ്ഞ് ശ്രീപരമേശ്വരൻ പാർവതിയുടെ മുമ്പിൽ മുട്ടുകുത്തു കയാണ്. കാളിദാസന്റെ കാഴ്ചപ്പാട് ഇതാണ്. അല്ലാതെ മിസോജനിസമല്ല. ജെ.പി.

യുടെ ഭാര്യയായ പ്രഭാദേവി ഗാന്ധിയുടെ നിർദ്ദേശപ്രകാരം ബ്രഹ്മചര്യവ്രതം എടുത്തിരുന്നു. പത്തമ്പത്കൊല്ലം അവർ ഒന്നിച്ചു കഴിഞ്ഞു. അലഹബാദിലെ പ്രയാഗയിൽ പ്രഭാദേവിയുടെ ശ്മശാനഭസ്മം ഒഴുക്കുമ്പോൾ ജെ.പി. ഒരു കുട്ടിയെപ്പോലെ തേങ്ങിക്കരഞ്ഞു. പതിനാലു ദിവസം ഐസ്ബർഗിൽ കിടന്നിട്ടും ഒരക്ഷരം മിണ്ടാത്ത ആളാണ്. ഗാന്ധി എന്തെല്ലാം തോന്നിവാസമാണ് ചെയ്തത്. ആശ്രമത്തിലുള്ളവരെക്കൊണ്ടെല്ലാം ബ്രഹ്മചര്യപ്രതിജ്ഞ എടുപ്പിക്കുക, അത് പാലിക്കുന്നുണ്ടോ എന്നറിയാൻ ആളെ വിടുക...എന്താണ് ബ്രഹ്മചര്യം എന്താണ് മിസോജനിസം എന്ന് ഗാന്ധിക്ക് തിരിച്ചറിയാൻ വയ്യായിരുന്നു.

- മതം, സ്വാതന്ത്ര്യം, ദേശീയത എന്നിവയെക്കുറിച്ച് ?

ഞാൻ ജനിച്ചപ്പോഴേക്ക് സ്വതന്ത്ര്യസമരമൊക്കെ കഴിയാറായി. കുട്ടിക്കാലത്ത് ഞാൻ പമ്പരം കളിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ അപ്ഫൻ പറഞ്ഞു. ഇതല്ല പമ്പരം. ശരിയായ പമ്പരം ഞാൻ കാണിച്ചുതരാം. കാണിച്ചുതന്നത് തക്ലിയാണ്. ഇതിലെ നൂലുകൊണ്ടുണ്ടാക്കുന്ന വസ്ത്രമാണ് ഖാദി. അപ്ഫനെ ഇതാരാണ് പഠിപ്പിച്ചത് ? ഗാന്ധി. ഗാന്ധിയെന്ന പേര് മനസ്സിൽ ആദ്യം പതിയുന്നത് അങ്ങനെയാണ്. അപ്ഫൻ കോഴിക്കോട് ഉപ്പുവാരാൻ പോയിട്ടുണ്ട്. പക്ഷേ കേളപ്പന്റെ പരിശീലനം കിട്ടിയവരെ മാത്രമേ ഉപ്പുവാരാൻ സമ്മതിച്ചുള്ളൂ. ദേശീയതയെക്കുറിച്ചുള്ള ഒരു സങ്കൽപ്പം രൂപപ്പെടുന്നത് അങ്ങനെയാണ്. പിന്നീട് അഞ്ചാംക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൂളിൽ വഞ്ചീശമംഗളം പാടുന്നതിനു പകരം ജനഗണമന പാടാൻ തുടങ്ങിയത് ഓർമയുണ്ട്. സ്വാതന്ത്ര്യത്തെക്കുറിച്ചും ഇന്ത്യ റിപ്പബ്ലിക്കായതിനെക്കുറിച്ചുമെല്ലാം അറിയുന്നത് പിന്നെയാണ്.

എന്റെ സങ്കൽപ്പത്തിൽ ദേശീയത അന്തർദേശീയതയുടെ ഭാഗമാണ്. ഇന്ത്യക്കുമാത്രമായി യാതൊരു വിശേഷവുമില്ല. നമുക്കു മാത്രമായി മഹത്വമുണ്ടെന്നൊരു കേമത്തം ഞാൻ പറയില്ല. ഗ്രീസിൽ ഞാൻ രണ്ടുതവണ പോയി. നമ്മളെപ്പോലൊരു വലിയ സംസ്കാരം അവർക്കുമുണ്ട്. സോഫോക്ലിസ്സിന്റെ സംസ്കാരം.

സോക്രട്ടീസിന്റെ സംസ്കാരം. പക്ഷേ റോമൻ എമ്പയർ നാമാവശേഷമായി. അവിടെയാണ് ഇന്ത്യ ഒരു വികാരമാകുന്നത്. നിലനിർത്തണം എന്നുള്ളൊരു വികാരം. യുദ്ധംകൊണ്ടല്ല നൂറ്റാണ്ടുകളായി ഇന്ത്യ നിലനിന്നത്. ദർശനംകൊണ്ടാണ്.

- വിഷ്ണുനാരായണൻ നമ്പൂതിരിയുടെ മുഴുവൻ കവിതകൾക്കും ഇന്ത്യ എന്ന വികാരം എന്ന തലക്കെട്ട് ചേരും. ഇതിനോടെങ്ങനെ പ്രതികരിക്കുന്നു ?

ഇന്ത്യയുടെ ആത്മാവിലേക്കുള്ള തീർഥയാത്രയാണ് എന്റെ ജീവിതവും കവിതകളും. കവിത ആന്തരികമായ തീർഥയാത്രയാണ്. ആദ്യംമുതൽതന്നെ കവിതയെഴുതി എന്തെങ്കിലും ലക്ഷ്യം ഞാൻ ആലോചിച്ചിട്ടേയില്ല. എന്റെ തലമുറയിലുള്ള ആരും അങ്ങനെ ചിന്തിച്ചിട്ടില്ല.

- യാത്രകൾ ഒരുപാട് നടത്തിയിട്ടുണ്ട്. അതും ഒരുപാടുതവണ ഹിമാലയത്തിലേക്ക്. ഈ യാത്ര പകരുന്ന സുഖം എന്താണ് ?

കാളിദാസൻ സഞ്ചരിച്ച വഴി അതാണ്. കേദാരനാഥം, ബദരീനാഥം, ഗംഗോത്രി-ശിവൻ ഗൗരിയെക്കണ്ട സ്ഥലം അവിടെയാണ്. അശ്വിനമാസത്തിൽ പോയാൽ സർവത്ര മഞ്ഞയാണ്. ചൈത്രമാസത്തിൽ പോയാൽ എല്ലാ വർണങ്ങളും കാണാം. ചെടികൾക്കും പൂക്കൾക്കും മാത്രമല്ല പക്ഷികൾക്കുമുണ്ട് പല വർണങ്ങൾ. മൊണാൽ എന്ന പക്ഷിയെ ഞാനിവൾക്ക്(ഭാര്യക്ക്) കാണിച്ചുകൊടുത്തിട്ടുണ്ട്. ഓരോ തൂവലിനും ഓരോ നിറം. ഇന്നെല്ലാവരും അതിനെ വെടിവെച്ചു പിടിച്ചു തിന്നുന്നു. അണക്കെട്ടുകളും മറ്റു നിർമാണപ്രവർത്തനങ്ങളും ഈ പ്രദേശത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

- മനുഷ്യന്റെ അജയ്യതയിലുള്ള ഊറ്റമാണ് മാഷിന്റെ മിക്ക കവിതകളും. മനുഷ്യന്റെ പുരോഗതി അവന്റെ ജീവിതത്തെത്തന്നെ തകിടംമറിക്കുമ്പോൾ ഈ ഊറ്റം കുറഞ്ഞിട്ടുണ്ടോ ?

മനുഷ്യന്റെ അതിരുകടന്ന ആത്മവിശ്വാസം അവനുതന്നെ വിപത്താവാറുണ്ട്. അതുകൊണ്ട് ആത്മവിശ്വാസം വേണ്ടെന്ന് പറയാൻ പറ്റില്ല. അത് അതിനേക്കാൾ വിപത്താണ്. കാലമിങ്ങനെ പോകും. ഓരോ യുഗത്തിലും ഓരോ പുതിയ ധർമങ്ങൾ വരും.

- ഇന്നുള്ള വിദ്യാഭ്യാസവും ആശയവിനിമയമാർഗങ്ങളും നമ്മുടെ രാജ്യത്തെ കൊളോണിയൽ ആശയത്തിന്റെയും സംസ്കാരത്തിന്റെയും പ്രചാരകരാക്കി മാറ്റുന്നുണ്ടോ ? ആത്മദാസ്യം എന്ന ജീർണത നമ്മെ പിടികൂടിയിട്ടില്ലേ ?

ചരിത്രമെടുത്തുനോക്കിയാൽ യൂറോപ്യന്മാർ എഴുതിയ ചരിത്രമാണ് നമ്മൾ പഠിപ്പിക്കുന്നത് എന്നു കാണാം. ആര്യന്മാരും ദ്രാവിഡന്മാരും തമ്മിലുള്ള സംഘട്ടനമാണ് ഇന്ത്യാചരിത്രമെന്ന് ആരാണ് പറഞ്ഞത് ? പാശ്ചാത്യരാണ് അങ്ങനെയൊരു ചരിത്രമെഴുതിയത്. സംസ്കൃതത്തിന്റെ ലിപിപോലുമറിയാത്ത മാക്സ്മുള്ളർ വ്യാഖ്യാനിച്ച വേദപാഠങ്ങളും മോണിയർവില്യംസ് പ്രഭൃതികളുടെ അബദ്ധജടിലമായ നിഘണ്ടുക്കളും നമ്മുടെ സർവ്വകലാശാലകൾക്ക് ഇന്നും ആധികാരിക പാഠങ്ങളാണ്. ഇങ്ങനെ സാംസ്കാരിക വക്രീകരണം എല്ലാവരും ചെയ്തിട്ടുണ്ട്.

- കവി എന്ന നിലയിൽ ആത്മസംതൃപ്തിയുണ്ടോ ?

എനിക്ക് ആ പ്രായത്തിൽ, ആ സാഹചര്യത്തിൽ ചെയ്യാൻ കഴിയുന്ന പരമാവധി ചെയ്തിട്ടുണ്ട്. ഇനി രണ്ടാമതൊരു അവസരം കിട്ടിയാലും ഞാൻ ഇങ്ങനെയൊക്കെത്തന്നെയായിരിക്കും. മറ്റൊരു തരത്തിൽ ആവില്ല. രണ്ടാമത് വരുമ്പോൾ

ഇവിടെ വൈലോപ്പിള്ളി മാഷുണ്ടാവുമോ എൻ.വിയുണ്ടാവുമോ എന്നൊന്നും പറയാൻ വയ്യ. അത്രയേ ഉള്ളൂ.

- എന്തു സന്ദേശമാണ് ലോകത്തിനു നൽകാനുള്ളത് ?

സന്ദേശമോ ? ഈശ്വരാ ഞാനെന്തു സന്ദേശമാണ് തരേണ്ടത് ? കഴിയുന്നത്ര മറ്റുള്ളവരെ സഹായിക്കുക. നിരവധിയാളുകൾ നിത്യജീവിതത്തിന് നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്നവരുണ്ട്. അവരെ സഹായിക്കുക. നടന്ന് രാജ്യം കാണുക.

- 'പടുവാക്കിൻ തിരിനാളം താഴ്ത്തി

  പൊരിയണയാതുള്ളിലൊതുക്കി' യുള്ള ഈ മൗനം ?

അത് സ്വയം താഴ്ന്ന് അവിടെ നിന്നോട്ടെ. അതാണുനല്ലത്. വൈലോപ്പിള്ളി മാഷു പറയാറുണ്ട്. ഇത്ര കവിത എഴുതിക്കൊള്ളാമെന്ന് നമ്മളാരും എഗ്രിമെന്റ് എഴുതിവെച്ചിട്ടില്ല. എത്ര കവിത എഴുതിയെന്ന് മരിച്ചുചെന്നാൽ ശ്രീവല്ലഭസ്വാമി ചോദിക്കില്ല. പുണ്യപാപങ്ങളുടെ കെട്ടുകളവിടെ വെക്കാൻ പറയും. അപ്പോൾ ഞാൻ പറയും: അതങ്ങയുടെ കയ്യിൽത്തന്നെയുണ്ടല്ലോ..

# ഗ്രന്ഥസൂചി

അച്യുതൻ, എം. *സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും.* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2003.

അജയകുമാർ, എൻ. *ആധുനികത മലയാളകവിതയിൽ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 2013.

അനിൽ, കെ. എം. *പാന്ഥരും വഴിയമ്പലങ്ങളും.* കോഴിക്കോട്: പ്രോഗ്രസ് ബുക്സ്, 2016.

അപ്പൻ, കെ. പി. *സമയപ്രവാഹവും സാഹിത്യകലയും.* കോട്ടയം: ഡി. സി. ബുക്സ്, 1996.

അയ്യപ്പപ്പണിക്കർ. *ഇന്ത്യൻസാഹിത്യസിദ്ധാന്തം-പ്രസക്തിയുംസാധ്യതയും.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1999.

അരവിന്ദാക്ഷൻ, കെ. *ഗാന്ധിയൻ കാഴ്ചകൾ.* തൃശ്ശൂർ: ഹരിതപുസ്തക കേന്ദ്രം, (വ ?).

ഉണിത്തിരി, എൻ. വി. പി. *വിജയൻമുതൽ വിഷ്ണുവരെ.* കണ്ണൂർ: സമയം പബ്ലിക്കേഷൻസ്, 2012.

കക്കാട്, എൻ. എൻ. *കക്കാടിന്റെ കവിതകൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2011.

*കാളിദാസകൃതികൾ സമ്പൂർണം.* കോട്ടയം: ഡി. സി. ബുക്സ്, 2010.

കുഞ്ഞഹമ്മദ്, കെ. ഇ. എൻ. *പ്രണയം കവിത സംസ്കാരം.* നൂറനാട്: ഫേബിയൻ ബുക്സ്, 2005.

കുമാരനാശാൻ. *ആശാന്റെ പദ്യകൃതികൾ.* കോട്ടയം: ഡി. സി. ബുക്സ്, 2006.

കൈനിക്കര എം. കുമാരപ്പിള്ള., വിവ., രാമചന്ദ്രൻ നായർ, എഡി. *ഗാന്ധിസാഹിത്യം തത്വചിന്തയും മതവും.* വാ. 6. തിരുവനന്തപുരം: കേരള ഗാന്ധി സ്മാരകനിധി, 1982.

ഗണേശ്, കെ. എൻ. *പ്രകൃതിയും മനുഷ്യനും*. തൃശ്ശൂർ: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, 2015.

_____. *മലയാളിയുടെ ദേശകാലങ്ങൾ*. കോഴിക്കോട്: റാസ്ബെറി ബുക്സ്, 2016.

_____. *കുഞ്ചൻനമ്പ്യാർ വാക്കും സമൂഹവും*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1996.

ഗോവിന്ദൻനായർ, ഇടശ്ശേരി. *ഇടശ്ശേരിക്കവിതകൾ.* എഡി., കെ. ഗോപാലകൃഷ്ണൻ. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2012.

ഗംഗാധരൻ, ടി. കെ. *കേരളചരിത്രം*. കാലിക്കറ്റ് യൂണിവേർസിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ, (വ ?).

ജോർജ്, കെ. എം. *ഡോ. കെ. എം. ജോർജിന്റെ പ്രബന്ധങ്ങൾ*. കോട്ടയം: ഡി. സി. ബുക്സ്, 1989.

_____. *തമിഴ്സാഹിത്യം: സാഹിത്യചരിത്രം.* ന്യൂഡൽഹി; സാഹിത്യ അക്കാദമി, 1997.

_____.ജന.എഡി. *ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*. കോട്ടയം: ഡി.സി. ബുക്സ്, 2011.

ജോർജ്, ഓണക്കൂർ., ഡയ. *സർവവിജ്ഞാനകോശം* വാ. 10. കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2001.

*ഞങ്ങൾ നിങ്ങൾക്ക് ഭൂമിവിറ്റാൽ*. വിവ., സക്കറിയ. കോട്ടയം: ഡി. സി. ബുക്സ്, 2014

*ഡോ. അംബേദ്കർ സമ്പൂർണകൃതികൾ.* വാ.1. വിവ,. പറക്കോട്. എൻ.ആർ. കുറുപ്പ്. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1996.

തമ്പാൻ, എം.ആർ., ജന.എഡി. *വിവർത്തനം*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1999.

ദാമോദരൻ, കെ. *ഇന്ത്യയുടെ ആത്മാവ്.* തിരുവനന്തപുരം: പ്രഭാത് ബുക് ഹൗസ്, 2011.

_____. *ഭാരതീയ ചിന്ത.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

ദേശായ്, എ. ആർ. *ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം.* വിവ., കെ. ശ്രീകുമാരൻ ഉണ്ണി. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2016.

നമ്പീശൻ, എ. എസ്. എൻ. *താളങ്ങൾ താളവാദ്യങ്ങൾ.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2005.

നാരായണൻ, എം. എം. *കലയുംരാഷ്ട്രീയവും കവിതയിൽ.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2013.

നാരായണപ്പിഷാരോടി, കെ. പി. *കാളിദാസഹൃദയംതേടി.* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2000.

പദ്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം. *ശബ്ദതാരാവലി.* സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം: നാഷനൽ ബുക്ക് സ്റ്റാൾ. 2011.

പണിക്കർ, കെ. എൻ. *ഫാസിസത്തിന്റെ നാളുകൾ.* കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്, 2005.

_____. *സംസ്കാരവും ദേശീയതയും.* തൃശ്ശൂർ: കറന്റ് ബുക്സ്, 2010.

_____. *തെരഞ്ഞെടുത്തപ്രബന്ധങ്ങൾ.* എഡി., പി. പി. ഷാനവാസ്. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2010.

_____. *ചരിത്രത്തിന് സംഭവിക്കുന്നത്.* എഡി., പി. പി. ഷാനവാസ്. കോഴിക്കോട്: പ്രോഗ്രസ് പബ്ളിക്കേഷൻസ്, 2016.

പി.കെ. പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി. *കവിതാപഠനങ്ങൾ.* കോട്ടയം: ഡി. സി. ബുക്സ്, 2005.

_____. സ്മാരക ട്രസ്റ്റ്. സമ്പാ., *ഗാന്ധിയും മലയാളസാഹിത്യവും.* 1993.

പരമേശ്വരൻപിള്ള, എരുമേലി. *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ.* തൃശ്ശൂർ: കറന്റ് ബുക്സ്, 2012.

പ്രദീപൻ പാമ്പീരിക്കുന്ന്. എഡി., *ശ്രീനാരായണഗുരു പുനർവായനകൾ.* കോഴിക്കോട്: പ്രോഗ്രസ് പബ്ലിക്കേഷൻ, 2016.

ബഞ്ചമിൻ, ഡി. *ജി യുടെ ഭാവഗീതങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1988.

ബാലകൃഷ്ണൻ, ബി.സി., എഡി. *ശബ്ദസാഗരം.* വാ. 3. കോട്ടയം: ഡി. സി. ബുക്സ്, 2001.

ഭട്ടതിരിപ്പാട്, ടി.എൻ., വിവ. *ബൃഹദാരണ്യകോപനിഷത്ത്.* തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വംബോർഡ്, 1991.

ഭരതൻ, കെ. എം. *നാട്ടുസംസ്കൃതിയുടെ നടവഴികൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015.

മധുസൂദനൻ, ജി. *ഭാവനയുടെ ജലസ്ഥലികൾ.* കോട്ടയം: കറന്റ് ബുക്സ്, 2015.

_____. *കഥയും പരിസ്ഥിതിയും.* കോട്ടയം: കറന്റ് ബുക്സ്, 2001.

*മലയാളം എൻസൈക്ലോപീഡിയ ഡെസ്ക് റഫറൻസ്.* വാ. 2. കോട്ടയം: ഡി. സി. ബുക്സ്, 2003.

മലയാളപഠനസംഘം., എഡി. *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2011.

കുമാരപിള്ള, ജി., സംശോ. *മഹാത്മാഗാന്ധിയുടെ തെരഞ്ഞെടുത്ത കൃതികൾ.* വാ. 3. കൊച്ചി.: പൂർണോദയബുക് ട്രസ്റ്റ്, 1997.

മിനി ആലീസ്.,എഡി. *സമകാല മലയാളകവിത പുതുമയും പലമയും.* ആലുവ: വിദ്വാൻ പി. ജി. നായർ സ്മാരക ഗവേഷണകേന്ദ്രം, മലയാളവിഭാഗം, യു. സി. കോളേജ്, 2014.

രാഘവവാര്യർ, എം. ആർ. *വായനയുടെ വഴികൾ.* തൃശ്ശൂർ: കറന്റ് ബുക്സ്, 1998.

രാജഗോപാലൻ, ഇ. പി. *കവിതയുടെ ഗ്രാമങ്ങൾ.* തൃശ്ശൂർ: കറന്റ് ബുക്സ്, 2008.

രാജശേഖരൻ, പി. കെ. *അന്ധനായ ദൈവം*. കോട്ടയം: ഡി. സി. ബുക്സ്, 2002.

രാമകൃഷ്ണൻ, ഇ. വി. *ദേശീയതകളും സാഹിത്യവും*. കോട്ടയം: ഡി. സി. ബുക്സ്, 2001.

_____. *വാക്കിലെ സമൂഹം*. കോട്ടയം: ഡി. സി. ബുക്സ്, 1997.

രാമചന്ദ്രഗുഹ. *ഇന്ത്യ ഗാന്ധിയ്ക്കുശേഷം*. വിവ., ശിവദാസ്. പി. കെ. കോട്ടയം: ഡി. സി.ബുക്സ്, 2014.

രാമചന്ദ്രൻനായർ, പന്മന., എഡി. *സമ്പൂർണ മലയാളസാഹിത്യചരിത്രം.* കോട്ടയം: കറന്റ് ബുക്സ്, 2010.

രാമചന്ദ്രൻ നായർ, കെ., സമ്പാ. *ഗാന്ധി സാഹിത്യ സംഗ്രഹം*. കേരള ഗാന്ധിസ്മാരക നിധി, കോട്ടയം: കറന്റ് ബുക്സ്, 1998.

രാമൻപിള്ള, എൻ, പി. കെ.നാരായണപ്പിള്ള. വ്യാ., *ഈശാവാസ്യോപനിഷത്ത്*. ശ്രീരാമവിലാസം പ്രസിദ്ധീകരണശാല, കൊല്ലം, (വ ?).

രവീന്ദ്രനാഥ ടാഗോർ. *ടാഗോർകൃതികൾ*. എഡി., കെ. ജയകുമാർ. കോട്ടയം: ഡി. സി. ബുക്സ്, 2011.

ലീലാവതി, എം. *കവിതാസാഹിത്യചരിത്രം*. തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2011.

വിജയൻ, എം.എൻ., എഡി. *കവിതയുടെ നൂറ്റാണ്ട്*, വാ. 1. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷനൽ ബുക്ക് സ്റ്റാൾ, 2008.

_______. *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം* 1901-2000, വാ. 2. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2000.

*വിവേകാനന്ദ സാഹിത്യസർവസ്വം.* ഭാ. 2. തൃശ്ശൂർ: ശ്രീരാമകൃഷ്ണാശ്രമം വിലങ്ങൻ, 1962.

വിഷ്ണുനമ്പൂതിരി, എം. വി. *ഫോക്‌ലോറും ജനസംസ്കാരപഠനവും*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

_____. *ഫോക്‌ലോർ ചിന്തകൾ*. കോഴിക്കോട്: പൂർണ പബ്ളിക്കേഷൻസ്, 2007.

വിഷ്ണുനാരായണൻ നമ്പൂതിരി. *ഭൂമിഗീതങ്ങൾ*. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 1978.

_____. *വൈഷ്ണവം*. സംശോ., കെ. പി. ശങ്കരൻ. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2012.

_____. *അപരാജിത*. കോട്ടയം: ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ്, 1984.

_____. എന്റെ കവിത. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2008.

_____. *പരിക്രമം*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2011.

_____. *ശ്രീവല്ലി*. തിരുവനന്തപുരം: വായന പബ്ലിക്കേഷൻസ്, 2004.

_____. *മുഖമെവിടെ*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1982.

_____. *ഇന്ത്യ എന്ന വികാരം*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1988.

_____. *സ്വാതന്ത്ര്യത്തെക്കുറിച്ചൊരുഗീതം*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1968.

_____. വിവ., *ഋതുസംഹാരം*. തൃശ്ശൂർ; കേരളസാഹിത്യ അക്കാദമി, 2005.

വേലായുധൻ നായർ, കെ. *ഗാന്ധിദർശനം*. കോട്ടയം: ഡി. സി. ബുക്സ്, 1987.

_____. *തത്വചിന്ത*. കോട്ടയം: ഡി. സി. ബുക്സ്, 1985.

വ്യാഴവട്ടം സാഹിത്യകൂട്ടായ്മ., പ്രസാ. *നവസാഹിത്യദർശനങ്ങൾ: സിദ്ധാന്തവും പ്രയോഗവും*. കാര്യവട്ടം: ഇന്ത്യാ ബുക്സ്, 2009.

ശങ്കരക്കുറുപ്പ്, ജി. *ഗദ്യോപഹാരം*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1964.

_____. *മലയാള കാവ്യസംഗ്രഹം*, നാഷണൽ ബുക്ട്രസ്റ്റ ഇന്ത്യ, 1973.

ശങ്കരൻ, തായാട്ട്. *വള്ളത്തോൾ: നവയുഗത്തിന്റെ കവി*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1988.

ശങ്കുണ്ണിനായർ, എം. പി. *ഛത്രവും ചാമരവും*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 1988.

*ശ്രീധരമേനോൻ, വൈലോപ്പിള്ളി. വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ*. ജന.എഡി., എം. എൻ. വിജയൻ. തൃശ്ശൂർ: കറന്റ് ബുക്സ്, 2001.

ശ്രീധരൻ, ഇ. ദേവദാസ്, കെ. പി. *ലോകചരിത്രം* ഭാ. 2. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1976.

ശ്രീവത്സൻ, ടി. *ഹരിതഭാഷാവിചാരം*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013.

സച്ചിദാനന്ദൻ. *മലയാളകവിതാപഠനങ്ങൾ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2014.

_____. *അടിത്തട്ടുകൾ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2006.

സാബു ഷണ്മുഖം., സമ്പാ. *ഗാന്ധിദർശനം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

സതീഷ് ദേശ്പാണ്ഡെ. *സമകാലികഇന്ത്യ ഒരു സമൂഹശാസ്ത്രവീക്ഷണം*. വിവ., ജെ. ദേവിക. തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2014.

സ്കറിയ സക്കറിയ., എഡി. *അഞ്ഞൂറുവർഷത്തെ കേരളം ചില അറിവടയാളങ്ങൾ*. ചങ്ങനാശ്ശേരി: താപസം, 2001.

സുകുമാരൻനായർ.പി.കെ. എഡി., *ഗാന്ധിസാഹിത്യം രാഷ്ട്രതന്ത്രം*. തിരുവനന്തപുരം: കേരള ഗാന്ധിസ്മാരകനിധി, 1982.

സുകുമാർ അഴീക്കോട്. *ഭാരതീയവും സാഹിതീയവും*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.

_____. *തത്വമസി*, കോട്ടയം: ഡി.സി ബുക്സ്, 2002.

സുധാംശു ചതുർവേദി. *കാളിദാസൻ ഒരു പഠനം*. കോട്ടയം: നാഷണൽ ബുക് സ്റ്റാൾ, 1968.

സുനിൽ പി. ഇളയിടം. *വീണ്ടെടുപ്പുകൾ. മാർക്സിസവും ആധുനികതാവിമർശനവും*. തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2014.

_____. *ഇന്ത്യാചരിത്രവിജ്ഞാനം ദേശം ദേശീയത ദേശചരിത്രം* കോഴിക്കോട്: പ്രതീക്ഷാ ബുക്സ്, 2012.

സോമൻ, നെല്ലിവിള. *സ്ഥലം കാലം ചെറുകഥ.* തൃശ്ശൂർ: കറന്റ് ബുക്സ്, 2013.

റൊമില ഥാപ്പർ. *വർഗീയതയു ചരിത്രപൈതൃകവും.* വിവ., കെ. എൻ. ഗണേശ്. തിരുവനന്തപുരം: ചിന്ത പബ്ളിഷേഴ്സ്, 2002.

## ആനുകാലികങ്ങൾ

അനിൽ, കെ. എം. 'ഓർമകളുടെ വിപ്ലവമൂല്യം'. *ദേശാഭിമാനി വാരിക,* 52, 47 (15 മെയ് 2016)

ഗിരീഷ്, പി. എം. 'ആത്മകഥകളിലെ ഭാഷാമനോഭാവം' *തുടി,* ല. 2 (2014 ഏപ്രിൽ-ജൂൺ).

ഗോപകുമാർ, ബി. 'ദേശീയോദ്ഗ്രഥനവും സാംസ്കാരിക നായകന്മാരും.' *വിജ്ഞാനകൈരളി,* 25, 8 (1994).

ജോണി ലൂക്കാസ്. 'വിഷ്ണുവിന്റെ വഴികൾ'. വിഷ്ണുനാരായണൻ നമ്പൂതിരിയുമായുള്ള അഭിമുഖം, *മലയാള മനോരമ പത്രം,* (30 മെയ്, 1999).

ബഞ്ചമിൻ, ഡി. 'സ്വാതന്ത്ര്യാനന്തര മലയാളസാഹിത്യം'. *വിജ്ഞാനകൈരളി,* 29, 8 (1998)

ഭദ്രൻ, ആർ , ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി. 'കവിതയിലെ ഔപനിഷദവിശുദ്ധി'. വിഷ്ണുനാരായണൻനമ്പൂതിരിയുമായുള്ള അഭിമുഖസംഭാഷണം, *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (1995 ഒക്ടോബർ1-7).

മുകുന്ദൻ, എൻ. 'ഒരുസ്വപ്നദർശനത്തിന്റെ സാഫല്യം'. *ഭാഷാപോഷിണി,* 11, 2 (1987).

രാഘവവാര്യർ, എം. ആർ. 'അക്കിത്തത്തിന്റെ കാവ്യഭാഷ'. *ഗ്രന്ഥാലോകം*. 58, 4 (2006)

രവികുമാർ, കെ.എസ്. 'സ്വകാര്യങ്ങൾ വിപരീതങ്ങൾ'. *ഗ്രന്ഥാലോകം*, 64, 3 (2014)

ലീലാവതി, എം. 'ആധ്യാത്മികത വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയിൽ'. *ഗ്രന്ഥാലോകം*, 59, 2 (ഫെബ്രുവരി 2009).

വിനയകുമാർ, വി. 'ഹിമാലയസഞ്ചാരവിവരണം മലയാളത്തിൽ'. വിജ്ഞാനകൈരളി, 44, 7 (ജൂലൈ 2013).

വിഷ്ണുനാരായണൻ നമ്പൂതിരി. 'എന്റെ കവിത'. *ഗ്രന്ഥാലോകം*, 59, 2 (ഫെബ്രുവരി2009).

_____. 'കാളിദാസന്റെ വിശ്വരൂപം'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (1989ഏപ്രിൽ).

സുകുമാരൻ നായർ, വി. കെ. 'അംബേദ്കറും ഇന്ത്യൻ ദേശീയതയും.' *വിജ്ഞാന കൈരളി*, 22, 4 (ഏപ്രിൽ 1991).

സോമൻ, പി. 'ഭാരതീയനവോത്ഥാനകവിതയും ആത്മീയതയും', *ഗ്രന്ഥാലോകം*, 64, 7 (2014).

## English

Anderson, Benedict. *Imagined communities:Reflections on the origin and spread of nationalism.* Verso,London, 1996.

Gellner, Ernest. *Thought And Change*. The University of Chicago Press, London, 1965.

Gopal, S (Ed). *Jawaharlal Nehru An Anthology*. Oxford University Press, New Delhi, 1980.

Hans Cohn. *Nationalism Its meaning and History.* Robert E Krieger publishing company, Malabar, Florida, 1965.

Hobsbawm, E. J. *Nations and Nationalism since 1780*. Cambridge University Press, 1991.

John Hucthinson. *Modern Nationalism.* FontanaPress,Harper Collins Publishers, London, 1994.

Karl Marx. 'Theses on Feuerbach', Karl Marx and Frederic Engels, '*Collected works'* , Vol. 5. Progress publishers, Moscow, 1976.

Ozhikirimli. Umut. *Theories of Nationalism*. Macmillan Press,London, 2000.

Parmand Parashar. *Nationalism:Its Theory and principles in India*. Sarup &Sons, NewDelhi, 1996.

RenanEarnest. 'What is a Nation?'. *Nation and narration.* Homi Bhabha(Ed), Routledge, London, 1995.

Smith,D.Anthony. *Nationalism key concept* Atlantic Publishers&Distributors, NewDelhi, 2005.

____. *Nationalism And,Modernism*, Routledge, London, 2008.

Steven Grosby. *Nationalism A very short introduction*. Oxford University press, New York, 2005.

UmashankarJoshy. *Kalidasa's poetic voice*. Uty.of Kerala, Thiruvananthapuram, 1988.